# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**നാലാം സമ്മേളനം**

**2017 മാർച്ച് 14, ചൊവ്വ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 165 - നമ്പർ 13

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

2017 മാർച്ച് 14, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

803/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....25

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....25
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....58

**II അടിയന്തരപ്രമേയം**

താനൂരിലെ അക്രമ സംഭവം

(അവതരണാനുമതി നിഷേധിച്ചു) ....392

**III ശ്രദ്ധ ക്ഷണിക്കൽ**

(1) മൺറോതുരുത്ത് നിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

— ശ്രീ. കോവൂർ കുഞ്ഞുമോൻ ...413

(2) വിദേശ ഭാഷാ സർവ്വകലാശാല

— ശ്രീ. പി. കെ. അബ്ദു റബ്ബ് ...416

**IV സബ്മിഷൻ**

1. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി

— ശ്രീ. റോജി എം. ജോൺ ...419

2. ഡിസ്പെൻസറിയുടെ പ്രവർത്തനം

— ശ്രീ. കെ. രാജൻ ....420

3. ഐ.ടി.ഐ. കെട്ടിട നിർമ്മാണം

— ശ്രീ. യു. ആർ. പ്രദീപ് ....421

4. കുടിവെള്ള പദ്ധതി

— ശ്രീ. കെ. വി. അബ്ദുൾ ഖാദർ ...422

*പേജ്*

5. മെഡിക്കൽ കോളേജ് വികസനം

— ശ്രീ. മുരളി പെരുനെല്ലി ...424

6. താലൂക്കാശുപത്രിയുടെ പ്രവർത്തനം

— ശ്രീ. ഐ.സി. ബാലകൃഷ്ണൻ ...426

7. ഇരിണാവ് പാലം

— ശ്രീ. റ്റി. വി. രാജേഷ് ...428

8. റോഡ് നിർമ്മാണത്തിന് അംഗീകാരം

— ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് ...430

9. കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം

— ശ്രീ. അബ്ദുൽ ഹമീദ്. പി. ...433

**V മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു. ...434

**VI റിപ്പോർട്ട് സമർപ്പണം** ...441

**VII ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന**

2016-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി

— ശ്രീ. എം. ഉമ്മർ ... 442

**VIII പ്രത്യേക പരാമർശം**

സ്പീക്കറുടെ റൂളിംഗ് സംബന്ധിച്ച് ...449

**IX ധനകാര്യം**

വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും ...453

**X അറിയിപ്പ്**

ശില്പശാല ...544

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

*2017 മാർച്ച് 14 , ചൊവ്വ*

വാല്യം 165] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 2017 മാർച്ച് മാസം 14-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *301

**സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത മെച്ചപ്പെടുത്താൻ സംവിധാനങ്ങൾ**

1 (*301) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. അനിൽ അക്കര :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത മെച്ചപ്പെടുത്താൻ ഈ സർക്കാർ നടപ്പിലാക്കിയ സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ബി) എല്ലാ സർക്കാർ ജീവനക്കാർക്കും ഇൻഡക്ഷൻ ട്രെയിനിംഗും, ഇൻ-സർവ്വീസ് കോഴ്സുകളും നിർബന്ധമാക്കി ഉത്തരവിറക്കിയിട്ടുണ്ടോ;

(സി) വകുപ്പുകൾ അവയുടെ വാർഷിക പ്ലാൻ ബജറ്റിന്റെ ഒരു ശതമാനമെങ്കിലും ജീവനക്കാരുടെ പരിശീലനത്തിനുവേണ്ടി വിനിയോഗിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) അഴിമതിയോട് വിട്ടുവീഴ്ചയില്ലാത്തതും ജനസൗഹൃദവുമായ ഒരു സിവിൽ സർവ്വീസാണ് സർക്കാർ വിഭാവന ചെയ്യുന്നത്. ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. സർക്കാർ സർവ്വീസിൽ സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി.
2. സംസ്ഥാന സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടിയെടുത്തുവരുന്നു.
3. പ്രഗത്ഭരും പ്രാപ്തരുമായ പുതുതലമുറയെ പബ്ലിക് സർവ്വീസുകളിലേയ്ക്ക് ആകർഷിക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
4. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുതകും വിധം ഒരു പുതിയ പരിശീലന നയം രൂപവത്കരിച്ച് നടപ്പാക്കാനുള്ള പ്രവർത്തനം ആരംഭിച്ചു.
5. ഇ-ഗവേണൻസ്, ഇ-ടെണ്ടർ, പഞ്ചിംഗ് സംവിധാനങ്ങൾ എല്ലാ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.
6. ഭരണഭാഷ മലയാളമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.
7. ജനസൗഹൃദ സിവിൽ സർവ്വീസ് ലക്ഷ്യം വച്ച് ആവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചു.
8. നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് കാലോചിതമായ മാറ്റം വരുത്താനാവശ്യമായ ശിപാർശ സമർപ്പിക്കാൻ നിയമ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചു.

(ബി) ഇല്ല. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഒരു പുതിയ പരിശീലന നയം സർക്കാർ രൂപീകരിക്കും. എല്ലാ സർക്കാർ ജീവനക്കാർക്കും നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിംഗും വ്യവസ്ഥാപിത ഇൻ സർവ്വീസ് കോഴ്സുകളും ഏർപ്പെടുത്തും. സർക്കാരിന്റെ കീഴിലുള്ള വിവിധ പരിശീലന സ്ഥാപനങ്ങളുടെ ഏകോപനത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് ഡയറക്ടർ ജനറലിനെ 'ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്' ആയി നിർദ്ദേശിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) വകുപ്പുകൾ അവയുടെ വാർഷിക പ്ലാൻ ബജറ്റിന്റെ ഒരു ശതമാനമെങ്കിലും ജീവനക്കാരുടെ പരിശീലനത്തിനുവേണ്ടി വിനിയോഗിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. 2016-17-ൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് കരുതൽ തുകയായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, സെക്രട്ടേറിയറ്റിനെ കെ.എ.എസ്-ൽനിന്നും ഒഴിവാക്കാൻ കഴിഞ്ഞ ഗവണ്മെന്റ് തീരുമാനിച്ചിരുന്നില്ല എന്നായിരുന്നു ഇതു സംബന്ധിച്ച് അങ്ങ് കഴിഞ്ഞ ദിവസം സഭയിൽ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞത്. പക്ഷേ കഴിഞ്ഞ ഗവൺമെന്റ് സെക്രട്ടേറിയറ്റിനെ ഒഴിവാക്കുന്ന കാര്യം പരിശോധിക്കാൻ ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയെ നിയോഗിച്ചിരുന്നുവെങ്കിലും ആ സബ് കമ്മിറ്റി യോഗം ചേർന്നിരുന്നില്ല. ഈ സാഹചര്യത്തിൽ ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സെക്രട്ടേറിയറ്റിനെ കെ.എ.എസ്-ൽനിന്നും ഒഴിവാക്കുന്ന കാര്യം പരിശോധിക്കാൻ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സെക്രട്ടേറിയറ്റും ഉൾപ്പെടുന്നു. അതുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിന്ന് സെക്രട്ടേറിയറ്റിനെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടുതന്നെ ഒരു സബ് കമ്മിറ്റിയുടെ ആവശ്യവുമില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, രാഷ്ട്രീയ വ്യത്യാസമില്ലാതെ സെക്രട്ടേറിയറ്റിലെ മുഴുവൻ ജീവനക്കാരുടേയും വികാരമാണ് കെ.എ.എസ്-ൽ നിന്നും സെക്രട്ടേറിയറ്റിനെ ഒഴിവാക്കുക എന്നത്. ആ വികാരം മാനിച്ചുകൊണ്ട് ജീവനക്കാരുമായി തർക്കത്തിന് പോകാതെ, വെല്ലുവിളിക്കാതെ അവരുമായി ചർച്ച നടത്തി പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ ജീവനക്കാരോടുള്ള വെല്ലുവിളിയുടെ പ്രശ്നമേയില്ല. ഈ നിലപാടിൽ മാറ്റമില്ല. ചർച്ച ചെയ്യുന്നതിന് വിഷമമില്ല. നമുക്ക് ചർച്ച ചെയ്യാം.

ശ്രീ. അനിൽ അക്കര: സർ, സംസ്ഥാനത്തെ പോലീസിന്റെ ചില നടപടികളും വിജിലൻസിന്റെ മുൻവിധിയോടെയുള്ള തീരുമാനങ്ങളുംമൂലം നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തീരുമാനങ്ങളെടുക്കുന്നതിനുപകരം ചീഫ് സെക്രട്ടറിയുടേയും അതിനു മുകളിലുള്ള ആളുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽമാത്രം തീരുമാനങ്ങൾ നടന്നാൽ മതിയെന്ന രീതിയിൽ പലപ്പോഴും ഫയലുകൾ മുകളിലേയ്ക്ക് അയയ്ക്കുന്നതുകൊണ്ട് സംസ്ഥാനത്തെ പല പദ്ധതികളും സ്തംഭനാവസ്ഥയിലാണ്. വിജിലൻസിന്റെ അമിതമായ ഇടപെടൽ പദ്ധതികളെ ബാധിക്കാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ അത്തരത്തിൽ ഒരു സ്തംഭനാവസ്ഥ നിലനിൽക്കുന്നില്ല. ഉയർന്ന ഉദ്യോഗസ്ഥരുടെ ഇടയിലോ അല്ലെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ പൊതുവിലോ ഏതെങ്കിലും തരത്തിലുള്ള അതൃപ്തിയോ നിസ്സംഗതയോ ഈ ഘട്ടത്തിൽ നിലനിൽക്കുന്നില്ല. വിജിലൻസുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. അതിൽ ഹൈക്കോടതിതന്നെ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുമെന്നുവരെ പ്രസ്താവിക്കുന്ന നിലവന്നിട്ടുണ്ട്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ചില നിർദ്ദേശങ്ങൾ വിജിലൻസിന് ഇതിനകം നൽകിയിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, സർക്കാർ ഓഫീസുകളിലെ ഫയലുകൾ നീങ്ങുന്നതിനുള്ള കാലതാമസം എന്നുപറയുന്നത് സാങ്കേതികമായി ഇത്തരം കാര്യങ്ങൾക്കുള്ള ചട്ടങ്ങളിലും വ്യവസ്ഥകളിലുമുള്ള പ്രയാസങ്ങൾ തന്നെയാണ്. ഫയലുകൾ പല ഉദ്യോഗസ്ഥരുടെ മുൻപിലും എത്തിച്ചേർന്ന് അവസാനം ബന്ധപ്പെട്ട സെക്രട്ടറി ഓർഡറിട്ടു കഴിഞ്ഞും താഴേയ്ക്ക് പോകേണ്ടി വരുന്നത് വളരെ കാലതാമസമുണ്ടാക്കുന്നു. ഇത്തരം സാങ്കേതികത ഒഴിവാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ; ഇ-ഫയലിംഗ് വന്നതിനുശേഷം കുറേ മാറ്റങ്ങൾ വന്നിട്ടുണ്ട്; അത് സ്വാഗതാർഹമാണ്. അതുപോലെതന്നെ സേവനാവകാശ നിയമം ജനങ്ങൾക്ക് ഫലപ്രദമാക്കാൻ ഒരു ബോധവത്കരണം അത്യാവശ്യമാണ്. സേവനാവകാശ നിയമം എത്രുകണ്ട് ഉപയോഗപ്പെടുത്തിയിട്ടുണ്ട്; ഇത് കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഫയലുകളുടെ നീക്കത്തിൽ ഉണ്ടാകുന്ന കാലതാമസം കുറച്ചുകൊണ്ടു വരാനുള്ള നടപടികൾ തന്നെയാണ് സ്വീകരിച്ചു വരുന്നത്. ഇപ്പോൾ നല്ല പുരോഗതി നേടാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം ഇ-ഫയലിംഗും സേവനാവകാശ നിയമവും നല്ല രീതിയിൽത്തന്നെ നടപ്പാക്കുന്നതിനും പ്രായോഗികമായി കൊണ്ടുവരുന്നതിനുമുള്ള ബോധവത്കരണ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. റോജി എം. ജോൺ: സർ, സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വരുന്ന ഒരു ഘടകമാണ് ഓഫീസുകളുടെ ശുചിത്വം. പല സർക്കാർ ഓഫീസുകളും, ആളുകൾക്ക് കയറിച്ചെല്ലാൻ സാധിക്കാത്തതരത്തിൽ വൃത്തിഹീനമായി കിടക്കുന്നു. പ്രത്യേകിച്ച് സ്ത്രീകളെ സംബന്ധിച്ച് പല ഓഫീസുകളിലും കയറിച്ചെല്ലാൻ സാധിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. എല്ലാ ആളുകൾക്കും കയറിച്ചെല്ലാവുന്ന തരത്തിൽ സർക്കാർ ഓഫീസുകളുടെ ശുചിത്വം ഉറപ്പുവരുത്തക്കവണ്ണം അവ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; നവകേരള മിഷന്റെ ഭാഗമായി ജനകീയ പങ്കാളിത്തത്തോടുകൂടി ഇക്കാര്യങ്ങളിൽ കൂടുതൽ എഫിഷ്യൻസി കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുമോ ?

ശ്രീ. പിണറായി വിജയൻ: സർ, അതത് സർക്കാർ ഓഫീസുകൾക്ക് ഇപ്പോൾത്തന്നെ നടപടികൾ സ്വീകരിക്കാവുന്നതാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ചില സർക്കാർ ഓഫീസുകളിൽ ആവശ്യമായ വൃത്തിയില്ലെന്നത് വസ്തുതയാണ്. ഇക്കാര്യത്തിൽ ഏറ്റവും പ്രധാനം ജീവനക്കാരുടെ ബോധവത്കരണമാണ്. ഹരിത കേരളം മിഷൻ പ്രാവർത്തികമാകുന്നതോടെ ഓഫീസും പരിസരവും വൃത്തിയാക്കുന്നതിനുതകുന്ന രീതിയിലുള്ള ബോധവത്കരണം വലിയ തോതിൽ ഉയർന്നുവരും എന്നുതന്നെയാണ് കരുതുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, സർക്കാർ ഫയലുകളിൽ വേഗത്തിൽ തീർപ്പുകൽപ്പിക്കാനുള്ള നടപടിക്രമങ്ങൾ സ്വാഗതാർഹമാണ്. നമ്മുടെ പല മണ്ഡലങ്ങളിലും പോലീസ് സ്റ്റേഷൻ, ഡിപ്പാർട്ട്മെന്റുകൾ, സർക്കാർ ഓഫീസ് എന്നിവയ്ക്ക് സ്ഥലം ലഭ്യമാകാതിരിക്കുകയും എന്നാൽ മറ്റ് ഡിപ്പാർട്ട്മെന്റുകൾക്ക് കീഴിൽ ആവശ്യത്തിന് സ്ഥലമുണ്ടാകുകയും ചെയ്താൽ, ഒരു വകുപ്പിന്റെ ഭൂമി മറ്റൊരു വകുപ്പിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾക്ക് ഇന്ന് വളരെയേറെ സമയമെടുക്കുകയാണ്. ഇത്തരം ഫയലുകളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ സർക്കാർ സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ സർക്കാർ നടപടിക്രമങ്ങളുടേതായ കാലതാമസം പൊതുവിൽ ഉണ്ടാകുന്നു എന്നത് വസ്തുതയാണ്. ഒരു വകുപ്പിന്റെ കൈവശമുള്ള ഭൂമി മറ്റൊരു വകുപ്പിന് റവന്യൂ വകുപ്പ് മുഖേനയാണ് നൽകേണ്ടത്, അത് നൽകാൻ റവന്യൂ വകുപ്പും തയ്യാറാണ്. പക്ഷേ തീരുമാനം വരുമ്പോൾ മാസങ്ങളോ ചിലപ്പോൾ വർഷങ്ങൾതന്നെയും നീണ്ടു പോകുന്ന അവസ്ഥ വരുന്നുണ്ട്. ഇതെങ്ങനെ ലഘൂകരിക്കാൻ സാധിക്കുമെന്ന് ഗൗരവമായി ആലോചിക്കുന്നുണ്ട്. ജില്ലാ കളക്ടർമാർക്കടക്കം ഇക്കാര്യത്തിൽ ഒരു നിലപാട് സ്വീകരിക്കാൻ സാധിക്കുന്നതരത്തിൽ നടപടികളെടുക്കാൻ സാധിക്കുമോ എന്നത് സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, കഴിഞ്ഞ വർഷത്തെ ബജറ്റ് ഡോക്യുമെന്റ്സിൽ വൻകിട പദ്ധതികൾക്കുവേണ്ടി 2300 കോടി രൂപയാണ് ഇയർ മാർക്ക് ചെയ്തിട്ടുള്ളത്. അതിൽ 10 ശതമാനം മാത്രമേ ഇപ്പോൾ ആരംഭിക്കാൻ സാധിച്ചിട്ടുള്ളൂ. ഈ ബജറ്റിൽ കിഫ്ബി മുഖേനയും മറ്റും ഒരുപാട് വലിയ പദ്ധതികൾ ആവിഷ്കരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. പലപ്പോഴും പദ്ധതികൾ നടക്കാത്തതിൽ സർക്കാർ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത ഒരു പ്രധാന കാരണമാണ്. വൻകിട മാറ്റങ്ങൾ ബജറ്റിൽ പറയുമ്പോൾ അതിന്റെ നിർവ്വഹണം നടക്കേണ്ടത് വില്ലേജ് ഓഫീസുമുതൽ സെക്രട്ടേറിയറ്റ് വരെയാണ്. പുതിയ കിഫ്ബി മോഡൽ കണ്ടുകൊണ്ട്, സർക്കാർ ഉദ്യോഗസ്ഥർ കൂടുതൽ

കാര്യക്ഷമതയോടെ പ്രവർത്തിക്കാനുള്ള നടപടികളെന്തെങ്കിലും ഈ പ്രഖ്യാപനത്തിലൂടെ നടത്തിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, പൊതുവിൽ നിലനിൽക്കുന്ന ഒരു സംസ്കാരത്തിന്റെ ഭാഗമായാണ് ഈ കാലതാമസം വരുന്നത്. പദ്ധതികളുടെ പ്രവർത്തന ചെലവ് ഏറ്റവും കൂടുതൽ വരുന്നത് അവസാന മാസങ്ങളായ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലാണ്. ഒരു ബജറ്റ് പാസ്സായി കഴിഞ്ഞാൽ ആദ്യത്തെ ആറ് മാസം പലപ്പോഴും പല ഡിപ്പാർട്ട്മെന്റുകളും ബജറ്റിനെപ്പറ്റി ആലോചിക്കുന്നുപോലുമില്ല. ഇത് പരിഹരിക്കാനാണ് അടുത്ത വർഷം ഏപ്രിൽ മാസം മുതൽ പദ്ധതി നിർവ്വഹണം ആരംഭിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്. അതിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. അവസാനത്തെ മൂന്ന് മാസം വകയിരുത്തിയ തുകയുടെ 30 ശതമാനം മാത്രമേ ചെലവഴിക്കാൻ സാധിക്കു. മാർച്ച് മാസത്തിൽ 15 ശതമാനത്തിൽ കൂടുതൽ തുക ചെലവഴിക്കാൻ സാധിക്കില്ല. അങ്ങനെ വരുമ്പോൾ എല്ലാ ഡിപ്പാർട്ട്മെന്റുകൾക്കും പണം ചെലവഴിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങളുണ്ടാകും.

ശ്രീ. എം. സ്വരാജ് : സർ, ഓഫീസ് ഫയലുകളിൽ വളരെ വേഗം തീർപ്പ് കൽപ്പിക്കണമെന്നും ഓരോ ജീവിതങ്ങളാണ് ഫയലിലുള്ളതെന്നും മുഖ്യമന്ത്രി സൂചിപ്പിക്കുകയും സർക്കാരിന്റെ നിലപാട് വ്യക്തമാക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ അതനുസരിച്ച് എല്ലാ ജീവനക്കാരും അവരുടെ മുമ്പിൽ വരുന്ന ഫയലുകൾ കൈകാര്യം ചെയ്യാൻ ആരംഭിച്ചിട്ടില്ല. ഈ പശ്ചാത്തലത്തിൽ ഒരു ടേബിളിൽ വരുന്ന ഫയൽ പരമാവധി എത്ര ദിവസം തീർപ്പ് കല്പിക്കാൻ അവിടെ വയ്ക്കാമെന്ന് നിർദ്ദേശിക്കാനാകുമോ; അതിൽ വീഴ്ച വരുത്തിയാൽ ആ ഫയൽ അംഗീകരിച്ചതായി, അതിന് അനുകൂല തീരുമാനമെടുത്തതായി കണക്കാക്കാനാകുമോ; അകാരണമായി വൈകിപ്പിച്ച ഉദ്യോഗസ്ഥനോട് വിശദീകരണം ചോദിക്കാനും അങ്ങനെ നിരന്തരം വിശദീകരണം കൊടുക്കേണ്ടിവരുന്ന ഉദ്യോഗസ്ഥർക്കെതിരെ മറ്റു തീരുമാനങ്ങൾ എടുക്കാനും സർക്കാരിന് സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കണമെന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. ആ കാര്യത്തിൽ ആവശ്യമായ ഇടപെടൽ സെക്രട്ടറി തലത്തിൽനിന്നും കൂടി നടത്തണമെന്നും നിർദ്ദേശം നൽകിക്കഴിഞ്ഞു. അതിനുതകുന്ന അധികാരങ്ങൾ സെക്രട്ടറിമാർക്ക് നൽകുന്ന നിലപാട് സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. നേരത്തേ ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. അതിൽ നിന്നുമാറി സെക്രട്ടറിമാർക്കുതന്നെ അതതു വകുപ്പുകളിലുള്ള ഉദ്യോഗസ്ഥരുടെമേൽ പൂർണ്ണമായ നിയന്ത്രണം വരത്തക്ക രീതിയിലുള്ള സംവിധാനങ്ങളൊരുക്കുന്നതാണ്.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഫയലുകൾ നീങ്ങാത്ത അവസ്ഥയെക്കുറിച്ച് ഏറ്റവും കൂടുതൽ അറിയാവുന്നത് എം.എൽ.എ.-മാർക്കുതന്നെയാണ്. ഓരോ ഫയലും ഓരോ ജീവിതമാണെന്ന് മുഖ്യമന്ത്രിതന്നെ പറഞ്ഞിട്ടുപോലും ഒരു ഫയലും മുന്നോട്ട് നീങ്ങുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഓരോ ഉദ്യോഗസ്ഥരും അവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കാത്തതുകൊണ്ട് ഫയലിൽ എന്തെങ്കിലും ക്വറിയിട്ടു വയ്ക്കുന്നു, അല്ലെങ്കിൽ മറ്റ് സീറ്റുകളിലേയ്ക്ക് തട്ടിയിടുകയാണ് ചെയ്യുന്നത്. നിശ്ചിത ദിവസത്തിനുള്ളിൽ ഫയലുകൾക്ക് തീർപ്പ് കൽപ്പിക്കാതിരുന്നാൽ അതിനെതിരെ എക്സ്പ്ലനേഷൻ ചോദിക്കുകയോ നടപടിയെടുക്കുകയോ ചെയ്തില്ലെങ്കിൽ ഇത് പ്രഖ്യാപനം മാത്രമായി ഒതുങ്ങും. അതുകൊണ്ട് ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് കാണണം. അസറ്റ് ഡെവലപ്മെന്റ് ഫണ്ടിന്റെ ഫയലുകൾപോലും ഉദ്യോഗസ്ഥന്മാർ അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കുകയാണ്. കഴിഞ്ഞ സാമ്പത്തികവർഷത്തെ എ.എസ്. പോലും ഇതുവരെ കിട്ടിയിട്ടില്ല. ഓരോ ഡിപ്പാർട്ട്മെന്റും പരസ്പരം കുറ്റപ്പെടുത്തുകയാണ്. ഇതിന് തീർപ്പ് കല്പിക്കാൻ അടിയന്തരമായി ഒരു സംവിധാനം ഏർപ്പെടുത്തണം. അങ്ങ് ഇതിൽ അടിയന്തരമായി ഇടപെടണം. അല്ലെങ്കിൽ ഞങ്ങളുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടുപോലും വിനിയോഗിക്കാനോ നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തിയാക്കാനോ കഴിയുകയില്ല. ഇതിന് നടപടിയെടുക്കുമോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ : സർ, ബഹുമാന്യരായ അംഗങ്ങൾ പൊതുവിൽ പ്രകടിപ്പിക്കുന്ന വികാരം സംസ്ഥാനത്തെ ജനങ്ങളുടെ ആവശ്യവുമായി ബന്ധപ്പെട്ടുള്ളതാണ്. ഈ കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുവരുന്നത്. ഒരു സംശയവും വേണ്ട, സമയബന്ധിതമായി ഫയലുകളിൽ തീർപ്പ് കല്പിക്കുന്നതിനും ഒരു ഫയൽ എത്രകാലംവരെ സൂക്ഷിക്കാമെന്നുള്ളതടക്കം വ്യവസ്ഥകൾ വയ്ക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. എം. ആരിഫ്: സർ, സ്ഥലം മാറ്റത്തിന് മാനദണ്ഡം ഏർപ്പെടുത്തിയത് ഏറ്റവും നല്ല കാര്യമാണ്. സ്ഥലം മാറ്റത്തിലുണ്ടാകുന്ന അഴിമതികൾ നടക്കാതിരിക്കാനുള്ള ഒരു സംരക്ഷണ കവചമാണത്. എന്നാൽ എത്ര വിചാരിച്ചാലും ചലിക്കാത്ത, കാര്യക്ഷമത തീരെയില്ലാത്ത ചില ഉദ്യോഗസ്ഥർ ചില സ്ഥാനങ്ങളിൽ എത്തിക്കഴിഞ്ഞാൽ പിന്നെ ഈ മാനദണ്ഡത്തിന്റെ സംരക്ഷണമുണ്ടെന്ന് കരുതി അവർ ഒട്ടും ചലിക്കില്ല. അപൂർവ്വം ചില ആളുകൾ അങ്ങനെയാണ്. അത്തരക്കാരെ അവർക്ക് പ്രവർത്തിക്കാൻ കഴിയുന്ന മേഖലകളിലേയ്ക്ക് മാറ്റാനുള്ള വ്യവസ്ഥകൾ ഈ മാനദണ്ഡത്തിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ അവർ ഇതുതന്നെ തുടർന്നുകൊണ്ടിരിക്കും. ജനങ്ങളുടെ

പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിന് കാര്യക്ഷമമായി ഇടപെടാത്ത ആളുകളെ തൽസ്ഥാനങ്ങളിൽനിന്നും മാറ്റാനോ അല്ലെങ്കിൽ മറ്റെന്തെങ്കിലും തരത്തിലുള്ള നടപടികളെടുക്കാനോ ഉള്ള വ്യവസ്ഥകളുണ്ടാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീരെ ചലിക്കാത്തവരാണെങ്കിൽ ഒരേ സ്ഥലത്തുണ്ടായാൽ കുറച്ചുകാലം ബുദ്ധിമുട്ടുണ്ടാകും. ഇവർ മറ്റൊരു സ്ഥലത്ത് പോയാൽ അവിടെയും ബുദ്ധിമുട്ടുണ്ടാക്കുന്ന അവസ്ഥയാണ്. എന്തായാലും അത്തരം കാര്യങ്ങളടക്കം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ ഗവണ്മെന്റ് നിയോഗിച്ച ഭരണ പരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങൾ എത്രത്തോളം മുന്നോട്ടു പോയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; കമ്മീഷന്റെ ഫലപ്രദമായ പ്രവർത്തനങ്ങൾക്കാവശ്യമായ ഓഫീസടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇവർ ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങളോ ഇടക്കാല റിപ്പോർട്ടോ സമർപ്പിച്ചിട്ടുണ്ടോ; അങ്ങനെയുള്ള നിർദ്ദേശങ്ങൾ ഇടക്കാല റിപ്പോർട്ടിന്റെ രൂപത്തിൽ സർക്കാരിന്റെ മുന്നിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ അത് എന്ന് ഗവൺമെന്റിന്റെ മുന്നിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്; ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങളിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ : സർ, ഭരണ പരിഷ്കാര കമ്മീഷൻ ഫലപ്രദമായി നടപടികൾ സ്വീകരിക്കുന്നു എന്നുതന്നെയാണ് ഇതിനകം എല്ലാവർക്കും ബോധ്യമായിട്ടുള്ളത്. അതുകൊണ്ട് അതേ നിലയ്ക്കുതന്നെ തുടരുന്നതാണ്. മറ്റ് നടപടിക്രമങ്ങളെക്കുറിച്ച് പ്രത്യേക ചോദ്യം ചോദിച്ചാൽ മാത്രമേ മറുപടി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. സി. കൃഷ്ണൻ: സർ, സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ചില വകുപ്പുകൾ, പ്രത്യേകിച്ച് പൊതുമരാമത്ത് വകുപ്പിൽ എൻ.എച്ച്-മായി ബന്ധപ്പെട്ട് സി.ആർ.എഫ്-ൽ ഉൾപ്പെടുത്തിക്കൊണ്ട് ഒരു റോഡിന്റെ ടെണ്ടർ നടപടി ആരംഭിച്ചു. അത് പൂർത്തിയാക്കാൻ 68 ദിവസം വേണമെന്നാണ് ഇപ്പോൾ പറയുന്നത്. ഇ-ടെണ്ടർ നടപ്പിലായ സാഹചര്യത്തിൽ ഇത് പൂർത്തിയാക്കാൻ 68 ദിവസം വേണമെന്ന് പറയുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. ഇതുപോലുള്ള ഒരുപാട് വിഷമതകൾ ഇപ്പോൾ നേരിടുകയാണ്. അങ്ങനെ വന്നുകഴിഞ്ഞാൽ അടുത്ത ഒരു വർഷക്കാലത്തിനിടയിൽ അത് പൂർത്തീകരിക്കാൻ സാധിക്കുകയില്ല. ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയും?

ശ്രീ. പിണറായി വിജയൻ : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഒരു പ്രത്യേക സാങ്കേതിക പ്രശ്നമാണ്. എന്റെ കൈവശം ഇപ്പോൾ അതുസംബന്ധിച്ചുള്ള വിവരമില്ല. അതിനെക്കുറിച്ച് പരിശോധിക്കാം.

**പരിസ്ഥിതി സംബന്ധിച്ച ധവളപത്രം**

2 (*302) ശ്രീ. എ.പി. അനിൽ കുമാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികസനം പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെ നടപ്പിലാക്കുന്നതിന് പരിസ്ഥിതി സംരക്ഷണം, പരിപാലനം, വികസനം എന്നിവയ്ക്കിടയിൽ ഒരു സന്തുലനം കണ്ടെത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്തിന്റെ പരിസ്ഥിതി സംബന്ധിച്ച അവസ്ഥയുടെ ധവളപത്രം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ,

(എ) 1. കാർഷിക മേഖലയിൽ കീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ച് ജൈവകൃഷിയും ഉത്തമ കൃഷിരീതികളും പ്രോൽസാഹിപ്പിച്ചു വരുന്നു.

2. കുളങ്ങളുടെ നവീകരണം, മാലിന്യ സംസ്കരണത്തിലൂന്നിയ പച്ചക്കറി കൃഷി എന്നിവ നടപ്പിലാക്കി വരുന്നു.

3. ശുചിത്വം, മാലിന്യ സംസ്കരണം, കൃഷിവികസനം, ജലവിഭവ സംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകുന്ന ഹരിത കേരളം പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

4. ഇ-മാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതായിരിക്കും. സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി./പഞ്ചായത്ത് റോഡുകളുടെ നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ആയത് നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

5. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും ഉരുൾപൊട്ടൽ പ്രദേശങ്ങളുടെ സംരക്ഷണവും നടപ്പിലാക്കി വരുന്നു.

6. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതാണ്.

7. കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ നേരിടുന്നതിനും അതുമൂലമുണ്ടാകുന്ന അപകടങ്ങളുടെ അളവ് കുറയ്ക്കുന്നതിനുമായി "സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ച്" പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

8. വേമ്പനാട്, അഷ്ടമുടി, ശാസ്താംകോട്ട കായലുകളുടെ പുനരുദ്ധാരണവും സംരക്ഷണവും ഉൾക്കൊള്ളുന്ന ഒരു മാനേജ്മെന്റ് പ്ലാനിന് രൂപം നൽകിവരുന്നു.

9. വായു, ജല മലിനീകരണം തടയാൻ നടപടികൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

10. ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളെ (ബി.എം.സി.) കൂടുതൽ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കരട് ധവളപത്രം തയ്യാറായിട്ടുണ്ട്. ആയത് കാലതാമസം കൂടാതെ അംഗീകരിച്ച് പ്രസിദ്ധീകരിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, മഴയാൽ സമ്പന്നമായ കേരളത്തിൽ കൃത്രിമ മഴ പെയ്യിക്കുന്ന കാര്യത്തെക്കുറിച്ചാണ് കഴിഞ്ഞ ദിവസം ചർച്ച ചെയ്തത്. പാരിസ്ഥിതിക ആഘാതം എത്രമാത്രം വലുതാണെന്നതിന്റെ തെളിവാണിത്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ധവളപത്രത്തിന്റെ കരട് തയ്യാറായി എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഈ ധവളപത്രം, ജനപ്രതിനിധികളും പരിസ്ഥിതി പ്രവർത്തകരും എല്ലാവരുമായി ബന്ധപ്പെട്ട് ഇന്നത്തെ പാരിസ്ഥിതിക അവസ്ഥ എന്തെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും അത് പരിരക്ഷിക്കുന്നതിനുംവേണ്ടി എന്തെല്ലാം ചെയ്യാൻ പോകുന്നു എന്നുള്ള കാര്യം ജനങ്ങളെ അറിയിക്കുന്നതിനുവേണ്ടി ഒരു സമഗ്രമായ വൈറ്റ് പേപ്പറായി മാറ്റുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇതുമായി ബന്ധപ്പെട്ട് വിദഗ്ദ്ധരുമായി ചർച്ച ചെയ്യാനുള്ള സംവിധാനങ്ങൾ ഒരുക്കാൻ സാധിക്കും. അതോടൊപ്പം ജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള നടപടിയും ധവളപത്രത്തിന്റെ ഭാഗമായി സ്വീകരിക്കാവുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പരിസ്ഥിതി സംരക്ഷിക്കുക എന്നുപറയുന്നതോടൊപ്പം രണ്ട് കാഴ്ചപ്പാടുകളാണ് ഇന്നുള്ളത്. ആദ്യത്തേത്, വികസനം വന്നാൽ പരിസ്ഥിതി പൂർണ്ണമായി തകരുമെന്ന കാഴ്ചപ്പാട്. മറ്റൊന്ന്, പരിസ്ഥിതിയാണ് വികസനത്തിന്

എതിര് എന്ന കാഴ്ചപ്പാട്. പരിസ്ഥിതിയിലധിഷ്ഠിതമായ വികസനമെന്നൊരു കാഴ്ചപ്പാടാണ് കേരളം പോലെയുള്ള ഒരു സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ അഭികാമ്യം. കേരളത്തിലെ വിനോദസഞ്ചാര മേഖലകളിലൊക്കെ അത്തരത്തിലുള്ള ഒട്ടനവധി പദ്ധതികളുണ്ട്. ഉദാഹരണമായി, ജഡായു പാറ, പാതിരാമണൽ തുടങ്ങിയ ചില പദ്ധതികൾ നടപ്പാക്കിക്കഴിഞ്ഞാൽ അവിടെ പരിസ്ഥിതി കൂടുതൽ പുഷ്ടിപ്പെടുത്താൻ കഴിയുമെന്നുള്ള ഒരു യാഥാർത്ഥ്യം നിലനിൽക്കുമ്പോഴാണ് ഈ രണ്ട് വാദങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ പേരിൽ വികസനം മുടങ്ങുന്നത്. പരിസ്ഥിതി വേണ്ടരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തൊരു സാഹചര്യവും ഉണ്ടാകുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ സമന്വയമുണ്ടാക്കുന്നതിനെക്കുറിച്ച്, അതിലൂടെ കേരളത്തിന് വേണ്ടരീതിയിലുള്ള കൂടുതൽ വികസന പ്രവർത്തനങ്ങളും പദ്ധതികളും കൊണ്ടുവരുന്ന കാര്യത്തിൽ ഒരു സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതിൽ ഏതെങ്കിലും തരത്തിലുള്ള ഒരു മൗലികവാദ നിലപാട് സ്വീകരിക്കണമെന്നല്ല സർക്കാരിന്റെ അഭിപ്രായം. പരിസ്ഥിതി സംരക്ഷിക്കേണ്ടത് പ്രധാനമാണ്. പരിസ്ഥിതി സംരക്ഷിച്ചുകൊണ്ടുള്ള വികസന നടപടികളാണ് സ്വീകരിക്കുക. അപ്പോൾ ഒരു സംതുലനാവസ്ഥ ഇക്കാര്യത്തിൽ സ്വീകരിക്കുക എന്നുള്ളതാണ് സർക്കാരിന്റെ നിലപാട്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, പരിസ്ഥിതിക്ക് ഏറ്റവും ആഘാതമുണ്ടാക്കുന്നതാണ് ഇലക്ട്രോണിക് വേസ്റ്റുകൾ (ഇ-വേസ്റ്റ്). ഇവ കേരളത്തിൽ പലയിടത്തും കുമിഞ്ഞ് കൂടുന്നതായി റിപ്പോർട്ടുണ്ട്. മാത്രമല്ല, ഇവ മറ്റ് രാജ്യങ്ങളിൽനിന്നുപോലും കേരളത്തിലേയ്ക്ക് വരുന്നുവെന്നും ഈ അടുത്ത കാലത്ത് കൊച്ചി കസ്റ്റംസ് കുറേ ഇ-വേസ്റ്റുകൾ പിടിച്ചുവെന്നുമൊക്കെ പത്ര വാർത്തയുണ്ടായി. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇ-വേസ്റ്റുകൾ ഇല്ലായ്മ ചെയ്യാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മാലിന്യ നിർമ്മാർജ്ജന നടപടികളിൽ ഒരു ഭാഗം ഇലക്ട്രോണിക്സ് വേസ്റ്റാണ്. അത് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾ സംഭരിക്കുകയും കേന്ദ്രീകൃത രീതിയിൽ ഡിസ്പോസ് ചെയ്യുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അതിനാവശ്യമായ സംസ്കരണ കേന്ദ്രം കേന്ദ്രീകൃതമായ രീതിയിൽ ഒരുക്കേണ്ടതുണ്ട്. വിദേശത്തുനിന്നും വന്ന വേസ്റ്റുകളുടെ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഒരു കാരണവശാലും വിദേശമാലിന്യങ്ങൾ ഡമ്പ് ചെയ്യാനുള്ള സ്ഥലമാക്കി കേരളത്തെ മാറ്റാൻ പറ്റില്ല എന്നുള്ളതാണ് സർക്കാരിന്റെ നിലപാട്.

ശ്രീ. ഹൈബി ഈഡൻ: സർ, Sustainable and inclusive growth എന്നുള്ളത് ഇന്ന് ലോകം മുഴുവൻ അംഗീകരിക്കപ്പെട്ട ഒരു വികസന തത്വമാണ്. പരിസ്ഥിതിവാദികളും പ്രകൃതിക്കുവേണ്ടി നിലനിൽക്കുന്നവരും എല്ലാം വികസന വിരോധികളാണെന്ന് താങ്കൾ കഴിഞ്ഞ ദിവസം ഒരു പ്രസ്താവന നടത്തുകയുണ്ടായി. പാരിസ്ഥിതികമായി ചൂഷണം ചെയ്യപ്പെടുന്ന, പരിസ്ഥിതിയ്ക്ക് കോട്ടം തട്ടുന്ന പല പദ്ധതികളും പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. വികസനത്തിന്റെ പേരിൽ പ്രകൃതിയെ ചൂഷണം ചെയ്യുന്ന അത്തരം ആളുകളെ നിലയ്ക്കുനിർത്താതെ സർക്കാർ മുന്നോട്ടുപോകുന്നത് നാടിന് ഗുണകരമാകുമോ; കേരളത്തിൽ അനിയന്ത്രിതമായി പരിസ്ഥിതി ചൂഷണം ചെയ്യുന്നവരെ നിയന്ത്രിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഒരു തെറ്റിദ്ധാരണ നീക്കാൻ ഈ ചോദ്യം സഹായകരമാണ്. ഒരു പ്രസ്താവന നടത്തുന്ന ഘട്ടത്തിൽ, 'നിങ്ങളോ ഞങ്ങളോ അല്ലാത്ത ഒരു കൂട്ടർ എല്ലാ വികസനത്തെയും തടയാൻ ശ്രമിക്കുന്നു'വെന്ന് ഞാൻ പറയുകയുണ്ടായി. അത് പരിസ്ഥിതിവാദികളെ ഉദ്ദേശിച്ചല്ല പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് അത്തരമൊരു വിഭാഗമുണ്ട്. ആ വിഭാഗം ഏത് നല്ല കാര്യം വരുമ്പോഴും അതിനെ എതിർക്കും. പരിസ്ഥിതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ ആത്മാർത്ഥമായി നിലപാടുകൾ സ്വീകരിക്കുന്നവരാണ്. പക്ഷേ അൽപ്പം ബോധപൂർവ്വം തന്നെ ഇത്തരം നിലപാടുകളെ എതിർക്കുന്ന ഒരു സംഘടിത വിഭാഗം കേരളത്തിൽ ഉയർന്നുവന്നിട്ടുണ്ട്. അവരെയാണ് ഞാൻ ഉദ്ദേശിച്ചത്. അക്കാര്യത്തിൽ ഒരു തെറ്റിദ്ധാരണയും വേണ്ട.

ശ്രീ. പി. ടി. തോമസ്: സർ, പ്ലാസ്റ്റിക് കത്തുമ്പോൾ ഡയോക്സിൻ, ഫ്യൂറാൻസ്, കാർബൺ മോണോക്സൈഡ്, നൈട്രജൻ ഓക്സൈഡ് തുടങ്ങിയ നിരവധി മാരകമായ വിഷവാതകങ്ങളാണ് പുറത്തേയ്ക്കുവരുന്നത്. ഭക്ഷണ പദാർത്ഥങ്ങൾപോലും ധാരാളമായി പ്ലാസ്റ്റിക്കിൽ വിതരണം ചെയ്യുന്നുണ്ട്. ഈ പ്ലാസ്റ്റിക്കുകളൊക്കെ നമ്മുടെ നദികളിലാണ് കൂടുതലും അടിഞ്ഞുചേരുന്നത്. നദീസംരക്ഷണത്തെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ ഈ ഓരോ തുള്ളി വെള്ളവും രൂപപ്പെടുന്ന പശ്ചിമഘട്ടത്തിന്റെ മലനിരകളെ സംബന്ധിച്ച ഗൗരവതരമായൊരു സമീപനമാണ് നമ്മൾ സ്വീകരിക്കേണ്ടത്. ലോക പ്രശസ്ത ശാസ്ത്രജ്ഞനായ മാധവ് ഗാഡ്ഗിൽ മുന്നോട്ടുവച്ച പശ്ചിമഘട്ടത്തെ സംരക്ഷിക്കണമെന്ന വസ്തുത, ചർച്ച ചെയ്യാൻ പോലും കേരള സമൂഹം അനുവദിച്ചില്ല. ആ വസ്തുതയുടെ യാഥാർത്ഥ്യം എന്തെന്ന് ഗൗരവതരമായൊരു ചർച്ച നടത്താൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. പിണറായി വിയജൻ: സർ, മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് സംസ്ഥാനത്തെ ബഹുജനങ്ങളിൽ വലിയ തോതിലുള്ള ആശങ്കകൾ ഉയർന്നുവന്നിരുന്നു. ബഹുജനങ്ങളെ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പാർട്ടികൾക്കെല്ലാം അത്

സംബന്ധിച്ച് എതിരഭിപ്രായവും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ രാഷ്ട്രീയപാർട്ടിയ്ക്കും അതിനോട് പൂർണ്ണമായും യോജിക്കാൻ കഴിഞ്ഞിട്ടില്ല. അതാണ് ഇവിടെ ഉയർന്നുവന്നത്. പശ്ചിമഘട്ടത്തെ സംരക്ഷിക്കുന്നതിനൊന്നും ഇവിടെ ആരും എതിരല്ല. പശ്ചിമഘട്ടം സംരക്ഷിക്കുമ്പോൾ ജനങ്ങളെക്കൂടി കാണണമെന്നതാണ് സർക്കാർ സ്വീകരിച്ച നിലപാട്. ജനങ്ങളെ കാണാതെ വെറും പശ്ചിമഘട്ട സംരക്ഷണമെന്ന് മാത്രം പറഞ്ഞുകൊണ്ട് പോകാൻ കഴിയില്ല. ഇതാണ് നിലവിലുള്ള യാഥാർത്ഥ്യം.

ശ്രീ. രാജു എബ്രഹാം: സർ, വെള്ളവും വായുവുമടക്കം മലിനീകരണ തോത് അളക്കുന്നതിന്റെ ലോക മാനദണ്ഡം, Respirable Suspended Particle Matter (RSPM), ഒരു ക്യൂബിക് മീറ്ററിൽ 60 മൈക്രോഗ്രാമാണ്. ഈ കണക്കുപ്രകാരം കൊച്ചിയിലെ മലിനീകരണ തോത് 80 മുതൽ 90 വരെയും കണ്ണൂരിൽ 63-ഉം ആണ്. ഇത് വളരെ അപകടകരമായൊരു അവസ്ഥയാണ്. ഇവിടെയാണ് ഹരിത കേരളം പദ്ധതിയുടെ പ്രസക്തി ഉയരുന്നത്. പുതിയ തലമുറകളെ ഉൾപ്പെടെ ഇതിനെക്കുറിച്ച് ബോധവാന്മാരാക്കണം. അതുകൊണ്ട് സ്കൂൾ സിലബസിൽ പരിസ്ഥിതി സംരക്ഷണം ഉൾപ്പെടുത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വരുന്ന തലമുറയെ ഇക്കാര്യത്തിൽ ബോധവത്കരിക്കുക എന്നുള്ളതാണ് പ്രധാനം. ഹരിത കേരളം പദ്ധതി ഏറ്റവുമധികം കേന്ദ്രീകരിക്കുന്നത് സ്കൂളുകളിലാണ്. പാഠ്യപദ്ധതിയിലും ഇക്കാര്യത്തിൽ ആവശ്യമായ ജാഗ്രത പുലർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, നമ്മുടെ പുഴകളെല്ലാം നാശത്തിന്റെ വക്കിലാണ്. ഉദാഹരണമായി, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ആറ്, അവിടെ ഇ-ക്വാളി ബാക്ടീരിയ കൊണ്ട് നിറഞ്ഞു. കടമ്പ്രയാർ, ഇന്ന് ലോകത്തിലെ ഏറ്റവും മോശപ്പെട്ട നദിയായി മാറി. കോണോത്തുപുഴ, കൊച്ചി കായലിനെയും വേമ്പനാട് കായലിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പുഴയായിരുന്നു. ഇന്ന് ആ പുഴയില്ല. ഇങ്ങനെ പുഴകളെല്ലാം നശിച്ചുകൊണ്ടിരിക്കുന്നു. പരിസ്ഥിതിയ്ക്ക് ഏറ്റവും വിനാശകരമായ രീതിയിൽ ഇതുമാറിക്കൊണ്ടിരിക്കുമ്പോൾ, ഈ പുഴകളെ സംരക്ഷിക്കാൻ വേണ്ടിയുള്ള എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; അതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; എന്തൊക്കെയാണ് അതുമായി ബന്ധപ്പെട്ട് അങ്ങേയ്ക്ക് സൂചിപ്പിക്കാനുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, പരിസ്ഥിതി പ്രശ്നം സംബന്ധിച്ച് പരിശോധിക്കുമ്പോൾ ഏറ്റവും ഗൗരവമായി കാണേണ്ട കാര്യം കേരളം ഒരു വിപുലമായ സെപ്റ്റിക് ടാങ്കായി മാറുന്നു എന്നതാണ്. ഇതിനാവശ്യമായ ഒരു നടപടിയും ഫലപ്രദമായി സ്വീകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

ഇത് സംസ്കരിക്കുക എന്നത് വളരെ പ്രധാനമാണ്. അത് കേന്ദ്രീകരിച്ച് സംസ്കരിക്കുന്നതിനുപകരം വികേന്ദ്രീകൃതമായ രീതിയിൽ സംസ്കരിക്കുന്ന അവസ്ഥയുണ്ടാകണം. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പല നദികളിലെയും ജലം മലിനമായിരിക്കുകയാണ്. നമ്മുടെ ആരോഗ്യസ്ഥിതിയെ നമ്മൾ തന്നെ തകർക്കുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ എത്തുന്നത്. ഇതിൽ കൂടുതൽ ഫലപ്രദമായ നടപടികളിലേയ്ക്ക് നീങ്ങേണ്ടതായുണ്ട്. ഹരിത കേരളം പദ്ധതി ഒരു ഭാഗമേ ആകുന്നുള്ളൂ. അതോടൊപ്പം സെപ്റ്റിക് ടാങ്കുകളുടെ സംസ്കരണരീതി കൂടി നല്ല രീതിയിൽ നടപ്പാക്കാൻ നമുക്ക് സാധിക്കേണ്ടതായുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം പാവപ്പെട്ട ആളുകൾക്ക് വീട് വയ്ക്കാനുള്ള പ്രൊവിഷനുണ്ട്. പലപ്പോഴും ആ നിയമപ്രകാരം വീട് വയ്ക്കുമ്പോൾ, വയലിലേയ്ക്ക് വരുന്ന ജലം സ്ഥിരമായി തടയപ്പെടുന്നതിനാൽ പിന്നീട് സമീപത്തുള്ള വയലുകൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; കേരളത്തിൽ വീട് വയ്ക്കുന്നതുമായി ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ വിഭവ ചൂഷണം നടക്കുന്നത്. ഭവന നിർമ്മാണത്തിന് കേരളത്തിന്റെ പരിസ്ഥിതി പരിഗണിച്ചുകൊണ്ടുള്ള ഒരു നയം സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഓരോ അണുകുടുംബത്തിനും സ്വന്തമായി വീടുണ്ടാവുക എന്ന സംസ്കാരത്തിലേയ്ക്കാണ് കേരളം എത്തിച്ചേർന്നിട്ടുള്ളത്. അതിന്റെ ഭാഗമായി പലപ്പോഴും വയലുകളിൽ വീട് വയ്ക്കേണ്ട അവസ്ഥയുണ്ടാകുന്നു. അങ്ങനെ വീട് വയ്ക്കുമ്പോൾ സമീപത്തുള്ള വയലുകൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് പരിശോധിക്കാവുന്നതാണ്. വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്താതെ നികത്തൽ നടപടികൾ സ്വീകരിക്കാൻ കഴിയും. സൈഡിലൂടെ വെള്ളം ഒഴുകിപ്പോകുന്നതിനായി തോടുകളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതാണ്. വീട് നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾക്ക് ഇപ്പോൾ ദൗർലഭ്യം നേരിടുന്നുണ്ട്. അക്കാര്യത്തിൽ പുതിയൊരു കാഴ്ചപ്പാട് എങ്ങനെ സ്വീകരിക്കാൻ കഴിയുമെന്നത് പൊതുവായി ചർച്ച ചെയ്യപ്പെടേണ്ട കാര്യമാണ്.

ശ്രീ. കെ. എം. ഷാജി: സർ, ഒരേക്കർ കണ്ടൽവനം ഏകദേശം 100 ഏക്കർ വനഭൂമിയ്ക്ക് തുല്യമായിട്ടുള്ള ജൈവ വൈവിദ്ധ്യങ്ങളാൽ സമൃദ്ധമാണ്. ഇപ്പോൾ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് തന്നെയാണ് കണ്ടൽ വനങ്ങളും പരിരക്ഷിക്കുന്നത്. എന്നാൽ കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ആവശ്യമായ മോണിറ്ററിംഗ് നടത്താൻ പലപ്പോഴും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് സാധിക്കുന്നില്ല. കണ്ടൽ വനങ്ങൾ സംരക്ഷിക്കാൻ ഒരു പ്രത്യേക വിംഗ് രൂപീകരിക്കുമോ ?

ശ്രീ. പിണറായി വിജയൻ: സർ, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് തന്നെയാണ് ഇപ്പോൾ കണ്ടൽവനങ്ങൾ പരിരക്ഷിക്കുന്നത്. കണ്ടൽ വനങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ജാഗ്രത കാണിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് പ്രായോഗിക പ്രശ്നമാണ്. അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്ന് പരിശോധിക്കാവുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, സംസ്ഥാനത്തെ തടാകങ്ങളും കുളങ്ങളും സംരക്ഷിക്കുമെന്ന് ഗവൺമെന്റ് വ്യക്തമാക്കിക്കഴിഞ്ഞു. കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളും അതിലോല പ്രദേശങ്ങളും തമ്മിൽ തരംതിരിച്ചിട്ടുണ്ടോ; ഇവ സംരക്ഷിക്കുന്നതിനുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ? ജലവും പരിസ്ഥിതിയും സംരക്ഷിക്കുന്ന നടപടികളിൽ ഇതുകൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ; അതിലോല പ്രദേശങ്ങളും ലോല പ്രദേശങ്ങളും തരംതിരിച്ചുള്ള റിപ്പോർട്ട് ഗവൺമെന്റിന്റെ കൈവശമുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ഈ പ്രദേശങ്ങൾ സംരക്ഷിക്കപ്പെടണമെന്ന നിലപാടുതന്നെയാണ് പൊതുവേയുള്ളത്. എന്നാൽ സംരക്ഷിക്കുന്നതാര് എന്ന കാര്യത്തിൽ ചില വ്യക്തതകൾ വരേണ്ടതായുണ്ട്. ആ വ്യക്തത വേണമെന്നതാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാട്.

ശ്രീ. വി. ഡി. സതീശൻ: സർ, മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിന്നൊഴിഞ്ഞുനിൽക്കുമ്പോൾ അങ്ങ് സൂചിപ്പിച്ചതുപോലെ സാമൂഹ്യവിരുദ്ധ ശക്തികളും തല്പരകക്ഷികളും ഇത്തരം പ്രക്ഷോഭങ്ങളിൽ നുഴഞ്ഞുകയറുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. കേരളത്തിന്റെ അമൂല്യമായ മിനറൽസ്, കല്ല്, മണ്ണ് തുടങ്ങിയവയുൾപ്പെടെ അനിയന്ത്രിതമായി കൊള്ളയടിക്കപ്പെടുമ്പോൾ കേരളം വലിയ പാരിസ്ഥിതിക ദുരന്തത്തിലേയ്ക്ക് എത്തപ്പെടുകയാണ്. വെള്ളമില്ലാത്ത അവസ്ഥയിലെത്തി. പശ്ചിമഘട്ട മലനിരകളിൽനിന്ന് ഉത്ഭവിക്കുന്ന 41 നദികളെ സംരക്ഷിക്കുന്നതിനുവേണ്ടി സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളുള്ള ഒരു റിവർ ബേസിൻ അതോറിറ്റി രൂപീകരിക്കുക എന്നത് ഗവൺമെന്റിന്റെ മുമ്പാകെ വർഷങ്ങളായുള്ള കാര്യമാണ്. നദികളെയും ജലത്തെയും സംരക്ഷിക്കാൻ കഴിയുന്ന സ്റ്റാറ്റ്യൂട്ടറി അധികാരങ്ങളുള്ള റിവർ ബേസിൻ അതോറിറ്റി രൂപീകരിക്കുന്ന കാര്യത്തിൽ അങ്ങ് കൂടുതൽ താല്പര്യമെടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നദികൾ സംരക്ഷിക്കുക എന്നത് തന്നെയാണ് പൊതുവേ സർക്കാരിന്റെ നിലപാട്. അതിനുതകുന്ന നടപടികൾ ഇപ്പോൾത്തന്നെ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ട്. അതിന്റെ ഭാഗമായി

മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനാണ് ഇപ്പോൾ മുൻഗണന കൊടുക്കേണ്ടത്. അതോടൊപ്പം സംരക്ഷണ നടപടികളും സ്വീകരിക്കും. ആ ഘട്ടത്തിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യവും പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, റോഡ് നിർമ്മാണത്തിന് അടിസ്ഥാനപരമായി ഉപയോഗിക്കുന്നത് കരിങ്കല്ലാണ്. 1000 കിലോമീറ്റർ റോഡ് നിർമ്മിക്കാൻ ഒരു മലയെങ്കിലും ഇടിക്കേണ്ടിവരുന്നു. റോഡില്ലാതെ ഒരു പരിഷ്കൃത സമൂഹത്തിന് മുന്നോട്ടുപോകാൻ സാധിക്കില്ല. സഞ്ചാരയോഗ്യമായ നല്ല റോഡുകൾ ആവശ്യമാണ്. റോഡ് നിർമ്മാണത്തിന് അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന കരിങ്കല്ലിന് പകരമുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ചില്ലെങ്കിൽ 10 വർഷത്തിനുള്ളിൽ കേരളത്തിൽ ഗുരുതരമായ പരിസ്ഥിതി നാശമുണ്ടാകും. അതുകൊണ്ട് റോഡ് നിർമ്മാണത്തിന് കരിങ്കല്ലിന് പകരമായുള്ള സംവിധാനത്തെക്കുറിച്ച് ശാസ്ത്രീയമായൊരു പരിശോധന നടത്താൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സാഹചര്യങ്ങളും ആവശ്യകതയുമാണ് പുതിയ കണ്ടുപിടിത്തങ്ങൾക്ക് വഴിവയ്ക്കുന്നത്. അത്തരമൊരു പരിശോധനയിലേയ്ക്ക് നാം കടക്കേണ്ടതായുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 'കിഴക്കിന്റെ വെനീസ്' എന്നറിയപ്പെടുന്ന കുട്ടനാട് മേഖല ഇപ്പോൾ നാശത്തിന്റെ വക്കിലാണ്. പോള കയറി ജലയാനങ്ങൾക്ക് സഞ്ചരിക്കാൻ കഴിയാത്ത സാഹചര്യമാണ് അവിടെയുള്ളത്. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ 5 നദികൾ വന്നുചേരുന്ന വേമ്പനാട്ട് കായലിൽ പ്ലാസ്റ്റിക്, കുപ്പികൾ തുടങ്ങിയ മാലിന്യങ്ങൾ ഒരുമിച്ചുകൂടി അതൊരു മാലിന്യക്കൂപ്പയായി മാറുകയാണ്. അത് മാറ്റുന്നതിന് മുൻഗണനാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ കഴിയുമോ; പോള നിർമ്മാർജ്ജനം ചെയ്യുന്നതിന് ശാസ്ത്രീയമായ നടപടി സ്വീകരിച്ച് കുട്ടനാടൻ മേഖലയിലെ ജനജീവിതം സുരക്ഷിതമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വേമ്പനാട്ട് കായലിന്റെ ശുദ്ധീകരണത്തിന് ഗൗരവമായിത്തന്നെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതീവ പ്രാധാന്യത്തോടെതന്നെ ആ നടപടികൾ കൈക്കൊള്ളുന്നതാണ്. അതോടൊപ്പം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പോള നിർമ്മാർജ്ജനത്തിനാവശ്യമായ നടപടികളും സ്വീകരിക്കാവുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ കേരളത്തിലെ ഏറ്റവും വലിയ സെപ്റ്റിക് ടാങ്കായി കുട്ടനാട് കായലുകൾ മാറിയിരിക്കുകയാണ്. പമ്പ മുതൽ ഒഴുകിവരുന്ന നദികളിൽ പ്ലാസ്റ്റിക്കും

മറ്റ് മാലിന്യങ്ങളും വന്നടിയുകയാണ്. കർഷകർ ഇരുപ്പൂ കൃഷി ചെയ്യുന്നതിനുവേണ്ടി തണ്ണീർമുക്കം ബണ്ട് അടച്ചിരിക്കുകയാണ്. വർഷങ്ങളായി ഈ ബണ്ട് തുറക്കുന്നില്ല. നെല്ല് സംഭരിക്കാതെ തന്നെ കർഷകന് പണം നൽകിക്കൊണ്ട് രണ്ട് വർഷം ഈ ഷട്ടർ തുറന്നിടാൻ കഴിയുമോയെന്ന് പരിശോധിക്കണം. അതുപോലെ വെനീസ് പോലുള്ള രാജ്യങ്ങളിൽ സെപ്റ്റിക് ടാങ്ക് മാലിന്യം കടലിലേയ്ക്ക് വരുന്നുണ്ടെങ്കിലും അവിടെ ആറ് മണിക്കൂറിലൊരിക്കൽ വേലിയേറ്റവും ആറ് മണിക്കൂറിലൊരിക്കൽ വേലിയിറക്കവും നടക്കുന്നതിനാൽ മാലിന്യം ഫ്ലഷ് ചെയ്ത് പോകുന്നു. ഉപ്പുവെള്ളം കയറുന്നതിനാൽ കുളവാഴ നശിക്കുന്നു. കാശ്മീരിലെ ലേ തടാകത്തിൽ കുളവാഴ വാരുന്നതിന് ഒരു മെഷീനുണ്ട്. ഇതിന്റെയെല്ലാം ഡീറ്റെയിൽസ് എന്റെ കൈവശമുണ്ട്, ഞാൻ നൽകാം. കർഷകർക്ക് സബ്സിഡി പോലെ പണം കൊടുത്തുകൊണ്ട് ഷട്ടർ രണ്ട് വർഷം തുറന്നിട്ടാൽ ആറ് മണിക്കൂർ കൂടുമ്പോൾ ഫ്ലഷിംഗ് നടക്കും. ഇപ്രകാരം കായലിലുള്ള മാലിന്യങ്ങൾ കടലിലേയ്ക്കു പോകുന്ന രീതിയിൽ ഒരു പദ്ധതി ഈ ഗവൺമെന്റ് നടപ്പിലാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വേമ്പനാട്ട് കായലിന്റെ സംരക്ഷണത്തിനായി പറഞ്ഞ പരിഹാര നടപടി, ജനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നമായതുകൊണ്ട് വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്. ഉപ്പുവെള്ളം കയറുന്നത് വെള്ളം ശുദ്ധീകരിക്കാൻ നല്ലൊരു മാർഗ്ഗം തന്നെയാണ്. എന്നാൽ കൃഷിക്കാർ അത് എങ്ങനെ സ്വീകരിക്കുമെന്നുള്ളത് പരിശോധിക്കേണ്ടതായുണ്ട്. ഏതായാലും അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യം തള്ളിക്കളയാൻ കഴിയുന്നതല്ല. എന്നാൽ അവിടെയുള്ള വെള്ളം കുടിവെള്ള ആവശ്യത്തിന് ഉപയോഗിക്കുന്നതാണ്. ഇതെല്ലാം ബന്ധപ്പെട്ടുകിടക്കുന്നതാണ്. എന്താണ് ചെയ്യാൻ സാധിക്കുകയെന്നത് പരിശോധിക്കാം, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് എങ്ങനെ പ്രായോഗികമാക്കാൻ സാധിക്കുമെന്നതും പരിശോധിക്കാം. കുളവാഴ നിർമ്മാർജ്ജനത്തിനുള്ള യന്ത്രത്തെപ്പറ്റിയുള്ള വിവരങ്ങൾ അദ്ദേഹത്തിന്റെ കൈവശമുണ്ടെന്ന് പറഞ്ഞു. അത് കൈമാറുന്നത് നല്ലതാണ്, നമുക്കത് പരിശോധിക്കാം.

ശ്രീ. സി. മമ്മൂട്ടി: സർ, ജീവവായുപോലെ വളരെ പ്രാധാന്യത്തോടെ കാണേണ്ട ഒരു വിഷയമാണ് പരിസ്ഥിതി സംരക്ഷണം. അതിന്റെ ഭാഗമായി മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ തീരുമാനിച്ചപ്പോൾ വീടുകളിലും, മറ്റു പ്രദേശങ്ങളിലും നിന്ന് മാലിന്യങ്ങൾ സംഭരിച്ച് ലോറിയിൽ കയറ്റി നാഷണൽ ഹൈവേയിലൂടേയോ, ഊടുവഴിയിലൂടേയോ വിതറി അരമണിക്കൂർ കൊണ്ട് ഇത് ഒഴിവാക്കും. അതുപോലെ കക്കൂസ് മാലിന്യം വീടുകളിൽനിന്ന് ശേഖരിച്ച് പുഴയിലൊഴുക്കുന്നു. ഇത്തരം മാലിന്യങ്ങൾ റോഡുവക്കുകളിലും പുഴയിലും ഒഴുക്കുന്ന വാഹനങ്ങൾ കണ്ടുപിടിക്കപ്പെടുമ്പോൾ ശക്തമായ നടപടി സ്വീകരിക്കുന്നതിനും

പിഴ ചുമത്തുന്നതിനും നിയമത്തിന്റെ അഭാവത്താൽ സാധിക്കാത്തതിനാൽ, ഇത്തരം മാലിന്യങ്ങൾ വീണ്ടും പബ്ലിക് സ്ഥലങ്ങളിലേയ്ക്ക് ഒഴുകാൻ കാരണമാകുന്നുണ്ട്. ഇത്തരം സംഭവങ്ങളെ കർശനമായി നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ, മാലിന്യം ഒരുസ്ഥലത്തുനിന്നും ശേഖരിച്ച്, വാഹനത്തിൽ കൊണ്ടുപോയി മറ്റൊരു സ്ഥലത്ത് തട്ടുന്ന രീതി കുറ്റകരമാണ്. ഇത് തടയുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഇപ്പോൾ ഇക്കാര്യത്തിൽ ജാഗ്രതയോടെയുള്ള സമീപനം ജനങ്ങളുടെ ഭാഗത്തുനിന്നും ഉയർന്നുവരുന്നതുകൊണ്ട് ഫലപ്രദമായ രീതിയിൽ നമുക്കിത് തടയാൻ കഴിയുന്നുണ്ട്. സെപ്റ്റിക് ടാങ്കുകളിൽ നിന്നും മാലിന്യം നീക്കംചെയ്യുന്നതിന്റെ ഭാഗമായി ഏതെങ്കിലും പുഴകളിൽ തട്ടുന്ന അവസ്ഥ ചില ഘട്ടങ്ങളിലുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ബജറ്റ് നിർദ്ദേശം ബഹുമാന്യനായ അംഗത്തിന്റേയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാവും. ഇത്തരം കാര്യങ്ങളിൽ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ചിറയം ഗോപകുമാർ: സർ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട് നിലവിലെ പ്രകൃതിയ്ക്ക് യാതൊരുവിധ കോട്ടവും സംഭവിക്കാതെ സംരക്ഷിക്കുന്നതിനും കൂടുതൽ പരിപോഷിപ്പിച്ച് വരും തലമുറയ്ക്ക് കൈമാറുന്നതിനുമുള്ള നിയമനിർമ്മാണവും, ബോധവൽക്കരണവും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബോധവത്കരണം. ബോധവത്കരണ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. ഹരിത കേരളം പദ്ധതി ഏറ്റവും വലിയ ബോധവത്കരണ പരിപാടിയാണ്. അതോടൊപ്പം അതിന്റെ പ്രത്യേകമായ ഘട്ടത്തിൽ ആവശ്യമായ നിയമനിർമ്മാണങ്ങളും നടത്താവുന്നതാണ്.

**സേവനാവകാശ നിയമം**

3 (*303) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. പി. കെ. ശശി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി പി. അയിഷാ പോറ്റി :താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം നിലവിൽ വന്നത് എന്ന് മുതലാണ്, കഴിഞ്ഞ സർക്കാർ പ്രസ്തുത നിയമം ഫലപ്രദമായി നടപ്പിലാക്കിയിരുന്നോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സർക്കാർ പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും നിശ്ചിത സമയത്തിനുള്ളിൽ പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനും നിശ്ചിത സമയത്തിനകം സേവനം ലഭ്യമായില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പിഴ ഈടാക്കൽ തുടങ്ങിയ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിനും പൊതു ജനങ്ങളുടെ സേവനാവകാശ പ്രകാരമുള്ള അവകാശ സംരക്ഷണത്തിനുമായി നിലകൊള്ളുന്ന ഈ സർക്കാർ, ജീവനക്കാരിൽ ഒരു വിഭാഗം കാണിക്കുന്ന നിസ്സംഗത തടയുവാനും അത് തിരുത്താൻ തയ്യാറാകാത്തവരുടെ മേൽ ശിക്ഷാ നടപടി സ്വീകരിക്കാനും തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം 2012 നവംബർ 1-ാം തീയതി മുതൽ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത നിയമപ്രകാരം ഓരോ വകുപ്പും, വകുപ്പ് മേധാവിയും, പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവ വിജ്ഞാപനം ചെയ്യുകയും സേവനാവകാശ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

ഈ നിയമം 121 വകുപ്പുകളിൽ നടപ്പാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിനും അഴിമതി കുറയ്ക്കുന്നതിനുമാണ് സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുള്ളത്. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാംതന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.

(ബി) സർക്കാർ ഓഫീസുകളെ ജനസൗഹൃദമായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം, പൗരാവകാശ രേഖ, പൗരന്മാരുമായുള്ള ആശയവിനിമയത്തിനുള്ള അവസരം എന്നിവ പോലുള്ള സവിശേഷതകൾ കൊണ്ടുവരുന്നതിനായി കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. ഇതിന്റെ ഭാഗമായി, നിയമം ഫലപ്രദമായും ജനസൗഹൃദപരമായും നടപ്പിലാക്കുന്നതിനായി വകുപ്പദ്ധ്യക്ഷന്മാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടേയും സംസ്ഥാനതല ശിൽപ്പശാല 15-12-2016-ൽ IMG-യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലാണ്.

(സി) സേവനം കൃത്യസമയത്ത് നൽകുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടാകുന്നപക്ഷം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും പിഴ ഈടാക്കുന്നതിനും അച്ചടക്ക നടപടിക്ക് വിധേയമാക്കുന്നതിനും സേവനാവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം നടപടി ആവശ്യമുള്ള ഘട്ടത്തിൽ ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, ഓരോ ഫയലും ഒരു ജീവിതമാണെന്ന് അങ്ങ് പലതവണ ഓർമ്മിപ്പിച്ചിട്ടുണ്ട്. സേവനാവകാശ നിയമങ്ങൾ, അതിന്റെ നടത്തിപ്പ്, ലംഘനങ്ങൾ തുടങ്ങിയവ വിലയിരുത്തുന്നതിന് വിവരാവകാശ കമ്മീഷൻപോലെ സംസ്ഥാനതലത്തിൽ ഒരു സേവനാവകാശ നിയമന കമ്മീഷണറേറ്റ് രൂപീകരിച്ചാൽ ഫലപ്രദമായി ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയും. അത്തരത്തിൽ ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമുക്ക് സേവനാവകാശ നിയമം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. അതിനായി എന്തെല്ലാം സംവിധാനങ്ങൾ ആവശ്യമുണ്ട് എന്നുള്ളത് ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, സേവനാവകാശ നിയമം സംബന്ധിച്ച് ജനങ്ങൾക്ക് വേണ്ടത്ര അവബോധം ഇല്ലാത്തതുകൊണ്ടും അവകാശം ഉപയോഗപ്പെടുത്തുന്നതിൽ ആളുകൾ പൊതുവേ അജ്ഞരായതുകൊണ്ടും അത് ഉപയോഗിക്കുന്നില്ല. അതിനാൽ അവരുടെ അവകാശം ഉപയോഗിക്കത്തക്കവണ്ണം അവബോധം സൃഷ്ടിക്കുന്നതിന് സർക്കാർ തലത്തിൽ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സേവനാവകാശ നിയമത്തെപ്പറ്റി ബഹുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്നത് വളരെ പ്രധാനമാണ്. പലരും ഈ നിയമം വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല. ഇക്കാര്യത്തിൽ ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. പി. കെ. ശശി: സർ, നാടിന്റെ ജനകീയ താല്പര്യം സംരക്ഷിക്കാനും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളും പദ്ധതികളും ജനങ്ങളിലേയ്ക്കെത്തിക്കാനും കഴിയത്തക്കവിധത്തിലാണ് ഈ സർക്കാർ സേവനാവകാശ നിയമം നടപ്പിലാക്കുന്നത് എന്നതിന് തെളിവാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് രൂപം കൊടുത്തത്. ഇത് വളരെ ഫലപ്രദമാണ്. ജനങ്ങൾക്ക് ഗവൺമെന്റ് കാര്യങ്ങളെപ്പറ്റി അവബോധമുണ്ടാക്കുന്നതിനും പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനും ഇതുമൂലം സാധിക്കും. എന്നാൽ ഗവൺമെന്റിന്റെ കാഴ്ചപ്പാടിന് വിരുദ്ധമായ സമീപനം സ്വീകരിക്കുന്ന ഗവൺമെന്റ് ജീവനക്കാരുണ്ട്. അതുകാരണം

ഒരു ഫയലിന്മേൽ നിരന്തരമായി സമ്മർദ്ദം ചെലുത്താൻ ആളില്ലെങ്കിൽ അത് മാസങ്ങളായി ഉറങ്ങിക്കിടക്കുന്ന അവസ്ഥ ഉണ്ടാകും. ഈ അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുന്നതിന് ഗവൺമെന്റ് ശക്തമായി ഇടപെട്ട് നടപടികൾ സ്വീകരിക്കുമോ; ഇതിന് വിഘാതമായി നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഒരു ഫയലിൽ ഉന്നയിക്കുന്ന പ്രശ്നം പരിഹരിച്ചുകിട്ടുക എന്നത് അതുമായി ബന്ധപ്പെട്ട ആളുടെ അവകാശമാണ്. ഇന്ന് കാലതാമസത്തിലൂടെ ആ അവകാശം നിഷേധിക്കുന്ന നില വന്നു ചേരുന്നുണ്ട്. ഇക്കാര്യത്തിൽ സമയബന്ധിതമായി തീരുമാനങ്ങളെടുക്കണമെന്നതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. സമയബന്ധിതമായി സേവനം നൽകുക എന്നതിലൂടെ ഉദ്ദേശിക്കുന്നത്, ഓരോ ഫയലിലും സമയബന്ധിതമായി തീരുമാനമുണ്ടാവുക എന്നതാണ്. ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കാനും അഴിമതി കുറയ്ക്കുന്നതിനും ലക്ഷ്യം വച്ചുകൊണ്ടാണ് 2012-ൽ സേവനാവകാശ നിയമം രൂപീകരിച്ചത്. ഈ നിയമം 2012-ൽ നിലവിൽ വന്നെങ്കിലും ഫലപ്രദമായി നടപ്പിലാക്കാനുള്ള നടപടികളൊന്നും പിന്നീട് സ്വീകരിച്ചില്ല. നിശ്ചിത സമയത്തിനുള്ളിൽ സേവനം നൽകിയില്ലെങ്കിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും പിഴ ഈടാക്കാനും അച്ചടക്ക നടപടിയ്ക്ക് വിധേയനാക്കാനും നിയമപരമായി വകുപ്പുണ്ട്. എന്നാൽ ഇന്നുവരെ ഒരുദ്യോഗസ്ഥന് നേരെയും ഇത്തരത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇത്തരത്തിൽ നിയമങ്ങൾ നടപ്പിലാക്കുന്നതിൽ കാലതാമസം വരുത്തുന്നത് കർശനമായി തടയാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ; ജനോപകാരപ്രദമായ ഇത്തരം നടപടികളെ തകർക്കുന്നതിനുള്ള ബ്യൂറോക്രസിയുടെ, ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, നിയമം പാസ്സാക്കിയെങ്കിലും നിയമത്തെക്കുറിച്ച് പൊതുവായ ഒരു അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞിരുന്നില്ലെന്നുള്ളത് വസ്തുതയാണ്. നിയമത്തിന്റെ ഭാഗമായി നടപ്പിലാക്കേണ്ട നടപടികൾ ഫലപ്രദമായി ചെയ്യാൻ കഴിഞ്ഞിട്ടില്ല. സേവനം കൃത്യസമയത്ത് നൽകാതിരുന്നാൽ അതിനുത്തരവാദിയായ ഉദ്യോഗസ്ഥനെ നടപടിക്ക് വിധേയനാക്കുന്ന തരത്തിലുള്ള കാര്യങ്ങളിലേയ്ക്ക് ഫലപ്രദമായി നീങ്ങുന്ന നില വന്നിട്ടില്ല. അത് സർക്കാർ ഗൗരവമായിക്കണ്ട് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സേവനാവകാശ നിയമം ജനങ്ങൾക്ക് ഏറ്റവും ഉപയോഗപ്രദമായ കാര്യമാണെങ്കിലും അത് ഫലപ്രദമാകാത്തത് സംബന്ധിച്ചാണ് ഇവിടെ ചർച്ച നടക്കുന്നത്. സർക്കാർ സംവിധാനത്തിൽ ഇപ്പോഴും കാലഹരണപ്പെട്ട കുറച്ച് ചട്ടങ്ങളും കോഡുകളും ഉള്ളത് കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. സെക്രട്ടേറിയറ്റിൽ ഒരു ഫയൽ എസ്.ഒ. കണ്ട് പതിനഞ്ചോളം ടേബിളുകൾ കടന്ന് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അടുത്തെത്തി ഓർഡറായി വരണമെങ്കിൽ മാസങ്ങളെടുക്കുന്നുണ്ട്. ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കാനും നിയമം പാലിച്ചില്ലെങ്കിൽ നടപടി ഉണ്ടാകുമെന്ന തോന്നൽ ഉദ്യോഗസ്ഥരിൽ ജനിപ്പിക്കുന്നതിനുമുള്ള ഒരു ഇടപെടൽ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യയായ അംഗം ചൂണ്ടിക്കാണിച്ചത് വസ്തുതാപരമായ കാര്യമാണ്. അതുമായി ബന്ധപ്പെട്ട് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2012 നവംബർ മാസം 1-ാം തീയതിയാണ് കേരള സംസ്ഥാന സേവനാവകാശ നിയമം നിലവിൽ വന്നത്. "ഈ നിയമം നിലവിൽ വന്നതിനുശേഷം എത്ര ഉദ്യോഗസ്ഥന്മാർ നടപടിക്ക് വിധേയരായിട്ടുണ്ട്" എന്ന 2016 ഒക്ടോബർ മാസത്തെ എന്റെ ചോദ്യത്തിന് ലഭിച്ച ഉത്തരം "ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചതായി റിപ്പോർട്ട് ലഭ്യമായിട്ടില്ല" എന്നാണ്. ഈ നിയമം നിലവിൽ വന്നതിനുശേഷം ഒരുദ്യോഗസ്ഥനെതിരെയും നടപടി സ്വീകരിച്ചിട്ടില്ലെന്ന് പറയുമ്പോൾ നിയമത്തിന്റെ മഹത്വമാണോ വ്യക്തമാക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമോ; "സെക്രട്ടേറിയറ്റിൽ സേവനാവകാശ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് എത്ര ഫയലുകൾ തീർപ്പാക്കാതെ കെട്ടിക്കിടന്നിരുന്നു" എന്ന എന്റെ ചോദ്യത്തിന് ലഭിച്ച ഉത്തരം "സേവനാകാശ നിയമം 2012 നവംബർ 1-നാണ് നിലവിൽ വന്നത്, 2012 ഒക്ടോബർ മാസത്തെ കണക്കുപ്രകാരം തീർപ്പാക്കാത്ത ഫയലുകളുടെ എണ്ണം 108651 ആണ് എന്നാണ്. ഇത് വ്യക്തമാക്കുന്നത് സേവനാവകാശ നിയമത്തിന് മൂർച്ച പോരെന്നാണ്. ഇതിലും ഫലപ്രദമായ നടപടികൾ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം സേവനാകാശ നിയമത്തിന്റെ മൂർച്ചക്കുറവല്ല. സേവനാകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിൽ വന്നിട്ടുള്ള പ്രയാസങ്ങളാണ്. അക്കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കുകയും അതോടൊപ്പം ജനങ്ങളിലാകെ നിയമത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കുകയുമാണ് ഇതിനുള്ള പരിഹാരം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള വിവിധ ഓഫീസുകളിൽനിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട ന്യായമായ അവകാശങ്ങളെയും ആവശ്യങ്ങളെയും സംബന്ധിച്ചാണ് സേവനാവകാശ നിയമത്തിൽ പറയുന്നത്. ഇത് പലപ്പോഴും ജനങ്ങൾക്ക് ലഭ്യമാകാത്തതുകാരണം ഇടനിലക്കാരായ ചില ആളുകൾ സർക്കാർ ഓഫീസുകളുടെ ഇടനാഴികളിൽ ഉണ്ടെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഓഫീസുകളിൽ കാര്യങ്ങൾ തീരുമാനിക്കുന്നതിന് ദല്ലാളന്മാരുടെ ആവശ്യമില്ല. ഫയൽ നോക്കി തീരുമാനമെടുക്കുകയാണ് വേണ്ടത്. ചില ആളുകൾ കാലാകാലങ്ങളായുള്ള ശീലത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങാറുണ്ടെന്നുള്ളത് വസ്തുത തന്നെയാണ്. സെക്രട്ടേറിയറ്റിൽ അത്തരത്തിൽ സ്ഥിരമായി വരുന്നവരെ പ്രോത്സാഹിപ്പിക്കരുതെന്ന് നേരത്തേ നിർദ്ദേശം നൽകിയിട്ടുണ്ട്. അനാവശ്യമായി സെക്രട്ടേറിയറ്റിൽ ആരും കറങ്ങി നടക്കാൻ പാടില്ലെന്ന നിലപാടും സ്വീകരിച്ചിട്ടുണ്ട്.

**സിവിൽ സപ്ലൈസ് മുഖേന വിൽക്കുന്ന സാധനങ്ങളുടെ വിലസ്ഥിരത**

4 (*304) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി.ഡി. സതീശൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഐ.സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന വിൽക്കുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ വിലസ്ഥിരത ഉറപ്പാക്കുമെന്ന ഈ സർക്കാരിന്റെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ അവശ്യസാധനങ്ങളുടെ വില ഉയർന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിലസ്ഥിരത ഉറപ്പാക്കിയിരുന്ന ഈ അവശ്യസാധനങ്ങളുടെ വില ഉയരാനിടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(സി) ഈ വിലവർദ്ധനവിന് ഏതെങ്കിലും ഉദ്യോഗസ്ഥർ കാരണക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ & ബി) ഉണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം വിലസ്ഥിരത ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ച 13 ഇന നിത്യോപയോഗ സാധനങ്ങളുടെ സബ്സിഡി വില വർദ്ധിപ്പിച്ചിട്ടില്ല. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ

സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ അരി ഉൾപ്പെടെ ചില നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ പയറുവർഗ്ഗങ്ങൾക്ക് വില കുറഞ്ഞിട്ടുമുണ്ട്.

(സി) ഇല്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, സപ്ലൈകോ വഴി ഒരാഴ്ചയിൽ 25 രൂപയ്ക്ക് 10 കിലോഗ്രാം അരി കൊടുക്കുമെന്ന് ഈ ഗവൺമെന്റ് വന്നപ്പോൾ പ്രഖ്യാപിച്ചതാണ്. ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ അത് ലഭ്യമാക്കുന്നുണ്ടെന്ന് പറയുന്നു. എന്നാൽ 5 കിലോഗ്രാം അരിയാണ് ഇപ്പോൾ കൊടുക്കുന്നത്. സപ്ലൈകോ വഴി വിതരണം ചെയ്യാൻ പല സാധനങ്ങളും ലഭ്യമല്ല. വില കുറച്ച് കൊടുക്കുന്നുവെന്ന് പറഞ്ഞ പ്രഖ്യാപനത്തിൽ ഉറച്ചുനിൽക്കുമ്പോൾ വെളിച്ചെണ്ണ ഉൾപ്പെടെയുള്ള സാധനങ്ങൾ ലഭ്യമല്ല. അതിനുവേണ്ട ശക്തമായ നടപടി ഗവൺമെന്റിന്റെയും മന്ത്രിയുടെയും ഭാഗത്തുനിന്നുമുണ്ടാവുകയും വ്യക്തമായ നിർദ്ദേശം കൊടുക്കുകയും വേണം. ഇക്കാര്യത്തിൽ എന്ത് നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

ശ്രീ. പി. തിലോത്തമൻ: സർ, സപ്ലൈകോയിൽ ഏതെങ്കിലും ഉല്പന്നം ഇല്ലാത്ത സ്ഥിതി ഇപ്പോഴില്ല. ഉല്പന്നങ്ങളെല്ലാം ഉണ്ടെന്നാണ് എല്ലാ സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട്. 5 കിലോ സബ്സിഡി അരി കൊടുക്കുന്നതിന് പുറമേ എഫ്.സി.ഐ.-യിൽ നിന്ന് ലഭ്യമായ 5 കിലോഗ്രാം പുഴക്കലരിയും ഇപ്പോൾ കൊടുത്തുതുടങ്ങിയിട്ടുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, സിവിൽ സപ്ലൈസ് വകുപ്പിന് സംഭരണശാലകൾ അപര്യാപ്തമാണെന്ന് അടുത്തകാലത്ത് മന്ത്രിതന്നെ പ്രഖ്യാപിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലമായ വലിയതുറയിലുള്ള സംഭരണശാല പുനർനിർമ്മിക്കുന്നതിനായി 3.33 കോടി രൂപ കഴിഞ്ഞ സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ ഒന്നര വർഷമായി അതിന്റെ നടപടിക്രമങ്ങളൊന്നും മുന്നോട്ടുപോകുന്നില്ല. സംഭരണശാലകൾ ഇല്ലാതിരിക്കുന്ന പശ്ചാത്തലത്തിൽ അടിയന്തരമായി ഗോഡൗൺ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം; അതോടൊപ്പം ജില്ലയിലെ മുഴുവൻ സംഭരണവും വിതരണവും നടത്തുന്നതിന് സിവിൽ സപ്ലൈസിന്റെ ഉടമസ്ഥതയിലുള്ള ഗോഡൗൺ ഉപയുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, വലിയതുറയിൽ സപ്ലൈകോയ്ക്ക് വിസ്താരമുള്ള സ്ഥലവും ഗോഡൗണുമുണ്ട്. എന്നാൽ ആ ഗോഡൗണിന് കേടുപാടുകൾ

സംഭവിച്ചുകൊണ്ടിരിക്കുന്നതിനാൽ അവിടെ പുതിയ ഒരെണ്ണം നിർമ്മിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. എത്രയുംവേഗം പുതിയ ഗോഡൗൺ നിർമ്മാണം ആരംഭിക്കും. പഴയ കെട്ടിടത്തിന്റെ കേടുപാടുകൾ തീർക്കാനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.......ഓർഡർ........

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പോലീസിന് കേസ് സംബന്ധമായ മാർഗ്ഗനിർദ്ദേശം നൽകൽ

5 (*305) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ വിഷയങ്ങളിൽ ഇടപെടരുതെന്ന് ഏത് ഉത്തരവ് പ്രകാരമാണ് പോലീസിന് നിർദ്ദേശം നൽകിയതെന്നും പ്രസ്തുത ഉത്തരവ് എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) ഒരു കുറ്റകൃത്യം സിവിലാണോ ക്രിമിനലാണോ എന്ന് തീരുമാനിക്കുന്നതിന്റെ മാനദണ്ഡം എന്താണ്; റവന്യൂ രേഖകളിൽ കൃത്യമായുള്ള പൊതുവഴി ഗുണ്ടകളെ ഉപയോഗിച്ച് ഗേറ്റിട്ട് അടയ്ക്കുന്നതും വശങ്ങളിലെ മതിൽ ഇടിച്ചു കളഞ്ഞ് സ്വന്തം വസ്തുവിനോട് കൂട്ടിച്ചേർക്കുന്നതും കുടിവെള്ളം, വൈദ്യുതി എന്നിവയുടെ ഉപയോഗത്തിന് തടസ്സം ഉണ്ടാക്കുന്നതും വഴി ഉപയോഗിക്കുന്നവരുടെ വീടിന്റെ ഗേറ്റ് വെളിയിൽ നിന്ന് പൂട്ടി ഇരുമ്പ് ഷീറ്റിട്ട് അടയ്ക്കുന്നതും കോളിംഗ് ബെൽ കേടുവരുത്തുന്നതും സിവിൽ മാറ്ററിൽ വരുന്ന കേസ്സിൽ ഉൾപ്പെടുന്നതാണോ; വ്യക്തമാക്കുമോ;

(സി) മേൽ പറഞ്ഞവ, സിവിൽ മാറ്ററാണെന്ന് പൂജപ്പുര പോലീസ് സബ് ഇൻസ്പെക്ടർ 9-6-2015-ൽ ബഹു. ഹൈക്കോടതിയിൽ W.P.(C) 16171/2015-ൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്റ്റേറ്റ്മെന്റ് സ്വീകരിക്കാതെ, വിശദമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ 17-7-2015-ൽ ഹൈക്കോടതി ഉത്തരവിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഇ) ഒരു കുറ്റകൃത്യം സിവിലാണോ ക്രിമിനലാണോ എന്ന് സ്വന്തം താൽപ്പര്യവും സൗകര്യവും സ്വാധീനവും അനുസരിച്ച് പോലീസ് ഉദ്യോഗസ്ഥർ തീരുമാനിക്കുന്നതൊഴിവാക്കാൻ ഇക്കാര്യത്തിൽ കൃത്യമായ മാർഗ്ഗ നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 23-9-1983-ലെ OP No. 2032/83 എന്ന കേസ്സിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, സിവിൽ കോടതികളുടെ ഉത്തരവുകൾ ഗൗനിക്കാതെ പോലീസ് പ്രവർത്തിക്കുന്നതിനെതിരെ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പുറപ്പെടുവിച്ച വിധിന്യായം അനുവർത്തിച്ചുകൊണ്ട് 17-7-1990-ലെ സർക്കുലർ നമ്പർ 33/90, 21-4-1993-ലെ സർക്കുലർ നമ്പർ 14/1993, 10-3-2012-ലെ സർക്കുലർ നമ്പർ 4/12, 10-8-2016-ലെ സർക്കുലർ നമ്പർ 14/16 എന്നിവ പ്രകാരം സിവിൽ തർക്കങ്ങളിൽ സിവിൽ കോടതികളുടെ ഉത്തരവുകൾ ശ്രദ്ധിക്കാതെയുള്ള പോലീസിന്റെ ഇടപെടൽ ഒഴിവാക്കേണ്ടതാണെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിക്കുകയുണ്ടായി.

(ബി) വ്യക്തികളുടെ അവകാശങ്ങൾ സിവിൽ നിയമം അനുസരിച്ച് തീർപ്പുകൽപ്പിക്കേണ്ടതും, നഷ്ടപ്പെട്ട അവകാശം പുനഃസ്ഥാപിച്ചോ നഷ്ടപരിഹാരം നൽകിയോ നിയമപരിഹാരം നൽകാവുന്നതുമായ കുറ്റകൃത്യങ്ങളെ സിവിൽ കുറ്റകൃത്യങ്ങൾ എന്ന് വിശേഷിപ്പിക്കാവുന്നതാണ്. രാജ്യത്തിനെതിരെ ഒരു വ്യക്തിയോ വ്യക്തികളോ ചെയ്യുന്നതും ക്രിമിനൽ നിയമം അനുസരിച്ച് തീർപ്പ് കൽപ്പിക്കേണ്ടതും ശിക്ഷ നൽകിയോ പിഴ ചുമത്തിയോ നിയമ പരിഹാരം നൽകാവുന്നതുമായ കുറ്റകൃത്യങ്ങളെ ക്രിമിനൽ കുറ്റകൃത്യങ്ങളെന്ന് വിശേഷിപ്പിക്കാവുന്നതാണ്.

റവന്യൂ രേഖകളിൽ കൃത്യമായുള്ള പൊതുവഴി ഗുണ്ടകളെ ഉപയോഗിച്ച് ഗേറ്റിട്ട് അടയ്ക്കുന്നതും വശങ്ങളിലെ മതിൽ ഇടിച്ചുകളഞ്ഞ് സ്വന്തം വസ്തുവിനോട് കൂട്ടിച്ചേർക്കുന്നതും കുടിവെള്ളം, വൈദ്യുതി എന്നിവയുടെ ഉപയോഗത്തിന് തടസ്സം ഉണ്ടാക്കുന്നതും വഴി ഉപയോഗിക്കുന്നവരുടെ വീടിന്റെ ഗേറ്റ് വെളിയിൽ നിന്ന് പൂട്ടി ഇരുമ്പ് ഷീറ്റിട്ട് അടയ്ക്കുന്നതും കോളിംഗ് ബെൽ കേടുവരുത്തുന്നതും സിവിൽ ആയും ക്രിമിനലായും നടപടി എടുക്കാവുന്ന വിഷയമാണ്.

ഇതുസംബന്ധിച്ച് അന്തിമ തീരുമാനം ഓരോ കേസ്സിന്റെയും വസ്തുതകളെ അടിസ്ഥാനമാക്കി മാത്രമേ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. WP(c) 16171/2015-ൽ പരാതിക്കാരനും എതിർകക്ഷിയും തമ്മിൽ നടവഴി സംബന്ധിച്ച് നിലനിൽക്കുന്ന തർക്കം സിവിൽ ആണെന്നും തർക്കം പരിഹരിക്കുവാൻ കക്ഷികൾ സിവിൽ കോടതിയെ

സമീപിക്കാമെന്ന് ധാരണ ആയിട്ടുള്ളതാണെന്നും ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി മുമ്പാകെ നാലാം എതിർകക്ഷി റിട്ട് ഹർജി സമർപ്പിച്ചിട്ടുള്ളതാണെന്നും ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ലായെന്നും വ്യക്തമാക്കി പൂജപ്പുര പോലീസ് സബ് ഇൻസ്പെക്ടർ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് സ്വീകരിച്ച് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി മുമ്പ് 17-9-2015-ൽ പ്രസ്തുത റിട്ട് ഹർജി തീർപ്പാക്കിയിട്ടുള്ളതുമാണ്.

(ഇ) ഒരു കുറ്റകൃത്യം സിവിലാണോ ക്രിമിനലാണോയെന്ന് പോലീസുദ്യോഗസ്ഥർ തീരുമാനിക്കുന്നതിന് മാർഗ്ഗനിർദ്ദേശകമായി 2011-ലെ കേരളാ പോലീസ് നിയമത്തിലെ 4(1) വകുപ്പ്, 63(ഡി) വകുപ്പ്, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായങ്ങൾ, സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ എന്നിവ നിലവിലുണ്ട്.

## ആതുരാലയങ്ങളുടെ പ്രവർത്തനം

6 (*306) ശ്രീ. കെ. ദാസൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനമുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നിയമം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്വകാര്യ ലബോറട്ടറികളുടെ ചൂഷണം തടയാനായി പബ്ലിക് ഹെൽത്ത് ലാബുകൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിവിധ തലങ്ങളിലുള്ള സർക്കാർ ആശുപത്രികളിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും ഉൾപ്പെടെയുള്ള ആതുരാലയങ്ങളുടെ പ്രവർത്തനം ക്രമീകരിക്കുന്നതിന് നിലവിൽ സംവിധാനമില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തനനിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&റഗു.) ബിൽ 2017"-ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തെ പ്രധാന ആശുപത്രികളിൽ സൗജന്യനിരക്കിൽ 24 മണിക്കൂറും ലബോറട്ടറി സംവിധാനം ലഭ്യമാണ്. തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത ആശുപത്രികളിലും ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുന്നതാണ്.

**കേസ്സുകൾ കേന്ദ്ര ഏജൻസിയെ ഏൽപ്പിക്കുന്ന സാഹചര്യം**

7 (*307) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനുമായി പോലീസിൽ വെവ്വേറെ വിംഗുകൾ രൂപീകരിക്കുന്നതുകൊണ്ട് ഉണ്ടാകാനിടയുള്ള നേട്ടങ്ങൾ എന്തൊക്കെയാണ്;

(ബി) കേസ് അന്വേഷണത്തിൽ സംസ്ഥാന പോലീസ് മികവുറ്റതാണെന്ന വസ്തുത പരക്കെ അംഗീകരിക്കപ്പെട്ടതിനാൽ അന്തർ സംസ്ഥാന ബന്ധമില്ലാത്ത കേസ്സുകളും തീവ്രവാദ, രാജ്യദ്രോഹ കുറ്റങ്ങൾ ഉൾപ്പെടാത്ത കേസ്സുകളും കേന്ദ്ര ഏജൻസിയെ ഏൽപ്പിക്കേണ്ട സാഹചര്യമുണ്ടോ;

(സി) സി.ബി.ഐ.-യെ കേസ് ഏൽപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ അറിയിക്കാമോ;

(ഡി) തലശ്ശേരി ഫസൽ വധക്കേസിലുൾപ്പെടെ രാഷ്ട്രീയ വിധേയത്വം പ്രകടമാക്കിയിട്ടുള്ള സി.ബി.ഐ.-യെ വിവിധ കേസ്സുകൾ തങ്ങളുടെ ഇഷ്ടപ്രകാരം ഏൽപ്പിക്കുമെന്ന് കേന്ദ്ര ഭരണകക്ഷി നേതാക്കൾ നടത്തുന്ന പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തുറന്ന് കാട്ടാൻ നടപടിയുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പോലീസിൽ ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനുമായി വെവ്വേറെ വിംഗുകൾ രൂപീകരിക്കുന്നതുകൊണ്ട് ക്രമസമാധാന പാലനത്തിൽ ഉൾപ്പെടെ പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കേസന്വേഷണം

ഊർജ്ജിതമാക്കുന്നതിനും കഴിയും. കേസ്സുകളുടെ അന്വേഷണം വളരെ വേഗത്തിൽ പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് കുറ്റവാളികൾക്ക് നിയമം അനുശാസിക്കുന്ന തരത്തിൽ പരമാവധി ശിക്ഷ ഉറപ്പുവരുത്തുന്നതിനും നീതി ലഭിക്കുന്നതിനുമുള്ള അവസരം ഉണ്ടാകുന്നു.

(ബി) ഉണ്ട്. കേസ് അന്വേഷണത്തിൽ സംസ്ഥാന പോലീസ് മികവുറ്റതാണെന്ന വസ്തുത അംഗീകരിക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ചട്ടക്കൂടിൽ അങ്ങേയറ്റം ക്ലേശകരമായ കേസന്വേഷണം പൂർത്തിയാക്കുന്നതിനും നിയമപരിപാലനം ഉറപ്പാക്കുന്നതിനും പോലീസ് പരമാവധി ക്രിയാത്മകമായി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രമാദമായ കേസ്സുകളുടെ അന്വേഷണം ബഹു. കോടതിയുടെ നിർദ്ദേശപ്രകാരമോ പൊതുജന താൽപ്പര്യാർത്ഥമോ സർക്കാർ തീരുമാനപ്രകാരമോ സംസ്ഥാന പോലീസിന്റെ അധികാര പരിധിയ്ക്ക് പുറത്തുള്ള കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടതോ ആയ കേസ്സുകളിലാണ് കേന്ദ്ര അന്വേഷണ ഏജൻസിയെ ഏൽപ്പിക്കേണ്ടുന്ന സാഹചര്യം ഉണ്ടാവുന്നത്. അത്തരം സാഹചര്യങ്ങളിൽ അല്ലാത്ത കേസ്സുകളിൽ കേന്ദ്ര ഏജൻസികളുടെ ഇടപെടൽ ആവശ്യമില്ല.

(സി) സാധാരണയായി അന്താരാഷ്ട്ര-അന്തർ സംസ്ഥാന (International/ Interstate ramification) വ്യാപ്തിയുള്ളതോ രാജ്യ സുരക്ഷയുമായി ബന്ധപ്പെട്ടതോ ആയ കേസ്സുകളാണ് സി.ബി.ഐ.-യ്ക്ക് കൈമാറാറുള്ളത്. ഇപ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ഒരു ക്രൈം കേസ് സി.ബി.ഐ.-യ്ക്ക് കൈമാറുന്നതിന് Delhi Special Police Establishment Act, 1946, 6-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമായതിനാൽ ഓരോ കേസ്സിലും അനുമതി അറിയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നു. സംസ്ഥാന സർക്കാർ സി.ബി.ഐ.-യ്ക്ക് കൈമാറുവാൻ വിജ്ഞാപനം പുറപ്പെടുവിക്കുന്ന കേസ്സുകളിൽ കേന്ദ്ര പേഴ്സണൽ മന്ത്രാലയം സി.ബി.ഐ.-യുമായി കൂടിയാലോചിച്ചശേഷം കേസ് ഏറ്റെടുക്കുന്ന വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുകയും കേസന്വേഷണം ഏറ്റെടുക്കുന്നപക്ഷം വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

ഇതുകൂടാതെ Article 226, CrPC 482 എന്നിവ പ്രകാരം ഹൈക്കോടതികൾ കേസന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കുന്നതിന് നിർദ്ദേശം നൽകാറുമുണ്ട്. ഇപ്രകാരം കോടതി നിർദ്ദേശപ്രകാരം കേസ് സി.ബി.ഐ.-യ്ക്ക് വിടുന്നതിന് സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കാറില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇപ്രകാരമുള്ള വാർത്തകൾ മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ.

## വിദ്യാഭ്യാസ വായ്പാ കുടിശ്ശിക

8 (*308) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പാ കുടിശ്ശിക വരുത്തിയതിനെ തുടർന്ന് കേരളത്തിലെ പാവപ്പെട്ട ആൾക്കാർക്ക് ജപ്തി നടപടി വന്നതിനെതിരെയും ബാങ്കുകാരുടെ പലവിധ പീഡനത്തിനുമെതിരെയും നിയമസഭയിൽ ഉന്നയിച്ച വിഷയത്തിന് കുടിശ്ശികയായവർക്കെതിരെ യാതൊരു നടപടിയും ഉണ്ടാകില്ലെന്ന് ബഹു. മുഖ്യമന്ത്രി 26-9-2016-ന് മറുപടി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ലോൺ എടുത്ത് കഷ്ടപ്പെടുന്നവരെ സഹായിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ ഉത്തരവിറക്കി ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഏതുവർഷം മുതൽ, എത്ര തുക എടുത്തവർക്കാണ് ഇത്തരം സംരക്ഷണം നൽകുന്നതെന്ന് വിശദമാക്കുമോ;

(സി) നിലവിൽ വിദ്യാഭ്യാസ വായ്പാ കുടിശ്ശികയുള്ള, നാളിതുവരെ ജോലി ലഭിയ്ക്കാത്ത എല്ലാവർക്കും ഗുണം ലഭിക്കുന്ന തരത്തിൽ ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ ആവശ്യമായ ഉത്തരവുകൾ നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം നിഷ്ക്രിയ ആസ്തിയായി (NPA) മാറിയ വായ്പാത്തുകയുടെ 60 ശതമാനം നൽകിക്കൊണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാർ സഹായിക്കുന്നതാണ്. ഇതുപോലെതന്നെ മറ്റു വിദ്യഭ്യാസ വായ്പാ തിരിച്ചടവുകൾ കൃത്യമായി മുതലും പലിശയും തിരിച്ചടയ്ക്കുകയാണെങ്കിൽ പലിശയുടെ ഒരു ഭാഗം സർക്കാർ വഹിക്കുന്നതാണ്. ഈ സ്കീം വഴിയുള്ള ആനുകൂല്യത്തിന്റെ പരിധിയിൽപ്പെടുന്നവരെ സംബന്ധിച്ചും മറ്റും സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

(സി) പഠനം കഴിഞ്ഞിറങ്ങുന്നവർക്ക് തൊഴിൽ ലഭിക്കുന്നതുവരെ വായ്പാ തിരിച്ചടവിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്ന് കാട്ടി സർക്കാരിൽ ലഭിക്കുന്ന

നിവേദനങ്ങളിൽ അനുഭാവപൂർവ്വം പരിഗണിച്ച് വായ്പയിന്മേലുള്ള പലിശയും പിഴപ്പലിശയും പരമാവധി കുറവ് ചെയ്ത് കേസ്/റിക്കവറി നടപടികൾ നിർത്തിവച്ച് വായ്പ തിരിച്ചടയ്ക്കുവാൻ സാവകാശം നൽകണമെന്ന് സംസ്ഥാനതല ബാങ്കിംഗ് സമിതിയ്ക്കും ബന്ധപ്പെട്ട ബാങ്കുകൾക്കും നിർദ്ദേശം നൽകാറുണ്ട്.

**പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം**

9 (*309) ശ്രീ. പി. കെ. ബഷീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. ഷംസുദ്ദീൻ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പോലീസുദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളിൽ അതോറിറ്റി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) പോലീസുദ്യോഗസ്ഥർക്കെതിരെ സമർപ്പിച്ച റിപ്പോർട്ടുകളും അവയിന്മേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടില്ല.

(ബി) സംസ്ഥാന പോലീസിലെ പോലീസ് സൂപ്രണ്ട് തസ്തിക മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ച പരാതികൾ സംസ്ഥാന പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയും അതിനുതാഴെയുള്ള ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ ജില്ലാ പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റികളും പരിഗണിച്ചുവരുന്നു. എന്നിരുന്നാലും കുറ്റകൃത്യത്തിന്റെ ഗൗരവം പരിഗണിച്ച് പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികൾ തസ്തിക ഭേദമെന്യേ പരിഗണിക്കാൻ സംസ്ഥാന പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിക്ക് അധികാരമുണ്ട്. പരാതികളിന്മേൽ കാലതാമസം കൂടാതെ പരാതിക്കാരെയും എതിർകക്ഷികളെയും സംഭവവുമായി ബന്ധപ്പെട്ട സാക്ഷികളെയും നോട്ടീസ് കൊടുത്ത് വിളിച്ചുവരുത്തി മൊഴി രേഖപ്പെടുത്തിയും മറ്റ് രേഖാപരമായ തെളിവുകളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ശിപാർശകളാണ് അതോറിറ്റി ചെയ്തുവരുന്നത്.

(സി) 2012 മുതൽ ഫെബ്രുവരി 2017 വരെ ലഭിച്ച പരാതികളിൽ ആകെ 97 കേസ്സുകളിൽ നടപടിക്ക് പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശകളിന്മേൽ ശിക്ഷാനടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടുന്ന കേസ്സുകളിൽ ബന്ധപ്പെട്ട പോലീസുദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികളും മറ്റ് നിയമനടപടികളും ബന്ധപ്പെട്ട അധികാരികൾ സ്വീകരിച്ചുവരുന്നു.

## ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ പുനരധിവാസം

10 (*310) ശ്രീ. ടി. വി. ഇബ്രാഹിം :
ഡോ. എം. കെ. മുനീർ :
ശ്രീ. ടി. എ.അഹമ്മദ് കബീർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ കാര്യത്തിൽ മുൻസർക്കാർ സ്വീകരിച്ച നയം ഈ സർക്കാർ പിൻതുടരുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇവരുടെ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാമെന്ന് വാഗ്ദാനം ഉണ്ടായിരുന്നോ; എങ്കിൽ അത് നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) അവഗണിക്കപ്പെട്ട ഈ വിഭാഗത്തിന്റെ പുനരധിവാസകാര്യത്തിൽ സാമൂഹ്യനീതി ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്. ട്രാൻസ്ജെൻഡർമാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ട്രാൻസ്ജെൻഡർമാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു. ട്രാൻസ്ജെൻഡർമാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി അവർക്കഭികാമ്യമായ മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ലിംഗമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സൗകര്യങ്ങൾ മെഡിക്കൽ കോളേജുകളിലെ പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ ക്രമീകരിച്ചുവരുന്നു. തുടക്കമെന്ന നിലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ലിംഗമാറ്റ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാൻസ്ജെൻഡർ വിഭാഗത്തിന് പെൻഷൻ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ആരോഗ്യസഹായം എന്നിവ നൽകുന്നതിനും അവരുടെ സംഘടനകൾക്കും മേളകൾക്കും ധനസഹായം നൽകുന്നതിനും 10 കോടി രൂപ അധികമായി ഈ വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വയോജന കമ്മീഷൻ**

11 (*311) ശ്രീ. എം. വിൻസെന്റ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ.എസ്.ശബരീനാഥൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ക്ഷേമത്തിനായി വയോജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) വയോജനങ്ങൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും ക്രിയാത്മകമായ പരിഹാരം കാണുന്നതിനും സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയ വയോജന കമ്മീഷൻ അടിയന്തരമായി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പരിശോധിക്കുന്നതാണ്.

(ബി) ഇന്ന് സമൂഹത്തിൽ വയോജനങ്ങൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. മക്കളിൽനിന്ന് നേരിടുന്ന ക്രൂരത, സമൂഹത്തിൽ നിന്ന് നേരിടുന്ന പ്രശ്നങ്ങൾ എന്നിവ നിരവധിയാണ്. ഇവയ്ക്കെല്ലാം ക്രിയാത്മകമായ പരിഹാരം കാണുന്നതിന് സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയ വയോജന കമ്മീഷൻ രൂപീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മെഡിക്കൽ-പാരാ മെഡിക്കൽ തസ്തികകളിലുള്ള ഒഴിവുകൾ**

12 (*312) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ മെഡിക്കൽ-പാരാ മെഡിക്കൽ തസ്തികകളിലുണ്ടായിരുന്ന ഒഴിവുകൾ സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തെ

താളം തെറ്റിച്ചത് പരിഹരിക്കാനായി ഈ സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(ബി) പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചെന്നും അവ നികത്താനായി കൈക്കൊണ്ട നടപടികളും അറിയിക്കുമോ;

(സി) ഗ്രാമീണ മേഖലയിൽ ഉണ്ടായിരുന്ന ഡോക്ടർമാരുടെ ഒഴിവ് നികത്താൻ സാധിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം എത്ര പേരെ പുതുതായി നിയമിച്ചെന്ന് അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ഒഴിവുകൾ നിലവിലില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം താൽക്കാലിക നിയമനം നടത്തുന്നതിനും കൂടുതൽ ജീവനക്കാരെ ആവശ്യമുള്ളപക്ഷം ആശുപത്രി വികസന സമിതി/ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി എന്നിവയിലൂടെ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കുകയും റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയും ചെയ്തു. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെന്ന് സാക്ഷ്യപത്രം വാങ്ങിയശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനവും നടത്തിയിട്ടുണ്ട്.

(ബി)സ.ഉ.(എം.എസ്.)നമ്പർ192/16/ആ.കു.വ. തീയതി 7-10-2016 പ്രകാരം 204 ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ തസ്തികകളും സ.ഉ.(എം.എസ്) നമ്പർ 230/16/ആ.കു.വ. തീയതി 28-12-2016 പ്രകാരം 47 അസിസ്റ്റന്റ് ദന്തൽ സർജൻമാരുടെയും തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം അസിസ്റ്റന്റ് സർജൻ തസ്തികയിലെ 719 നിയമനങ്ങളും ഡെന്റൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ 7 നിയമനങ്ങളും നടത്തിയിട്ടുണ്ട്.

കൂടാതെ ഡെന്റൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ പുതുതായി സൃഷ്ടിക്കപ്പെട്ട 47 തസ്തികകളിന്മേലും നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## നിർഭയ പദ്ധതി

13 (*313) ശ്രീ. എം. സ്വരാജ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ബി. സത്യൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായുള്ള നിർഭയ പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) വർദ്ധിച്ചു വരുന്ന സ്ത്രീ പീഡനങ്ങൾ കുറയ്ക്കുന്നതിനും ഇതുസംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിനും വിദ്യാലയങ്ങളിൽ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതി പ്രകാരം നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതിക്കായി അനുവദിക്കുന്ന തുക കൂടുതൽ ഫലപ്രദമായി വിനിയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഫണ്ടിന്റെ വിനിയോഗ ക്രമം വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ 9 ജില്ലകളിലായി 11 നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. കൊല്ലം ജില്ലയിൽ ഒരു പുതിയ ഷെൽട്ടർ ഹോം ഉടൻ ആരംഭിക്കുന്നതാണ്. ഇവയ്ക്ക് പുറമേ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിലും ഷെൽട്ടർ ഹോമുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഷെൽട്ടർ ഹോമുകളിലൂടെ നൽകിവരുന്നു. ഷെൽട്ടർ ഹോമുകളിലെ താമസക്കാരുടെ കേസ്സുകൾ ചാർജ്ജ് ചെയ്യാനും കോടതിയിൽ എത്രയും വേഗം എത്തിക്കാനും സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്

ജില്ലകളിലായി മൂന്ന് അതിവേഗ കോടതികൾ പ്രവർത്തിച്ചുവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന ലൈംഗിക അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന നിർഭയ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ 1800 425 1400 പ്രവർത്തിപ്പിച്ചുവരുന്നു. അതിക്രമങ്ങൾക്ക് വിധേയരാകുന്ന വനിതകൾ/കുട്ടികൾക്ക് ഒരു കുടക്കീഴിൽ സൗജന്യ വൈദ്യസഹായം, കൗൺസലിംഗ്, പോലീസ് സഹായം, നിയമസഹായം എന്നിവ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിൽ 14 ജില്ലകളിലായി 21 സർക്കാർ ആശുപത്രികളിൽ "വൺസ്റ്റോപ്പ് ക്രൈസിസ് സെല്ലുകൾ" പ്രവർത്തിച്ചുവരുന്നു. നിർഭയ ഷെൽട്ടർ ഹോമുകളിലെ 18 വയസ്സിന് മുകളിൽ പ്രായമുള്ള തെരഞ്ഞെടുത്ത താമസക്കാർക്ക് പുനരധിവാസ പദ്ധതിയുടെ ഭാഗമായി തൊഴിൽ പരിശീലനത്തിലൂടെ സ്വയംപര്യാപ്തരാക്കാൻ ഒരു കേന്ദ്രീകൃത ആഫ്റ്റർകെയർ സെന്റർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. മോഡൽ നിർഭയ ഷെൽട്ടർ ഹോം സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ തിരുവനന്തപുരം, വയനാട്, മലപ്പുറം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്ക്/കുട്ടികൾക്ക് വൈദ്യസഹായം, കൗൺസലിംഗ്, നിയമസഹായം, പോലീസിന്റെ സഹായം, സംരക്ഷണം എന്നിവ നൽകുന്നതിന് വൺസ്റ്റോപ്പ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രതിരോധ പ്രവർത്തനങ്ങളിലൂടെ മാതൃകാപരമായ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്കൂൾതല ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി 'സ്ത്രീ സുരക്ഷയിൽ പുരുഷന്റെ പങ്ക് എന്ന വിഷയത്തിൽ 8-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള ആൺകുട്ടികൾക്ക് 'ഒരുമ' പോസ്റ്റർ രചന മത്സരം നടത്തി. ജില്ലാതല നോഡൽ അദ്ധ്യാപകർ വഴി സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ജെൻഡർ സെൻസിറ്റൈസേഷൻ നടത്തിയിട്ടുണ്ട്. നിർഭയ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജാഗ്രതയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കാൻ വാർഡുതല പഞ്ചായത്തുതല ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 2015-16-ൽ നിർഭയ പദ്ധതിക്ക് 2.66 കോടി രൂപയും 2016-17-ൽ 3.07 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു. 2017-18-ലെ സംസ്ഥാന ബജറ്റിൽ സ്ത്രീ സുരക്ഷയ്ക്കായി താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബോധവത്കരണ പ്രവർത്തനങ്ങൾ-34 കോടി

ഷെൽട്ടർ ഹോംസ്, ഷോർട്ട് സ്റ്റേ ഹോം, വൺ സ്റ്റോപ്പ് സെന്റർ-19.5 കോടി

രണ്ട് എസ്.ഒ.എസ്. മോഡൽ ഷെൽട്ടർ ഹോമുകൾ-3 കോടി

അക്രമത്തിന് വിധേയരാകുന്ന സ്ത്രീകൾക്ക് എത്രയും പെട്ടെന്നുള്ള സംരക്ഷണത്തിനും പുനരധിവാസത്തിനും പ്രത്യേക ഫണ്ട് തുടങ്ങാൻ-5 കോടി

(ഡി) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ച 3.07 കോടി രൂപ താഴെപ്പറയുന്ന പ്രകാരമാണ് വിനിയോഗിച്ചത്.

അതിക്രമങ്ങൾക്ക് വിധേയരായവരുടെ സംരക്ഷണത്തിനുള്ള ഷെൽട്ടർ ഹോമുകളുടെ (11 ഷെൽട്ടർ ഹോമുകളിലായി 300-ൽപ്പരം താമസക്കാർക്ക്) വർക്കിംഗ് ഫണ്ട്, മറ്റ് അധിക ചെലവുകൾ -279.90 ലക്ഷം

നിർഭയ സെല്ലിന്റെ ഭരണപരമായ ചെലവുകൾ - 27.39 ലക്ഷം

**പ്രവാസി ക്ഷേമ ബോർഡ്**

14 (*314) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ചെറുതും ഇടത്തരവുമായ നിക്ഷേപങ്ങൾ സമാഹരിക്കാനായി പ്രവാസി ക്ഷേമ ബോർഡ് രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രവാസികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രവാസികളുടെ നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വം ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) പ്രവാസി കേരളീയർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുമായി പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് നിലവിലുണ്ട്. നിലവിലുള്ള പ്രവാസി

കേരളീയ ക്ഷേമ ബോർഡിൽ പ്രവാസി നിക്ഷേപം സ്വീകരിക്കുന്നതിനുള്ള പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. പ്രവാസികളുടെ നിക്ഷേപ സാധ്യത ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനായി നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ നോർക്ക റൂട്ട്സ് രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

- സാന്ത്വന പദ്ധതി
- നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി (NDPREM)
- 24 മണിക്കൂർ കോൾ സെന്റർ
- സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം
- പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
- ജോബ് പോർട്ടൽ
- നോർക്ക-റൂട്ട്സ് സാറ്റലൈറ്റ് ഓഫീസുകളുടെ സ്ഥാപനം
- പ്രവാസി നിയമസഹായ സെൽ
- എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്
- സ്വപ്ന സാഫല്യം
- നോർക്ക ബിസിനസ് സഹായക കേന്ദ്രം (NBFC)
- വിസ തട്ടിപ്പിനെതിരെയുള്ള ബോധവത്കരണം
- കാരുണ്യം
- ചെയർമാൻ ഫണ്ട് പദ്ധതി
- പ്രാഗത്ഭ്യം തെളിയിച്ച വിദേശ കേരളീയരുടെ ഡാറ്റാ ബേസ് രൂപീകരിക്കൽ
- ജില്ലകളിൽ നോർക്ക-റൂട്ട്സ് സെല്ലുകൾ

പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അംഗത്വമുള്ളവർക്കുവേണ്ടി ബോർഡ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ താഴെപ്പറയുന്നു.

- പെൻഷൻ
- കുടുംബപെൻഷൻ

- അവശതാ പെൻഷൻ
- മരണാനന്തര സഹായം
- ചികിത്സാ സഹായം
- വിവാഹ ധനസഹായം
- പ്രസവാനുകൂല്യം
- വിദ്യാഭ്യാസ ആനുകൂല്യം

(സി) കെ.എസ്.എഫ്.ഇ. മുഖേന നടപ്പാക്കുന്ന എൻ.ആർ.ഐ. ചിട്ടികളിൽ നിക്ഷേപിക്കുന്നവർക്ക് സുരക്ഷ ഉറപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ഡി) നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ താഴെപ്പറയുന്ന പുതിയ പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

1. പ്രവാസി മലയാളികളുടെ ഓൺലൈൻ രജിസ്ട്രേഷനും വിവരശേഖരണവും. (creation of online registration system and a database)

2. തൊഴിൽ അന്വേഷണം നൈപുണ്യവും റിക്രൂട്ട്മെന്റ്, റിക്രൂട്ട്മെന്റിന് മുമ്പും ശേഷവുമുള്ള സേവനങ്ങൾ. (New initiative for market research, skill Pre-Recruitment, Recruitment and Post recruitment services)

3. ലോക കേരള സഭ

4. ഗ്ലോബൽ കേരള കൾച്ചറൽ സമ്മേളനം.

5. വിമാനത്താവളത്തിൽ നിന്നുള്ള എമർജൻസി ആംബുലൻസ് സർവ്വീസ്.

## പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ലബോറട്ടറികളുടെയും നിയന്ത്രണം

15 (*315) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്.ജയലാൽ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി യാതൊരു നിയന്ത്രണവുമില്ലാതെ പാരാമെഡിക്കൽ കോഴ്സുകൾ എന്ന പേരിൽ എക്സ്റേ, ഇ.സി.ജി, ഡയാലിസിസ്, ഫിസിയോതെറാപ്പി ടെക്നീഷ്യൻ കോഴ്സുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ പരിശോധനാ ലാബുകൾക്ക് യാതൊരു നിയന്ത്രണവുമില്ലെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) "അലൈഡ് & ഹെൽത്ത് കെയർ പ്രൊഫഷണൽസ് സെൻട്രൽ കൗൺസിൽ ബിൽ 2015"-ന്റെ കരട് ബിൽ കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത ബിൽ നിയമമാകുമ്പോൾ സ്റ്റേറ്റ് കൗൺസിലുകൾ രൂപീകരിച്ച് പാരാമെഡിക്കൽ കോഴ്സുകളെ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാൻ സാധിക്കും.

(സി) ഉണ്ട്. നിലവിൽ സ്വകാര്യ മേഖലയിലെ ലാബുകളുടെമേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ നിയമമില്ല. സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന ലാബുകളുടെ പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി.&റെഗു.) ബിൽ 2017" -ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ ലാബുകളുടെമേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ.

**ജീവൻരക്ഷാ മരുന്നുകളുടെ ഗുണനിലവാരവും വിലയും**

16 (*316) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻ രക്ഷാ മരുന്നുകളുടെയും ശസ്ത്രക്രിയാ ഉപകരണങ്ങളുടെയും വില നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഉപകരണങ്ങൾക്കും മരുന്നുകൾക്കും വ്യത്യസ്ത വില ഈടാക്കുന്നത് തടയാനായി ഇവയുടെ വില ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ജീവൻ രക്ഷാ മരുന്നുകളുടെയും ശസ്ത്രക്രിയ ഉപകരണങ്ങളുടെയും ഗുണനിലവാരവും വിലയും പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് ഫലപ്രദമായി ഇടപെടാൻ സാധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) സംസ്ഥാന സർക്കാരിന് മരുന്നുകളുടെ വില നിയന്ത്രിക്കുന്നതിന് അധികാരമില്ല. രാജ്യത്ത് നിർമ്മിച്ച് വിൽക്കപ്പെടുന്ന മരുന്നുകളുടെ വില നിയന്ത്രിക്കാൻ അധികാരപ്പെടുത്തിയിരിക്കുന്നത് കേന്ദ്ര കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് വകുപ്പിനുകീഴിലുള്ള ദേശീയ ഔഷധവില നിയന്ത്രണ അതോറിറ്റി (എൻ.പി.പി.എ.)-യെ ആണ്.

(ബി) മരുന്നുകളുടെ വില ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയാണ്. ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നിശ്ചയിച്ചിട്ടുള്ള സീലിംഗ് പ്രൈസിനേക്കാളും കൂടിയ വിലയ്ക്ക് മരുന്നുകൾ വിൽപ്പന/വിതരണം നടത്താൻ പാടില്ല എന്നതാണ് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013 നിഷ്കർഷിക്കുന്നത്. നിലവിലെ വ്യവസ്ഥകൾ അനുസരിച്ച് ഈ വിലയിൽ നിന്നും താഴ്ന്ന വിൽപ്പന നടത്തുന്നതിൽ നിയമപരമായി തെറ്റില്ല.

(സി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് & റൂൾസ്, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ എന്നിവയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണനിലവാരമുള്ള മരുന്നുകളാണ് നിർമ്മിച്ച് വിതരണം/വിൽപ്പന നടത്തുന്നതെന്നും ദേശീയ ഔഷധവില നിയന്ത്രണ അതോറിറ്റി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയ്ക്ക് പൊതുജനങ്ങൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നുണ്ടെന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) ഉണ്ട്. ഗുണനിലവാരമുള്ള മരുന്നുകൾ നിശ്ചിത വിലയിൽ ലഭ്യമാക്കുക എന്നതാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന കർത്തവ്യം. നിരന്തരമായ പരിശോധനകളിലൂടെയും വകുപ്പുതല/നിയമനടപടികളിലൂടെയും പ്രസ്തുത ദൗത്യം വകുപ്പ് ഫലപ്രദമായി നടത്തിവരുന്നുണ്ട്.

**ആയുർവ്വേദ നഴ്സുമാരുടെ ജോലി സമയം**

17 (*317) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിലും ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സമയം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പുകൾക്ക് കീഴിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സമയത്തെ സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ ഐ.എസ്.എം. ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് ഐ.എസ്.എം. ഡയറക്ടർ മനുഷ്യാവകാശ കമ്മീഷന് നല്കിയ മറുപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വകുപ്പുകൾക്ക് കീഴിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സമയം എട്ടുമണിക്കൂറായി ക്രമീകരിക്കുന്നതിനുള്ള തടസ്സം എന്താണ്; ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഭാരതീയ ചികിത്സാ വകുപ്പിലെ നഴ്സുമാരുടെ ജോലി സമയം രാവിലെ 8 മണിമുതൽ വൈകിട്ട് 6 മണിവരെയും നൈറ്റ് ഡ്യൂട്ടി വൈകുന്നേരം 6 മണിമുതൽ അടുത്ത ദിവസം രാവിലെ 8 മണിവരെയുമാണ്.

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നഴ്സുമാരുടെ ജോലി സമയം രാവിലെ 8 മണി മുതൽ വൈകുന്നേരം 5 മണിവരെയും, നൈറ്റ് ഡ്യൂട്ടി വൈകുന്നേരം 5 മണിമുതൽ അടുത്ത ദിവസം രാവിലെ 8 മണിവരെയുമാണ്.

(ബി) ആവശ്യപ്പെട്ടിരുന്നു. ആയുർവ്വേദ നഴ്സുമാരുടെ ജോലിസമയം 8 മണിക്കൂർ ആക്കി നിജപ്പെടുത്തുന്നതുസംബന്ധിച്ച വിഷയത്തിൽ പരിഹാരമുണ്ടാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

(സി) നഴ്സുമാർക്ക് മൂന്ന് ഷിഫ്റ്റ് ഡ്യൂട്ടി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അധിക തസ്തിക സൃഷ്ടിക്കുന്ന ഇനത്തിലും സ്പെഷ്യൽ ഡ്യൂട്ടി അലവൻസ് നൽകുന്ന ഇനത്തിലും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന സാഹചര്യത്തിൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഭാരതീയ

ചികിത്സാ വകുപ്പിലെയും ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും നഴ്സുമാരുടെ ജോലി സമയം മൂന്ന് ഷിഫ്റ്റ് ആക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ലെന്ന വിവരം മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചിട്ടുണ്ട്.

(ഡി) അനുവദിച്ചിട്ടുള്ള തസ്തികകളുടെ അപര്യാപ്തതയാണ് കാരണം. പരിഹരിക്കുന്നതിനുള്ള നടപടി പരിശോധിച്ചുവരുന്നു.

**റേഷൻ കടകൾവഴി മണ്ണെണ്ണ, പഞ്ചസാര വിതരണം**

18 (*318) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏപ്രിൽ മുതൽ റേഷൻ കടകൾ വഴി പഞ്ചസാര വിതരണം ചെയ്യുവാൻ കഴിയുകയില്ലെന്നും വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുനഃസ്ഥാപിക്കില്ലെന്നും കേന്ദ്ര ഭക്ഷ്യമന്ത്രി അറിയിച്ചിട്ടുണ്ടോ; അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കിയിട്ടുണ്ടോ;

(ബി) സബ്സിഡി നിരക്കിൽ പഞ്ചസാര വിതരണം ചെയ്യുന്നതിന് പ്രതിമാസം എത്ര രൂപയുടെ അധിക ബാധ്യതയുണ്ടാകും;

(സി) ഭക്ഷ്യ ഭദ്രതാ നിയമം നിലവിൽ വന്നശേഷം മുൻഗണനാപട്ടികയിൽപ്പെട്ടവർക്ക് പ്രതിമാസം എത്ര അളവിലാണ് പഞ്ചസാര നൽകുന്നത്;

(ഡി) കേന്ദ്രം സബ്സിഡി നിർത്തലാക്കിയാലും സംസ്ഥാന സർക്കാർ സബ്സിഡി നൽകി മുൻഗണനാ പട്ടികയിലുള്ളവർക്ക് പഞ്ചസാര വിതരണം ചെയ്യുന്നതിന് ആലോചിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) അറിയിപ്പ് ലഭ്യമായിട്ടില്ല; എന്നാൽ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണത്തിനനുസൃതമായി മണ്ണെണ്ണ വിഹിതത്തിൽ എല്ലാ സംസ്ഥാനങ്ങൾക്കും കുറവ് വരുത്താറുണ്ട്.

(ബി) 11.28 കോടി രൂപ

(സി) മുൻഗണനാ/എ.എ.വൈ. റേഷൻ കാർഡിൽ ഉൾപ്പെട്ട അംഗത്തിന് പ്രതിമാസം 250 ഗ്രാം വീതം പഞ്ചസാര കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ നൽകിവരുന്നു.

(ഡി) സബ്സിഡി നിർത്തലാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ അറിയിപ്പ് ലഭ്യമാക്കുന്നപക്ഷം സാധ്യത പരിശോധിക്കുന്നതാണ്.

**ദേശീയ വനിത, മനുഷ്യാവകാശ കമ്മീഷനുകൾ**

19 (*319) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വനിതാ കമ്മീഷൻ, ദേശീയ മനുഷ്യാവകാശ കമ്മീഷൻ എന്നിവയുടെ അധികാരവും കർത്തവ്യവും വിശദമാക്കാമോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ രാഷ്ട്രീയ ഉപകരണങ്ങളായി മാറുന്നുവെന്നും അധികാരപരിധിയിൽ വരാത്ത കാര്യങ്ങളിൽ ഇടപെട്ട് സംസ്ഥാന സർക്കാരിനെതിരെ വാർത്ത സൃഷ്ടിക്കുന്നുവെന്നുമുള്ള ആക്ഷേപത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി, അധികാര പരിധിവിട്ട് പ്രവർത്തിക്കുന്നതായി ആക്ഷേപമുള്ള പ്രസ്തുത കമ്മീഷനുകളുടെ നടപടി, കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ദേശീയ വനിതാ കമ്മീഷന്റെ അധികാരവും കർത്തവ്യങ്ങളും

1. ഭരണഘടനയും രാജ്യത്തെ നിയമങ്ങളും അനുശാസിക്കുന്ന രീതിയിൽ വനിതകളുടെ സംരക്ഷണം ഉറപ്പുവരുത്തുക എന്നതാണ് ദേശീയ വനിതാ കമ്മീഷന്റെ മൗലികമായ കർത്തവ്യം. ഇതിനായി ഭരണഘടനാപരമായും നിയമപരമായും വനിതകൾക്കുള്ള സുരക്ഷയെ സംബന്ധിച്ച് പുനഃപരിശോധന നടത്തുക (review the Constitutional and Legal safeguards for women) എന്നതും ചുമതലയിൽപ്പെടുന്നു.

2. വനിതകളുടെ ഉന്നമനവും സുരക്ഷയും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിയമനിർമ്മാണത്തിലൂടെയുള്ള പരിഹാരമാർഗ്ഗങ്ങളുടെ ശിപാർശകൾ.

3. വനിതകളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനുള്ള സാഹചര്യമൊരുക്കൽ.

4. നയപരമായ വിഷയങ്ങൾ തീരുമാനിക്കുമ്പോൾ അതിൽ സ്ത്രീകളെ ബാധിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന് വേണ്ട ഉപദേശങ്ങൾ നൽകുക.

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അധികാരങ്ങളും കർത്തവ്യങ്ങളും

1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്ട് (1994-ലെ കേന്ദ്ര ആക്ട് നമ്പർ10) പ്രകാരമാണ് ദേശീയ മനുഷ്യാവകാശ കമ്മീഷനും സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും രൂപീകൃതമായത്. മനുഷ്യാവകാശ കമ്മീഷന്റെ അധികാരവും കർത്തവ്യങ്ങളും പ്രസ്തുത ആക്ടിലെ മൂന്നാം അദ്ധ്യായത്തിൽ 12 മുതൽ 16 വരെ പ്രതിപാദിക്കുന്നു.

ചുരുക്കത്തിൽ

1. മനുഷ്യാവകാശ ലംഘനം സംബന്ധിച്ച കോടതി നടപടികളിൽ കോടതി അനുമതിയോടെ കക്ഷിചേരുക.

2. ജയിലുകൾ, സംരക്ഷണാലയങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ, ചികിത്സാലയങ്ങൾ മുതലായവ സന്ദർശിച്ച് അവിടങ്ങളിലെ അന്തേവാസികളുടെ അടിസ്ഥാന ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ ശിപാർശകൾ സർക്കാരിന് നൽകുക.

3. ഭരണഘടനാപരവും നിയമപരവുമായ നിലവിലുള്ള മനുഷ്യാവകാശ പരിരക്ഷാ സംവിധാനങ്ങളുടെ നിർവ്വഹണവും ഫലപ്രാപ്തിയും വിലയിരുത്തി യുക്തമായ നിർദ്ദേശങ്ങൾ ലഭ്യമാക്കുക.

4. മനുഷ്യാവകാശ ധ്വംസനങ്ങൾ, അതിക്രമങ്ങൾ, ഭീകര പ്രവർത്തനങ്ങൾ മുതലായവ സംബന്ധിച്ച് നിരീക്ഷണങ്ങൾ നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുക.

5. മനുഷ്യാവകാശത്തെ സംബന്ധിച്ച അന്തർദ്ദേശീയ കരാറുകൾ, പ്രഖ്യാപനങ്ങൾ മുതലായവ വിശകലനം ചെയ്ത് പ്രായോഗിക നടപടികൾ നിർദ്ദേശിക്കുക.

6. മനുഷ്യാവകാശം സംബന്ധിച്ച ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ഏറ്റെടുക്കുകയും ചെയ്യുക.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിയമവും ചട്ടവും ലംഘിച്ച് പ്രവർത്തിച്ചാൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ട്

20 (*320) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ലെ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്ടിലെ വ്യവസ്ഥകൾ വ്യാപകമായി ലംഘിക്കപ്പെടുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ലഭിച്ച പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) മസ്തിഷ്ക മരണം സ്ഥിരീകരിക്കുവാനും അവയവദാനത്തിനും കൃത്യമായ വ്യവസ്ഥകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അവ രൂപീകരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) 4-2-2012 തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ36/2012/ ആ.കു.വ., 1-2-2017 തീയതിയിലെ സ.ഉ.(എം.എസ്.)നമ്പർ16/2017/ആ.കു.വ. എന്നിവ പ്രകാരം മസ്തിഷ്ക മരണം സ്ഥിരീകരിക്കുവാനും അവയവദാനത്തിനും കൃത്യമായ വ്യവസ്ഥകൾ നിലവിലുണ്ട്.

## കേന്ദ്രം അനുവദിക്കുന്ന ഭക്ഷ്യധാന്യം ഏറ്റെടുക്കുന്നതിനുള്ള ഏജൻസി

21 (*321) ശ്രീ. അനിൽ അക്കര :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണത്തിന് കേന്ദ്രം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ഏജൻസിയായി നിലവിൽ ആരെയാണ് നിയോഗിച്ചിട്ടുള്ളത്;

(ബി) ഭക്ഷ്യ ഭദ്രതാ നിയമത്തിൽ നിഷ്കർഷിക്കുന്ന പ്രകാരമാണോ ഏജൻസിയെ നിയോഗിച്ചിട്ടുള്ളത്;

(സി) ഇതിനെതിരെ ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടോ; കേസ്സിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) പൊതുവിതരണത്തിന് കേന്ദ്രം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ഏജൻസിയായി നിലവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനെയാണ് നിയോഗിച്ചിട്ടുള്ളത്.

(ബി) അതെ.

(സി) ട്രാൻസ്പോർട്ടേഷൻ കരാറിനായി സപ്ലൈകോ ടെണ്ടർ ക്ഷണിച്ച നടപടിക്കെതിരെ കേസ് നിലവിലുണ്ട്. നിലവിൽ സർക്കാരിനെതിരെ ഉത്തരവുകളൊന്നും പാസ്സാക്കിയിട്ടില്ല.

## ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ

22 (*322) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് പൊതു വിപണിയിൽ എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായും ഹൈപ്പർ മാർക്കറ്റുകളായും ഉയർത്തുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് കൂടുതൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീ സെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു.

അരിവില നിയന്ത്രിക്കുന്നതിനും അരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില വർദ്ധനവ് തടയുന്നതിനുമായി സംസ്ഥാനത്തൊട്ടാകെ അരിക്കട ഫെയറുകൾ ആരംഭിച്ചിട്ടുണ്ട്. എഫ്.സി.ഐ.-ൽ നിന്നും ഇ-ഓക്ഷൻ മുഖേന പുഴക്കലരി, പച്ചരി എന്നിവ സംഭരിക്കുകയും വിൽപ്പനശാലകൾ വഴി സബ്സിഡി നിരക്കിൽ യഥാക്രമം 25 , 23 രൂപ ക്രമത്തിൽ വിതരണം ചെയ്യുകയും ചെയ്തുവരുന്നു. ആന്ധ്രാ ഇനത്തിലുള്ള ലളിത കുടുംബശ്രീ ബ്രാന്റഡ് അരി കിലോഗ്രാമിന് 41.87 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ഓയിൽ പാം ഇൻഡ്യയുമായി സഹകരിച്ച് കുട്ടനാടൻ മട്ട അരി കിലോഗ്രാമിന് 33 രൂപയ്ക്കും വിപണനം നടത്തുന്നുണ്ട്.

ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 22 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. മാവേലി സ്റ്റോർ ഇല്ലാത്ത 32 പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്. പ്രതിമാസം ഏകദേശം 10 ലക്ഷത്തിനുമേൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ കുറഞ്ഞത് 1000 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റി സൂപ്പർ മാർക്കറ്റുകളായി ഉയർത്തിയും പ്രതിമാസം 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും 2,500 ച.അടിയിൽ അധികം വിസ്തൃതിയുള്ളതും മതിയായ വാഹന പാർക്കിംഗ് സൗകര്യമുള്ളതും പ്രധാനപ്പെട്ട നഗരങ്ങളിൽ പ്രവർത്തിച്ചുവരുന്നതുമായ സൂപ്പർ മാർക്കറ്റുകളെ പീപ്പിൾസ് ബസാറുകളാക്കി ഉയർത്തിയും പ്രവർത്തിച്ചുവരുന്നുണ്ട്. സപ്ലൈകോയ്ക്ക് സ്വന്തമായി ഭൂമിയുള്ള സ്ഥലങ്ങളിലാണ് ഇപ്പോൾ ഹൈപ്പർ മാർക്കറ്റ് പ്രവർത്തിച്ചുവരുന്നത്.

(സി) ഉണ്ട്. മെഡിക്കൽ സ്റ്റോറുകൾക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടം കണ്ടെത്തി മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## വില നിയന്ത്രണ അതോറിറ്റി

23 (*323) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില നിയന്ത്രണ അതോറിറ്റി പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിലവിലുള്ള അതോറിറ്റിയുടെ ഘടന പുനഃസംഘടിപ്പിക്കുകയാണെങ്കിൽ മാറ്റങ്ങൾ വ്യക്തമാക്കുമോ;

(സി) വില നിയന്ത്രണ അതോറിറ്റിയുടെ പ്രധാന ചുമതലകൾ എന്തൊക്കെയാണ്;

(ഡി) ചുമതലകൾ യഥാസമയം നിർവ്വഹിക്കുന്നതിൽ അതോറിറ്റിക്ക് വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോ; എങ്കിൽ അത് സംസ്ഥാനത്ത് വിലക്കയറ്റത്തിന് കാരണമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ-ഡി) സംസ്ഥാനത്ത് വില നിയന്ത്രണ അതോറിറ്റി രൂപീകരിച്ചിട്ടില്ല. എന്നാൽ മുൻകാലങ്ങളിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ ഒരു 'പ്രൈസ് മോണിറ്ററിംഗ് സെൽ' പ്രവർത്തിച്ചിരുന്നു. സംസ്ഥാനത്ത് അവശ്യ സാധനങ്ങൾക്ക് അടിക്കടിയുണ്ടാകുന്ന വിലക്കയറ്റം കണക്കിലെടുത്ത് കൃഷി വകുപ്പ്, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, സപ്ലൈകോ, ഹോർട്ടികോർപ്പ്, സ്റ്റേറ്റ് ഐ.റ്റി. മിഷൻ, ഐ.ഐ.ഐ.റ്റി.എം.കെ. എന്നിവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ ഒരു 'പ്രൈസ് മോണിറ്ററിംഗ് സെൽ' രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലിന്റെ രൂപീകരണം, ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ച ശിപാർശകൾ അടിയന്തരമായി സർക്കാരിൽ സമർപ്പിക്കുവാൻ സിവിൽ സപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പോലീസ് ജനസൗഹൃദമാക്കാൻ നടപടി**

24 (*324) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി പ്രഖ്യാപിക്കുന്നതിലൂടെ പോലീസിന്റെ പ്രവർത്തനങ്ങളിൽ എന്ത് മാറ്റമാണ് ലക്ഷ്യമിടുന്നത്;

(ബി) പോലീസ് ജനസൗഹൃദമാക്കാൻ പരിശീലന രീതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകളിൽ പ്രതിയായിട്ടുള്ളവരെയും ക്രിമിനൽ സ്വഭാവം വച്ചുപുലർത്തുന്നവരെയും നിയന്ത്രിക്കാനായി എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേരള പോലീസ് ആക്ടിലെ സെക്ഷൻ 64 പ്രകാരം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും പോലീസും പൊതുജനങ്ങളും തമ്മിൽ മെച്ചപ്പെട്ട

ബന്ധം സൃഷ്ടിക്കുന്നതിനുവേണ്ടി നിയമപരമായി രൂപീകരിക്കപ്പെട്ടതാണ് ജനമൈത്രി പോലീസ് സംവിധാനം. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സുരക്ഷയും സംരക്ഷണവും ലഭിക്കാൻ ഇത് സഹായകരമാകുന്നു.

(ബി) തുടർച്ചയായ പരിശീലനമുൾപ്പെടെ വിവിധതരത്തിലുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാന ജില്ലാതലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) പോലീസ് സേനയിൽ ക്രിമിനൽ കേസ്സുകളിൽ പ്രതിയായിട്ടുള്ളവരെയും ക്രിമിനൽ സ്വഭാവം വച്ചുപുലർത്തുന്നവരെയും നിയന്ത്രിക്കാനായി അവർക്കെതിരെയുള്ള കേസ്സുകളുടെ സ്വഭാവമനുസരിച്ച് നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു.

## ഫാർമസിസ്റ്റുകളുടെ സേവനം ഉറപ്പാക്കൽ

25 (*325) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്ന് വിപണനം രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾ വഴി മാത്രമേ ചെയ്യുവാൻ പാടുള്ളൂ എന്ന നിയമവും കോടതിവിധിയും ലംഘിച്ചുകൊണ്ട് സർക്കാർ മേഖലയിൽപോലും ഫാർമസിസ്റ്റുകളല്ലാത്തവർ മരുന്ന് വില്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ സേവനം ഉറപ്പാക്കണമെന്ന് സംസ്ഥാന ഫാർമസി കൗൺസിൽ സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ;

(സി) ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റുകളുടെ നിയമനം നടത്തുന്നത് 1961- ലെ സ്റ്റാഫ് പാറ്റേൺ പ്രകാരമാണോ;

(ഡി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കുന്നതിനും ആവശ്യമായ ഫാർമസിസ്റ്റുകളുടെ തസ്തിക ആശുപത്രികളിൽ സൃഷ്ടിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ഫാർമസിസ്റ്റുകളുടെ തസ്തികയും പ്രവൃത്തി സമയവും ഉറപ്പുവരുത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ മരുന്ന് വ്യാപാര സ്ഥാപനങ്ങളിലും സ്വകാര്യ ആശുപത്രികളിലും സർക്കാർ ആശുപത്രികളിലും രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം ഉറപ്പ് വരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. സർക്കുലർ നമ്പർ 251991/എഫ്1/2015/ആ.കു.വ., തിരുവനന്തപുരം തീയതി 20-10-2015 പ്രകാരം ആശുപത്രികളിൽ ഫാർമസിസ്റ്റുകളുടെ സേവനം ഉറപ്പാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) അതെ.

(ഡി) ആർദ്രം പദ്ധതി പ്രകാരം ഫാർമസിസ്റ്റുകളുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ലഭ്യമായ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**ആയുർവേദ മേഖലയുടെ വികസനം**

26 (*326) ശ്രീ. കെ. ബാബു :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് ആയുർവേദ ഔഷധ രംഗത്തെ ഗവേഷണത്തിനായി നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണുള്ളത്;

(സി) ആയുർവേദ മരുന്നുകളുടെ പേരിൽ മാധ്യമങ്ങളിലൂടെയുള്ള പരസ്യം വഴിയും അല്ലാതെയും വ്യാജ ഉല്പന്നങ്ങൾ വിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ ഗുണനിലവാര പരിശോധനയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ആയുർവേദ മേഖലയുടെ സമഗ്ര വികസനത്തിനായി ഭാരതീയ ചികിത്സാവകുപ്പിലും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഭാരതീയ ചികിത്സാ വകുപ്പ് : സംസ്ഥാനത്ത് ആയുർവേദ ഡിസ്പെൻസറികൾ നിലവിലില്ലാത്ത നാല് പഞ്ചായത്തുകളിൽ കൂടി ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനും ജില്ലാ ആയുർവേദ ആശുപത്രികളെ ശക്തിപ്പെടുത്തുന്നതിനും പ്രഥമ പരിഗണന നൽകി പരിശോധിച്ചുവരുന്നു.

വകുപ്പിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധം* ആയി ചുവടെ ചേർക്കുന്നു.

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്: ആയുർവേദത്തിന്റെ സമഗ്ര വികസനത്തിനും ഗവേഷണത്തിനും ഇന്റർ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ (IRIA) കണ്ണൂരിൽ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്ത് പ്രവർത്തനം നടന്നുവരുന്നു.

മറ്റ് പദ്ധതികൾ അനുബന്ധം II-*ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) സംസ്ഥാനത്ത് ആയുർവേദ ഔഷധ രംഗത്തെ ഗവേഷണത്തിനായി നിലവിൽ ഗവൺമെന്റ് ആയുർവേദ കോളേജ്, തിരുവനന്തപുരം, ഗവൺമെന്റ് ആയുർവേദ കോളേജ്, തൃപ്പൂണിത്തുറ, വി.പി.എസ്.വി. ആയുർവേദ കോളേജ്, കോട്ടയ്ക്കൽ എന്നീ സ്ഥാപനങ്ങളെ പഠനകേന്ദ്രങ്ങളാക്കിയിട്ടുണ്ട്. മൃഗങ്ങളിലുള്ള മരുന്നുപ്രയോഗ പഠനത്തിനായി തൃശ്ശൂർ കൊരട്ടിയിലുള്ള കെയർ കേരളം എന്ന സ്ഥാപനത്തെയും അംഗീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ആയുർവേദ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിലുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ ആയുർവേദ, സിദ്ധ, യുനാനി എന്നിവയ്ക്ക് മാത്രമായി ഒരു വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ മൂന്ന് സ്ഥിര അനലിസ്റ്റുകൾ ഗുണനിലവാര പരിശോധന നടത്തുന്നു. കൂടാതെ കരാർ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ സ്കീമിൽ (2014-15) 9 ജീവനക്കാരെ കൂടി നിയമിച്ച് ഗുണനിലവാര പരിശോധന നടത്തുന്നു. ഔഷധങ്ങളിലെ ഹെവിമെറ്റൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 2015-16 കേന്ദ്ര സർക്കാർ സ്കീം പ്രകാരം Atomic Absorption Spectro Photometer എന്ന ഉപകരണം വാങ്ങിയിട്ടുണ്ട്. പൊളാരി മീറ്റർ എന്ന ഉപകരണം വാങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ ആയുഷിന്റെ അംഗീകാരത്തോടുകൂടി പൊതുജനങ്ങൾക്കും ഔഷധ നിർമ്മാതാക്കൾക്കും ഗുണനിലവാര പരിശോധന നടത്തുന്നതിലേയ്ക്കായി അഞ്ച് ലാബുകളും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഡ്രഗ്സ് ഇൻസ്പെക്ടർമാർ ഔഷധ നിർമ്മാണ സ്ഥാപനങ്ങളിൽ പരിശോധന നടത്തി നിർമ്മിച്ച ഔഷധങ്ങളുടെയും അവയിൽ ചേർക്കാനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കായി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേയ്ക്ക് അയയ്ക്കുകയും ഗുണനിലവാര പരിശോധന നടത്തുകയും ചെയ്യുന്നു. ആയുർവേദ ഡ്രഗ്സ് കൺട്രോളർ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനുള്ള നയപരമായ നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹരിത കേരളം മിഷൻ പദ്ധതി

27 (T*327) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന് ഏതൊക്കെ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനമാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) ഇതിലേയ്ക്കായി വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കാനും പ്രവർത്തനങ്ങൾ സമഗ്രമായും സമയബന്ധിതമായും മുന്നോട്ട് കൊണ്ടുപോകാനും മന്ത്രി തലത്തിലും സെക്രട്ടറി തലത്തിലും ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് തലങ്ങളിലും ഏതൊക്കെ കമ്മിറ്റികളാണ് സർക്കാർ രൂപീകരിച്ചിട്ടുള്ളത്;

(സി) ഇതിനായി വിവിധ തലങ്ങളിൽ കർമ്മ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; ഈ പ്രവർത്തനങ്ങൾ എങ്ങനെ മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കൃഷി, ജലവിഭവം, തദ്ദേശ സ്വയംഭരണം, ടൂറിസം, വനം, വിദ്യാഭ്യാസം, ആരോഗ്യം, ആസൂത്രണ സാമ്പത്തിക കാര്യം എന്നീ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം വഴിയാണ് ഹരിത കേരളം മിഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായി മുന്നോട്ടു കൊണ്ടുപോകുവാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഹരിത കേരളം മിഷനും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി എംപവേർഡ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ പ്രവർത്തിച്ചുവരുന്നു.

ജില്ല, ബ്ലോക്ക്, നഗര- ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഒരു ഏകീകൃത മിഷൻ സംവിധാനവും ഓരോതലത്തിലും ശുചിത്വം, കൃഷി, ജലവിഭവം എന്നീ മൂന്ന് മേഖലകളിൽ കർമ്മസേനകളും ഫലപ്രദമായി പ്രവർത്തിച്ച് ഏകോപനം സാധ്യമാക്കുന്നു.

(സി) ഉണ്ട്. പരിപൂർണ്ണ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് വിവിധ തലങ്ങളിലുള്ള മിഷനുകളുടെ പ്രവർത്തനങ്ങളിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സാമൂഹ്യ സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണം ഉറപ്പാക്കുന്നുണ്ട്. നിലവിലുള്ള ജനകീയാസൂത്രണ സംവിധാനത്തിൽ മിഷനുകൾ സംയോജിപ്പിച്ച് ഫലപ്രാപ്തി കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു.

**ഭക്ഷ്യഭദ്രതാ നിയമം**

28 (*328) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായത്തിൽ നിന്നും ഭക്ഷ്യഭദ്രതാ സമ്പ്രദായത്തിലേയ്ക്ക് മാറുമ്പോൾ ജില്ലാതലത്തിൽ ഏതെങ്കിലും ജില്ലയ്ക്ക് മുമ്പ് ലഭിച്ചതിലും അധികം ധാന്യങ്ങൾ ലഭിക്കുമോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുമ്പോൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന പ്രതിമാസ ധാന്യ വിഹിതത്തിൽ എത്ര കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് പറയുമോ;

(സി) ഈ കുറവ് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായത്തിൽ കാർഡ് അടിസ്ഥാനത്തിലാണ് ഭക്ഷ്യധാന്യം വിതരണം നടത്തിയിരുന്നത്. എന്നാൽ ഭക്ഷ്യഭദ്രതാ നിയമപ്രകാരം എ.എ.വൈ. ഒഴികെയുള്ള മുൻഗണനാ വിഭാഗത്തിന് ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നത്. അന്തിമ പട്ടികയുടെ അടിസ്ഥാനത്തിൽ ജില്ലകൾക്കുള്ള വിഹിതം തിട്ടപ്പെടുത്തിവരുന്നു.

(ബി) പ്രതിമാസം 14666.67 മെട്രിക് ടൺ ധാന്യത്തിന്റെ കുറവുണ്ടായിട്ടുണ്ട്.

(സി) ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ്, അഡ്ഹോക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ

അളവ് പുനർനിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലും കേന്ദ്രസർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി OMSS ഇക്കണോമിക് നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിയും സപ്ലൈകോ ഔട്ട്‌ലെറ്റുകൾ വഴി വിതരണം നടത്തുന്നുണ്ട്.

## സി.ആർ. ഇസഡ്. ക്ലിയറൻസ്

29 (*329) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസഡ്. (Coastal Reserve Zone) സംബന്ധിച്ച് ശാസ്ത്ര സാങ്കേതിക വകുപ്പിന് ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്ന രീതി വ്യക്തമാക്കാമോ;

(ബി) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഇക്കാര്യത്തിൽ എടുക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സി.ആർ.ഇസഡ് ക്ലിയറൻസിനുവേണ്ടി ശാസ്ത്ര സാങ്കേതിക വകുപ്പിന് ലഭിക്കുന്ന അപേക്ഷകളിൻമേൽ എടുക്കുന്ന നടപടികൾ അപേക്ഷകർക്ക് അറിയാനുള്ള അവസരം ഉണ്ടാക്കുമോ;

(ഡി) സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 1991 ഫെബ്രുവരി 19-ലെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ CRZ വിജ്ഞാപനപ്രകാരം അനുവദനീയമായ പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് സമർപ്പിക്കേണ്ടത്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ശാസ്ത്ര സാങ്കേതിക വകുപ്പ് സ്വീകരിക്കുകയും നമ്പരിട്ട് ക്രമീകരിക്കുകയും ചെയ്യുന്നു. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിലെ (KSCSTE) ടെക്നിക്കൽ വിഭാഗം തീരദേശ പരിപാലന അതോറിറ്റിക്കുവേണ്ടി ഈ അപേക്ഷകൾ പരിശോധിച്ച് 2011-ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം അടിസ്ഥാനമാക്കി റിപ്പോർട്ട് തയ്യാറാക്കുന്നു. ഇപ്രകാരം തയ്യാറാക്കിയ റിപ്പോർട്ടുകൾ സഹിതം മുൻഗണനാക്രമത്തിൽ തീരദേശ പരിപാലന അതോറിറ്റിയുടെ പരിഗണനയ്ക്കയച്ച് തീരുമാനങ്ങളെടുക്കുന്നു. ഈ തീരുമാനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അപേക്ഷകനെയും അറിയിക്കുന്നു.

(ബി)2016 ഒക്ടോബർ 3-ലെ സ.ഉ.(എം.എസ്.)നമ്പർ145/2016/GAD (SRO No. 620/2016) വിജ്ഞാപനപ്രകാരം (അനുബന്ധം) CRZ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ പരിസ്ഥിതി വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് അദ്ധ്യക്ഷയെ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയായി കേന്ദ്രസർക്കാർ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ശാസ്ത്ര സാങ്കേതിക വകുപ്പിൽ കൈകാര്യം ചെയ്തുവരുന്ന KCZMA യുടെ സെക്രട്ടേറിയറ്റ് സംവിധാനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് അദ്ധ്യക്ഷയുടെ കാര്യാലയത്തിൽ കൊണ്ടുവരുന്നതിനായി ഡയറക്ടറേറ്റ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അതോറിറ്റിയിൽ ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിന് കേന്ദ്രസർക്കാർ സോഫ്റ്റ്‌വെയർ തയ്യാറാക്കി ആദ്യഘട്ട ട്രെയിനിംഗ് നൽകിക്കഴിഞ്ഞു. ഇത് നടപ്പിലാക്കി കഴിഞ്ഞാൽ അപേക്ഷകൾ സംബന്ധിച്ച നിലവിലുള്ള സ്ഥിതി അപേക്ഷകന് മനസ്സിലാക്കുന്നതിന് സാധിക്കും. നിലവിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ഏർപ്പെടുത്തിയിട്ടുള്ള ഹെൽപ്പ് ഡസ്കിൽ (സഹായക കേന്ദ്രത്തിൽ) അപേക്ഷ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സൗകര്യമുണ്ട്. കൂടാതെ അതോറിറ്റിയുടെ തീരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അപേക്ഷകനെയും കത്ത് മുഖേന അറിയിക്കുന്നുമുണ്ട്.

(ഡി) പുതിയ അതോറിറ്റി നിലവിൽ വരുവാനുണ്ടായ കാലതാമസം കാരണം 2016 ഏപ്രിൽ മുതൽ ജൂലൈ വരെ അതോറിറ്റി മീറ്റിംഗ് കൂടിയിരുന്നില്ല. 2016 ഓഗസ്റ്റ് മുതൽ 2017 ജനുവരി 31 വരെ 6 മാസങ്ങളിലായി അതോറിറ്റി തുടരെത്തുടരെ കൂടിയ 8 മീറ്റിംഗുകളിൽ ആയിരത്തി നാന്നൂറ്റി മുപ്പത്തിയാറോളം അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ സംവിധാനം ഒരുക്കുന്നതോടൊപ്പം കൂടുതൽ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ലീഗൽ മെട്രോളജി വകുപ്പിലെ സംവിധാനങ്ങൾ**

30 (*330) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീമതി ഇ.എസ്.ബിജിമോൾ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാകുന്നു എന്നത് പരിശോധിക്കാൻ ലീഗൽ മെട്രോളജി വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) സിനിമാ തിയേറ്ററുകളിലും ഷോപ്പിംഗ് മാളുകളിലും പായ്ക്ക് ചെയ്ത ഭക്ഷണ സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) സ്വർണ്ണത്തിന്റെ പരിശുദ്ധി അളക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ഡി) ജ്വല്ലറികളിൽ വിൽക്കുന്ന സ്വർണ്ണത്തിന്റെ തൂക്കം കൃത്യമാണോ എന്നത് സംബന്ധിച്ച് ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്താറുണ്ടോ; എങ്കിൽ ഇത്തരത്തിൽ എത്ര കേസ്സുകളാണ് ഈ സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്തത് എന്നറിയാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ലീഗൽ മെട്രോളജി വകുപ്പ് താലൂക്ക് അടിസ്ഥാനത്തിൽ ഇൻസ്പെക്ടറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ അസി. കൺട്രോളറുടെയും ഫ്ലൈയിംഗ് സ്ക്വാഡ് അസി. കൺട്രോളറുടെയും നേതൃത്വത്തിലും സംസ്ഥാന തലത്തിൽ നെറ്റ് കണ്ടന്റ് വെരിഫിക്കേഷൻ യൂണിറ്റ് അസി.കൺട്രോളറുടെ നേതൃത്വത്തിലും പരിശോധനകൾ നടത്തുന്നതിനോടൊപ്പം മിന്നൽ പരിശോധനകളും പ്രത്യേക പരിശോധനകളും നിരന്തരം നടത്തി കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കാറുണ്ട്. കൂടാതെ പരാതികൾക്ക് മുൻതൂക്കം നൽകി സമയബന്ധിതമായി വ്യാപാര സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്താറുണ്ട്.

(ബി) ഉണ്ട്. ഇത് നിയന്ത്രിക്കുവാൻ പരിശോധനകൾ നടത്തിവരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ MRP-യേക്കാൾ കൂടുതൽ വില ഈടാക്കുന്നതിന് Packaged Commodities Rules 18(2) പ്രകാരവും MRP വ്യക്തമല്ലാത്ത Pre-Packaged Commodity- കൾ പ്രദർശിപ്പിച്ചതിന് Packaged Commodities Rules 18(1) പ്രകാരവും 12 കേസ്സുകൾ എടുത്തിട്ടുണ്ട്. രാജിഫീസ് ഇനത്തിൽ 59,500 രൂപ ഈടാക്കിയിട്ടുണ്ട്. തുടർന്നും ഇത്തരം പരിശോധനകൾ നടത്തുന്നതാണ്.

(സി) എറണാകുളം കാക്കനാട്ടുള്ള ലീഗൽ മെട്രോളജി ഭവനിൽ x-ray method, destructive method എന്നിങ്ങനെ രണ്ട് തരത്തിലുള്ള പരിശോധനകൾ നടത്തി സ്വർണ്ണത്തിന്റെ പരിശുദ്ധി നിർണ്ണയിക്കുന്നതിന് ഒരു Gold Testing and Assaying Lab പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഉണ്ട്. ഈ സാമ്പത്തിക വർഷം 18 കേസ്സുകൾ രജിസ്റ്റർ ചെയ്ത് രാജിഫീസ് ഇനത്തിൽ 36,000 രൂപ ഈടാക്കിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെ.എ.എസ്. രൂപീകരണത്തിൽ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ആശങ്കകൾ

1 (3383) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. രൂപീകരിക്കുന്നതിനെതിരെ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ആശങ്കകൾ എന്തെല്ലാം എന്നും ഇവയിൽ വസ്തുതകൾ ഉണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുക, തസ്തികകൾ ഇല്ലാതാക്കുക എന്നിവ സർക്കാർ നയമല്ല എന്ന ബഹു.മുഖ്യമന്ത്രിയുടെ പ്രസ്താവനയും ഒപ്പം പ്രൊമോഷൻ സാദ്ധ്യതയും ഐ.എ.എസ്. സാദ്ധ്യതയും കൂടുതലായി ലഭിക്കുമെന്ന മുഖ്യമന്ത്രിയുടെ ഉറപ്പും നൽകിയിട്ടും സമരം ചെയ്യുന്ന ജീവനക്കാരുടെ സംഘടനകളുമായി മുഖ്യമന്ത്രിയും മുഖ്യമന്ത്രി നിയോഗിച്ച ഉന്നത ഉദ്യോഗസ്ഥരും സംസാരിച്ചിട്ടും പലവിധ നിസ്സഹകരണ സമരം തുടരുന്ന ജീവനക്കാർക്കെതിരെ എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിനെക്കൂടി ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച് 18-8-2016-ൽ രൂപീകൃതമായ സെക്രട്ടറിമാരുടെ കമ്മിറ്റി ജീവനക്കാരുടെ ആശങ്കകൾ സംബന്ധിച്ച് നവംബർ 17, 18, 19 തീയതികളിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി. തുടർന്ന് 13-1-2017-ൽ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഘടനകളുമായി മുഖ്യമന്ത്രിയും 15-2-2017-ൽ ചീഫ് സെക്രട്ടറിയും ചർച്ച നടത്തുകയുണ്ടായി. നടപടിക്കുറിപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പരിശോധിച്ചുവരുന്നു.

### പി.എസ്.സി. നിയമനം

2 (3384) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തസ്തികളിൽ എൽ. ഡി. ടൈപ്പിസ്റ്റ്/ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികകളിൽ ഒഴിവുകളുണ്ടെങ്കിലും പി.എസ്.സി .റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലെ നിയമനത്തിലെ മെല്ലെപ്പോക്ക്, ഫയൽ നീക്കത്തെ സാരമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുമോ ?

ഉത്തരം

(എ&ബി) വിവിധ വകുപ്പുകളിൽ നിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകി വരുന്നുണ്ട്.

**പി.എസ്.സി. റാങ്ക് പട്ടികകൾ റദ്ദാക്കുന്നതുമൂലമുള്ള പ്രത്യാഘാതങ്ങൾ**

3 (3385) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാമമാത്ര നിയമനങ്ങൾ നടന്നതും, നിലവിൽ ഒഴിവുകളുള്ളതുമായ തസ്തികകളിലേയ്ക്ക് തയ്യാറാക്കിയ പി.എസ്.സി. റാങ്ക് പട്ടികകൾ ഒറ്റയടിക്ക് റദ്ദാക്കുന്നതുമൂലമുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(ബി) നിലവിലുള്ള ഒഴിവുകൾ ഈ റാങ്ക് പട്ടികകളിൽ നിന്നും നികത്തുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി നിയമനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നുണ്ടോ; എങ്കിൽ പരിഹാര നടപടികളെക്കുറിച്ച് ആലോചിക്കുമോ?

ഉത്തരം

(എ) ഒരു തസ്തികയുടെ നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കുന്ന റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതി മുതൽ കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്നുവർഷവും ആണ് ലിസ്റ്റിന്റെ കാലാവധി. ഇപ്രകാരം 3 വർഷം പൂർത്തിയായ ശേഷവും പ്രസ്തുത ലിസ്റ്റിൽ നിന്നും ഒരാളെപ്പോലും നിയമന ശിപാർശ ചെയ്യാത്ത പക്ഷം നിയമന ശിപാർശ ചെയ്യുന്നതുവരെ അല്ലെങ്കിൽ ഒരു വർഷം വരെ (ഏതാണോ ആദ്യം വരുന്നത് അതുവരെ) ദീർഘിപ്പിക്കാൻ വ്യവസ്ഥയുണ്ട്.

(ബി) ഒരു തസ്തികയുടെ നിയമനത്തിനായി തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ കാലാവധി അവസാനിച്ച ശേഷം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവിലേയ്ക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ വ്യവസ്ഥയില്ല.

(സി) ഇല്ല.

**പി.എസ്.സി. മുഖേനയുള്ള നിയമനം**

4 (3386) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ നടന്ന പി.എസ്.സി. നിയമനത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളിൽ നിന്ന് എത്ര തസ്തികകൾ വീതം റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) റിപ്പോർട്ട് ചെയ്ത തസ്തികകളിൽ സമയബന്ധിതമായി നിയമനം നടക്കുന്നുണ്ടോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം 31-1-2017 വരെ ആകെ 29900 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ വിവിധ വകുപ്പുകളിൽ നിന്നും 26642 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(സി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിലുള്ളവയിൽ നിന്നും പി.എസ്.സി. നിയമന ശിപാർശ നൽകുന്നുണ്ട്.

**എം.എൽ.എ.-മാർ നൽകുന്ന പരാതികൾ**

5 (3387) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാർ നൽകുന്ന പരാതികൾക്ക് മറുപടി നൽകുന്നതിനും സ്വീകരിച്ച നടപടിയുടെ വിവിധ ഘട്ടങ്ങൾ അറിയിക്കുന്നതിനും എന്തെല്ലാം സംവിധാനമാണ് ബഹു. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) നടപടിയുടെ വിവിധ ഘട്ടങ്ങൾ അറിയുന്നതിന് എം.എൽ.എ.-മാർക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ ലഭിക്കുന്ന പരാതികൾ ഉടൻ സ്കാൻ ചെയ്ത് രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കുമായി രൂപകൽപന ചെയ്തിട്ടുള്ള പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നു. രജിസ്റ്റർ ചെയ്യുമ്പോൾ ലഭ്യമാകുന്ന ഡോക്കറ്റ് നമ്പർ പരാതിയിൽ രേഖപ്പെടുത്തിയിട്ടുള്ള മൊബൈൽ ഫോണിലേയ്ക്ക് സന്ദേശമായി ലഭിക്കുകയും ചെയ്യും. തുടർന്ന് പ്രസ്തുത പരാതി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്/ഓഫീസിലേയ്ക്ക് അയയ്ക്കുകയും ഇക്കാര്യം പരാതിക്കാരനെ തപാലിലൂടെ അറിയിക്കുകയും ചെയ്യുന്നതു കൂടാതെ പരാതി സ്വീകരിച്ച വിവരം അറിയിച്ചുകൊണ്ടുള്ള മുഖ്യമന്ത്രിയുടെ കത്ത് എം.എൽ.എ.-യ്ക്കും അയയ്ക്കാറുണ്ട്. പരാതി പരിഹാര കേന്ദ്രത്തിന്റെ ഭാഗമായി 155300 എന്ന നമ്പറിലെ കോൾ സെന്ററിൽ ഡോക്കറ്റ് നമ്പർ നൽകിയാൽ പരാതിയുടെ അപ്പോഴുള്ള നില അറിയുവാൻ കഴിയുന്നതുമാണ്. മറ്റ് മന്ത്രിമാരുടെ ഓഫീസുകളിൽ എം.എൽ.എ.-മാർ നൽകുന്ന പരാതികൾ സമയബന്ധിതമായി രജിസ്റ്റർ ചെയ്യുകയും ഇ-ഫയൽ സംവിധാനം വഴിയും, അസൽ പരാതി നേരിട്ടും ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ സെക്രട്ടറിമാർ/ ബന്ധപ്പെട്ട മറ്റ് മന്ത്രിമാർ എന്നിവർക്ക് തുടർ നടപടി സ്വീകരിക്കുന്നതിനായി നൽകിവരുന്നു. കൂടാതെ പ്രസ്തുത വിവരം എം.എൽ.എ.-മാരെ കത്ത് മുഖേന അറിയിക്കാറുമുണ്ട്. ചില മന്ത്രിമാരുടെ ആഫീസുകളിൽ പരാതിയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് നേരിട്ട് പരാതിക്കാരെ അറിയിക്കുന്ന സംവിധാനവും ഉണ്ട്.

(ബി) നടപടിയുടെ വിവിധ ഘട്ടങ്ങൾ എം.എൽ.എ.-മാർക്ക് അറിയുന്നതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. എം.എൽ.എ.-മാർക്ക് ലഭ്യമാക്കുന്ന യൂസർ ഐഡി, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് cmo.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഓരോ പരാതിയുടെയും വിവിധ ഘട്ടങ്ങൾ നേരിട്ട് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്.

**എം.എൽ.എ. - എ.ഡി.എസ്. പോർട്ടൽ പദ്ധതി**

6 (3388) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-എ.ഡി.എസ്. പോർട്ടൽ പദ്ധതിയിൽ ഫയലുകളുടെ നിലവിലെ സ്ഥിതി യഥാസമയം ചേർക്കാത്തതുമൂലം പ്രസ്തുത ഫയൽ വിവരങ്ങൾ അറിയുവാൻ എം.എൽ.എ.-മാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആസ്തി വികസന ഫണ്ടിന്റെ ഫയലുകൾ കൈകാര്യം ചെയ്യുന്ന ഓൺലൈൻ സോഫ്റ്റ്‌വെയർ സംവിധാനം ഇപ്പോൾ അതിന്റെ ആരംഭദശയിലാണ്. ഈ സാമ്പത്തിക വർഷം ഓരോ നിയോജകമണ്ഡലത്തിലും സമർപ്പിച്ചിട്ടുള്ള ആസ്തി വികസന പദ്ധതികളുടെ വിശദവിവരം വെബ് പോർട്ടലിന്റെ ഹോം പേജിൽ ലഭ്യമാണ്. പദ്ധതിയുടെ നിർവ്വഹണ ഘട്ടങ്ങൾ യഥാസമയം സൂചിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇവ പൂർത്തിയാകുന്നതോടെ പദ്ധതികളെ സംബന്ധിച്ച മുഴുവൻ വിവരവും യഥാസമയം അറിയുവാൻ കഴിയുന്നതാണ്.

**പി. ആർ.ഡി. പരസ്യങ്ങൾ**

7 (3389) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ആർ.ഡി. പരസ്യങ്ങൾ ഒരു സ്വകാര്യ ഏജൻസിക്ക് മാത്രം നൽകിവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ സ്വകാര്യ ഏജൻസിയുടെ പേരും അഡ്രസ്സും വെളിപ്പെടുത്തുമോ;

(സി) എന്ന് മുതലാണ് ഈ കമ്പനിക്ക് മാത്രമായി പരസ്യങ്ങൾ കൊടുത്തുവന്നത്; തീയതി സഹിതം വെളിപ്പെടുത്തുമോ; അന്നു മുതൽ ഇന്നുവരെ എത്ര കോടി രൂപയുടെ പി.ആർ.ഡി. പരസ്യം ഈ സ്വകാര്യ ഏജൻസി ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഇതിനെതിരെ വിജിലൻസ് അന്വേഷണം ഉണ്ടായോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) പി.ആർ.ഡി.-ക്ക് സ്വന്തമായി ഫോട്ടോഗ്രാഫറും ഗ്രാഫിക് ഡിസൈനറും മറ്റും ഉള്ളപ്പോൾ ഇങ്ങനെ സ്വകാര്യ ഏജൻസിയെ പരസ്യത്തിന് ഉപയോഗിക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(എഫ്) നിയമം ലംഘിച്ചാണ് ഈ ഇടപാടുകൾ നടത്തിയതെങ്കിൽ കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഐ.&പി.ആർ.ഡി. പരസ്യങ്ങൾ ഏതെങ്കിലും ഒരു സ്വകാര്യ ഏജൻസിക്ക് മാത്രമായി നൽകുന്ന പതിവില്ല. വകുപ്പിൽത്തന്നെ പരസ്യങ്ങൾ ഡിസൈൻ ചെയ്ത് പ്രസിദ്ധീകരണത്തിന് നൽകുന്നതാണ് പതിവ്. പ്രത്യേക

സാഹചര്യങ്ങളിൽ പരസ്യം ഡിസൈൻ ചെയ്യാൻ ഡിസൈനർമാരുടെയും സ്വകാര്യ ഏജൻസികളുടെയും സേവനം തേടാറുണ്ട്. ഈ സാമ്പത്തിക വർഷം മൈത്രി അഡ്വർടൈസിംഗ് വർക്സ് പ്രൈവറ്റ് ലിമിറ്റഡ്, ഗിരിനഗർ, കടവന്ത്ര, കൊച്ചി എന്ന സ്ഥാപനത്തിന് പരസ്യം ഡിസൈൻ ചെയ്യാൻ താല്പര്യപത്രം ക്ഷണിച്ച് വർക്ക് നൽകിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം 24-5-2016- നാണ് ടി സ്ഥാപനത്തിന് ആദ്യമായി വർക്ക് നൽകിയത്. കോസ്റ്റ് കമ്മിറ്റി യോഗം ചേർന്ന് ഡിസൈനിന്റെയും, നിർമ്മാണത്തിന്റെയും ഗുണനിലവാരം പരിശോധിച്ച് മാത്രമാണ് തുക നിശ്ചയിച്ച് അനുവദിക്കുന്നത്.

ഈ സാമ്പത്തിക വർഷം നാളിതുവരെ 3,92,265 (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഇരുന്നൂറ്റി അറുപത്തി അഞ്ച് രൂപ മാത്രം) ടി ഏജൻസിക്ക് നൽകിയിട്ടുണ്ട്.

(ഡി) മൈത്രി അഡ്വർടൈസിംഗ് ഏജൻസിക്ക് പരസ്യം നൽകിയതിന്റെ വിശദാംശങ്ങൾ വിജിലൻസ് വിഭാഗം ആവശ്യപ്പെട്ടിരുന്നു. ആവശ്യപ്പെട്ട വിശദാംശങ്ങൾ ഇതിനോടകം നൽകിയിട്ടുണ്ട്. പരസ്യം ഡിസൈൻ ചെയ്യുന്നതിനും വീഡിയോ പരസ്യം തയ്യാറാക്കുന്നതിനും മൈത്രി അഡ്വർടൈസിംഗ് ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും, നാളിതുവരെ 13 ഡിസൈൻ വർക്കുകൾ ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ടെന്നും, ഇതിനകം 3,92,265 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ടെന്നും പരസ്യമേഖലയിൽ ടി സ്ഥാപനത്തിന് മുൻപരിചയമുണ്ടെന്നും, പരസ്യം നൽകാൻ സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ലാ എന്നും പി.ആർ.ഡി. മുഖാന്തരം തന്നെയാണ് പരസ്യങ്ങൾ റിലീസ് ചെയ്യാറുമുള്ള മറുപടി വിജിലൻസിന് നൽകിയിട്ടുണ്ട്.

(ഇ&എഫ്) കാമ്പയിനുകളുടെ ഭാഗമായി പ്രത്യേക സാഹചര്യങ്ങളിൽ വകുപ്പ് സ്വകാര്യ ഏജൻസികൾക്ക് ഡിസൈൻ വർക്ക് നൽകാറുണ്ട്. ഇതിൽ നിയമ ലംഘനം നടത്തിയിട്ടില്ല.

**ഡയസ്നോൺ റദ്ദ് ചെയ്യുന്നതിന് നടപടി**

8 (T*3390) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യായമായ അവകാശങ്ങൾക്കുവേണ്ടി സർക്കാർ ജീവനക്കാർ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ പണിമുടക്കുകളിൽ ബാധകമാക്കിയിരുന്ന ഡയസ് നോൺ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇക്കാര്യത്തിൽ സർക്കാർ നിലപാടെന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

9 (3391) ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്നുമുതൽ നടപ്പിലാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ധനകാര്യവകുപ്പിനെ ഉൾപ്പെടുത്തരുതെന്ന സെക്രട്ടറിതല സമിതിയുടെ ശിപാർശ സർക്കാർ അംഗീകരിക്കാത്തതിന് കാരണമെന്താണ്;

(സി) ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ധനവകുപ്പ് സെക്രട്ടേറിയറ്റിനെ പ്രസ്തുത സംസ്ഥാനങ്ങൾ രൂപീകരിച്ച അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഒരു ഉപദേശകവകുപ്പായും ബജറ്റ്, പേ റിവിഷൻ, സംസ്ഥാനത്തിന്റെ സാമ്പത്തികക്രയവിക്രയത്തിന്റെ നടത്തിപ്പുകാരൻ, സർവ്വീസ് ചട്ടങ്ങളുടെ ചുമതലക്കാരൻ എന്നീ നിലകളിലും മറ്റ് വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി നിലകൊള്ളുന്ന ധനകാര്യവകുപ്പിനെ കെ.എ.എസ്.-ൽ ഉൾപ്പെടുത്തുന്നത് കൊണ്ട് ഉണ്ടായേക്കാവുന്ന ദോഷവശങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) മൂന്നാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശയിൽ സെക്രട്ടേറിയറ്റിനെ കെ.എ.എസ്.-ൽ ഉൾപ്പെടുത്തുവാനുള്ള ശിപാർശയുണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4-1-2017-ലെ G.O.(Ms)No.1/2017/P&ARD പ്രകാരം സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

കെ.എ.എസ്. നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച തുടർന്നുള്ള വിഷയങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ധനകാര്യ വകുപ്പിനെ ഉൾപ്പെടുത്തരുതെന്ന് ശിപാർശ ചെയ്തിട്ടില്ല.

(സി&ഡി) ആയത് പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

(ഇ) ഉണ്ട്.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

10 (3392) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എ.എസ്. രൂപീകരണവുമായി ബന്ധപ്പെട്ട് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ; നടത്തിയെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കെ.എ.എസ്. ഉൾപ്പെടെയുള്ള ഭരണ പരിഷ്കാരങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഭരണപരിഷ്കാര കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുന്നതിന് മുമ്പ് കെ.എ.എസ്. നടപ്പിലാക്കാൻ തീരുമാനിച്ചതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) കെ.എ.എസ്. രൂപവൽക്കരണവുമായി ബന്ധപ്പെട്ട് കരട് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ സിവിൽ സർവ്വീസിന്റെ മധ്യതല സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ യുദ്ധകാലാടിസ്ഥാനത്തിലുള്ള ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 28-12-2016-ൽ ചേർന്ന മന്ത്രിസഭായോഗം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിന് തീരുമാനമെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 4-1-2017-ലെ G.O.(Ms)No.1/2017/P&ARD പ്രകാരം സംസ്ഥാനത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ രൂപീകരിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തു. ഇത് സംബന്ധിച്ച പ്രത്യേകചട്ടങ്ങൾ തയ്യാറാക്കി വരുന്നു.

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് സെക്രട്ടറിമാരുടെ കമ്മിറ്റി ജീവനക്കാരുടെ അഭിപ്രായം ആരായുന്നതിനായി 2016 നവംബർ 17, 18, 19 തീയതികളിൽ ചർച്ച നടത്തുകയുണ്ടായി. തുടർന്ന് 13-1-2017-ൽ മുഖ്യമന്ത്രി നേരിട്ടും 15-2-2017-ൽ ചീഫ് സെക്രട്ടറിയും സെക്രട്ടേറിയറ്റ്

ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തുകയുണ്ടായി. (അനുബന്ധമായി* ചേർക്കുന്നു)

(സി) നാലാമത് ഭരണപരിഷ്കാര കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഉൾപ്പെട്ടിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ അദ്ധ്യക്ഷനായിട്ടുള്ള 1997-ലെ 3 -ാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുടെ അഭിപ്രായം ആരായുന്നതിനും സെക്രട്ടേറിയറ്റ് സർവ്വീസ് കൂടി ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പുനഃസംഘടിപ്പിക്കുന്നതിനുമായി 16-8-2016-ലെ G.O.(Rt)No.322/2016/ P&ARD പ്രകാരം ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷയായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി അതിന്മേൽ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

11 (3393) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പ്, ധനകാര്യവകുപ്പ്, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് എന്നിവയെ ഉൾപ്പെടുത്തി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ നിലവിലുള്ള ഭരണ പരിഷ്കാര കമ്മീഷന്റെ അഭിപ്രായം തേടിയിട്ടുണ്ടോ;വിശദാംശം നൽകുമോ;

(ബി) പി.എസ്.സി. നടത്തുന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയുടെ യോഗ്യത എന്താണ്; ഏതെല്ലാം വകുപ്പുകളിലാണ് ഇവരെ നിയമിക്കുന്നത്; അതിൽ ഏതെല്ലാം വകുപ്പുകളെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് വേണ്ട യോഗ്യത, പരീക്ഷാ രീതി എന്നിവ വ്യക്തമാക്കുമോ;

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നത് സംബന്ധിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീമതി നളിനി നെറ്റോ അദ്ധ്യക്ഷയായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ആയതിൽ എന്തായിരുന്നു നിർദ്ദേശിച്ചിരുന്നത്; അതുപ്രകാരമാണോ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ലഭിക്കുന്നവരുടെ പ്രൊമോഷൻ തസ്തികകൾ ഏതെല്ലാമാണ്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 4-1-2017-ലെ G.O.(Ms) No. 1/2017/P&ARD-ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.* ഇക്കാര്യത്തിൽ നിലവിലുള്ള ഭരണ പരിഷ്കാര കമ്മീഷന്റെ അഭിപ്രായം തേടിയിട്ടില്ല. ഇക്കാര്യത്തിൽ 3-ാം ഭരണപരിഷ്കാര കമ്മീഷൻ ശിപാർശ നിലവിലുണ്ട്.

(ബി) പി.എസ്.സി. നടത്തുന്ന സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയുടെ യോഗ്യത ബിരുദമാണ്. സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, അഡ്വക്കേറ്റ് ജനറൽ ഓഫീസ് (എറണാകുളം), കേരള സ്റ്റേറ്റ് ഓഡിറ്റ് എന്നീ വകുപ്പുകളിലേയ്ക്കാണ് നിയമനം നടത്തുന്നത്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വകുപ്പുകളെ സംബന്ധിച്ച് 4-1-2017-ലെ G.O. (Ms) No. 1/2017/P&ARD -ൽ വിശദമാക്കിയിട്ടുണ്ട്.

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് വേണ്ട യോഗ്യത, പരീക്ഷാ രീതി എന്നിവ സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിഗണനയിലാണ്.

(ഡി) 16-8-2016-ലെ G.O.(Rt) No. 322/2016/P&ARD പ്രകാരം ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായി ഒരു സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി അതിന്മേൽ അവലോകന റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ആയതിന്റെ പകർപ്പ്* ഉള്ളടക്കം ചെയ്യുന്നു.

(ഇ) സർക്കാരിന്റെ പരിഗണനയിലാണ്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

12 (3394) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (KAS) തുടങ്ങുന്നതിനായി എന്തു നടപടികൾ സ്വീകരിച്ചുവെന്നും പ്രസ്തുത സർവ്വീസ് സംസ്ഥാനത്ത് ആരംഭിക്കാനായി ഈ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിനായി പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കെ.എ.എസ്.-ൽ ഉൾപ്പെടുന്ന സംസ്ഥാന സർവ്വീസ് വിഭാഗങ്ങളും വകുപ്പുകളും എതൊക്കെയാണെന്നും പ്രസ്തുത സർവ്വീസിലേയ്ക്കുള്ള അടിസ്ഥാന യോഗ്യത എന്താണെന്നും , ഇതിനായുള്ള പരീക്ഷകൾ നടത്തുന്നത് ആരാണെന്നും , ഇവയുടെ ലിസ്റ്റ് എത്ര വർഷത്തേയ്ക്കാണ് നിലനില്ക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) കെ.എ.എസ്. രൂപീകരിക്കുന്നതുമൂലം സംസ്ഥാനത്തിനും, ഉദ്യോഗാർത്ഥികൾക്കും ഉണ്ടാകാവുന്ന നേട്ടങ്ങൾ എന്തെല്ലാം;

(ഇ) കെ.എ.എസ്. രൂപീകരണത്തെ സംബന്ധിച്ച് ഏതെങ്കിലും സർവ്വീസ് സംഘടനകൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോയെന്നും, ഇതിനാധാരമായി അവർ പറയുന്നത് എന്താണെന്നും, ഇത് സർവ്വീസിലെ എത്ര ശതമാനം ജീവനക്കാർ എന്നും, പ്രസ്തുത രൂപീകരണത്തെ അനുകൂലിക്കുന്ന സംഘടനകൾ എതെല്ലാമെന്നും അവർ സർവ്വീസിലെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ;

(എഫ്) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം വിഭാഗങ്ങൾ സമരത്തിലേർപ്പെട്ടു എന്നും, ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും, കെ.എ.എസ്. ആരംഭിക്കുന്നതിലെ സർക്കാർ നയം എന്തെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീ. ഇ. കെ. നായനാർ ചെയർമാനായിട്ടുള്ള 1997-ലെ 3-ാം ഭരണ പരിഷ്കാര കമ്മിറ്റി (വാല്യം II- ഒൻപതാം റിപ്പോർട്ട്) കേരള സിവിൽ സർവ്വീസ് എന്ന നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. 24-9-2013-ലെ ജി.ഒ. (ആർ.ടി.) 7725/13/ജി.എ.ഡി. ഉത്തരവ് പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായ ഒരു കമ്മിറ്റിയെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിന്റെ സാധ്യതാ പഠനത്തിനായി ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് 16-8-2014-ലെ ജി.ഒ.(എം.എസ്.) 228/2014/ജി.എ.ഡി. ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. അതിനുശേഷം കമ്മിറ്റി കൂടുതൽ ശിപാർശകൾ നിർദ്ദേശിക്കുകയും ഭേദഗതികൾകൂടി അംഗീകരിച്ചുകൊണ്ട് 5-1-2015-ൽ ജി.ഒ. (എം.എസ്.) 1/2015/ജി.എ.ഡി. ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. പ്രസ്തുത ഉത്തരവിൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെ 18 വകുപ്പുകളെ ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് 8-1-2015-ൽ ജി.ഒ.(എം.എസ്.) 9/2015/ജി.എ.ഡി. ഉത്തരവ് പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സെക്രട്ടേറിയറ്റിനെ ഉൾപ്പെടുത്തുന്നത്

പരിശോധിക്കുന്നതിന് മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയുമുണ്ടായി. സെക്രട്ടേറിയറ്റിനെ ഉൾപ്പെടുത്തിക്കൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുന്ന വിഷയം പരിശോധിക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം) ചെയർപേഴ്സണായിട്ടുള്ള ഒരു കമ്മിറ്റിക്ക് രൂപം നൽകിക്കൊണ്ട് ഉത്തരവാകുകയും (16-8-2016-ലെ ജി.ഒ. (ആർ.ടി.) 322/2016/പി&എ.ആർ.ഡി.) വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കമ്മിറ്റി സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി അവലോകന റിപ്പോർട്ട് 17-12-2016-ൽ സമർപ്പിച്ചു. 28-12-2016-ന് കൂടിയ മന്ത്രിസഭാ യോഗം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകി. അതിന്റെ അടിസ്ഥാനത്തിൽ 4-1-2017-ൽ G.O.(Ms) 1/2017/P&ARD ഉത്തരവായി. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർക്കുന്നു.

(സി) കെ.എ.എസ്.-ൽ ഉൾപ്പെടുന്ന വകുപ്പുകളെ സംബന്ധിച്ച 4-1-2017-ലെ G.O.(Ms) 1/2017/P&ARD നമ്പർ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. അടിസ്ഥാന യോഗ്യത, പരീക്ഷ, റാങ്ക് ലിസ്റ്റ് എന്നിവ സംബന്ധിച്ച കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേയ്ക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ വിവിധ ഉദ്ദേശങ്ങളോടുകൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നത് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു.

സംസ്ഥാനത്ത് ഉയർന്നതലത്തിൽ പ്രൊഫഷണലുകളുടെ സേവനം ഉണ്ടെങ്കിലും ഇടത്തട്ടിൽ പ്രവർത്തിക്കുന്നതിനായി കഴിവുറ്റ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കേണ്ടതും പുതിയ സങ്കേതങ്ങൾ പരമാവധി ഭരണ രംഗത്ത് ഉപയോഗപ്പെടുത്താൻ ഉതകുംവിധം ഒരു പുതുതലമുറ ഭരണരംഗത്തേയ്ക്ക് കടന്നുവരേണ്ടതും അനിവാര്യമാണെന്നും സർക്കാർ കരുതുന്നു. അതോടൊപ്പം കാര്യക്ഷമത ഉറപ്പുവരുത്താനും ദുർബ്ബല മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഒരു പുതിയ സേവന സംസ്കാരം വളർത്തിയെടുക്കാനും കഴിയേണ്ടതുണ്ട്. വികസന രംഗത്ത് നേരിടുന്ന നിരവധി വെല്ലുവിളികൾ തരണം ചെയ്യുവാനും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു. പദ്ധതി നിർവ്വഹണ തലത്തിലെ പരിചയക്കുറവും പ്രൊഫഷണലുകളുടെ കുറവും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇതരവകുപ്പുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനുള്ള അപര്യാപ്തതയും ഉദ്യോഗക്കയറ്റത്തിലെ ചില ന്യൂനതകളും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ മാറ്റിക്കൊണ്ടുവരാൻ കഴിയും.

(ഇ&എഫ്) വിവരം ശേഖരിച്ചുവരുന്നു.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

13 (3395) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ധനകാര്യ വകുപ്പിനെ ഉൾപ്പെടുത്തരുതെന്ന സെക്രട്ടറിതല സമിതി ശിപാർശ സർക്കാർ അംഗീകരിക്കാത്തതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ധനവകുപ്പ് സെക്രട്ടേറിയറ്റിനെ പ്രസ്തുത സംസ്ഥാനങ്ങളിൽ രൂപീകരിച്ച അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ബജറ്റ്, പേ-റിവിഷൻ, സംസ്ഥാനത്തിന്റെ സാമ്പത്തിക ക്രയവിക്രയത്തിന്റെ നടത്തിപ്പുകാരൻ, സർവ്വീസ് ചട്ടങ്ങളുടെ ചുമതലക്കാരൻ എന്നീ നിലകളിൽ പൂർണ്ണമായും മറ്റു വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി നിലകൊള്ളുന്ന ഒരു ഉപദേശക വകുപ്പ് കൂടിയായ ധനകാര്യ വകുപ്പിനെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തുന്നത് കൊണ്ടുണ്ടായേക്കാവുന്ന ദോഷവശങ്ങളെക്കുറിച്ച് സമഗ്രമായി പഠനം നടത്തിയിട്ടുണ്ടോ; പഠന റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഡി) മൂന്നാം ഭരണ പരിഷ്കാര കമ്മീഷന്റെ ശിപാർശയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സെക്രട്ടേറിയറ്റിനെ ഉൾപ്പെടുത്താനുള്ള ശിപാർശ യുണ്ടായിരുന്നോ; ശിപാർശ അടങ്ങിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 16-8-2016-ൽ രൂപീകരിച്ച സെക്രട്ടറിതല സമിതി ധനകാര്യ വകുപ്പിനെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ഉൾപ്പെടുത്തരുതെന്ന് ശിപാർശ നൽകിയിട്ടില്ല.

(ബി &സി) പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ഡി) ഉണ്ടായിരുന്നു. 3-ാം ഭരണപരിഷ്കാര കമ്മീഷന്റെ 9-ാമത് റിപ്പോർട്ടിന്റെ 3-ാം അദ്ധ്യായത്തിൽ പ്രസ്തുത ശിപാർശ പരാമർശിച്ചിട്ടുണ്ട്.

(പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമനത്തിലെ സംവരണം

14 (3396) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള നിയമനത്തിൽ നിലവിലെ സംവരണ വ്യവസ്ഥ ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(ബി) പി.എസ്.സി. നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിൽ ബാധകമാക്കിയിട്ടുള്ള സംവരണ വ്യവസ്ഥകളെല്ലാം കെ.എ.എസ്.-നും അതേപടി ബാധകമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ, പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് ബാധകമായ എല്ലാ സംവരണ തത്വങ്ങളും കെ.എ.എസ്.-നും ബാധകമാക്കുവാനും അതുവരെ കെ.എ.എസ്.ലേയ്ക്കുള്ള നിയമന നടപടികൾ നിർത്തി വയ്ക്കാനും തയ്യാറാവുമോ?

ഉത്തരം

(എ-സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമനം സംബന്ധിച്ച പ്രത്യേക ചട്ടങ്ങൾ തയ്യാറാക്കിവരുന്നു. സംവരണമടക്കമുള്ള വിഷയങ്ങൾ പരിഗണിച്ചുകൊണ്ടാണ് ചട്ടങ്ങൾ രൂപപ്പെടുത്തുന്നത്.

## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

15 (3397) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ രണ്ട് ഒഴിവുകളിലേയ്ക്ക്, ഹൈക്കോടതി ചീഫ് ജസ്റ്റിസ് ചെയർമാനായി ഉള്ള സമിതി അംഗങ്ങളെ നിശ്ചയിച്ച് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എന്നാണ് ശിപാർശ സർക്കാരിന് ലഭിച്ചത്;

(ബി) ഈ ലിസ്റ്റ് ബഹുമാനപ്പെട്ട ഗവർണറുടെ പരിഗണനയ്ക്കായി അയച്ചുകൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(സി) ഈ ഫയൽ ഇപ്പോൾ ആരുടെ പരിഗണനയിലാണെന്നും ഇതുമായി ബന്ധപ്പെട്ട അനിൽകുമാർ കേസ്സിലെ ഹൈക്കോടതി വിധിപ്രകാരം നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്നും അറിയിക്കുമോ?

ഉത്തരം

(എ-സി) ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയിലാണ്.

**എച്ച്.എസ്.എ. ഇംഗ്ലീഷ് നിയമനം**

16 (3398) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എച്ച്.എസ്.എ. ഇംഗ്ലീഷ് (Direct) നിയമനത്തിന് വിജ്ഞാപനം ഇറക്കി 22-7-15-ൽ പരീക്ഷ നടത്തി ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടും നാളിതുവരെ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റാങ്ക് പട്ടിക അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എച്ച്.എസ്.എ. (ഇംഗ്ലീഷ്) Direct (കാറ്റഗറി നമ്പർ 664/12) തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി 22-7-2015-ന് നടന്ന പരീക്ഷയുടെ അടിസ്ഥാനത്തിൽ 14 ജില്ലകളിലും ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, വയനാട് ജില്ലകളിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു. ഇടുക്കി ജില്ലയിൽ ഇന്റർവ്യൂ പൂർത്തിയായി. അവശേഷിക്കുന്ന ജില്ലകളിലേയ്ക്ക് ഇന്റർവ്യൂ തീയതി ഉടൻ നിശ്ചയിക്കുന്നതാണെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

**ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഇക്കണോമിക്സ്)**

17 (3399) ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഇക്കണോമിക്സ്) ജൂനിയർ, സീനിയർ തസ്തികകളിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടിയിട്ടുണ്ടോയെന്നും നീട്ടിയിട്ടുണ്ടെങ്കിൽ ഏത് തീയതി വരെ നീട്ടിയെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഇക്കണോമിക്സ്) ജൂനിയർ, സീനിയർ തസ്തികകളുടെ റാങ്ക് ലിസ്റ്റ് കാലാവധി 30-6-2017 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

## നോൺ ഗസറ്റഡ് ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

18 (3400) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കിയിരുന്ന നോൺ ഗസറ്റഡ് ജീവനക്കാർക്ക് ലഭിക്കേണ്ട 2016 ജൂൺ മാസത്തെ 8 ദിവസത്തെ ശമ്പളം, ടെർമിനൽ സറണ്ടർ, പേ റിവിഷൻ അരിയർ തുടങ്ങിയ ആനുകൂല്യങ്ങൾ ഇതേവരെ ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗസറ്റഡ് പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് പ്രസ്തുത ആനുകൂല്യങ്ങളെല്ലാം ലഭിച്ചിട്ടും നോൺ ഗസറ്റഡ് സ്റ്റാഫ് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) നോൺ ഗസറ്റഡ് സ്റ്റാഫിനെ പ്രസ്തുത ആനുകൂല്യങ്ങൾ ലഭിച്ചുകഴിഞ്ഞാൽ മാത്രമേ ഇവരുടെ പെൻഷൻ അപേക്ഷകളിൽ തുടർ നടപടികൾ ആരംഭിക്കുകയുള്ളോ; വിശദമാക്കുമോ;

(ഡി) നോൺ ഗസറ്റഡ് ആയിട്ടുള്ള സ്റ്റാഫ് അംഗങ്ങൾക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ നൽകുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കിയിരുന്ന നോൺ ഗസറ്റഡ് ജീവനക്കാർക്ക് ലഭിക്കേണ്ട 2016 ജൂൺ മാസത്തെ 8 ദിവസത്തെ ശമ്പളം, ടെർമിനൽ സറണ്ടർ എന്നിവ ഇതിനോടകം നൽകിക്കഴിഞ്ഞു. 1-7-2014 മുതൽ 31-1-2016 വരെയുള്ള പേ റിവിഷൻ അരിയർ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങളായിട്ടുള്ളവർക്ക് ഒറ്റത്തവണയായി നൽകാനാണ് ഉത്തരവായിട്ടുള്ളത്. SPARK Software-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പേ റിവിഷൻ അരിയർ നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) അതെ. നോൺ ഗസറ്റഡ് ആയിട്ടുള്ള സ്റ്റാഫ് അംഗങ്ങൾക്ക് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ നൽകിയതിനുശേഷം പ്രസ്തുത വിവരങ്ങൾ ഇവരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയാൽ മാത്രമേ, പെൻഷൻ അപേക്ഷകളിൽ തുടർ നടപടികൾക്കായി അക്കൗണ്ടന്റ് ജനറലിന് കൈമാറുവാൻ സാധിക്കുകയുള്ളൂ.

(ഡി) നോൺ ഗസറ്റഡ് സ്റ്റാഫ് അംഗങ്ങൾക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ നൽകുവാൻ അടിയന്തര നടപടി കൈക്കൊള്ളുന്നതാണ്.

**പുതിയ അക്ഷയ കേന്ദ്രങ്ങൾ**

19 (3401) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് അർഹരായവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള പട്ടികയുടെ അടിസ്ഥാനത്തിൽ തന്നെയാണോ ഈ കേന്ദ്രങ്ങൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനായി ഏതെല്ലാം പ്രദേശത്ത് എത്ര അപേക്ഷ വീതം ലഭിച്ചു; അർഹത പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലെങ്കിൽ അപേക്ഷകരുടെ പേരു വിവരം വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്ന നടപടിക്രമങ്ങൾ ഏത് തീയതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; എന്താണ് കാലതാമസത്തിന് കാരണം; വിശദാംശം ലഭ്യമാക്കുമോ;

(ഡി) അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതിയുടെ സ്റ്റേ ഓർഡർ നിലവിലുണ്ടോ; സ്റ്റേ ഓർഡർ നീക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള റാങ്ക് പട്ടിക സംസ്ഥാനതലത്തിൽ തയ്യാറാക്കുന്നില്ല. ജില്ലാതലത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നത്.

(ബി) മലപ്പുറം ജില്ലയിലെ പെരുന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ കാലിക്കറ്റ് റോഡ് ബൈപ്പാസ്, പെരുന്തൽമണ്ണ ടൗൺ എന്നീ ലൊക്കേഷനുകളിലേയ്ക്ക് പുതിയ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 16 അപേക്ഷകൾ ലഭിച്ചിരുന്നു. ഈ അപേക്ഷകരിൽനിന്നും പ്രസ്തുത ലൊക്കേഷനുകളിലേയ്ക്ക് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് തയ്യാറാക്കിയ റാങ്ക് ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം-1* ആയി ചേർത്തിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ 155 ലൊക്കേഷനുകളിലേയ്ക്ക് അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവായെങ്കിലും അതിൽ 122 ലൊക്കേഷനുകളിലാണ് അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചത്. ഇതിൽത്തന്നെ 23 അക്ഷയ കേന്ദ്രങ്ങൾ സമയബന്ധിതമായി ജില്ലാ ഓഫീസിൽ രേഖകൾ സമർപ്പിക്കാത്തതിനാലാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രസ്തുത അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടത്. കൂടാതെ ആൾ കേരള അക്ഷയ എന്റർപ്രിണേഴ്സ് കോൺഫെഡറേഷൻ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനെതിരെ ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന W.P. (C) No. 6080/2016 മേൽ കോടതിയുടെ സ്റ്റേ ഉത്തരവ് നിലവിലുണ്ടായിരുന്നതും കാലതാമസത്തിന് കാരണമായിട്ടുണ്ട്. പ്രസ്തുത സ്റ്റേ 22-12-2016-ലെ വിധിന്യായത്തിലൂടെ ഹൈക്കോടതി പിൻവലിച്ചിട്ടുണ്ട്. ആയതിനാൽ, ബാക്കിയുള്ള 33 ലൊക്കേഷനുകളിലേയ്ക്ക് അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്ന നടപടിക്രമങ്ങൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ഇപ്പോൾ നിലവിലില്ല. ഉണ്ടായിരുന്ന സ്റ്റേ ഓർഡർ പിൻവലിച്ചതുമായി ബന്ധപ്പെട്ട് ഹൈക്കോടതി പുറപ്പെടുവിച്ച സമീപകാലത്തെ വിധിന്യായത്തിന്റെ പകർപ്പ് അനുബന്ധം 2* ആയി ചേർത്തിട്ടുണ്ട്.

**പമ്പ് ഓപ്പറേറ്റർമാരുടെ ഒഴിവിലേക്ക് പി.എസ്.സി. ഷോർട്ട് ലിസ്റ്റ്**

20 (3402) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ പമ്പ് ഓപ്പറേറ്റർമാരുടെ ഒഴിവിലേയ്ക്ക് പി.എസ്.സി. നടത്തിയ എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) അന്തിമ റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ; സംസ്ഥാനം ഗുരുതരമായ വരൾച്ചയിലേയ്ക്ക് നീങ്ങുന്ന അവസരത്തിൽ ഈ നിയമനം ത്വരിതപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 555

(സി) റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എച്ച്.എസ്.എസ്.റ്റി. ജൂനിയർ കോമേഴ്സ് തസ്തിക

21 (3403) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്. എസ്. എസ്. റ്റി. സീനിയർ കോമേഴ്സ്, എച്ച്. എസ്. എസ്. റ്റി. ജൂനിയർ കോമേഴ്സ്, എൻ. വി. റ്റി. കോമേഴ്സ് സീനിയർ എന്നിവയ്ക്ക് പി. എസ്. സി. പരീക്ഷ നടത്തുകയും ഈ ലിസ്റ്റുകളിൽ ഉൾപ്പെട്ടിരിക്കുന്നത് ഒരേ ആൾക്കാർ ആണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി. എസ്. സി.-യുടെ എച്ച്. എസ്. എസ്. റ്റി. കോമേഴ്സ് ജൂനിയർ ലിസ്റ്റ് നിലവിലുണ്ടായിട്ടും ഈ ഒഴിവുകളിൽ നിയമനം നടത്താത്തത് എന്തുകൊണ്ടാണ്;

(സി) എച്ച്. എസ്. എസ്. റ്റി. കോമേഴ്സ് ജൂനിയറിന് വേണ്ടിയുള്ള ബൈ പ്രൊമോഷൻ എൽ. പി. എസ്. എ., എച്ച്. എസ്. എ., യു. പി. എസ്. എ. ലിസ്റ്റ് നിലവിലുണ്ടോ; എച്ച്. എസ്. എസ്. റ്റി. കോമേഴ്സ് ജൂനിയർ പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ കോമേഴ്സ് (ജൂനിയർ) തസ്തികയുടെ റാങ്ക് പട്ടികയിൽനിന്നും 445 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് ജൂനിയറിന് വേണ്ടിയുള്ള ബൈ പ്രൊമോഷൻ നിയമനത്തിന് എച്ച്.എസ്.എ.-മാരുടെ ലിസ്റ്റ് നിലവിലില്ല. എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് ജൂനിയർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ടി റാങ്ക് ലിസ്റ്റിന്റെ കാലാവധി 2-9-2017-ന് അവസാനിക്കും.

## കോമൺപൂൾ ലൈബ്രേറിയൻ ചോദ്യപേപ്പർ ചോർച്ച

22 (3404) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഡിസംബർ 1-ന് പി.എസ്.സി. നടത്തിയ കോമൺപൂൾ ലൈബ്രേറിയൻ (ഗ്രേഡ് 4) പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ അന്വേഷണം നടത്തിയോ; കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചോ;

(ബി) പ്രസ്തുത പരീക്ഷ റദ്ദ് ചെയ്ത് പുനഃപരീക്ഷ നടത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.പി.എസ്.സി. വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ വകുപ്പുതല നടപടികൾ കൈക്കൊള്ളുന്നതിന് അതത് വകുപ്പുകളോടും ക്രിമിനൽ കേസ്സെടുക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഫറോക്ക് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 180/17/US420R/W34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

(ബി) പുനഃപരീക്ഷ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ആശ്രിത നിയമനം**

23 (3405) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷം ആശ്രിത നിയമനം നടന്നിട്ടില്ലെന്നത് ശരിയാണോ;

(ബി) എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ആശ്രിത നിയമനത്തിനുള്ള എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അല്ല.

(ബി) ബാധകമല്ല.

(സി) ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും വിവരം ശേഖരിച്ചുവരികയാണ്.

**ധനഭവൻ**

24 (3406) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിനെ ഉൾക്കൊള്ളിക്കുവാൻ ധനഭവൻ എന്ന പേരിൽ ആരംഭിച്ച സെക്രട്ടേറിയറ്റിന്റെ പുതിയ അനക്സ് മന്ദിരത്തിൽ ധനകാര്യ വകുപ്പിന്റെ മുഴുവൻ സെക്ഷനുകളെയും ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടിക്രമം ഏത് ഘട്ടത്തിലാണ്;

(ബി) പുതിയ അനക്സ് മന്ദിരം പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ വകുപ്പിന്റെ വിവിധ വകുപ്പുകളെ ഇതിലേയ്ക്ക് മാറ്റി സ്ഥാപിക്കാത്തതിന്റെ കാരണമെന്താണ്;

(സി) 2014-15, 2015-16 എന്നീ വർഷങ്ങളിൽ വാടകയിനത്തിൽ എന്ത് തുക ചെലവായി എന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സെക്രട്ടേറിയറ്റിനുള്ളിൽ പുതിയതായി പ്രവർത്തനം ആരംഭിച്ച സെക്രട്ടേറിയറ്റിതര സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഈ സ്ഥാപനങ്ങൾക്ക് സെക്രട്ടേറിയറ്റിനുള്ളിൽ സ്ഥലം നൽകുവാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സെക്രട്ടേറിയറ്റിന്റെ പുതിയ അനക്സ് മന്ദിരത്തിൽ ഏതൊക്കെ വകുപ്പുകളെ ഉൾക്കൊള്ളിക്കാമെന്നത് സംബന്ധിച്ച് പിന്നീട് തീരുമാനിക്കാം എന്ന ധാരണയിലാണ് ഭരണാനുമതി നൽകിയിരുന്നത്. പിന്നീട് അനക്സ് II-ലേയ്ക്ക് വകുപ്പുകൾ മാറ്റാൻ തീരുമാനിച്ചപ്പോൾ ധനവകുപ്പിനെ ഉൾപ്പെടുത്തിയിരുന്നില്ല. മെയിൻ കെട്ടിടത്തിൽനിന്നും വിവിധ വകുപ്പുകൾ മാറിയതിലൂടെ ഒഴിവ് വന്ന സ്ഥലങ്ങൾ ധനകാര്യ വകുപ്പിനും സ്ഥലപരിമിതി നേരിടുന്ന മറ്റ് വകുപ്പുകൾക്കും ആവശ്യാനുസരണം അനുവദിച്ചുവരുന്നു.

(സി) 2014-15 - 11,50,962 രൂപ (നികുതി ഉൾപ്പെടെ)

2015-16 - 11,64,257 രൂപ (നികുതി ഉൾപ്പെടെ)

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സെക്രട്ടേറിയറ്റ് ഇതര സ്ഥാപനങ്ങൾ പുതുതായി ഒന്നും സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്നില്ല.

**കോട്ടയം ജില്ലയിലെ എൽ.ഡി.സി. വേരിയസ് ഡിപ്പാർട്ട്മെന്റ് നിയമനം**

25 (3407) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-3-2015-ന് പ്രസിദ്ധീകരിച്ച എൽ.ഡി.സി. വേരിയസ് ഡിപ്പാർട്ട്മെന്റ് മെയിൻ ലിസ്റ്റിൽ എത്ര ആളുകൾക്ക് നിയമനം നൽകി; അതിൽ പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവർ എത്ര; മെയിൻ ലിസ്റ്റിന്റെ കാലാവധി എന്നു തീരും; പ്രസ്തുത റാങ്ക് ലിസ്റ്റിൽ സപ്ലിമെന്ററി ആയി എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത്; അതിൽ എസ്.സി., എസ്.റ്റി. ഉദ്യോഗാർത്ഥികളുടെ പേര് വിവരങ്ങൾ നൽകാമോ; നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട റാങ്ക് ഹോൾഡേഴ്സിന് മെയിൻ/ സപ്ലിമെന്ററി ലിസ്റ്റിൽ നിന്ന് നിയമന സാധ്യതയുണ്ടോ;

(ബി) ഈ ലിസ്റ്റിൽനിന്ന് നിയമനം നടത്താൻ കോട്ടയം ജില്ലയിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യാത്ത വേക്കൻസികൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിൽ എൽ.ഡി.സി. തസ്തികയിൽ 315 പേർക്ക് നിയമന ശിപാർശ നൽകി. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 19 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5 പേർക്കും നിയമന ശിപാർശ നൽകി. ടി തസ്തികയുടെ സപ്ലിമെന്ററി ലിസ്റ്റിൽ 1094 പേർ ഉൾപ്പെട്ടിട്ടുണ്ട്. അതിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരുടെ പേര് വിവരം അനുബന്ധമായി* ചേർക്കുന്നു. ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

(ബി) നിലവിൽ 29 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുകൾ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ ഒരു പുതിയ സോഫ്റ്റ്‌വെയർ VARAM (Vacancy Arising Reporting and Monitoring system) വികസിപ്പിച്ചിട്ടുണ്ട്. നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 28-2-2017-ന് മുമ്പ് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേർന്ന് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുറത്ത് പോകേണ്ടിവരുന്ന ജീവനക്കാർക്ക് പുനർനിയമനം**

26 (3408) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതല പി.എസ്.സി. ഓഫീസ് മുഖേന സർക്കാർ നിയമനം ലഭിച്ച ജീവനക്കാർക്ക് അവരുടേതല്ലാത്ത കാരണത്താൽ പുറത്ത് പോകേണ്ടിവരുന്ന സാഹചര്യത്തിൽ പുനർ നിയമനം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്;

(ബി) മറ്റ് ജോലികൾ ചെയ്ത് കുടുംബം പോറ്റാൻ ശാരീരികമായി പറ്റാത്ത വികലാംഗരായവർ, വകുപ്പുകളിൽ ബന്ധപ്പെട്ട തസ്തികയിൽ ഒഴിവ് ഇല്ലെന്ന കാരണത്താൽ പുറത്ത് പോകേണ്ടിവരുമ്പോൾ ഇവരുടെ ശാരീരിക സ്ഥിതി പരിഗണിച്ച് അതേ തസ്തികയിൽ സംസ്ഥാനതലത്തിൽ ഉണ്ടാകാവുന്ന ഒഴിവുകളിൽ നിയമനത്തിന് പരിഗണന നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഒഴിവില്ലാതെ പുറത്ത് പോകേണ്ടിവരുന്ന വികലാംഗരായ ജീവനക്കാർക്ക് ഈ സാഹചര്യം ഒഴിവാക്കി പരിരക്ഷ നൽകുന്നതിനുള്ള നടപടികൾ പ്രത്യേകമായി പരിഗണിക്കുമോ;

(ഡി) സംസ്ഥാന ഫിഷറീസ് വകുപ്പിൽ ഡയറക്ടറേറ്റിൽ നിന്നും ഇത്തരത്തിൽ പുറത്ത് പോകേണ്ടിവന്ന ബൈന്റർ ഗ്രേഡ് II ജോലി നോക്കിയ ശ്രീ. അനസ്, പള്ളിവേട്ട ആര്യനാടിന്റെ ഇത് സംബന്ധിച്ച നിവേദനം വികലാംഗനെന്ന പരിഗണന നൽകി പ്രത്യേകമായി പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ-സി) 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം II ചട്ടം 7 (a) പ്രകാരം ഒരു തസ്തികയിൽ ഒഴിവില്ലാത്ത സാഹചര്യത്തിൽ ആദ്യം ജൂനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പ്രൊബേഷണറെയും പിന്നീട് അപ്രൂവ്ഡ് പ്രൊബേഷണറെയും സർവ്വീസിൽനിന്നും പുറത്താക്കാവുന്നതാണ്. പ്രസ്തുത തസ്തികയിൽ ഒഴിവ് ലഭ്യമാകുന്ന വേളയിൽ ഇത്തരത്തിൽ പുറത്താക്കിയവർക്ക് അവരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ചട്ടം 7(b) പ്രകാരം പുനർനിയമനം നൽകുന്നതാണ്. പ്രസ്തുത ചട്ടത്തിൽ വികലാംഗർക്ക് മാത്രമായി പരിഗണന നൽകാൻ നിലവിൽ വ്യവസ്ഥയില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**കോബ്ലർ റാങ്ക് പട്ടിക**

27 (3409) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കാറ്റഗറി നമ്പർ 225/09 പ്രകാരം അപേക്ഷ ക്ഷണിച്ച മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പിലെ കോബ്ലർ പോസ്റ്റിന്റെ റാങ്ക് പട്ടിക നിലവിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ലിസ്റ്റിൽ നിന്നും എത്ര നിയമനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ റാങ്ക് പട്ടിക എന്ന് പ്രസിദ്ധീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല. പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ദേശീയപാത വികസനം

28 (3410) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ സർവ്വകക്ഷി യോഗം വിളിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത യോഗത്തിൽ 45 മീറ്റർ വീതിയിൽ ദേശീയപാതാ നിർമ്മാണം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച സർക്കാർ നയം എന്താണെന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത വിഷയത്തിൽ സർവ്വകക്ഷി യോഗങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല.

(സി) NHDP Phase II & III പ്രകാരം ദേശീയ പാതകൾ സർവ്വീസ് റോഡോടുകൂടിയ 6 വരി/4 വരിപ്പാതയായി വികസിപ്പിക്കുന്നതിന് കുറഞ്ഞത് 60 മീറ്റർ റൈറ്റ് ഓഫ് വേ (RoW) ആണ് മാനദണ്ഡങ്ങൾ പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര മന്ത്രാലയം ഇത് 45 മീറ്റർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇത് നിലവിൽ അംഗീകരിച്ചിട്ടുള്ളതാണ്.

## സൂപ്പർന്യൂമററി നിയമനങ്ങൾ

29 (3411) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നടത്തിയ നിയമനങ്ങൾ സംബന്ധിച്ച് വകുപ്പുതല വിവരം ലഭ്യമാക്കുമോ; ഓരോ വകുപ്പിലും എത്ര നിയമനങ്ങൾ വീതം നടത്തിയിട്ടുണ്ട്;

(ബി) ഈ നിയമനങ്ങൾ ലഭിച്ച ഉദ്യോഗാർത്ഥികളെ സ്ഥിരം തസ്തിക നിയമനങ്ങളിലേയ്ക്ക് പരിഗണിക്കുന്നില്ലെന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി**

30 (3412) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 മേയ് 31-ന് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്നും എത്ര ജീവനക്കാർ വിരമിക്കുന്നുണ്ട്; ജില്ല, തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് മുൻകൂറായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആലപ്പുഴ ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; 2017 വർഷം പ്രതീക്ഷിക്കാവുന്ന ഒഴിവുകൾ എത്രയാണ്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 31 ജീവനക്കാർ വിരമിക്കുന്നുണ്ട്. ജില്ല, തസ്തിക തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവ് പ്രതീക്ഷിത ഒഴിവായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് ഒഴിവുകളെല്ലാം ഉദ്യോഗക്കയറ്റം മുഖേനയാണ് നികത്തുന്നത്.

(സി) 12 പേരെ നിയമിച്ചിട്ടുണ്ട്. 2017-ൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് - 2 തസ്തികയിൽ വിരമിക്കൽമൂലം ജില്ലയിൽ ഒഴിവുകൾ ഉണ്ടാകുന്നില്ല.

**'പെൻഷൻ പ്രായം ഏകീകരണം'**

31 (3413) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഏകീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി വേണ്ട പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജീവനക്കാരുടെ പെൻഷൻ പ്രായം മറ്റ് സംസ്ഥാനങ്ങളിലേത് പോലെ ഏകീകരിക്കുന്നതുകൊണ്ട് തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുമെന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സംസ്ഥാനത്ത് ഈ വർഷം ഉണ്ടാകാവുന്ന മുഴുവൻ ഒഴിവുകളും, മുൻകൂട്ടി നിയമനത്തിനായി പി.എസ്.സി.-ക്ക് ശിപാർശ ചെയ്യാമോ?

<u>ഉത്തരം</u>

(എ) പെൻഷൻ പ്രായം ഏകീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി&സി) പ്രസക്തമല്ല.

**ഫോറസ്റ്റ് ഗാർഡ് നിയമനം**

32 (3414) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് ഗാർഡ് നിയമനത്തിൽ സംവരണം അട്ടിമറിച്ചതായി ദീപു പി. പ്രസന്നൻ (പാറപ്പള്ളിൽ വീട്, കണിമല പി.ഒ., എരുമേലി) 2-6-2016-ൽ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത വിഷയത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ (2600/A4/2015/KTM/KSCSCST) അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിയമനത്തിൽ സംവരണ തത്വം നടപ്പിലാക്കേണ്ടത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആയതിനാൽ ടിയാൻ 2-6-2016-ൽ മുഖ്യമന്ത്രിക്ക് നൽകിയ പരാതി അനന്തര നടപടി സ്വീകരിക്കുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അയച്ചുകൊടുത്തിരുന്നു.

(ബി) കോട്ടയം ജില്ലയിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ കോട്ടയം ജില്ലാ ഓഫീസ് 8-4-2010 തീയതി പ്രാബല്യത്തിൽ പ്രസിദ്ധീകരിച്ച് 8-10-2014-ൽ കാലാവധി അവസാനിച്ചതും റദ്ദ് ചെയ്തതുമായ (കാറ്റഗറി നമ്പർ 55/2008) റാങ്ക് ലിസ്റ്റിൽ ശ്രീ. ദീപു പി.പ്രസന്നൻ പട്ടികവർഗ്ഗ വിഭാഗത്തിനായുള്ള സപ്ലിമെന്ററി ലിസ്റ്റിൽ രണ്ടാം സ്ഥാനം നേടുകയുണ്ടായി. ഈ റാങ്ക് പട്ടികയിൽനിന്നും ആകെ 64

ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശിപാർശ ചെയ്തിരുന്നു. റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ അടുത്ത ഊഴം (92 ST) നികത്തുന്നതിനാവശ്യമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാലാണ് പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികൾ നിയമന ശിപാർശകൾക്ക് പരിഗണിക്കപ്പെടാതിരുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഊഴം നികത്തുന്നതിനാവശ്യമായ ഒഴിവുകൾ റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ ലഭിച്ചിരുന്നുവെങ്കിൽക്കൂടി ടി വിഭാഗത്തിൽ ഒന്നാം റാങ്കുകാരനായ ശ്രീ. അജേഷ് കെ. വി. എന്ന ഉദ്യോഗാർത്ഥിക്കായിരുന്നു നിയമന ശിപാർശ നൽകേണ്ടിയിരുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷന്റെ 8-2-2016-ലെ 2600/A4/2015/KTM/KSCSCST നമ്പർ ഉത്തരവ് പ്രകാരം ശ്രീ. ദീപു പി. പ്രസന്നന് ടി റാങ്ക് പട്ടികയിൽനിന്നും അർഹതപ്പെട്ട റൊട്ടേഷനും നിയമനത്തിനുള്ള അർഹത, NJD ഒഴിവുകൾ ഉണ്ടോയെന്നതിന്റെയും അടിസ്ഥാനത്തിൽ ഒന്നുകൂടി പരിശോധിച്ച് തീരുമാനമെടുക്കുവാൻ പി.എസ്.സി. കോട്ടയം ജില്ലാ ഓഫീസറെ ചുമതലപ്പെടുത്തുകയുണ്ടായി. എന്നാൽ ടിയാളെ നിയമന ശിപാർശ ചെയ്യുന്നതിനാവശ്യമായ ഒഴിവ് (NJD ഉൾപ്പെടെയുള്ള ഒഴിവുകൾ) ടി റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ കമ്മീഷന്റെ നിലവിലെ സംവരണ മാനദണ്ഡങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ട്, ഇക്കാര്യം പുനഃപരിശോധിക്കുവാൻ നിർവ്വാഹമില്ലാത്തതാണ്.

**പ്രതിപക്ഷനേതാവിന്റെ ഔദ്യോഗിക യാത്രയ്ക്കായി ചെലവഴിച്ച തുക**

33 (3415) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക യാത്രയ്ക്കായി നാളിതുവരെ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തിന് പുറത്ത് നടത്തിയ ഔദ്യോഗിക യാത്രകൾ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) ബഹു. പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല നടത്തിയ യാത്രകളുമായി ബന്ധപ്പെട്ട് റ്റി.എ., ഡി.എ. ഇനത്തിൽ നാളിതുവരെ 3,18,750 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വിമാനയാത്രാക്കൂലി ഇനത്തിൽ ഇതുവരെ സമർപ്പിക്കപ്പെട്ട 1,91,448 രൂപയുടെ ക്ലെയിമുകളിൽ 13,393 രൂപ റീഇംബേഴ്സ് ചെയ്ത് നൽകിയിട്ടുണ്ട്.

(ബി) ഡൽഹിയിലേയ്ക്ക് 6 യാത്രകളും ചെന്നൈയിലേയ്ക്ക് ഒരു യാത്രയും നടത്തുകയുണ്ടായി.

**ജനസാന്ത്വന ഫണ്ട്**

34 (3416) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ടിൽ നിന്ന് എന്തെല്ലാം ആവശ്യങ്ങൾക്കാണ് ധനസഹായം നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) ധനസഹായത്തിനായുള്ള അപേക്ഷ ലഭിച്ചതിന് ശേഷമുള്ള ഭരണപരമായ നടപടിക്രമങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ അടിയന്തരമായി നടപ്പാക്കേണ്ടതായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പൊതുജീവിതത്തിന് അത്യന്താപേക്ഷിതമായിട്ടുള്ള പൊതുസ്ഥാപനങ്ങളുടെ അടിയന്തരമായ പുനരുദ്ധാരണം നടപ്പിലാക്കുക, സാമ്പത്തിക പ്രശ്നങ്ങളാൽ ജീവിതം വഴിമുട്ടിയവർക്ക് സമാശ്വാസ ധനസഹായം നൽകുക, ഗൃഹനാഥൻ മരണപ്പെടുകയോ/ശയ്യാവലംബരാകുകയോ ചെയ്തതുമൂലം ദുരിതം അനുഭവിക്കുന്നതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ കുടുംബങ്ങൾക്ക് ഉപജീവനത്തിനായി തൊഴിൽ പരിശീലനത്തോടെയുള്ള ജീവിതമാർഗ്ഗം ഒരുക്കുക, തലചായ്ക്കാൻ സ്വന്തമായി ഇടമില്ലാത്തവർ, വിധവകൾ, അഗതികളായ വൃദ്ധരും തൊഴിൽ ചെയ്ത് ജീവിക്കാൻ കഴിവില്ലാത്തവരുമായിട്ടുള്ളവർ, മാറാരോഗികൾ, ഏതെങ്കിലും തരത്തിലുള്ള പീഡനങ്ങൾ ഏൽക്കേണ്ടിവന്നവർ, പുറംപോക്കിൽ താമസിക്കുന്നവർ തുടങ്ങിയവരെ പുനരധിവസിപ്പിക്കുക, നിർദ്ധനരായിട്ടുള്ളവരുടെ ശോചനീയാവസ്ഥയിലായ വീടുകളുടെ പുനർനിർമ്മാണം, അങ്കണവാടികൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ തുടങ്ങിയ പൊതുജനോപകാര പ്രവർത്തനങ്ങൾക്കാണ് ഈ ഫണ്ട് വിനിയോഗിക്കുന്നത്. സമൂഹത്തിൽ വിവിധ കാരണങ്ങളാൽ പാർശ്വവത്കരിക്കപ്പെട്ടവരും ഒറ്റപ്പെട്ടവരുമായ വ്യക്തികൾക്ക് നേരിട്ടും/സന്നദ്ധസംഘടനകൾക്കും/സ്ഥാപനങ്ങൾക്കും ധനസഹായവും ഈ ഫണ്ടിൽനിന്നും അനുവദിക്കും.

(മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ടുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവ് ജി.ഒ.(പി) നമ്പർ 01/2017/ധന തീയതി 4-1-2017 ഇതോടൊപ്പം അനുബന്ധം ചെയ്യുന്നു*.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മുഖ്യമന്ത്രി/ധനകാര്യ വകുപ്പുമന്ത്രി/ചീഫ്സെക്രട്ടറി/ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർക്ക് ലഭിക്കുന്ന അപേക്ഷകൾ ധനകാര്യ (ഫണ്ട്സ്) വകുപ്പിൽനിന്നും അതാത് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടിനായി അയയ്ക്കുന്നതാണ്. ആയതിന്മേൽ വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടർമാർ പത്ത് ദിവസത്തിനുള്ളിൽ ലഭ്യമാക്കേണ്ടതാണ്. സഹായധനം/വീട് നിർമ്മാണം എന്നിങ്ങനെയുള്ള അപേക്ഷകളിന്മേൽ അപേക്ഷകന്റെ അപേക്ഷാ തീയതിക്ക് മുമ്പുള്ള ആറ് മാസത്തെ വരുമാന വിവരംകൂടി ഉൾപ്പെടുത്തിയുള്ള റിപ്പോർട്ടാണ് നൽകേണ്ടത്. സമാനമായ ആവശ്യത്തിന് അപേക്ഷകന് സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾ/സന്നദ്ധ സംഘടനകൾ എന്നിവിടങ്ങളിൽനിന്നും മുമ്പ് സഹായം ലഭിച്ചിട്ടില്ലെന്നും ഇപ്പോൾ സഹായം അനിവാര്യമാണെന്നും കളക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ജില്ലാ കളക്ടർമാർക്ക് നേരിട്ട് ലഭിക്കുന്ന അപേക്ഷകളിന്മേൽ മേൽപ്പറഞ്ഞിട്ടുള്ള റിപ്പോർട്ടുകൂടി ഉൾപ്പെടുത്തിവേണം ധനകാര്യ വകുപ്പിന് അപേക്ഷ കൈമാറേണ്ടത്. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി/മന്ത്രിസഭയുടെ ഉത്തരവിന് വിധേയമായി അർഹമായ ധനസഹായം, ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ സംവിധാനത്തിലൂടെ ഗുണഭോക്താവിന്റെ ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ടിലേയ്ക്ക് ധനകാര്യ വകുപ്പിൽനിന്നും അനുവദിച്ച് നൽകുന്നതാണ്. അപേക്ഷ സമർപ്പിക്കപ്പെട്ട് ഒരു മാസത്തിനുള്ളിൽത്തന്നെ സഹായം ഗുണഭോക്താവിന് ലഭ്യമായിട്ടുണ്ടെന്ന് ബന്ധപ്പെട്ട ധനകാര്യ വകുപ്പ് ഉറപ്പുവരുത്തും. ഇതുമായി ബന്ധപ്പെട്ടുള്ള ഏതെങ്കിലും നടപടികളുടെ ഫയൽ വൈകിപ്പിക്കുകയോ നടപടികളിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ജനസാന്ത്വന ഫണ്ടിൽനിന്നും വ്യക്തികൾക്ക് സ്ഥലം വാങ്ങുന്നതിനോ വീട് വയ്ക്കുന്നതിനോ ധനസഹായം അനുവദിക്കുന്നപക്ഷം ഗുണഭോക്താവ് പ്രസ്തുത വസ്തുവകകൾ പന്ത്രണ്ട് വർഷത്തേയ്ക്ക് ക്രയവിക്രയം ചെയ്യാതിരിക്കാൻ വേണ്ട നടപടികൾ റവന്യൂ അധികൃതർ കൈക്കൊള്ളേണ്ടതാണ്.

(മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ടുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവ് ജി.ഒ.(പി) നമ്പർ 01/2017/ധന തീയതി 4-1-2017 ഇതോടൊപ്പം അനുബന്ധം* ചെയ്യുന്നു.)

**സർവ്വീസ് സംഘടനകളുടെ അംഗീകാരം**

35 (3417) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ചില സർവ്വീസ് സംഘടനകൾക്ക് അംഗീകാരം നൽകിയിരിക്കുന്നത് കോൺടക്റ്റ് റൂൾ 77-ലെ നോട്ട് 1 പരിഗണിച്ചാണോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇല്ലെങ്കിൽ അംഗീകാരം നൽകിയതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത അംഗീകാരത്തിന്റെ രേഖകൾ ലഭ്യമാക്കാമോ;

(ബി) അംഗീകാരമുള്ള സർവ്വീസ് സംഘടനകൾക്ക് എത്ര തുക ഗ്രാന്റായി അനുവദിച്ചിട്ടുണ്ടെന്നും ഓരോ സംഘടനകൾക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ; ഇവർക്ക് അംഗീകാരം നൽകിയതിന്റെ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**സ്റ്റേറ്റ്-സബോർഡിനേറ്റ് സർവ്വീസുകളിലെ നിയമനം**

36 (3418) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് സർവ്വീസിലും, സബോർഡിനേറ്റ് സർവ്വീസിലും വിവിധ തസ്തികകളിൽ തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ നടത്തിവരുന്ന നിയമനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ചുരുങ്ങിയ കാലത്തേയ്ക്ക് മാത്രം അടിയന്തര ആവശ്യത്തിലേയ്ക്കായി നിയമിക്കാവുന്ന അവസരം മറയാക്കിയാണ് മാനദണ്ഡങ്ങൾ പാലിക്കാതെ വർഷങ്ങളായി നിയമനവും പുനർനിയമനവും നടത്തുന്നതെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികകളിലേയ്ക്ക് യോഗ്യത നേടിയിട്ടുള്ള പതിനായിരങ്ങൾ പുറത്തു നിൽക്കുകയും പലതസ്തികകളിലും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുകയും എംപ്ലോയ്മെന്റ് എക്സചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്ത് കാൽനൂറ്റാണ്ടിലധികമായി അവസരം കാത്തിരിക്കുന്നവർ നിലനിൽക്കുമ്പോഴും അവരെ മറികടന്ന് താൽക്കാലിക നിയമനങ്ങൾ നടത്തുന്നത് ഗൗരവമായിക്കാണുമോ;

(ഡി) മാനദണ്ഡങ്ങൾ പാലിക്കാതെ നിയമനവും, പുനർനിയമനവും നേടുന്നവരെ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേരു രജിസ്റ്റർ ചെയ്ത് കാലാകാലങ്ങളിൽ രജിസ്ട്രേഷൻ പുതുക്കി തൊഴിലവസരം പ്രതീക്ഷിച്ചിരിക്കുകയും ,പതിറ്റാണ്ടുകൾക്ക് ശേഷം പ്രായപരിധി കഴിഞ്ഞ് രജിസ്ട്രേഷൻ ക്യാൻസലായി നിരാശരായിത്തീരുന്നവരുടെയും അവസ്ഥ അനുഭാവപൂർവ്വം പരിഗണിക്കുമോ;

സർക്കാർ സർവ്വീസുകളിൽ ആറുമാസത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ തുടർന്നുവരുന്ന എല്ലാ നിയമനങ്ങളും റദ്ദ് ചെയ്ത് ,എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ -ഇ) വിവരം ശേഖരിച്ചുവരുന്നു.

**പത്തനംതിട്ട ജില്ലയിലെ നിയമനങ്ങൾ**

37 (3419) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പത്തനംതിട്ട ജില്ലയിൽ മാത്രം പി.എസ്. സി. മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുകഴിഞ്ഞോ; ഇല്ലെങ്കിൽ തടസ്സം എന്താണ് എന്ന് അറിയിക്കുമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് പരിശോധിക്കാൻ നിയോഗിച്ച പി. ആന്റ് എ. ആർ. ഡി, എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതായി കണ്ടെത്തിയിട്ടുണ്ട്; റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെതിരെ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 31-1-2017 വരെ പത്തനംതിട്ട ജില്ലയിൽ ആകെ 1060 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വകുപ്പുകളിലെ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വിവിധ സർക്കുലറുകൾ മുഖേന വകുപ്പദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാതെയുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിരുന്നു.

(സി) 2016 ഡിസംബർ 31-ന് കാലാവധി തീർന്ന റാങ്ക് ലിസ്റ്റുകളിലെ ഒഴിവുകൾ കണ്ടെത്തുന്നതിനായി ഡിസംബർ മാസത്തിൽ പത്തനംതിട്ട ജില്ലയിലെ

വിവിധ സർക്കാർ ഓഫീസുകളിൽ നടത്തിയ ആകസ്മിക പരിശോധനയുടെ ഭാഗമായി 74 ഒഴിവുകൾ കണ്ടെത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കാലാകാലം നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കുമെന്ന് ബന്ധപ്പെട്ട സർക്കുലറുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

**സർക്കാർ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടി**

38 (3420) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനായി 30-3-1985, 16-7-2015, 4-8-2015 എന്നീ തീയതികളിലെ സർക്കുലറുകൾ പ്രകാരം വിവിധ നിർദ്ദേശങ്ങളും നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

അപേക്ഷകൾ/പരാതികൾ/നിവേദനങ്ങൾ എന്നിവയ്ക്ക് ഒരാഴ്ചയ്ക്കകം കൈപ്പറ്റ് രസീത് നൽകുവാനും അപേക്ഷ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഒരു മാസത്തിനുള്ളിലും അന്തിമ തീർപ്പ് മൂന്ന് മാസത്തിനുള്ളിലും അപേക്ഷകന് നൽകണമെന്നും നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അദ്ധ്യക്ഷൻമാർ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും കർശന നിർദ്ദേശം എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും വകുപ്പ് തലവൻമാർക്കും ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്. പഞ്ചദിന ചട്ടം, സേവനാവകാശം, വിവരാവകാശം, ഇ-ഓഫീസ് സംവിധാനം, പേഴ്സണൽ രജിസ്റ്ററുകളുടെയും അനുബന്ധ രജിസ്റ്ററുകളുടെയും കർശനമായ പരിശോധന, ഫയലുകളുടെ പ്രതിമാസ പ്രവർത്തന അവലോകനം, ഓരോ വകുപ്പിലും, സെക്ഷനുകളിലും സീറ്റുകളിലും ജോലിഭാരംമൂലം ഫയൽ കെട്ടിക്കിടക്കുന്നതിന് കാരണമുണ്ടെങ്കിൽ അക്കാര്യം ഉന്നതതലത്തിൽ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിനുള്ള നിർദ്ദേശം എന്നിവയെല്ലാം സമയബന്ധിതമായി ഫയൽ തീർപ്പുകൽപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളാണ്. കൂടാതെ സെക്രട്ടേറിയറ്റിൽ മുഴുവൻ ഫയലുകളുടെ നീക്കവും ഇ-ഓഫീസ് മുഖാന്തരം

നടപ്പിലാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ ഫയൽ നീക്കത്തിലുണ്ടാകുന്ന കാലതാമസം ഗണ്യമായി കുറയ്ക്കുവാനും സാധിക്കുന്നുണ്ട്.

**സർക്കാർ സർവ്വീസിൽ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം**

39 (3422) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിനായി റിസർവ് ചെയ്തിട്ടുള്ള തസ്തികകളിൽ സമയബന്ധിതമായി നിയമനം നടക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനുള്ള ക്രമീകരണങ്ങൾ എന്താണ്;

(സി) എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കുവാൻ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ വകുപ്പുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 10% സംവരണം ഉറപ്പാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളിലെ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തികകളിലെ ജീവനക്കാരുടെ എണ്ണം ഓരോ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി അവലോകനം ചെയ്യുകയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാതിനിധ്യക്കുറവ് കാണുന്ന വകുപ്പുകളിൽ മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനാവശ്യമായ തസ്തികകൾ കണ്ടെത്തി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്നതിനായി റിസർവ് ചെയ്യുകയും ചെയ്യുന്നു.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി റിസർവ് ചെയ്ത് നൽകിയ തസ്തികകളിൽ വകുപ്പുകൾ യഥാസമയം നിയമനം നടത്തുന്നുണ്ടോ എന്ന കാര്യം ഓരോ മൂന്ന് മാസം കൂടുമ്പോഴും സർക്കാർ റിവ്യൂ ചെയ്യുന്നുണ്ട്. കൂടാതെ റിസർവ് ചെയ്ത് നൽകിയ തസ്തികകളിൽ നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഇടയ്ക്കിടെ അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുകയും നിയമന നടപടികൾ വേഗത്തിലാക്കാൻ നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തിക

40 (3423) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമനത്തിനായി കാറ്റഗറി 551/2014 നമ്പർ പ്രകാരം 29-7-2015 -ന് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചുവെങ്കിലും ഇതുവരെ അഭിമുഖവും മറ്റ് തുടർനടപടികളും സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ (കാറ്റഗറി നമ്പർ 551/2014) ചുരുക്കപ്പട്ടിക 29-7-2015-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ടി തസ്തികയുടെ ചുരുക്കപ്പട്ടിക സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പരാതികൾ, കോടതി ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടികയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തേണ്ടിവന്നിട്ടുണ്ട്. കൂടാതെ ഉദ്യോഗാർത്ഥികൾ ഹാജരാക്കിയ പരിചയ സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് അനുഭവപ്പെട്ട ബുദ്ധിമുട്ട്, ചില ഉദ്യോഗാർത്ഥികൾ ഹാജരാക്കിയ പരിചയ സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ആയവ വീണ്ടും പരിശോധിക്കേണ്ടിവന്നത് തുടങ്ങിയ കാരണങ്ങളാലാണ് തുടർ നടപടികൾ വൈകിയത്.

ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവരിൽനിന്നും യോഗ്യരായവരെ ഉൾപ്പെടുത്തി 2017 ഏപ്രിൽ മാസത്തോടുകൂടി അഭിമുഖ പരീക്ഷ പൂർത്തിയാക്കി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ പി.എസ്.സി. തുടർനടപടികൾ കൈക്കൊണ്ടുവരികയാണ്.

## ജനസമ്പർക്ക പരിപാടിക്ക് വന്ന ചെലവ്

41 (3424) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ജില്ലകളിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ജനസമ്പർക്ക പരിപാടി നടന്നു;

(ബി) ഓരോ ജില്ലയിലും എത്ര അപേക്ഷകൾ ലഭിച്ചു; എത്ര അപേക്ഷകൾ തീർപ്പാക്കി; ഓരോ ജില്ലയിലെയും കണക്ക് പ്രത്യേകം വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലയിലും ജനസമ്പർക്ക പരിപാടി നടത്തുന്നതിന് ചെലവായ തുക എത്രയെന്ന് പ്രത്യേകം വ്യക്തമാക്കുമോ;

(ഡി) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടന്ന ജന സമ്പർക്ക പരിപാടിക്ക് ഓരോ ജില്ലയിലും എത്ര രൂപ ചെലവ് വന്നിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

(ഇ) യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടന്ന ജനസമ്പർക്ക പരിപാടിക്ക് ചെലവായ തുകയേക്കാൾ വളരെ കുറച്ചു തുക മാത്രം ചെലവഴിച്ചു നടത്തിയ ജനസമ്പർക്ക പരിപാടി അടുത്ത വർഷവും തുടർച്ചയായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ജനസമ്പർക്ക പരിപാടി നടത്തിയിട്ടുണ്ട്.

(ബി&സി) ഓരോ ജില്ലയിലും ലഭിച്ച അപേക്ഷകൾ, തീർപ്പാക്കിയവ, ചെലവായ തുക അനുബന്ധം I-ൽ *ചേർത്തിരിക്കുന്നു.

(ഡി) ഓരോ ജില്ലയിലും ചെലവായ തുകയുടെ വിശദാംശം അനുബന്ധം -II-ൽ ചേർത്തിരിക്കുന്നു*.

(ഇ) പരിഗണിക്കാവുന്നതാണ്.

**പിൻവാതിൽ നിയമനങ്ങൾ സ്ഥിരപ്പെടുത്തുന്നത് തടയാൻ നടപടി**

42 (3425) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 29-8-2011 ലെ സ.ഉ (എം.എസ്.) 164/11/ഉ.വി.വ. ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ മുപ്പത്തിയൊന്ന് പേരെ സ്ഥിരപ്പെടുത്തിയ തീരുമാനം ബഹു. സുപ്രീം കോടതി ഭരണഘടനാ ബഞ്ചിന്റെ നിർദ്ദേശങ്ങൾക്കും ഉമാദേവി കേസ്സിലെ വിധിക്കും വിരുദ്ധവും സംവരണ തത്വങ്ങൾ പാലിക്കാതെ യുള്ളതുമാണെന്ന് കണ്ടെത്തി മുൻ സർക്കാർ റദ്ദു ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അതേ സർക്കാർ തന്നെ 19-9-2015-ലെ സ.ഉ. (എം.എസ്.) 241/15/പൊ.ഭ.വ. ഉത്തരവ് പ്രകാരം ന്യൂഡൽഹി കേരള ഹൗസിലെ നാല്പത്തിയൊന്ന് പിൻവാതിൽ നിയമനങ്ങൾ അനധികൃതമായി സ്ഥിരപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നിയമനം റദ്ദ് ചെയ്യാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത നിയമനങ്ങളിൽ വൻ അഴിമതിയും സ്വജനപക്ഷപാതവും ഉണ്ടെന്നാരോപിച്ച് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇതിൽ എന്തു നടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ; ബന്ധപ്പെട്ട കേസ്സിൽ ബഹു. സുപ്രീം കോടതി ഭരണഘടനാ ബഞ്ചിന്റെ നിർദ്ദേശങ്ങളും ഉത്തരവുകളും മനഃപൂർവ്വം മറച്ചുവച്ച് സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച് സ്ഥിരപ്പെടുത്തൽ ശിപാർശ നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ;

(ഡി) പി.എസ്.സി.യെ നോക്കുകുത്തിയാക്കിയും ഭരണഘടനാ ലംഘനം നടത്തിയും സംവരണതത്വങ്ങൾ അട്ടിമറിച്ചും ബഹു. സുപ്രീം കോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധവുമായുള്ള, പിൻവാതിൽ നിയമനങ്ങൾ സ്ഥിരപ്പെടുത്തൽ എല്ലാക്കാലത്തേയ്ക്കുമായി തടയുന്നതിന് നിയമനിർമ്മാണം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. ന്യൂഡൽഹി കേരള ഹൗസിലെ നിയമനം സംബന്ധിച്ച് വിജിലൻസ് അന്വേഷണം ഉൾപ്പെടെ ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതികൾ ലഭിച്ചിരുന്നു. പ്രസ്തുത പരാതികൾ പരിശോധിക്കുകയും സർക്കാർ ഉത്തരവ് (എം.എസ്.) 241/15/പൊ.ഭ.വ. പ്രകാരം ന്യൂഡൽഹി കേരള ഹൗസിൽ സ്ഥിരപ്പെടുത്തിയ 40 ജീവനക്കാരുടെ നിയമനം സുപ്രീം കോടതി വിധികൾക്കും നിലവിലുള്ള നിയമന തത്വങ്ങൾക്കും വിരുദ്ധമായതിനാൽ 25-2-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 49/17/പൊ.ഭ.വ. പ്രകാരം പ്രസ്തുത നിയമനം റദ്ദുചെയ്ത് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ വിഷയത്തിൽ നയപരമായ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**കോഡുകളുടെയും ചട്ടങ്ങളുടെയും പരിഷ്കരണം**

43 (3426) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സംവിധാനം കാര്യക്ഷമവും ചലനാത്മകവും ആക്കുന്നതിനും ഫയലുകളുടെ ദ്രുതഗതിയിലുള്ള തീർപ്പിനും കാലഹരണപ്പെട്ട ചട്ടങ്ങളും കോഡുകളും കാലോചിതമായി പരിഷ്കരിക്കുന്ന നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട ഭരണപരിഷ്കര കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം ചട്ടങ്ങളും കോഡുകളുമാണ് പൂർണ്ണമായും മലയാളത്തിലേയ്ക്ക് മാറ്റിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇക്കാര്യങ്ങൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി സർക്കാർ ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ ശിപാർശകൾ ഇതുവരെ സമർപ്പിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

**വരുമാനത്തിൽ കൂടുതൽ സ്വത്ത് സമ്പാദിക്കുന്ന സർക്കാർ ജീവനക്കാർ**

44 (3427) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും സാഹചര്യത്തിൽ മറ്റിതര ജോലികളിലേർപ്പെടുന്നതിനായി സർക്കാർ ജീവനക്കാർക്ക് അനുമതി നൽകാൻ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) വരുമാനത്തിൽ കൂടുതൽ സ്വത്ത് സമ്പാദിക്കുന്ന സർക്കാർ ജീവനക്കാരെ കണ്ടെത്തുന്നതിന് നിലവിലെ നിയമങ്ങൾ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരൻ തന്റെ ജോലിയുടെ ഭാഗമായിട്ടല്ലാതെ ഒരു കമ്പനിയുടെയോ ബാങ്കിന്റെയോ ഭരണ നിർവ്വഹണത്തിൽ ഏർപ്പെടുവാൻ പാടില്ലെന്ന് വ്യവസ്ഥയുണ്ട്. 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിലെ

ചട്ടം 46 പ്രകാരം ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന മ്യൂച്വൽ ബെനിഫിറ്റ് സൊസൈറ്റിയുടെ നടത്തിപ്പിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി തന്റെ ഔദ്യോഗിക കൃത്യങ്ങൾക്ക് വിഘാതമാകാതെയും വേതനം കൂടാതെയും സർക്കാർ ഉദ്യോഗസ്ഥന് പ്രവർത്തിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചട്ടം 47 പ്രകാരം സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ സർക്കാർ ജീവനക്കാരന് പങ്കെടുക്കാവുന്നതാണ്. എന്നാൽ ഭരണ സമിതികളിൽ അംഗമാകുന്നതിന് പ്രസ്തുത സംഘത്തിലെ അംഗങ്ങൾ സർക്കാർ ജീവനക്കാർ മാത്രമോ, സർക്കാർ ജീവനക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും മാത്രമോ ആയിരിക്കണം. ചട്ടം 48 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയോടെ തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് വിഘാതമാകാത്ത വിധത്തിൽ പ്രതിഫലം കൂടാതെയുള്ള സാമൂഹ്യപ്രവർത്തനം, ധർമ്മ സ്വഭാവമുള്ള പ്രവൃത്തികൾ അല്ലെങ്കിൽ കല, സാഹിത്യം, ശാസ്ത്രം മേഖലയിൽ വല്ലപ്പോഴുമുള്ള പ്രവൃത്തികൾ എന്നിവയിൽ ഏർപ്പെടുവാൻ വ്യവസ്ഥയുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം ഇത്തരം കാര്യങ്ങളിൽ തുടരാൻ പാടില്ലാത്തതുമാണ്.

(ബി) എല്ലാ സർക്കാർ ജീവനക്കാരും വാർഷിക സ്വത്തുവിവരം എല്ലാ വർഷവും ജനുവരി 15-നുമുമ്പ് സർക്കാരിൽ സമർപ്പിക്കണമെന്ന് നിലവിൽ പെരുമാറ്റച്ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ഒരു ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുമ്പോൾത്തന്നെ തങ്ങളുടെയും കുടുംബാംഗങ്ങളുടെയും സ്വത്ത് വിവരം നിശ്ചിത മാതൃകയിൽ നിയമനാധികാരിയെ അറിയിക്കണമെന്നും പ്രസ്തുത മാതൃക സർവ്വീസ് ബുക്കിൽ പതിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും നിയമനാധികാരികൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ നിയമനം**

45 (3428) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിൽ അസിസ്റ്റൻറ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്;

(ബി) കാറ്റഗറി നമ്പർ 551/2014 പ്രകാരം അപേക്ഷ ക്ഷണിച്ച ഈ തസ്തികയുടെ ഷോർട്ട് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത്; അന്തിമ ലിസ്റ്റ് വൈകുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) അടിയന്തരമായി പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന നടപടി ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽനിന്നും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ 7 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ (കാറ്റഗറി നമ്പർ 551/2014) ചുരുക്കപ്പട്ടിക 29-7-2015-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ടി തസ്തികയുടെ ചുരുക്കപ്പട്ടിക സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പരാതികൾ, കോടതി ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടികയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തേണ്ടിവന്നിട്ടുണ്ട്. കൂടാതെ ഉദ്യോഗാർത്ഥികൾ ഹാജരാക്കിയ പരിചയ സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടിവന്നതിൽ അനുഭവപ്പെട്ട ബുദ്ധിമുട്ട്, ചില ഉദ്യോഗാർത്ഥികൾ ഹാജരാക്കിയ പരിചയ സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ആയവ വീണ്ടും പരിശോധിക്കേണ്ടിവന്നത് തുടങ്ങിയ കാരണങ്ങളാലാണ് തുടർ നടപടികൾ വൈകിയത്.

(സി) ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുത്തിയവരിൽനിന്നും യോഗ്യരായവരെ ഉൾപ്പെടുത്തി 2017 ഏപ്രിൽ മാസത്തോടുകൂടി അഭിമുഖ പരീക്ഷ പൂർത്തിയാക്കി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ പി.എസ്.സി. തുടർ പ്രവർത്തനങ്ങൾ കൈക്കൊണ്ടുവരുന്നു.

**സർക്കാരിന്റെ മുൻഗണനാ പദ്ധതികൾക്ക് തടസ്സം**

46 (3429) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മുൻഗണനാ പദ്ധതികൾക്കും ജനക്ഷേമ പ്രവർത്തനങ്ങൾക്കും യഥാസമയം ഉത്തരവിറക്കാതെ, ഫയലുകൾ വിവിധ വകുപ്പുകളിലേയ്ക്ക് മാറ്റിമാറ്റി അയച്ച്, ഐ.എ.എസ്. ഉദ്യോഗസ്ഥർ ഭരണവേഗം കുറയ്ക്കാൻ ശ്രമിക്കുന്നതും ഫയലുകളിൽ അനാവശ്യമായി തടസ്സവാദങ്ങൾ ഉന്നയിച്ച് പദ്ധതി നടത്തിപ്പുകൾ തന്നെ തടയാൻ ശ്രമിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ കാലയളവിലും ഈ സർക്കാരിന്റെ കാലത്തും നാളിതുവരെയും ഏതെല്ലാം ഐ.എ.എസ്. ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണങ്ങൾ നടക്കുന്നുവെന്നും ഏതെല്ലാം ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടാണ് കേസ്സുകൾ കോടതികളുടെ പരിഗണനയിലുള്ളതെന്നും വിശദമാക്കാമോ;

(സി) ഈ സർക്കാർ തീരുമാനിച്ച ജനോപകാരപ്രദമായ ഏതെല്ലാം പദ്ധതികളും പ്രവൃത്തികളുമാണ് പ്രസ്തുത ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ഫയൽ കുരുക്കൽ പ്രക്രിയയിൽപ്പെട്ട് നടപ്പാക്കാൻ കഴിയാതെ തടസ്സപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ പ്രവർത്തനം തടയാൻ സെക്രട്ടേറിയറ്റിലെ ചട്ടങ്ങൾ/മാന്വൽ പരിഷ്കരണം ഉൾപ്പെടെ എന്തെല്ലാം നടപടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം സുഗമമായി നടത്തുന്നതിനും, ഫയലുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനുമുള്ള ചട്ടങ്ങൾ, സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ, സെക്രട്ടേറിയറ്റ് ഇൻസ്ട്രക്ഷൻസ്, റൂൾസ് ഓഫ് ബിസിനസ്സ് എന്നിവ പ്രകാരമാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം**

47 (T*3430) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്ന് എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പി.എസ്.സി. റാങ്ക് പട്ടികയില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-1-2017 വരെ ആകെ 26642 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ പി.എസ്.സി.-യിൽ നിന്ന് നോൺ അവൈലബിലിറ്റി

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർട്ടിഫിക്കറ്റ് ലഭ്യമാക്കി പ്രസ്തുത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്.

### മിനിസ്റ്റീരിയൽ ജീവനക്കാരിൽനിന്നും തസ്തികമാറ്റം വഴി നിയമനം

48 (3431) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പിന്റെ മിനിസ്റ്റീരിയൽ ജീവനക്കാരിൽ ഹൈസ്കൂൾ അധ്യാപക യോഗ്യതയുള്ളവർക്കായി തസ്തിക മാറ്റം വഴി അധ്യാപക നിയമനം നടത്തുന്നതിന് വാർഷിക വിജ്ഞാപനം പുറപ്പെടുവിക്കാൻ 2012 ഫെബ്രുവരി മാസം 20-ാം തീയതിയിലെ പി.എസ്.സി. യോഗത്തിൽ തീരുമാനമുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വിജ്ഞാപനം പുറപ്പെടുവിക്കാൻ ഇനിയും കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) അഞ്ച് വർഷം സർവ്വീസുള്ളവർക്ക് അപേക്ഷിക്കാമെന്നിരിക്കെ 10-ഉം 12-ഉം വർഷങ്ങളായി അർഹതയുള്ള ഉദ്യോഗാർത്ഥികൾക്ക് ഒഴിവുകൾ ഉണ്ടായിട്ടും വിജ്ഞാപനം പുറപ്പെടുവിക്കാത്തതിനാൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ ബലത്തിലുള്ള പ്രൊമോഷൻ ആനുകൂല്യം തഴയപ്പെടുകയല്ലേ ചെയ്യുന്നത്; ഇത് പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) ഉണ്ട്. വർഷത്തിലൊരിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്നും ഒഴിവുകളുടെ എണ്ണവും അനുപാതവും നിജപ്പെടുത്തിയ ശേഷം പൊതുവിജ്ഞാപനത്തോടൊപ്പം നിലവിലുള്ള വ്യവസ്ഥ നിലനിർത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാവുന്നതാണ് എന്നാണ് 21-2-2012-ലെ കമ്മീഷൻ തീരുമാനം.

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ HSA ഫിസിക്കൽ സയൻസ് ഒഴികെയുള്ള തസ്തികകൾക്കായി 14 ജില്ലകളിലേയ്ക്കും 31-12-2012-ലെ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അതിൻ പ്രകാരം റാങ്ക് പട്ടികകൾ 2013, 2014 വർഷങ്ങളിൽ നിലവിൽ വന്നു. തുടർന്ന് തസ്തികമാറ്റ നിയമനത്തിനായി ഫിസിക്കൽ സയൻസ് ഒഴികെയുള്ള വിഷയങ്ങളിലേയ്ക്ക് മേൽപ്പറഞ്ഞ റാങ്ക് പട്ടിക നിലവിലിരിക്കെ തന്നെ 13-5-2014-ൽ വിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ 31-12-2012-ലെ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകളിൽനിന്നും ചില ജില്ലകളിൽ ആർക്കുംതന്നെ നിയമന ശിപാർശ നൽകുവാൻ കഴിയാത്ത സാഹചര്യമുണ്ടായി. നിലവിലെ വ്യവസ്ഥ പ്രകാരം ഒരു റാങ്ക് പട്ടികയുടെ സ്വാഭാവിക കാലാവധിയായ മൂന്ന് വർഷത്തിനുള്ളിൽ ആരെയും നിയമന ശിപാർശ ചെയ്യാൻ കഴിയാത്ത

സാഹചര്യം നിലവിലുണ്ടായാൽ ലിസ്റ്റിന്റെ കാലാവധി ലിസ്റ്റിൽനിന്നും ഒരാളെ എങ്കിലും നിയമന ശിപാർശ ചെയ്യുന്നതുവരെ അല്ലെങ്കിൽ ഒരു വർഷം വരെ (ഏതാണോ ആദ്യം വരുന്നത്) ദീർഘിപ്പിക്കാവുന്നതാണ്. ആയതിനാൽ പ്രസ്തുത തസ്തികകളിലേയ്ക്ക് 13-5-2014-ൽ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള തുടർ നടപടികൾ കൈക്കൊള്ളാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്.

(സി) വിദ്യാഭ്യാസ വകുപ്പിൽ വർഷത്തിലൊരിക്കൽ നടത്തുന്ന സ്റ്റാഫ് ഫിക്സേഷൻ പ്രകാരം ഓരോ തസ്തികയിലേയ്ക്കും നിർണ്ണയിക്കപ്പെടുന്ന കേഡർ സ്ട്രെങ്ത്തിന്റെ നിശ്ചിത ശതമാനമാണ് തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി നീക്കിവയ്ക്കുന്നത് എന്നതിനാലും ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് വ്യവസ്ഥയുള്ളതിനാലും അർഹതപ്പെട്ട അനുപാതം നഷ്ടപ്പെടുന്നില്ല.

## സെക്രട്ടേറിയറ്റിലെ ഡിജിറ്റൽ ഫയൽ സംവിധാനം

49 (3432) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ സമ്പൂർണ്ണ ഡിജിറ്റൽ ഫയൽ സംവിധാനം നടപ്പിലാക്കുന്നതിന് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) നിലവിൽ സെക്രട്ടേറിയറ്റിൽ എത്ര ശതമാനം ഫയലുകളാണ് ഡിജിറ്റൽ രൂപത്തിൽ കൈകാര്യം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

## സെക്രട്ടേറിയറ്റിലും അനക്സ് കെട്ടിടങ്ങളിലും വിശദമായ സൂചകങ്ങൾ

50 (3433) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും സൗകര്യാർത്ഥം, സെക്രട്ടേറിയറ്റിലും അനക്സ് കെട്ടിടങ്ങളിലും വിവിധ മന്ത്രിമാരുടേയും വകുപ്പുകളുടേയും ഓഫീസ് പ്രവർത്തിക്കുന്നതിന്റെ വിശദമായ സൂചകങ്ങൾ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സൂചക ബോർഡുകൾ ഇല്ലാത്തതു കാരണം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ&ബി) വിവിധ മന്ത്രിമാരുടെ ഓഫീസുകൾക്ക് മാറ്റംവന്നതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും സൗകര്യാർത്ഥം പുതിയ വിശദമായ ഓഫീസ് സൂചകങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ കെ.എസ്.ഇ.ബി.-യിൽ നടത്തിയ പരിശോധന**

51 (3434) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്.തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ കെ.എസ്.ഇ.ബി.-യിൽ ഒഴിവുകൾ കണ്ടെത്തുന്നതിന് പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ:

(ബി) ജൂനിയർ അസിസ്റ്റൻറ്, കാഷ്യർ തസ്തികകളുടെ എത്ര ഒഴിവുകൾ കണ്ടെത്തിയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികകളുടെ കണ്ടെത്തിയ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കെ.എസ്.ഇ.ബി.-ക്ക് നിർദേശം നൽകിയിട്ടുണ്ടോ, പകർപ്പ് ലഭ്യമാക്കുമോ;

(ഡി) റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും ജൂനിയർ അസിസ്റ്റൻറ്, കാഷ്യർ തസ്തികകളിൽ ഇതര തസ്തികകളിൽ ഉള്ളവർ അനധികൃതമായി ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും നടപടി സ്വീകരിക്കാത്ത കെ. എസ്. ഇ. ബി. നിലപാടിന് പരിഹാരം കണ്ടെത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകളിൽ 497 ഒഴിവുകൾ നിലവിലുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്. പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി&ഇ) ഇതര തസ്തികകളിൽ ഉള്ളവർ കാഷ്യർ തസ്തികയിൽ ജോലി നോക്കിവരുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിൽ മുപ്പത്തിമൂവായിരത്തോളം ജീവനക്കാർ ജോലി ചെയ്യുന്നു. എന്നാൽ 27175 ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ നൽകാനുള്ള സാമ്പത്തിക അനുമതി മാത്രമാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. അധികമുള്ള ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ചെലവ് താരിഫ് ഇനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. ഇത് ബോർഡിന്റെ സാമ്പത്തിക ഭദ്രതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നിരിക്കിലും ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമായ ജൂനിയർ അസിസ്റ്റന്റ്, കാഷ്യർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**എസ്.ബി.ഐ. അസോസിയേറ്റ് ബാങ്കുകളുടെ ലയനം**

52 (T*3435) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കമുള്ള അസോസിയേറ്റ് ബാങ്കുകളെ എസ്.ബി.ഐ.യിൽ ലയിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നല്കിയതായി അറിയാമോ;

(ബി) എങ്കിൽ ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക വികസന രംഗത്ത് എന്തെങ്കിലും പുതിയമാറ്റങ്ങൾ വരുത്തുമെന്ന് കരുതുന്നുണ്ടോ;

(സി) ശാഖകൾ അടച്ചുപൂട്ടുന്നതിനും തൊഴിൽ നഷ്ടങ്ങൾക്കും ബാങ്ക് ലയനം വഴിവെക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2017 ഫെബ്രുവരി 22-ാം തീയതിയിലെ ജി.എസ്.ആർ. 160(ഇ) നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ലയിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) എസ്.ബി.ഐ.-എസ്.ബി.റ്റി. ലയനം സംസ്ഥാനത്തിന്റെ സാമ്പത്തിക ഇടപാടുകളെ പ്രതികൂലമായി ബാധിക്കുന്നു. എസ്.ബി.റ്റി.-ക്ക് ലഭിക്കുന്ന മൊത്തം നിക്ഷേപത്തിന്റെ 90 ശതമാനവും കാർഷിക, വ്യവസായ, വിദ്യാഭ്യാസ മേഖലകൾക്ക് വായ്പയായി നൽകുന്നതിനാൽ, സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വികസനത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നു. പ്രാദേശികമായ വികസന താത്പര്യങ്ങൾക്ക്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

മുൻഗണന നൽകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്ന എസ്.ബി.റ്റി. പോലുള്ള ബാങ്ക്, ദേശീയ താത്പര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്ന ഒരു ബാങ്കായി മാറുന്നത് സംസ്ഥാനത്തിന്റെ വികസന താത്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

(സി) വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

**മലയോര വികസന ഏജൻസി**

53 (3436) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര വികസന ഏജൻസിയുടെ പ്രവർത്തനം നിർത്തി വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജി.സി.ഡി.എ., ട്രിഡ തുടങ്ങിയ നഗരവികസന അതോറിറ്റികൾ നിലവിലുള്ളപ്പോൾ മലയോര വികസനത്തിനുള്ള പ്രത്യേക സംവിധാനം വേണ്ടെന്ന് വയ്ക്കുന്നത് മലയോര വികസനത്തെ ദോഷകരമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ത്രിതല പഞ്ചായത്തുകളുടെ ഫണ്ടിന് പുറമേ മറ്റ് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും കേന്ദ്ര ഏജൻസികളിൽ നിന്നും പണം കണ്ടെത്തി പദ്ധതികൾ നടപ്പാക്കാൻ മലയോര വികസന ഏജൻസി സഹായകമാകുമോയെന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ-സി) മലയോര വികസന ഏജൻസിയുടെ പ്രവർത്തനം നിർത്തലാക്കുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മലയോര പ്രദേശങ്ങളിൽ റോഡുകൾ, തടയണകൾ, ചെറുകിട കുടിവെള്ള പദ്ധതികൾ, ക്ഷീര വികസന പദ്ധതികൾ എന്നിവ നിലവിലുള്ള വകുപ്പുകൾ/ഏജൻസികൾ മുഖേന നബാർഡ് ധനസഹായത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

**കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പുരോഗതി**

54 (T*3437) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കോട്ടയം ജില്ലയിലെ കുറവിലങ്ങാട്-കോഴയിൽ നടന്നുവരുന്നത് എന്നു പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കേന്ദ്ര സർക്കാർ അനുവദിച്ച 50 കോടി രൂപയുടെയും സംസ്ഥാന സർക്കാർ അനുവദിച്ചിരുന്ന 55 കോടി രൂപയുടെയും വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾ ഇതിനോടകം നടപ്പാക്കിയിട്ടുണ്ട്; പുതുതായി ക്രമീകരിക്കാൻ ടെണ്ടർ ചെയ്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്;

(സി) സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ മോണിട്ടറിംഗ് നടത്താൻ കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ നിന്ന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ ഏതെങ്കിലും വിധത്തിലുള്ള മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്താൻ എന്തൊക്കെ കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സയൻസ് സിറ്റിയിൽ നടപ്പാക്കാൻ തയ്യാറാക്കിയിട്ടുള്ള പ്രോജക്ട് പ്രകാരം ആദ്യഘട്ടത്തിൽ ഏതൊക്കെ കാര്യങ്ങൾ പ്രാവർത്തികമാക്കാനാണ് ലക്ഷ്യമിടുന്നത്;

(ഇ) കടുത്തുരുത്തി അസംബ്ലി മണ്ഡലത്തിലും കോട്ടയം പാർലമെൻറ് മണ്ഡലത്തിലുമായി യാഥാർത്ഥ്യമാകുന്ന, കുറവിലങ്ങാട്-കോഴയിലെ കേരളത്തിലെ ആദ്യത്തെ സയൻസ് സിറ്റി സമയബന്ധിതമായി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് പരിശോധിക്കാൻ ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഉന്നതതല യോഗം വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) സംസ്ഥാന സർക്കാർ സയൻസ് സിറ്റിക്കുവേണ്ടി അനുവദിച്ച 30 ഏക്കർ സ്ഥലം പൂർണ്ണമായും ഇപ്പോഴത്തെ വികസന കാര്യങ്ങൾക്ക് വേണ്ടി പ്രയോജനപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആദ്യഘട്ട നിർമ്മാണ പ്രവർത്തനം 2018 മേയ്-ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ട് പണികൾ നടന്നുവരുന്നു.

(ബി) കേന്ദ്ര സർക്കാർ അനുവദിച്ചത് ഏഴേകാൽ കോടി രൂപ മാത്രമാണ്. അതും സംസ്ഥാന സർക്കാർ അനുവദിച്ച ഏഴേകാൽ കോടി രൂപയും ചേർന്ന് സയൻസ് സെന്ററിന്റെ ഭാഗമായുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിവരുന്നു. ഇത് കൂടാതെ കേരള സർക്കാരിൽനിന്ന് 2010-11-ൽ രണ്ട് കോടിയും, 2014-15-ൽ 25 കോടിയും 2015-16-ൽ 7 കോടിയും, 2016-17- ൽ 6 കോടിയും ആയി മൊത്തം 40 കോടി രൂപയാണ് ലഭിച്ചിട്ടുള്ളത്.

കേരള സർക്കാരിൽനിന്ന് ലഭിച്ച 40 കോടി രൂപയിൽ താഴെപ്പറയുന്ന പണികൾ നടന്നുവരികയാണ്.

1. ഒരു കോടി ഇരുപത്തിയേഴ് ലക്ഷം രൂപ ചെലവിൽ മൂന്ന് വശത്തെയും ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചു.

2. 17 കോടി 34 ലക്ഷം രൂപ ചെലവിൽ സ്പേസ് തിയേറ്ററിന്റെ നിർമ്മാണം ഏകദേശം 70% പണികൾ പൂർത്തിയാക്കി വരുന്നു.

3. സ്പേസ് തിയേറ്റർ, പ്രൊജക്ഷൻ സിസ്റ്റം എന്നിവ ഏകദേശം 12 കോടി രൂപ ചെലവിൽ നിർമ്മിക്കുവാനുള്ള ആഗോള ഇ-ടെണ്ടറിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

4. എൻട്രൻസ് പ്ലാസാ, മോഷൻ സിമുലേറ്റർ, ആംഫി തിയേറ്റർ എന്നിവയുടെ അവസാന ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 4 കോടി 10 ലക്ഷം രൂപ ചെലവിൽ പണി പൂർത്തീകരിച്ചുവരുന്നു.

5. വാട്ടർ ടാങ്ക്, ഇന്റേണൽ റോഡ്, ഡ്രെയിനേജ്, ഔട്ട്ഡോർ ലൈറ്റിംഗ്, ട്രാൻസ്ഫോമർ, കഫറ്റേരിയ, നടപ്പാത മുതലായ കാര്യങ്ങൾ 10 കോടി 28 ലക്ഷം രൂപ ചെലവിൽ പണി തുടങ്ങിയിട്ടുണ്ട്.

(സി) സ്പേസ് തീയേറ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാൻ എച്ച്.എൽ.എൽ. എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തെ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ മേൽനോട്ടത്തിലാണ് പണി നടപ്പിലാക്കിവരുന്നത്. മോഷൻ സിമുലേറ്റർ, എൻട്രൻസ് പ്ലാസ, ആംഫി തീയേറ്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ഇൻഫ്രാസ്ട്രക്ചറിന്റെ പ്രവർത്തനവും ഹാബിറ്റാറ്റ് എന്ന കേരള ഗവൺമെന്റ് അംഗീകൃത ഏജൻസിയുടെ മേൽനോട്ടത്തിൽ ചെയ്തുവരികയാണ്. കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ഒരു സയന്റിഫിക് ഓഫീസർ കോഴ ക്യാമ്പ് ഓഫീസിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ലെയ്സൺ ഓഫീസർ ആയി പണി ചെയ്തുവരികയാണ്. G.O.(Rt) No. 2573/2015 H.Edn dtd 30-9-2015 പ്രകാരം ശ്രീ. മാധവൻപിള്ള, റിട്ട. ചീഫ് എഞ്ചിനീയർ ചെയർമാനും ശ്രീ. ശ്രീകണ്ഠൻനായർ, റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശ്രീ. കൃഷ്ണസ്വാമി, റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവർ മെമ്പർമാരായും ഒരു ടെക്നിക്കൽ കമ്മിറ്റി സയൻസ് സിറ്റിയിലെ നിർമ്മാണ പ്രവർത്തനങ്ങളും അനുബന്ധ ജോലികളും വിലയിരുത്തുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ നാഷണൽ കൗൺസിൽ ഫോർ സയൻസ് മ്യൂസിയത്തിന്റെ ഡയറക്ടർ ജനറലിന്റെ നേതൃത്വത്തിൽ 7 അംഗങ്ങളുള്ള ഒരു എക്സ്പേർട്ട് കമ്മിറ്റി സ്പേസ് തീയേറ്ററിന്റെ പ്രൊജക്ഷൻ സിസ്റ്റം വാങ്ങി അത് സ്ഥാപിക്കുന്നതിനുവേണ്ടി രൂപീകരിച്ച് മേൽനോട്ടം വഹിക്കുകയാണ്.

(ഡി) അഡീഷണൽ ചീഫ് സെക്രട്ടറി, ഫിനാൻസ് വകുപ്പ്; പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്; ഡി.റ്റി.ഇ., പ്രിൻസിപ്പൽ, ഗവ. എഞ്ചിനീയറിംഗ് കോളേജ്, ബാർട്ടൺ ഹിൽ, തിരുവനന്തപുരം എന്നിവർ അടങ്ങിയ സ്റ്റാന്റിംഗ് കമ്മിറ്റി ഏകദേശം മൂന്ന് മാസത്തിലൊരിക്കൽ കൂടി അതിന്റെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ സർക്കാർ നിയമിച്ച ടെക്നിക്കൽ കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ സ്ഥലം സന്ദർശിച്ച് ആർക്കിടെക്റ്റ്, സ്ട്രക്ചർ എഞ്ചിനീയർ എന്നിവരുമായി ചർച്ച ചെയ്ത് കാലാകാലങ്ങളിൽ മേൽപ്പറഞ്ഞ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

ആദ്യഘട്ടത്തിൽ സയൻസ് സെന്റർ, 3 ഡി തിയേറ്റർ, സയൻസ് പാർക്ക്, സ്പേസ് തിയേറ്റർ (3 ഡി ഉൾപ്പെടെ), മോഷൻ സിമുലേറ്റർ, സംഗീത ജലധാര, ലേസർ പ്രദർശനത്തോടുകൂടിയ ലൈറ്റ് & സൗണ്ട് ഷോ, ഒബ്സർവേറ്ററി, മൂന്ന് ഇന്ററാക്ടീവ് സയൻസ് ഗ്യാലറികൾ, കഫറ്റേരിയ എന്നിവയാണ് ആദ്യ ഘട്ടത്തിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്.

(ഇ) പരിശോധിക്കുന്നതാണ്.

(എഫ്) വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പണി പൂർത്തിയാകുമ്പോഴേയ്ക്കും 30 ഏക്കർ സ്ഥലവും പൂർണ്ണമായും ഉപയോഗിക്കും.

## പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പി.പി.പി.) മോഡൽ പദ്ധതികൾ

55 (3438) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പി.പി.പി. മോഡൽ പദ്ധതികൾ ഉണ്ട്;

(ബി) സംസ്ഥാനത്ത് 2000-ന് ശേഷം പൂർത്തീകരിച്ച പി.പി.പി.മോഡൽ പദ്ധതികളിൽ ആകെ പദ്ധതി തുകയിൽ സർക്കാർ വിഹിതവും സ്വകാര്യ പങ്കാളികളുടെ വിഹിതവും എത്ര വീതമെന്ന് പദ്ധതികൾ തിരിച്ച് വിശദമാക്കാമോ;

(സി) എത്ര പി.പി.പി. പദ്ധതികളാണ് സർക്കാരിന് ഡിവിഡന്റ് /റവന്യൂ ഇപ്പോഴും നൽകുന്നത്; അവ ഏതൊക്കെയെന്നും ലഭിക്കുന്ന വരുമാനം എത്രയെന്നും വിശദമാക്കാമോ;

(ഡി) ഇനിയും പൂർത്തീകരിക്കാനുള്ളതും പ്രവർത്തനം നിലച്ചതുമായ പി.പി.പി. പദ്ധതികൾ ഏതൊക്കെ; നാളിതുവരെ ഇത്തരം പദ്ധതികളിൽ സർക്കാരും സ്വകാര്യ പങ്കാളികളും നിക്ഷേപിച്ച തുക പദ്ധതി തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) 33 പി.പി.പി. മോഡൽ പദ്ധതികൾ ഉണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

**"സ്വകാര്യ നിക്ഷേപം"**

56 (T* 3439) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപത്തിന്റെ വരവ് വേഗത്തിലാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അനുയോജ്യമായ അന്തരീക്ഷം ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത മേഖലയെ ദോഷകരമായി ബാധിക്കുന്ന നോക്കുകൂലിപോലുള്ള കാര്യങ്ങൾ അവസാനിപ്പിക്കുന്നതിനും ആയതു വാങ്ങുന്നവരെ ശിക്ഷിക്കുന്നതിനും കർശന നടപടി സ്വീകരിക്കുമോ;

(സി) സ്വകാര്യ നിക്ഷേപം വേഗത്തിലാക്കുവാൻ, ബജറ്റ് വിഹിതത്തിന് പുറമേ സ്വരൂപിക്കുന്ന ഫണ്ട് ഉപയോഗിച്ച്, അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് വികസിപ്പിച്ചതെന്നും, ഇതിനായി ഇതുവരെ എന്ത് തുക മുടക്കിയെന്നും അറിയിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴിയും സ്കൂൾ/ കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ. ഡി. ക്ലബ്ബുകൾ) വഴിയും സാമ്പത്തിക സഹായം നൽകിവരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. അതിലൂടെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനും കേരളത്തിലെ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ചെറുകിട വ്യവസായികൾക്ക് ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. പുതിയ വ്യവസായ സംരംഭങ്ങളെ സഹായിക്കുവാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. വിപണന പ്രോത്സാഹനാർത്ഥം ജില്ലാ സംസ്ഥാന തലങ്ങളിൽ വിവിധ പ്രവർത്തന മേളകൾ സംഘടിപ്പിക്കുന്നുമുണ്ട്.

(ബി) ചുമട്ടുതൊഴിലുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. 1800-42-555-214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. കൂലി സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ പ്രശ്നത്തിൽ ഇടപെടുകയും അനർഹമായി കൂലി വാങ്ങിയിട്ടുണ്ടെങ്കിൽ തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുകയും ചെയ്തുവരുന്നു. തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്തു എന്ന പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) സ്വകാര്യ നിക്ഷേപം വേഗത്തിലാക്കുവാൻ ബജറ്റ് വിഹിതത്തിന് പുറമേ സ്വരൂപിക്കുന്ന ഫണ്ട് ഉപയോഗിച്ച് റോഡുകൾ, മതിലുകൾ, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതിനായി കെ.എസ്.ഐ.ഡി.സി. മുഖേന ഇതുവരെ ആകെ 48.52 കോടി രൂപ ചെലവായിട്ടുണ്ട്.

## ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് സംവിധാനം വിപുലപ്പെടുത്തൽ

57 (3440) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോണമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് സംവിധാനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര അധിക തസ്തികകളാണ് ഉണ്ടാക്കാൻ പോകുന്നതെന്നും ഇതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് സംവിധാനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി 103 അധിക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**ഹരിത കേരളം മിഷൻ**

58 (3441) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം മിഷന്റെ ഭാഗമായി ജൈവ, ഇലക്ട്രോണിക്, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ബി) ഭക്ഷ്യധാന്യ കമ്മി പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പരിപാടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശുചിത്വം, മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാണ് മിഷന്റെ പൊതുലക്ഷ്യങ്ങൾ.

ഉറവിട മാലിന്യ സംസ്കരണത്തിൽ ഊന്നിനിന്നുകൊണ്ടുള്ള സുരക്ഷിത ജൈവമാലിന്യ സംസ്കരണം, ശാസ്ത്രീയമായ ഇ-മാലിന്യങ്ങളുടെയും പ്ലാസ്റ്റിക് മാലിന്യങ്ങളുടെയും നിർമ്മാർജ്ജനം എന്നിവ മിഷന്റെ ലക്ഷ്യങ്ങളാണ്.

സംസ്ഥാന പി.ഡബ്ല്യൂ.ഡി./പഞ്ചായത്ത് റോഡുകളുടെ നിർമ്മാണത്തിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്ന രീതി ഇപ്പോൾത്തന്നെ നടപ്പിൽവരുത്തിയിട്ടുണ്ട്.

(ബി) കാർഷിക മേഖലയിൽ കീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ച് ജൈവകൃഷിയും ഉത്തമ കൃഷിരീതികളും പ്രോത്സാഹിപ്പിച്ച് ജൈവ പച്ചക്കറി കൃഷിക്ക് ഊന്നൽ നൽകി ഇക്കാര്യത്തിൽ സ്വയം പര്യാപ്തത നേടുന്നതിനുവേണ്ട നടപടികൾ സർക്കാർ തലത്തിൽ കൈക്കൊണ്ടുവരുന്നു.

തരിശുനിലങ്ങൾ പരമാവധി കൃഷിയോഗ്യമാക്കി കൃഷി ഇറക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## തീരദേശ പരിപാലന നിയമത്തിൽ ഇളവ്

59 (3442) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിൽ സംസ്ഥാനത്തിന് പ്രത്യേക ഇളവ് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ച വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ തരത്തിലുള്ള ഇളവുകളാണ് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) കേരളം പോലെ, തീരദേശ മേഖല കൂടുതലുള്ള മറ്റു സംസ്ഥാനങ്ങളുടെ സഹകരണം തേടാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാൻ ചുമതലപ്പെടുത്തിയ ഡോ. ഷൈലേഷ് നായക് സമിതി (2014) അവരുടെ റിപ്പോർട്ട് പൂർത്തിയാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചതായിട്ടാണ് അറിയാൻ കഴിയുന്നത്. ഇത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രത്യേക ഇളവുകൾ ഒന്നും ഇതുവരെയായി പ്രഖ്യാപിച്ചിട്ടില്ല.

(ബി) കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ട ഇളവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു* .

(സി) ഇപ്പോൾ പരിഗണനയിലില്ല.

## മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ

60 (3443) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ ഏതു വിധത്തിലാണ് നടത്തുന്നത്;

(ബി) മലിനീകരണ നിയന്ത്രണ ബോർഡ് നിയമനങ്ങൾ പി. എസ്. സി. മുഖേന നടത്തുന്നത് പരിഗണനയിലുണ്ടോ; അതിനായുള്ള സ്പെഷ്യൽ റൂൾ ഭേദഗതി നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഡെപ്യൂട്ടേഷനിലുള്ളവരെ തിരിച്ചുവിട്ട് താൽകാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നിർദേശം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ഡി) താൽകാലിക നിയമനം നടത്തുമ്പോൾ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്ന എത്ര പേർക്ക് മാതൃവകുപ്പുകളിലേക്കു തിരികെ പോകേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) താൽകാലിക ജീവനക്കാർക്കും സ്ഥിരം ജീവനക്കാരുടെ വേതനം നൽകണമെന്ന ധനവകുപ്പ് ഉത്തരവ് നിലനിൽക്കെ ഡെപ്യൂട്ടേഷനിലുള്ളവരെ തിരിച്ചു വിട്ട് താൽകാലിക നിയമനം നടത്തുന്നതിൽ എന്തു ലാഭമാണ് ബോർഡിനുണ്ടാകുക എന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

<u>ഉത്തരം</u>

(എ) നിലവിലെ നിയമനങ്ങൾ ഡെപ്യൂട്ടേഷൻ വഴിയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കോൺട്രാക്ട് അടിസ്ഥാനത്തിലുമാണ് നടത്തുന്നത്.

(ബി) ഉണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. ബോർഡിന്റെ സ്പെഷ്യൽ റൂൾസ് സംബന്ധിച്ച ഫയൽ പരിശോധിച്ചുവരികയാണ്.

(സി-ഇ) നിലവിൽ 40 പേർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നവർക്ക് ധനവകുപ്പിന്റെ ഉത്തരവ് പ്രകാരമുള്ള ശമ്പളം നൽകിയാൽ മതിയാകും. ഇപ്രകാരം നിയമനം നടത്തുന്ന മുറയ്ക്ക് ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കാൻ കഴിയും. പി.എസ്.സി. വഴിയുള്ള നിയമനത്തിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

**പരിസ്ഥിതി ലോല പ്രദേശത്തിന്റെ പുതുക്കിയ കരട് വിജ്ഞാപനം**

61 (3444) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ലോല പ്രദേശത്തിന്റെ പുതുക്കിയ കരട് വിജ്ഞാപനത്തിന്റെ കാലാവധി അവസാനിക്കുന്നതെന്നാണെന്ന് അറിയിക്കാമോ;

(ബി) കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള 123 വില്ലേജുകളിലെ ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി കിട്ടാനായി മുൻ സർക്കാർ നടത്തിയ ഇടപെടൽ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ;

(സി) അന്തിമ വിജ്ഞാപനത്തിൽ ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിക്കൊണ്ട് പരിസ്ഥിതി ലോല മേഖല നിശ്ചയിച്ച കിട്ടാനായി എന്ത് നടപടിയുണ്ടാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ 27-2-2017-ലെ പുതുക്കിയ കരട് വിജ്ഞാപനത്തിൽ കാലാവധി അവസാനിക്കുന്ന തീയതി രേഖപ്പെടുത്തിയിട്ടില്ലെങ്കിലും Environment Protection Rules 86 പ്രകാരം കരട് വിജ്ഞാപനം ഇറക്കുന്ന ദിവസം മുതൽ 540 ദിവസം വരെയാണ് കാലാവധി.

(ബി) 12-10-2013-ലെ സർവ്വകക്ഷി യോഗത്തിലെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കേരളത്തിലെ ജനവാസ കേന്ദ്രങ്ങളെ ഇ.എസ്.എ.-യിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമൂലവും മറ്റും ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാനും അദ്ധ്യക്ഷനുമായ ശ്രീ. ഉമ്മൻ വി. ഉമ്മന്റെ നേതൃത്വത്തിൽ ഒരു മൂന്നംഗ വിദഗ്ദ്ധ സമിതിയെ 29-10-2013 -ലെ സ.ഉ.(സാധാ) നമ്പർ162/13/പരി. പ്രകാരം മുൻ സർക്കാർ നിയമിച്ചു. കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള 123 വില്ലേജുകളിലെ ജനവാസ കേന്ദ്രങ്ങളെയും കൃഷി സ്ഥലങ്ങളെയും പൂർണ്ണമായും ഇ.എസ്.എ.-യിൽനിന്ന് ഒഴിവാക്കണമെന്നും സംസ്ഥാന സർക്കാരിന്റെ കസ്തൂരിരംഗൻ റിപ്പോർട്ടിന്മേലുള്ള അഭിപ്രായം ലഭിച്ചതിനുശേഷം മാത്രമേ അന്തിമ തീരുമാനമെടുക്കാവൂ എന്നും അഭ്യർത്ഥിക്കുന്നതിന് ഭരണ പ്രതിപക്ഷ ഭേദമെന്യേ കേരള നിയമസഭയിൽ 30-1-2014 തീയതിയിൽ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി. ആയതനുസരിച്ച് ഒരു മെമ്മോറാണ്ടം മുൻ പ്രധാനമന്ത്രിക്ക് 2014 ജനുവരിയിൽ മുൻ സർക്കാർ സമർപ്പിച്ചിട്ടുണ്ട്. 10-3-2014, 4-9-2015 എന്നീ തീയതികളിലെ കരട് വിജ്ഞാപനത്തിൽ 9107 ച.കി.മീ. വനപ്രദേശമായും 886.7 ച.കി.മീ. വനേതര പ്രദേശമായും കാണിച്ചിരുന്നതിനാൽ, 4-9-2015 -ലെ വിജ്ഞാപനത്തിൽ, Reserve Forest Protected Area, World Heritage site എന്നിവ മാത്രമായി ചുരുക്കുവാൻ മുൻ സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. വനം വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വനപ്രദേശങ്ങളില്ലാത്ത 4 ഇ.എസ്.എ. വില്ലേജുകളെ ഒഴിവാക്കി കേരളത്തിലെ ഇ.എസ്.എ. വില്ലേജുകളുടെ എണ്ണം 119 ആക്കി നിജപ്പെടുത്തുവാൻ കേന്ദ്ര സർക്കാരിനോട് 15-12-2015-ൽ മുൻ സർക്കാർ അഭ്യർത്ഥിച്ചിരുന്നു.

(സി) കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

കേന്ദ്ര പരിസ്ഥിതി വകുപ്പ് സഹമന്ത്രി 23-6-2016 -ൽ കേരളം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിന് സമർപ്പിച്ച മെമ്മോറാണ്ടത്തിലും ചർച്ചയിലും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിക്കൊണ്ട്, എത്രയും വേഗം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണെന്നും ആവശ്യപ്പെടുകയുണ്ടായി. കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്ന വനേതര ഇ.എസ്.എ. മേഖലയായ 886.7 ച.കി.മീ. പ്രദേശം ആയതിൽനിന്നും ഒഴിവാക്കി സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ സംസ്ഥാന സർക്കാർ കൈക്കൊള്ളുന്നതാണെന്നും ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പഞ്ചായത്തുതല ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് സമിതികളുടെയും അർത്ഥവത്തായ പങ്ക് ഉറപ്പാക്കാമെന്നും നിലവിലുള്ള സംസ്ഥാന നിയമങ്ങൾ നടപ്പാക്കാമെന്നും 23-2-2017-ലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളി ടി.എസ്. കനാൽ

62 (3446) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന ടി.എസ് കനാലിലേക്ക് പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതു മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി.എസ്. കനാലിന് ഇരുവശങ്ങളിലായി വള്ളിക്കാവിൽ സ്ഥാപിച്ചിട്ടുള്ള മാതാ അമൃതാനന്ദമയി മഠവും വിദ്യാഭ്യാസ സ്ഥാപനങ്ങളും മലിനജലവും മറ്റും കനാലിലേക്ക് തുറന്നു വിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഈ പ്രദേശത്ത് കനാലിലുണ്ടായിട്ടുള്ള മത്സ്യ സമ്പത്തിന്റെ കുറവ് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കരുനാഗപ്പള്ളി ടി.എസ്. കനാലിലെ മത്സ്യസമ്പത്ത് ശോഷണത്തെക്കുറിച്ച് പഠനം നടത്തിയിട്ടില്ല.

## ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ

63 (T* 3447) ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകുന്നതിനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റിപ്പോർട്ട് നൽകുന്നതിന് പ്രസ്തുത കമ്മിറ്റിക്ക് എത്ര സമയമാണ് അനുവദിച്ചിരുന്നത്; റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ശൈലേഷ് കമ്മിറ്റി റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണോ പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് നല്കിയിരിക്കുന്നത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി.ആർ.ഇസെഡ്. (CRZ)-ന്റെ പരിധിയിൽ നിന്നും കേരളത്തെ പൂർണ്ണമായും ഒഴിവാക്കാമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഇന്റഗ്രേറ്റഡ് കോസ്റ്റൽ മാനേജ്മെന്റ് പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകുന്നതിനായി സമിതിയെ നിയോഗിച്ചിട്ടില്ല. എന്നാൽ ഇതിന്റെ ഭാഗമായുള്ള ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി KSCSTE-യിലെ ശാസ്ത്രജ്ഞൻ ഡോ. പി. ഹരിനാരായണനെയും NCESS- ലെ ശാസ്ത്രജ്ഞൻ ഡോ. കെ.കെ. രാമചന്ദ്രനെയും ചുമതലപ്പെടുത്തുകയും ചെന്നൈ NCSCM- ലെ കൺസൾട്ടന്റായ ശ്രീ. വെങ്കിട്ടരമണൻ, ശാസ്ത്രജ്ഞനായ ഡോ. അസിർ രമേശ് എന്നിവരുടെ സഹായത്തോടുകൂടി ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കി 2017 ജനുവരിയിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) അല്ല.

(ഡി) കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാൻ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയ ഡോ. ശൈലേഷ് നായക് സമിതി (2014), അവരുടെ റിപ്പോർട്ട് പൂർത്തിയാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചതായിട്ടാണ് അറിയാൻ കഴിയുന്നത്. ഇത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രത്യേക ഇളവുകൾ ഒന്നും ഇതുവരെയായി പ്രഖ്യാപിച്ചിട്ടില്ല.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ

64 (3448) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ കണ്ടെത്തുവാൻ പി. ആന്റ് എ. ആർ. ഡി. വിജിലൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കണ്ടെത്തിയ ഒഴിവുകളുടെ വകുപ്പ് തിരിച്ചുള്ള കണക്കുകൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ടെത്തിയ ഒഴിവുകളുടെ വകുപ്പ് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു* .

## ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷ

65 (3449) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷയിൽ (നീറ്റ്) പ്രാദേശിക ഭാഷയായി മലയാളം മാധ്യമം അനുവദിച്ചിട്ടുണ്ടോ;

(ബി) ഈ പ്രവേശന പരീക്ഷയിൽ മലയാളത്തിൽ പരീക്ഷയെഴുതുന്നതിന് അനുമതിക്കായി കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ;

(സി) പ്രാദേശിക ഭാഷയുടെ സംരക്ഷണത്തിനായി ഇത്തരം അവസരങ്ങൾ ഉപയോഗിക്കാതിരിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ;

(ഡി) ഈ പ്രവേശനപരീക്ഷയിൽ മലയാളം മാധ്യമം ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ദേശീയ മെഡിക്കൽ പ്രവേശന പരീക്ഷയിൽ ഉൾപ്പെടുത്തുന്നതിനായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്തിന് അയച്ചുതന്ന പ്രൊഫോർമയിൽ ഇംഗ്ലീഷ്/ഹിന്ദി/തമിഴ്/തെലുങ്ക് ഭാഷകൾക്കുള്ള ഓപ്ഷൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. മലയാളത്തിൽ പരീക്ഷയെഴുതുന്നതിന് ഓപ്ഷൻ നൽകാൻ അവസരം ഉണ്ടായിരുന്നില്ല. അടുത്ത പരീക്ഷയ്ക്ക് മലയാളം കൂടി മാധ്യമമായി ഉപയോഗിക്കുവാൻ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിലേക്ക് കത്ത് അയച്ചിട്ടുണ്ട്.

**എച്ച്.എസ്.എ. തസ്തികയിലെ ഒഴിവുകൾ**

66 (3450) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എച്ച്.എസ്.എ. ഹിന്ദി (കാറ്റഗറി നമ്പർ 662/2012) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള അഭിമുഖത്തിനുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കും എന്നറിയിക്കാമോ?

**ഉത്തരം**

(എ) പാലക്കാട് ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് ഹിന്ദി (കാറ്റഗറി നമ്പർ 662/2012) തസ്തികയുടെ ചുരുക്കപ്പട്ടിക 20-7-2016-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. One Time Verificaton-ഉം പൂർത്തിയായിട്ടുണ്ട്.

(ബി) ഇല്ല.

(സി) 1-7-2017-ന് നിലവിൽ വരുന്ന 2 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) അഭിമുഖത്തിനുശേഷം എത്രയും പെട്ടെന്ന് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതാണെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

**ഭരണഭാഷ മാതൃഭാഷ**

67 (3451) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭരണഭാഷ മാതൃഭാഷയാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും അത് പൂർണ്ണ രൂപത്തിൽ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള പി.എസ്.സി. നടത്തുന്ന ഉന്നത പരീക്ഷകൾക്ക് പോലും ഉദ്യോഗാർത്ഥികളുടെ മലയാളത്തിലെ പ്രാവീണ്യമറിയാൻ ശ്രമിക്കുന്നില്ല എന്നതിനാൽ ആയതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശം നല്കുമോ;

(സി) മലയാളഭാഷയുടെ വ്യാപനത്തിനും പരിപോഷണത്തിനുമായി കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ നിയമപ്രകാരം മാതൃഭാഷയുടെ പ്രാധാന്യം മനസ്സിലാക്കി നിയമനിർമ്മാണവും ഭരണ നിർവ്വഹണവും നീതി നിർവ്വഹണവും പൂർണ്ണമായും മലയാള ഭാഷയിലാക്കുന്നതിനും കേരളത്തിലെ വിവിധ വകുപ്പുകളിലും സെക്രട്ടേറിയറ്റിലും മലയാള ഭാഷയിൽ കുറിപ്പുകളും ഉത്തരവുകളും ഇറക്കുവാനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ (നിയമസഭയിൽ സമർപ്പിക്കുന്നതടക്കം) മറ്റിതര പ്രസിദ്ധീകരണങ്ങൾ എന്നിവ പൂർണ്ണമായും മലയാള ഭാഷയിലാക്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ മലയാളഭാഷാ പ്രാവീണ്യം പരിശോധിക്കുന്ന ചോദ്യങ്ങൾ ഉൾപ്പെടുത്തണമെന്ന ആവശ്യം ഔദ്യോഗികഭാഷാ വകുപ്പ് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സർക്കാർ, മലയാളം ഭരണഭാഷയായി അംഗീകരിച്ച സാഹചര്യത്തിൽ പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകളിലും മലയാളത്തിന് പ്രാധാന്യം നൽകി 10% ചോദ്യങ്ങൾ പി.എസ്.സി. ചോദ്യപേപ്പറിലും ഉൾപ്പെടുത്താൻ കമ്മീഷൻ തീരുമാനിച്ചതായും പി.എസ്.സി. പരീക്ഷകളിൽ ഭരണഭാഷാ ചോദ്യങ്ങൾ

ഉൾപ്പെടുത്തുന്നതിന് രൂപരേഖ തയ്യാറാക്കുവാൻ കമ്മീഷൻ നിയോഗിച്ച വിദഗ്ധ സമിതി, അവരുടെ റിപ്പോർട്ടും, പാഠ്യപദ്ധതിയും കെ.പി.എസ്.സി. സബ്കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുള്ളതായും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കേരള സർക്കാർ എല്ലാ മേഖലകളിലും പൂർണ്ണമായും ഭരണഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 30-7-1983-ലെ സ.ഉ. (കൈ) നമ്പർ11/83/പി. ആൻഡ് എ.ആർ.ഡി. ഉത്തരവ് പ്രകാരം ഓരോ വകുപ്പും വർഷംതോറും പ്രസിദ്ധീകരിക്കുന്ന ഭരണറിപ്പോർട്ട് മലയാളത്തിൽക്കൂടി തയ്യാറാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഉമ്മൻ കമ്മിറ്റി റിപ്പോർട്ട്

68 (3452) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്താനുള്ള നടപടി ക്രമങ്ങൾ ഏത് വരെയായെന്ന് വിശദീകരിക്കാമോ;

(ബി) EARAS (Establishment of an Agency for reporting of Agricultural Statistics) പദ്ധതികൾക്കുള്ള മുഴുവൻ ചെലവുകളും (നിയമനങ്ങൾ ഉൾപ്പെടെ) കേന്ദ്രവിഹിതമാണോ; വിശദമാക്കാമോ;

(സി) EARAS-ൽ നിലവിൽ എത്ര നിയമനങ്ങൾ നടത്താനാണ് ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളത്; നിയമനം നടത്തുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ഡി) പതിമൂന്നാം പഞ്ചവത്സര പദ്ധതിയ്ക്ക് BSLD (Basic Statistics for Local Level Development) എന്നാണ് പ്രവർത്തനം തുടങ്ങിയത് എന്ന് വിശദമാക്കാമോ; ഏത് വരെയായെന്നും എത്ര ഫണ്ട് ചെലവഴിച്ചു എന്നും വിശദമാക്കാമോ;

(ഇ) മലപ്പുറം ജില്ലയിലെ എൽ.ഡി.സി. നിയമനങ്ങളും സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ നിയമനങ്ങളും കൃത്യമായി പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്നും നിയമനങ്ങൾ വേഗത്തിലല്ലെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് ഉമ്മൻ കമ്മിറ്റി ശിപാർശ ചെയ്തിട്ടില്ല.

(ബി) ഇ.എ.ആർ.എ.എസ്. പദ്ധതി. 100% സെൻട്രൽ സെക്ടർ സ്കീം ആണ്. ഈ പദ്ധതിയുടെ കീഴിൽ വരുന്ന എല്ലാ ചെലവുകളും കേന്ദ്ര വിഹിതത്തിൽനിന്നാണ് വഹിക്കുന്നത്. കാർഷിക സ്ഥിതിവിവര കണക്ക് ശേഖരിക്കുക എന്നതാണ് ടി പദ്ധതി നടത്തിപ്പുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) ഇ.എ.ആർ.എ.എസ്.-മായി ബന്ധപ്പെട്ട് 103 തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് ഡയറക്ടർ ജനറൽ ശിപാർശ ചെയ്തിട്ടുള്ളത്. തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) 13-ാം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട് BSLD 17-11-2016 മുതൽ പ്രവർത്തനമാരംഭിച്ചു. ഇതിൻപ്രകാരം തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 27-1-2017-നും തൃശ്ശൂർ ജില്ലയിൽ 28-1-2017-നും കോഴിക്കോട് ജില്ലയിൽ 31-1-2017-നും നാല് മേഖലകളിലായി വകുപ്പിലെ ജീവനക്കാർക്ക് പ്രാദേശിക തലത്തിൽ ലഭ്യമായ സ്ഥിതിവിവരക്കണക്കുകളെയും അവ ലഭ്യമാകുന്ന സ്രോതസ്സും സംബന്ധിച്ച് പരിശീലനം നൽകുകയും പരിശീലന പരിപാടികൾക്കായി 3,08,000 രൂപ അനുവദിക്കുകയും 2,30,000 രൂപ മുൻകൂറായി നൽകുകയും ചെയ്തിട്ടുണ്ട്.

(ഇ) മലപ്പുറം ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

**ഐ.ടി. മേഖലയുടെ വികസനം**

69 (3453) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. ജോർജ് എം. തോമസ്</u> :
<u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വിവിധ വകുപ്പുകളുടെ ഡാറ്റാബേസുകൾ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് എല്ലാ സേവനങ്ങളും ഓൺലൈനിൽ ലഭ്യമാക്കി, അതുവഴി അഴിമതിക്കുള്ള അവസരങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഐ.ടി. മേഖലയിൽ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഐ.ടി. മേഖലയുടെ വികസനത്തിനായി സർക്കാർ നൂതനങ്ങളായ പലവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.

- വിവിധ വകുപ്പുകളുടെ സർവ്വീസുകൾ ഏകീകൃത സർവ്വീസ് ഡെലിവറി ഗേറ്റ് വേ-യുമായി ബന്ധിപ്പിച്ച് പൊതുജന സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കൽ.
- വെർച്വൽ ഐ.ടി. കേഡർ മുഖേന എല്ലാ വകുപ്പുകളിലും ഇ-ഗവേണൻസ് കപ്പാസിറ്റി ബിൽഡിംഗ് നടപ്പിലാക്കൽ.
- അക്ഷയ കേന്ദ്രങ്ങൾ വഴി വിവര സാങ്കേതികവിദ്യയുടെ നൈപുണ്യ വികസന കോഴ്സുകൾ സംഘടിപ്പിക്കൽ.
- ടെക്നോസിറ്റി, കോഴിക്കോട് സൈബർ പാർക്ക് എന്നിവിടങ്ങളിലെ ഐ.ടി കെട്ടിട നിർമ്മാണം.

സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ കാര്യക്ഷമമാക്കുവാൻവേണ്ടി കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ) എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഒപ്റ്റിക്കൽ ഫൈബർ ഉപയോഗിച്ച് ബ്രോഡ്ബാന്റ് കണക്ഷൻ നൽകുവാൻ ലക്ഷ്യമിടുന്നു. കൂടാതെ ഏകദേശം ഇരുപത് ലക്ഷത്തോളം പാവപ്പെട്ട കുടുംബങ്ങൾക്കും സൗജന്യ ഇന്റർനെറ്റ് ലഭ്യമാക്കുന്നതാണ്. പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് ഉപയോഗിക്കാൻ വേണ്ടി ആയിരം പബ്ലിക് വൈഫൈ ഹോട്സ്പോട്ടുകൾ തെരഞ്ഞെടുത്ത പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കുന്നതാണ്.

(സി) വിവിധ വകുപ്പുകളുടെ ഡാറ്റാ ബേസുകൾ പരസ്പരം ബന്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ഇലക്ഷൻ, മോട്ടോർ വെഹിക്കിൾസ്, റവന്യൂ തുടങ്ങിയ വകുപ്പുകളുടെ ഡാറ്റാ ബേസുകൾ ബന്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ഐ.ടി. മേഖലയിലെ വിപുലമായ വ്യവസായ സംരംഭങ്ങള്‍, നിക്ഷേപ സാധ്യതകള്‍ പരമാവധി പ്രത്യക്ഷവും പരോക്ഷവുമായി സൃഷ്ടിക്കാന്‍ കഴിയുന്ന തൊഴിലവസരങ്ങള്‍ തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി രൂപീകരിക്കുന്ന സംസ്ഥാന സര്‍ക്കാരിന്റെ പുതിയ ഐ.ടി. നയത്തില്‍ അനേകം പദ്ധതികള്‍ വിഭാവന ചെയ്യുന്നുണ്ട്.

വിവരസാങ്കേതിക മേഖലയിലും അതിനോടനുബന്ധമായ മറ്റ് മേഖലകളിലും നൂതന ആശയങ്ങളുമായി സമീപിക്കുന്നവര്‍ക്ക് പൂര്‍ണ്ണ തോതിലുള്ള ഒരു കമ്പനി വികസിപ്പിക്കുന്നതിനാവശ്യമായ എല്ലാവിധ സഹായങ്ങളും നല്‍കുന്നതിനുവേണ്ടി ടെക്നോളജി ബിസിനസ് ഇന്‍കുബേറ്ററുകള്‍ കേരളാ സ്റ്റാര്‍ട്ടപ്പ് മിഷന്‍ ആരംഭിച്ചിട്ടുണ്ട്.

ടെക്നോസിറ്റി കാമ്പസില്‍ 2 ലക്ഷം ച.അടി. വിസ്തീര്‍ണ്ണത്തിലുള്ള ഐ.ടി. കെട്ടിട സമുച്ചയം, കൊച്ചി ഇന്‍ഫോപാര്‍ക്കിന്റെ രണ്ടാം ഘട്ടവും, കൊരട്ടി, ചേര്‍ത്തല എന്നീ പാര്‍ക്കുകളുടെ വികസന പ്രവര്‍ത്തനങ്ങളും കൂടിയാകുമ്പോള്‍ ഐ.ടി. മേഖലയില്‍ അനേകം തൊഴിലവസരങ്ങള്‍ സൃഷ്ടിക്കാന്‍ സാധിക്കുമെന്നാണ് കരുതുന്നത്. കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളില്‍ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പാര്‍ക്കുകള്‍, പ്രൈവറ്റ് ഐ.ടി പാര്‍ക്കുകള്‍ ഉള്‍പ്പെടെയുള്ള ഐ.ടി. പാര്‍ക്കുകള്‍ തുടങ്ങിയ സംരംഭങ്ങള്‍ക്ക് സര്‍ക്കാര്‍ പ്രോത്സാഹനം നല്‍കുന്നതാണ്. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളില്‍ പഠിക്കുന്ന വിദ്യാര്‍ത്ഥികള്‍ക്ക് തൊഴില്‍ നൈപുണ്യം വര്‍ദ്ധിപ്പിക്കുന്നതിനുവേണ്ടി 'സ്കില്‍ ഡെലിവറി പ്ലാറ്റ്ഫോം കേരള' എന്ന ഒരു പദ്ധതിയും സംസ്ഥാന സര്‍ക്കാര്‍ ആവിഷ്കരിച്ചിട്ടുണ്ട്.

**ഐ.ടി. മേഖലയില്‍ ജീവനക്കാരുടെ വര്‍ദ്ധനവ്**

70 (3454) <u>ശ്രീ. കെ. കൃഷ്ണന്‍കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ ഐ.റ്റി. മേഖലയില്‍ കഴിഞ്ഞ 5 വര്‍ഷത്തെ കാലയളവില്‍ ജീവനക്കാരുടെ എണ്ണത്തില്‍ വന്ന വര്‍ദ്ധനവിന്റെ കാര്യം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന് ഐ.റ്റി. മേഖലയില്‍ കഴിഞ്ഞ 5 വര്‍ഷത്തിനുള്ളില്‍ ലഭിച്ച വിദേശ നിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ 5 വര്‍ഷം ഐ.റ്റി. മേഖലയില്‍ നിന്നും ലഭിച്ച ആകെ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വര്‍ഷം സംസ്ഥാന സര്‍ക്കാര്‍ നടപ്പിലാക്കാന്‍ പോകുന്ന ഐ.റ്റി. പദ്ധതികള്‍ ജില്ലാ അടിസ്ഥാനത്തില്‍ വിശദീകരിക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ഐ.ടി. മേഖലയിൽ കഴിഞ്ഞ 5 വർഷത്തെ കാലയളവിൽ ഇരുപത്തിയ്യായിരത്തോളം ജീവനക്കാരുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്, ഐ.ടി. മേഖലയിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നേരിട്ടുള്ള വിദേശ നിക്ഷേപം ഉണ്ടായിട്ടില്ല.

(സി) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷം ഐ.ടി. മേഖലയിൽനിന്നും ലഭിച്ച ആകെ വരുമാനം ഏകദേശം 11,755 കോടി രൂപയാണ്.

(ഡി) ഈ വർഷം സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ പോകുന്ന ഐ.ടി. പദ്ധതികൾ താഴെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ല

ടെക്നോപാർക്ക് - അടിസ്ഥാന സൗകര്യ വികസനത്തിന് 110 KV സബ്സ്റ്റേഷൻ വിപുലീകരണം, 2.5 കി.മീറ്റർ റോഡുകളും അനുബന്ധ സംവിധാനങ്ങളും.

ടെക്നോസിറ്റി - അടിസ്ഥാന സൗകര്യ വികസനം 2 ലക്ഷം ച.അടി. വിസ്തീർണ്ണത്തിൽ ഐ.ടി. കെട്ടിടം

ഐ.ടി. മിഷൻ - വിവിധ വകുപ്പുകളുടെ സർവ്വീസുകൾ ഏകീകൃത സർവ്വീസ് ഡെലിവറി ഗേറ്റ് വേ-യുമായി ബന്ധിപ്പിച്ച് പൊതുജന സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കൽ, വെർച്വൽ ഐ.ടി. കേഡർ മുഖേന എല്ലാ വകുപ്പുകളിലും ഇ-ഗവേണൻസ് കപ്പാസിറ്റി ബിൽഡിംഗ് നടപ്പിലാക്കൽ, അക്ഷയ കേന്ദ്രങ്ങൾ വഴി വിവര സാങ്കേതിക വിദ്യയുടെ നൈപുണ്യ വികസന കോഴ്സുകൾ സംഘടിപ്പിക്കൽ, കെ-ഫോൺ പദ്ധതിയുടെ ഭാഗമായി 20 ലക്ഷം നിർധന വീടുകളിൽ സൗജന്യമായും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിലും പരിമിത ഇന്റർനെറ്റ് കണക്ടിവിറ്റി നൽകൽ എന്നിവ കൂടാതെ ഇ-ഓഫീസ് എല്ലാ ജില്ലാ കളക്ടേറ്റിലും താലൂക്ക് ഓഫീസുകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കോഴിക്കോട് ജില്ല

സൈബർ പാർക്ക് - അഞ്ച് നില ഐ.ടി. കെട്ടിടം മാർച്ച് അവസാനത്തോടെ പൂർത്തീകരിച്ച് കമ്പനികൾക്ക് കൈമാറാൻ സാധിക്കുന്നതാണ്.

കേരള ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ -KSITIL implementing agency ആയി സർക്കാർ നടപ്പിലാക്കാൻ പോകുന്ന ഒരു മുഖ്യ പദ്ധതിയാണ് സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം.

<u>എറണാകുളം ജില്ല</u>

<u>ഇൻഫോപാർക്ക്, കൊച്ചി</u>

<u>ഫേസ് -1</u>

റോഡുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളുടെ വികസനത്തിനും 50,000 ച. അടിയിൽ ഒരു IT cum Recreations and Sports Centre സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

പരിസ്ഥിതിക്കനുകൂലമായ രീതിയിൽ സോളാർ ലാമ്പുകളും പമ്പ്സെറ്റുകളും തീർത്തുപോരുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

<u>തൃശ്ശൂർ ജില്ല</u>

<u>ഇൻഫോപാർക്ക്</u> -തൃശ്ശൂർ ജില്ലയിൽ നിലവിലുള്ള ഐ.ടി. മന്ദിരത്തിന്റെ Ist Floor Fitout ചെയ്തു കൊടുക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള പാർക്കിന് ഒരു റോഡ് നിർമ്മിച്ചുകൊണ്ട് 12 ഏക്കർ അധികമായുള്ള KSITIL ഭൂമിയെ പുരോഗമിപ്പിക്കുന്നതിനും പദ്ധതിയുണ്ട്.

**അക്ഷയ കേന്ദ്രങ്ങൾ**

71 (3455) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സേവനങ്ങൾക്കായി അക്ഷയ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കേണ്ട പണം (സർവ്വീസ് ചാർജ്) സമയബന്ധിതമായി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പണം സമയബന്ധിതമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിന് പ്രത്യേക ഭരണസംവിധാനം നിലവിൽ ഇല്ലാത്തത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(സി) അക്ഷയയുടെ പേരിനോടു സമാനമായ പേരും ലോഗോയും ഉപയോഗിച്ച് പ്രവർത്തിക്കുന്ന സമാന്തര കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പ്/ ഏജൻസികളിൽനിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ സർവ്വീസ് ചാർജ്ജിനത്തിൽ അക്ഷയ കേന്ദ്രങ്ങൾക്ക് നൽകുവാനുള്ള തുക വിതരണം ചെയ്യാൻ കഴിയും.

(ബി) അക്ഷയ കേന്ദ്രങ്ങളുടെ മേൽനോട്ടത്തിന് ജില്ലാതലത്തിൽ കളക്ടർ ചെയർമാനായി ഭരണസമിതി നിലവിലുണ്ട്.

(സി) അക്ഷയയുടെ പേരും ലോഗോയും നിയമപരമായി ട്രേഡ് മാർക്ക് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്രകാരം രജിസ്റ്റർ ചെയ്യുന്നതുവഴി അക്ഷയയുടെ പേരും ലോഗോയും ഉപയോഗിച്ച് പ്രവർത്തിക്കുന്ന സമാന്തര കേന്ദ്രങ്ങളെ നിയമപരമായി നിയന്ത്രിക്കാൻ സാധിക്കുന്നതാണ്.

**അക്ഷയ കേന്ദ്രങ്ങൾ**

72 (3456) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ സംബന്ധിച്ച പരാതികൾ എവിടെയാണ് നൽകേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഒരു അക്ഷയകേന്ദ്രത്തിന്റെ ഉടമസ്ഥത മാറുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(സി) ഗുണപരമായ മത്സരത്തിന്, ഒരു പഞ്ചായത്തിൽ തന്നെ സാധ്യതയ്ക്കനുസരിച്ച് കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അക്ഷയ കേന്ദ്രങ്ങളെ സംബന്ധിച്ച പരാതികൾ അതാത് ജില്ലാ കളക്ടർക്കോ, അക്ഷയ ജില്ലാ ഓഫീസുകളിലോ, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന അക്ഷയ സംസ്ഥാന ഓഫീസിലോ നൽകാവുന്നതാണ്.

(ബി) അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുമ്പോൾ സംരംഭകർ സർക്കാരുമായി ഏർപ്പെടുന്ന എഗ്രിമെന്റ് പ്രകാരം ഒരു അക്ഷയ സംരംഭകൻ മരണപ്പെടുകയോ, സ്ഥിരമായ അംഗവൈകല്യം സംഭവിക്കുകയോ, ഇന്ത്യയിലോ വിദേശത്തോ ജോലി ലഭിക്കുകയോ ചെയ്യുന്ന അവസരത്തിൽ ടിയാൾ നടത്തിവന്ന അക്ഷയ കേന്ദ്രത്തിന്റെ ഉടമസ്ഥാവകാശം തൊട്ടടുത്ത ബന്ധുവിന് കൈമാറ്റം ചെയ്യാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപോലെ ഒരു അക്ഷയ സംരംഭകന് പുതിയ ജോലി ലഭിക്കുകയോ, വിവാഹവുമായി ബന്ധപ്പെട്ടോ, തൊഴിൽ അഭിവൃദ്ധിക്കുവേണ്ടിയോ അക്ഷയകേന്ദ്രം പ്രവർത്തിപ്പിക്കുന്നതിനുള്ള കഴിവില്ലാതെ വരുന്ന സാഹചര്യത്തിലോ തന്റെ ഉടമസ്ഥാവകാശം പുതിയൊരാൾക്ക് കൈമാറ്റം ചെയ്യാം. എന്നാൽ ഇത്തരം

കൈമാറ്റം മൂന്ന് വർഷത്തിനുശേഷമേ അനുവദിക്കുകയുള്ളൂ. 20-7-2013-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 171/2013/ഐ.റ്റി.ഡി. സർക്കാർ ഉത്തരവിലെ അക്ഷയ സംരംഭകത്വ എഗ്രിമെന്റിന്റെ ക്ലോസ് - D യിലാണ് മേൽപ്പറഞ്ഞ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(സി) നിലവിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കാൻ കഴിയില്ല. ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ, അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ കുറഞ്ഞത് 2 കിലോമീറ്റർ ദൂരപരിധി വേണമെന്ന നിബന്ധനയിൽ പരമാവധി 4 അക്ഷയ കേന്ദ്രങ്ങൾക്കാണ് നിലവിൽ അനുമതി നൽകിവരുന്നത്.

**അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

73 (3457) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങൾ പുതുതായി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുണ്ടോ;

(സി) ഇക്കാര്യത്തിൽ കോടതിയുടെ സ്റ്റേ നിലവിലുണ്ടോ; എങ്കിൽ ആയത് നീക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലെ വ്യവസ്ഥകൾ അനുസരിച്ച് ഒരു ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നാലും മുനിസിപ്പാലിറ്റിയുടെ പരിധിയിൽ ആറും കോർപ്പറേഷനുകളിൽ കുടുംബസാന്ദ്രതയ്ക്കനുസരിച്ച് അതാത് കോർപ്പറേഷനുകൾ ആവശ്യപ്പെടുന്നതനുസരിച്ചുമാണ് പുതിയ അക്ഷയ കേന്ദ്രങ്ങൾക്ക് അനുമതി നൽകിവരുന്നത്. എന്നാൽ രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി 2 കിലോമീറ്ററിൽ കൂടുതലായിരിക്കണം. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ സർക്കാർ ഉത്തരവിനനുസരിച്ച് പരിമിതപ്പെടുത്തിയിട്ടുള്ള അക്ഷയ കേന്ദ്രങ്ങൾ ഇല്ലാത്തപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രമേയം പാസ്സാക്കിയാൽ മുകളിൽ പ്രതിപാദിച്ചിരിക്കുന്ന നിരക്കിൽ പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കാവുന്നതാണ്.

(ബി&സി) നിലവിലുണ്ടായിരുന്ന കേസ് തീർപ്പായിട്ടുണ്ട്.

## അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾക്ക് ഏകീകൃത നിരക്ക്

74 (3458) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങളിൽ നൽകുന്ന അപേക്ഷകൾക്ക് വ്യത്യസ്ത നിരക്കുകൾ ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരക്കുകൾ ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഓരോ സർട്ടിഫിക്കറ്റിനും വാങ്ങിക്കേണ്ട നിരക്കുകൾ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർവ്വീസ് ചാർജുകൾ ഏകീകരിച്ചിട്ടുണ്ട്. ചില സേവനങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല. അക്ഷയ കേന്ദ്രങ്ങൾ ഇതിന് വ്യത്യസ്ത നിരക്കുകൾ ഈടാക്കിവരുന്നു. ആയത് പരിഹരിച്ച് സേവനങ്ങൾക്ക് നിശ്ചിത നിരക്ക് നിർണ്ണയിക്കുന്നതിന് അക്ഷയ ഡയറക്ടർ പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്.

(സി) നിലവിലെ നിരക്കുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## പ്രവർത്തനക്ഷമമല്ലാത്ത വെബ് സൈറ്റുകൾ

75 (3459) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളുടെയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെയും വെബ് സൈറ്റുകൾ പലതും പ്രവർത്തനക്ഷമമല്ലെന്നും പ്രവർത്തിക്കുന്നവയിൽ വിവരങ്ങൾ യഥാവിധി ചേർക്കുന്നില്ലെന്നും ഉള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ വെബ് സൈറ്റുകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനും കാര്യക്ഷമമായ സംവിധാനം ഒരുക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) ഉണ്ട്. സർക്കാർ വകുപ്പുകൾ/സംഘടനകൾ/സ്വയംഭരണ സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ വെബ്സൈറ്റുകളിലെ ഉള്ളടക്കം അപ്ഡേറ്റ് ചെയ്യുന്നത് അതാത് വകുപ്പുകളാണ്. അവ കാലോചിതമായി അപ്ഡേറ്റ് ചെയ്യണമെന്ന നിർദ്ദേശം ഇതിനോടകം സർക്കാർ നൽകിയിട്ടുണ്ട്. ഈ നിർദ്ദേശം പാലിക്കാത്ത സ്ഥാപനങ്ങളുടെ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുള്ള വെബ്സൈറ്റുകൾ അവിടെനിന്നും താൽക്കാലികമായി നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ വിവര സാങ്കേതിക വകുപ്പ് ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

സെക്യൂരിറ്റി ഓഡിറ്റിംഗിനുശേഷം സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ മാത്രമേ വെബ്സൈറ്റുകൾ ഹോസ്റ്റ് ചെയ്യാവൂ എന്ന കർശന നിർദ്ദേശവും സർക്കാർ വകുപ്പുകൾ/സംഘടനകൾ/സ്വയംഭരണസ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് നൽകിയിട്ടുണ്ട്.

**ജില്ലാ സൈനിക ആഫീസർ**

76 (3460) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാല് ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കാസർകോട്) ജില്ലാ സൈനിക ആഫീസർ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെക്സ്കോൺ (KEXCON)-ൽ ചെയർമാനും എം.ഡി.-യും ഇല്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പൊതുമേഖലാ-സർക്കാർ സ്ഥാപനങ്ങളിൽ ദിവസവേതന നിയമനങ്ങളും മറ്റ് നിയമനങ്ങളും കെക്സ്കോൺ വഴിയാണോ ഇപ്പോൾ നടത്തുന്നത്;

(ഡി) വിമുക്തഭടൻമാരുടെ ക്ഷേമനിധി പ്രവർത്തനം ഫലവത്തായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചെയർമാൻ, മാനേജിംഗ് ഡയറക്ടർ തസ്തികകളിൽ അധിക ചുമതല നൽകി നിയമിച്ചിട്ടുണ്ട്.

(സി) 12-12-2005-ലെ 134/05/GAD നമ്പർ സർക്കുലർ പ്രകാരം സെക്യൂരിറ്റി സംബന്ധമായ തസ്തികകളിൽ കെക്സ്കോൺ മുഖേന നിയമനം നടത്തണമെന്ന് നിർദ്ദേശമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങളിൽനിന്നും ജീവനക്കാരെ ആവശ്യമുണ്ടെന്ന് കാണിച്ച് അറിയിപ്പ് ലഭിക്കുന്ന അവസരത്തിൽ കെക്സ്കോണിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിമുക്തഭടന്മാരെ നൽകുകയാണ് ചെയ്യുന്നത്.

(ഡി) ഇല്ല.

**ഡിസേബിൾഡ് ആയ സൈനികന്റെ അപേക്ഷ**

77 (3461) <u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈനിക സേവനത്തിനിടയിൽ ഡിസേബിൾഡ് ആയ സൈനികൻ ശ്രീ. ദാസൻ, ഭാര്യ ശ്രീമതി ബിന്ദു എന്നിവർ സമർപ്പിച്ച അപേക്ഷയിലും ആയത് സംബന്ധിച്ച 410647/16/GAD/SWA2 നമ്പർ ഫയലിലും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) 8-7-2003-ലെ ജി.ഒ.(എം.എസ്.) 182/03/ പൊ.ഭ.വ. പ്രകാരം ശ്രീമതി ബിന്ദുമോൾ സമർപ്പിച്ച അപേക്ഷയിലെ സമാനമായ ആവശ്യത്തിൽ തീർപ്പുണ്ടായിട്ടുണ്ടോ?

(സി) മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ശ്രീമതി. ബിന്ദുമോളുടെ അപേക്ഷയിലും നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) നിലവിലെ വ്യവസ്ഥകൾ പ്രകാരം ഒരിക്കൽ ആശ്രിത നിയമനം ലഭിച്ച വ്യക്തിക്ക് സൗകര്യാർത്ഥം മറ്റൊരു വകുപ്പിൽ നിയമനം ലഭിക്കുന്നതിന് അർഹതയില്ല. ടി വിവരം അപേക്ഷകരെ അറിയിച്ചിട്ടുണ്ട്. അപ്രകാരം ഫയൽ തീർപ്പാക്കിയിട്ടുണ്ട്.

**കുട്ടനാട്ടിൽ ആരംഭിക്കുന്ന എൻ.സി.സി. നേവൽ പരിശീലന കേന്ദ്രം**

78 (3462) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ എൻ.സി.സി. നേവൽ പരിശീലന കേന്ദ്രം എന്നത്തേക്ക് ആരംഭിക്കും;

(ബി) ഇത് ആരംഭിക്കുന്നതിന് ഇനിയെന്തൊക്കെ നടപടികളാണ് തടസ്സമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) 5-ാം കേരള നേവൽ ബറ്റാലിയനിലെ നേവൽ കേഡറ്റുകൾക്ക് പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ വെളിയനാട് വില്ലേജിൽ water frontage ഉള്ള 25 സെന്റ് സർക്കാർ ഭൂമി കിടങ്ങറയിൽ കണ്ടെത്തിയിട്ടുണ്ട്. ടി ഭൂമി അനുവദിക്കുന്നതിനുള്ള നടപടിക്രമം റവന്യൂ അധികാരികൾ ആരംഭിച്ചിട്ടുണ്ട്. എൻ.സി.സി. വകുപ്പിന് ഭൂമി കൈമാറി ഉത്തരവാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പരിശീലന കേന്ദ്രം ആരംഭിക്കുവാൻ കഴിയൂ.

**വിമുക്തഭടൻമാർക്ക് ആനുകൂല്യങ്ങൾ**

79 (3463) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ക്യാബിനറ്റ്, അർദ്ധസൈനിക വിഭാഗങ്ങളിലെ വിരമിച്ചവർക്ക് വിമുക്തഭട പദവി അനുവദിച്ചിട്ടുള്ളതിനാൽ പ്രതിരോധസേനാ വിഭാഗങ്ങളിലെ വിമുക്തഭടന്മാർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ അർദ്ധസൈനിക വിഭാഗങ്ങളിലെ വിരമിച്ചവർക്കും നൽകണമെന്ന് 23-11-2012-ൽ ഉത്തരവായിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) ഈ വിഷയം സംബന്ധിച്ച് All India Central Para Military Forces Ex-servicemen Welfare Association 26-8-2016-ൽ നൽകിയ നിവേദനത്തിൽ അനുഭാവപൂർവ്വമായ തീരുമാനം കൈക്കൊള്ളുമോ?

ഉത്തരം

(എ) 23-11-2012-ലെ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ 27011/100/2012-R&W-ാം നമ്പർ ഓഫീസ് മെമ്മോറാണ്ടം അനുസരിച്ച് വിവിധ അർദ്ധ സേനാവിഭാഗങ്ങളിൽനിന്നും വിരമിച്ചവർക്ക് Ex-CAPF പദവി നൽകുകയും അവർക്ക് പ്രതിരോധ സേനയിൽനിന്നും വിരമിച്ച വിമുക്തഭടൻമാർക്ക് നൽകിവരുന്നതുപോലെ അനുയോജ്യമായ ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാർ നൽകുന്ന കാര്യത്തിൽ നടപടിയെടുക്കണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ആഭ്യന്തര വകുപ്പിലോ, മറ്റ് വകുപ്പുകളിലോ ഇത് സംബന്ധമായ ഉത്തരവ് ലഭ്യമല്ല.

(ബി) പ്രതിരോധ സേനാവിഭാഗങ്ങളിലെ വിമുക്തഭടൻമാർക്ക് സംസ്ഥാന സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ അർദ്ധസൈനിക വിഭാഗങ്ങളിലെ വിരമിച്ചവർക്കും നൽകണമെന്നാവശ്യപ്പെട്ട് All India Central Para Military Forces Ex-servicemen Welfare Association സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ ഒട്ടനവധി വകുപ്പുകളുമായി ബന്ധപ്പെട്ട് തീരുമാനം എടുക്കേണ്ടതുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**മാരകരോഗങ്ങൾ സാമ്പത്തിക ഭദ്രത തകർക്കുന്ന സ്ഥിതിവിശേഷങ്ങൾ**

80 (3464) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന മാരക രോഗങ്ങൾ സാധാരണക്കാരുടെ കുടുംബ സാമ്പത്തികഭദ്രത തകർക്കുന്നുവെന്നതും ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കപ്പെടുന്ന തുക അപര്യാപ്തമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അവസ്ഥ പരിഹരിക്കുവാനായി നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) നിശ്ചിത വരുമാനപരിധിയിൽ താഴെയുള്ളവരെ ഉൾപ്പെടുത്തി രണ്ട് ലക്ഷം മുതൽ മൂന്ന് ലക്ഷം വരെ ലഭിക്കാവുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചികിത്സാ ചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ക്യാൻസർ, കിഡ്നി, കരൾ സംബന്ധമായ അസുഖങ്ങൾക്ക് അനുവദിക്കുന്ന തുക 10,000 രൂപയിൽനിന്ന് 15,000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ജില്ലാ കളക്ടർക്ക് 2,000 രൂപയിൽനിന്ന് 10,000 രൂപയായും റവന്യൂ മന്ത്രിക്ക് 5,000 രൂപയിൽനിന്ന് 25,000 രൂപയായും മുഖ്യമന്ത്രിക്ക് 1,00,000 രൂപയിൽനിന്ന് 3,00,000 രൂപയായും ഉയർത്തി ഉത്തരവായിട്ടുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

## സ്കൂൾ ബസ്സിടിച്ച് മരണപ്പെട്ട കുട്ടിയുടെ കുടുംബത്തിന് ധനസഹായം

81 (3465) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കോമ്പൗണ്ടിൽ നിയന്ത്രണം വിട്ട ബസ്സിടിച്ച് മരണപ്പെട്ട മലപ്പുറം ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥിനി സിത്താര പർവ്വീൻ എന്ന കുട്ടിയുടെ കുടുംബത്തിന് ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിൽ ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണ് അനുവദിച്ചത്;

(സി) പ്രസ്തുത അപേക്ഷയിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് തേടിയിരുന്നോ; ഇക്കാര്യത്തിൽ നാളിതുവരെയായിട്ടും ധനസഹായം അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ധനസഹായം എന്നത്തേയ്ക്ക് വിതരണം ചെയ്യുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സിത്താര പർവ്വീന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 9-3-2017-ലെ സ.ഉ.(സാധാ) നമ്പർ 985/2017/റവ. എന്ന ഉത്തരവ് പ്രകാരം 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം

82 (3466) ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ എത്ര ദുരിതബാധിതർക്ക് സഹായം ലഭ്യമാക്കും;

(ബി) ഇതിനായി എത്ര രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) എൻഡോസൾഫാൻ ദുരിതബാധിതരായ എത്ര കുടുംബങ്ങളുടെ ബാങ്ക് വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്; ഇതിനായി ചെലവഴിച്ച തുകയെത്രയെന്ന് വിശദീകരിക്കുമോ;

(ഡി) എൻഡോസൾഫാൻ ദുരിതബാധിതരായി മരണമടഞ്ഞവരുടെ കുടുംബത്തിനുള്ള ധനസഹായം, ചികിത്സാ ധനസഹായം, പെൻഷൻ എന്നീ ഇനത്തിൽ നിലവിലുള്ള സർക്കാർ ചിലവഴിച്ച തുക തരം തിരിച്ച് വിശദീകരിക്കുമോ;

(ഇ) എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി മരണാനന്തര സഹായം ഉൾപ്പെടെ മുൻസർക്കാരിന്റെ കാലത്ത് എത്ര തുക ചെലവഴിച്ചിട്ടുണ്ട്; എൻഡോസൾഫാൻ ബാധിത പഞ്ചായത്തുകളുടെ സമീപ പഞ്ചായത്തുകളിൽ നിന്നുള്ള ദുരിത ബാധിതർക്കായി നടത്തിയ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പ് മുഖേന തയ്യാറാക്കപ്പെട്ട ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട്; ഇവരെ ദുരിതബാധിതരുടെ പട്ടികയിൽപ്പെടുത്തി അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തടസ്സമെന്താണെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) അർഹരായിട്ടുള്ള എല്ലാവർക്കും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 200 കോടിയോളം രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) എൻഡോസൾഫാൻ ദുരിതബാധിതർ വിവിധ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള 559 ലോണുകൾ എഴുതിത്തള്ളുന്നതിലേയ്ക്കായി 94,96,499 രൂപയും ദേശസാത്കൃത/ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള 50,000 രൂപവരെയുള്ള 119 ലോണുകൾ എഴുതിത്തള്ളുന്നതിലേയ്ക്കായി 25,35,450 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ അനുസരിച്ച് 20.35 കോടി രൂപ ഇതിനകം അനുവദിച്ചുനൽകിയിട്ടുണ്ട്. ചികിത്സാ ഇനത്തിൽ പ്രതിവർഷം 4 കോടിയോളം രൂപ ചെലവാകുന്നുണ്ട്.

ആരോഗ്യവകുപ്പ് നടത്തിയ സർവ്വേയുടെയും മെഡിക്കൽ ക്യാമ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സ്നേഹസാന്ത്വന പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നതിന് 2016-17-ൽ 8,22,58,350 രൂപ ചെലവഴിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരിൽ പൂർണ്ണമായും കിടപ്പിലായവരെയും ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി പ്രകാരം 2016-17-ൽ 67,60,165 രൂപയും ചെലവഴിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിലുൾപ്പെട്ടവർക്ക് ഓണത്തോടനുബന്ധിച്ച് ഒറ്റത്തവണയായി 1000 രൂപ നൽകിയിട്ടുണ്ട്. ദുരിതബാധിതരുടെ പട്ടികയിലുൾപ്പെടാത്തവരും എന്നാൽ മാരകരോഗങ്ങളുണ്ടെന്ന് കണ്ടെത്തിയവരുമായ 128 പേർക്ക് 1.28 കോടി രൂപ (1 ലക്ഷം രൂപ വീതം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

(ഇ) മനുഷ്യാവകാശ കമ്മീഷൻ ശിപാർശ അനുസരിച്ച് പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, എൻഡോസൾഫാൻ ദുരിതംമൂലം മരണപ്പെട്ടവരുടെ ആശ്രിതർ, ശാരീരിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് ധനസഹായം അനുവദിക്കുന്നതിനായി 90.21 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സ്നേഹസാന്ത്വനം പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിനായി താഴെപ്പറയുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വർഷം | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|
| 2011-12 | 9,70,46,098 |
| 2012-13 | 7,51,59,555 |
| 2013-14 | 8,00,32,115 |
| 2014-15 | 9,22,10,920 |
| 2015-16 | 9,43,07,975 |

എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലുള്ള കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായത്തിനായി 3,21,26,675 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്പെഷ്യൽ ആശ്വാസ കിരണം പദ്ധതി പ്രകാരം 1,78,81,201 രൂപയും ചെലവഴിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിനായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നത് എല്ലാ പഞ്ചായത്തിലുമുള്ള അപേക്ഷകരെയും ഉൾപ്പെടുത്തിയാണ്. നിലവിലുള്ള പട്ടികയിലെ 560 പേർ എൻഡോസൾഫാൻ തളിച്ചിരുന്ന പ്രദേശങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്തുകൾക്ക് പുറത്തുള്ളവരാണ്. ഇവർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകിവരുന്നു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

83 (3467) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം ബന്ധപ്പെട്ട വ്യക്തികൾക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽവന്നതിനു ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തുപറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്ന വിഷയത്തിലുള്ള കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം കൂടി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 106,19,03,919 (നൂറ്റിയാറ് കോടി പത്തൊൻപത് ലക്ഷത്തി മൂവായിരത്തി തൊള്ളായിരത്തി പത്തൊൻപത്) രൂപ അനുവദിച്ചിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ ധനസഹായം**

84 (3468) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാധന സഹായത്തിന് അപേക്ഷ നൽകിയ ശ്രീ. രാജേഷ്, പരീക്കലയ്യത്ത്, പുത്തൻചന്ത. പി. ഒ. വള്ളിക്കുന്നം, മാവേലിക്കര എന്ന വ്യക്തിയുടെ മകൻ അനുരാജിന്റെ ചികിത്സയ്ക്ക് നാളിതുവരെയായും ധനസഹായം അനുവദിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിച്ച് ധനസഹായം അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള ശ്രീ. രാജേഷ്, പരീക്കലയ്യത്ത്, പുത്തൻചന്ത പി. ഒ., വള്ളിക്കുന്നം, മാവേലിക്കര എന്ന വ്യക്തിയുടെ അപേക്ഷ ലഭിച്ചതായി കാണുന്നില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

85 (3469) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ എന്ത് തുക ബാക്കിയുണ്ടായിരുന്നു;

(ബി) 2016 മേയ്-25-ന് ശേഷം ഈ നിധിയിലേക്ക് എന്ത് തുക ലഭിച്ചു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ നിധിയിൽ നിന്നും എന്ത് തുക ഇതിനകം വിതരണം ചെയ്തു;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും ഈ നിധിയിൽ നിന്നും എന്ത് തുക വീതം വിതരണം ചെയ്തുവെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 10,48,48,819 (പത്ത് കോടി നാൽപ്പത്തെട്ട് ലക്ഷത്തി നാൽപ്പത്തെണ്ണായിരത്തി എണ്ണൂറ്റി പത്തൊൻപത്) രൂപ ബാക്കിയുണ്ടായിന്നു.

(ബി) 2016 മേയ് 25-നുശേഷം സർക്കാർ വിഹിതമായി 130 (നൂറ്റിമുപ്പത്) കോടി രൂപയും വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും 15,07,11,449 (പതിനഞ്ച് കോടി ഏഴ് ലക്ഷത്തി പതിനൊന്നായിരത്തി നാനൂറ്റി നാൽപ്പത്തൊമ്പത് രൂപ മാത്രം) രൂപയും അടക്കം ആകെ 145,07,11,449 (നൂറ്റി നാൽപ്പത്തഞ്ച് കോടി ഏഴ് ലക്ഷത്തി പതിനൊന്നായിരത്തി നാനൂറ്റി നാൽപ്പത്തൊമ്പത് രൂപ മാത്രം) രൂപ ലഭിച്ചു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ നിധിയിൽനിന്നും 106,19,03,919 രൂപ (നൂറ്റിയാറ് കോടി പത്തൊൻപത് ലക്ഷത്തി മൂവായിരത്തി തൊള്ളായിരത്തി പത്തൊൻപത് രൂപ മാത്രം) നാളിതുവരെ വിതരണം ചെയ്തു.

(ഡി)

| വർഷം | അനുവദിച്ച തുക |
|---|---|
| 18-5-2011-31-3-2012 | 63,00,33,810 |
| 1-4-2012-31-3-2013 | 73,87,22,021 |
| 1-4-2013-31-3-2014 | 133,85,77,211 |
| 1-4-2014-31-3-2015 | 160,13,33,044 |
| 1-4-2015-24-5-2016 | 377,91,42,105 |

ആകെ അനുവദിച്ച തുക 808,78,08,191 (എണ്ണൂറ്റി എട്ടു കോടി എഴുപത്തെട്ട് ലക്ഷത്തി എണ്ണായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റൊന്ന് രൂപ)

## എയർഇന്ത്യാ എക്സ്പ്രസ് സർവ്വീസ്

86 (3470) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം -കോഴിക്കോട് റൂട്ടിൽ പുതിയതായി ആരംഭിച്ച എയർ ഇന്ത്യാ എക്സ്‌പ്രസ് സർവ്വീസിന് അമിത ടിക്കറ്റ് നിരക്ക് ഈടാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നേരത്തേ എയർ ഇന്ത്യാ എക്സ്‌പ്രസ് പ്രസ്തുത റൂട്ടിൽ സർവ്വീസ് നടത്തിയിരുന്നപ്പോൾ ഈടാക്കിയിരുന്ന കുറഞ്ഞ ടിക്കറ്റ് നിരക്കിന്റെ മൂന്നിരട്ടിയോളം തുകയാണ് ഇപ്പോൾ ഈടാക്കുന്നതെന്ന വസ്തുത പരിഗണിച്ച് നിരക്ക് കുറയ്ക്കുവാൻ ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) ഇത്തരം പരാതികൾ ഉയർന്നുവന്നിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വിമാന യാത്രയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ പരിധിയിൽ വരുന്ന വിഷയമാണ്. വിമാന യാത്ര കൂലി നിശ്ചയിക്കുന്നതിൽ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് പങ്കില്ല എന്നും 1937-ലെ എയർ ക്രാഫ്റ്റ് റൂൾ പ്രകാരം വിമാന സർവ്വീസ് നടത്തിപ്പ് ചെലവ്, സർവ്വീസിന്റെ പ്രത്യേകത, യാത്രക്കാരുടെ തിരക്ക്, മിതമായ ലാഭം എന്നീ കാര്യങ്ങൾ പരിഗണിച്ച് യാത്രാക്കൂലി നിശ്ചയിക്കുന്നതിന് വിമാന കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നുമാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

## പത്തനംതിട്ട ജില്ലയിൽ വിമാനത്താവളം

87 (3471) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വിമാനത്താവളത്തിന് നിലവിൽ ഏതെങ്കിലും സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് കണ്ടെത്തിയ സ്ഥലത്തിന്റെ സർവ്വേ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയാണ് സർവ്വേ നടത്തിയത്;

(സി) വിമാനത്താവള നിർമ്മാണത്തിനായി പത്തനംതിട്ട ജില്ലയിൽ ഓഫീസ് തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് ഉത്തരവ് ഉടൻ പുറപ്പെടുവിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ഏജൻസികളിൽനിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21-2-2017-ലെ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.)-നെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഓഫീസ് തുറന്ന് പ്രവർത്തിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**ലൈറ്റ് മെട്രോ പദ്ധതി**

88 (3472) ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കാമോ;

(ബി) പദ്ധതിയുടെ അലൈൻമെന്റ് നിശ്ചയിച്ച് ഭൂമി ഏറ്റെടുക്കാനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പദ്ധതിക്കുവേണ്ട ഫണ്ടിംഗ് രീതിയും ഏജൻസികൾ ഏതൊക്കെയെന്നും അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ.) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് ജി.ഒ. (എം.എസ്.) നമ്പർ 74/2015/പൊ.മ.വ., തീയതി 11-9-2015 പ്രകാരം 6728 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ

സംയുക്ത സംരംഭമായി കൊച്ചി-മെട്രോ മാതൃകയിൽ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചത്. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ.-ഉം മറ്റ് വിശദാംശങ്ങളും ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു Special Purpose Vehicle രൂപീകരിച്ചു. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിച്ചുകൊണ്ടുള്ള കരാർ 20-1-2016-ന് ഒപ്പുവയ്ക്കുകയും ചെയ്തു. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 19.54.716 ഏക്കർ സർക്കാർ ഭൂമിയും കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 8.2819 ഹെക്ടർ സർക്കാർ ഭൂമിയും ജി.ഒ. (എം.എസ്.) നമ്പർ 196/2016/റവന്യൂ തീയതി 1-3-2016 പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകി ഉത്തരവായിട്ടുണ്ട്.

8-9-2016-ലെ ജി.ഒ. (എം.എസ്.) നമ്പർ 67/2016/പൊ.മ.വ. പ്രകാരം ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾക്കുവേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകി. തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. ജില്ലാ കളക്ടർമാർ പ്രസ്തുത സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ, തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ മറ്റൊരു പ്രധാന പ്രാരംഭ പ്രവർത്തനമായ കഴക്കൂട്ടം-കേശവദാസപുരം പാതവികസനത്തിനും 16-1-2017-ലെ ജി.ഒ. (ആർ.ടി.) 79/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ലൈറ്റ് മെട്രോ പദ്ധതി കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പദ്ധതി ചെലവിന്റെ 20% കേരള സർക്കാരും 20% കേന്ദ്ര സർക്കാരും കണ്ടെത്തണമെന്നാണ് ഡി.പി.ആർ.-ൽ വിഭാവന ചെയ്തിരിക്കുന്നത്. ബാക്കി 60% തദ്ദേശ വിദേശ വായ്പകൾ വഴി സ്വരൂപിക്കാനാണ് ഡി.പി.ആർ. നിർദ്ദേശിക്കുന്നത്. പദ്ധതിക്കാവശ്യമായ വായ്പ ഫ്രഞ്ച് ഫണ്ടിംഗ് ഏജൻസിയായ എ.എഫ്.ഡി.-യിൽനിന്ന് സമാഹരിക്കുന്നതിനാണ് 8-9-2016-ലെ ജി.ഒ. (എം.എസ്.) നമ്പർ 67/2016/പി.ഡബ്ല്യൂ.ഡി. പ്രകാരം തീരുമാനിച്ചിരിക്കുന്നത്.

തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ ഉപപദ്ധതിയായ മേൽപ്പാലങ്ങളുടെ (പട്ടം, ശ്രീകാര്യം, ഉള്ളൂർ) നിർമ്മാണത്തിനുള്ള തുക കിഫ്ബിയിൽനിന്ന് ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**അങ്കമാലി-ശബരി റെയിൽവേ ലൈൻ**

89 (3473) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-12-2016-ലെ No.MLA-PNJR/GP(CM)/07/2016-17 നമ്പർ പ്രകാരം അങ്കമാലി - ശബരി റെയിൽവേ ലൈൻ സംബന്ധിച്ച് സമർപ്പിച്ച പരാതി പരിശോധിക്കുന്നതിനായി 16-1-2017-ലെ No.G.170101518/2017/ C.M.O. പ്രകാരം മുഖ്യമന്ത്രി, ഗതാഗത (മെട്രോ) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതനുസരിച്ച് എന്തൊക്കെ നടപടികൾ ടി കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) എം.എൽ.എ.യുടെ 1-12-2016-ലെ പ്രസ്തുത കത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ച് അനുകൂല നടപടികൾ സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-12-2016-ലെ No.MLA-PNJR/GP(CM)/07/2016-17 നമ്പർ പ്രകാരം എം.എൽ.എ. സമർപ്പിച്ച പരാതിയിൽ അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ അലൈൻമെന്റ് സംബന്ധിച്ച് ഉന്നയിച്ച ആശങ്കകൾ പരിശോധിക്കാൻ ദക്ഷിണ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, എറണാകുളത്തിനോട് 20-2-2017-ലെ TRANS-A2/9/2017-TRANS നമ്പർ കത്ത് പ്രകാരം അടിയന്തര റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടില്ല. ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

**തലശ്ശേരി-മൈസൂർ റെയിൽപാതയുടെ പഠനം**

90 (3474) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി - മൈസൂർ റെയിൽപാത സംബന്ധിച്ച് ഡി.എം. ആർ. സി. പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഡി.എം. ആർ. സി. നടത്തിയ പഠനപ്രകാരം പുതിയ അലൈൻമെൻറ് അനുസരിച്ച് തലശ്ശേരി-ഇരിട്ടി-മൈസൂർ പാതയ്ക്ക് എത്ര കിലോമീറ്റർ ദൈർഘ്യമാണുള്ളത്; ഇതിൽ എത്ര കിലോമീറ്ററാണ് വനപ്രദേശം;

(സി) കേരളത്തിലെ റെയിൽ പ്രോജക്ടുകളിൽ തലശ്ശേരി - മൈസൂർ പാതയ്ക്ക് മുൻഗണന നൽകിയിട്ടുണ്ടോ;

(ഡി) തലശ്ശേരി-ഇരിട്ടി-മൈസൂർ പാത യാഥാർത്ഥ്യമാക്കാൻ നിലവിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടുവരുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) തലശ്ശേരി-മൈസൂർ റെയിൽവേ പാത സംബന്ധിച്ച് സാധ്യതാ പഠനം നടത്തുവാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ 24-11-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല. പരിഗണനയിലുള്ള പുതിയ ബ്രോഡ്ഗേജ് അലൈൻമെന്റ് പ്രകാരം പാതയ്ക്ക് 205 കി.മീ. നീളമാണുള്ളത്. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2017 ജനുവരി മാസം 19-ാം തീയതി കൂടിയ ബോർഡ് മീറ്റിംഗ് ജോയിന്റ് വെഞ്ച്വർ കമ്പനിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തുന്ന നാല് പ്രോജക്ടുകളിൽ ഒന്നായി തലശ്ശേരി-മൈസൂർ പാതയെ തെരഞ്ഞെടുത്തിട്ടുണ്ട്.

**കാവേരി നദീജല തർക്ക ട്രൈബ്യൂണൽ**

91 (T*3475) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാവേരി നദിയിൽ ചേരുന്നതും കേരളത്തിലൂടെ ഒഴുകുന്നതുമായ നദികളിൽ നിന്നും എത്ര ടി.എം.സി. വെള്ളമാണ് കാവേരി നദീജല തർക്ക ട്രൈബ്യൂണൽ കേരളത്തിന് അനുവദിച്ചിട്ടുള്ളത്;

(ബി) ഈ വിധിയിൽ അനുവദിച്ചിട്ടുള്ള ജലം മുഴുവനായും കേരളം ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ വിശദശാംശം നൽകാമോ;

(സി) ഇല്ലെങ്കിൽ അനുവദിച്ച ജലം മുഴുവനായും ഉപയോഗിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കബനി, ഭവാനി, പാമ്പാർ എന്നീ കാവേരി സബ് ബേസിനുകളിൽ വിവിധ പദ്ധതികൾക്കായി കാവേരി ട്രൈബ്യൂണൽ അവാർഡ് പ്രകാരം കേരളത്തിന് കബനി ബേസിനിൽ -21 ടി.എം.സി.-യും ഭവാനി ബേസിനിൽ - 6 ടി.എം.സി.-യും പാമ്പാർ ബേസിനിൽ - 3 ടി.എം.സി.-യും ജലം അനുവദിച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി&സി) കാവേരി നദീജല ട്രൈബ്യൂണൽ അവാർഡ് പ്രകാരം അനുവദിച്ച ജലം പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരികയാണ്.

കാരാപ്പുഴ പദ്ധതി, ബാണാസുര സാഗർ പദ്ധതി, ചെങ്കല്ലാർ സ്കീമിലെ പട്ടിശ്ശേരി ഡാം, കബനി സബ് ബേസിനിലെ വയനാട് ജില്ലയിൽ മൂന്ന് ചെക്ക് ഡാമുകൾ, പാമ്പാർ സബ് ബേസിനിലെ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ പഞ്ചായത്തിലെ സൂക്ഷ്മ ജലസേചന പ്രവൃത്തികൾ, ഭവാനി ബേസിനിലെ പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ നാല് ചെക്ക് ഡാം, ആറ് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ എന്നീ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

**പറമ്പിക്കുളം-ആളിയാർ നദീജല കരാർ**

92 (3476) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ പ്രകാരമുള്ള മുഴുവൻ വെള്ളവും ലഭിച്ചോ; ലഭിച്ചില്ലെങ്കിൽ സർക്കാർ ഇതിനുവേണ്ടി നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

നടപ്പ് ജലവർഷത്തിൽ (2016-17) നാളിതുവരെ പറമ്പിക്കുളം- ആളിയാർ പദ്ധതിയിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം പൂർണ്ണമായും ലഭിച്ചിട്ടില്ല.

ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങൾക്കുള്ള ജല ദൗർലഭ്യവും ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് 2016 സെപ്റ്റംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി. ജലമാണ് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേയ്ക്കായി ആവശ്യപ്പെട്ടിരുന്നതെങ്കിലും 250 ക്യുസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് തമിഴ്നാട് അറിയിച്ചിരുന്നത്. പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെനിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 16-9-2016-ന് തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി.

ഇതിനുപുറമേ 2016 ഒക്ടോബർ ഒന്നാം ദ്വൈവാരത്തിൽ കരാർ പ്രകാരം കേരളത്തിന് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേയ്ക്ക് ലഭ്യമാക്കേണ്ട 700 എം.സി.എഫ്.ടി. ജലം (540 ക്യൂസെക്സ് എന്ന തോതിൽ) മണക്കടവ് വിയറിൽ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വളരെ കുറഞ്ഞ തോതിലാണ് തമിഴ്നാട് മണക്കടവിൽ ജലം ലഭ്യമാക്കി വന്നത്. ഇതിനെത്തുടർന്ന് രൂക്ഷമായ

ജലക്ഷാമം പരിഹരിക്കാൻ കരാർപ്രകാരമുള്ള ജലം (കുടിശ്ശിക ഉൾപ്പെടെ) നടപ്പ് ജലവർഷത്തിലെ ശേഷിക്കുന്ന കാലയളവിൽ ലഭ്യമാക്കണമെന്നും തമിഴ്നാട് ഷോളയാർ പവർഹൗസ് II പൂർണ്ണമായി പ്രവർത്തിപ്പിച്ച് കേരള ഷോളയാർ ജലനിരപ്പ് എത്രയും പെട്ടെന്ന് പൂർണ്ണ ജലനിരപ്പിൽ (എഫ്.ആർ.എൽ.) എത്തിക്കണമെന്നും തമിഴ്നാട് ഷോളയാർ പവർഹൗസ് I-ന്റെ പ്രവർത്തനവും പറമ്പിക്കുളത്തേയ്ക്ക് ജലം തിരിച്ചുവിടുന്നതും നിർത്തുകയും ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് തമിഴ്നാട് പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. കൂടാതെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് ഈ പ്രശ്നത്തിൽ ഇടപെട്ട് കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നാവശ്യപ്പെട്ട് കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി.

കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് തമിഴ്നാട്, സംയുക്ത ജലക്രമീകരണ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കാൻ തയ്യാറാവുകയുണ്ടായി. തുടർന്ന് സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (JWRB) 97-ാമത് യോഗം 26-10-2016-ന് പാലക്കാട് വച്ച് ചേർന്നു. ഈ യോഗത്തിൽ കേരളം, കീഴ്നദീതട അവകാശത്തിന്റെ അടിസ്ഥാനത്തിൽ പി.എ.പി. കരാർ പ്രകാരം ഉറപ്പാക്കിയിട്ടുള്ള ജലം ഏതൊരു സാഹചര്യത്തിലും ലഭ്യമാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടു. ഇതിനുശേഷം 98-ാമത് JWRB യോഗം 13-12-2016-ന് തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വച്ച് ചേരുകയുണ്ടായി. ഈ യോഗത്തിൽ പി.എ.പി. കരാർ പ്രകാരമുള്ള ജലം നൽകണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടു. മണക്കടവ് വിയറിൽ 7.25 ടി.എം.സി.എഫ്.-ഉം കേരള ഷോളയാറിൽ 12.3 ടി.എം.സി.എഫ്.-ഉം കരാർ പ്രകാരം കേരളത്തിന് ഉറപ്പാക്കിയിട്ടുള്ളതാണെന്നും ഇത് കേരളത്തിന് നൽകിയതിനുശേഷമേ തമിഴ്നാടിന് പി.എ.പി.-യിൽ നിന്നും ജലം എടുക്കുവാൻ സാധിക്കുകയുള്ളൂവെന്നും കേരളം വാദിക്കുകയും ആയതിനാൽ കുടിവെള്ളത്തിനുവേണ്ടിയുള്ള ജലം മാത്രം എടുത്തശേഷം ബാക്കി ജലം മുഴുവൻ കേരളത്തിന് നൽകണമെന്ന് കേരളം ആവശ്യപ്പെടുകയും ചെയ്തു. മാത്രമല്ല, 97-ാമത് JWRB യോഗത്തിൽ സമ്മതിച്ചതുപോലെ തമിഴ്നാട് മണക്കടവ് വിയറിൽ നവംബർ 11, ഡിസംബർ 1 എന്നീ ദ്വൈവാരങ്ങളിൽ ജലം നൽകിയിട്ടില്ല എന്ന കാര്യവും കേരളം ചൂണ്ടിക്കാട്ടി. എന്നാൽ 13-12-2016 മുതൽ ഡിസംബർ അവസാനവാരം വരെ മണക്കടവിൽ 175 ക്യൂസെക്സ് എന്ന തോതിൽ മാത്രമേ ജലം നൽകാൻ സാധിക്കുകയുള്ളൂവെന്ന് 98-ാമത്

JWRB യോഗത്തിൽ തമിഴ്നാട് അറിയിക്കുകയും തുടർന്ന് മണക്കടവിലേയ്ക്കുള്ള ജലവിതരണ തോത് ഇരുഗവൺമെന്റുകളുടേയും തീരുമാനപ്രകാരമാകാമെന്ന് ധാരണയുമായി. ഇതിനുപുറമേ തമിഴ്നാട് ഷോളയാറിലെ ജലസംഭരണ നിലവെച്ച് നോക്കുമ്പോൾ ഫെബ്രുവരി ഒന്നാം തീയതി കേരള ഷോളയാർ റിസർവോയർ പൂർണ്ണ ജലനിരപ്പിലാക്കുക അസാധ്യമായതിനാൽ തമിഴ്നാട് ഷോളയാറിലെ മുഴുവൻ ജലവും കേരള ഷോളയാറിലേയ്ക്ക് തമിഴ്നാട് ഷോളയാർ പവർഹൗസ് II വഴിയോ By-pass വഴിയോ കരാർപ്രകാരമുള്ള ജല വിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

7-1-2017-ൽ ജലവിഭവ വകുപ്പുമന്ത്രി വീണ്ടും തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചതിനെത്തുടർന്ന് 28-1-2017-ന് തിരുവനന്തപുരത്തുവച്ച് അന്തർസംസ്ഥാന സെക്രട്ടറിതല ചർച്ച നടക്കുകയും മണക്കടവ് വിയറിൽ 2017 മാർച്ച് അവസാനംവരെ 290 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകണമെന്നും കേരള ഷോളയാറിൽ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയും ചെയ്തു. രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പി.എ.പി.-യിലെ ജലദൗർലഭ്യം കണക്കിലെടുത്ത് കേരളം തമിഴ്നാടുമായി സഹകരിക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കീഴ്നദീതട അവകാശപ്രകാരം കേരളത്തിന് മുഴുവൻ ജലവും ലഭിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി കേരളം അത് നിരാകരിച്ചു. 2017 ഫെബ്രുവരി 15 വരെ 200 ക്യൂസെക്സ് എന്ന തോതിൽ മണക്കടവിൽ ജലം ലഭ്യമാക്കണമെന്നത് തമിഴ്നാട് തത്വത്തിൽ അംഗീകരിച്ചു.

28-1-2017-ലെ സെക്രട്ടറിതല ചർച്ചയിലുണ്ടായ തീരുമാനപ്രകാരം 6-2-2017 മുതൽ 15-2-2017 വരെ മണക്കടവ് വിയറിൽ 200 ക്യൂസെക്സിലധികം ജലം ലഭിക്കുകയും തുടർന്ന് 16-2-2017-ൽ നടന്ന ഉദ്യോഗസ്ഥതല ചർച്ചയെത്തുടർന്ന് 28-2-2017 വരെ ആളിയാറിൽനിന്ന് 250 ക്യൂസെക്സ് ജലം തുറന്നുവിടാമെന്നും മണക്കടവിൽ ഏകദേശം 190-200 ക്യൂസെക്സ് വരെ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തു.

ഇതിനുപുറമേ കേരള ജലസേചന വകുപ്പും കേരള വൈദ്യുതി ബോർഡും കേരള സർക്കാരും പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പ് ജലവർഷത്തിൽ നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായിട്ടുണ്ട്.

പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ തുടർന്നും സ്വീകരിച്ചുവരികയാണ്.

## അന്തർസംസ്ഥാന നദീജല കരാർ

93 (T* 3477) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന നദീജല കരാർ അനുസരിച്ച് നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട ജലത്തിന്റെ വിഹിതം നേടിയെടുക്കുന്നതിൽ സർക്കാർ അലംഭാവം കാണിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കരാർ പ്രകാരം കേരള ഷോളയാർ അണക്കെട്ടിന് ലഭിക്കേണ്ട ജലം യഥാസമയം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം;

(സി) കരാർ പ്രകാരം അർഹമായ ജലം നേടിയെടുക്കുന്നതിന് ഈ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; സർക്കാർ നടപടി കാരണം എന്തെങ്കിലും പുരോഗതി ഈ വിഷയത്തിൽ ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) അന്തർസംസ്ഥാന നദീജല കരാർ അനുസരിച്ച് നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട ജലത്തിന്റെ വിഹിതം നേടിയെടുക്കുന്നതിൽ സർക്കാർ ശക്തമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

(ബി) ഇല്ല. പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ പ്രകാരം ഒരു ജലവർഷം കേരള ഷോളയാറിൽ 12300 എം.സി.എഫ്.ടി.-യാണ് കേരളത്തിന്റെ ജലവിഹിതം. തമിഴ്നാട് ഷോളയാറിലെ ജലത്തിൽനിന്ന് തമിഴ്നാട് ഷോളയാർ പവർഹൗസ് II-ലെ വൈദ്യുതോൽപ്പാദനത്തിനുശേഷം പുറത്തേയ്ക്കുവിടുന്ന ജലവും തമിഴ്നാട് ഷോളയാറിനും കേരള ഷോളയാറിനും ഇടയിലുള്ള തനത് വൃഷ്ടിപ്രദേശത്തുനിന്നുള്ള നീരൊഴുക്കും ചേർന്നതാണ് ഈ വിഹിതം. എന്നാൽ നടപ്പ് (2016-17) ജലവർഷത്തിൽ തമിഴ്നാട് ഷോളയാറിലെ ജലത്തിലെ മുഖ്യപങ്കും തമിഴ്നാട് ഷോളയാർ പവർഹൗസ് I-ലെ വൈദ്യുതോൽപ്പാദനത്തിനുശേഷം പറമ്പിക്കുളത്തേയ്ക്കാണ് തിരിച്ചുവിട്ടത്. അതേസമയം, കേരള ഷോളയാറിലേയ്ക്ക് കുറഞ്ഞ അളവ് ജലമാണ് തമിഴ്നാട് ഷോളയാർ പവർഹൗസ് II-ലെ വൈദ്യുതോൽപ്പാദനത്തിനുശേഷം തിരിച്ചുവിട്ടത്. കൂടാതെ നടപ്പ് ജലവർഷത്തിൽ തമിഴ്നാട് ഷോളയാറിനും കേരള ഷോളയാറിനും ഇടയിലുള്ള തനത് വൃഷ്ടിപ്രദേശത്തുനിന്ന് കേരള ഷോളയാറിലേക്കുള്ള നീരൊഴുക്കും തുലോം കുറവായിരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ചിറ്റൂർപ്പുഴ പദ്ധതിപ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങൾക്കുള്ള ജല ദൗർലഭ്യവും ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 2016 സെപ്റ്റംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി. ജലമാണ് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേയ്ക്കായി ആവശ്യപ്പെട്ടിരുന്നതെങ്കിലും 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് തമിഴ്നാട് അറിയിച്ചിരുന്നത്. പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെനിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 16-9-2016-ന് തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി.

ഇതിനുപുറമേ 2016 ഒക്ടോബർ ഒന്നാം ദ്വൈവാരത്തിൽ കരാർ പ്രകാരം കേരളത്തിന് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേയ്ക്ക് ലഭ്യമാക്കേണ്ട 700 എം.സി.എഫ്.ടി. ജലം (540 ക്യൂസെക്സ് എന്ന തോതിൽ) മണക്കടവ് വിയറിൽ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വളരെ കുറഞ്ഞ തോതിലാണ് തമിഴ്നാട് മണക്കടവിൽ ജലം ലഭ്യമാക്കി വന്നത്. ഇതിനെത്തുടർന്ന് രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ കരാർപ്രകാരമുള്ള ജലം (കുടിശ്ശിക ഉൾപ്പെടെ) നടപ്പ് ജലവർഷത്തിലെ ശേഷിക്കുന്ന കാലയളവിൽ ലഭ്യമാക്കണമെന്നും തമിഴ്നാട് ഷോളയാർ പവർഹൗസ് II പൂർണ്ണമായി പ്രവർത്തിപ്പിച്ച് കേരള ഷോളയാർ ജലനിരപ്പ് എത്രയും പെട്ടെന്ന് പൂർണ്ണ ജലനിരപ്പിൽ (എഫ്.ആർ.എൽ.) എത്തിക്കണമെന്നും തമിഴ്നാട് ഷോളയാർ പവർഹൗസ് I-ന്റെ പ്രവർത്തനവും പറമ്പിക്കുളത്തേയ്ക്ക് ജലം തിരിച്ചുവിടുന്നതും നിർത്തുകയും ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് തമിഴ്നാട് പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. കൂടാതെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് ഈ പ്രശ്നത്തിൽ ഇടപെട്ട് കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നാവശ്യപ്പെട്ട് കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി.

കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെത്തുടർന്ന് തമിഴ്നാട്, സംയുക്ത ജലക്രമീകരണ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കാൻ തയ്യാറാവുകയുണ്ടായി. തുടർന്ന് സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (JWRB) 97-ാമത് യോഗം 26-10-2016-ന് പാലക്കാട് വച്ച് ചേർന്നു. ഈ യോഗത്തിൽ കേരളം, കീഴ്നദീതട അവകാശത്തിന്റെ അടിസ്ഥാനത്തിൽ പി.എ.പി. കരാർ പ്രകാരം ഉറപ്പാക്കിയിട്ടുള്ള ജലം ഏതൊരു സാഹചര്യത്തിലും ലഭ്യമാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടു. ഇതിനുശേഷം 98-ാമത് JWRB യോഗം 13-12-2016-ന്

തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വച്ച് ചേരുകയുണ്ടായി. ഈ യോഗത്തിൽ പി.എ.പി. കരാർ പ്രകാരമുള്ള ജലം നൽകണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടു. മണക്കടവ് വിയറിൽ 7.25 ടി.എം.സി.എഫ്.-ഉം കേരള ഷോളയാറിൽ 12.3 ടി.എം.സി.എഫ്.-ഉം കരാർ പ്രകാരം കേരളത്തിന് ഉറപ്പാക്കിയിട്ടുള്ളതാണെന്നും ഇത് കേരളത്തിന് നൽകിയതിനുശേഷമേ തമിഴ്നാടിന് പി.എ.പി.-യിൽ നിന്നും ജലം എടുക്കുവാൻ സാധിക്കുകയുള്ളൂവെന്നും കേരളം വാദിക്കുകയും ആയതിനാൽ കുടിവെള്ളത്തിനുവേണ്ടിയുള്ള ജലം മാത്രം എടുത്തശേഷം ബാക്കി ജലം മുഴുവൻ കേരളത്തിന് നൽകണമെന്ന് കേരളം ആവശ്യപ്പെടുകയും ചെയ്തു. മാത്രമല്ല, 97-ാമത് JWRB യോഗത്തിൽ സമ്മതിച്ചതുപോലെ തമിഴ്നാട് മണക്കടവ് വിയറിൽ നവംബർ 11, ഡിസംബർ 1 എന്നീ ദ്വൈവാരങ്ങളിൽ ജലം നൽകിയിട്ടില്ല എന്ന കാര്യവും കേരളം ചൂണ്ടിക്കാട്ടി. എന്നാൽ 13-12-2016 മുതൽ ഡിസംബർ അവസാനവാരം വരെ മണക്കടവിൽ 175 ക്യൂസെക്സ് എന്ന തോതിൽ മാത്രമേ ജലം നൽകാൻ സാധിക്കുകയുള്ളൂവെന്ന് 98-ാമത് JWRB യോഗത്തിൽ തമിഴ്നാട് അറിയിക്കുകയും തുടർന്ന് മണക്കടവിലേയ്ക്കുള്ള ജലവിതരണ തോത് ഇരുഗവൺമെന്റുകളുടേയും തീരുമാനപ്രകാരമാകാമെന്ന് ധാരണയുമായി. ഇതിനുപുറമേ തമിഴ്നാട് ഷോളയാറിലെ ജലസംഭരണ നിലവെച്ച് നോക്കുമ്പോൾ ഫെബ്രുവരി ഒന്നാം തീയതി കേരള ഷോളയാർ റിസർവോയർ പൂർണ്ണ ജലനിരപ്പിലാക്കുക അസാധ്യമായതിനാൽ തമിഴ്നാട് ഷോളയാറിലെ മുഴുവൻ ജലവും കേരള ഷോളയാറിലേയ്ക്ക് തമിഴ്നാട് ഷോളയാർ പവർഹൗസ് II വഴിയോ By-pass വഴിയോ കരാർപ്രകാരമുള്ള ജല വിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

7-1-2017-ൽ ജലവിഭവ വകുപ്പുമന്ത്രി വീണ്ടും തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചതിനെത്തുടർന്ന് 28-1-2017-ന് തിരുവനന്തപുരത്തുവച്ച് അന്തർസംസ്ഥാന സെക്രട്ടറിതല ചർച്ച നടക്കുകയും മണക്കടവ് വിയറിൽ 2017 മാർച്ച് അവസാനംവരെ 290 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകണമെന്നും കേരള ഷോളയാറിൽ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയും ചെയ്തു. രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പി.എ.പി.-യിലെ ജലദൗർലഭ്യം കണക്കിലെടുത്ത് കേരളം തമിഴ്നാടുമായി സഹകരിക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കീഴ്നദീതട അവകാശപ്രകാരം മുഴുവൻ ജലവും ലഭിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി കേരളം അത് നിരാകരിച്ചു. 2017 ഫെബ്രുവരി 15 വരെ 200 ക്യൂസെക്സ് എന്ന തോതിൽ മണക്കടവിൽ ജലം ലഭ്യമാക്കണമെന്നത് തമിഴ്നാട് തത്വത്തിൽ അംഗീകരിച്ചു.

28-1-2017-ലെ സെക്രട്ടറിതല ചർച്ചയിലുണ്ടായ തീരുമാനപ്രകാരം 6-2-2017 മുതൽ 15-2-2017 വരെ മണക്കടവ് വിയറിൽ 200 ക്യൂസെക്സിലധികം ജലം ലഭിക്കുകയും തുടർന്ന് 16-2-2017-ൽ നടന്ന ഉദ്യോഗസ്ഥതല ചർച്ചയെത്തുടർന്ന് 28-2-2017 വരെ ആളിയാറിൽനിന്ന് 250 ക്യൂസെക്സ് ജലം തുറന്നുവിടാമെന്നും മണക്കടവിൽ ഏകദേശം 190-200 ക്യൂസെക്സ് വരെ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തു.

ഇതിനുപുറമേ കേരള ജലസേചന വകുപ്പും കേരള വൈദ്യുതി ബോർഡും കേരള സർക്കാരും പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാടിന് നടപ്പ് ജലവർഷത്തിൽ നിരവധി കത്തുകൾ അയച്ചിട്ടുണ്ട്.

പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ തുടർന്നും സ്വീകരിച്ചുവരികയാണ്.

### അന്തർസംസ്ഥാന നദീജല പ്രശ്നം

94 (3478) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലമായി മുല്ലപ്പെരിയാർ അണക്കെട്ട്, അന്തർസംസ്ഥാന നദീജല പ്രശ്നം എന്നിവയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലും സുപ്രീം കോടതിയിലുമായി എത്ര കേസ്സുകളാണ് നടത്തി വരുന്നത്; വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം അഭിഭാഷകരാണ് ഈ കേസ്സുകൾ കൈകാര്യം ചെയ്തത്;

(സി) പ്രസ്തുത കാലയളവിൽ ഓരോ അഭിഭാഷകർക്കും നൽകിയിട്ടുള്ള ഫീസിന്റെ വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത കേസ്സുകൾ കൈകാര്യം ചെയ്തതിൽ സർക്കാർ അഭിഭാഷകരുടെ ഭാഗത്തുനിന്നും വേണ്ടത്ര ജാഗ്രത ഉണ്ടായില്ലെന്ന പരാതി പരിശോധിക്കുമോ ; സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ പരാജയപ്പെട്ട ഇത്തരക്കാർക്കെതിരെ നടപടിയുണ്ടാകുമോ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലമായി അന്തർസംസ്ഥാന നദീജല പ്രശ്നം, മുല്ലപ്പെരിയാർ അണക്കെട്ട് എന്നിവയുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിലും ഹൈക്കോടതിയിലും നടത്തിവരുന്ന കേസ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) 1. കാവേരി നദീജല കേസ്

സുപ്രീംകോടതിയിൽ നിലവിലുള്ള കാവേരി കേസ്സിൽ കേരളത്തിനുവേണ്ടി ഫലപ്രദമായി വാദിക്കുവാൻ സീനിയർ അഭിഭാഷകരായ ശ്രീ. ഹരീഷ് സാൽവേ, ശ്രീ. രാജീവ് ധവാൻ അഭിഭാഷകരായ ശ്രീ. രാജു രാമചന്ദ്രൻ, ശ്രീ. രമേശ് ബാബു എന്നിവരെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരം ശ്രീ. രാജീവ് ധവാന് പകരം സീനിയർ അഭിഭാഷകനായ ശ്രീ. ജയദീപ് ഗുപ്തയെ നിയമിച്ചുകൊണ്ട് 27-2-2017-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കൗൺസിൽ ശ്രീ. രമേശ് ബാബുവിന് പകരം ശ്രീ. ജി. പ്രകാശാണ് ഇപ്പോൾ പ്രസ്തുത കേസ് കൈകാര്യം ചെയ്യുന്നത്.

2. മുല്ലപ്പെരിയാർ കേസ്

മുല്ലപ്പെരിയാർ കേസ് കേരളത്തിന് ഫലപ്രദമായി വാദിക്കുവാൻവേണ്ടി സീനിയർ അഭിഭാഷകരായ ശ്രീ. ഹരീഷ് സാൽവേ, ശ്രീ. രാജീവ് ധവാൻ, ശ്രീ. വി. ഗിരി എന്നിവരേയും ശ്രീ. മോഹൻ വി. കട്ടാർക്കി, ശ്രീ. ജി. പ്രകാശ്, ശ്രീ. എം. ആർ. രമേശ് ബാബു, ശ്രീമതി ഗായത്രി ഗോസ്വാമി എന്നീ അഭിഭാഷകരേയും ചുമതലപ്പെടുത്തിയിരുന്നു.

3. നെയ്യാർ കേസ്

നെയ്യാർ കേസ്സിൽ കേരളത്തിനുവേണ്ടി ശ്രീ. രാജീവ് ധവാൻ, ശ്രീ. ഹരീഷ് സാൽവേ, ശ്രീ. മോഹൻ വി. കട്ടാർക്കി, ശ്രീ. ജി. പ്രകാശ്, ശ്രീ. രമേശ് ബാബു, ശ്രീ. ജയ്ദീപ് ഗുപ്ത എന്നീ അഭിഭാഷകരെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

4. പറമ്പിക്കുളം ആളിയാർ കേസ്

പറമ്പിക്കുളം ആളിയാർ കേസ് ഫലപ്രദമായി വാദിക്കുവാൻ സീനിയർ അഭിഭാഷകരായ ശ്രീ. ഹരീഷ് സാൽവേ, ശ്രീ. രാജീവ് ധവാൻ, ശ്രീ. വി. ഗിരി എന്നിവരേയും അഭിഭാഷകനായ ശ്രീ. മോഹൻ വി. കട്ടാർക്കിയേയും സ്റ്റാന്റിംഗ് കൗൺസിൽ ആയിരുന്ന ശ്രീ. രമേശ് ബാബു എം. ആർ. എന്നിവരെയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ സ്റ്റാന്റിംഗ് കൗൺസിൽ ശ്രീ. ജി. പ്രകാശ് ആണ്.

5. മദ്രാസ് ഹൈക്കോടതിയിൽ നിലവിലുള്ള കേസ്സുകളിൽ കേരളത്തിനുവേണ്ടി വാദിക്കുവാൻ അസിസ്റ്റന്റ് സോളിസിറ്റർ ജനറൽ ഓഫ് ഇൻഡ്യയായ ശ്രീ. ജി. ആർ. സ്വാമിനാഥനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) 05/2011 മുതൽ 07/2016 വരെ അന്തർസംസ്ഥാന നദീജല തർക്കവുമായി ബന്ധപ്പെട്ട കേസ്സുകൾക്കായി സുപ്രീംകോടതിയിൽ ഹാജരായിട്ടുള്ള അഭിഭാഷകർക്ക് ഗവ. ഉത്തരവുകൾ പ്രകാരം നൽകിയ തുക ചുവടെ കൊടുക്കുന്നു.

1. ശ്രീ. ജി. പ്രകാശ് - 1,60,000 രൂപ

2. ശ്രീ. മോഹൻ വി. കട്ടാർക്കി - 1,04,00,000 രൂപ

3. ശ്രീ. വി. ഗിരി - 15,15,000 രൂപ

4. ശ്രീ. ഹരീഷ് എൻ. സാൽവേ - 1,66,46,350 രൂപ

5. ശ്രീ. രാജീവ് ധവാൻ - 70,28,000 രൂപ

6. ശ്രീ. രമേഷ് ബാബു എം. ആർ. - 34,68,854 രൂപ

7. ശ്രീ. പി. പി. റാവു. - 2,75,000 രൂപ

8. ശ്രീമതി ഗായത്രി ഗോസ്വാമി - 4,50,000 രൂപ

(ഡി) പ്രസ്തുത കേസ്സുകൾ കൈകാര്യം ചെയ്തതിൽ സർക്കാർ അഭിഭാഷകരുടെ ഭാഗത്തുനിന്നും ജാഗ്രത കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സർക്കാർ പരസ്യങ്ങളുടെ രൂപകൽപ്പന**

95 (3479) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ആന്റ് പി. ആർ. ഡി. വിഭാഗം വഴി നൽകുന്ന സർക്കാരിന്റെ പരസ്യങ്ങൾ രൂപകൽപ്പന ചെയ്യുന്നതിന് സ്വകാര്യ ഏജൻസികൾക്ക് കരാർ നൽകുന്നുണ്ടോ; എങ്കിൽ ഇപ്പോൾ ഏത് സ്വകാര്യ ഏജൻസിക്കാണ് കരാർ നൽകിയിരിക്കുന്നതെന്നും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കരാറുകൾ പ്രസ്തുത ഏജൻസിക്ക് നൽകിയെന്നും അറിയിക്കുമോ;

(ബി) ടെണ്ടർ വിളിച്ചാണോ പ്രസ്തുത കരാർ നൽകിയിട്ടുള്ളത്;

(സി) പബ്ലിക്ക് റിലേഷൻസ് വിഭാഗത്തിൽ സ്വന്തമായി ഫോട്ടോഗ്രാഫറും, ഗ്രാഫിക് ഡിസൈനറും ഉള്ളപ്പോൾ സ്വകാര്യ ഏജൻസിയെ പരസ്യ രൂപകൽപ്പന ഏൽപ്പിക്കുന്നത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി വിജിലൻസിന്റെ പരിശോധനയിലുണ്ടോ; വിജിലൻസിന്റെ ഇക്കാര്യത്തിലുള്ള ശിപാർശയെന്താണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഐ.&പി.ആർ.ഡി. വഴി നൽകുന്ന പരസ്യങ്ങൾ രൂപകൽപ്പന ചെയ്യുവാൻ സ്വകാര്യ ഏജൻസികളെ ഏർപ്പാടാക്കുന്ന പതിവില്ല. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ പരസ്യം ഡിസൈൻ ചെയ്യാൻ ഏജൻസികൾക്ക് നൽകുമ്പോൾ താൽപ്പര്യപത്രം ക്ഷണിച്ചാണ് ഏജൻസികളെ കണ്ടെത്തുന്നത്. അത്തരത്തിൽ മൈത്രി അഡ്വർടൈസിംഗ് വർക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഈ സാമ്പത്തിക വർഷം 13 ഡിസൈൻ വർക്കുകൾ ചെയ്തുനൽകിയിട്ടുണ്ട്.

(ബി) താൽപ്പര്യപത്രം ക്ഷണിച്ചാണ് വർക്ക് നൽകിയത്.

(സി) ക്യാമ്പയിനുകളുടെ ഭാഗമായി പ്രത്യേക സാഹചര്യങ്ങളിൽ വകുപ്പ് സ്വകാര്യ ഏജൻസികൾക്ക് ഡിസൈൻ വർക്ക് നൽകാറുണ്ട്.

(ഡി) ഈ വിഷയത്തിൽ വിജിലൻസ് വിഭാഗം വിശദാംശങ്ങൾ ആവശ്യപ്പെടുകയും ആയതിന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. വിജിലൻസ് വിഭാഗത്തിൽനിന്നും മറ്റ് ശിപാർശകളൊന്നും വകുപ്പിൽ ലഭ്യമായിട്ടില്ല.

**പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമ രംഗത്തെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ**

96 (3480) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമ രംഗത്തെ അസംഘടിത തൊഴിലാളികൾക്കും പ്രാദേശിക പത്രപ്രവർത്തകർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; ഇവരുടെ ക്ഷേമ പ്രവർത്തനങ്ങൾ ഏത് വെൽഫെയർ ബോർഡിന്റെ കീഴിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) പ്രധാന മാധ്യമ പത്രപ്രവർത്തകർക്ക് സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ഇത്തരം തൊഴിലാളികൾക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരം പത്രപ്രവർത്തകർക്ക് പി.ആർ.ഡി. മുഖേന അക്രഡിറ്റേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇവരുടെ വേതനം വർദ്ധിപ്പിച്ച് ഏകീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇവരുടെയും കുടുംബത്തിന്റെയും ചികിത്സയ്ക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുമോ;

(ഇ) മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരം പത്രപ്രവർത്തകർക്ക് പ്രധാന പത്രക്കാർക്ക് ഒപ്പം പരിഗണന നൽകി ആനുകൂല്യങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പത്ര-ദൃശ്യ-മാധ്യമ രംഗത്തെ അസംഘടിത തൊഴിലാളികൾക്കും പ്രാദേശിക പത്ര പ്രവർത്തകർക്കും തൊഴിൽ വകുപ്പിന് കീഴിൽ കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്. പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധിക്കായി 2012-13 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സ.ഉ. (സാധാ) നമ്പർ 686/2012/I&PR തീയതി 15-12-2012 പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പ്രാദേശിക പത്ര പ്രവർത്തകർ 1993-ലെ കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടം (1) പ്രകാരം പത്രപ്രവർത്തകൻ എന്ന നിർവ്വചനത്തിൽ വരാത്തതിനാലും നിലവിൽ തൊഴിൽവകുപ്പിന് കീഴിൽ കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായി ചേരാവുന്നതാണെന്നും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സ.ഉ. (സാധാ) നമ്പർ 411/2016/I&PR തീയതി 25-10-2016 പ്രകാരം ഭരണാനുമതി നൽകിയ ഉത്തരവ് പിൻവലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(സി) പരിഗണനയിലില്ല.

(ഡി) ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിനുകീഴിൽ പ്രാദേശിക പത്ര പ്രവർത്തകർക്ക് പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിലില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പബ്ലിക് റിലേഷൻ പദ്ധതി**

97 (3481) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടത്തി വരുന്ന ജനക്ഷേമ പ്രവർത്തനങ്ങൾ അതിന്റെ അന്തഃസത്തയും പ്രാധാന്യവും നഷ്ടപ്പെടാതെ തന്നെ വളരെ വേഗത്തിൽ

ജനങ്ങളിലും പൊതു മണ്ഡലത്തിലും എത്തിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തനം മാറിയ കാലഘട്ടത്തിനനുസരിച്ച് ഉയരുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഇത് മറികടക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ ലഘുലേഖകൾ, ഡോക്യുമെന്ററികൾ മറ്റ് പ്രചാരണ മാധ്യമങ്ങൾ, ന്യൂ ജനറേഷൻ മാധ്യമങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് വിപുലമായ ഒരു പബ്ലിക് റിലേഷൻ പദ്ധതിയ്ക്ക് രൂപം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in -ൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് www.prd.kerala.gov.in-ൽ ന്യൂസ് പോർട്ടലായ www.keralanews.gov.in എന്നിവ വഴി ദൈനംദിന വാർത്തകൾ, ചിത്രങ്ങൾ, പരസ്യവീഡിയോകൾ, ബ്രോഷറുകൾ, പോസ്റ്ററുകൾ എന്നിവ പ്രസിദ്ധീകരിക്കുന്നുണ്ട്.

നവമാധ്യമ സങ്കേതങ്ങളായ ട്വിറ്റർ, ഫേസ്ബുക്ക്, യൂട്യൂബ് ചാനൽ എന്നിവയിലെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അക്കൗണ്ടിലൂടെ വാർത്തകൾ, ചിത്രങ്ങൾ, വീഡിയോകൾ, വീഡിയോ ഡോക്യുമെന്റുകൾ എന്നിവയും പ്രത്യേക പ്രചാരണം വേണ്ട സർക്കാർ പദ്ധതികൾക്ക് ബാനർ പരസ്യങ്ങൾ, എന്നിവയും വാട്ട്സ് ആപ്പ് വഴി മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള വാർത്തകളുടെ പോസ്റ്റിംഗും പി.ആർ.ഡി. ലൈവ് എന്ന ശ്രവ്യ-അച്ചടി-ദൃശ്യ അടിസ്ഥാനത്തിലുള്ള സർക്കാരിനെ സംബന്ധിച്ചുള്ള വാർത്തകൾ നൽകുന്ന മൊബൈൽ ആപ്പും ഉപയോഗിച്ചുവരുന്നു.

**നഴ്സുമാർക്ക് പുനരധിവാസ പാക്കേജ്**

98 (3482) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിൽ തിരിച്ചെത്തിയ നഴ്സുമാർക്ക് പുനരധിവാസ പാക്കേജ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ തിരികെ വന്നവർക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് ഗവൺമെന്റ് ഭാഗത്തു നിന്നും കൈക്കൊണ്ടത്;

(സി) അവർക്ക് ജോലി നൽകുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ?

<u>ഉത്തരം</u>

(എ) നഴ്സുമാർക്ക് മാത്രമായി ഒരു പുനരധിവാസ പദ്ധതി നടപ്പാക്കിയിട്ടില്ല.

(ബി&സി) കുവൈറ്റിൽനിന്നും ജോലി നഷ്ടപ്പെട്ട് നാട്ടിലെത്തിയ നഴ്സുമാരുടെ രക്ഷകർത്താക്കൾ സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഈ വിഷയം കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും കുവൈറ്റ് എംബസിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കുവൈറ്റ് എംബസി മുഖേന കുവൈറ്റ് ആരോഗ്യ മന്ത്രാലയവുമായി ചർച്ച ചെയ്ത് പ്രസ്തുത നഴ്സുമാർക്ക് മറ്റേതെങ്കിലും കമ്പനി മുഖേന കുവൈറ്റ് ആരോഗ്യ മന്ത്രാലയത്തിനുകീഴിൽ നഴ്സുമാരായി ജോലി ലഭ്യമാക്കാനാകുമോ എന്നാണ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

കൂടാതെ നോർക്ക റൂട്ട്സിന്റെ വിദേശരാജ്യങ്ങളിലേയ്ക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമായ ജോബ് പോർട്ടലിൽ തിരികെ വന്ന പ്രവാസികൾക്കും അപേക്ഷ സമർപ്പിച്ച് റിക്രൂട്ട്മെന്റിന് വിധേയമായി വിദേശത്ത് പുനർനിയമനം നേടാൻകഴിയും. നോർക്ക റൂട്ട്സ് മുഖേന ഇ.സി.ആർ. (Emigration Check Required) രാജ്യങ്ങളിലേയ്ക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നുണ്ട്. ജോലി നഷ്ടപ്പെട്ട് തിരികെ എത്തിയ നഴ്സുമാരും ഇപ്രകാരം റിക്രൂട്ട്മെന്റ് ലഭിച്ചവരിൽ ഉൾപ്പെടുന്നു.

**വിസ നിയന്ത്രണം**

99 (3483) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വിസകൾക്ക് അമേരിക്കൻ സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണം കേരളീയരായ ഉദ്യോഗാർത്ഥികളെ എപ്രകാരം ബാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) വിസ നിയന്ത്രണം സംസ്ഥാനത്തെ ഐ.റ്റി.മേഖലയെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എപ്രകാരം എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ അമേരിക്കൻ സർക്കാർ തൊഴിൽ വിസയ്ക്ക് ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങളെപ്പറ്റി ആധികാരികമായ വിവരങ്ങൾ ലഭ്യമല്ല. ഇത് കേരളത്തെ മാത്രമല്ല ദേശീയതലത്തിൽ ബാധിക്കുന്ന വിഷയമാണ്. ഇതുമൂലം തൊഴിൽ നഷ്ടം വരുന്നതിനെ സംബന്ധിച്ച് ഇതുവരെ സംസ്ഥാന സർക്കാർ തലത്തിൽ ഒരു പഠനം നടത്തിയിട്ടില്ല.

(ബി) വിസ നിയന്ത്രണത്തെപ്പറ്റിയുള്ള ആധികാരികമായ വിവരങ്ങൾ ലഭ്യമായിട്ടില്ല. എന്നിരുന്നാലും തൊഴിൽ വിസകൾക്ക് കടുത്ത നിയന്ത്രണം ഏർപ്പെടുത്തുകയാണെങ്കിൽ ഐ.ടി. മേഖലയിൽ അമേരിക്കയിൽ ജോലി തേടുന്നവരുടെ ജോലി സാധ്യതകളെ കുറച്ചെങ്കിലും ദോഷകരമായി ബാധിച്ചേക്കാനിടയുണ്ട്.

**പ്രവാസി മലയാളികൾക്കായി നടപ്പാക്കി വരുന്ന ക്ഷേമപ്രവർത്തനങ്ങൾ**

100 (3484) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ജില്ലകളിലാണ് ഇപ്പോൾ പ്രവാസി ക്ഷേമനിധി ആഫീസുകൾ ഉള്ളത്; എല്ലാ ജില്ലകളും കേന്ദ്രീകരിച്ച് ഇതിന്റെ ആഫീസുകൾ ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) വിദേശങ്ങളിൽ ജോലിയിലിരിക്കെ അപകടത്തിൽപ്പെട്ട് ഗുരുതര പരിക്കേൽക്കുന്നവർക്കും വിദേശത്ത് അപകടത്തിലും അല്ലാതെയുമായി മരണപ്പെടുന്നവരുടെ അവകാശികൾക്കും ആശ്രിതർക്കും ധനസഹായം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വിദേശത്ത് ജോലിചെയ്യുന്ന പ്രവാസികളായ മലയാളികളുടെ നാട്ടിലുള്ളതും തനിച്ച് താമസിക്കുന്നവരുമായ പ്രായമായ മാതാപിതാക്കൾക്ക് ആവശ്യമെങ്കിൽ ചികിത്സാ സഹായവും, നിയമസഹായമുൾപ്പെടെയുള്ള മറ്റ് സഹായങ്ങളും ലഭ്യമാക്കുംവിധം ജില്ലകൾ തോറും പ്രവാസി ഹെൽപ്പ് ഡെസ്കുകൾ നോർക്കയുടെ കീഴിലോ ക്ഷേമനിധിയുടെ കീഴിലോ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പ്രവാസി കേരളീയ ക്ഷേമബോർഡിന്റെ മുഖ്യ ഓഫീസ് തിരുവനന്തപുരത്തും റീജിയണൽ ഓഫീസുകൾ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ ഒരു ലെയ്സൺ ഓഫീസും നിലവിൽ പ്രവർത്തിച്ചുവരുന്നു. എല്ലാ ജില്ലകളിലും ഓഫീസ് തുടങ്ങുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

(ബി) വിദേശത്ത് ജോലിക്കുപോയി അപകടത്തിൽപ്പെടുന്ന, നോർക്ക റൂട്ട്സിന്റെ പ്രവാസി ഇൻഷ്വറൻസ് കാർഡ് എടുത്തിട്ടുള്ള പ്രവാസി കേരളീയരിൽ അംഗവൈകല്യം സംഭവിക്കുന്നവർക്ക് മെഡിക്കൽ ബോർഡിന്റെ ശിപാർശയോടെ അപകട ഇൻഷ്വറൻസ് തുക നൽകി വരുന്നുണ്ട്. കൂടാതെ, വിദേശത്ത് അപകടത്തിൽപ്പെട്ടതും വിസ ക്യാൻസൽ ചെയ്ത് നാട്ടിൽ തിരികെയെത്തിയവരുമായ പ്രവാസി കേരളീയർക്ക് നോർക്ക റൂട്ട്സിന്റെ ദുരിതാശ്വാസ പദ്ധതിയായ സാന്ത്വന വഴി ചികിത്സാ ധനസഹായം പരമാവധി 50,000 രൂപ വരെ നൽകി വരുന്നുണ്ട്.

വിദേശത്ത് ജോലിക്കുപോയി അപകടത്തിൽപ്പെട്ട് മരണമടയുന്ന നോർക്ക റൂട്ട്സിന്റെ പ്രവാസി ഇൻഷ്വറൻസ് കാർഡ് എടുത്തിട്ടുള്ള പ്രവാസി കേരളീയന്റെ നോമിനിയ്ക്ക് ഇൻഷ്വറൻസ് തുകയായ 2,00,000 രൂപ വരെ നൽകിവരുന്നുണ്ട്. ഇതുകൂടാതെ ദുരിതാശ്വാസ പദ്ധതിയായ സാന്ത്വനവഴി മരണമടയുന്ന പ്രവാസി കേരളീയരുടെ അവകാശിയ്ക്ക് നിബന്ധനകൾക്ക് വിധേയമായി പരമാവധി 1,00,000 രൂപ വരെ ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ നോർക്ക റൂട്ട്സിന്റെ സഹായനിധിയായ ചെയർമാൻ ഫണ്ട് മുഖാന്തരവും മരണാനന്തര ധനസഹായം നൽകിവരുന്നുണ്ട്.

കേരള പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത അംഗങ്ങൾക്ക് ചികിത്സാ ധനസഹായം പരമാവധി 50,000 രൂപ നൽകുന്നതിന് ആക്ടിൽ വ്യവസ്ഥയുണ്ട്. പ്രവാസി ക്ഷേമനിധി അംഗം പെൻഷന് അർഹത നേടുന്നതിനുമുമ്പ് മരണപ്പെടുകയാണെങ്കിൽ ആശ്രിതർക്ക് പരമാവധി 50,000 രൂപ വരെ മരണാനന്തര ധനസഹായമായി അനുവദിച്ചുവരുന്നുണ്ട്.

(സി) ഇത്തരം നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ബെഹ്റിൻ ജയിലിൽ തടവിലുള്ള ഷാഹുൽ ഹമീദിന്റെ മോചനം**

101 (3485) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ജൂൺ 9 മുതൽ ബെഹ്റിൻ ജയിലിൽ ശിക്ഷ അനുഭവിക്കുന്ന ശ്രീ. ഷാഹുൽ ഹമീദ് എന്നയാളുടെ മോചനവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ഭാര്യ തൃശ്ശൂർ ജില്ലയിൽ തോയക്കാവ് പി.ഒ. യിൽ മമ്മസ്രായില്ലത്ത് വീട്ടിൽ ശ്രീമതി സക്കീന ഷാഹുൽ ഹമീദ് സമർപ്പിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീമതി സക്കീന ഷാഹുൽ ഹമീദ് 1-11-2012-ൽ സമർപ്പിച്ച പരാതിയിന്മേൽ നോർക്ക ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബെഹ്റിനിലുള്ള ഇന്ത്യൻ നയതന്ത്ര കാര്യാലയത്തിന് 7-12-2012-ൽ രേഖാമൂലം കത്തയയ്ക്കുകയും ശ്രീ. ഷാഹുൽ ഹമീദിനെ മോചിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. എന്നാൽ മേൽ വിഷയത്തിൽ ബെഹ്റിനിലെ ഇന്ത്യൻ എംബസിയിൽനിന്നും മറുപടിയൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

**നോർക്ക റൂട്ട്സിന്റെ ബോർഡ് അംഗങ്ങൾ**

102 (3486) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക റൂട്ട്സിന്റെ ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അംഗങ്ങൾ ആരെല്ലാം;

(ബി) ഇതിന്റെ ഭരണ സംവിധാനമെന്തെല്ലാം; ഇതിന്റെ സംസ്ഥാന/ജില്ലാ/മേഖലാ തലങ്ങളെ കുറിച്ചുള്ള വിശദവിവരം നൽകുമോ;

(സി) ഓരോ തലത്തിലും ഉദ്യോഗസ്ഥരുടെ വിശദവിവരം (സ്ഥിരം/കരാർ/ഡെപ്യൂട്ടേഷൻ/ദിവസവേതനം) പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഓരോ വിഭാഗത്തിലും 2015-16, 2016-17 വർഷങ്ങളിൽ ശമ്പളയിനത്തിൽ നൽകിയ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ 30-1-2017 തീയതിയിലെ ജി. ഒ. (ആർ.ടി.) 9/2017/നോർക്ക നമ്പർ ഉത്തരവ് പ്രകാരം നോർക്ക റൂട്ട്സിന്റെ ഡയറക്ടർ ബോർഡ് താഴെപ്പറയുന്ന രീതിയിൽ പുനഃസംഘടിപ്പിക്കുകയുണ്ടായി.

1. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി-ചെയർമാൻ
2. ശ്രീ. എം. എ. യൂസഫലി-ഡയറക്ടർ
3. ശ്രീ. സി. കെ. മേനോൻ-ഡയറക്ടർ
4. ഡോ. എം. അനിരുദ്ധൻ-ഡയറക്ടർ
5. ശ്രീ. കെ. വരദരാജൻ-ഡയറക്ടർ

6. ശ്രീ. ഒ. വി. മുസ്തഫ-ഡയറക്ടർ

7. ശ്രീ. ആസാദ് മൂപ്പൻ-ഡയറക്ടർ

8. ഡോ. രവിപിള്ള-ഡയറക്ടർ

9. ശ്രീ. സി. വി. റപ്പായി-ഡയറക്ടർ

10. അഡീഷണൽ ചീഫ് സെക്രട്ടറി, നോർക്ക വകുപ്പ്-ഡയറക്ടർ

11. അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്-ഡയറക്ടർ

12. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എക്സ് ഒഫീഷ്യോ-ഡയറക്ടർ

(ബി) ഹെഡ്ഡാഫീസ്

നോർക്ക റൂട്ട്സിന്റെ മേലധികാരി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആണ്. അദ്ദേഹമാണ് ഓഫീസിന്റെ സാമ്പത്തികവും ഭരണപരവുമായ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്ന ഉന്നതാധികാരി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് തൊട്ടുതാഴെയായി നോർക്ക റൂട്ട്സിന്റെ എല്ലാ പ്രവർത്തനങ്ങളിലും മേൽനോട്ടം വഹിക്കുന്നതിനുവേണ്ടി ജനറൽ മാനേജർ ഉണ്ട്. കൂടാതെ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനായി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അസിസ്റ്റന്റ് മാനേജർ തുടങ്ങിയ ഓഫീസർമാരും അവരുടെ കീഴിൽ ജീവനക്കാരും ഉണ്ട്.

റീജിയണൽ ഓഫീസ് - മൂന്ന്

(തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്)

പ്രസ്തുത മൂന്ന് റീജിയണൽ ഓഫീസുകളുടെ പ്രവർത്തനത്തിനായി സെന്റർ മാനേജർമാരും അവരുടെ കീഴിൽ ജീവനക്കാരും ഉണ്ട്.

ജില്ലാ നോർക്ക സെല്ലുകൾ

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ ഒഴികെയുള്ള 11 ജില്ലാ കളക്ടറേറ്റുകളിൽ നോർക്ക സെല്ലുകൾ പ്രവർത്തിക്കുന്നു. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ സെല്ലുകൾ തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ കീഴിലും പാലക്കാട്, കോട്ടയം, തൃശ്ശൂർ, ഇടുക്കി എന്നീ സെല്ലുകൾ എറണാകുളം റീജിയണൽ ഓഫീസിന്റെ കീഴിലും കണ്ണൂർ, മലപ്പുറം, വയനാട്, കാസർഗോഡ് എന്നീ സെല്ലുകൾ കോഴിക്കോട് റിജിയണൽ ഓഫീസിന്റെ കീഴിലും പ്രവർത്തിക്കുന്നു.

<u>എൻ.ആർ.കെ. ഡെവലപ്മെന്റ് ഓഫീസ്</u>

ന്യൂഡൽഹി, മുംബൈ എന്നീ സംസ്ഥാനങ്ങളിൽ എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ടി ഓഫീസിന്റെ പ്രവർത്തനത്തിനായി എൻ.ആർ.കെ. ഡെവലപ്മെന്റ് ഓഫീസറും അദ്ദേഹത്തിന്റെ കീഴിൽ ജീവനക്കാരും ഉണ്ട്. കൂടാതെ ബാംഗ്ലൂർ, ചെന്നൈ, ബറോഡ, ഹൈദരാബാദ് എന്നിവിടങ്ങളിൽ നോർക്ക സാറ്റലൈറ്റ് ഓഫീസും പ്രവർത്തിക്കുന്നുണ്ട്.

(സി) ഓരോ തലത്തിലുമുള്ള ഉദ്യോഗസ്ഥരുടെ വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി)

| വിഭാഗം | 2015-16 | 2016-17 |
|---|---|---|
| ഡെപ്യൂട്ടേഷൻ | 90,80,895 | 85,91,125 |
| സ്ഥിരം | 51,97,766 | 51,46,465 |
| കരാർ | 71,17,576 | 97,63,606 |
| ദിവസവേതനം | 5,75,761 | 3,66,753 |

**നിതാഖാത്ത് നടപ്പിലാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെട്ടവർ**

103 (3487) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിതാഖാത്ത് നടപ്പിലാക്കിയതുമൂലം എത്ര പേരാണ് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് തിരിച്ചു വന്നിട്ടുള്ളത്; അവരുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നത്;

(ബി) എത്ര പേരുടെ വിമാനക്കൂലി സർക്കാർ വഹിച്ചു;

(സി) എത്രപേർക്ക് പുനരധിവാസ ആനുകൂല്യങ്ങൾ നൽകി?

<u>ഉത്തരം</u>

(എ) നിതാഖാത്ത് നടപ്പിലാക്കിയ 1-4-2013 മുതൽ 31-12-2013 വരെ 22634 പേർ തിരിച്ചുവന്നതായി നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിതാഖാത്ത് നടപ്പാക്കിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് തിരികെ വന്നവരിൽ 378 പേർ വിമാന ടിക്കറ്റിനുവേണ്ടി അപേക്ഷ നൽകിയിരുന്നു. ഇതിൽ 266 പേരെ അർഹതയുള്ളവരായി കണ്ട് ടിക്കറ്റ് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സർക്കാരിന് ആകെ 33,20,343 രൂപ ചെലവായിട്ടുണ്ട്.

(സി) നാളിതുവരെ 1333 പേർക്കാണ് പുനരധിവാസ ആനുകൂല്യം നൽകിയിട്ടുള്ളത്. നിതാഖാത്തുമൂലം മടങ്ങിവന്നവരേയും നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ആനുകൂല്യം നൽകിയത്.

**തിരിച്ചെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ തുടങ്ങാൻ കൂടുതൽ സഹായം**

104 (3488) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരിച്ചെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ പദ്ധതികൾ തുടങ്ങാൻ കൂടുതൽ സഹായം നൽകുന്നത് പരിഗണിക്കുമോ;

(ബി) നിലവിലുള്ള പദ്ധതികൾ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). നോർക്ക റൂട്ട്സും കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പുവയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവ് നൽകിയാണ് മേൽപ്പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

ടി പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രൈമറി അഗ്രികൾച്ചറൽ സൊസൈറ്റികൾ, കേരള പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുമായി സഹകരിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞുവരുന്നു. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനവുമായി സഹകരിച്ച് തിരിച്ചുവരുന്ന പ്രവാസികൾക്ക് വിവിധ മേഖലകളിൽ ഹ്രസ്വകാല പരിശീലനം നൽകി ചെറുകിട സംരംഭങ്ങൾ തുടങ്ങാനോ സ്വയംതൊഴിൽ ചെയ്ത് വരുമാനം കണ്ടെത്താനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പ്രവാസികൾക്ക് നൽകിയ വായ്പ**

105 (3489) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് വിവിധ ബാങ്കുകൾ നൽകിയ വായ്പകളുടെ വ്യവസ്ഥകൾ ബാങ്കുകൾ ലംഘിച്ച് വായ്പാക്കാരെ ബുദ്ധിമുട്ടിക്കുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നോർക്ക വകുപ്പിന്റെ NDPREM പദ്ധതി പ്രകാരം കാനറാബാങ്കിന്റെ പെരിന്തൽമണ്ണ ശാഖയിൽ നിന്നും അനുവദിച്ച വായ്പയുടെ തിരിച്ചടവ് വ്യവസ്ഥകൾ ബാങ്ക് ലംഘിക്കുന്നതായി കാണിച്ച് മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ ശ്രീ. മുഹമ്മദ് സാദിഖ്, ചാത്തല്ലൂർ ഹൗസ്, ജെ.എൻ റോഡ് എന്നയാൾ സമർപ്പിച്ച പരാതി നോർക്ക വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതിയിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച് പരാതിക്കാരനെ വിവരം അറിയിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പരാതി പരിഹരിക്കുന്നതിന് വകുപ്പ് അടിയന്തര നടപടി സ്വീകരിച്ച് വിവരം പരാതിക്കാരനെ അറിയിക്കുന്നതിനും ബാങ്കുകളുടെ ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രവാസി പുനരധിവാസ പദ്ധതിയായ NDPREM പദ്ധതി കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി സഹകരിച്ച് നോർക്ക-റൂട്ട്സ് ആണ് നടപ്പാക്കിവരുന്നത്. മേൽപ്പറഞ്ഞ ബാങ്കുകളുമായി ഒപ്പുവയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി തിരികെയെത്തിയ പ്രവാസികൾക്ക് സൗകര്യപ്രദമായ ബ്രാഞ്ചുകളിൽനിന്ന് ബാങ്കുകൾ വായ്പ അനുവദിക്കുന്നത്. ചില അവസരങ്ങളിൽ മേൽപ്പറഞ്ഞ ബാങ്കുകളുടെ ചില ശാഖകൾ ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി&സി) ശ്രീ. മുഹമ്മദ് സാദിഖ് എന്ന വ്യക്തിയുടെ പരാതി കണക്കിലെടുത്ത് പെരിന്തൽമണ്ണ, കാനറ ബാങ്കിലേക്ക് റിപ്പോർട്ട് ആവശ്യപ്പെട്ട് 13-2-2017-ന് നോർക്ക റൂട്ട്സിൽനിന്നും കത്ത് അയയ്ക്കുകയും പരാതിക്കാരനെ ഫോണിൽ ബന്ധപ്പെട്ട് വിവരങ്ങൾ കൈമാറുകയും ചെയ്തിട്ടുണ്ട്. ബാങ്കിൽനിന്നും റിപ്പോർട്ട് ലഭ്യമായശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ആർ. അനിൽകുമാറിനെതിരെയുള്ള പരാതി**

106 (3491) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ തിരുവനന്തപുരം സിറ്റി ജില്ലാ സെക്രട്ടറി ആർ. അനിൽ കുമാർ, സിറ്റി എ. ആർ. ക്യാമ്പ് അസിസ്റ്റന്റ് കമാണ്ടന്റ് വി. ശശിധരനെ പരസ്യമായി അസഭ്യം പറഞ്ഞ് കയ്യേറ്റം ചെയ്ത പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) ഇത് സംബന്ധിച്ച് അന്വേഷിച്ച സ്പെഷ്യൽ ബ്രാഞ്ച്, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ ശിപാർശകൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശ അനുസരിച്ച് അനിൽകുമാറിനെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇപ്രകാരം ഒരു പരാതി ലഭിക്കുകയോ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തുകയോ ചെയ്തിട്ടില്ല.

**പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റ്**

107 (3492) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. തയ്യാറാക്കിയ കെ.എ.പി 4 കാസർഗോഡ് (012/2015) പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകി;

(ബി) നിലവിൽ എത്ര വേക്കൻസികൾ ഉണ്ടെന്നും പ്രസ്തുത വേക്കൻസികൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കെ.എ.പി. നാലാം ബറ്റാലിയനിൽനിന്നും നികത്തേണ്ട ജില്ലകളിലെ ഒഴിവുകൾ 298 എണ്ണം (2017 ഡിസംബർ 31 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ

സഹിതം) ആണെന്ന് കണക്കാക്കിയിട്ടുണ്ട്. ടി ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

### എ.ഐ.എസ്.എഫ്.-കാർക്കെതിരെ നടന്ന അക്രമം

108 (3493) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ.എസ്.എഫ്. ജില്ലാസമ്മേളനം തൃപ്രയാറിൽ നടക്കുമ്പോൾ ശ്രീരാമ പോളിടെക്നിക്-ൽ എ.ഐ.എസ്.എഫ്.കാർക്കെതിരെ അക്രമം നടത്തിയെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ആർക്കെതിരെയാണ് പരാതി ലഭിച്ചിട്ടുള്ളത്; അവർ ഏത് വിദ്യാർത്ഥി സംഘടനയിൽ പ്രവർത്തിക്കുന്നവരാണ്;

(ബി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ ആർക്കെങ്കിലുമെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) അക്രമകാരികൾക്കെതിരെ കർശനനടപടി സ്വീകരിക്കുവാൻ രാഷ്ട്രീയകാരണങ്ങളാൽ പോലീസ് മടിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ കർശനനടപടി കൈക്കൊള്ളുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളായ സന്ദീപ്, മുഹമ്മദ് ജാസിം, ജിനീഷ്, അഖിൽ, ജിതിൻ, അദീബ് എന്നീ ആറ് പേർക്കെതിരെയാണ് പരാതി ലഭിച്ചിട്ടുള്ളത്.

(ബി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ 3-2-2017 തീയതി വലപ്പാട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 187/2017 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി കേസ്സിൽ എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുള്ളതും കേസ് അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്.

### കോ-ഓപ്പറേറ്റീവ് വിജിലൻസ് അന്വേഷണം

109 (3494) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.ബി.സി.ഐ.ഡി. കോ-ഓപ്പറേറ്റീവ് സൊസൈറ്റി റ്റി-322 ന്റെ മുൻഭരണസമിതിക്കെതിരെ കോ-ഓപ്പറേറ്റീവ് വിജിലൻസ് അന്വേഷണം

നടത്തി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ പ്രതികളായിട്ടുള്ളവർക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ, ഡി.ജി.പി. ഇന്റലിജൻസിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) ക്രൈം കേസ് രജിസ്റ്റർ ചെയ്ത പ്രതികൾക്കെതിരെ നടപടി സ്വീകരിക്കാത്തത് എന്തു കൊണ്ടാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതുസംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്ന 699/2016, u/s 468, 471, 420 & 34 IPC, 700/2016 u/s 468, 471, 420 & 34 IPC പ്രകാരമുള്ള കേസ്സുകൾ ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ടി കേസ്സുകൾ ക്രൈംനമ്പർ 39CR/EOW1/KLM/17, 40/CR/EOW1/KLM/17 പ്രകാരം അന്വേഷണം നടത്തിവരുന്നു.

(ബി) ഉണ്ട്. പ്രസ്തുത കേസ്സിൽ പ്രതികളായി ഹമീദ്, ഗ്രേഡ് എ.എസ്.ഐ. (റിട്ട.), ശ്രീ. അലകുഞ്ഞ്, ശ്രീമതി ബിന്ദു ജി. എസ്. എന്നീ എസ്.ബി.സി.ഐ.ഡി.-യിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ട്.

(സി) പ്രതികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

**യു.എ.പി.എ. കേസ്സുകൾ**

110 (3495) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് തന്നിഷ്ട പ്രകാരം യു. എ. പി. എ. ചുമത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസിന്റെ ഈ നിലപാടിനെതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ഇതുസംബന്ധിച്ച സർക്കാർ നയം എന്തെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) യു.എ.പി.എ. കേസ് ചുമത്തിയതുമായി ബന്ധപ്പെട്ട് ചില പരാതികൾ ഉയർന്നുവന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അവ പോലീസ് ആസ്ഥാനത്ത് പരിശോധിച്ചുവരികയാണ്.

(ബി) പരിശോധിച്ചുവരുന്നു.

(സി) യു.എ.പി.എ. നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി മാത്രം നടപടികൾ സ്വീകരിക്കുക.

**എം. എ. റഷീദ് പീരുമേട് സർക്കിൾ ഇൻസ്പെക്ടർക്ക് നൽകിയ പരാതി**

111 (3496) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-10-2016-ൽ പീരുമേട് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ഗ്ലാന്മേരിയിൽ വച്ച് എച്ച്.ആർ.പി.ഡബ്ലിയു. (HRPW) യൂണിയൻ ജനറൽ സെക്രട്ടറി എം.എ. റഷീദിനെ മാരകായുധങ്ങളുമായി അക്രമിക്കുവാനും കൊലപ്പെടുത്തുവാനും ശ്രമിച്ചവർക്കെതിരെ ശ്രീ.റഷീദ് പീരുമേട് സർക്കിൾ ഇൻസ്പെക്ടർക്ക് നൽകിയ പരാതിയിൽ കേസെടുത്ത് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രതികൾ ആരെല്ലാമാണ്;

(ബി) ഏത് വകുപ്പ് അനുസരിച്ചാണ് കേസ് എടുത്തിട്ടുള്ളത്; എഫ്.ഐ.ആർ. ന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) കേസ് കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) എം.എ. റഷീദിന്റെ മൊഴി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-10-2016-ാം തീയതി എം.എ. റഷീദ്, ജനറൽ സെക്രട്ടറി, ഹൈറേഞ്ച് പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ, പീരുമേട് എന്ന പരാതിക്കാരൻ ഉൾപ്പെടെയുള്ളവർ യോഗം ചേർന്ന സ്ഥലത്ത് ആരോഗ്യരാജ്, യേശുദാസ്, അനീഷ്, സുഭാഷ്, സതീഷ് എന്നിവർ അതിക്രമിച്ച് കയറി ഭീഷണിപ്പെടുത്തി എന്ന കാര്യത്തിന് പീരുമേട് പോലീസ് ഇൻസ്പെക്ടർ മുമ്പാകെ സമർപ്പിച്ച പരാതി പെറ്റീഷൻ നമ്പർ 149338/2016 ആയി ചേർത്തിട്ടുണ്ട്. ഇക്കാര്യത്തിൽ കേസ് എടുത്തിട്ടില്ല.

(ബി-ഡി) ബാധകമല്ല.

## ബി.ജെ.പി. ഹർത്താലിനിടെയുണ്ടായ അക്രമം

112 (3497) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ജനുവരി മാസത്തിൽ കാസർഗോഡ് ജില്ലയിൽ ബി.ജെ.പി. ഹർത്താലിനിടെ ആക്രമണപരമ്പരയും ഒരാൾ മരിച്ച സംഭവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) 3-1-2017-ാം തീയതി ബി.ജെ.പി. കാസർഗോഡ് ജില്ലയിൽ നടത്തിയ ഹർത്താലുമായി ബന്ധപ്പെട്ട് ഹർത്താലനുകൂലികൾ തടഞ്ഞതുനിമിത്തം മതിയായ ചികിത്സ കിട്ടാതെ 63 വയസ്സുള്ള ജോൺ സി. റ്റി. എന്നയാൾ മരണപ്പെട്ടു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ടിയാന്റെ ബന്ധുക്കളാരും ഇതുവരെ പരാതി നൽകിയിട്ടില്ല.

(ബി) മരണം സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ഹർത്താലിനോടനുബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷനിൽ വിവിധ സംഭവങ്ങളിലായി ആറ് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ആയതിൽ 18 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ കേസ്സുകൾ ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

## ഡിവൈ.എസ്.പി. സ്ഥാനക്കയറ്റം

113 (3498) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ എസ്.ഐ.മാരായ പട്ടികജാതിക്കാരെ മാറ്റി നിർത്തി, 2003- ൽ എസ്.ഐ.മാരായ ഉദ്യോഗസ്ഥർക്ക് ഡി.വൈ.എസ്.പി. സ്ഥാനക്കയറ്റം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ നടപടി തെറ്റാണെങ്കിൽ ഇത്തരത്തിൽ 23-1-2017-ലെ GO.(Rt)No.154/2017/Home പ്രകാരം സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് പുന:പരിശോധിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) സബ്ഇൻസ്പെക്ടർ തസ്തികയിൽനിന്നും സർക്കിൾ ഇൻസ്പെക്ടറായി സ്ഥാനക്കയറ്റം ലഭിച്ചവരുടെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് അടിസ്ഥാനമാക്കിയാണ്

ഡിവൈ.എസ്.പി.-മാരായി 23-1-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.) നമ്പർ 154/2017/ആഭ്യന്തരം പ്രകാരം ടിയാളുകളെ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി നിയമിച്ചത്.

**ജലജ സുരൻ കൊല്ലപ്പെട്ട കേസ്**

114 (3499) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നങ്ങ്യാർകുളങ്ങര പാലമൂട് ജംഗ്ഷന് സമീപം ഭാരതിയിൽ വീട്ടിൽ ജലജ സുരൻ എന്ന വീട്ടമ്മ 2015 ആഗസ്റ്റ് 13-ന് കൊല്ലപ്പെട്ട കേസ്സിന്റെ അന്വേഷണം ഏതു ഘട്ടത്തിലാണ്;

(ബി) കേസന്വേഷണം സി.ബി.ഐ. ഏറ്റെടുത്തിട്ടുണ്ടോ; ഇതു സംബന്ധിച്ച് സി.ബി.ഐ.യിൽ നിന്നും എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;

(സി) കേസന്വേഷണം കാര്യക്ഷമമായി നടത്തുന്നതിലും പ്രതികളെ കണ്ടെത്തുന്നതിലും പോലീസിന്റെ ഭാഗത്തു നിന്നും വീഴ്ചയുണ്ടായി എന്ന ആരോപണം ശരിയാണോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) കരീലക്കുളങ്ങര പോലീസ് സ്റ്റേഷനിൽ 1204/2015 u/s 449, 302, 392 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്, തുടരന്വേഷണത്തിനായി ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും CBCID ക്രൈം നമ്പർ 107/CR/HHW-1/TVPM/2015 ആയി റീ-നമ്പർ ചെയ്ത്, കോട്ടയം EOW-II, പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് 09/10/2015 മുതൽ അന്വേഷണം നടത്തിവരികയും ചെയ്യുന്നു.

(ബി) സി.ബി.ഐ.-യ്ക്ക് അന്വേഷണം ഏറ്റെടുക്കുവാൻ കഴിയില്ലെന്ന് കേന്ദ്ര പേഴ്സണൽ മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

(സി) കേസന്വേഷണത്തിൽ വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേസന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

**ജിഷ കേസിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്**

115 (3500) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈം നമ്പർ 909/2016 പ്രകാരം കുറുപ്പംപടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ജിഷ കേസ്സിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് ലഭിച്ചുവോ; അന്വേഷണ ഉദ്യോഗസ്ഥൻ ആരായിരുന്നു;

(ബി) സ്റ്റേഷൻ ഹൗസ് ഓഫീസർ അല്ല അന്വേഷണ റിപ്പോർട്ട് നൽകിയതെന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ടോ;

(സി) ഈ റിപ്പോർട്ടിന്റെ നിജസ്ഥിതി അന്വേഷിച്ചിട്ടുണ്ടോ; ഇത്തരത്തിൽ റിപ്പോർട്ട് നൽകിയത് ആരാണ്?

ഉത്തരം

(എ) ഈ കേസ്സിന്റെ ആദ്യാന്വേഷണം കുറുപ്പംപടി സി.ഐ. ആയിരുന്ന ശ്രീ. കെ. എൻ. രാജേഷ് ആയിരുന്നു നടത്തിയിരുന്നത്. തുടർന്ന് പെരുമ്പാവൂർ ഡിവൈ.എസ്.പി. ആയിരുന്ന ശ്രീ. കെ. അനിൽകുമാറും അതിനെത്തുടർന്ന് ആലുവ റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. ആയിരുന്ന ശ്രീ. കെ. എം. ജിജി മോനും അന്വേഷണം നടത്തിയിട്ടുള്ളതാണ്. തുടർന്ന് ഒരു സ്പെഷ്യൽ ടീം ദക്ഷിണ മേഖലാ എ.ഡി.ജി.പി. ശ്രീമതി ബി. സന്ധ്യ, ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ രൂപീകരിച്ച് ഇപ്പോഴത്തെ സി.ബി.സി.ഐ.ഡി., ഐ.എസ്.ഐ.റ്റി, കേരള പോലീസ് സൂപ്രണ്ട് ശ്രീ. എസ്. ശശിധരൻ കേസ്സന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**സബ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ**

116 (3501) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിലെ സബ് ഇൻസ്പെക്ടർ തസ്തിക(ലോക്കൽ)യുടെ കേഡർ സ്ട്രെംഗ്ത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) സബ് ഇൻസ്പെക്ടർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള പൊലീസിലെ സബ് ഇൻസ്പെക്ടർ തസ്തിക (ലോക്കൽ)യുടെ കേഡർ സ്ട്രെംഗ്ത് 1431 ആണ്.

(ബി) നിലവിൽ എസ്.ഐ. മാരുടെ 49 ഒഴിവുകളുണ്ട്.

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 26/08/2014-ലെ ഉത്തരവ് (OA (EKM) No. 200/2014 filed by Sri. Harish M.C. And others) പ്രകാരം 05/11/2014 തീയതിയിൽ 137 എസ്.ഐ.-മാരുടെ ഒഴിവുകൾ അധികമായി പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം, ഡിപ്പാർട്ട്മെന്റിൽ നിലവിലില്ലാത്ത ഒഴിവുകളിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്താൽ, ഡിപ്പാർട്ട്മെന്റിന് ടി ഉദ്യോഗാർത്ഥികളെ accommodate ചെയ്യുവാൻ കഴിയാത്ത സാഹചര്യം വരുമെന്നതിനാൽ, സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 76/2016/ആഭ്യന്തരം പ്രകാരം എസ്.ഐ.-മാരുടെ 137 സൂപ്പർ ന്യൂമററി തസ്തികകൾ പുതുതായി സൃഷ്ടിച്ചു. മേൽപ്പറഞ്ഞ 137 ഒഴിവുകളിൽ മൂന്നുവർഷം വരെ ഉണ്ടാകാവുന്ന എസ്.ഐ.-മാരുടെ ഒഴിവുകൾ അഡ്ജസ്റ്റ് ചെയ്യണമെന്നുള്ള വ്യവസ്ഥയോട് കൂടിയായിരുന്നു സർക്കാർ ഉത്തരവായത്. ഇപ്രകാരം 137 ഒഴിവുകൾ കണ്ടെത്തി, ഈ സൂപ്പർന്യൂമററി തസ്തികകൾ അഡ്ജസ്റ്റ് ചെയ്തുകഴിയുമ്പോൾ, ഭാവിയിൽ അത് റെഗുലർ തസ്തികകളായി മാറ്റപ്പെടും. ആയതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നിർവ്വാഹമില്ല.

**കേരള പോലീസ് സായുധസേനയിലെ കായികതാരങ്ങൾ**

117 (3502) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-1-2017-ലെ ആഭ്യന്തര വകുപ്പ് (എ) സ.ഉ.(എം.എസ്.) നം.17/2017/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം കേരള പോലീസ് സായുധസേനയിൽ ഹവിൽദാർ തസ്തികയിൽ സ്പോർട്സ് ആന്റ് ഗെയിംസിൽ മികവ് തെളിയിച്ച കായികതാരങ്ങളെ തെരഞ്ഞെടുത്തതു പ്രകാരം നാളിതുവരെ എത്ര കായികതാരങ്ങളെ സർവ്വീസിൽ എടുത്തു; ഇവരുടെ പേര്, ഇനം (സ്പോർട്സ്) സഹിതം വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ നാളിതുവരെ ഇവരെ നിയമിക്കാത്തതെന്തുകൊണ്ട്;

(സി) ഏതെങ്കിലും കായിക ഇനത്തിൽ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തതിൽ തർക്കം/പരാതികൾ ഉണ്ടെങ്കിൽ ആ കായിക ഇനത്തിലെ നിയമനം മാറ്റി വച്ച് തർക്കവും പരാതിയുമില്ലാത്ത കായിക ഇനത്തിലെ നിയമനം കിട്ടിയവരെ അടിയന്തരമായി പോലീസ് സേനയിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) 30-1-2017-ലെ ഉത്തരവിൽ വോളിബോൾ ടീമിലേയ്ക്ക് ഉള്ള നിയമനം റദ്ദാക്കിയതായി കാണുന്നതിനാൽ അടിയന്തരമായി വോളിബോളിൽ ആളെ എടുക്കുവാൻ സെലക്ഷൻ ട്രയൽസ് നടത്തുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സെലക്ഷൻ ട്രയൽസ് നടത്തി കായികതാരങ്ങളെ തെരഞ്ഞെടുത്ത പ്രകാരം നിയമിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി ടിയാളുകൾക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ അനുവർത്തിക്കുന്നതിനിടയിൽ വിഷയത്തിന്മേൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷ സമർപ്പിക്കപ്പെട്ടു. ടി കാര്യത്തിലെ ട്രൈബ്യൂണലിന്റെ ഇടക്കാല ഉത്തരവ് പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**നാനോ എക്സൽ കമ്പനിക്കെതിരായ കേസ് നടപടികൾ**

118 (3503) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാനോ എക്സൽ കമ്പനിയുടെ തൃശ്ശൂർ,എറണാകുളം,ബാംഗ്ലൂർ ഓഫീസുകളിൽ നിന്ന് കമ്പനിയുടെ വെബ്സൈറ്റും അക്കൗണ്ടും അടങ്ങിയ കമ്പ്യൂട്ടറുകൾ പിടിച്ചെടുത്ത സംസ്ഥാന പോലീസ് ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ലഭ്യമാക്കാമോ; 17-7-2015-ൽ ഒന്നാം പ്രതി മദിനേനിയിൽ നിന്നും ഹൈദരബാദിൽ വെച്ച് പിടിച്ചെടുത്ത ലാപ്ടോപ്പ് സി-ഡാകിൽ പരിശോധനയ്ക്ക് കൊടുത്തതിന്റെ ക്വസ്റ്റ്യനെയർ ലഭ്യമാക്കുമോ; പിടിച്ചെടുത്ത ലാപ്ടോപ്പും കംപ്യൂട്ടറുകളും പരിശോധനയ്ക്ക് നൽകിയത് എന്നാണ്;

(ബി) നാനോ എക്സൽ കമ്പനി എം.ഡി. മദിനേനിയുടെ ഭാര്യയുൾപ്പെടെയുള്ള എത്ര പ്രതികളെ അറസ്റ്റു ചെയ്യാനുണ്ട്; പേരു വിവരങ്ങൾ അറിയിക്കുമോ;

(സി) കമ്പനി ഡയറക്ടർമാരുടെ പേരിലുള്ള വസ്തുവകകൾ കണ്ടു കെട്ടിയതിന്റെയും ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചതിന്റെയും രേഖകൾ, തീയതി ഉൾപ്പെടെ ലഭ്യമാക്കുമോ; എത്ര കേസ്സുകളിൽ കുറ്റപത്രം കൊടുത്തു എന്നത് ക്രൈം നമ്പർ സഹിതം ലഭ്യമാക്കുമോ; പണവും വാഹനവും റവന്യൂ ഇന്റലിജൻസിന് കൈമാറിയ രേഖ ലഭ്യമാക്കാമോ;

(ഡി) കേരളത്തിൽ കമ്പനിക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നാനോ തട്ടിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 645 കേസ്സുകൾ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിയിട്ടുള്ളതിൽ 171 കേസ്സുകൾ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കേസ്സുകൾ കോടതിയുടെ പരിഗണനയിലായതിനാൽ കമ്പ്യൂട്ടറുകൾ പിടിച്ചെടുത്ത സംസ്ഥാന പോലീസ് ഉദ്യോഗസ്ഥരുടെ പേരുവിവരവും പിടിച്ചെടുത്ത ലാപ്ടോപ്പ് സി-ഡാക്കിൽ പരിശോധനയ്ക്കായി കൊടുത്തതിന്റെ ചോദ്യാവലിയും നൽകുവാൻ നിർവ്വാഹമില്ല.

(ബി) നാനോ എക്സൽ കമ്പനി തട്ടിപ്പുമായി ബന്ധപ്പെട്ട കേസ്സുകളിൽ ഇനി അറസ്റ്റ് ചെയ്യപ്പെടാനുള്ള പ്രതികളുടെ പേരുവിവരം അനുബന്ധം 1* ആയി ഉൾക്കൊള്ളിക്കുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന ക്രൈംബ്രാഞ്ചിൽ 645 കേസ്സുകളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ട്. അവയിൽ 171 കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ 40 കേസ്സുകളിൽ വിവിധ ജില്ലകളിലായി അന്വേഷണം നടത്തിയിട്ടുണ്ട്. ഇതിൽ 21 കേസ്സുകളിന്മേൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ ക്രൈംനമ്പരുകൾ ഇതോടൊപ്പം അനുബന്ധം 2* ആയി ചേർക്കുന്നു. ഇതുമായി ബന്ധപ്പെട്ട 171 കേസ്സുകൾ കോടതിയുടെ പരിഗണനയിലായതിനാൽ മറ്റ് രേഖകൾ നൽകുവാൻ നിർവ്വാഹമില്ല.

(ഡി) കേരളത്തിൽ കമ്പനിക്കെതിരെ ക്രൈംബ്രാഞ്ച് വിഭാഗത്തിൽ 645 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ പ്രസ്തുത കമ്പനിക്കെതിരെ 40 കേസ്സുകൾ വിവിധ ജില്ലകളിലായി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

**വ്യാജ നിയമനത്തട്ടിപ്പ് കേസ്സിൽ കുറ്റപത്രം**

119 (3504) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് വ്യാജ നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; ഇപ്പോൾ കേസ് ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) എത്ര പേർക്കാണ് ഇത്തരത്തിൽ നിയമനം നൽകിയത്; അവരുടെ പേരുവിവരങ്ങളും നിയമന ഉത്തരവ് നൽകിയ നടപടിക്രമങ്ങളുടെ പകർപ്പുകളും നൽകിയ ശമ്പള ആനുകൂല്യങ്ങളും വെളിപ്പെടുത്തുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കുറ്റപത്രത്തിൽ ഉൾപ്പെട്ടവരാരെല്ലാം; ഇതിൽപ്പെട്ട ആർക്കെങ്കിലും സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ അത് പരിശോധിക്കുമോ;

(ഡി) വ്യാജനിയമന തട്ടിപ്പ് കേസ്സിൽ നടന്ന ഗൂഢാലോചന പുറത്തുകൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. 2010 മാർച്ച് മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ വയനാട് ജില്ലയിലെ വ്യാജ നിയമനവുമായി ബന്ധപ്പെട്ട് വയനാട് കളക്ടറേറ്റിലെ ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന സെക്ഷനിലെ മുൻ യു.ഡി. ക്ലാർക്ക് ശ്രീ. അഭിലാഷ് എസ്. പിള്ള തുടങ്ങി 22 പേർക്കെതിരെ വി.സി. 03/2012/എസ്.ഐ.യു.II നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കേസ് അന്വേഷണഘട്ടത്തിലാണ്.

**ദളിത് വിഭാഗങ്ങൾക്കെതിരെയുള്ള പീഡനങ്ങൾ**

120 (3505) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി ദളിത് വിഭാഗങ്ങൾക്കെതിരെ നടക്കുന്ന പീഡനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ദളിത് വിഭാഗങ്ങൾക്കെതിരെ നടന്ന അക്രമങ്ങളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 867 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**വീടിനുനേരെ ബോംബാക്രമണം**

121 (3506) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കഠിനംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പള്ളിനട ചിറക്കൽ വാഹിദ മൻസിലിൽ ഷറഫുദ്ദീന്റെ വീടിന് നേരെ ബോംബാക്രമണം നടന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേസ്സിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ നമ്പർ വ്യക്തമാക്കുമോ;

(സി) ടി കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; പ്രതികളെ എത്രയും പെട്ടെന്ന് അറസ്റ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ പ്രദേശത്ത് മയക്കമരുന്ന് മാഫിയകൾ സജീവമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ പ്രദേശത്തെ ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിനും കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഠിനംകുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 164/2017 u/s 9 (B) (b) of ES Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) നാളിതുവരെയുള്ള അന്വേഷണത്തിൽ ടി കേസ്സിന്റെ കൃത്യത്തിൽ ഏർപ്പെട്ടവരെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ശക്തമായ പോലീസ് പട്രോളിംഗ്, രഹസ്യാന്വേഷണങ്ങൾ, നിരീക്ഷണങ്ങൾ എന്നിവ നടത്തി പ്രസ്തുത പ്രദേശത്ത് കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പോലീസ് എയ്ഡ് പോസ്റ്റിന്റെ പ്രവർത്തനം**

122 (3507) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ രാമനാട്ടുകരക്കും അഴിഞ്ഞിലത്തിനുമിടക്ക് വാഴക്കാട് പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രവർത്തിച്ചിരുന്ന പോലീസ് എയ്ഡ് പോസ്റ്റിന്റെ പ്രവർത്തനം നിലച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പുനഃസ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആയത് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) 2016-ലെ നിയമസഭാ ഇലക്ഷനോടനുബന്ധിച്ച് സേനാംഗങ്ങളുടെ കുറവുമൂലം 4-5-2016 മുതൽ 23-5-2016 വരെ പോലീസ് എയ്ഡ് പോസ്റ്റിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരുന്നു. 24-5-2016 മുതൽ എയ്ഡ് പോസ്റ്റിന്റെ പ്രവർത്തനം തുടർന്നുവരുന്നു.

**സദാചാര പോലീസ് വിളയാട്ടം**

123 (3508) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ നാദാപുരം,വളയം,കുറ്റ്യാടി സ്റ്റേഷനുകളിൽ സദാചാര പോലീസ് വിളയാട്ടം സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഈ കേസുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) ഈ കേസിൽ ഉൾപ്പെട്ടവർ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തകരാണോ;

(ഡി) രജിസ്റ്റർ ചെയ്ത കേസ്സുകളുടെ കുറ്റപത്രം സമയബന്ധിതമായി കോടതിയിൽ സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) നാദാപുരം മണ്ഡലത്തിലെ നാദാപുരം, വളയം, കുറ്റ്യാടി സ്റ്റേഷനുകളിൽ സദാചാര പോലീസ് വിളയാട്ടം സംബന്ധിച്ച് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

**സൈബർ പോലീസ് സ്റ്റേഷനുകൾ**

124 (3509) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ അധികരിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സൈബർ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ; വാട്ട്സ് ആപ്പ്, ഫേസ്ബുക്ക് പോലുള്ള സോഷ്യൽ മീഡിയവഴി ഉണ്ടാകുന്ന കേസ്സുകളിൽ തെളിവ് ശേഖരിക്കുന്നതിന് സൈബർ സെല്ലുകൾക്കുള്ള പരിമിതികളും പോരായ്മകളും സാങ്കേതിക തടസ്സങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് ഒഴിവാക്കാൻ സർക്കാർ എന്തു നടപടികളാണ് ഉദ്ദേശിക്കുന്നത്; സംസ്ഥാനത്ത് സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ സർക്കാർ ആലോചനയോ തീരുമാനമോ കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) ഇത് ഏതൊക്കെ ജില്ലകളിലാണ് സ്ഥാപിക്കുന്നതെന്നും എന്നത്തേയ്ക്ക് സാധ്യമാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 225 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*. വാട്ട്സ്ആപ്പ്, ഫേസ്ബുക്ക് പോലുള്ള സോഷ്യൽ മീഡിയവഴി ഉണ്ടാകുന്ന കേസ്സുകൾക്ക് അതാത് കമ്പനികളെ ആശ്രയിച്ച് വിവരങ്ങൾ ലഭ്യമാക്കി തെളിവ് ശേഖരണം നടത്തുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

(സി&ഡി) സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ, ജില്ലാ തലത്തിൽ സൈബർ പോലീസ് സ്റ്റേഷനുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

**ആശ്രിത നിയമനം സ്ഥിരപ്പെടുത്തിയ നടപടി**

125 (3510) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ ആശ്രിത നിയമനത്തിനായി എത്ര ശതമാനം ഒഴിവുകളാണ് മാറ്റി വച്ചിട്ടുള്ളത്; ഇപ്രകാരം എത്ര പേരെ നിയമിച്ചു; ഇവരുടെ നിയമനം എങ്ങനെയാണ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) സർവ്വീസിൽ സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെടുന്ന ആശ്രിത നിയമനക്കാരെ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥിരമായി നിയമനം നൽകി റെഗുലറൈസ് ചെയ്യുന്നത്;

(സി) പോലീസ് സേനയിൽ ആശ്രിത നിയമനം ലഭിച്ചിട്ടുള്ളവരെ മാനദണ്ഡങ്ങൾ ലംഘിച്ച് സൂപ്പർന്യൂമററി തസ്തികയിൽ നിന്നും സ്ഥിരപ്പെടുത്തിയെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ആശ്രിത നിയമനം ലഭിച്ചവർക്ക് മാനദണ്ഡങ്ങൾ ലംഘിച്ച് സ്ഥിരം നിയമനം നൽകുമ്പോൾ പി.എസ്.സി. വഴി ജോലി ലഭിക്കേണ്ട ഉദ്യോഗാർത്ഥികൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അവസരം നഷ്ടപ്പെടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, പ്യൂൺ എന്നീ തസ്തികകളിൽ അഞ്ച് ശതമാനവും പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ പത്ത് ശതമാനവും ഒഴിവുകളാണ് ആശ്രിത നിയമനത്തിനായി മാറ്റിവച്ചിട്ടുള്ളത്. 2016 മേയ് 1 മുതൽ 2017 ഫെബ്രുവരി 15 വരെ 31 പേർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമാണ് ഇവർക്ക് നിയമനം നൽകിയിട്ടുള്ളത്.

(ബി&സി) ആശ്രിത നിയമന പദ്ധതി പ്രകാരം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് 548 ക്ലാർക്കുമാരെ പോലീസ് വകുപ്പിൽ നിയമിച്ചതിൽ ഇതുവരെ 92 പേർക്ക് സ്ഥിരം ഒഴിവുകളിലേക്ക് റെഗുലറൈസേഷൻ നൽകിയിട്ടുണ്ട്. ആശ്രിത നിയമനം അനുസരിച്ചുള്ള നിലവിലെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചാണ് ഇവരുടെ നിയമനം റെഗുലറൈസ് ചെയ്തിട്ടുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പോലീസ് സേനയുടെ നവീകരണം**

126 (3511) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയുടെ നവീകരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കാമോ;

(ബി) ജനവിശ്വാസം നേടിയെടുക്കുന്നതിനോടൊപ്പം ജനസൗഹാർദ്ദപരമായി കൂടി പോലീസിനെ മാറ്റിത്തീർക്കാൻ എന്തു നടപടിയാണ് ഉദ്ദേശിക്കുന്നത്;

(സി) കേസ് അന്വേഷണങ്ങൾക്കുള്ള ഉത്തരവാദിത്വം ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയത് ക്രമസമാധാന പാലനത്തിനും കേസ്സന്വേഷണത്തിലും ഏതു തരത്തിൽ ഗുണപരമായ മാറ്റമുണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പോലീസ് സേനയുടെ നവീകരണവും ആധുനികവത്കരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു:

1. ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കൽ
2. ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയുടെ വികസിപ്പിക്കൽ
3. സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതികത വികസിപ്പിക്കൽ
4. മൂന്ന് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കൽ
5. പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറും ഫർണിച്ചറും വാങ്ങൽ
6. 100 പോലീസ് സ്റ്റേഷനുകളിൽ സ്ഥലസൗകര്യം വർദ്ധിപ്പിക്കൽ
7. നാല് ജില്ലകളിൽ ജില്ലാ കൺട്രോൾ റൂം നിർമ്മിക്കൽ
8. ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണം
9. 13 ജില്ലകളിൽ പിങ്ക് കൺട്രോൾ റൂം

(ബി) പോലീസിനെ ജനസൗഹാർദ്ദപരമായി മാറ്റിയെടുക്കുന്നതിലേയ്ക്കായി 2008-ൽ ആരംഭിച്ച ജനമൈത്രി സുരക്ഷാ പദ്ധതി 2016 വരെ 267 പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. കേരളാ പോലീസിനെ മുഴുവൻ ഇപ്പോൾ ജനമൈത്രി സംവിധാനത്തിൻ കീഴിലാക്കുകയും പോലീസ് സ്റ്റേഷനുകളിലെ ബീറ്റ് ഓഫീസർമാർക്ക് ആവശ്യമായ അടിസ്ഥാന പരിശീലന പരിപാടികൾ കൃത്യമായി എല്ലാ വർഷവും നൽകുകയും ചെയ്തുവരുന്നു.

(സി) കേസന്വേഷണങ്ങൾക്കുള്ള ഉത്തരവാദിത്വം ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയതിനാൽ ക്രമസമാധാന പാലനത്തിൽ ഏർപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് കൂടുതൽ ഉത്തരവാദിത്വത്തോടെയും കാര്യക്ഷമതയോടെയും മികവോടെയും പ്രവർത്തിക്കുവാനുള്ള അവസരം ഉണ്ടാകുന്നുണ്ട്. കേസ്സന്വേഷണത്തിൽ ഏർപ്പെട്ടിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് ഇതുമൂലം മേലുദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളും മേൽനോട്ടവും ലഭിക്കുന്നതിനാൽ കൂടുതൽ കാര്യക്ഷമമായും ഉത്തരവാദിത്വത്തോടുകൂടിയും കേസന്വേഷണം നടത്തിക്കൊണ്ട് പോകുവാനും സാധിക്കുന്നു.

**പോലീസ് സേനയുടെ കായികക്ഷമത**

127 (3512) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ നിയമിക്കപ്പെട്ടതിന് ശേഷം സേനാംഗങ്ങൾ കായികക്ഷമത നിലനിർത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കായികക്ഷമത നിലനിർത്താത്ത സേനാംഗങ്ങളുടെ സേവനം സേനയുടെ കാര്യക്ഷമതയെ ഏതെങ്കിലും തരത്തിൽ ബാധിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്തെ പോലീസ് സേനയിലെ എല്ലാ അംഗങ്ങളും ശാരീരിക, കായികക്ഷമത നിലനിർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പോലീസ് സേനാംഗങ്ങളുടെ കായികക്ഷമത നിലനിർത്തുന്നതിനായി യോഗ, മെഡിറ്റേഷൻ ക്ലാസ്സുകൾ സംഘടിപ്പിച്ചും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ക്ലാസ്സുകൾ സംഘടിപ്പിച്ചും വാർഷിക മെഡിക്കൽ പരിശോധനാ ക്യാമ്പുകൾ നടത്തിയും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ പോലീസ് സേനയിലെ എല്ലാ അംഗങ്ങളും ശാരീരിക, കായികക്ഷമത നിലനിർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പോലീസ് സേനയിലെ മാറ്റങ്ങൾ**

128 (3513) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ, പോലീസ് സേനയിൽ വരുത്തിയ നയപരമായ മാറ്റങ്ങൾ വിശദമാക്കാമോ;

(ബി) പോലീസ് സേനയ്ക്ക് അനുപ്രകാരം സർവ്വവിധ പ്രൊഫഷണൽ സ്വാതന്ത്ര്യം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കാൻ സേനയെ അനുവദിച്ചിട്ടുണ്ടോ;

(സി) ഇത്തരത്തിൽ സ്വാതന്ത്ര്യം നൽകിയപ്പോൾ സേന അത് ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ജനങ്ങളും പോലീസും തമ്മിലുള്ള സൗഹൃദം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ പോലീസിംഗം ക്രമസമാധാനവും മെച്ചപ്പെടുത്താനായി ജനമൈത്രി പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാന പോലീസ് നിയമപരമായി മാത്രമേ പ്രവർത്തിച്ചുവരുന്നുള്ളൂ.

(സി) കണ്ടെത്തിയിട്ടില്ല.

**ജിഷ്ണു പ്രണോയ് എന്ന വിദ്യാർത്ഥിയുടെ മരണം**

129 (3514) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവില്ല്വാമല പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിലെ ജിഷ്ണു പ്രണോയ് എന്ന വിദ്യാർത്ഥിയുടെ മരണവുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ പ്രത്യേക അന്വേഷണ സംഘം കേസ്സെടുത്തിട്ടുണ്ട്;

(ബി) അവരുടെ പേരു വിവരവും കോളേജിൽ അവർ വഹിക്കുന്ന പദവിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ അഞ്ചുപേരെ പ്രതികളാക്കിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) കേസ്സിൽ ഉൾപ്പെട്ട പ്രതികൾ 1) കൃഷ്ണദാസ്, S/o. പി. കെ. ദാസ് (ചെയർമാൻ) 2) സഞ്ജിത്ത് കെ. വി @ കണ്ണൻ, S/o. കെ. പി. വിശ്വനാഥൻ (പി.ആർ.ഒ.), 3) ശക്തിവേൽ, S/o. കുപ്പുസ്വാമി (വൈസ് പ്രിൻസിപ്പൽ), 4) പ്രവീൺ സി. പി., S/o. പ്രഭാകരൻ (അസിസ്റ്റന്റ് പ്രൊഫസർ), 5) ദിപിൻ, S/o. ദിലീപ് കുമാർ (അസിസ്റ്റന്റ് പ്രൊഫസർ) എന്നിവരാണ്.

**പോലീസ് സേനയിൽ വനിതാ ഹാൻഡ്ബോൾ കായികതാരങ്ങൾ**

130 (3515) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ പുരുഷ-വനിതാ കായികതാരങ്ങളെ ജോലിക്ക് നിയമിക്കുമ്പോൾ വനിതാ ഹാൻഡ്ബോൾ ടീമിലുൾപ്പെട്ട കായികതാരങ്ങളെ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിയമിച്ചിട്ടില്ലെങ്കിൽ നിയമിക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) വനിതാ ഹാൻഡ്ബോൾ കായികതാരങ്ങളെക്കൂടി നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

**ക്രൈം കേസ്സുകളുടെ എണ്ണം**

131 (3516) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ സംസ്ഥാന പോലീസ് പരാജയപ്പെട്ടു എന്ന ആരോപണം ശരിയാണോ;

(ബി) 2016 മേയ് 25 മുതൽ 2017 ജനുവരി 31 വരെയുള്ള ഈ സർക്കാരിന്റെ കാലത്തെയും മുൻസർക്കാരിന്റെ 2011-12-ലെ ഇതേ കാലയളവിലെയും ക്രൈം കേസ്സുകളുടെ എണ്ണം വെളിപ്പെടുത്തുമോ;

(സി) രാഷ്ട്രീയ പരിഗണന കൂടാതെ എല്ലാ ജനങ്ങൾക്കും നീതി ലഭിക്കുന്നതിനും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ സംസ്ഥാന പോലീസ് ജാഗരൂകരാണ്. പോലീസ് പരാജയപ്പെട്ടു എന്ന ആരോപണം വസ്തുതാപരമല്ല.

(ബി) 2016 മേയ് 25 മുതൽ 2017 ജനുവരി 31 വരെയുള്ള ഈ സർക്കാരിന്റെ കാലത്തെയും മുൻ സർക്കാരിന്റെ 2011-12-ലെ ഇതേ കാലയളവിലേയും ക്രൈം കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| 2016 മേയ് 25 മുതൽ 2017 ജനുവരി 31 വരെയുള്ള ക്രൈം കേസ്സുകളുടെ എണ്ണം | | 2011 മേയ് 25 മുതൽ 2012 ജനുവരി 31 വരെയുള്ള ക്രൈം കേസ്സുകളുടെ എണ്ണം | |
|---|---|---|---|
| Total FIR | Total (IPC + SLL) | Total FIR | Total (IPC+SLL) |
| 508372 | 481768 | 325961 | 307871 |

(സി) രാഷ്ട്രീയ പരിഗണന കൂടാതെ എല്ലാ ജനങ്ങൾക്കും നീതി ലഭിക്കുന്നതിനും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും നിലവിലുള്ള നിയമ പ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

## സദാചാര ഗുണ്ടകളുടെ ആക്രമണം

132 (3517) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സദാചാര ഗുണ്ടകളുടെ ആക്രമണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഴീക്കോട് മേനോൻ ബസ്സാറിൽ സദാചാര ഗുണ്ടകൾ 14-1-2017-ൽ യുവാവിനെ നഗ്നനാക്കി കെട്ടിയിട്ട് മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ കുറ്റക്കാർക്കെതിരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നും ഏതെല്ലാം വകുപ്പുകളുടെ അടിസ്ഥാനത്തിലാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) സദാചാര ഗുണ്ടകൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സദാചാരം സംരക്ഷിക്കാൻ എന്ന പേരിൽ പൊതുസ്ഥലങ്ങളിലും വിനോദ സഞ്ചാരകേന്ദ്രങ്ങളിലുംവച്ച് ചില അക്രമ പ്രവർത്തനങ്ങൾ ചെറുസംഘങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) തൃശ്ശൂർ റൂറൽ ജില്ലയിൽ കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ അഴീക്കോട് മേനോൻ ബസ്സാറിൽ സലാം എന്നയാളിനെ 14-1-2017-ാം തീയതി കെട്ടിയിട്ട് മർദ്ദിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പറയുന്ന സംഭവത്തിൽ കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 100/2017 u/s 143, 147, 148, 452, 427, 342, 323, 324, 326, 307, 395 r/w 149 IPC & Sec. 67 (A) of IT Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 1 മുതൽ 6 വരെ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. 7-ാം പ്രതിക്ക് ബഹുമാനപ്പെട്ട കോടതിയിൽനിന്നും മുൻകൂർ ജാമ്യം ലഭിച്ചിട്ടുള്ളതും 8-ാം പ്രതി ഇപ്പോഴും ഒളിവിലുമാണ്.

(ഡി) സദാചാരം സംരക്ഷിക്കാൻ എന്ന പേരിൽ പൊതുസ്ഥലങ്ങളിലും വിനോദ സഞ്ചാരകേന്ദ്രങ്ങളിലുംവച്ച് ചില അക്രമ പ്രവർത്തനങ്ങൾ ചെറുസംഘങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ഘട്ടങ്ങളിലെല്ലാം പോലീസ് നീതിപൂർവ്വമായ അന്വേഷണം നടത്തുകയും പ്രതികൾക്കെതിരെ കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ സാധാരണ നടക്കാൻ

സാധ്യതയുള്ള പൊതുസ്ഥലങ്ങളിലും ഇത് തടയുന്നതിന് ഫീൽഡ് ലെവൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. പരാതിക്കാർക്ക് ആവശ്യമായ പരിരക്ഷ നൽകുന്നതിനും നീതി ഉറപ്പാക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്.

**പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം**

133 (3518) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) G.O.(MS)No.266/2014/Home dated 23-12-2014 ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത തസ്തികയിലേയ്ക്ക് എത്ര ടൈപ്പിസ്റ്റുമാരെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കൺവർഷൻ നടത്തി നിയമിച്ചിട്ടുണ്ട്; ജില്ലയും സ്പെഷ്യൽ യൂണിറ്റും തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പോലീസ് വകുപ്പിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം പി.എസ്.സി. റിപ്പോർട്ട് ചെയ്യാത്തത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് ആരുടെ അധികാരപരിധിയിൽപ്പെട്ടതാണ്;

(ഡി) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട അടിയന്തര നടപടി സർക്കാർ സ്വീകരിക്കുമോ;

ഉത്തരം

(എ) G.O. (MS) No. 266/2014/Home dated 23-12-2014 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ ഒരു ഒഴിവും (ജില്ല/സ്പെഷ്യൽ യൂണിറ്റ്) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ജി.ഒ. (പി) 407/80/ജി.എ.ഡി. തീയതി 04/09/1980 പ്രകാരം പോലീസ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് നിയമനം 1 : 1 (50:50) എന്ന അനുപാതത്തിലാണ് നടത്തുന്നത്. ആകെ തസ്തികകളുടെ 50% നേരിട്ടുള്ള നിയമനവും (പി.എസ്.സി./എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ആശ്രിത നിയമനം/വകുപ്പുമാറ്റം വഴിയും) ബാക്കി വരുന്ന 50% നിയമനം വകുപ്പിലെ യോഗ്യരായ ടൈപ്പിസ്റ്റുമാരിൽനിന്നും സംസ്ഥാന അടിസ്ഥാനത്തിൽ കാറ്റഗറി മാറ്റത്തിനായി സമമ്മതപത്രം ക്ഷണിക്കുകയും ഇങ്ങനെ സമ്മതപത്രം ഓഫീസ് മേലധികാരി വഴി സമർപ്പിക്കുന്നവരിൽനിന്നും

സീനിയോറിറ്റി അനുസരിച്ച് കാറ്റഗറി മാറ്റം വഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി നിയമനം നൽകുകയും ചെയ്യുന്നു. എന്നാൽ മുൻകാലങ്ങളിൽ ഇത്തരത്തിൽ യോഗ്യരായ ടൈപ്പിസ്റ്റുമാരുടെ അഭാവംമൂലം ഉണ്ടായ ഒഴിവുകളിൽ അടിയന്തര സ്വഭാവം കണക്കിലെടുത്ത് നേരിട്ടുള്ള നിയമന നടപടി പ്രകാരം നിയമനം നടത്തുകയുണ്ടായി. ആയതുമൂലമാണ് 1 : 1 എന്ന അനുപാതത്തിൽ വ്യത്യാസമുണ്ടായത്. നിലവിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ നേരിട്ടുള്ള നിയമനം ലഭിച്ചവർ അംഗീകൃത എണ്ണത്തെക്കാൾ അധികരിച്ചതിനാലാണ് ഈ അനുപാതം ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിൽ ഉണ്ടാകുന്ന ഒഴിവുകളിൽ കാറ്റഗറി മാറ്റം വഴിയുള്ള നിയമനത്തിന് മുൻഗണന നൽകുന്നത്. നിലവിൽ 38 ടൈപ്പിസ്റ്റുമാർ വിവിധ യൂണിറ്റുകളിലായി കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരായി കാറ്റഗറി മാറ്റം വഴി നിയമിക്കപ്പെട്ടിട്ടുണ്ട്. ജില്ല/സ്പെഷ്യൽ യൂണിറ്റ് തിരിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം-1-ൽ ചേർക്കുന്നു*.

(ബി) പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി സംബന്ധിച്ച വിഷയങ്ങൾ പരിശോധിച്ചുവരുന്നു. 1:1 അനുപാത പ്രകാരമുള്ള നിയമനം ഉറപ്പാക്കണ മെന്നതാണ് സർക്കാർ നയം.

(സി) ഒഴിവുകൾ ഉണ്ടാകുന്ന യൂണിറ്റ് മേധാവിയുടെ അധികാര പരിധിയിലാണ് റിപ്പോർട്ട് ചെയ്യുന്നത്.

(ഡി) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പോലീസ് കംപ്ലെയിന്റ് അതോറിറ്റിയുടെ പ്രവർത്തനം**

134 (3519) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റി ഇതേവരെ എത്ര പരാതികളിൽ തീർപ്പ് കല്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് എത്ര റിപ്പോർട്ടുകൾ അതോറിറ്റി സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) റിപ്പോർട്ടുകളിന്മേൽ നടപടി സ്വീകരിക്കാനുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതേവരെ നൽകിയ റിപ്പോർട്ടു പ്രകാരം എത്ര ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഇതുവരെ യാതൊരു നടപടിയും സ്വീകരിക്കാത്ത എത്ര ശിപാർശകൾ ശേഷിക്കുന്നുണ്ട്; അവയിൽ നടപടിക്ക് വിധേയരാക്കേണ്ട ഉദ്യോഗസ്ഥരുടെ പേരുവിവരം നൽകാമോ?

ഉത്തരം

(എ) സംസ്ഥാന പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റി നിലവിൽ വന്ന 2012 മുതൽ ഫെബ്രുവരി 2017 വരെ 2210 പരാതികളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

(ബി) പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് 97 ശിപാർശകൾ ബന്ധപ്പെട്ട പോലീസ് മേലധികാരികൾക്ക് നൽകിയിട്ടുണ്ട്.

(സി) സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെയുള്ള പൊലീസ് മേലധികാരികളാണ് ശിപാർശ നടപ്പിലാക്കേണ്ടത്.

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

**സൈബർ ക്രൈംബ്രാഞ്ച്**

135 (3520) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ ക്രൈംബ്രാഞ്ച് എന്ന പുതിയ സേനാവിഭാഗത്തിന് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത വിഭാഗം ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണോ; എങ്കിൽ ആയത് ലഭ്യമായിട്ടുണ്ടോ;

(ഡി) പ്രസ്തുത സേനാ വിഭാഗം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തിക

136 (3521) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ 400 പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; എത്ര തസ്തിക സൃഷ്ടിക്കാനാണ് പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും ആവശ്യപ്പെട്ടിരുന്നത്;

(ബി) ഈ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്ത് നിലവിലുള്ള ലിസ്റ്റിൽ നിന്നും നിയമനം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 3657 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ അധിക തസ്തിക സൃഷ്ടിക്കണമെന്ന് പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽനിന്നും ആവശ്യപ്പെട്ടിരുന്നു.

(ബി) ഈ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള യൂണിറ്റുകളിൽ ആനുപാതികമായി സൃഷ്ടിക്കപ്പെട്ട ഒഴിവുകളിലേക്ക് അടിയന്തരമായി നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

137 (3522) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല പോലീസ് സ്റ്റേഷനുകളും വിവിധ കേസ്സുകളുമായി ബന്ധപ്പെട്ട് പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങളുടെ ശവപ്പറമ്പായി മാറുന്നു എന്നത് അത്യന്തം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വാഹനങ്ങൾ ഉൾപ്പെട്ടിട്ടുള്ള കേസ്സുകളിൽ, നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ വാഹനം വിട്ടുകൊടുക്കണമെന്നതു സംബന്ധിച്ച് പരമോന്നത കോടതികൾ എന്തെങ്കിലും തരത്തിലുള്ള വിധി പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വാഹനങ്ങൾ നശിച്ചു പോകാതെ ബോണ്ടിന്റെയോ, സെക്യൂരിറ്റിയുടേയോ അടിസ്ഥാനത്തിൽ കാലതാമസം കൂടാതെ അവ ഉടമകൾക്ക് മടക്കി നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ SLP 2745 with 2755/2002 (451, 457 CrPC) നമ്പർ ഉത്തരവ് പ്രകാരം.

(സി) പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് മറ്റ് നിയമ തടസ്സങ്ങൾ ഒന്നുംതന്നെ ഇല്ലെങ്കിൽ ഉടമയ്ക്ക് വിട്ടുകൊടുക്കാൻ കർശന നിർദ്ദേശം ബന്ധപ്പെട്ട എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്.

**സിവിൽ പോലീസ് ഓഫീസർ നിയമനം**

138 (3523) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തരവകുപ്പിന് കീഴിൽ ഏതൊക്കെ ബറ്റാലിയനിലേക്കുള്ള സിവിൽ പോലീസ് ഓഫീസർമാരുടെ നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളാണ് നിലവിലുള്ളത്; പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി എപ്പോൾ അവസാനിക്കും;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ട്; ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 2016 വർഷത്തിൽ വിവിധ ബറ്റാലിയനുകളിൽ പോലീസ് കോൺസ്റ്റബിൾ തസ്തികയിലേയ്ക്ക് ലഭിച്ച നിയമന ശിപാർശകളുടെ വിവരം ചുവടെ ചേർക്കുന്നു:

കെ.എ.പി.1 - 207

കെ.എ.പി.2 - 434

കെ.എ.പി.3 - 375

കെ.എ.പി.4 - 191

കെ.എ.പി.5 - 250

എസ്.എ.പി. - 383

എം.എസ്.പി. - 280

2017 ഡിസംബർ 31 വരെയുള്ള വിവിധ ജില്ലകളിൽ ഉൾപ്പെടെയുള്ള പ്രതീക്ഷിത ഒഴിവുകൾ ബറ്റാലിയൻ അടിസ്ഥാനത്തിൽ താഴെപ്പറയുന്നു:

കെ.എ.പി.1 - 104

കെ.എ.പി.2 - 311

കെ.എ.പി.4 - 298

എസ്.എ.പി. - 276

എം.എസ്.പി. - 263

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആറന്മുള നിയോജകമണ്ഡലത്തിൽ ക്രിമിനൽ കേസ്സുകൾ**

139 (3524) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ആറന്മുള നിയോജക മണ്ഡലത്തിൽ എത്ര ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) രജിസ്റ്റർ ചെയ്ത കേസ്സുകളിൽ സ്ത്രീപീഡനം, ബാലപീഡനം, വൃദ്ധ ജനങ്ങളെ പീഡിപ്പിച്ച കേസ്സുകൾ എന്നിവ വേർതിരിച്ച് വ്യക്തമാക്കാമോ;

(സി) കൊലപാതക കേസ്സുകൾ, ഗാർഹിക പീഡന കേസ്സുകൾ എന്നിവ എത്ര;

(ഡി) ഇതിലോരൊന്നിലും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആറന്മുള നിയോജക മണ്ഡലത്തിൽപ്പെടുന്ന ആറന്മുള, കോയിപ്പുറം, പത്തനംതിട്ട, പന്തളം, തിരുവല്ല എന്നീ പോലീസ് സ്റ്റേഷനുകളിലായി 5080 ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ സ്ത്രീപീഡനം - 60 കേസ്സുകൾ, ബാലപീഡനം- 10 കേസ്സുകൾ, വൃദ്ധജനങ്ങളെ പീഡിപ്പിച്ചത് - 3 കേസ്സുകൾ എന്നിങ്ങനെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) രണ്ട് കൊലപാതക കേസ്സുകളും രണ്ട് ഗാർഹിക പീഡന കേസ്സുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) 60 സ്ത്രീ പീഡന കേസ്സുകളിൽ 42 കേസ്സും 10 ബാലപീഡന കേസ്സുകളിൽ 7 കേസ്സും അന്വേഷണം പൂർത്തിയാക്കി പ്രതികൾക്കെതിരെ കോടതിയിൽ ചാർജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമെ വൃദ്ധജനങ്ങളെ

പീഡിപ്പിച്ചതിന് രണ്ട് കേസ്സുകളിലും കൊലപാതക കേസ്സുകളിലും അന്വേഷണം പൂർത്തിയാക്കി കോടതിയിൽ ചാർജ്ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. ഗാർഹിക പീഡനക്കേസ്സുകളിൽ അന്വേഷണം നടന്നുവരുന്നു.

**സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്**

140 (3525) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ഓഫീസർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത ലിസ്റ്റിൽ നിന്നും പൊതുവിഭാഗത്തിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) സിവിൽ പോലീസ് ഓഫീസർമാരുടെ പുതിയ തസ്തിക സൃഷ്ടിക്കണമെന്ന ഡി.ജി.പി.യുടെ ശിപാർശ പരിഗണനയിലുണ്ടോ; എത്ര തസ്തികകൾ സൃഷ്ടിക്കണമെന്നാണ് ശിപാർശ ചെയ്തിട്ടുള്ളത്;

(സി) ക്രമസമാധാന പാലനത്തിന് ആവശ്യമായ പോലീസ് ഫോഴ്സ് ഇല്ല എന്ന വസ്തുത പരിഗണിച്ച് പുതിയ തസ്തിക സൃഷ്ടിച്ച് പി.എസ്.സി. ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖിച്ചുവരുന്നു.

(ബി) പരിഗണനയിലുണ്ട്. 2016-17-ൽ ബജറ്റിൽ പ്രഖ്യാപിച്ച ഏഴ് പോലീസ് സ്റ്റേഷനുകൾക്കുവേണ്ടി 193 സിവിൽ പോലീസ് ഓഫീസർ, ഇതിനുപുറമേ 669 സി.പി.ഒ., സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ തുടങ്ങുന്നതിനായി 177 സി.പി.ഒ. തസ്തികകൾ എന്നിവ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 1200 റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാർക്ക് പരിശീലനം നൽകുന്നതിന് തുടർ അനുമതി നൽകുന്നതോടൊപ്പം 200 അധിക താൽക്കാലിക തസ്തികകൾ കൂടി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ അന്തിമ പരിഗണനയിലാണ്.

**പോലീസ് അന്വേഷണ റിപ്പോർട്ടുകൾ**

141 (3526) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ആസ്ഥാനത്തെത്തുന്ന അന്വേഷണ റിപ്പോർട്ടുകൾ പലതും അപ്രത്യക്ഷമാവുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(സി) നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ഏതൊക്കെ കേസ്സുകളുടെ റിപ്പോർട്ടുകളാണ് നഷ്ടമായത്;

(ഡി) നഷ്ടപ്പെട്ടവ ലഭ്യമാക്കുന്നതിനും ഭാവിയിൽ ഇത് തടയുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ കർശനമായുള്ള അന്വേഷണവും വകുപ്പുതല നടപടികളും തുടർന്ന് Official Secret Act പ്രകാരം കർശന നിയമ നടപടികളും സ്വീകരിക്കുന്നതാണ്.

**പോലീസ് വകുപ്പിൽ കമ്പ്യൂട്ടർ ട്രെയിനിംഗ്**

142 (3527) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ കമ്പ്യൂട്ടർ ട്രെയിനിംഗ് നടത്തുന്നതിലേയ്ക്കായി എങ്ങനെയാണ് നിയമനം നടത്തുന്നത്; ഇവർക്കുള്ള സാങ്കേതിക യോഗ്യത എന്താണ്; ഇതിനായി അപേക്ഷ വിളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരിൽ നിന്നും എന്ത് യോഗ്യതയുടെ അടിസ്ഥാനത്തിലാണ് തെരെഞ്ഞെടുപ്പ് നടത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ;

(ബി) നിലവിൽ കമ്പ്യൂട്ടർ ട്രെയിനിംഗ് നടത്തുന്നവർ കഴിഞ്ഞ കാലങ്ങളിൽ എവിടെയാണ് ജോലി നോക്കിയിരുന്നത്; ഇതുമായി ബന്ധപ്പെട്ട് മുൻകാല പരിചയമുള്ളവരാണോ;

(സി) കമ്പ്യൂട്ടർ ട്രെയിനിംഗ് നടത്തുന്നവർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നുണ്ടോ; എങ്കിൽ ഇരട്ട ശമ്പളവും മറ്റും കൈപ്പറ്റിയത് ചട്ട വിരുദ്ധമായതിനാൽ ഈ തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ പിടിക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുമോ;

(ഡി) പോലീസ് കമ്പ്യൂട്ടർ ട്രെയിനിംഗ് വിഭാഗത്തിലെ ട്രെയിനർമാരിൽ നിന്നും ട്രെയിനിംഗിനെത്തിയ വനിതാ ജീവനക്കാർ ഉൾപ്പെടെയുള്ളവർ സദാചാര പോലീസിംഗിന് വിധേയമായി എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ

ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇത്തരം പരാതികളിലും സാമൂഹ്യ മാധ്യമങ്ങളിൽ വന്ന വാർത്തകളിന്മേലും എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ?

ഉത്തരം

(എ) കമ്പ്യൂട്ടർ പരിശീലനം നടത്തുന്നതിന് ട്രെയിനർമാരായി പോലീസ് സർവ്വീസിൽനിന്നും സാങ്കേതിക പരിജ്ഞാനമുള്ളവരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത മേഖലയിൽ അടിസ്ഥാന യോഗ്യതയുള്ള പോലീസ് ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്ത് അവർക്ക് Trainer of Trainers course നൽകിയ ശേഷമാണ് പരിശീലകരായി നിയമിച്ചിട്ടുള്ളത്.

(ബി) ട്രെയിനർമാരുടെ സ്വന്തം യൂണിറ്റിലെ കമ്പ്യൂട്ടർ സെല്ലുകളിലോ Law & Order duty-ൽ ആയിരുന്നവരെയോ ആണ് കമ്പ്യൂട്ടർ പരിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് പരിശീലകരാക്കിയിട്ടുള്ളത്.

(സി) കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി പ്രത്യേക ശമ്പളമോ അലവൻസുകളോ നൽകുന്നില്ല. എന്നാൽ പോലീസ് ട്രെയിനിംഗ് കോളേജിലും കേരള പോലീസ് അക്കാഡമിയിലും പ്രവൃത്തിയെടുത്തുവരുന്ന പരിശീലകർക്ക് ട്രെയിനിംഗ് അലവൻസ് നൽകിവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സൈബർ കുറ്റകൃത്യങ്ങൾ**

143 (3528) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത സൈബർ കുറ്റകൃത്യങ്ങളിൽ എത്ര എണ്ണത്തിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസ്സുകളിൽ 15 വയസ്സിൽ കുറവ് പ്രായമുള്ളവർ ഉൾപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട 34 കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) ഇതിൽ 15 വയസ്സിൽ താഴെ പ്രായമുള്ളവർ ഉൾപ്പെട്ടിട്ടില്ല.

## പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽനിന്നും ഇറക്കിയ ഉത്തരവുകൾ

144 (3529) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ നിന്നും 28-1-2017-ൽ ഇറക്കിയ Msg No.94/C&T/Tele/2017, S.O.No.12/2017/Tele എന്നീ ഉത്തരവുകൾ ഒരേ ഉദ്യോഗസ്ഥൻ തന്നെ രണ്ട് ഉദ്യോഗപ്പേരിൽ ഇറക്കിയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ഇല്ലാത്ത ഉദ്യോഗപ്പേരിൽ ഉത്തരവിറക്കിയ നടപടി ശരിയാണോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 94/C&T/Tele/2017 എന്ന സന്ദേശം 28-1-2017-ൽ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (സി&റ്റി)-ന്റെ ഓഫീസിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ളതും എസ്.ഒ.നമ്പർ 12/2017/ടെലി. എന്ന ഉത്തരവ് പോലീസ് സൂപ്രണ്ട്, ടെലികമ്മ്യൂണിക്കേഷൻ ഓഫീസിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി കാലയളവിൽ ശ്രീ. എസ്. അനിൽ കുമാർ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (സി&റ്റി), ടെലികമ്മ്യൂണിക്കേഷൻസ് ആണ് പോലീസ് സൂപ്രണ്ട് (ടെലികമ്മ്യൂണിക്കേഷൻസ്)-ന്റെ അധിക ചുമതല കൂടി വഹിച്ചിരുന്നത്. ആയതിനാലാണ് ടി ഉത്തരവുകൾ രണ്ട് ഉദ്യോഗപ്പേരിൽ ഒരാൾതന്നെ ഒപ്പിട്ട് പുറപ്പെടുവിച്ചത്.

പോലീസ് വിഭാഗത്തിലെ ഫയൽ കൈകാര്യം ചെയ്യുന്ന കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറായ iAPS-ൽ i/c Superintendent of Police, Telecommunications എന്ന ഉദ്യോഗപ്പേര് ഇല്ലാത്തതിനാൽ പ്രസ്തുത സോഫ്റ്റ്‌വെയർ വഴി അംഗീകാരം നൽകിയ ഉത്തരവുകൾക്ക് i/c Superintendent of Police, Telecommunications എന്ന് എഴുതി കാണാറില്ല.

## ആംഡ് പോലീസ് എസ്.ഐ.-ക്കെതിരെയുള്ള അച്ചടക്കനടപടി

145 (3530) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ആംഡ് പോലീസ് എസ്.ഐ. ആയ ശ്രീ. ജോർജ്കുട്ടിക്കെതിരെ അച്ചടക്കനടപടി നിലവിലുള്ളപ്പോൾത്തന്നെ പ്രൊമോഷൻ നൽകിയിട്ടുണ്ടോ;

(ബി) ടിയാന് പ്രൊമോഷൻ നൽകുവാനായി പ്രത്യേക ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ ബോർഡ് (ഡി.പി.ബി.) കൂടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡി.പി.ബി -യുടെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അനർഹമായി എ.പി.എസ്.ഐ. പ്രൊമോഷൻ ലഭിച്ച ശ്രീ. ജോർജ്കുട്ടിയുടെ പ്രൊമോഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കണ്ണൂർ പാർട്ടി ഓഫീസുകൾക്ക് നേരെ അക്രമം**

146 (3531) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടിയേരി-തണ്ടാറത്ത് പീടികക്കാട്ടുള്ള സി.പി.എം. സംസ്ഥാന സെക്രട്ടറിയുടെ യോഗസ്ഥലത്തിനടുത്ത് നടന്ന ബോംബ് സ്ഫോടന കേസ്സിൽ എത്രപേരെ ഇതുവരെ അറസ്റ്റ് ചെയ്തു; ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ട പ്രവർത്തകരാണ് പ്രതികൾ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതേത്തുടർന്ന് കണ്ണൂർ ജില്ലയിൽ പാർട്ടി ഓഫീസുകൾക്ക് നേരെ വ്യാപക അക്രമം ഉണ്ടായോ; ഏതൊക്കെ പാർട്ടി ഓഫീസുകളാണ് ആക്രമിക്കപ്പെട്ടത്; വിശദാംശം നൽകുമോ;

(സി) സി.പി.എം. സംസ്ഥാന സെക്രട്ടറിയുടെ യോഗസ്ഥലത്തിന് സമീപമുണ്ടായ ബോംബ് സ്ഫോടനം പോലീസിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ വീഴ്ചമൂലമാണെന്ന ആക്ഷേപം ശരിയാണോ:

(ഡി) സംസ്ഥാനത്ത് ക്രമസമാധാനം തകർന്നു എന്നത് ശരിവെയ്ക്കുന്നതാണോ കണ്ണൂരിലുണ്ടായ ബോംബ് സ്ഫോടനവും അതിനെത്തുടർന്നുണ്ടായ അക്രമസംഭവങ്ങളും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇത് സംബന്ധിച്ച് ന്യൂ മാഹി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 69/17 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. എഫ്.ഐ.ആർ. മൊഴി അനുസരിച്ച് ബി.ജെ.പി. പ്രവർത്തകരാണ് പ്രതികൾ.

(ബി) പ്രസ്തുത സംഭവത്തെ തുടർന്ന് മട്ടന്നൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ നടുവനാട്, ഉളിക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ ഉളിക്കൽ ടൗൺ എന്നീ

സ്ഥലങ്ങളിലെ രണ്ട് ഓഫീസുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 10 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജില്ലയിൽ ഒറ്റപ്പെട്ട അക്രമ സംഭവങ്ങളിൽപ്പെട്ട കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ കർശന നിയമ നടപടി സ്വീകരിച്ചുവരുന്നു. മേൽ സംഭവവുമായി ബന്ധപ്പെട്ട് മറ്റ് അക്രമ സംഭവങ്ങളൊന്നും കണ്ണൂർ ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

**മലപ്പുറം ജില്ലയിൽ വനിതാ പോലീസ് സ്റ്റേഷൻ**

147 (3532) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾക്കും കുറ്റകൃത്യങ്ങൾക്കും അതിവേഗ പരിഹാരമുണ്ടാക്കുന്നതിന് മലപ്പുറം ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വനിതാ പോലീസ് സ്റ്റേഷൻ അനുവദിച്ചിരുന്നോ;

(ബി) എങ്കിൽ സ്റ്റേഷൻ ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) സ്റ്റേഷനിലേക്ക് ആവശ്യമായ ജീവനക്കാരുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക പീഡനം, പൊതു സ്ഥലങ്ങളിലെ ദേഹോപദ്രവം, ബലാത്സംഗം എന്നീ പരാതികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജില്ലയ്ക്ക് അനുവദിച്ച വനിതാ സ്റ്റേഷൻ യാഥാർത്ഥ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 10-4-2015 തീയതിയിലെ ജി.ഒ. (ആർ.ടി.) നമ്പർ 894/2015/ആഭ്യന്തരം ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിൽ 'മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ' ആരംഭിക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്. വനിതാ സബ് ഇൻസ്പെക്ടർ-1, അഡീഷണൽ സബ് ഇൻസ്പെക്ടർ-2, വനിതാ സീനിയർ സിവിൽ പോലീസ് ഓഫീസർ-8, വനിതാ സിവിൽ പോലീസ് ഓഫീസർ-36 എന്നിങ്ങനെ മലപ്പുറം വനിതാ പോലീസ് സ്റ്റേഷനുകളിലേക്ക് ജീവനക്കാരുടെ എണ്ണം നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകൾ പുനർവിന്യാസം വഴി കണ്ടെത്തുവാൻ നിർദ്ദേശിച്ചിട്ടുമുണ്ട്.

(ഡി) മലപ്പുറം ജില്ലയ്ക്ക് അനുവദിച്ച വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ആഭ്യന്തര വകുപ്പിൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി

148 (3533) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ എസ്.ഐ, സി.ഐ, ഡി വൈ.എസ്.പി എന്നിവരുടെ പ്രൊമോഷനുകൾ സംബന്ധിച്ച ഡി.പി.സി (ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മറ്റി) എന്നാണ് അവസാനമായി കൂടിയത്;

(ബി) ലോവർ ഡി.പി.സി. കൂടുമ്പോൾ ഉദ്യോഗസ്ഥരുടെ രേഖകൾ സംബന്ധിച്ച രഹസ്യ ഫയൽ തയ്യാറാക്കുന്നതിൽ വീഴ്ച വന്നതായിട്ടുള്ള റിപ്പോർട്ടുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ആരാണ് ഉത്തരവാദികൾ;

(സി) എസ്.ഐ. മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരുടെ സി.ആറുകൾ ആരാണ് തയ്യാറാക്കുന്നത്; ഇത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഡി) ഡി.പി.സി. നടപടി ക്രമങ്ങളിലെ വീഴ്ച അടിയന്തരമായി പരിഹരിച്ച് പ്രൊമോഷനുകൾ നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2017 വർഷത്തെ സ്ഥാനക്കയറ്റത്തിനായി നടന്ന ഡി.പി.സി.-യുടെ തീയതികൾ -

1. ഡിവൈ.എസ്.പി. തസ്തികയിൽനിന്നും എസ്.പി. തസ്തികയിലുള്ള സ്ഥാനക്കയറ്റം 17-1-2017
2. സി.ഐ. തസ്തികയിൽനിന്നും ഡിവൈ.എസ്.പി. തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള ഡി.പി.സി. നടന്നിട്ടില്ല.
3. എസ്.ഐ. തസ്തികയിൽനിന്നും സി.ഐ. തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിനായുള്ള ഡി.പി.സി 3-2-2017, 6-2-2017, 28-2-2017, 1-3-2017 (2005 മുതൽ 2013 വർഷത്തെ ഒഴിവുകൾക്കായുള്ള സെലക്ട് ലിസ്റ്റ് പുനരവലോകനവും, 2014 മുതൽ 2017 വർഷത്തെ സ്ഥാനക്കയറ്റത്തിനായുള്ള ലിസ്റ്റും തയ്യാറാക്കിയിട്ടുണ്ട്.)

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എല്ലാ ഉദ്യോഗസ്ഥരുടെയും ACR തയ്യാറാക്കുന്നത് ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാരാണ്.

(ഡി) ഡി.പി.സി.-കൾ സമയബന്ധിതമായി കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി**

149 (3534) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി ജി.പി.എസ് സംവിധാനമുള്ള പട്രോൾ വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്കൂൾ വാഹനങ്ങളെ ജി.പി.എസ്. ട്രാക്കിംഗ് സംവിധാനത്തിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുന്നതിലൂടെയും ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലോക്കൽ പോലീസും ഹൈവേ പോലീസും ട്രാഫിക് പോലീസും ഉൾപ്പെടെയുള്ള സേനാംഗങ്ങളെ വിന്യസിച്ച് സംസ്ഥാനത്തെ റോഡുകളിൽ അമിതവേഗത കുറയ്ക്കുന്നതിനും റോഡ് നിയമങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരക്ക് വർദ്ധിച്ചുവരുന്ന സന്ദർഭങ്ങളിലും സ്ഥലങ്ങളിലും സാഹചര്യം കണക്കിലെടുത്ത് കൂടുതൽ പോലീസുദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ചുവരുന്നുണ്ട്. പ്രധാന സ്ഥലങ്ങളിലും ജംഗ്ഷനുകളിലും സ്കൂൾ പരിസരങ്ങളിലും ബസ് സ്റ്റാന്റുകളിലും വാഹന ഗതാഗത നിയന്ത്രണത്തിന് പോലീസിനെ സഹായിക്കുന്നതിനായി ഹോംഗാർഡിനെയും നിയോഗിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്. കേരളത്തിലെ എല്ലാ ഹൈവേ പട്രോൾ വാഹനങ്ങളിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**റേഷനിംഗ് ഇൻസ്പെക്ടറുടെ ആത്മഹത്യ**

150 (3535) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട താലൂക്ക് സപ്ലൈ ഓഫീസിലെ റേഷനിംഗ് ഇൻസ്പെക്ടർ അനിൽരാജ് ആത്മഹത്യ ചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) അനിൽരാജ് എഴുതിയ ആത്മഹത്യാക്കുറിപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആത്മഹത്യക്ക് ഇടയാക്കിയ കാരണം പ്രസ്തുത കുറിപ്പിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) അനിൽരാജ് എഴുതിയ ആത്മഹത്യാക്കുറിപ്പ് ലഭിച്ചിട്ടുണ്ട്. ആത്മഹത്യാക്കുറിപ്പിലെ വിവരങ്ങൾ ഈ ഘട്ടത്തിൽ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

**കിഴുവിലം പഞ്ചായത്തിനുകീഴിലുള്ള സാംസ്കാരിക നിലയത്തിലെ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ നടപടി**

151 (3536) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിലെ കിഴുവിലം പഞ്ചായത്തിലെ 1-ാം വാർഡിൽ നിലവിൽ അടഞ്ഞുകിടക്കുന്ന സാംസ്കാരിക നിലയത്തിന്റെ മുകളിലത്തെ നിലയിൽ പ്രവർത്തിക്കുന്ന ജിംനേഷ്യത്തിന്റെ മറവിൽ രാത്രികാലങ്ങളിൽ നടക്കുന്ന ബഹളങ്ങളും മദ്യപാനവും മയക്കമരുന്ന് ഉപയോഗം ഉൾപ്പെടെയുള്ള സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളുംമൂലം നാട്ടുകാർക്കും അയൽവാസികൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാമൂഹിക വിരുദ്ധർ കെ.എസ്.ഇ.ബി. മീറ്റർ ഉൾപ്പെടെയുള്ള സാധനങ്ങൾ അടിച്ചു തകർത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ജിംനേഷ്യം നിർത്തലാക്കുകയോ മാറ്റി സ്ഥാപിക്കുകയോ ചെയ്യുമോ; ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഇക്കാര്യം സംബന്ധിച്ച് ചിറയിൻകീഴ് പോലീസ് സ്റ്റേഷനിൽ ഫോൺ മുഖേന വിവരം ലഭിച്ചതിനെത്തുടർന്ന് പോലീസ് പ്രസ്തുത സ്ഥലത്ത്

പരിശോധന നടത്തിയിട്ടുള്ളതും ഇത്തരത്തിലുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതുമാകുന്നു. പ്രസ്തുത സ്ഥലം കേന്ദ്രീകരിച്ച് ശക്തമായ പോലീസ് പട്രോളിംഗും പോലീസ് നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

### ചാലക്കുടി റൂറൽ എസ്.പി. ഓഫീസ്

152 (3537) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ റൂറൽ എസ്.പി. ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ നേരത്തേ പോലീസ് ക്വാർട്ടേഴ്സ് സ്ഥിതി ചെയ്തിരുന്ന ദേശീയ പാതയോട് ചേർന്ന സ്ഥലത്ത് റൂറൽ എസ്.പി. ഓഫീസ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

### ചിതറയിൽ പോലീസ് സ്റ്റേഷൻ

153 (3538) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചിതറയിൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിനാവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

വളവുപച്ച (ചിതറ) പോലീസ് സ്റ്റേഷന് ആവശ്യമായ അംഗബലം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

### ഹരിപ്പാട് പോലീസ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം

154 (3539) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് പോലീസ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്;

(ബി) എന്നത്തേയ്ക്ക് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കുവാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹരിപ്പാട് പോലീസ് ക്വാർട്ടേഴ്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ടി നിർമ്മാണ പ്രവർത്തനത്തിന്റെ 70% പൂർത്തിയായിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ 2017 ഏപ്രിൽ 30-ന് മുമ്പ് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**അഴീക്കൽ ബീച്ചിലെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും ലഹരി ഉപഭോഗവും**

155 (3540) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആലപ്പാട് പഞ്ചായത്തിലുള്ള അഴീക്കൽ ബീച്ചിൽ അടുത്തകാലത്ത് സാമൂഹ്യവിരുദ്ധപ്രവർത്തനങ്ങളും ലഹരി ഉപഭോഗവും വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ബീച്ചിലെത്തുന്നവരെ ആക്രമിക്കുന്ന സംഭവങ്ങൾ അടുത്തകാലത്തായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വിശദീകരിക്കുമോ;

(സി) അഴീക്കൽ ബീച്ചിലെ ക്രമസമാധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സ്ഥിരം പോലീസ് ഔട്ട്പോസ്റ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ബീച്ചിലെത്തിയ സന്ദർശകരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് ഓച്ചിറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 447/2017 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പരിശോധിക്കാവുന്നതാണ്.

**മോട്ടോർ ട്രാൻസ്പോർട്ട് ആഫീസർ**

156 (3541) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് ആഫീസർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ട്;

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|
| ഡിവൈ.എസ്.പി.(എം.റ്റി.) | 1 |
| മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ | 4 |
| മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ | 3 |

(ബി) മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ തസ്തികയിലെ 3 ഒഴിവുകൾ നികത്തുന്നതിനുവേണ്ടി 21-4-2015-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡിവൈ.എസ്.പി. (എം.റ്റി.), മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജില്ലാന്തര സ്ഥലംമാറ്റം ലഭിച്ച സിവിൽ പോലീസ് ഓഫീസർമാർ**

157 (3542) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എ.ആർ. (AR) ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫറിലൂടെ സ്ഥലം മാറ്റം ലഭിച്ച സിവിൽ പോലീസ് ഓഫീസർമാർക്ക് ലോക്കൽ സ്റ്റേഷനിലേയ്ക്ക് പോകുന്നതിന് നിലവിൽ തടസ്സമുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

10-12-2010 തീയതിയിലെ ജി.ഒ.(പി.) നമ്പർ 268/2010/ആഭ്യ. പ്രകാരം 31-3-2010-ന് ശേഷം എ.ആറിൽ തുടരാൻ സമ്മതപത്രം നൽകിയിട്ടുള്ള ആർക്കും ലോക്കൽ സ്റ്റേഷനിലേയ്ക്ക് പോകാൻ നിയമസാധുതയില്ല. ഈ വ്യവസ്ഥ ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫറിനും ബാധകമാണ്.

**പുത്തലത്ത് നസിറുദ്ദീൻ കൊലക്കേസ്**

158 (3543) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം പഞ്ചായത്തിൽ പുത്തലത്ത് നസിറുദ്ദീൻ കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ബി) അറസ്റ്റ് ചെയ്യപ്പെട്ടവരുടെ പേരും അവർക്കെതിരെ ചുമത്തിയിട്ടുള്ള വകുപ്പുകളും ഏതൊക്കെ എന്ന് വിശദമാക്കുമോ;

(സി) കേസ്സിന്റെ കുറ്റപത്രം ഇതിനകം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏത് കോടതിയിലാണ് സമർപ്പിച്ചത്;

(ഡി) കേസ്സിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധമായ ഫയൽ (69914/C4/16/Home) ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പുത്തലത്ത് നസിറുദ്ദീൻ വധക്കേസ്സിലെ 7 പ്രതികളുള്ളതിൽ എല്ലാപേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) കുറ്റ്യാടി പി.എസ്. ക്രൈം നമ്പർ 634/2016 u/s 302 r/w 34 & added 201, 202, 212 IPC പ്രകാരം അറസ്റ്റ് ചെയ്ത കേസ്സിലെ പ്രതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ബഷീർ S/o. അമ്മത്

2. അന്ത്രു S/o. ഇബ്രാഹിം

3. റഫീഖ് S/o. അമ്മത്

4. റഫീഖ് S/o. അസുപ്പി

5. മുഹമ്മദ് S/o. അന്ത്രു

6. സാദിഖ് S/o. കുഞ്ഞമ്മത്

7. സാബിത്ത് S/o. ബഷീർ

(സി) മേൽ കേസ്സിന്റെ കുറ്റപത്രം 1-11-2016-ാം തീയതി ബഹുമാനപ്പെട്ട നാദാപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി - 1 മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഇല്ല. കുറ്റ്യാടി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 634/16 കേസ്സിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷയിന്മേൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ അഭിപ്രായം വാങ്ങി പരിശോധിച്ചുവരികയാണ്.

### ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടിന്റെ മരണം

159 (3544) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടായിരുന്ന വി.കെ. ഉണ്ണികൃഷ്ണന്റെ മരണം സി.ബി.ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിവരം അറിയിക്കുമോ?

ഉത്തരം

കാസർഗോഡ് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടായിരുന്ന ഉണ്ണികൃഷ്ണന്റെ മരണം സി.ബി.ഐ. അന്വേഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ അന്വേഷണത്തിനും റിപ്പോർട്ടിനുമായി 20-1-2017-ലെ 6090/ജെ1/2017/ആഭ്യന്തരം നമ്പർ കത്തിനൊപ്പം സംസ്ഥാന പോലീസ് മേധാവിക്ക് അയച്ചുകൊടുത്തിട്ടുള്ളതാണ്. സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

### പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അക്രമം

160 (3545) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപെട്ട ടി.സി.ഉല്ലാസിനെയും കുടുംബത്തെയും (തടത്തിപറമ്പിൽ പണ്ടപ്പിള്ളി പി.ഒ., മൂവാറ്റുപുഴ) ഇക്കഴിഞ്ഞ പുതുവത്സര രാത്രിയിൽ വീടുകയറി ആക്രമിച്ചവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു;

(ബി) പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(സി) ഏതെങ്കിലും പ്രതികളെ ഒഴിവാക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; അതിനുള്ള കാരണം എന്താണ്;

(ഡി) കുറ്റക്കാർക്കെതിരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അക്രമം തടയൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേസെടുത്ത് ശിക്ഷാനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രീ. ടി. സി. ഉല്ലാസിന്റെ ഭാര്യ ശ്രീമതി മിനി ഉല്ലാസിന്റെ മൊഴി പ്രകാരം 1-1-2017 തീയതി മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 13/17 u/s 143, 147, 148, 452, 323, 324, 149 IPC ആയി കേസ് രജിസ്റ്റർ ചെയ്ത്

ആരോപണ വിധേയരായവർക്കെതിരെ സെക്ഷൻ 451, 324, 323, 34 IPC പ്രകാരവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമം Sec.3(1)(s), 3(2)(v)(a) of SC/ST POA Act പ്രകാരമുള്ള വകുപ്പ് ചേർത്ത് മൂവാറ്റുപുഴ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു.

(ബി) കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് വെളിവായിട്ടുള്ള ഫെബിൻ, അനീഷ്, ജോണി എന്നിവരെ 2-1-2017-ൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രതിപട്ടികയിലുള്ള റോബിൻ ഒളിവിൽ പോയതിനാൽ ടിയാനെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല.

(സി) എഫ്.ഐ.ആർ. കോളത്തിൽ ചേർത്തിരുന്ന ആരോപണ വിധേയരായ രതീഷ്, മൈക്കിൾ എന്നിവർ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ല എന്ന് തുടർ അന്വേഷണത്തിൽ വെളിവായിട്ടുള്ളതിനാൽ ടിയാന്മാരെ പ്രതികോളത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

(ഡി) കുറ്റക്കാർക്കെതിരെ Sec.3(1)(s), 3(2)(v)(a) of SC/ST POA Act പ്രകാരമുള്ള വകുപ്പ് ചേർത്ത് മൂവാറ്റുപുഴ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

161 (3546) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ എല്ലാ സർക്കാർ-എയ്ഡഡ് സ്കൂളുകളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല. നിലവിൽ SPC യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്ന 526 സ്കൂളുകൾക്ക് പുറമേ SPC-യുടെ സംസ്ഥാനതല ഉപദേശക സമിതി ശിപാർശ ചെയ്ത 48 സർക്കാർ സ്കൂളുകളിൽക്കൂടി ഇക്കൊല്ലം SPC-യുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## പിൻവലിച്ച കേസ്സുകൾ

162 (3547) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കേസ്സുകൾ പിൻവലിച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്കും കാസർകോട് ജില്ലയിൽ പിൻവലിക്കപ്പെട്ട കേസ്സുകളുടെ ക്രൈംനമ്പരുകൾ പോലീസ് സ്റ്റേഷൻ തിരിച്ചും വിശദമാക്കുമോ;

(സി) 153(A) വകുപ്പുകൾ ചേർത്ത് ചുമത്തപ്പെട്ട എത്ര കേസ്സുകൾ പിൻവലിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കേസ്സുകൾ പിൻവലിക്കുന്നതിനുള്ള മാനദണ്ഡം വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 46 കേസ്സുകൾ

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* കാസർഗോഡ് ജില്ലയിൽ കേസ്സുകളൊന്നും തന്നെ പിൻവലിച്ചിട്ടില്ല.

(സി) 153(A) വകുപ്പുകൾ ചേർത്ത് ചുമത്തപ്പെട്ട കേസ്സുകളൊന്നും തന്നെ പിൻവലിച്ചിട്ടില്ല.

(ഡി) സർക്കാർ കേസ്സുകൾ പിൻവലിക്കുന്നതിന് എതിർപ്പില്ല എന്ന വിവരം ബഹുമാനപ്പെട്ട കോടതികളെ അറിയിക്കുക മാത്രമാണ് ചെയ്യുന്നത്. കോടതിയാണ് ഇത് സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളുന്നത്. പൊതുജനവിരുദ്ധമായിട്ടുള്ളതും പോലീസിനെതിരെയുള്ള ആക്രമണം, പൊതുജനങ്ങൾക്ക് നേരെ ആക്രമണം, പതിനായിരം രൂപയ്ക്ക് മേൽ പൊതുമുതൽ നാശനഷ്ടം എന്നീ ഗുരുതരമായ കുറ്റകൃത്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് സംസ്ഥാന സർക്കാരിന് ഉത്തമബോധ്യമുള്ള കേസ്സുകൾ പിൻവലിക്കുന്നതിന് അനുമതി നൽകാറില്ല. ഒരു പ്രോസിക്യൂഷൻ കേസ് പിൻവലിക്കാൻ എതിർപ്പില്ല എന്നറിയിച്ചാൽ അതുമായി ബന്ധപ്പെട്ട കൗണ്ടർ കേസ്സുകൾ പിൻവലിക്കാവുന്നതാണ് എന്നും അറിയിക്കാറുണ്ട്. കേസ് സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിയോട് റിപ്പോർട്ട് ആവശ്യപ്പെടാറുണ്ട്. ക്രിമിനൽ നടപടി നിയമസംഹിതയിലെ 321-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് കേസ്സുകൾ പിൻവലിക്കുന്നതിന് ഇപ്രകാരം നിരാക്ഷേപപത്രം നൽകുന്നത്.

### മുല്ലശ്ശേരി പറമ്പന്തള്ളി ക്ഷേത്രത്തിൽ മോഷണം

163 (3548) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പാവറട്ടി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട <u>മുല്ലശ്ശേരി പഞ്ചായത്തിൽ പറമ്പന്തള്ളി ക്ഷേത്രത്തിൽ നിന്നും 179 നിലവിളക്കുകൾ</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മോഷണം പോയതുമായി ബന്ധപ്പെട്ട് 328/2016-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കേസ്സിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാവറട്ടി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മുല്ലശ്ശേരി പഞ്ചായത്തിൽ പറമ്പന്തള്ളി ക്ഷേത്രത്തിൽ നിന്നും 177 നിലവിളക്കുകൾ മോഷണം പോയതുമായി ബന്ധപ്പെട്ടുള്ള പരാതിയിൽ പാവറട്ടി പോലീസ് അന്വേഷണം നടത്തുകയും എന്നാൽ അന്വേഷണത്തിൽ ടി കേസ്സിലെ പ്രതികളെക്കുറിച്ചോ നഷ്ടപ്പെട്ട മുതലുകളെക്കുറിച്ചോ കാര്യമായ വിവരങ്ങളൊന്നും ലഭ്യമായില്ല. ആയതിനാൽ ടി കേസ് 31-5-2016-ാം തീയതി undetected ആയി ബന്ധപ്പെട്ട കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**പയ്യന്നൂരിലെ ഹക്കിം വധം**

164 (3549) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂരിലെ ഹക്കിം വധം അന്വേഷിക്കുന്ന സി.ബി.ഐ.സംഘത്തിന് താമസ സൗകര്യം ഒരുക്കിയിട്ടുള്ളത് എവിടെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ വാടക അനുവദിക്കുന്നത് ഏത് വകുപ്പിൽ നിന്നാണെന്ന് വ്യക്തമാക്കാമോ;

(സി) വാടക അനുവദിക്കുന്നതിൽ എന്തെങ്കിലും കാലതാമസം വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വാടക അനുവദിക്കുന്നതിലെ കാലതാമസം കാരണം സി.ബി.ഐ.സംഘത്തിന് താമസ സൗകര്യത്തിന് എന്തെങ്കിലും പ്രയാസം അനുഭവപ്പെട്ടിരുന്നുവോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിലാണ് സി.ബി.ഐ. അന്വേഷണ സംഘത്തിന് താമസസൗകര്യം ഒരുക്കിയിട്ടുള്ളത്.

(ബി & സി) 14-8-2014 തീയതിയിലെ 85781/എം3/2013/ആഭ്യന്തരം നമ്പർ സർക്കുലർ പ്രകാരം സി.ബി.ഐ. അന്വേഷണ സംഘത്തിന് പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളിലും ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളിലും മറ്റും അന്വേഷണാർത്ഥം

സൗജന്യമായി താമസ സൗകര്യം ലഭ്യമാക്കിയിരുന്നു. എന്നാൽ 28-7-2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1110/2016/പി.ഡബ്ല്യൂ.ഡി. പ്രകാരം പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളിൽ സി.ബി.ഐ.-യ്ക്ക് കേസന്വേഷണത്തിനായി വാടകരഹിതമായി മുറികൾ നൽകിയിരുന്ന രീതി നിർത്തലാക്കുകയുണ്ടായി. ഇതിനെത്തുടർന്ന് സി.ബി.ഐ.-യ്ക്ക് കേസന്വേഷണത്തിനായി ക്യാമ്പ് ഓഫീസ് സൗകര്യവും അനുബന്ധ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള പുതിയ സംവിധാനം ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളിൽ വാടകരഹിതമായി ഏർപ്പെടുത്തിയിരുന്ന ക്യാമ്പ് ഓഫീസ് സൗകര്യം നിർത്തലാക്കിയതിനെത്തുടർന്ന് സി.ബി.ഐ. അന്വേഷണ സംഘം പയ്യന്നൂർ റസ്റ്റ് ഹൗസിലെ മുറികൾ ഒഴിഞ്ഞുകൊടുത്തിരുന്നു. സുഗമമായ കേസന്വേഷണത്തിനായി പയ്യന്നൂർ റസ്റ്റ് ഹൗസിൽത്തന്നെ താമസസൗകര്യം ലഭ്യമാക്കണമെന്ന് സി.ബി.ഐ. അന്വേഷണ സംഘം ആവശ്യപ്പെട്ടിട്ടുണ്ട്. ആഭ്യന്തര വകുപ്പുതന്നെ ഈ വാടക നൽകണമെന്ന ഒരു നിർദ്ദേശം പരിശോധിച്ചുവരുന്നു.

## പോലീസുകാരുടെ പരിശീലനകാലം സർവ്വീസായി പരിഗണിക്കാൻ നടപടി

165 (3550) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ പരിശീലനകാലം സർവ്വീസായി പരിഗണിച്ച് ഒരു വാർഷിക ഇൻക്രിമെന്റ് നൽകുന്നതിന് GO(MS) No.185/2011/Home നമ്പർ ഉത്തരവ് നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ;

(ബി) കേരള പോലീസിൽ പരിശീലനം പൂർത്തിയാക്കുകയും തുടർന്ന് പി.എസ്.സി. മുഖാന്തരം വിവിധ വകുപ്പുകളിൽ ജോലി നേടുകയും ചെയ്ത ജീവനക്കാർക്കുകൂടി പ്രസ്തുത ഇൻക്രിമെന്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉത്തരവ് നിലവിലുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേരള പോലീസിൽ പരിശീലനം പൂർത്തിയാക്കി തുടർന്ന് പി.എസ്.സി. മുഖാന്തരം വിവിധ വകുപ്പുകളിൽ ജോലി നേടിയ ജീവനക്കാർക്ക് 23-5-2016-ലെ സ.ഉ.(എം.എസ്) നമ്പർ 160/2016/ആഭ്യന്തരം പ്രകാരം 2014-ലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശമ്പള പരിഷ്കരണത്തിന് മുമ്പുള്ള ശമ്പള സ്കെയിലിൽ (pre-revised) 200 രൂപ പേഴ്സണൽ പേ ശമ്പള പരിഷ്കരണത്തിനായി അനുവദിച്ചുകൊണ്ടും ടിയാളുകളുടെ പരിശീലനകാലം പെൻഷനും ശമ്പള പരിഷ്കരണത്തിന് വെയിറ്റേജിന് പരിഗണിച്ചും ഉത്തരവായിട്ടുണ്ട്.

**തിരുവനന്തപുരം ലാ കോളേജിലെ യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അക്രമം**

166 (3551) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലാ കോളേജിലെ യൂണിയൻ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് അദ്ധ്യാപകരെയും മറ്റ് യൂണിയൻ പ്രവർത്തകരെയും എസ്.എഫ്.ഐ. പ്രവർത്തകർ മുറിയിൽ പൂട്ടിയിട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അക്രമ സംഭവങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന വിദ്യാർത്ഥി സംഘടനകൾക്ക് എതിരെ നടപടി സ്വീകരിക്കാതെ പോലീസ് നിഷ്ക്രിയമാകുന്നതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതെന്ന പരാതി പരിഗണിച്ച് അക്രമം കാണിക്കുന്ന വിദ്യാർത്ഥികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത്തരത്തിൽ പരാതി ലഭിച്ചിട്ടില്ല.

(ബി) അക്രമികൾക്കും അക്രമ സംഭവങ്ങൾക്കുമെതിരെ പോലീസ് നിഷ്ക്രിയത്വം പാലിക്കുന്നില്ല. അക്രമികൾക്കും കുറ്റവാളികൾക്കുമെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

**പന്തീരാങ്കാവ് പോലീസ് സ്റ്റേഷൻ**

167 (3552) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റി പരിധിയിൽ പന്തീരാങ്കാവ് ആസ്ഥാനമായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന വളരെക്കാലമായുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ പന്തീരാങ്കാവ് ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**ഹർത്താലുകൾ**

168 (3553) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനമൊട്ടുക്ക് ബാധകമാകുന്ന രീതിയിൽ എത്ര ഹർത്താലുകൾ നടന്നു; ഏതൊക്കെ രാഷ്ട്രീയ പാർട്ടികളാണ് ഇവ ഓരോന്നും ആഹ്വാനം ചെയ്തത്;

(ബി) പ്രാദേശിക തലത്തിൽ എത്ര ഹർത്താലുകൾ ഇതുവരെ നടന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനതലത്തിൽ രണ്ട് ഹർത്താലുകൾ നടന്നിട്ടുണ്ട്. 13-10-2016-ന് ബി.ജെ.പി.-യും 28-11-2016-ന് എൽ.ഡി.എഫ്.-ഉം സംസ്ഥാന ഹർത്താലുകൾ നടത്തിയിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാദേശിക തലത്തിൽ ഇതുവരെ 67 ഹർത്താലുകൾ നടന്നിട്ടുണ്ട്.

**ഏറ്റുമാനൂരിൽ ട്രാഫിക് യൂണിറ്റ്**

169 (3554) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂരിൽ ട്രാഫിക് യൂണിറ്റ് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ;

(ബി) യൂണിറ്റ് അടിയന്തരമായി അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. ഏറ്റുമാനൂരിൽ ട്രാഫിക് യൂണിറ്റ് അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മുഖ്യമന്ത്രിയെ അപകടപ്പെടുത്താൻ ശ്രമം**

170 (3555) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തെ മുഖ്യമന്ത്രിയെ സംസ്ഥാനത്തിനകത്ത് വച്ച് ആക്രമിച്ച് അപകടപ്പെടുത്താൻ ശ്രമിച്ച സംഭവം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് ഏത് ജില്ലയിൽ വച്ചാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സംഭവത്തിൽ അദ്ദേഹത്തിന് പരിക്കേൽക്കുകയുണ്ടായോ; എങ്കിൽ അതിന്റെ സ്വഭാവമെന്തായിരുന്നു എന്ന് വിശദമാക്കുമോ;

(സി) ആ സംഭവത്തിനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; പ്രതികളുടെ രാഷ്ട്രീയ പശ്ചാത്തലം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - ഡി) സംസ്ഥാനത്ത് മുഖ്യമന്ത്രിയെ ആക്രമിച്ച് അപകടപ്പെടുത്താൻ ശ്രമിച്ചതായ സംഭവം ഉണ്ടായിട്ടില്ല.

**സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ**

171 (3556) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ നടത്തുന്ന അക്രമങ്ങളും ചൂഷണങ്ങൾക്കുമെതിരെ എന്തെല്ലാം കർശന നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള അതിക്രമങ്ങൾ കാണിച്ച എത്ര പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അക്രമങ്ങളും ചൂഷണങ്ങളും തടയുന്നതിലേയ്ക്കായി സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈനും വനിതകളുടെ പരാതികൾക്ക് പ്രത്യേകം പ്രാധാന്യം നൽകി അന്വേഷണം നടത്തി പരിഹാരം കാണുന്നതിനായി വനിതാസെല്ലും പ്രവർത്തിച്ചുവരുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും സ്വയരക്ഷയ്ക്കും ആത്മധൈര്യം

വർദ്ധിപ്പിക്കുന്നതിനുമായി സ്കൂൾ, കോളേജ്, കുടുംബ യൂണിറ്റുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരുടെ സഹായത്തോടുകൂടി വനിതകൾക്കും പെൺകുട്ടികൾക്കും സെൽഫ് ഡിഫെൻസ് പരിശീലന പദ്ധതി നടപ്പിലാക്കിവരുന്നു. കൗമാര പ്രായക്കാരുടെയും കുട്ടികളുടെയും മറ്റും പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനായി വനിതാസെല്ലിൽ എല്ലാ ദിവസവും കൗൺസലിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതാണ്. സ്ത്രീകളെയും പെൺകുട്ടികളെയും യാത്രാവേളയിലും പൊതുസ്ഥലത്തും മറ്റും ശല്യം ചെയ്യുന്നവരെ പിടികൂടുന്നതിനായി പിങ്ക് ബീറ്റ് പദ്ധതി നടത്തിവരുന്നു. സ്കൂൾ, കോളേജ്, കുടുംബ യൂണിറ്റുകൾ, സ്ത്രീതൊഴിലാളികൾ കൂടുതലുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിയമ ബോധന ക്ലാസുകൾ നടത്തി വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സ്കൂൾ, കോളേജ് പരിസരങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, തിരക്കേറിയ നിരത്തുകൾ എന്നിവിടങ്ങളിൽ വനിത പോലീസ് ഉദ്യോഗസ്ഥരെ പട്രോളിംഗിന് നിയോഗിച്ചുവരുന്നുണ്ട്. സ്ത്രീ സുരക്ഷാ പദ്ധതിയുടെ ഭാഗമായി കുടുംബപ്രശ്നങ്ങളിൽ തീർപ്പു കല്പിക്കുകയും കൗൺസലിംഗ് ആവശ്യമായ പരാതികളിൽ കൗൺസലിംഗ് നൽകുകയും കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, സ്കൂളുകൾ, കോളേജുകൾ എന്നീ തലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരികയും ചെയ്യുന്നു. "നിർഭയ" പദ്ധതിയുടെ ഭാഗമായി സ്ത്രീ സുരക്ഷ പ്രതിരോധ പരിപാടി, പോലീസ് ഷാഡോ പട്രോളിംഗ്, പിങ്ക് പട്രോൾ, 24 മണിക്കൂറും പ്രവർത്തന സജ്ജമായ വനിതാ ഹെൽപ്പ് ലൈൻ എന്നീ പദ്ധതികളും നിലവിലുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള അതിക്രമങ്ങൾ കാണിച്ച 14619 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

## ലഹരിവസ്തുക്കളുടെ വില്പന

172 (3557) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ-കോളേജ് പരിസരങ്ങളിൽ മയക്കുമരുന്നും മറ്റ് ലഹരിവസ്തുക്കളും വില്പന നടത്തുന്നത് തടയുന്നതിന് പോലീസ് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

സ്കൂൾ-കോളേജ് പരിസരങ്ങളിൽ മയക്കുമരുന്നും മറ്റ് ലഹരിവസ്തുക്കളും വില്പന നടത്തുന്നത് തടയുന്നതിനായി ജനമൈത്രി പോലീസ്, ജാഗ്രത സമിതികൾ, പി.ടി.എ., എസ്.പി.സി., സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (എസ്.പി.ജി.), ലഹരി വിരുദ്ധ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാവൽക്കൂട്ട യൂണിറ്റുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവ മുഖാന്തരം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. സ്കൂൾ വിദ്യാർത്ഥികളെ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും ഇതിനെതിരെ ജാഗ്രത പുലർത്തുന്നതിനുംവേണ്ടി സംസ്ഥാനത്ത് ആഭ്യന്തര, വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ "ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്" എന്ന ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികൾക്ക് പുറമേ സ്കൂൾ, കോളേജ് പരിസരങ്ങളിലെ കടകളിലും മറ്റും പോലീസ് റെയ്ഡുകൾ നടത്തി പുകയില ഉത്പന്നങ്ങളും പാൻ മസാലകളും മറ്റ് മയക്കുമരുന്ന് ഉത്പന്നങ്ങളും പിടിച്ചെടുക്കുകയും ശീതള പാനീയങ്ങൾ, ഐസ്ക്രീം, കുട്ടികളെ ആകർഷിക്കുന്ന മറ്റ് ഉത്പന്നങ്ങൾ എന്നിവ പരിശോധിപ്പിച്ചും നിയമാനുസൃതമായ നടപടികൾ എടുക്കുന്നുണ്ട്. പുകയില ഉത്പന്നങ്ങളും മദ്യവും വിൽക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള ദൂരപരിധി കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് കർശനമായി പോലീസ് നിരീക്ഷിക്കുന്നുണ്ട്.

മദ്യം, മയക്കുമരുന്ന് തുടങ്ങിയവ ഉപയോഗിക്കുന്നതുമൂലമുള്ള ദൂഷ്യവശങ്ങളെപ്പറ്റി കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഷോർട്ട് ഫിലിമുകൾ നിർമ്മിച്ച് തീയേറ്ററുകളിലും ദൃശ്യമാധ്യമങ്ങളിലും സ്കൂളുകളിലും കോളേജുകളിലും പ്രദർശിപ്പിച്ച് ബോധവൽക്കരണം നടത്തിവരുന്നു. കേരളത്തിലെ എല്ലാ വിദ്യാലയങ്ങളും പരിസരങ്ങളും ലഹരിമുക്തമാക്കുന്നതിലേയ്ക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിമുക്ത ബോർഡുകൾ പി.ടി.എ.-കളുടെ സഹകരണത്തോടുകൂടി നിർദ്ദിഷ്ട മാതൃകയിൽ സ്ഥാപിച്ചിട്ടുണ്ട്.

## കല്ലേറ്റുംകരയിലെ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം

173 (3558) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ആളൂർ ഗ്രാമപഞ്ചായത്തിൽ കല്ലേറ്റുംകരയിൽ പ്രവർത്തനമാരംഭിച്ച പോലീസ് സ്റ്റേഷനിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

3-3-2016 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 83/2016/ആഭ്യന്തരം പ്രകാരം ആളൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും തസ്തികകൾ അനുവദിക്കുന്നതിനും അനുമതി നൽകിയിരുന്നു. ഇത് സംബന്ധിച്ചുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

## മുഖ്യമന്ത്രിക്ക് വധഭീഷണി

174 (3559) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഖ്യമന്ത്രിയുടെ തലകൊയ്യുന്ന വ്യക്തിക്ക് ഒരു കോടി ഇനാം നൽകുമെന്ന മധ്യപ്രദേശിലെ ആർ.എസ്.എസ്. നേതാവിന്റെ വാഗ്ദാനത്തിനെതിരെ എന്തെല്ലാം നിയമനടപടികൾ കൈക്കൊള്ളാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനോടനുബന്ധിച്ച് എന്തെല്ലാം തരത്തിലുള്ള നടപടികൾക്ക് സർക്കാർ തുടക്കമിട്ട് കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രസ്താവന സംസ്ഥാനത്തെ മുഖ്യമന്ത്രിക്കെതിരായിട്ടായതിനാൽ ശക്തമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഈ സംഭവത്തെ കേരള നിയമസഭ അപലപിച്ചിട്ടുണ്ട്. മറ്റ് നടപടികൾ തീരുമാനമായിട്ടില്ല.

## കൊട്ടാരക്കരയിൽ ട്രാഫിക് പോലീസ് യൂണിറ്റ്

175 (3560) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ ട്രാഫിക് പോലീസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ; ട്രാഫിക് യൂണിറ്റ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കൊട്ടാരക്കര ആസ്ഥാനമാക്കി ട്രാഫിക് പോലീസ് സ്റ്റേഷൻ അരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കരയിൽ നിലവിലുണ്ടായിരുന്ന ട്രാഫിക് പോലീസ് യൂണിറ്റ് 27-2-2016 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 68/2016/ആഭ്യന്തരം പ്രകാരം ട്രാഫിക് പോലീസ് സ്റ്റേഷനായി ഉയർത്തി ഉത്തരവായിട്ടുണ്ട്.

(ബി) ട്രാഫിക് പോലീസ് സ്റ്റേഷന്റെ അതിർത്തി നിർണ്ണയിച്ച് ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ദളിതർക്കെതിരെയുള്ള അതിക്രമങ്ങൾ**

176 (T* 3561) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദളിതർക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ നാല് മാസത്തിനിടെ ദളിത്, ആദിവാസി സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിന് 366 കേസ്സുകൾ രജിസ്റ്റർ ചെയ്തു എന്ന വാർത്ത പരിശോധിച്ചിട്ടുണ്ടോ;

(സി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും കഴിഞ്ഞ വർഷത്തെക്കാൾ കൂടുതലാണെന്ന കാര്യം പരിശോധിക്കുകയുണ്ടായോ;

(ഡി) രജിസ്റ്റർ ചെയ്തിരിക്കുന്നതിൽ അധികവും ലൈംഗിക ചൂഷണ കേസ്സുകളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇവരെ അക്രമികളിൽ നിന്ന് മോചിപ്പിച്ച് സുരക്ഷിതരാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൻതോതിൽ വർദ്ധിച്ചുവരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 161 കേസ്സുകൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ.

(സി) പരിശോധിച്ചിട്ടുണ്ട്.

(ഡി) കുട്ടികൾക്കെതിരായ അതിക്രമങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതിൽ കൂടുതൽ ലൈംഗിക ചൂഷണ കേസ്സുകളാണ്.

(ഇ) ഇത്തരത്തിൽപ്പെട്ട അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്താൽ ഉടൻതന്നെ കേസ് രജിസ്റ്റർ ചെയ്തുവരുന്നതും ഇത്തരം കുറ്റകൃത്യങ്ങളിൽ നിലവിലുള്ള നിയമ വ്യവസ്ഥയ്ക്കനുസരിച്ച് അതിവേഗവും കാര്യക്ഷമവുമായ അന്വേഷണം നടത്തി ശാസ്ത്രീയ തെളിവുകളും മറ്റ് സാഹചര്യ തെളിവുകളും ശേഖരിച്ച് പ്രതികൾക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചും വരുന്നു.

**പത്രപ്രവർത്തകർക്ക് പരിശോധനാ ഇളവുകൾ**

177 (3562) ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും ചെക്ക് പോസ്റ്റുകളിൽ അക്രഡിറ്റേഷൻ ഉള്ളതും ഇല്ലാത്തതുമായ പത്രപ്രവർത്തകർക്ക് പരിശോധനാ ഇളവുകൾ നൽകിയിട്ടുണ്ടോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്സ് എന്ന് ബോർഡ് പ്രദർശിപ്പിച്ചുകൊണ്ട് പത്രപ്രവർത്തകരല്ലാത്ത ഒട്ടനവധി വാഹനങ്ങൾ ചെക്ക്പോസ്റ്റുകളിൽ പരിശോധനയില്ലാതെയും ട്രാഫിക് നിയമങ്ങൾ പാലിക്കാതെയും നിരത്തുകളിൽ ഓടുന്നത് പതിവായിരിക്കെ വ്യാജന്മാരെ കണ്ടെത്തുന്നതിന് പരിശോധന കർശനമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഇത്തരത്തിലുള്ള അനധികൃത ബോർഡുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ ചെക്ക്പോസ്റ്റുകളിൽ പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ട്രാഫിക് നിയമലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനായി മോട്ടോർവാഹന വകുപ്പ് നിരത്തുകളിൽ കർശന പരിശോധനകൾ നടത്തുകയും പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

**ദുർമന്ത്രവാദത്തിന്റെ പേരിലുള്ള ചൂഷണങ്ങൾ**

178 (3563) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മറവിൽ വർദ്ധിച്ചു വരുന്ന ദുർമന്ത്രവാദത്തിന്റെ പേരിലുള്ള ചൂഷണങ്ങൾ സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിലുള്ള എത്ര കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ;

(സി) മാറാരോഗങ്ങളും മറ്റ് അസുഖങ്ങളും ബാധിച്ച നിർദ്ധനരായ ആളുകൾ ഇത്തരം കേന്ദ്രങ്ങളിൽ പോയി ചൂഷണത്തിന് വിധേയരാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ദുർമന്ത്രവാദത്തിന്റെ മറവിൽ സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; ഏതൊക്കെ ജില്ലയിൽ; വിശദാംശം നൽകുമോ;

(ഇ) അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ നിയമനിർമ്മാണം നടത്താൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മറവിൽ ചൂഷണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ദുർമന്ത്രവാദം നടത്തുന്ന കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോഴിക്കോട് റൂറൽ ജില്ലയിൽ ഭാനു W/o. ഹംസ രോഗശാന്തി നൽകാമെന്ന് പറഞ്ഞ് വിശ്വാസികളിൽ നിന്നും പണം വാങ്ങി മന്ത്രവാദം എന്ന പേരിൽ വിശ്വാസികളെ ചതിച്ച കാര്യത്തിന് വടകര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 360/17 u/s 511 of 420 IPC ആയി ഒരു കേസ് എടുത്തിട്ടുണ്ട്.

(ഡി) 5 പേർ മരണപ്പെട്ടിട്ടുണ്ട്. കൊല്ലം 1, പത്തനംതിട്ട 1, കോഴിക്കോട് റൂറൽ 1, മലപ്പുറം 2.

(ഇ) ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

**കുട്ടികൾക്കെതിരായുള്ള അധിക്ഷേപം**

179 (3564) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരായുള്ള അധിക്ഷേപം പ്രത്യേകിച്ച് പെൺകുട്ടികൾക്കെതിരെയുള്ള ലൈംഗിക അധിക്ഷേപ സംഭവങ്ങൾ വർദ്ധിച്ച് വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കും അവർക്കെതിരെ ഉണ്ടാകുന്ന പീഡനം, അക്രമങ്ങൾ, കുട്ടികൾക്കെതിരെയുള്ള ചൂഷണം, കുട്ടികളെ ദുരുപയോഗം ചെയ്യൽ എന്നിവ തടയുന്നതിനും വേണ്ടി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. എല്ലാ സ്കൂളുകളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ ആസ്ഥാനത്ത് ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് സെല്ലും സ്കൂളുകളിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികളുടെ സഹായത്തിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും വിക്ടിം ലെയ്സൺ ഓഫീസറെ നിയമിച്ച് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ ബീറ്റ് പട്രോൾ, മൊബൈൽ പട്രോൾ, പിങ്ക് പട്രോൾ തുടങ്ങിയ വിവിധതരം പട്രോളിംഗുകൾ ശക്തമാക്കി എല്ലാ സമയവും പൊതുസ്ഥലങ്ങളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പാക്കി സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കി വരുന്നുണ്ട്.

(സി) ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം, വർഷം, ജില്ല എന്നിവ തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് യൂണിറ്റ്**

180 (3565) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് യൂണിറ്റ് അനുവദിച്ചിരുന്നോ;

(ബി) എങ്കിൽ അത് സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുവദിച്ചിരുന്നില്ല.

(ബി) കരുനാഗപ്പള്ളിയിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവി, കൊല്ലം ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പരാതികൾ പരിഹരിക്കുന്നതിന് സംവിധാനം**

181 (3566) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പരാതികൾ പരിഹരിക്കുന്നതിന് പുതിയതായി നടപ്പിലാക്കിയ സംവിധാനം എന്താണ്; വിശദമാക്കാമോ;

(ബി) ജില്ലാ തലത്തിലും ഉപജില്ലാ തലത്തിലും ജനങ്ങളുടെ പരാതി പരിഹാരത്തിനായി ജനസമ്പർക്കപരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരമുള്ള എത്ര പരിപാടികളാണ് കഴിഞ്ഞ ഒമ്പത് മാസത്തിനകം സംഘടിപ്പിച്ചതെന്നും അതിലൂടെ എത്ര പരാതികൾക്ക് പരിഹാരം കണ്ടെത്താനായി എന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുജനങ്ങളിൽ നിന്ന് പരാതി സ്വീകരിക്കാനും വേഗത്തിൽ പരിഹാരം കണ്ടെത്താനുമായി ഒരു ഓൺലൈൻ പരാതി പരിഹാര സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ ഓൺലൈനിലൂടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അയച്ചുകൊടുത്ത് തുടർനടപടി സ്വീകരിക്കാനാണ് ഈ സംവിധാനം കൊണ്ടുദ്ദേശിക്കുന്നത്.

വിവിധ കാരണങ്ങളാൽ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന ജനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഫണ്ട് അപര്യാപ്തമായതിനാൽ കൂടുതൽ ഫണ്ട് സമാഹരിക്കുന്നതിനും വികസനവും ക്ഷേമവും ഏകോപിപ്പിച്ച് കൊണ്ടുപോകുന്നതിനുമായി മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് എന്ന പേരിൽ ഒരു പൊതുജനക്ഷേമ ഫണ്ട് ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകൾ/സ്ഥാപനങ്ങൾ/പൊതുജനങ്ങൾ എന്നിവരിൽ നിന്ന് ഉദാരമായി സംഭാവനകൾ/സ്പോൺസർഷിപ്പ് എന്നിവയിലൂടെ ഫണ്ട് സമാഹരണം ലക്ഷ്യമിട്ടാണ് ഈ പദ്ധതി രൂപവൽക്കരിച്ചിട്ടുള്ളത്. സമൂഹത്തിന്റെ ഉന്നമനത്തിനായി എല്ലാ വിഭാഗം ജനങ്ങളെയും സഹകരിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ 15 പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. അതിലൂടെ 10279 പരാതികൾ തീർപ്പാക്കിയിട്ടുണ്ട്.

### മൂവാറ്റുപുഴ വീടുകയറി ആക്രമണം

182 (3567) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ പണ്ടപ്പിള്ളി തടത്തിൽ പറമ്പിൽ വീട്ടിൽ ശ്രീ. ഉല്ലാസിനെയും ഭാര്യ മിനി ഉല്ലാസിനെയും 2017 ജനുവരി 1-ാം തീയതി പുലർച്ചെ അവരുടെ വീട്ടിൽ കയറി ആക്രമിച്ചതുമായി ബന്ധപ്പെട്ട് മൂവാറ്റുപുഴ പോലീസ് 13/17 നമ്പറായി എടുത്തിട്ടുള്ള കേസ്സിൽ ഇതുവരെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇത് സംബന്ധിച്ച് ഇവർ മുഖ്യമന്ത്രിക്ക് നൽകിയ പരാതിയുടെ (G5-894/2017/E dt.7-1-2017)അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) ഈ കേസ്സിന്റെ ഇപ്പോഴത്തെ അന്വേഷണപുരോഗതി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. ടി. സി. ഉല്ലാസിന്റെ ഭാര്യ ശ്രീമതി മിനി ഉല്ലാസിന്റെ മൊഴി പ്രകാരം 1-1-2017 തീയതി മൂവാറ്റുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം 13/17 u/s 143, 147, 148, 452, 323, 324, 149 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് ആരോപണ വിധേയരായ ഫെബിൻ ജോർജ്ജ്, റോബിൻ കെ. തങ്കച്ചൻ, അനീഷ്, രതീഷ്, ജോൺ, മൈക്കിൾ എന്നിവരെ പ്രതിക്കോളത്തിൽ ചേർത്ത് അന്വേഷണം നടത്തിയതിൽ പ്രതികൾ സെക്ഷൻ 451, 324, 323, 34 IPC പ്രകാരമുള്ള കുറ്റകൃത്യമാണ് ചെയ്തതെന്ന് വെളിവായിട്ടുള്ളതും തുടർന്ന് ടി സെക്ഷൻ പ്രകാരം അന്വേഷണം നടത്തുന്ന കാര്യത്തിന് ബഹുമാനപ്പെട്ട കോടതിക്ക് റിപ്പോർട്ട് കൊടുത്ത് അന്വേഷണം നടത്തിവരവെ കേസ്സിൽ പ്രതിക്കോളത്തിൽ പറയുന്ന ഫെബിൻ, അനീഷ്, ജോണി തോമസ് എന്നിവരെ 2-1-2017 തീയതി അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. കേസ്സിലേയ്ക്ക് അറസ്റ്റ് ചെയ്യാത്ത 3-ാം പ്രതി റോബിനെ അന്വേഷിച്ചതിൽ ടിയാൻ സംഭവത്തിനുശേഷം വിദേശത്തേക്ക് പോയതായി വെളിവായിട്ടുണ്ട്. ഇതിൽ എഫ്.ഐ.ആർ. കോളത്തിൽ ചേർത്തിരുന്ന ആരോപണവിധേയരായ രതീഷ്, മൈക്കിൾ എന്നിവർ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടില്ല എന്ന് അന്വേഷണത്തിൽ വെളിവായിട്ടുള്ളതിനാൽ ടിയാന്മാരെ പ്രതിക്കോളത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഇതിനുപുറമേ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയൽ നിയമം പ്രകാരമുള്ള കുറ്റകൃത്യം നടന്നതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ Sec. 3(1)(s), 3(2)(V)(a) of SC/ST PoA Act പ്രകാരമുള്ള വകുപ്പ് ചേർത്ത് മൂവാറ്റുപുഴ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു.

(ബി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ടി പരാതിയിൽ പറയുന്ന സംഭവങ്ങൾകൂടി ഉൾപ്പെടുത്തി അന്വേഷണം നടത്തിയിട്ടുള്ളതാണ്.

(സി) ടി കേസ് ഇപ്പോൾ മൂവാറ്റുപുഴ ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു.

**2016 വർഷം വാഹനാപകടത്തിൽ മരണപ്പെട്ടവർ**

183 (3568) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 സാമ്പത്തിക വർഷത്തിൽ ബൈക്ക് അപകടമടക്കമുള്ള വാഹനാപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് മാരകമായി പരിക്കുപറ്റിയിട്ടുണ്ട്;

(ബി) അശ്രദ്ധമായും ഓവർസ്പീഡിലും മോട്ടോർബൈക്ക് അടക്കമുള്ള വാഹനങ്ങൾ ഓടിച്ച് അപകടത്തിൽപ്പെടുന്നതും ജീവഹാനി ഉണ്ടാകുന്നതും കണക്കിലെടുത്ത് യുവാക്കൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണം നടത്തുന്നതിന് ആഭ്യന്തര വകുപ്പ് മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2016 സാമ്പത്തിക വർഷത്തിൽ (1-4-2016 മുതൽ 28-2-2017 വരെ) ബൈക്ക് അപകടമടക്കമുള്ള 35618 വാഹനാപകടങ്ങളിൽ 3749 പേർ മരണപ്പെട്ടിട്ടുണ്ട്. 27280 പേർക്ക് മാരകമായി പരിക്കുപറ്റിയിട്ടുണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പ്, പോലീസ് ഇതര വകുപ്പുകളുമായി ചേർന്ന് 'റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ' എന്ന പേരിൽ വാഹന പരിശോധനയും ബോധവൽക്കരണ പരിപാടിയും നടത്തിവരുന്നുണ്ട്.

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പരിശോധനകൾ നടത്തിവരുന്നു. റോഡപകടങ്ങൾ കുറച്ചു കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ വാഹന പരിശോധന നടത്തി മദ്യപിച്ച് വാഹനമോടിക്കുക, അപടകരമായ വിധത്തിൽ വാഹനമോടിക്കുക, തെറ്റായ റോഡു മുറിച്ചുകടക്കൽ, ഹെൽമറ്റ്, സീറ്റ് ബെൽറ്റ് ഇവ ധരിക്കാതെ വാഹനമോടിക്കുക മുതലായ കുറ്റങ്ങൾ കണ്ടെത്തി പിഴ ഈടാക്കി വരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് ഡ്രൈവർമാർക്കും പ്രത്യേകിച്ച് സ്കൂൾ ബസ് ഓടിക്കുന്ന ഡ്രൈവർമാർക്കും കോളേജുകൾ, സ്കൂളുകൾ കേന്ദ്രീകരിച്ച് എസ്.പി.സി., എസ്.പി.ജി. കേഡറ്റുകൾക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വേണ്ടിയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും ലഘുലേഖകളും കൈപുസ്തകങ്ങളും നൽകിയും വരുന്നു. സുരക്ഷാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് ഹൈവേ ജാഗ്രതാ സമിതികൾ, റോഡ് സേഫ്റ്റി ക്ലബ്ബുകൾ എന്നിവ രൂപീകരിച്ചിട്ടുള്ളതും കൂടാതെ ശുഭയാത്ര, ഓപ്പറേഷൻ റെയിൻബോ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

## പൂവാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 755/16

184 (3569) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂവാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 755/16 നമ്പരായി കേസ് ചാർജ് ചെയ്ത് പ്രതിക്ക് സമൻസ് നൽകിയ കേസിന്മേൽ 22-10-2016-ലെ

ഡി.ജി.പി. യുടെ D8-14755/16/PHQ നമ്പർ കത്ത് പ്രകാരം സ്പെഷ്യൽ റിപ്പോർട്ട് നൽകിയത് വളരെ പെട്ടെന്ന് യാതൊരു അന്വേഷണവും നടത്താതെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 760/17/പൊ.ഭ.വ. തീയതി 3/2/17 പ്രകാരം വകുപ്പ് തല അനന്തര നടപടികൾ ആവശ്യമില്ലെന്ന് കാണിച്ച് ഉത്തരവിറക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) കുട്ടിയെ ക്രൂരമായി മർദ്ദിച്ചതിന് ജില്ലാ ശിശുസംരക്ഷണ ഓഫീസറുടെ നടപടി നേരിടുന്നതും, കേരള പോലീസ് കേസ് രജിസ്റ്റർ ചെയ്ത് കോടതി വിചാരണയിലിരിക്കുന്നതുമായ കേസ്സിലെ പ്രതിയുടെ പേരിലുള്ള വകുപ്പുതല നടപടികൾ ആവശ്യമില്ല എന്ന മേൽ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് വകുപ്പുതല നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) പൂവാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 755/16 നമ്പരായി ചാർജ് ചെയ്ത കേസ്സിൽ ഡി.ജി.പി. നൽകിയ സ്പെഷ്യൽ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയെ നേരിൽ കേട്ട ശേഷമാണ് വകുപ്പുതലത്തിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന 3-2-2017-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## കുറുപ്പംപടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 909/2016

185 (3570) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറുപ്പംപടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 909/2016 (ജിഷ വധക്കേസ്) ൽ 28-4-2016 മുതൽ 26-5-2016 വരെ അന്വേഷണം നടത്തിയ ടീം ഈ കേസ്സിലെ എന്തെങ്കിലും തെളിവുകൾ നശിപ്പിച്ചതായോ സംരക്ഷിക്കാതിരിക്കുകയോ ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) കുറുപ്പംപടി പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസറായിരുന്ന സോണി മത്തായി എന്ന സബ് ഇൻസ്പെക്ടർ തന്നെയല്ലേ പ്രസ്തുത കേസ് ചാർജ് ചെയ്തത് എന്നറിയിക്കുമോ;

(സി) പ്രസ്തുത കേസ് അന്വേഷണത്തിൽ പോരായ്മയുണ്ടെന്നും സ്റ്റേഷൻ ഹൗസ് ഓഫീസറല്ല കേസ് രജിസ്റ്റർ ചെയ്തതെന്നുമുള്ള തെറ്റായ റിപ്പോർട്ട് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തയ്യാറാക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് പറയാമോ;

(ഡി) തെറ്റായ റിപ്പോർട്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥയ്ക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കുറുപ്പംപടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 909/2016 (ജിഷ വധക്കേസ്) എന്ന കേസ്സിന്റെ കുറ്റപത്രം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും ആയത് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുമായതിനാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ബി) പോലീസ് സബ് ഇൻസ്പെക്ടർ ശ്രീ. സോണി മത്തായി കേസ് രജിസ്റ്റർ ചെയ്യുകയാണുണ്ടായത്. സി.ബി.സി.ഐ.ഡി., ഐ.എസ്.ഐ.റ്റി പോലീസ് സൂപ്രണ്ട്, ശ്രീ. എസ്. ശശിധരനാണ് ടി കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചത്.

(സി) അപ്രകാരമുള്ള റിപ്പോർട്ട് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

(ഡി) ബാധകമല്ല.

## ബേക്കൽ പോലീസ് ക്രൈം നമ്പർ 341/16

186 (3571) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ പോലീസ് Cr.No.341/16/, u/s 171. f r/w116 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഏത് വിഷയവുമായി ബന്ധപ്പെടുത്തി എടുത്തിട്ടുള്ളതാണ്;

(ബി) പ്രസ്തുത കേസ്സിൽ ആരെയൊക്കെയാണ് പ്രതിചേർത്തിട്ടുള്ളത്; അന്വേഷണത്തിൻെറ ഭാഗമായി ആരെയെങ്കിലും ഇതുവരെ ചോദ്യം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 2016 മേയ് മാസം 16-ന് നടന്ന കേരള നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള സ്ഥാനാർത്ഥികളുടെ പ്രചരണ സമയം യു.ഡി.എഫ്. സ്ഥാനാർത്ഥി പരസ്യമായി കള്ളവോട്ട് ചെയ്യാൻ ആഹ്വാനം നടത്തിയതായി ഒരു വീഡിയോ ക്ലിപ്പ് പ്രചരിക്കുകയും പ്രസ്തുത വീഡിയോ ക്ലിപ്പ് സഹിതം ബഹുമാനപ്പെട്ട ഉദുമ എം.എൽ.എ. മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർക്ക്

നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തതാണ് കാസർഗോഡ് ജില്ലയിലെ ബേക്കൽ പോലീസ് സ്റ്റേഷനിലെ 341/16 നമ്പരായ കേസ്.

(ബി) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സിന്റെ എഫ്.ഐ.ആർ.-ൽ ഉദുമ മണ്ഡലം യു.ഡി.എഫ്. സ്ഥാനാർത്ഥിയായിരുന്ന ശ്രീ. കെ. സുധാകരനെയാണ് പ്രതി കോളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ടി കേസ്സിൽ 1) അബ്ദുള്ള കുഞ്ഞി S/o. എം.എ. അഹമ്മദ് കുഞ്ഞി (കോൺഗ്രസ് ചെമ്മനാട് മണ്ഡലം സെക്രട്ടറി), 2) ഹക്കീം കുന്നിൽ S/o. അബ്ദുള്ള ഹാജി, 3) അൻവർ മാങ്ങാട് @അൻവർ സാദിഖ് S/o. കുഞ്ഞാമു എന്നിവരെ ചോദ്യം ചെയ്തിട്ടുണ്ട്. കേസ് ഇപ്പോൾ ബേക്കൽ പോലീസ് സബ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു.

**വിജിലൻസ് ത്വരിത പരിശോധനാ റിപ്പോർട്ട്**

187 (3572) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് കൺസ്യൂമർ സ്റ്റോർ റ്റി 920-ന്റെ മുൻ ഭരണ സമിതിക്കെതിരെ വിജിലൻസ് തിരുവനന്തപുരം യൂണിറ്റിന്റെ ത്വരിത പരിശോധനാ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ശിപാർശ നടപ്പിലാക്കുവാൻ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം സിറ്റി പോലീസ് കൺസ്യൂമർ സ്റ്റോർ റ്റി 920-ന്റെ മുൻ ഭരണസമിതിക്കെതിരെ ക്യൂ.വി. 14/2014/ടി.വി.എം/കോ.ഓ. നമ്പരായി ഒരു ത്വരിതാന്വേഷണം നടത്തി ഉചിതമായ നടപടിക്കായി റിപ്പോർട്ട് 15-7-2016-ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ഡയറക്ടർ സഹകരണ സംഘം രജിസ്ട്രാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി & സി) പ്രസ്തുത റിപ്പോർട്ടിന്റെ മേൽ നടപടി സ്വീകരിച്ച് അസ്സൽ റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന് സഹകരണ സംഘം രജിസ്ട്രാർ അയച്ചു കൊടുത്തിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നതാണ്.

**വൻകിട അഴിമതി സംബന്ധിച്ച പരാതികൾ**

188 (3573) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട അഴിമതി സംബന്ധിച്ച പരാതികൾ സ്വീകരിക്കില്ല എന്ന് വിജിലൻസ് ആസ്ഥാനത്ത് നോട്ടീസ് പതിച്ചിരുന്നോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് ഇത്തരമൊരു നോട്ടീസ് പതിച്ചത്;

(ബി) സംസ്ഥാനത്ത് വിജിലൻസ് രാജ് ആണോ എന്ന ഹൈക്കോടതിയുടെ പരാമർശം ഇത്തരം ഒരു നോട്ടീസ് പതിപ്പിക്കാൻ കാരണമായിട്ടുണ്ടോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം വിജിലൻസിന്റെ പ്രവർത്തനത്തെക്കുറിച്ച് ഏതൊക്കെ കാര്യങ്ങളിലാണ് ഹൈക്കോടതി വിമർശനം ഉണ്ടായതെന്ന് വെളിപ്പെടുത്തുമോ; എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കോടതി പരാമർശം ഉണ്ടായിട്ടുണ്ടോ;

(ഡി) ഹൈക്കോടതി വിമർശനത്തിന്റെ വെളിച്ചത്തിൽ വിജിലൻസിന്റെ പ്രവർത്തനം എപ്രകാരം പുനഃസംഘടിപ്പിക്കുവാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2016 ജൂൺ മാസം മുതൽ 2017 ഫെബ്രുവരി വരെ പതിനൊന്നായിരത്തിലധികം പരാതികൾ ലഭിക്കുകയും ലളിതകുമാരി കേസ്സിൽ സുപ്രീം കോടതി വിധി പ്രകാരം സാധാരണഗതിയിൽ 15 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കണമെന്നതിനാലുമാണ് പോലീസ് സ്റ്റേഷനല്ലാത്ത വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിക്കുന്നതിനുപകരം പോലീസ് സ്റ്റേഷനുകളായ വിജിലൻസ് യൂണിറ്റുകളിൽ പരാതികൾ നേരിട്ട് സ്വീകരിക്കുക എന്ന് വി.എ.സി.ബി. ഡയറക്ടർ തീരുമാനിക്കുകയുണ്ടായത്. ഈ സേവനമാറ്റം പരീക്ഷണാടിസ്ഥാനത്തിലാണ് നടപ്പിലാക്കാൻ ശ്രമിച്ചത്. വിജിലൻസ് രാജാണോ എന്ന ഹൈക്കോടതി പരാമർശവും അഴിമതി നിരോധന നിയമ പ്രകാരം വിജിലൻസ് ആസ്ഥാനത്ത് പരാതികൾ സ്വീകരിക്കുന്നതും തമ്മിൽ ബന്ധമില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശ്രീ. ശങ്കർ റെഡ്ഢി, ഐ.പി.എസ്.-ന് ക്രമവിരുദ്ധമായി ഡി.ജി.പി. റാങ്ക് നൽകിയെന്ന വിഷയത്തിലും കണ്ണൂർ സ്കൂൾ യുവജനോത്സവത്തിൽ വിധികർത്താക്കൾക്ക് എതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത വിഷയത്തിലും ബാർ കേസ്സിലും ശ്രീ. ഇ. പി. ജയരാജൻ

കേസ്സിലുമുള്ള പരാതികൾ പരിഗണിക്കവേ ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ ഉണ്ടായിട്ടുണ്ട്. മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ ഉൾപ്പെട്ട ബന്ധുനിയമനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത വിജിലൻസ് കേസ്സിന്റെ എഫ്.ഐ.ആർ. റദ്ദാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. കെ. സുധീർ ഹൈക്കോടതിയിൽ നൽകിയ പരാതി പരിഗണിക്കവേ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു മാർഗ്ഗരേഖ ഉണ്ടാവുന്നത് നല്ലതായിരിക്കുമെന്നു ബഹുമാനപ്പെട്ട ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

(ഡി) 6-9-2011-ലെ ജി.ഒ.(എം.എസ്.) നമ്പർ 25/11/വിജി. പ്രകാരവും 4-11-2011-ലെ ജി.ഒ.(എം.എസ്.) നമ്പർ 31/11/വിജി. പ്രകാരവും മുൻ ചീഫ് സെക്രട്ടറി ശ്രീ. മോഹൻ കുമാർ ചെയർമാനായ നാലംഗ കമ്മിറ്റി 2012 ജൂലൈയിൽ നൽകിയ ശിപാർശകളുടെ അടിസ്ഥാനത്തിലും WP(C) No. 2530/2014-ൽ 18-6-2015-ലെ ഹൈക്കോടതി വിധിയുടെയും WA No. 1447 & 1454-ൽ 8-7-15-ലെ കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ സ്റ്റേ തീരുന്ന മുറയ്ക്കും 25-3-13-ലെ ജി.ഒ.(പി) 11/13/വിജി. പ്രകാരവും ഒരു പരീക്ഷണം എന്ന നിലയിൽ ഓരോ വകുപ്പിലെയും ഇന്റേണൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തിയും പുതുതായി ചേരുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ആന്റി കറപ്ഷൻ ഇൻഡക്ഷൻ പരിശീലനം (Induction training) നിർബന്ധമാക്കിയും Eduvigil, Vignet, Concurrent Vigilance തുടങ്ങിയ അഴിമതി നിരോധന പ്രോഗ്രാമുകൾ ശക്തിപ്പെടുത്തിയും എസ്.ഐ.യു-3, എസ്.ഐ.യു.-4 കണ്ണൂർ, തൃശ്ശൂർ വിജിലൻസ് റെയ്ഞ്ച് യൂണിറ്റുകൾ, തൃശ്ശൂർ വിജിലൻസ്, ഇന്റലിജൻസ് യൂണിറ്റ്, വിജിലൻസ് സൈബർ യൂണിറ്റ് എന്നീ ആറ് പുതിയ യൂണിറ്റുകൾ കൂടി രൂപീകരിച്ചും വിജിലൻസിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കുവാനും കൂടുതൽ കാര്യക്ഷമമാക്കാനും സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

**വിസിൽ ബ്ലോവർ നിയമം**

189 (3574) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ വിസിൽ ബ്ലോവർ നിയമം നടപ്പാക്കുന്നതിന് സംസ്ഥാനം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) അഴിമതിയും കെടുകാര്യസ്ഥതയും തടയുന്നതിനായി സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ബോർഡ്/കോർപ്പറേഷൻ എന്നിവയിലെ ജീവനക്കാരിൽ നിന്ന് വിസിൽ ബ്ലോവേഴ്സിനെ കണ്ടെത്തി ശൃംഖല വികസിപ്പിച്ചെടുക്കാൻ വിജിലൻസ് യൂണിറ്റുകൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) അഴിമതിക്കെതിരെ പൊതുജനങ്ങൾക്ക് പരാതി നൽകാനുള്ള ഓൺലൈൻ സംവിധാനത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിസിൽ ബ്ലോവർ നിയമം നടപ്പാക്കുന്നതിന് 6-9-2011-ലെ ജി.ഒ. (എം.എസ്.) 25/11/വിജി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) 25-1-2017-ലെ സ.ഉ.(സാധാ) നമ്പർ 16/17/വിജി. പ്രകാരം ഒരു കോടിയിൽ കൂടുതലുള്ള അഴിമതി പുറത്തു കൊണ്ടുവരുന്ന വിസിൽ ബ്ലോവേഴ്സിന് വിസിൽ ബ്ലോവർ അവാർഡ് നൽകുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വി.എ.സി.ബി.-യുടെ സംസ്ഥാനത്തെ എല്ലാ യൂണിറ്റുകളിലും വിസിൽ ബ്ലോവേഴ്സിനെ തെരഞ്ഞെടുത്ത് അവരുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുന്നുണ്ട്. വിവിധ സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ ഏജൻസികൾ എന്നിവിടങ്ങളിൽ ജോലി നോക്കുന്നവർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, മറ്റ് ഓർഗനൈസേഷനുകൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർക്കും വിസിൽ ബ്ലോവർ ആകാവുന്നതാണ്. വിസിൽ ബ്ലോവർ അവാർഡിനുവേണ്ടിയുള്ള നോമിനേഷൻ jt.vacb@kerala.gov.in എന്ന ഇ-മെയിലിൽ നേരിട്ട് നൽകാവുന്നതാണ്. വിവിധ വകുപ്പുകളിൽ നിന്നും ഓർഗനൈസേഷനുകളിൽ നിന്നും വിസിൽ ബ്ലോവേഴ്സ് ധൈര്യപൂർവ്വം മുന്നോട്ട് വരുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഉദ്യോഗസ്ഥർ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ നടത്തിയിരുന്നു.

(സി) അഴിമതിക്കെതിരെ പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിന് വി.എ.സി.ബി. ഡയറക്ടറേറ്റിൽ 18-12-12-ൽ 8592900900 എന്ന ടോൾ ഫ്രീ നമ്പർ പ്രവർത്തനം ആരംഭിക്കുകയും എല്ലാ പ്രവൃത്തി ദിവസവും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ പൊതുജനങ്ങളിൽനിന്നും പരാതികൾ സ്വീകരിക്കുകയും ചെയ്യുന്നു. 15-2-16 മുതൽ വിജിലൻസ് ഡയറക്ടറേറ്റിൽ

പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് www.publicvigil.in എന്ന പെറ്റീഷൻ സോഫ്റ്റ്‌വെയർ പ്രവർത്തനമാരംഭിക്കുകയും വിജിലൻസ് ഡയറക്ടറേറ്റിൽ വരുന്ന പരാതികൾ ടി സോഫ്റ്റ്‌വെയറിലൂടെ രജിസ്റ്റർ ചെയ്ത് അതാത് വിജിലൻസ് യൂണിറ്റിലേയ്ക്ക് അന്വേഷണത്തിന് അയയ്ക്കുകയും പരാതിക്കാരൻ നൽകിയിരിക്കുന്ന ഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്സ് എന്നിവയിലൂടെ പരാതിക്കാരന് പെറ്റീഷൻ നമ്പരും അന്വേഷണ വിവരങ്ങളും മെസ്സേജായി നൽകുകയും ചെയ്യുന്നു. ഈ സംവിധാനത്തിലൂടെ ഏത് സ്ഥലത്തിരുന്നും ഏത് സമയത്തും ഈ സൈറ്റിലൂടെ പൊതുജനങ്ങൾക്ക് പരാതി ഓൺലൈനായി രജിസ്റ്റർ ചെയ്യുവാൻ സാധിക്കും. പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമായ രീതിയിൽ ഈ സംവിധാനത്തിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു.

**വിജിലൻസ് കോടതികൾ**

190 (*T 3575) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിജിലൻസ് കോടതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോടതികളിൽ ഏതെങ്കിലും നിലവിലെ സ്ഥലത്തുനിന്നും മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിജിലൻസ് കോടതികൾ ഉണ്ടെങ്കിൽ അവയുടെ വിവരം അറിയിക്കാമോ; എല്ലാ കോടതികളും സർക്കാർ കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, കോട്ടയം, മൂവാറ്റുപുഴ, തലശ്ശേരി എന്നിവിടങ്ങളിൽ വിജിലൻസ് കോടതികൾ പ്രവർത്തിക്കുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കോഴിക്കോട്, കോട്ടയം, തലശ്ശേരി എന്നിവിടങ്ങളിലെ കോടതികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടം ലഭ്യമല്ലാത്തതിനാലാണ് ടി കോടതികൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നത്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**കോടതി നടപടികൾ റിപ്പോർട്ട് ചെയ്യൽ**

191 (3576) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോടതികളിലെ വിധി തീർപ്പുകളും നടപടി ക്രമങ്ങളും പൊതുജനത്തെ അറിയിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ മാധ്യമങ്ങൾക്ക് പുറമേ സ്വകാര്യ മാധ്യമങ്ങളെയും നിലവിൽ കോടതി നടപടികൾ റിപ്പോർട്ട് ചെയ്യാൻ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുജനങ്ങൾക്ക് കോടതി ഉത്തരവുകളും വിധിന്യായങ്ങളും ലഭ്യമാക്കുന്നതിനുള്ള സമ്പ്രദായം ഇപ്പോൾ നിലവിലുണ്ട്. ഹൈക്കോടതിയിലെ പബ്ലിക് റിലേഷൻസ് ഓഫീസർ മുഖാന്തരം ഉത്തരവുകൾ ലഭ്യമാക്കുകയും അത് ഇ-മെയിൽ വഴി മാധ്യമങ്ങൾക്ക് അയയ്ക്കുകയും ചെയ്യുന്നുണ്ട്. വിധിന്യായങ്ങൾ ഓൺലൈൻ വഴി റിപ്പോർട്ട് ചെയ്യുന്നതിനായി ബന്ധപ്പെട്ടവർക്ക് നൽകുന്നുണ്ട്. കൂടാതെ ഉത്തരവുകൾ ഹൈക്കോടതിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. കേസ്സിന്റെ സ്ഥിതിവിവരവും ഈ സൈറ്റിൽ ലഭ്യമാണ്. മറ്റു വിവരങ്ങൾ അധികമായി ആവശ്യമെങ്കിൽ വിവരാവകാശ നിയമപ്രകാരം വ്യക്തികൾക്ക് ആവശ്യപ്പെടാവുന്നതാണ്. ഇതുകൂടാതെ ദിവസം/ആഴ്ചതോറുമുള്ള കേസ് ലിസ്റ്റ്, കേസ്സുകളുടെ സ്ഥിതിവിവരം, ഉത്തരവുകൾ എന്നിവ highcourtofkerala.nic.in എന്ന ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇ-കോർട്ട് മിഷൻ മോഡ് പ്രോജക്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് litigant-ന് താഴെപ്പറയുന്ന ഇ-സേവനം സബോർഡിനേറ്റ് കോടതികളിൽ ലഭ്യമാകുന്നുണ്ട്.

SMS Faciltiy:- കേസ് ഫയലിംഗ്, രജിസ്ട്രേഷൻ, ലിസ്റ്റിംഗ്, തീർപ്പാക്കൽ എന്നിവ സംബന്ധിച്ച വിവരം എസ്.എം.എസ്. വഴി ലഭ്യമാക്കുന്ന സമ്പ്രദായം ലൈൻ സൗകര്യം ലഭ്യമായിട്ടുള്ള കോടതികളിൽ ഇപ്പോൾ നിലവിലുണ്ട്.

District Court Website:- സംസ്ഥാനത്തെ എല്ലാ ജില്ലകളിലും District Court Website ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. ഭൂരിഭാഗം കോടതികളും ദിവസേന നാഷണൽ ജുഡീഷ്യൽ ഗ്രിഡിൽ വിവരം അപ്‌ലോഡ് ചെയ്യുന്നുണ്ട്. പോസ്റ്റൽ ഇ-കോർട്ട് സേവനം വഴി താഴെപ്പറയുന്ന സേവനം litigant-ന് നൽകുന്നുണ്ട്.

1) കേസ് സ്ഥിതി

2) കോടതി ഉത്തരവുകൾ

3) കേസ് ലിസ്റ്റ്

Court Location Mobile Application:- ഇപ്പോൾ ഇ-കമ്മിറ്റി നടപ്പിലാക്കിയ ആൻഡ്രോയ്ഡ് മൊബൈൽ ആപ്ലിക്കേഷൻ വഴി അടുത്തുള്ള കോടതികളിൽ നിന്നും വിവരം ലഭ്യമാക്കാവുന്നതാണ്. ഹൈക്കോടതി വെബ്സൈറ്റിൽ നിന്നും ഇത് ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇ-കോടതി പ്രോജക്ടിന്റെ ഭാഗമായി എൻ.ഐ.സി. രൂപീകരിച്ച കേസ് ഇൻഫർമേഷൻ സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ ജില്ലാ, താലൂക്ക് കോടതികളിൽ ഇപ്പോൾ നടപ്പാക്കിയിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാനത്തെ 436 കോടതികളിൽ ഈ സോഫ്റ്റ്‌വെയർ നടപ്പാക്കിയിട്ടുണ്ട്.

(ബി) വിവരങ്ങൾ ശേഖരിക്കുന്നതിനും അവ റിപ്പോർട്ട് ചെയ്യുന്നതിനും കോടതി പരിസരത്ത് കയറുന്നതിൽ നിന്നും മാധ്യമപ്രവർത്തകർക്ക് നിലവിൽ വിലക്കുകളൊന്നും തന്നെയില്ല.

## വിവാഹ മോചന കേസ്സുകൾ

192 (3577) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവാഹമോചന കേസ്സുകൾ കൂടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സംസ്ഥാനത്ത് എത്ര വിവാഹമോചന കേസ്സുകൾ കുടുംബകോടതിയിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) വിവാഹമോചന കേസ്സുകൾ കൂടുന്നതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 19693 വിവാഹമോചന കേസ്സുകൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്. സുപ്രീംകോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കുടുംബ കോടതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി 3 അംഗ ജഡ്ജിമാർ ഉൾപ്പെട്ട ഒരു കമ്മിറ്റിയെ ഹൈക്കോടതി 13-6-2016-ൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ജുഡീഷ്യൽ അക്കാദമിയുടെ ചെയർമാനാണ് ഇതിലെ ഒരംഗം. കുടുംബകോടതിയുമായി ബന്ധപ്പെട്ട കേസ്സുകൾ ഫയൽ ചെയ്യുന്നത്, തീർപ്പാക്കുന്നത്, ഇതിലുണ്ടാകുന്ന കാലതാമസം എല്ലാംതന്നെ ഈ കമ്മിറ്റി നിരീക്ഷിക്കുന്നുണ്ട്. കൂടാതെ ഇക്കാര്യങ്ങൾ തുടർച്ചയായി പരിശോധിക്കുന്നുമുണ്ട്.

**തടവുകാരുടെ ശിക്ഷായിളവ്**

193 (3578) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1850 തടവുകാരുടെ ശിക്ഷ ഇളവു ചെയ്യുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഫയൽ സർക്കാർ ഗവർണർക്ക് നൽകിയിട്ടുണ്ടോ; ഇതിൽ ഗവർണർ എന്ത് തീരുമാനം എടുത്താണ് തിരികെ നൽകിയിട്ടുള്ളത്;

(ബി) ഈ തടവുകാർ ഓരോരുത്തരും ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ എന്തെല്ലാമാണെന്നും എത്ര വർഷത്തേയ്ക്കുള്ള ശിക്ഷയാണ് ഇവർക്ക് നൽകിയിട്ടുള്ളതെന്നും ഇവർ അനുഭവിച്ച ശിക്ഷയുടെ കാലാവധി എത്രയാണെന്നുമുള്ള വിവരങ്ങൾ വിശദമാക്കുമോ;

(സി) ഈ തടവുകാരിൽ കൊലപാതകവും പീഡനവും കേസ്സുകളിൽ ഉൾപ്പെട്ടവർ ഉണ്ടെന്ന റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് മാനദണ്ഡം അനുസരിച്ചാണ് അവർ ഈ പട്ടികയിൽ കടന്നു കൂടിയത് എന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാന രൂപീകരണത്തിന്റെ വാർഷികത്തോടനുബന്ധിച്ച് 2011-ലും 2012-ലും 2809 പേർക്ക് ശിക്ഷായിളവ് അനുവദിച്ചതുപോലെ അറുപതാം വാർഷികത്തിന്റെ ഭാഗമായി നിശ്ചിത മാനദണ്ഡപ്രകാരം അർഹരായ 1850 തടവുകാർക്ക് പ്രത്യേക ശിക്ഷായിളവ് നൽകുന്നതിന് ബഹുമാനപ്പെട്ട ഗവർണറോട് ശിപാർശ ചെയ്യാൻ 28-12-2016-ൽ കൂടിയ മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നു. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ഗവർണറുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ പരിശോധന നടത്തി അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്കവിഭാഗക്ഷേമ-നിയമ-സാംസ്കാരികകാര്യ-പാർലമെന്ററികാര്യ

വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ കൺവീനറായും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ, തുറമുഖ-മ്യൂസിയം-ആർക്കിയോളജി-ആർക്കൈവ്സ് വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യൂ ടി. തോമസ് എന്നിവർ അംഗങ്ങളായുമുള്ള മന്ത്രിസഭാ ഉപസമിതിയെ 8-3-2017-ൽ കൂടിയ യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഈ വിഷയം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

## മൂവാറ്റുപുഴ കോടതി സമുച്ചയ നിർമ്മാണം

194 (*T 3579) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ കോടതി സമുച്ചയത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾ എന്ന് പൂർത്തിയാകുമെന്നും ആയതിൽ ഏതൊക്കെ കോടതികൾ ഉണ്ടാകുമെന്നും എന്തൊക്കെ സൗകര്യങ്ങൾ ലഭ്യമാകുമെന്നും അറിയിക്കാമോ?

### ഉത്തരം

(എ & ബി) മൂവാറ്റുപുഴ കോടതി സമുച്ചയത്തിന്റെ ഇനി അവശേഷിക്കുന്ന 4, 5, 6 നിലകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള ഭരണാനുമതിക്കുള്ള പ്രൊപ്പോസലും ഇലക്ട്രോണിക് വർക്കിനുള്ള പ്രൊപ്പോസലും ലഭ്യമായിട്ടില്ല. കോടതി സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാകുമ്പോൾ MACT കോടതി, JFCM കോടതി, സബ് കോടതി, മുൻസിഫ് കോടതി, കുടുംബകോടതി എന്നിവ പ്രസ്തുത കെട്ടിടത്തിൽ ആവശ്യമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്നതാണ്.

## മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ

195 (3580) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ സ്ഥാനം എന്ന് മുതലാണ് ഒഴിഞ്ഞുകിടക്കുന്നത്;

(ബി) മനുഷ്യാവകാശ കമ്മീഷൻ ചെയർമാനെ നിയമിക്കുന്നതിൽ നിലവിലെന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(സി) കമ്മീഷൻ അദ്ധ്യക്ഷസ്ഥാനം ഒഴിവ് വന്നാൽ മൂന്ന് മാസത്തിനുള്ളിൽ പുതിയ അദ്ധ്യക്ഷനെ നിയമിക്കണമെന്ന് സുപ്രീംകോടതി നിർദ്ദേശം ഉണ്ടോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

എങ്കിൽ ഈ നിർദ്ദേശം അനുസരിച്ച് ചെയർമാനെ നിയമിക്കുന്നതിൽ വന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായിരുന്ന ബഹുമാനപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശിയുടെ കാലാവധി 4-9-2016-ൽ അവസാനിച്ചതിനാൽ ചെയർമാൻ സ്ഥാനം ഒഴിവുവന്നതിനെത്തുടർന്ന് 1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്ടിലെ 25-ാം വകുപ്പ് പ്രകാരമുള്ള അധികാരം ഉപയോഗിച്ച് ബഹുമാനപ്പെട്ട കേരളാ ഗവർണർ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ മെമ്പറായ (ജുഡീഷ്യൽ) ശ്രീ. പി. മോഹനദാസിനെ 5-9-2016 മുതൽ കമ്മീഷനിൽ പുതിയ ചെയർമാനെ നിയമിക്കുന്നതുവരെ ചെയർമാനായി പ്രവർത്തിക്കുന്നതിന് 9-9-2016-ലെ ജി.എസ്. 5-3872/2016 നമ്പർ വിജ്ഞാപന പ്രകാരം അധികാരപ്പെടുത്തിയിരിക്കുകയാണ്.

(ബി) 1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്ടിലെ 21-ാം വകുപ്പ് പ്രകാരം സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായി നിയമിക്കപ്പെടുന്ന വ്യക്തി ഒരു ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസായിരുന്ന ഒരു ജഡ്ജ് ആയിരിക്കേണ്ടതും 24-ാം വകുപ്പ് പ്രകാരം 70 വയസ്സിൽ താഴെ പ്രായമുള്ളയാളായിരിക്കേണ്ടതുമാണ്. അപ്രകാരമുള്ള നിബന്ധനകൾ പാലിച്ച് മാത്രമേ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനെ നിയമിക്കുവാൻ കഴിയുകയുള്ളൂ.

(സി) 1986-ലെ റിട്ട് പെറ്റീഷൻ (ക്രിമിനൽ) നമ്പർ 539-ലെ 24-7-2015-ലെ വിധിന്യായത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളിലെ അദ്ധ്യക്ഷന്റെയും അംഗങ്ങളുടെയും ഒഴിവുകൾ, എത്രയും പെട്ടെന്ന് തന്നെ, ഒഴിവ് വന്ന തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ നികത്തണമെന്ന് സുപ്രീംകോടതി നിർദ്ദേശമുണ്ട്.

1993-ലെ മനുഷ്യാവകാശ സംരക്ഷണ ആക്ടിലെ 21-ാം വകുപ്പപ്രകാരം സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനായി നിയമിക്കപ്പെടുന്ന വ്യക്തി ഒരു ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസായിരുന്ന ഒരു ജഡ്ജ് ആയിരിക്കേണ്ടതും 24-ാം വകുപ്പ് പ്രകാരം 70 വയസ്സിൽ താഴെ പ്രായമുള്ളയാളായിരിക്കേണ്ടതുമാണ്. അപ്രകാരമുള്ള നിബന്ധനകൾ പാലിച്ച് മാത്രമേ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനെ നിയമിക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത നിബന്ധനകൾ പ്രകാരം അനുയോജ്യനായ ഒരു വ്യക്തിയെ കണ്ടെത്തി കമ്മീഷൻ ചെയർമാനായി നിയമിക്കുവാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## കോടതികളിൽ ഹാജരാകുന്ന പോലീസ് ഉദ്യോഗസ്ഥർ

196 (3581) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും കോടതികളിൽ ഹാജരാകുന്ന പോലീസ് ഉദ്യോഗസ്ഥർ യൂണിഫോം ധരിക്കരുത് എന്ന് ബാലാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നോ;

(ബി) എങ്കിൽ ഏതൊക്കെ കോടതികളിൽ; അത്തരത്തിൽ നിർദ്ദേശം ലഭിക്കാനിടയായ സാഹചര്യം എന്താണ്; എന്നാണ് ഈ നിർദ്ദേശം ലഭിച്ചത്;

(സി) ഇത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) 2012-ലെ കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ആക്ട് (പോക്സോ ആക്ട്) പ്രകാരമുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്ന പ്രത്യേക കോടതികളിൽ 31-3-2016-ന് കാസർഗോഡ് ജില്ലയിൽ പോലീസുദ്യോഗസ്ഥർക്കായി പോക്സോ നിയമം സംബന്ധിച്ച് അവബോധം നൽകുന്നതിനായി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് സംഘടിപ്പിച്ച ക്ലാസ്സിൽ ബാലാവകാശ സംരക്ഷണ കമ്മീഷന്റെ മുൻ അംഗം ശ്രീ. കെ. നസീർ ക്ലാസ്സെടുക്കവേ, പോക്സോ കേസ്സുകളിൽ പോലീസുദ്യോഗസ്ഥർ യൂണിഫോം ധരിക്കാതെ കുട്ടികളെ സമീപിക്കണമെന്നതുൾപ്പെടെയുള്ള ശിശു സൗഹൃദ നടപടിക്രമങ്ങൾ നിഷ്കർഷിക്കുന്ന പോക്സോ നിയമത്തിന്റെ അന്തഃസത്തയ്ക്കെതിരായി, പ്രത്യേക കോടതികളിൽ ഹാജരാകുന്ന പോലീസുദ്യോഗസ്ഥരോട് യൂണിഫോം ധരിക്കാൻ നിർബന്ധിക്കുന്ന സാഹചര്യം പോലീസുദ്യോഗസ്ഥർ ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ വിഷയം സ്വമേധയാ നടപടിയായി പരിഗണിച്ചാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്. 15-11-2016-നാണ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

(സി) ഇത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

## ആറ്റിങ്ങലിൽ അഡീഷണൽ ജില്ലാ കോടതി

197 (T*3582) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങലിൽ ഫയലിംഗ് സൗകര്യമുള്ള അഡീഷണൽ ജില്ലാ കോടതി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് നൽകിയ നിവേദനങ്ങളിന്മേൽ എന്തെല്ലാം നടപടി കൈക്കൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആറ്റിങ്ങൽ കോടതിയിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ആറ്റിങ്ങൽ കോടതിയിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആറ്റിങ്ങലിൽ ഫയലിംഗ് സൗകര്യമുള്ള അഡീഷണൽ ജില്ലാ കോടതി ആരംഭിക്കണമെന്ന ആറ്റിങ്ങൽ ബാർ അസോസിയേഷന്റെ ആവശ്യം ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി & സി) 18-6-2016-ൽ ഉദ്ഘാടനം ചെയ്ത ആറ്റിങ്ങൽ കോർട്ട് കോംപ്ലക്സിൽ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പുതുതായി ഒരു നിർമ്മാണ പ്രവർത്തനവും ഇപ്പോൾ പരിഗണനയിലില്ല.

## മട്ടാഞ്ചേരിയിലെ കോടതി കെട്ടിടം

198 (T*3583) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടാഞ്ചേരിയിലെ കോടതി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി അനുവദിച്ചിട്ടുള്ള തുക എത്ര എന്നും നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ വകുപ്പ് ഏതെന്നും വ്യക്തമാക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന വസ്തുവിന്റെ ഉടമസ്ഥരും ഇപ്പോഴത്തെ കൈവശക്കാരും ആരെന്ന് വ്യക്തമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) കോടതി കെട്ടിടത്തിന്റെ നിർമ്മാണ ചുമതലയുള്ള പൊതുമരാമത്ത് വകുപ്പ്, Ancient Monuments and Archaeological Sites and Remains Act, 2010 and Rules, 2011-ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കോടതി കെട്ടിടത്തിന്റെ ഒരു ഭാഗം പൊളിച്ചു മാറ്റിയതിനാൽ Archaeological Survey of India, നിർമ്മാണ പ്രവർത്തനങ്ങൾക്ക് Stop Memo നൽകിയിരിക്കുകയാണ്.

(ബി) ജി.ഒ.(ആർ.ടി.) നമ്പർ 2356/15/ആഭ്യന്തരം തീയതി 18-9-2015 പ്രകാരം 570 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) കോടതി കെട്ടിടത്തിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണ്. പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) വസ്തുവിന്റെ ഉടമസ്ഥാവകാശം, കൈവശാവകാശം എന്നിവ ജുഡീഷ്യറി വകുപ്പിനാണ്.

**നെയ്യാറ്റിൻകര കുടുംബ കോടതി**

199 (*T 3584) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകരയിൽ അനുവദിച്ചിട്ടുള്ള കുടുംബകോടതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ പുരോഗതി അറിയിക്കുമോ ?

<u>ഉത്തരം</u>

നെയ്യാറ്റിൻകരയിൽ കുടുംബകോടതി ആരംഭിക്കണമെന്ന ഹൈക്കോടതി നിർദ്ദേശം ധനകാര്യ വകുപ്പുമായി കൂടിയാലോചിക്കുകയും കുടുംബകോടതിക്ക് ആവശ്യമായ സ്ഥലം, കെട്ടിടം തുടങ്ങിയവയുടെ വിവരങ്ങൾ അറിയിക്കണമെന്നും ബന്ധപ്പെട്ട വകുപ്പിനോട് നിർദ്ദേശിച്ചു. നെയ്യാറ്റിൻകര പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഒഴിഞ്ഞുകിടക്കുന്ന പഴയ ഓഫീസ് കെട്ടിടം കുടുംബ കോടതിക്ക് അനുയോജ്യമായ സ്ഥലമാണെന്നും ഈ കെട്ടിടം ജുഡീഷ്യൽ വകുപ്പിന് കൈമാറണമെന്നും ഹൈക്കോടതി രജിസ്ട്രാർ അറിയിച്ചിരുന്നു. എന്നാൽ ഈ കെട്ടിടത്തിൽ തിരുവനന്തപുരം റൂറൽ എ. ആർ. ഡിറ്റാച്ച്മെന്റ് ക്യാമ്പ് പ്രവർത്തനം ആരംഭിച്ചതിനാൽ കെട്ടിടം കുടുംബകോടതി ആരംഭിക്കുന്നതിന് നൽകാൻ കഴിയില്ലെന്ന് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് നൽകി. ഈ സാഹചര്യത്തിൽ കുടുംബകോടതിക്ക് അനുയോജ്യമായ മറ്റൊരു കെട്ടിടം നിർദ്ദേശിക്കുവാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഫയർ ആന്റ് റെസ്ക്യൂ വകുപ്പിലെ തസ്തിക രൂപീകരണം

200 (3585) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ മതിയായ ജീവനക്കാരില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കാലഘട്ടത്തിന്റെ ആവശ്യകതയ്ക്ക് അനുസരിച്ച് പ്രസ്തുത വകുപ്പ് നവീകരിച്ച് കൂടുതൽ മോഡേൺ എക്യുപ്മെന്റ്സ് നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വകുപ്പിൽ പുതിയ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അഗ്നിശമന രക്ഷാസേവന വകുപ്പിന്റെ നവീകരണത്തിനായി വാർഷിക പദ്ധതി വിഹിതമായി അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ച് ആധുനിക ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## റാന്നി ഫയർ ആന്റ് റെസ്ക്യൂ നിലയം

201 (3586) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഫയർ ആന്റ് റെസ്ക്യൂ നിലയം എന്നാണ് പ്രവർത്തനം ആരംഭിച്ചത്; ആകെ എത്ര ജിവനക്കാരാണ് ഇവിടെയുള്ളത്;

(ബി) ഫയർ ടെണ്ടറുകൾ ഉൾപ്പെടെ എത്ര വാഹനങ്ങളാണ് ഇവിടെയുള്ളത്; അവ ഏതൊക്കെ; ഇവയിൽ പ്രവർത്തനക്ഷമമല്ലാത്തവയുണ്ടോ; എങ്കിൽ ഏതൊക്കെ വാഹനങ്ങൾ എന്ന് വ്യക്തമാക്കാമോ;

(സി) നദിയോട് ചേർന്ന സ്ഥലമാകയാൽ വെള്ളത്തിലുണ്ടാകുന്ന അപകടങ്ങളിൽ അടിയന്തരമായി ഇടപെടാൻ കഴിയുന്നതിനായി ആവശ്യത്തിന് വാട്ടർ ഡിങ്കികളോ സ്കൂബാ സെറ്റുകളോ ഇവിടെയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കഴിഞ്ഞമാസം സ്റ്റേഷനിൽ നിന്നും എത്ര കേസ്സുകൾ അറ്റന്റ് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) കാലപ്പഴക്കംമൂലം ഓഫ് റോഡിലായ ആംബുലൻസിനുപകരം ഒരു പുതിയ ആംബുലൻസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഹൈ റൈസ് ബിൽഡിംഗുകളിൽ തീപിടുത്തവും മറ്റും ഉണ്ടാകുമ്പോൾ ഉപയോഗിക്കുന്ന തരം ലാഡർ റാന്നി നിലയത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റാന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചത് 15-8-2000-ലാണ്. റാന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനിലെ ആകെയുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| തസ്തിക | തസ്തികകളുടെ എണ്ണം | നിലവിലുള്ള എണ്ണം |
|---|---|---|
| സ്റ്റേഷൻ ഓഫീസർ | 1 | 1 |
| അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 1 | 1 |
| ഡ്രൈവർ മെക്കാനിക് | 1 | 1 |
| ലീഡിംഗ് ഫയർമാൻ | 4 | 4 |
| ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ | 7 | 5 |
| ഫയർമാൻ | 23 | 17 |
| പാർട്ട്ടൈം സ്വീപ്പർ | 1 | 1 |
| ആകെ | 38 | 30 |

(ബി) റാന്നി നിലയത്തിലുള്ള നാല് വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാഹനം | രജിസ്ട്രേഷൻ നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | വാട്ടർ ടെണ്ടർ | KL.01.AX.9257 | പ്രവർത്തനക്ഷമം |
| 2 | വാട്ടർ ടെണ്ടർ | KL.01.BW.2647 | പ്രവർത്തന രഹിതം |
| 3 | ആംബുലൻസ് | KL.01.Z.6310 | പ്രവർത്തന രഹിതം |
| 4 | ജീപ്പ് | KL.01.AA.7798 | പ്രവർത്തന രഹിതം |

(സി) സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി വിഹിതം ഉപയോഗിച്ച് റബ്ബർ ഡിങ്കികളും സ്കൂബ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ടും വാങ്ങുന്നതിനുള്ള

നടപടികൾ അന്തിമഘട്ടത്തിലാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് റാന്നി ഫയർ സ്റ്റേഷന് ലഭ്യമാക്കുന്നതാണ്.

(ഡി) 70 ഫയർ കോളുകളും 4 ഇൻസിഡന്റ് കോളുകളും ചേർത്ത് ആകെ 74 കോളുകൾ അറ്റന്റ് ചെയ്തിട്ടുണ്ട്.

(ഇ) വകുപ്പിലെ ആവശ്യകത അനുസരിച്ച് മതിയായ എണ്ണം വാഹനങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പുതിയ വാഹനം അനുവദിക്കുന്നതാണ്.

(എഫ്) നടപടികൾ സ്വീകരിക്കുന്നതാണ്.

## ഏലൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ

202 (3587) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റെസ്ക്യൂവിന്റെ ഏലൂർ സ്റ്റേഷൻ പൂർണ്ണതോതിൽ എന്ന് പ്രവർത്തിച്ച് തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള സ്റ്റേഷനിൽ ആവശ്യമായ ഉപകരണങ്ങൾ ഉണ്ടോ;

(സി) വ്യവസായ മേഖലയായതിനാൽ അപകട സാധ്യത കണക്കിലെടുത്ത് ഒരുക്കിയിട്ടുള്ള പ്രത്യേക സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) സമീപകാലത്ത് എച്ച്.ഐ.എൽ. വിദേശത്ത് നിന്നും കൊണ്ടുവന്ന ടാങ്കർ പൊട്ടിത്തെറിച്ചതിന്റെ പശ്ചാത്തലത്തിൽ സുരക്ഷാ സജ്ജീകരണങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ കാര്യത്തിൽ ആവശ്യമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത തീരുമാനങ്ങൾ എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഏലൂർ ഫയർ സ്റ്റേഷന്റെ കെട്ടിട നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. വാട്ടർ കണക്ഷനും ഇലക്ട്രിസിറ്റി കണക്ഷനും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് സ്റ്റേഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) ഏലൂർ ഫയർ സ്റ്റേഷനിൽ നിലവിൽ താഴെപ്പറയുന്ന ഉപകരണങ്ങൾ ഉണ്ട്.

| ഉപകരണങ്ങൾ | എണ്ണം |
|---|---|
| ഫ്ലോട്ട് പമ്പ് | 1 |
| പോർട്ടബിൾ പമ്പ് | 1 |
| ബി.എ. സെറ്റ് | 1 |
| ഹൈഡ്രോളിക് പവർ കട്ടർ | 1 |

കൂടുതൽ ഉപകരണങ്ങൾ പർച്ചേസ് ചെയ്ത് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകത കണക്കിലെടുത്ത് അനുവദിക്കാവുന്നതാണ്.

(സി) വ്യവസായ മേഖലയിലെ അപകട സാദ്ധ്യതകൾ കണക്കിലെടുത്ത് മൾട്ടിഗ്യാസ് ഡിറ്റക്ടർ അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) എച്ച്.ഐ.എൽ. കമ്പനി അധികൃതർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിലേക്കായി കൂടുതൽ ഫയർസേഫ്റ്റി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും കമ്പനിയുടെ ആവശ്യത്തിലേക്കായി ഒരു മൊബൈൽ ടാങ്ക് യൂണിറ്റ് വാങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ബഹുനില മന്ദിരങ്ങളുടെ ഫയർ ആന്റ് റെസ്ക്യൂ നിബന്ധനകൾ**

203 (3588) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവൽക്കരണത്തിന്റെ ഭാഗമായി ഉയർന്നു വരുന്ന ബഹുനില മന്ദിരങ്ങളുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് ഫയർ ആന്റ് റെസ്ക്യൂ എന്തെല്ലാം നിബന്ധനകളാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(ബി) ബഹുനില മന്ദിരങ്ങളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് ഫയർ ആന്റ് റെസ്ക്യൂ നിർദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാം; അവയ്ക്ക് ലൈസൻസ് നൽകുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) എറണാകുളം നഗരത്തിൽ എം.ജി. റോഡിലെ സെൻട്രൽ സ്ക്വയർ മാളിന് ഫയർ ആന്റ് റെസ്ക്യൂ ലൈസൻസ് നൽകിയിട്ടുണ്ടോ;

(ഡി) ഇവിടെ പ്രവർത്തിക്കുന്ന മൾട്ടിപ്ലക്സ് തിയേറ്ററുകൾക്ക് ഫയർ ആന്റ് റെസ്ക്യൂ ലൈസൻസ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ, നാഷണൽ ബിൽഡിംഗ് കോഡ് എന്നിവയിൽ അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട നിബന്ധനകളാണ് വകുപ്പ് നിർദ്ദേശിക്കുന്നത്.

(ബി) ബഹുനില മന്ദിരങ്ങളിൽ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ, നാഷണൽ ബിൽഡിംഗ് കോഡ് എന്നിവയിലെ അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിരിക്കണം. ഫയർ &

റെസ്ക്യൂ വകുപ്പിൽനിന്നും ലൈസൻസ് നൽകുന്നില്ല. പകരം ഫയർ സേഫ്റ്റിയുമായി ബന്ധപ്പെട്ടുള്ള ഫയർ സേഫ്റ്റി ക്ലിയറൻസ് ഫോർ സൈറ്റ്, സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ എന്നിവയാണ് നൽകിവരുന്നത്. ലൈസൻസ് നൽകുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്.

(സി&ഡി) നൽകിയിട്ടില്ല.

**അഗ്നിശമന സുരക്ഷാചട്ടങ്ങൾ**

204 (3589) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ചാല മാർക്കറ്റ്, തൃശ്ശൂർ സ്വരാജ് ഗ്രൗണ്ട്, കോഴിക്കോട് മിഠായി തെരുവ്, അതീവ സുരക്ഷാ മേഖലയായ പത്മനാഭസ്വാമി ക്ഷേത്ര പരിസരം തുടങ്ങിയ സ്ഥലങ്ങളിൽ പല ആവർത്തി തീ പിടുത്തമുണ്ടായതും വൻ നാശനഷ്ടങ്ങൾ സംഭവിച്ചതും ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഓരോന്നിലും കണക്കാക്കിയ നഷ്ടം എത്രയായായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുണ്ടായതിന്റെ കാരണം കാലാകാലങ്ങളിലുള്ള സർക്കാരുകൾ അന്വേഷിച്ചുവോ; വിശദാംശം ലഭ്യമാക്കുന്നതോടൊപ്പം അഗ്നിശമന വകുപ്പിന്റെ നിരീക്ഷണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തുണ്ടാകുന്ന ഇത്തരം അപകടങ്ങൾക്ക് കാരണം പഴക്കംചെന്ന കെട്ടിടങ്ങളും അഗ്നിശമന സുരക്ഷാ ചട്ടങ്ങൾ പാലിക്കാത്തതുമാണ് എന്നതും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തുടനീളം സമീപകാലത്ത് വളർന്നു വരുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എത്രയുണ്ട് എന്നും ഇവയിൽ 'അഗ്നിശമന സുരക്ഷാ ചട്ടം' പാലിച്ചു നിർമ്മാണം പൂർത്തികരിച്ചവ എത്ര, അല്ലാത്തവ എത്ര എന്നും ചട്ടം പാലിക്കാത്തവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ഇ) ഇത്തരം അപകടങ്ങൾ ഒഴിവാക്കാനായി സംസ്ഥാനത്തെ കെട്ടിടങ്ങളിലും ഫ്ലാറ്റുകളിലും കച്ചവട സ്ഥാപനങ്ങളിലുമായി ഒരു സുരക്ഷാ ഓഡിറ്റ് നടത്തുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി അപകടങ്ങളുടെ നാശനഷ്ട കണക്കുകളുടെ ഏകദേശ വിവരം ചുവടെ ചേർക്കുന്നു.

<u>ചാല മാർക്കറ്റ്</u>

| തീയതി | സ്ഥലം | ഉദ്ദേശ നഷ്ടം (രൂപ) |
|---|---|---|
| 14-1-14 | ചാല മാർക്കറ്റ് | 78,74,459 |
| 26-12-16 | ആര്യശാല, ചാല (ഗ്ലാസ്സ് ഷോപ്പ്) | 6.18 ലക്ഷം |
| 23-2-17 | ആര്യശാല, കല്യാണി ഹോസ്പിറ്റലിന് സമീപം | 5 ലക്ഷം |

<u>പത്മനാഭ സ്വാമി ക്ഷേത്രം</u>

| തീയതി | സ്ഥലം | ഉദ്ദേശ നഷ്ടം (രൂപ) |
|---|---|---|
| 28-8-16 | കിഴക്കേകോട്ട രാജധാനി ബിൽഡിംഗ് | 2,30,18,225 |
| 26-2-17 | പോസ്റ്റ് ഓഫീസ് കെട്ടിടം | 25 ലക്ഷം |

<u>കോഴിക്കോട് മിഠായിത്തെരുവ്</u>

| തീയതി | സ്ഥലം | ഉദ്ദേശ നഷ്ടം (രൂപ) |
|---|---|---|
| 5-4-2007 | മിഠായിത്തെരുവ് | 9,61,78,950 |
| 9-12-2010 | മിഠായിത്തെരുവ് | 40,00,000 |
| 15-5-2014 | മിഠായിത്തെരുവ് | ഇല്ല |
| 29-9-2014 | മിഠായിത്തെരുവ് | 1,00,000 |
| 13-5-2015 | മിഠായിത്തെരുവ് | 6,64,00,000 |
| 22-2-2017 | മിഠായിത്തെരുവ് | 2,50,00,000 |

സമീപകാലത്ത് തൃശ്ശൂർ സ്വരാജ് ഗ്രൗണ്ടിൽ വൻ നാശനഷ്ടം സംഭവിച്ച നിലയിൽ തീപിടുത്തം ഉണ്ടായിട്ടില്ല.

(ബി) അന്വേഷിച്ചിട്ടുണ്ട്. അഗ്നിരക്ഷാ വകുപ്പിന്റെ നിരീക്ഷണ പ്രകാരം മതിയായ അഗ്നി സുരക്ഷാ സംവിധാനങ്ങളില്ലാത്തതും തിങ്ങിഞെരുങ്ങി കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതും കാലഹരണപ്പെട്ട ഇലക്ട്രിക് സംവിധാനങ്ങളും ഷോർട്ട് സർക്യൂട്ടും അലക്ഷ്യമായി വസ്തുക്കൾ കൈകാര്യം ചെയ്യുന്നതും തീപിടുത്തത്തിന് കാരണമാകുന്നു.

(സി) പരിശോധിച്ചിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങൾ പരിശോധിച്ച് ഫയർ ഓഡിറ്റുകൾ നടത്തി നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി തദ്ദേശഭരണ സ്ഥാപന അധികാരികൾക്കും ബന്ധപ്പെട്ട ജില്ലാ കളക്ടർക്കും റിപ്പോർട്ടുകൾ നൽകിയിട്ടുണ്ട്.

(ഡി) 2016 കാലഘട്ടത്തിൽ അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അഗ്നിസുരക്ഷാ ചട്ടം പാലിച്ച് നിർമ്മാണം പൂർത്തീകരിച്ച 897 കെട്ടിടങ്ങളും അല്ലാത്ത 63 കെട്ടിടങ്ങളും ഉണ്ട്. ചട്ടങ്ങൾ പാലിക്കാത്ത കെട്ടിടങ്ങൾക്ക് ഫയർ & റെസ്ക്യൂ വകുപ്പിൽനിന്നും നിരാക്ഷേപ സാക്ഷ്യപത്രം നിരസിച്ചിട്ടുണ്ട്.

(ഇ) അഗ്നിസുരക്ഷാ ആഡിറ്റ് നടത്തിവരുന്നുണ്ട്.

## കാസർഗോഡ് ഫയർ ആന്റ് റെസ്ക്യൂ യൂണിറ്റുകൾ

205 (3590) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേനാംഗങ്ങളുടേയും ഉപകരണങ്ങളുടേയും അപര്യാപ്തത കാസർഗോഡ് ജില്ലയിലെ അഗ്നിശമന വിഭാഗത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര ഫയർ ആന്റ് റെസ്ക്യൂ യൂണിറ്റുകളാണുള്ളത്; ഓരോ യൂണിറ്റിനും അനുവദിച്ചിട്ടുള്ള വാഹനങ്ങളുടേയും അംഗങ്ങളുടേയും കണക്ക് വ്യക്തമാക്കാമോ;

(സി) നിലവിൽ ഓരോ യൂണിറ്റിലുമുള്ള അംഗങ്ങളുടേയും വാഹനങ്ങളുടേയും കണക്ക് വ്യക്തമാക്കാമോ;

(ഡി) എല്ലാ യൂണിറ്റുകളിലും ഉപകരണങ്ങൾ വേണ്ടത്രയുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഏതെല്ലാം ഉപകരണങ്ങളുടെ കുറവാണുള്ളതെന്നും അത് എപ്പോൾ പരിഹരിക്കുമെന്നും വ്യക്തമാക്കാമോ;

(ഇ) ജീർണ്ണിച്ച കെട്ടിടവും സ്റ്റാഫ് ക്വാർട്ടേഴ്സുമാണ് കാസർഗോട്ടെ ഫയർ സ്റ്റേഷന് ഇപ്പോൾ ഉള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പുതിയ കെട്ടിടം പണിയാൻ ആലോചനയുണ്ടോ എന്നും നിർമ്മാണം എപ്പോൾ തുടങ്ങുമെന്നും ഇതിനുവേണ്ടി ഫണ്ട് നീക്കിവച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ജി) കാസർഗോഡ് ജില്ലയിൽ പുതിയതായി ഫയർ ആന്റ് റെസ്ക്യൂ യൂണിറ്റ് ആരംഭിക്കാൻ ആലോചനയുണ്ടോ; എങ്കിൽ എവിടെയാണെന്നും എപ്പോൾ പണി ആരംഭിക്കുമെന്നും ഇതിനുവേണ്ടി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സേനാംഗങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിനായി വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഉപകരണങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കാസർഗോഡ് ജില്ലയിൽ അഞ്ച് ഫയർ സ്റ്റേഷനുകളാണുള്ളത്. ഓരോ യൂണിറ്റിനും അനുവദിച്ചിട്ടുള്ള അംഗങ്ങളുടെയും വാഹനങ്ങളുടെയും കണക്ക് ചുവടെ ചേർക്കുന്നു.

അംഗങ്ങൾ

| STATION | STO | ASTO | DM | FDCPO | LF | FM | PTS |
|---|---|---|---|---|---|---|---|
| Kasargode | 1 | 1 | 1 | 11 | 4 | 28 | 1 |
| Kanhangad | 1 | 1 | 1 | 7 | 4 | 24 | 1 |
| Thrikkaripur | 1 | 1 | 1 | 7 | 4 | 24 | 1 |
| Uppala | 1 | 1 | 1 | 3 | 2 | 12 | 1 |
| Kuttikkol | 1 | 1 | 1 | 3 | 2 | 12 | -- |

വാഹനങ്ങൾ

| STATION | VEHICLES |
|---|---|
| Kasargode | MTU-4, mini MTU-1, Ambulance-2, Jeep-2, Motor Cycle-1, QRV-1 |
| Kanhangad | MTU-2, Mini MTU-1, Jeep-1, Motor Cycle-1 |
| Thrikkaripur | MTU-1, Mini MTU-1, Jeep-1 |
| Uppala | MTU-2, Jeep-1 |
| Kuttikkol | MTU-1, Mini MTU-1, Jeep-1 |

(സി) നിലവിലുള്ള അംഗങ്ങളുടെ വിവരം

| STATION | STO | ASTO | DM | FDCPO | LF | FM | PTS |
|---|---|---|---|---|---|---|---|
| Kasargode | 1 | 1 | 1 | 7 | 3 | 18 | 1 |
| Kanhangad | 1 | 1 | 1 | 5 | 1 | 15 | 1 |
| Thrikkaripur | 1 | 1 | 1 | 5 | 4 | 18 | 1 |
| Uppala | 1 | 1 | 1 | 2 | 1 | 12 | 1 |
| Kuttikkol | -- | 1 | 1 | 3 | 1 | 7 | -- |

നിലവിലുള്ള വാഹനങ്ങളുടെ വിവരം

| STATION | VEHICLES |
|---|---|
| Kasargode | MTU-4, mini MTU-1, Ambulance-2, Jeep-2, Motor Cycle-1, QRV-1 |
| Kanhangad | MTU-2, Mini MTU-1, Jeep-1, Motor Cycle-1 |
| Thrikkaripur | MTU-1, Mini MTU-1, Jeep-1 |
| Uppala | MTU-2, Jeep-1 |
| Kuttikkol | MTU-1, Mini MTU-1, Jeep-1 |

(ഡി) സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് അത്യാവശ്യം വേണ്ട എല്ലാ ഉപകരണങ്ങളും നിലയങ്ങളിലേയ്ക്ക് അനുവദിച്ചിട്ടുണ്ട്. കൂടുതൽ ഉപകരണങ്ങൾ പർച്ചേസ് നടത്തി ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യകത കണക്കിലെടുത്ത് അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) കാസർഗോഡ് അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടവും ഫാമിലി ക്വാർട്ടേഴ്സും പണിയുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത ആവശ്യത്തിനായി ഫണ്ട് നീക്കിവച്ചിട്ടില്ല.

(ജി) ഉണ്ട്. ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിയോഗിച്ച ഏജൻസിയായ ആർ.എം.എസ്.ഐ.-യിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ പരിഗണിച്ച് ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തൊടുപുഴയിൽ നിർമ്മിക്കുന്ന ഫയർ & റെസ്ക്യൂ സ്റ്റേഷൻ

206 (3591) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തൊടുപുഴയിൽ നിർമ്മിക്കുന്ന ഫയർ & റെസ്ക്യൂ സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; പണി എന്നത്തേയ്ക്ക് തുടങ്ങും; വ്യക്തമാക്കുമോ?

ഉത്തരം

തൊടുപുഴയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കണ്ടെത്തിയ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി കിട്ടുന്ന മുറയ്ക്ക് ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## തിരുവനന്തപുരം സിറ്റിയിൽ പുതിയ ഫയർ സ്റ്റേഷനുകൾ

207 (3592) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലും, ശ്രീപത്മനാഭ സ്വാമി ക്ഷേത്ര പരിസരത്തും പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിലേക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സെക്രട്ടേറിയറ്റ് മെയിൻ കോമ്പൗണ്ടിൽ ഫയർ ടെണ്ടർ പാർക്ക് ചെയ്യുന്നതിനും ഫയർ & റെസ്ക്യൂ സർവ്വീസസ് ഉദ്യോഗസ്ഥർക്ക് ഓഫീസ് ഉൾപ്പെടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഡിസൈൻ സമർപ്പിക്കുന്നതിനുമുള്ള നിർദ്ദേശം

പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീപത്മനാഭ സ്വാമി ക്ഷേത്ര പരിസരത്ത് ഫയർസ്റ്റേഷന് സ്ഥലം കണ്ടെത്തി നൽകുന്നതിനായി ക്ഷേത്രഭരണ സമിതി ചെയർപേഴ്സണ് കത്ത് നൽകിയിട്ടുണ്ട്. സ്ഥലവും കെട്ടിടവും ലഭ്യമാകുന്നമുറയ്ക്ക് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ ഭരണാനുമതി നൽകാവുന്നതാണ്.

**തടവുകാർ മൊബൈൽ ഫോൺ ഉപയോഗിക്കുന്ന സംഭവം**

208 (3593) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിയ്യൂർ സെൻട്രൽ ജയിലിലെ തടവുകാർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജയിൽ സുരക്ഷാപരിശോധന കാര്യക്ഷമമല്ലാത്തതാണ് തടവുകാർ മൊബൈൽ ഫോൺ കടത്തികൊണ്ടുവരുവാൻ ഇടയായത് എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) റ്റി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ ജയിലിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാര്യക്ഷമമായ സുരക്ഷാ പരിശോധനയാണ് ജയിലുകളിലുള്ളത്. സുരക്ഷാ പരിശോധനയുടെ ഭാഗമായി ജയിലിനകത്തേക്കും പുറത്തേക്കും പോകുന്ന തടവുകാരെ മാനുഷിക മൂല്യങ്ങൾക്കും അന്തസ്സിനും കോട്ടം തട്ടാത്ത രീതിയിൽ പോലീസ് ഉദ്യോഗസ്ഥരും ജയിൽ ഉദ്യോഗസ്ഥരും വിശദമായി പരിശോധിക്കുന്നുണ്ട്. അപ്രതീക്ഷിത സമയങ്ങളിൽ തടവുകാരെ പാർപ്പിച്ചിരിക്കുന്ന സെല്ലുകളിലും ബ്ലോക്കുകളിലും ജയിൽ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

## മുട്ടം ജില്ലാ ജയിൽ

209 (3594) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടം ജില്ലാ ജയിൽ ഇതു വരെ പ്രവർത്തനക്ഷമമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജയിലിന്റെ പൂർണ്ണമായ പ്രവർത്തനം എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി ജയിലിന്റെ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുവാൻ സാധിക്കുന്നതാണ്.

## തടവുകാരുടെ ശിക്ഷാകാലയളവിൽ ഇളവ്

210 (3595) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിലുള്ള തടവുകാരുടെ ശിക്ഷ ഇളവ് ചെയ്ത് അവരെ വിടുവാനുള്ള ശിപാർശ ഗവർണർക്ക് സമർപ്പിച്ചിരുന്നോ;

(ബി) എത്ര തടവുകാരെയാണ് ഇപ്രകാരം ശിക്ഷാകാലയളവിൽ ഇളവ് നൽകി മോചിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) ബലാൽസംഗം, മയക്കുമരുന്ന് എന്നീ കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവർക്കും ശിക്ഷായിളവിന് ശിപാർശ ചെയ്തു എന്ന വാർത്ത ശരിയാണോ;

(ഡി) ശിക്ഷ ഇളവ് ചെയ്യണമെന്ന ശിപാർശ ഗവർണർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഫയൽ എന്ത് കാരണത്താലാണ് അദ്ദേഹം മടക്കിയയച്ചത്?

ഉത്തരം

(എ-ഡി) സംസ്ഥാന രൂപീകരണത്തിന്റെ വാർഷികത്തോടനുബന്ധിച്ച് 2011-ലും 2012-ലും 2809 പേർക്ക് ശിക്ഷായിളവ് അനുവദിച്ചതുപോലെ വജ്രകേരള ആഘോഷങ്ങളുടെ ഭാഗമായി നിശ്ചിത മാനദണ്ഡ പ്രകാരം അർഹരായ 1850 തടവുകാർക്ക് പ്രത്യേക ശിക്ഷായിളവ് നൽകുന്നതിന് ബഹുമാനപ്പെട്ട ഗവർണറോട് ശിപാർശ ചെയ്യാൻ 28-12-2016-ൽ കൂടിയ മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നു.

ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ഗവർണറുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ പരിശോധന നടത്തി അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾകൂടി ഉൾപ്പെടുത്തി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്കവിഭാഗ ക്ഷേമ-നിയമ സാംസ്കാരികകാര്യ-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ കൺവീനറായും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ, തുറമുഖ-മ്യൂസിയം-ആർക്കിയോളജി-ആർക്കൈവ്സ് വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. മാത്യു ടി. തോമസ് എന്നിവർ അംഗങ്ങളുമായുള്ള മന്ത്രിസഭാ ഉപസമിതിയെ 8-3-2017-ൽ കൂടിയ മന്ത്രിസഭാ യോഗം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഈ വിഷയം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്.

**തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഇടിമുറി**

211 (3596) ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഇടിമുറിയുണ്ടെന്നും തടവുകാരെ ക്രൂരമർദ്ദനത്തിന് ഇരയാക്കുന്നുവെന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

**തടവുകാർക്ക് മയക്കുമരുന്നും മൊബൈൽ ഫോണും ലഭിക്കുന്നത് തടയാൻ നടപടി**

212 (3597) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർക്ക് മയക്കുമരുന്നും മൊബൈൽ ഫോണും ലഭ്യമാകുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള എത്ര കേസ്സുകളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) തടവുകാർക്ക് ഇത് എങ്ങനെ ലഭിക്കുന്നു എന്നതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഇവയുടെ ലഭ്യത തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള 26 കേസ്സുകൾ കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അന്വേഷണം നടത്തിയിട്ടുണ്ട്. കോടതികളിൽ പോയിവരുന്ന തടവുകാർ തങ്ങളുടെ രഹസ്യഭാഗങ്ങളിൽ ഒളിപ്പിച്ച് നിരോധിത വസ്തുക്കൾ ജയിലിനകത്തേക്ക് കടത്തുന്നത് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) പ്രതികൾ ജയിലിൽ അഡ്മിഷന് വരുന്ന സമയത്തും കോടതികളിലും ആശുപത്രികളിലും കൊണ്ടുപോയി തിരികെ വരുന്ന സമയത്തും ഹാൻഡ് & ഡോർ ഫ്രെയിംഡ് മെറ്റൽ ഡിറ്റക്ടർ ഉപയോഗിച്ച് കർശനമായി ദേഹപരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ സന്ദർശകർ തടവുകാർക്ക് നിരോധിത വസ്തുക്കൾ കൈമാറുന്നത് തടയുന്നതിനായി ജയിലുകളിൽ സി.സി.ടി.വി. സംവിധാനവും നിലവിലുണ്ട്. സെല്ലുകൾ ലോക്കപ്പ് ചെയ്യുന്ന അവസരങ്ങളിൽ ഡ്യൂട്ടി ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. തടവുകാരുടെ സെല്ലുകളും ജയിൽ പരിസരവും സർപ്രൈസ് റെയ്ഡ് നടത്തിവരികയും ജയിലിന്റെ ചുറ്റുമതിലും പരിസരവും കർശനമായി നിരീക്ഷിക്കുകയും ചെയ്യുന്നുമുണ്ട്.

**ജയിൽ വകുപ്പിൽ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 2 വേക്കൻസി**

213 (3598) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ നിലവിൽ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 2 (അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2) തസ്തികയിൽ എത്ര വേക്കൻസികൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) 2012 ഡിസംബർ 28-ാം തീയതിയിലെ GO(P)No337/2012/Home (SRO No. 10/2013) കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് ഭേദഗതി സ്പെഷ്യൽ റൂൾസ് 2012-ൽ നിഷ്കർഷിക്കുന്ന വിധത്തിലാണോ ജയിൽ വകുപ്പിൽ പ്രൊമോഷൻ നൽകുന്നത്;

(സി) എങ്കിൽ പ്രസ്തുത ചട്ടത്തിന്റെ നോട്ട് II-ൽ നിഷ്കർഷിക്കുന്ന വിധത്തിൽ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് (അസിസ്റ്റന്റ് ജയിലർ ഗ്രേഡ് 2) തസ്തികയിലേയ്ക്ക് സ്റ്റേറ്റ് വൈഡ് സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് 2 (അസിസ്റ്റന്റ് ജയിലർ) തസ്തികയിൽ 15 ഒഴിവുകൾ ഉണ്ട്. ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തികയിൽ നിന്നുമാണ് ടി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകേണ്ടത്. എന്നാൽ ഡെപ്യൂട്ടി പ്രിസൺ ഓഫീസർ തസ്തിക ഉൾപ്പെടുന്ന വാർഡർ വിഭാഗത്തിന്റെ 4-1-2013-ലെ സംസ്ഥാന തലത്തിലുള്ള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റിന്മേൽ ജീവനക്കാരിൽനിന്നും നിരവധി പരാതികൾ ലഭിച്ചതിനാൽ അപാകതകൾ പരിഹരിച്ച് അന്തിമമായി പ്രസിദ്ധീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ തേടി ജയിൽ മേധാവി സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആകാത്തതിനാൽ അസിസ്റ്റന്റ് സൂപ്രണ്ട് (അസിസ്റ്റന്റ് ജയിലർ) ഗ്രേഡ് 2 തസ്തികയിലുള്ള ഒഴിവുകൾ നികത്തുന്നതിന് സാധിച്ചിട്ടില്ല.

(ബി&സി) സ്പെഷ്യൽ റൂൾസിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനാൽ അവ പരിഹരിക്കുന്ന വിഷയവും സർക്കാരിന്റെ പരിഗണനയിലാണ്.

## വയനാട് ഗവൺമെന്റ് പ്രസ്സിൽ ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ തസ്തിക

214 (3599) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ വയനാട് ഗവൺമെന്റ് പ്രസ്സിൽ ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ തസ്തികയിൽ ഒഴിവ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവ് നിലവിൽ വന്നിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കുമോ; ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ടാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒരൊഴിവ് നിലവിലുണ്ട്.

(ബി) 3-2-2006-ലാണ് ഒഴിവ് നിലവിൽ വന്നത്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) വയനാട് ഗവൺമെന്റ് പ്രസ്സിലുള്ള രണ്ടാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒരൊഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നത് തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഡ്യൂപ്ലിക്കേറ്റർ ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. റജി വിൽസനെ ടിയാന്റെ പഴയ തസ്തികയായ രണ്ടാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റ് (ഗവൺമെന്റ് പ്രസ്സ്, വയനാട്) തസ്തികയിലേയ്ക്ക് തരം താഴ്ത്തിയ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തതിനാലാണ്.

**അച്ചടി വകുപ്പിന് വിവിധ വകുപ്പുകളിൽനിന്നും കിട്ടാനുള്ള തുക**

215 (3600) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പ് സർക്കാർ വകുപ്പുകൾക്കും പൊതുസ്ഥാപനങ്ങൾക്കും വിവിധ ഫാറങ്ങളും പുസ്തകങ്ങളും മറ്റും അച്ചടിച്ച് നൽകിയ ഇനത്തിൽ എത്ര രൂപ കിട്ടാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക 2017 ജനുവരി മാസം വരെ എത്രയാണ് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ അച്ചടിവകുപ്പിന് മറ്റ് വകുപ്പുകളിൽ നിന്നും ലഭിക്കുവാനുണ്ട് എന്നും ഓരോ മാസവും എത്ര വീതമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അച്ചടി വകുപ്പിന് അച്ചടി കൂലിയിനത്തിൽ 2016 ഡിസംബർ മാസം വരെ 52,53,88,137 രൂപ കിട്ടാനുണ്ട്.

(സി) 2016 ഡിസംബർ മാസംവരെ ഈ സാമ്പത്തിക വർഷത്തിൽ 4,92,62,624 രൂപ കിട്ടാനുണ്ട്.

**അച്ചടി വകുപ്പിലെ 'കംപോസ്' കമ്പ്യൂട്ടറൈസേഷൻ പ്രോജക്ട്**

216 (3601) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

അച്ചടി വകുപ്പിൽ കംപോസ് (compose) എന്ന പേരിൽ കമ്പ്യൂട്ടറൈസേഷൻ പ്രോജക്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്

ഇതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; ഈ പ്രോജക്ട് പ്രകാരം എത്ര കമ്പ്യൂട്ടറുകൾ വാങ്ങി; ഇവ നിലവിൽ ഉപയോഗക്ഷമമാണോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കംപോസ് (compose) എന്ന പേരിൽ കമ്പ്യൂട്ടറൈസേഷൻ പ്രോജക്ട് അച്ചടിവകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ആയത് പൂർത്തീകരിച്ചിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്ഥാപനമായ NIC-ക്ക് 220.1 ലക്ഷം രൂപ അച്ചടി വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 142 കമ്പ്യൂട്ടറുകൾ അച്ചടി വകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. അവ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ സർക്കാർ പ്രസ്സ് അനുവദിക്കാൻ നടപടി**

217 (3602) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകൾ നിലവിലില്ലാത്ത കാസർഗോഡ് ജില്ലയിൽ മലയാളം, കന്നട ഭാഷയിലുള്ള പ്രസിദ്ധീകരണങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനായി പ്രസ്സ് അനുവദിക്കുമോ;

(ബി) ഇതിനാവശ്യമായ സ്ഥലം കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിൽ സൗജന്യമായി നൽകിയാൽ പ്രസ്സ് അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ&ബി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

**പ്രിന്റിംഗ് ഹബ്**

218 (3603) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രിന്റിംഗ് ഹബ്ബ് രൂപീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

പ്രിന്റിംഗ് ഹബ് രൂപീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

## കിഫ്ബിയിൽ ഉൾപ്പെടുത്തി അച്ചടി വകുപ്പിന്റെ വികസനം

219 (3605) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി 100 കോടി രൂപ അച്ചടി വകുപ്പിന്റെ വികസനത്തിന് വേണ്ടി 2016-17-ലെ ബജറ്റിൽ അനുവദിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിധിയിൽ നിന്നുള്ള തുക ഉപയോഗിക്കുമ്പോൾ അച്ചടിവകുപ്പിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്; നിലവിലുള്ള ഘടനയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിധി ഉപയോഗം സംബന്ധിച്ച് അച്ചടിവകുപ്പിലെയും സർക്കാർ തലത്തിലെയും ഉദ്യോഗസ്ഥർ കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ; പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) സ്വകാര്യ, അർദ്ധ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന പ്രസ്സുകൾ ഗവൺമെന്റ് പ്രസ്സുകളുമായി സഹകരിച്ച് സർക്കാർ അച്ചടി ജോലികൾ നിർവ്വഹിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച തുക ബജറ്റിൽ വകയിരുത്തിയിട്ടില്ല.

(ബി-ഡി) ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. രാജേന്ദ്രകുമാർ അനയത്ത് അദ്ധ്യക്ഷനായി 5-11-2016-ലെ സ.ഉ. (സാധാ) 3025/16/ഉവിവ. പ്രകാരം ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## നിക്ഷേപക നിധിയിലെ ഫണ്ട്

220 (3606) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപകനിധിയിലെ ഫണ്ട് ഉപയോഗിക്കുന്നതിന് അച്ചടി വകുപ്പിലെ ജീവനക്കാരെ സംബന്ധിച്ചും, ഗവൺമെന്റ് പ്രസ്സുകളുടെ സ്ഥാവരജംഗമ വസ്തുക്കളെ സംബന്ധിച്ചും സർക്കാർ തലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിക്ഷേപകനിധിയിലെ വിനിയോഗം സംബന്ധിച്ച് അച്ചടിവകുപ്പിലെ ട്രേഡ് യൂണിയനുകളുടെ യോഗം വിളിച്ച് ജീവനക്കാരുടെ ആശങ്കകൾ ദൂരീകരിക്കാമോ ?

ഉത്തരം

(എ&ബി) നിക്ഷേപക നിധിയിലെ ഫണ്ട് ഉപയോഗിക്കുന്നതുസംബന്ധിച്ച് ചർച്ച നടത്തിയിട്ടില്ല. ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവത്കരണവുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. രാജേന്ദ്രകുമാർ അനയത്ത് അദ്ധ്യക്ഷനായി 5-11-2016-ലെ സ.ഉ. (സാധാ) 3025/16/ഉവിവ. പ്രകാരം ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**അരൂർ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് ജങ്കാർ നിർമ്മാണം**

221 (3607) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 1.75 കോടി രൂപ ചെലവിൽ പെരുമ്പളം പഞ്ചായത്തിലേക്ക് ജങ്കാർ അനുവദിച്ചതിന്റെ ഭരണാനുമതി എന്നാണ് ഇറക്കിയത്;

(ബി) നിർമ്മാണ നിർവ്വഹണം ഏറ്റെടുത്തത് ഏത് സ്ഥാപനമാണ്;

(സി) പ്രസ്തുത സ്ഥാപനം ജങ്കാർ നിർമ്മാണം നേരിട്ടു നടത്തുകയാണോ ചെയ്തത്;

(ഡി) ടെണ്ടർ ചെയ്ത് തന്നെയാണോ ഈ പ്രവൃത്തി പുറത്തുനിന്നുള്ള കോൺട്രാക്ടർമാരെ ഏൽപ്പിച്ചത്; കരാർ കൊടുത്തുവെങ്കിൽ എത്ര രൂപയ്ക്കാണ് ടെണ്ടർ സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) കരാർ നൽകിയതിന് പുറമേ എത്ര രൂപയുടെ ചെലവ് കൂടി നിർമ്മാണം പൂർത്തീകരിക്കുന്നതിനായി വേണ്ടിവന്നുവെന്ന് വ്യക്തമാക്കാമോ;

(എഫ്) പെരുമ്പളം പഞ്ചായത്ത് ജങ്കാർ നിർമ്മാണത്തിനായി എത്ര രൂപ നൽകിയിട്ടുണ്ട്; നിർമ്മാണം പൂർത്തീകരിച്ച് ജങ്കാർ എന്നാണ് പെരുമ്പളം പഞ്ചായത്തിന് കൈമാറിയത്;

(ജി) പണി പൂർത്തിയായിട്ടും ജങ്കാർ സർവ്വീസ് ആരംഭിക്കുവാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; പെരുമ്പളത്തെ ജനപ്രതിനിധികൾ ജങ്കാർ സർവ്വീസ് ആരംഭിക്കാത്തതിനെ തുടർന്ന് കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ്

നാവിഗേഷൻ കോർപ്പറേഷൻ ഓഫീസിൽ സമരം നടത്തിയിരുന്നോ; എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ അധികൃതരുമായി നടത്തിയ ചർച്ച പ്രകാരം എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തത്; ആയതുപ്രകാരം എന്ന് സർവ്വീസ് നടത്താവുന്ന നിലയിൽ ജങ്കാർ മെയിന്റനൻസ് നടത്തി പഞ്ചായത്തിന് ഏൽപ്പിക്കാമെന്നാണ് സമ്മതിച്ചത്; ആ വ്യവസ്ഥ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; ആയത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു; ജങ്കാർ നിർമ്മാണവും അതിന്റെ സർവ്വീസ് നടത്താനാവാത്തതും സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ആരെങ്കിലും നൽകിയിട്ടുണ്ടോ; ആയത് സംബന്ധിച്ച് എന്ത് അന്വേഷണമാണ് നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പെരുമ്പളം പഞ്ചായത്തിലേക്ക് ജങ്കാർ അനുവദിക്കുന്നതിനായി 31-7-2015-ലെ സ.ഉ. (സാധാ) നമ്പർ 632/15/F&PD ഉത്തരവ് പ്രകാരമാണ് പുതുക്കിയ ഭരണാനുമതി നൽകിയത്.

(ബി) കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ.

(സി) അതെ.

(ഡി) ലേബർ ഭാഗം കരാർ നൽകിയത് ടെണ്ടർ വിളിച്ചാണ്. ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ജെ.പി. മറൈൻ-നെ തെരഞ്ഞെടുക്കുകയും 33,49,000 (മുപ്പത്തിമൂന്ന് ലക്ഷത്തി നാല്പത്തി ഒമ്പതിനായിരം രൂപ മാത്രം) രൂപയുടെ വർക്ക് ഓർഡർ നൽകുകയും ചെയ്തു.

(ഇ) കരാർ തുകയ്ക്ക് പുറമേ 1,19,69,305 (ഒരു കോടി പത്തൊൻപത് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി മുന്നൂറ്റഞ്ച് രൂപ മാത്രം) രൂപകൂടി നിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ടി ചെലവാക്കിയിട്ടുണ്ട്.

(എഫ്) 1,71,98,676 (ഒരു കോടി എഴുപത്തൊന്ന് ലക്ഷത്തി തൊണ്ണൂറ്റെട്ടായിരത്തി അറുന്നൂറ്റി എഴുപത്താറ്) രൂപ നൽകിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കി 22-1-2016-നാണ് പെരുമ്പളം പഞ്ചായത്തിന് ജങ്കാർ കൈമാറിയത്.

(ജി) പൂർണ്ണമായും കെ.ഐ.വി. 2010 റൂൾ പ്രകാരം നിർമ്മിച്ച പ്രസ്തുത ജങ്കാർ പഴയ രീതിയിലുള്ള ജെട്ടിയിൽ അടുപ്പിക്കാൻ കഴിയാതെ വന്നതിനാലാണ് സർവ്വീസ് ആരംഭിക്കാൻ സാധിക്കാത്തത്. കെ.ഐ.വി. റൂളിൽ ജല വാഹനങ്ങൾക്ക് ജലോപരിതലത്തിൽനിന്ന് ചുരുങ്ങിയത് 76 സെന്റീമീറ്റർ ഉയരം

വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പഴയ ജങ്കാറിൽ ഇത് 50 സെന്റീമീറ്റർ മാത്രമാണ്. തന്മൂലം ജെട്ടികൾ പുതിയ ജങ്കാറിനുവേണ്ടി പുതുക്കി പണിയേണ്ടിയിരുന്നു. ഇതിനുവേണ്ടി ഇറിഗേഷൻ വകുപ്പ് ടെണ്ടർ വിളിച്ചിരുന്നു. എന്നാൽ ഇതിനുവേണ്ടി 45 ദിവസം സർവ്വീസ് മുടക്കേണ്ടിവരും എന്നതിനാൽ ജനങ്ങൾ എതിർക്കുകയും പകരം ജങ്കാറിൽ മാറ്റം വരുത്തുന്നതിനുവേണ്ടി കമ്പനിയെ നിർബന്ധിക്കുകയുമായിരുന്നു. ഇതിനുവേണ്ടി കമ്പനി ഓഫീസിനുമുന്നിൽ സമരം നടത്തിയിരുന്നു. അരൂർ എം.എൽ.എ. ശ്രീ. എ. എം. ആരിഫിന്റെ സാന്നിദ്ധ്യത്തിൽ അധികൃതരുമായി നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഇതിനെത്തുടർന്ന് മാറ്റം വരുത്തിയ ജങ്കാർ 1-3-2017 മുതൽ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇതുവരെയുള്ള (9-3-2017) സർവ്വീസ് തൃപ്തികരമാണ്. ജങ്കാറിന്റെ നിർമ്മാണ അപാകത സംബന്ധിച്ച് പെരുമ്പളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ പരാതി സമർപ്പിച്ചിരുന്നു. ആയതിൽ സർക്കാർ നിർദ്ദേശം അനുസരിച്ച് രജിസ്റ്ററിംഗ് അതോറിറ്റി, സർവ്വേയർ (കെ.ഐ.വി.) എന്നിവർ ജങ്കാർ നേരിട്ട് പരിശോധിച്ച് അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു.

### എ.ടി.എം.-കളുടെ സുരക്ഷ

222 (3608) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള എ.ടി.എം.-മുകൾ വേണ്ടത്ര സുരക്ഷയില്ലാത്തതും അതുമൂലം ജനങ്ങൾ തട്ടിപ്പിനിരയാകുന്നതും ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2016-17 വർഷം ഇത്തരത്തിൽ വഞ്ചിക്കപ്പെട്ട് പണം നഷ്ടപ്പെട്ട എത്ര കേസ്സുകൾ സംസ്ഥാനത്താകമാനം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) എ.ടി.എം. ഉപഭോക്താക്കളിൽ എത്രപേരുടെ പണം മറ്റു സംസ്ഥാനങ്ങൾ, വിദേശരാജ്യങ്ങൾ എന്നിവിടങ്ങളിലെ പ്രതികളാൽ നഷ്ടപ്പെട്ടു; ആയത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്ര;

(ഡി) എ.ടി.എം. തട്ടിപ്പ് കണ്ടെത്താൻ സൈബർ സെല്ലിന്റെ സേവനം ഫലപ്രദമാണോ എന്നു പരിശോധിച്ചുവോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) സൈബർസെല്ലിൻെറ പ്രർത്തനം കാലോചിതമായി പരിഷ്കരിക്കാനും അന്വേഷണങ്ങൾക്കായി ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കാനും സർക്കാർ എന്ത് നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ;

(എഫ്) എ.ടി.എം തട്ടിപ്പ് തടയുവാൻ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ എ.ടി.എം. കളിലും വൺടൈം കോമ്പിനേഷൻ (ഒ.ടി.എം) സംവിധാനവും, നിരീക്ഷണ ക്യാമറകളും സെക്യൂരിറ്റിയും നിർബന്ധമാക്കുന്നത് പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുരക്ഷാ സംവിധാനമില്ലാത്ത എ.ടി.എം.-കളെ പോലീസ് പട്രോളിംഗിനിടെ കർശന നിരീക്ഷണം നടത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷാ സംവിധാനമില്ലാത്ത എ.ടി.എം.-കളിൽ ക്യാമറ സ്ഥാപിക്കുന്നതിനും സെക്യൂരിറ്റി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ബാങ്ക് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 2016-ൽ 30 കേസ്സുകളും 2017 മാർച്ച് 6 വരെ 21 കേസ്സുകളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 2016-ൽ രജിസ്റ്റർ ചെയ്ത മൂന്ന് കേസ്സുകളിലായി നാല് പ്രതികളെ പിടികൂടിയിട്ടുണ്ട്.

(സി) മറ്റ് സംസ്ഥാനങ്ങൾ, വിദേശ രാജ്യങ്ങൾ എന്നിവിടങ്ങളിലെ പ്രതികളാൽ എ.ടി.എം. ഉപഭോക്താക്കളുടെ പണം നഷ്ടപ്പെട്ടവരുടെ എണ്ണവും ഇതുസംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണവും 2015, 2016, 2017 മാർച്ച് 6 വരെയുള്ള കണക്ക് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| | 2015 | 2016 | 2017 upto March 6th |
|---|---|---|---|
| പണം നഷ്ടപ്പെട്ടവരുടെ എണ്ണം | 16 | 42 | 3 |
| രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | 16 | 42 | 3 |

(ഡി) എ.ടി.എം. തട്ടിപ്പ് കണ്ടെത്താൻ ജില്ലാ സൈബർ സെല്ലിന്റെ സേവനം ഫലപ്രദമാണ്. പ്രസ്തുത സെല്ലുകൾക്ക് സൈബർ ഡോമിൽനിന്നും ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽനിന്നും ആവശ്യമായ സാങ്കേതിക സഹായം നൽകിവരുന്നു.

(ഇ) സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(എഫ്) സുരക്ഷാ സംവിധാനമില്ലാത്ത എ.ടി.എം.-കളിൽ ക്യാമറ സ്ഥാപിക്കുന്നതിനും സെക്യൂരിറ്റി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ബാങ്ക് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**സേവ് ഔവർ ഫെല്ലോ ട്രാവലർ പദ്ധതി**

223 (3609) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി സേവ് ഔവർ ഫെല്ലോ ട്രാവലർ (സോഫ്റ്റ്) പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം ചികിത്സ നൽകുന്നതിനാണ് Save Our Fellow Travellors (SOFT) പദ്ധതി ആരംഭിച്ചിട്ടുള്ളത്.

(ബി&സി) റോഡപകടങ്ങൾ ഉണ്ടാകുന്ന വേളയിൽ റോഡപകടത്തിന് വിധേയമാകുന്ന വ്യക്തികൾക്ക് പ്രാഥമിക ചികിത്സ നൽകുന്നതിനും എത്രയും വേഗം ആശുപത്രിയിൽ എത്തിക്കുന്നതിനുമായി വിദഗ്ദ്ധ പരിശീലനം ലഭിച്ച ഒരു കൂട്ടം വ്യക്തികളെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ഡി) പ്രാഥമിക ഘട്ടം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ പോലീസ് സർക്കിളുകളിൽനിന്നും തെരഞ്ഞെടുത്ത 1200 പേർക്ക് ട്രോമാകെയർ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പരിശീലനം നൽകിക്കഴിഞ്ഞു. മറ്റ് ജില്ലകളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## എയിംസിന് കേരള സർക്കാർ നിർദ്ദേശിച്ച സ്ഥലങ്ങൾ

224 (3611) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനനുവദിച്ച ഓൾ ഇൻഡ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് കേരള സർക്കാർ നിർദ്ദേശിച്ച സ്ഥലങ്ങൾ ഏതെല്ലാം ; നിർദ്ദേശിച്ച സ്ഥലങ്ങളിൽ എത്ര ഏക്കർ വീതമാണ് സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) എയിംസ് അനുവദിക്കാൻ കേന്ദ്ര സർക്കാർ എന്തെല്ലാം മാനദണ്ഡങ്ങളാണ് മുന്നോട്ട് വച്ചിരിക്കുന്നത് ?

ഉത്തരം

(എ) ചുവടെ ചേർക്കുന്ന നാല് സ്ഥലങ്ങളാണ് സംസ്ഥാനത്ത് ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കുന്നതിനായി നിർദ്ദേശിച്ചിരിക്കുന്നത്. ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു.

1. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി.-യുടെ പക്കലുള്ള സ്ഥലം (200 ഏക്കർ)
2. തിരുവനന്തപുരത്ത് നെയ്യാറ്റിൻകര നെട്ടുകാൽത്തേരിയിലുള്ള തുറന്ന ജയിലിനോടനുബന്ധിച്ചുള്ള സ്ഥലം (263.45 ഏക്കർ)
3. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിനോട് ചേർന്നുള്ള സ്ഥലം (248.21 ഏക്കർ)
4. എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസിനോട് (എച്ച്.എം.റ്റി.) ചേർന്നുള്ള സ്ഥലം (200 ഏക്കർ)

(ബി) നിർദ്ദേശിക്കുന്ന സ്ഥലം റോഡ് കണക്ടിവിറ്റിയുള്ളതും ജലം, വൈദ്യുതി ലഭ്യതയുള്ളതായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അനുയോജ്യമായ റോഡ് മാർഗ്ഗത്തിനും ആവശ്യമായത്ര കുടിവെള്ള വിതരണത്തിനും വൈദ്യുതി കണക്ഷനും ആവശ്യമായ ഭൂമിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സംസ്ഥാന സർക്കാർ സൗജന്യമായി ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ നിർമ്മാണച്ചെലവും എയിംസിന്റെ നടത്തിപ്പും പ്രധാനമന്ത്രി സ്വാസ്ഥ്യ സുരക്ഷ യോജന (PMSSY) പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ വഹിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

**ഹൈസ്പീഡ് റെയിൽ കോറിഡോർ**

225 (T*3612) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈസ്പീഡ് റെയിൽ കോറിഡോറിനുള്ള അലൈൻമെന്റ് ജനവാസകേന്ദ്രങ്ങളെ ഒഴിവാക്കി പുനർനിർണ്ണയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ:

(ബി) എങ്കിൽ പുതിയ അലൈൻമെന്റിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; ഏത് ഏജൻസിയാണ് പ്രസ്തുത പഠനം നടത്തിയതെന്നും ഇതിനായി എത്ര തുക ഇതിനകം ചെലവഴിച്ചെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പദ്ധതിക്കുവേണ്ടി ഡി.എം.ആർ.സി. തയ്യാറാക്കിയ വിശദമായ കരട് പ്രോജക്ട് റിപ്പോർട്ട് കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ട് പഠിച്ച ശേഷമേ അലൈൻമെന്റ് പുനർനിർണ്ണയിക്കുന്ന കാര്യം തീരുമാനിക്കാൻ കഴിയുകയുള്ളൂ.

**വിദേശ സഹായം കൈപ്പറ്റുന്ന സംഘടനകൾ**

226 (3614) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശസഹായം കൈപ്പറ്റുന്ന സംഘടനകൾ ഉണ്ടോ; എങ്കിൽ ഏതൊക്കെ സംഘടനകൾക്ക് ഇത്തരത്തിൽ സഹായം ലഭിക്കുന്നുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത തുക എന്തിന് വേണ്ടിയാണ് ചെലവഴിക്കുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പത്ര പ്രവർത്തക പെൻഷൻ**

227 (3615) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രമാധ്യമപ്രവർത്തകർക്ക് പെൻഷൻ അനുവദിച്ചു വരുന്നുണ്ടോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) അവശ പത്രപ്രവർത്തക പെൻഷൻ അനുവദിച്ച വരുന്നുണ്ടോ; എത്ര രൂപയാണ് നിലവിൽ അനുവദിച്ച വരുന്നത്;

(സി) പ്രസ്തുത തുക വർദ്ധിപ്പിച്ച് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; കാലാനുസൃതമായി പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെൻഷൻ അനുവദിച്ച വരുന്നുണ്ട്. വർക്കിംഗ് ജേർണലിസ്റ്റുകൾക്കും അവശ പത്ര പ്രവർത്തകർക്കും പ്രമുഖ പത്ര പ്രവർത്തകർക്കും പെൻഷൻ നൽകുന്നു.

(ബി) ഉണ്ട്. 2000 രൂപ നിരക്കിലാണ് പെൻഷൻ അനുവദിച്ചവരുന്നത്.

(സി) സർക്കാരിന്റെ പരിഗണനയിലാണ്.

**ഗതാഗതക്കുരുക്ക്**

228 (3616) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേക്കോട്ടയിലെ ഗതാഗതക്കുരുക്കും തടസ്സങ്ങളും പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അട്ടക്കുളങ്ങര സെൻട്രൽ സ്കൂളിന്റെ സ്ഥലം ഏറ്റെടുത്ത് ബസ് ബേ നിർമ്മിക്കുവാനുള്ള ട്രിഡാ പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ കിഴക്കേക്കോട്ടയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കഴിയുമോ; എന്ത് ബദൽ സംവിധാനമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കിഴക്കേക്കോട്ടയിലെ റോഡ് വികസനം 2016 ഫെബ്രുവരി മാസത്തോടെ പൂർത്തീകരിച്ചു കഴിഞ്ഞു. ബി.ഒ.റ്റി. ആന്വിറ്റി വ്യവസ്ഥയിൽ 15 വർഷത്തെ പരിപാലന വ്യവസ്ഥയോടെയാണ് തിരുവനന്തപുരം നഗര റോഡു വികസന പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയുടെ കൺസഷണർ തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനിയാണ്. വാഹന ഗതാഗതത്തിന് ആറുവരി പാതയും, യാത്രക്കാർ തലങ്ങും വിലങ്ങും റോഡു മുറിച്ചു കടക്കുന്നത് ഒഴിവാക്കുന്നതിനായി ഉയരത്തിൽതന്നെ റോഡ് മീഡിയനുകളും, നടപ്പാതയ്ക്കും റോഡിനുമിടയിൽ കമ്പി കൊണ്ടുള്ള കൈവരികളും നിർമ്മിച്ചിട്ടുണ്ട്. കാൽനടയാത്രക്കാരുടെ സൗകര്യാർത്ഥം റോഡിന്റെ ഇരുവശങ്ങളിലും ടൈൽ പാകിയ നടപ്പാതയും നിർമ്മിച്ചിട്ടുണ്ട്.

കിഴക്കേക്കോട്ട ഭാഗത്ത് പഴവങ്ങാടി മുതൽ അട്ടക്കുളങ്ങര വരെ 3 സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സിഗ്നൽ ലൈറ്റുകളിൽ വാഹന ഗതാഗതം നിയന്ത്രിക്കുന്നതിന് പുറമേ കാൽനടയാത്രക്കാർക്ക് സുഗമമായി റോഡ് മുറിച്ച് കടക്കുന്നതിനുള്ള സമയവും ക്രമപ്പെടുത്തി നൽകിയിട്ടുണ്ട്. റോഡിന്റെ ഉപരിതലത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസ് നിഷ്കർഷിച്ചിട്ടുള്ള പ്രകാരം കാൽനടയാത്രക്കാർക്ക് വേണ്ടി സീബ്രാ ക്രോസിംഗുകളും മറ്റ് റോഡ് മാർക്കിംഗുകളും റിഫ്ലക്റ്റീവ് പെയിന്റ് ഉപയോഗിച്ച് വരച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ രീതിയിൽ പൊതുജനങ്ങളുടെ സുരക്ഷയ്ക്ക് പരമാവധി പ്രാധാന്യം നൽകിയാണ് കിഴക്കേക്കോട്ടയിലെ റോഡ് വികസനം പൂർത്തീകരിച്ചിട്ടുള്ളത്. ഇതിന്റെ ഫലമായി കിഴക്കേക്കോട്ടയിലെ റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) അട്ടക്കുളങ്ങര ഭാഗത്തും കെ.എസ്.ആർ.ടി.സി. ഡിപ്പോ മുതൽ ഗാന്ധി പാർക്ക് വരെയുള്ള ഭാഗത്തും പഴവങ്ങാടി ഭാഗത്തും ഫൂട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കാൻ NATPAC സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ റോഡ് സേഫ്റ്റി അതോറിറ്റിയുടെ പരിഗണനയിലാണ്.

**സ്വത്ത് വിവരങ്ങൾ**

229 (3617) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യവ്യക്തികളുടെ സ്വത്തുവിവരങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വകാര്യവ്യക്തികളുടെ ഏതൊക്കെ സ്വത്ത് വിവരങ്ങളാണ് വിവരാവകാശ നിയമപ്രകാരം ഒരു പൗരന് ആവശ്യപ്പെടാൻ അധികാരമുള്ളത്; വിശദവിവരം നൽകാമോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന വിവരാവകാശ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം സർക്കാരിന് നൽകിയിരുന്നോ; എങ്കിൽ ഏത് കേസ്സിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് കമ്മീഷൻ ഇത് സംബന്ധിച്ച് നൽകിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരാവകാശ നിയമം 2005-ലെ 2 (ജെ) വകുപ്പ് പ്രകാരം 'വിവരാവകാശം' എന്നാൽ ഏതെങ്കിലും പൊതു അധികാര സ്ഥാനത്തിന്റെ സൂക്ഷിപ്പിലും അല്ലെങ്കിൽ നിയന്ത്രണത്തിൻകീഴിലുള്ളതും ആക്ട് പ്രകാരം പ്രാപ്യമായിട്ടുള്ളതുമായ വിവരങ്ങൾ നേരിൽ കാണുന്നതിനും പരിശോധിക്കുന്നതിനും അവയുടെ പകർപ്പെടുക്കുന്നതിനുമുള്ള അവകാശമാണ്. ഒരു സ്വകാര്യവ്യക്തിയുടെ സ്വത്ത് വിവരം ഒരു പൊതു അധികാരസ്ഥാനത്തിന്റെ സൂക്ഷിപ്പിലും

നിയന്ത്രണത്തിലും അഥവാ പൊതു അധികാരസ്ഥാനത്തിന് പ്രാപ്യമായിട്ടുള്ളതും അതിന് വലിയ പൊതുതാൽപ്പര്യം (larger public interest) ഉണ്ടെങ്കിൽ ആയത് വെളിപ്പെടുത്താവുന്നതാണ്. സെക്ഷൻ 8 (1) (ഡി) പ്രകാരം തക്കതായ അധികാരസ്ഥാനത്തിന് പൊതുജനത്തിന്റെ ഭൂരിപക്ഷ താൽപ്പര്യം അത്തരം വിവരത്തിന്റെ വെളിപ്പെടുത്തൽ ആവശ്യപ്പെടുന്നുവെന്ന് ബോധ്യപ്പെടുന്നുവെങ്കിലല്ലാതെ മൂന്നാം കക്ഷിയുടെ മത്സരാവസ്ഥയ്ക്ക് ദോഷം ചെയ്യാനിടയുള്ള വാണിജ്യ രഹസ്യത്തിന്റെയും വ്യാപാര രഹസ്യത്തിന്റെയും ബൗദ്ധിക സ്വത്തുക്കളും ഉൾപ്പെടെയുള്ള വിവരങ്ങൾ വെളിപ്പെടുത്തലിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

## ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും സ്ഥാപനങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിനും നടപടി

230 (3618) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരുന്ന ഭക്ഷ്യപദാർത്ഥങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) 2011- ലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം സംസ്ഥാനത്തെ തട്ടുകട മുതൽ ഫൈവ്സ്റ്റാർ ഹോട്ടൽ വരെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതുവരെ എത്ര സ്ഥാപനങ്ങൾക്ക് ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരുന്ന ഭക്ഷ്യപദാർത്ഥങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ കൂടി കടന്നുവരുന്ന വാഹനങ്ങളിൽ നിന്നും കേരളത്തിലെ മാർക്കറ്റുകളിൽ നിന്നും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻമാരുടെ സഹായത്താൽ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ലാബുകളിൽ അയച്ച് പരിശോധിപ്പിക്കാറുണ്ട്. ഈ പരിശോധനകളിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവരുടെമേൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം

അനുശാസിക്കുന്ന രീതിയിലുള്ള നിയമനടപടികൾ സ്വീകരിക്കാറുണ്ട്. ഇതുകൂടാതെ പാൽ, പാലുൽപ്പന്നങ്ങൾ എന്നിവ ചെക്ക്പോസ്റ്റുകളിൽ വച്ച് പരിശോധിക്കുന്നതിന് തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി രണ്ട് മൊബൈൽ ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിച്ചു വരുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ ആസ്ഥാനമാക്കി മൂന്ന് മൊബൈൽ വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുമുണ്ട്.

ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കിയതിനുശേഷം 295 കേസ്സുകളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി അനുവാദം നൽകിയിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫുഡ് ലൈസൻസിംഗ് ആന്റ് രജിസ്ട്രേഷൻ (ഓൺലൈൻ) റിപ്പോർട്ട് പ്രകാരം 9-3-2017 വരെ 31542 ലൈസൻസും 117080 രജിസ്ട്രേഷനും നൽകിയിട്ടുണ്ട്.

**സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർ**

231 (3619) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാരായി എത്രപേരുണ്ട് എന്നും ഇവരുമായി സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ എന്നും അറിയിക്കുമോ ;

(ബി) കരാർ ജീവനക്കാരായ ഇവർക്ക് അർഹതപ്പെട്ട അവധികളും മറ്റ് ആനുകൂല്യങ്ങളും നിലവിൽ ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ എത്രയുംവേഗം ഇവർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 601 സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാർ ഉണ്ട്. പ്രസ്തുത കൗൺസിലർമാരുമായി സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി&സി) കരാർ ജീവനക്കാരായ സൈക്കോസോഷ്യൽ സ്കൂൾ കൗൺസിലർമാർക്ക് നിലവിൽ 179 ദിവസത്തെ ശമ്പളരഹിത പ്രസവാവധിയും 15 ദിവസത്തെ ആകസ്മികാവധിയും നൽകിവരുന്നു.

## ഷീ ഒപ്റ്റിക്കൽസ് പദ്ധതി

232 (3620) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ വഴി നടപ്പാക്കിയ ഷീ ഒപ്റ്റിക്കൽസ് പദ്ധതിയുടെ ഗുണം തിരുവനന്തപുരം ആസ്ഥാനമായ ഒരു സ്വകാര്യസ്ഥാപനത്തിന് മാത്രമായി ലഭിക്കുന്ന തരത്തിലാണ് ഉടമ്പടി ഉണ്ടാക്കിയിരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുത സ്വകാര്യസ്ഥാപനം ഏതെന്ന് പേരുസഹിതം വിശദമാക്കുമോ;

(സി) ടി അഴിമതി പുറത്തുകൊണ്ടുവരുവാൻ അടിയന്തര വിജിലൻസ് അന്വേഷണം നടത്തുമോ;

(ഡി) ഇതുവരെ ടി സ്വകാര്യസ്ഥാപനത്തിന് വനിതാവികസന കോർപ്പറേഷൻ എത്ര രൂപ നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ടി പദ്ധതിയിൽ അഴിമതി കാണിച്ച ഉദ്യോഗസ്ഥർ ആരെല്ലാം; പേരുവിവരങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന മെ. റോസ് ഒപ്റ്റിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ്, മെ. റോസ് ഒപ്താൽമിക് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് വനിതാ വികസന കോർപ്പറേഷൻ ഈ പദ്ധതി നടപ്പാക്കിയത്.

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് മൂന്ന് റിട്ട് പെറ്റീഷനുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്. കൂടാതെ ധനകാര്യ (പരിശോധനാ എൻ.ടി.ജി.) വകുപ്പും ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നുണ്ട്.

(ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 6 വനിതാ സംരംഭകർക്കായി 120 ലക്ഷം രൂപ വായ്പായിനത്തിൽ വനിതാ വികസന കോർപ്പറേഷൻ നൽകിയിട്ടുണ്ട്. സ്ഥാപനത്തിന് തുക നൽകിയിട്ടില്ല.

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അഴിമതി ആരോപണം സംബന്ധിച്ച് ധനകാര്യ പരിശോധന (നോൺ ടെക്നിക്കൽ-ജി) വകുപ്പ് അന്വേഷണം നടത്തിവരുന്നു. അന്വേഷണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

**ഗവൺമെന്റ് ആയുർവേദ കോളേജുകളിലെ ജീവനക്കാരുടെ സ്ഥലംമാറ്റം**

233 (3621) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആയുർവേദ കോളേജിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സ്ഥലം മാറ്റത്തിന് നിലവിൽ വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടോ;

(ബി) എങ്കിൽ ഒരു കോളേജിൽ തുടർച്ചയായി എത്ര വർഷം സേവനം അനുഷ്ഠിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ചില അദ്ധ്യാപകരെ മാറിമാറി നിയമിക്കുന്നതും മറ്റു ചിലരെ അവിടെത്തന്നെ നിലനിർത്തുകയും ചെയ്യുന്നത് പരിഹരിക്കുന്നതിന് വ്യക്തമായ മാനദണ്ഡം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും സ്ഥലംമാറ്റം കാലാകാലങ്ങളിൽ സർക്കാർ അനുശാസിക്കുന്ന പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് നടത്തുന്നത്.

(ബി) നിലവിലെ മാനദണ്ഡം അനുസരിച്ച് മൂന്നുവർഷം തുടർച്ചയായി സേവനം അനുഷ്ഠിക്കേണ്ടതാണ്.

(സി) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ച് സ.ഉ. (പി) 3/2017/ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) ഒരാൾ ജോലി ചെയ്യുന്നുണ്ട്. പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽ നിന്നും അദ്ധ്യാപക തസ്തികയിൽ വർക്കിംഗ് അറേഞ്ചുമെന്റിൽ ഡോ. ഷാഹിനാമോൾ തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിൽ ജോലി നോക്കിയിരുന്നു. എന്നാൽ വർക്കിംഗ് അറേഞ്ചുമെന്റ് വ്യവസ്ഥ റദ്ദാക്കി ഉത്തരവായിരുന്നു. ഡോ. ഷാഹിനാമോൾ ഇതിനെതിരെ

ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ ആഴ്ചയിൽ 3 ദിവസം തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലും ബാക്കി 3 ദിവസം കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിലും ജോലി ചെയ്തുവരുന്നു. പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽ നിന്നും മറ്റാരും തന്നെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മറ്റു ആയുർവേദ കോളേജുകളിൽ വർക്കിംഗ് അറേഞ്ചുമെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്നില്ല.

## കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. -ലെ നിയമനങ്ങൾ

234 (3622) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു മാനദണ്ഡവുമില്ലാതെ നടത്തിയതായി ആക്ഷേപമുള്ള നിയമനങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇവിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻ നടപടി സ്വീകരിക്കാമോ;

(സി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.ലെ ദിവസ വേതന ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിക്ക് അർഹതയുണ്ടോ; ഉണ്ടെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കാമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരെങ്കിലും ഇത് വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗ്രാറ്റുവിറ്റി അനുവദിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

### ഉത്തരം

(എ) കെ.എച്ച്.ആർ.ഡബ്ലൂ.എസ്.-ലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിജിലൻസ് വകുപ്പ് വിവരങ്ങൾ ആവശ്യപ്പെടുകയും ആയത് വിജിലൻസ് വകുപ്പിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ ഡെപ്യൂട്ടേഷൻ മുഖേനയും കരാർ/ദിവസവേതന അടിസ്ഥാനത്തിലുമാണ് നിയമനങ്ങൾ നടത്തിവരുന്നത്. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്-ന് കീഴിലുള്ള എ.സി.ആർ ലാബ്, കാത്ത് ലാബ്, സി.റ്റി. സ്കാൻ, റേഡിയോളജി യൂണിറ്റുകൾ എന്നിവിടങ്ങളിൽ ആവശ്യമായ ടെക്നിക്കൽ സ്റ്റാഫിനെ അടിയന്തരമായി നിയമിക്കേണ്ടതുള്ളതിനാലാണ് ഈ രീതി അവലംബിച്ചുവരുന്നത്. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതോടൊപ്പം നിയമന രീതി സംബന്ധിച്ചും ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ തീരുമാനമെടുക്കാവുന്നതാണ്.

(സി) ഇല്ല, കഴിഞ്ഞ സർക്കാരുകളുടെ കാലത്ത് ദിവസവേതനക്കാർക്ക് ആർക്കും തന്നെ ഗ്രാറ്റുവിറ്റി നൽകിയിട്ടില്ല.

**അവയവദാനം**

235 (3623) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള നാലംഗ പാനലിൽ സർക്കാർ ഡോക്ടർമാരെ ഉൾപ്പെടുത്തണമെന്നത് നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) അവയവദാനത്തിന്റെ പേരിൽ അവയവ കച്ചവടം നടത്തുന്ന ഡോക്ടർമാർക്കും ആശുപത്രികൾക്കുമെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതികൾ ലഭിക്കുകയാണെങ്കിൽ ഡോക്ടർമാർക്കും ആശുപത്രികൾക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**ഫുഡ് ആന്റ് സേഫ്റ്റി ആക്ട് ഭേദഗതി**

236 (*T 3624) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണത്തിൽ മായം ചേർക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കാനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) ഇതിന്റെ കുറ്റത്തിനനുസരിച്ച് ശിക്ഷാ നടപടികളിൽ മാറ്റം വരുത്താൻ ആലോചിക്കുമോ;

(സി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഫുഡ് ആന്റ് സേഫ്റ്റി ആക്ട് ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഭക്ഷണത്തിൽ മായം ചേർക്കുന്നത് നിരോധിക്കുന്നതുമായി ബന്ധപ്പെട്ട് രാജ്യത്താകമാനമായി 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നിയമവും അനുബന്ധചട്ടങ്ങളും റെഗുലേഷനുമാണ് നിലവിലുള്ളത്. ഈ നിയമം 2011 ആഗസ്റ്റ് 5 മുതലാണ് നിലവിൽ വന്നത്. ടി നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്.

**ലാബ് ടെക്നീഷ്യൻമാരുടെ തസ്തിക**

237 (3625) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി നടപ്പിലാക്കുന്ന സാഹചര്യത്തിൽ കുടുംബക്ഷേമ വകുപ്പിൽ ലബോറട്ടറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് അവ സൗകര്യപ്രദമായി ഉപയോഗിക്കുന്നതിനും എത്ര ലാബ് ടെക്നീഷ്യൻ തസ്തികകൾ ആവശ്യമുണ്ടെന്നും ഇപ്പോൾ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) കണ്ണൂർ ജില്ലയിൽ അനുവദിച്ച ലാബ് ടെക്നീഷ്യൻ തസ്തികകൾ തുലോം കുറവാണെന്നത് കണക്കിലെടുത്ത് കൂടുതൽ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇപ്പോൾ നിലവിലുള്ള ലാബ് ടെക്നീഷ്യൻമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ഡി) ലാബ് ടെക്നീഷ്യൻമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതി പ്രകാരം ലബോറട്ടറി ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) ആർദ്രം പദ്ധതി പ്രകാരം ലബോറട്ടറി ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ കണ്ണൂർ ജില്ലയും ഉൾപ്പെട്ടിട്ടുണ്ട്.

(സി) 538

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 63 |
| കൊല്ലം | 32 |
| പത്തനംതിട്ട | 23 |

| | |
|---|---|
| ആലപ്പുഴ | 28 |
| കോട്ടയം | 57 |
| ഇടുക്കി | 31 |
| എറണാകുളം | 55 |
| തൃശ്ശൂർ | റാങ്ക് ലിസ്റ്റ് നിലവിലില്ല |
| പാലക്കാട് | 85 |
| മലപ്പുറം | 62 |
| കോഴിക്കോട് | 40 |
| വയനാട് | 27 |
| കണ്ണൂർ | 35 |
| കാസർഗോഡ് | റാങ്ക് ലിസ്റ്റ് നിലവിലില്ല. |

(ഡി) ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ 98 ഒഴിവുകളും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ 12 എൻ.ജെ.ഡി ഒഴിവുകളും നിലവിലുണ്ട്. ഒഴിവുകളിൽ നിയമനം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആർ.സി.സി.-യിലെ രോഗികൾക്ക് രക്തം**

238 (3626) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.സി.സി.യിലെ രോഗികൾക്ക് രക്തം സംഘടിപ്പിക്കുന്നതിന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് 2015 മാർച്ച് 6-ന് ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നിലവിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എടുത്ത നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ആർ.സി.സി.യിലേയ്ക്കുവേണ്ടി പുറത്തുനിന്നും രക്തദാന ക്യാമ്പ് നടത്തി രക്തം ശേഖരിച്ച് രോഗികളെ സഹായിക്കാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(സി) ആർ.സി.സി.യിൽ പ്രതിവർഷം 15000 പുതിയ രോഗികൾ എത്തുന്നതിനാലും അവർക്ക് പ്രതിവർഷം 25000-ൽപരം യൂണിറ്റ് രക്തം

ആവശ്യമായി വരുന്നതിനാലും ഇതിനുവേണ്ടി എന്ത് നടപടികൾ ആണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) രക്തബാങ്കിലേക്ക് കൂടുതൽ രക്തം ശേഖരിക്കുന്നതിനായി കൂടുതൽ രക്തദാന ക്യാമ്പുകൾ നടത്തുന്നതിന് തീരുമാനിച്ചു. ഇതിലേയ്ക്കായി ആവശ്യമായ സഹായസഹകരണങ്ങൾ നൽകുവാൻ Kerala Blood Donors Society തയ്യാറായിട്ടുണ്ട്. കൂടുതൽ രക്തദാന ക്യാമ്പുകൾ നടത്തുന്നതിന് KSACS (Kerala State Aids Control Society)-യും സന്നദ്ധമാണ്. കൂടാതെ ഒരു ഡോക്ടർ, 5 ലാബ് ടെക്നീഷ്യൻ, ഒരു സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതിനും അവർക്കുവേണ്ട ശമ്പളം NRHM വഴി നൽകുന്നതിനും തീരുമാനിച്ചു. പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ NRHM -നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ആർ.സി.സി. മാസത്തിൽ ചുരുങ്ങിയത് 4 രക്തദാന ക്യാമ്പുകൾ നടത്താറുണ്ട്. രക്ത ശേഖരണത്തിനുവേണ്ടി ആർ.സി.സി.-യിൽ ഒരു വാഹനവും സജ്ജമാണ്.

**വ്യാജ സൗന്ദര്യ വർദ്ധക ഉൽപ്പന്നങ്ങളുടെ വിപണനം തടയുന്നതിന് നടപടി**

239 (3627) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യാപകമായ തോതിൽ വ്യാജ സൗന്ദര്യ വർദ്ധക ഉത്പന്നങ്ങൾ വിപണനം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും കേസ്സുകൾ എടുത്തിട്ടുണ്ടോ;

(സി) വിഷലിപ്തമായ ഈ സൗന്ദര്യ വർദ്ധക വസ്തുക്കൾ പരിശോധിക്കാനും ഇവയുടെ വിപണനം തടയാനും ശാസ്ത്രീയമായ മാർഗ്ഗങ്ങൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്നുകൾക്കുപുറമേ സൗന്ദര്യ വർദ്ധക ഉല്പന്നങ്ങളുടെയും സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇതുകൂടാതെ റീജിയണൽ/സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർമാർ

സംസ്ഥാനത്തെ കോസ്മെറ്റിക്സ് നിർമ്മാണ യൂണിറ്റുകളിൽ നിന്നും പരിശോധനയ്ക്കായി സാമ്പിളുകൾ ശേഖരിക്കുന്നുണ്ട്. സൗന്ദര്യവർദ്ധക വസ്തുക്കളിൽ വിഷലിപ്തമായ രാസവസ്തുക്കൾ അടങ്ങിയിട്ടുണ്ടെന്നുള്ള വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം കോസ്മെറ്റിക്സ് സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

**കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടപ്പാക്കുന്നതിനുള്ള പദ്ധതി**

240 (3628) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെ കുറഞ്ഞ ചെലവിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടപ്പാക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മുൻസർക്കാരിന്റെ കാലത്ത് ആരംഭംകുറിച്ച് പദ്ധതി നിർത്തലാക്കിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള നടപടി, സ്വകാര്യ ആശുപത്രികളെ സഹായിക്കുന്നതിന് വഴിയൊരുക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ച കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യൂണിറ്റ് തുടർന്നു പ്രവർത്തിക്കുന്നതിനും മറ്റ് മെഡിക്കൽ കോളേജുകളിൽ കൂടി ഈ സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പദ്ധതി നിർത്തലാക്കിയിട്ടില്ല. എന്നാൽ പ്രസ്തുത പദ്ധതിയിലെ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ അപാകതകൾ പരിഹരിച്ച് പദ്ധതി വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനായി ചില പരിഹാര നടപടികൾ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നമുറയ്ക്ക് പദ്ധതി വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതാണ്.

(ബി) ബാധകമല്ല.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യൂണിറ്റ് നിലവിലുണ്ട്. പ്രസ്തുത പദ്ധതി വിജയകരമാകുന്നമുറയ്ക്ക് മറ്റ് മെഡിക്കൽ കോളേജുകളിൽ ഈ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി ആലോചിക്കാവുന്നതാണ്.

**ആരോഗ്യ ബജറ്റ്**

241 (3629) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തികളുടെ ശാരീരിക, ആരോഗ്യ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കാനും ചികിത്സകൾക്ക് പ്രയോജനപ്പെടുത്തുവാനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ;

(ബി) പദ്ധതിയെപ്പറ്റി വിശദീകരിക്കാമോ; പദ്ധതിയുടെ ആദ്യഘട്ടം എങ്ങനെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ആരോഗ്യ ബജറ്റ് തയ്യാറാക്കുന്നതിനും മരുന്ന് നിർമ്മാണത്തിനും മറ്റും പദ്ധതി പ്രയോജനപ്പെടുത്തുവാൻ സാധിക്കുമോ;

(ഡി) ഇൻഡ്യയിൽ മറ്റു സംസ്ഥാനങ്ങളിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കിയതിന്റെ പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉത്തരം

(എ) വ്യക്തികളുടെ ആരോഗ്യ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിൽ ശേഖരിക്കുകയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെ കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ജീവൻരേഖ (ഇ-ഹെൽത്ത് കേരള) പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകളുമായി ആരോഗ്യ പ്രവർത്തകർ ഭവന സന്ദർശനം നടത്തി പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധിയായ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു അടിസ്ഥാന ആരോഗ്യ രേഖ തയ്യാറാക്കുന്നു. ശേഖരിക്കുന്ന പ്രസക്ത വിവരങ്ങൾ അപ്പപ്പോൾത്തന്നെ കേന്ദ്രീകൃത സെർവറിലേയ്ക്ക് അപ് ലോഡ് ചെയ്യുന്നു. ഇതോടൊപ്പം ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളിലെ എല്ലാ പ്രവർത്തനങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുകയും കേന്ദ്രീകൃത സെർവറുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നു. വ്യക്തികൾ ചികിത്സയ്ക്കായി ആശുപത്രിയിൽ എത്തുമ്പോൾ പ്രസ്തുത ചികിത്സാ വിവരങ്ങൾകൂടി ആ രോഗിയുടെ ആരോഗ്യ രേഖയിൽ കൂട്ടി ചേർക്കപ്പെടും. ഫീൽഡ് സർവ്വേ വഴി ലഭിച്ച ആരോഗ്യ വിവരങ്ങളും ചികിത്സാ കേന്ദ്രത്തിലെ ചികിത്സാ വിവരങ്ങളും ഒരു വ്യതിരിക്ത നമ്പർ മുഖേന ഡിജിറ്റൽ രീതിയിൽ ബന്ധിപ്പിച്ച് ആരോഗ്യ സംബന്ധിയായ വിവരങ്ങളുടെ പൂർണ്ണത ഉറപ്പാക്കുകയും തുടർ ചികിത്സയ്ക്ക് പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

ആദ്യഘട്ടത്തിൽ തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുക. എന്നാൽ പൊതുജനാരോഗ്യ വിവര ശേഖരണം എല്ലാ ജില്ലകളിലും സംയുക്തമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) സാംക്രമിക രോഗങ്ങളുടെ സാധ്യത മുൻകൂട്ടി കണ്ടെത്താനും രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്താനും ആവശ്യമായ വിവരങ്ങൾ പദ്ധതി വഴി കാലേക്കൂട്ടി ലഭിക്കുന്നു. ആരോഗ്യ ബജറ്റ് തയ്യാറാക്കുന്നതിന് ഈ വിവരങ്ങൾ പ്രയോജനകരമാണ്. ആശുപത്രികളിലെ മരുന്നുകളുടെ സ്റ്റോക്ക് ഈ പദ്ധതി വഴി തത്സമയം തന്നെ അറിയാവുന്നതിനാൽ അവ തീരുന്ന മുറയ്ക്ക് ലഭിക്കുന്ന മുന്നറിയിപ്പുകളിലൂടെ ആവശ്യമായ ക്രമീകരണവും സംഭരണവും നടത്തുന്നതിന് പദ്ധതി സഹായകരമാണ്. മരുന്ന് നിർമ്മാണവുമായി ഈ പദ്ധതി ബന്ധപ്പെടുത്തിയിട്ടില്ല.

(ഡി) ആരോഗ്യ രംഗത്തെ സമഗ്രവും സമ്പൂർണ്ണവുമായ ഇ-ഹെൽത്ത് കേരള പദ്ധതി ഇന്ത്യയിൽ ആദ്യത്തെ സംരംഭമാണ്.

**സുകൃതം പദ്ധതി**

242 (3630) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച സുകൃതം പദ്ധതിക്കായി ഈ സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നാളിതുവരെ എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) 2015-16 കാലയളവിൽ സുകൃതം പദ്ധതിക്കായി എത്ര കോടി രൂപയാണ് ചെലവഴിച്ചത്; എത്രപേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) ഈ പദ്ധതിയുടെ ഗുണഫലം അർഹരായവർക്ക് ലഭിക്കുന്നുണ്ടോ എന്ന കാര്യം ഉറപ്പുവരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) സുകൃതം പദ്ധതിക്കായി വാർഷിക പദ്ധതിയിൽ പ്രത്യേക ശീർഷകം ഇല്ലാത്തതിനാൽ തുടർ പദ്ധതി എന്ന രീതിയിൽ ഈ സാമ്പത്തിക വർഷം ഫണ്ട് വകയിരുത്തിയിട്ടില്ല. പദ്ധതിയുടെ ആരംഭത്തിൽ സർക്കാരിൽ നിന്ന് നേരിട്ട് ആശുപത്രികൾക്ക് നൽകിയ കോർപ്പസ് ഫണ്ട് മാത്രമാണ് സുകൃതം പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്.

(ബി) സുകൃതം പദ്ധതി അർബുദ ചികിത്സയുള്ള എട്ട് സർക്കാർ ആശുപത്രികളിലാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കിയത്. തിരുവനന്തപുരം ആർ.സി.സി., മലബാർ കാൻസർ സെന്റർ, കണ്ണൂർ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് സുകൃതം പദ്ധതി നടപ്പിലാക്കിയത്. ആർ.സി.സി., മലബാർ കാൻസർ സെന്റർ, ജനറൽ ഹോസ്പിറ്റൽ എറണാകുളം എന്നീ സ്ഥാപനങ്ങളിൽ 8899 രോഗികൾക്ക് സുകൃതത്തിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി. പ്രസ്തുത സ്ഥാപനങ്ങളിൽ നാളിതുവരെ 50.18 കോടി രൂപ സുകൃതം പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ 3270 രോഗികൾക്ക് 10,61,04,201 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 2015-16 കാലയളവിൽ മലബാർ കാൻസർ സെന്ററിന് 3 കോടി 84 ലക്ഷം രൂപയും, ആർ.സി.സി.-യിൽ 10 കോടി 81 ലക്ഷം രൂപയും എറണാകുളം ജനറൽ ആശുപത്രിയിൽ 2 കോടി 74 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി. ആർ.സി.സി.-യിൽ 2508 രോഗികൾക്കും മലബാർ കാൻസർ സെന്ററിൽ 924 രോഗികൾക്കും എറണാകുളം ജനറൽ ആശുപത്രിയിൽ 863 രോഗികൾക്കും ഈ പദ്ധതിയിലൂടെ ധനസഹായം ലഭിക്കുകയുണ്ടായി. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മെഡിക്കൽ കോളേജ് | രോഗികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 82 | 59,27,639 |
| ആലപ്പുഴ | 50 | 91,05,154 |
| കോട്ടയം | 157 | 2,00,00,000 |
| തൃശ്ശൂർ | 1552 | 17,25,159 |
| കോഴിക്കോട് | 151 | 53,90,364 |

(ഡി) ആരോഗ്യ വകുപ്പിന് കീഴിലുള്ള എറണാകുളം ജനറൽ ആശുപത്രിയിൽ 2016 ജനുവരി മാസത്തോടുകൂടി തന്നെ പൂർണ്ണമായും വിനിയോഗിക്കുകയും ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചു എന്ന് ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആർ.സി.സി., മലബാർ കാൻസർ സെന്റർ, ഡി.എം.ഇ. എന്നീ സ്ഥാപനങ്ങളിൽ പി.ആർ.ഒ.-മാരെ നിയോഗിക്കുകയും ഫണ്ട് വിനിയോഗത്തെക്കുറിച്ച് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നുണ്ട്. അർഹരായ രോഗികൾക്ക് മാത്രമാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.

## കുമാരി ഐശ്വര്യ രാധാകൃഷ്ണന് ആശ്രിത നിയമനം

243 (3631) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ച 17-2-2016-ലെ ജി.ഒ.(എം.എസ്.) നമ്പർ 46/2016/എച്ച്. &എഫ്.ഡബ്ല്യൂ.ഡി. സർക്കാർ ഉത്തരവ് പ്രകാരം കുമാരി ഐശ്വര്യ രാധാകൃഷ്ണനെ ആരോഗ്യവകുപ്പ് ഡയറക്ടർ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ EH4-62296/2015/DHS തീയതി 4-3-2016-ലെ ഫയലിന്മേൽ സ്വീകരിച്ച നടപടി അറിയിക്കുമോ?

ഉത്തരം

(എ) പ്രവേശിപ്പിച്ചിട്ടില്ല.

(ബി) ജി.ഒ.(പി) നമ്പർ 249/13/ജി.എ.ഡി., തീയതി 2-9-2013 പ്രകാരം ആശ്രിത നിയമനത്തിനുള്ള ക്ലാർക്കുമാരുടെ നിയമനത്തിനായി 356 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. അതിൽ 113 സൂപ്പർ ന്യൂമററി തസ്തികകൾ ആരോഗ്യവകുപ്പിന് വേണ്ടിയുള്ളതായിരുന്നു. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയ ക്ലാർക്കുമാരുടെ നിയമനം നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള അനുപാതത്തിൽ ക്രമപ്പെടുത്തിയാൽ മാത്രമേ പുതിയ നിയമനങ്ങൾ നൽകാൻ കഴിയുകയുള്ളൂ. ആശ്രിത നിയമന വ്യവസ്ഥപ്രകാരം ക്ലാർക്കായി നിയമനത്തിന് സർക്കാർ ഉത്തരവാകുകയും വകുപ്പിൽ നിന്നുള്ള നിയമന ഉത്തരവിനായി കാത്തുനിൽക്കുന്ന 183 പേർ അടങ്ങുന്ന പട്ടികയിൽ ശ്രീമതി ഐശ്വര്യ രാധാകൃഷ്ണന്റെ ക്രമനമ്പർ 126 ആണ്.

## ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് യൂണിഫോം

244 (3632) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് യൂണിഫോം നിഷ്കർഷിച്ചിട്ടുണ്ട്;

(ബി) പ്രതിവർഷം എത്ര മീറ്റർ തുണി, ഈ ആവശ്യത്തിനായി സർക്കാർ ചെലവിൽ വാങ്ങുന്നുണ്ട്;

(സി) എത്ര ജീവനക്കാർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ട്; പ്രതിവർഷം എത്ര സെറ്റ് യൂണിഫോം അലവൻസിനുള്ള തുകയാണ് നൽകുന്നത്;

(ഡി) മേശവിരി, കിടക്കവിരി മുതലായ ആവശ്യങ്ങൾക്ക് വേണ്ടി എത്ര മീറ്റർ തുണി വാങ്ങുന്നുണ്ട്;

(ഇ) സർക്കാർ ചെലവിൽ വാങ്ങുന്ന ഇത്തരം തുണിത്തരങ്ങൾ സർക്കാർ ഉടമസ്ഥതയിലുള്ള മില്ലുകളിൽ നിന്നോ ഖാദി/കൈത്തറി സ്ഥാപനങ്ങളിൽ നിന്നോ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലേയും ചില വിഭാഗം ജീവനക്കാർക്ക് യൂണിഫോം നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) യൂണിഫോം വാങ്ങുന്നതിന് ജീവനക്കാർക്ക് അലവൻസ് നൽകുന്നതിനാൽ ഇതിനാവശ്യമായ തുണി സർക്കാർ വാങ്ങി നൽകുന്നില്ല.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 30 ജീവനക്കാർക്ക് യൂണിഫോം അലവൻസ് നൽകുന്നു. പേ-റിവിഷൻ ഓർഡർ പ്രകാരമുള്ള തുകയാണ് ഓരോ ജീവനക്കാർക്കും നൽകുന്നത്.

(ഡി) ആശുപത്രി തലത്തിലാണ് മേശവിരി, കിടക്കവിരി എന്നിവ വാങ്ങുന്നത്. എത്ര മീറ്റർ തുണി വാങ്ങുന്നു എന്നത് അതാത് ആശുപത്രിയെ ആശ്രയിച്ചിരിക്കും.

(ഇ) 30-8-2016-ലെ സ.ഉ. (സാധാ) നമ്പർ 44/2016/എസ്.പി.ഡി. പ്രകാരം ഹാന്റെക്സ്/ഹാൻവീവ് എന്നിവിടങ്ങളിൽനിന്നും ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് തുണിത്തരങ്ങൾ വാങ്ങുന്നതിനുള്ള അനുമതി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

**ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ നിയമനം**

245 (3633) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ എത്ര അസിസ്റ്റന്റ് ഡയറക്ടർ തസ്തിക നിലവിലുണ്ട്; പ്രസ്തുത തസ്തികകളിൽ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ/സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിൽ ഒഴിവ് നിലവിലുണ്ടോ; ഈ ഒഴിവ് എത്ര നാളായി ഉണ്ടായതാണ്; ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടേണ്ടവരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ;എങ്കിൽ, സീനിയോറിറ്റി ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിൽ സീനിയർ ബയോളജിസ്റ്റിന് പുറമേ മറ്റേതെങ്കിലും തസ്തിക കൂടി പരിഗണിച്ച് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിൽ ഒഴിവുണ്ടായ ദിവസം മുതൽ മുൻകാല പ്രാബല്യത്തിൽ സീനിയോറിറ്റി പ്രകാരം അർഹനായ സീനിയർ ബയോളജിസ്റ്റിനെ നിയമിക്കാനും അനർഹരെ ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ;

(ഇ) അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിൽ ഒഴിവുണ്ടായ തീയതി മുതൽ നടന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി പരിഗണിച്ചവരിൽ അർഹരായ സീനിയർ ബയോളജിസ്റ്റുമാരെ ഒഴിവാക്കാൻ ഉണ്ടായ കാരണം വ്യക്തമാക്കുമോ; ഈ തസ്തികയിൽ നിയമനത്തിന് പുതിയ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനുമുമ്പ് അർഹത നേടിയ സീനിയർ ബയോളജിസ്റ്റിനെ പരിഗണിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യവകുപ്പിൽ 167 അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്. പ്രസ്തുത തസ്തികകളിൽ നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ/സർക്കാർ ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. ടി. ദിലീപ് കുമാർ 30-6-2014-ൽ വിരമിച്ചതിനെത്തുടർന്ന് 1-7-2014 മുതൽ ടി തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടേണ്ടവരുടെ നിലവിലുള്ള 12-11-2014 കാലയളവിൽ നിയമിതരായ സീനിയർ ബയോളജിസ്റ്റുമാരുടെ അന്തിമ സീനിയോറിറ്റി പട്ടികയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*.

(സി) ജി.ഒ.(എം.എസ്.) നമ്പർ 27/2017/ആ.കു.വ. തീയതി 18-2-2017 പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ (ഫൈലേറിയ), അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) എന്നീ തസ്തികകളിലേക്കുള്ള നിയമനം ഹയർഗ്രേഡ് ജില്ലാ മലേറിയ ആഫീസർ, സീനിയർ ബയോളജിസ്റ്റ് എന്നീ തസ്തികകളിൽ നിന്നും 1:1 അനുപാതത്തിൽ സ്ഥാനക്കയറ്റം മുഖേന നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇവരുടെ അഭാവത്തിൽ ജില്ലാ മലേറിയ ആഫീസർ, ബയോളജിസ്റ്റ്/എന്റമോളജിസ്റ്റ് എന്നിവരുടെ കമ്പൈൻഡ് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 1:1 അനുപാതത്തിൽ സ്ഥാനക്കയറ്റം മുഖേന നിയമിക്കേണ്ടതാണെന്നും സർക്കാർ ഉത്തരവിൽ പറയുന്നു. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി&ഇ) അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിൽ ഒഴിവുണ്ടായ തീയതി മുതൽ നടന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി പരിഗണിച്ച സീനിയർ ബയോളജിസ്റ്റുമാർ പ്രസ്തുത തസ്തികയിലെ നിയമനത്തിനുള്ള യോഗ്യത നിശ്ചയിച്ചു കൊണ്ടുള്ള 8-4-1994-ലെ സ.ഉ. (എം.എസ്.) 82/1994/ആ.കു.വ. നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ട്രെയിനിംഗ് യോഗ്യത നേടിയിട്ടില്ല. അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**ആരോഗ്യ ബോധവൽക്കരണം**

246 (3634) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജീവിതശൈലീ രോഗങ്ങൾ വ്യാപകമായ സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളുടെയും യുവജന ക്ലബ്ബുകളുടെയും കുടുംബശ്രീ ഉൾപ്പെടെയുള്ളവയുടെയും സഹകരണത്തോടെ സമഗ്ര ബോധവൽക്കരണം നടപ്പാക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ ജനങ്ങളിൽ മാറി വരുന്ന ജീവിതശൈലിക്ക് അനുസൃതമായി ജീവിതശൈലീ രോഗങ്ങളും വർദ്ധിക്കുന്നു എന്നത് ആരോഗ്യ മേഖലയ്ക്ക് ആശങ്കയുണ്ടാക്കുന്ന വസ്തുതയാണ്. ഈ വിപത്തിനെ പ്രതിരോധിക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് "അമൃതം ആരോഗ്യം" എന്ന പേരിൽ ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതി സംസ്ഥാനത്തുടനീളം നടത്തിവരുന്നു. ജനങ്ങളിൽ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുകയും ഈ രോഗങ്ങളെ അകറ്റി നിർത്തുകയും ചെയ്യുക എന്നുള്ളതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. ഇതിന് ആരോഗ്യ വകുപ്പിനോടൊപ്പം തന്നെ ജനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും മറ്റു വകുപ്പുകളുടെയും സംയുക്ത സഹകരണവും ഉത്തരവാദിത്വബോധവും അത്യന്താപേക്ഷിതമാണ്. ഗ്രാമ തലങ്ങളിൽ യുവജന ക്ലബ്ബുകളുടേയും കുടുംബശ്രീ പോലുള്ള സ്വയം സഹായ സംഘങ്ങളുടേയും സഹകരണത്തോടെ സമഗ്ര ബോധവത്കരണവും പ്രതിരോധ പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ജനറൽ ആശുപത്രിയിലെ പേ വാർഡുകളുടെ ശോചനീയാവസ്ഥ**

247 (3635) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ നിലവിലുള്ള പേ വാർഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പേ വാർഡുകൾ പുനരുദ്ധരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പേ വാർഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിന് ജനറൽ ആശുപത്രി സൂപ്രണ്ട് കത്ത് നൽകിയിട്ടുണ്ട്.

(സി) ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**ആരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ്**

248 (3636) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റ് ഉള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങാനാണ് പദ്ധതിയുള്ളത്. സംസ്ഥാനത്തെ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ നിലവിൽ ഡയാലിസിസ് സെന്ററുകളുള്ള ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മഞ്ചേരി, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഡയാലിസിസ് സൗകര്യം ലഭ്യമാണ്.

**ഹരിഹർ കെ.നായറിന്റെ കോക്ലിയർ ഇംപ്ലാന്റ് സർജറി**

249 (3637) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ആയി ജോലി ചെയ്തു വരുന്ന ശ്രീ. കെ. സദാനന്ദൻ മകൻ ഹരിഹർ കെ.നായറിന്റെ കോക്ലിയർ ഇംപ്ലാന്റ് സർജറിക്കായി സമർപ്പിച്ച മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷയിൽ സർക്കാർ അനുകൂലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) ചികിത്സാവശ്യത്തിന് അനുവദിച്ച പലിശരഹിത മെഡിക്കൽ അഡ്വാൻസ് തിരിച്ചടയ്ക്കുന്നതിനുള്ള കാലാവധി അവസാനിച്ചതിനാൽ അടിയന്തിരമായി മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിച്ചു നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ച അപേക്ഷയിൽ അനുവദനീയമായ തുക രേഖപ്പെടുത്തി 2-3-2017-ലെ എം.ആർ.5-18978/16 ആ.വ.ഡ. നമ്പർ കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

(സി) ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നും എല്ലാ നടപടികളും പൂർത്തിയായിട്ടുണ്ട്. തുടർ നടപടികൾ തൃശ്ശൂർ ജില്ലാ കളക്ടറാണ് സ്വീകരിക്കേണ്ടത്.

**ആരോഗ്യ സേന**

250 (3638) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ പരിപാലനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വാർഡുതലത്തിൽ ആരോഗ്യ സേനയ്ക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരം സേനകളുടെ പ്രവർത്തനവും ഘടനയും വ്യക്തമാക്കാമോ;

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വാർഡുമെമ്പർ ചെയർമാനായും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് കൺവീനറായുമുള്ള വാർഡുതല ശുചിത്വ പോഷണ സമിതികൾ കേരളത്തിലെ എല്ലാ ഗ്രാമ നഗര പ്രദേശങ്ങളിലും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിൽ നിലവിലുണ്ട്.

(ബി) രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർ, സ്കൂൾ ടീച്ചർമാർ, ആയുർവേദ- ഹോമിയോ- യുനാനി- സിദ്ധ വിഭാഗങ്ങളിലെ രജിസ്റ്റേർഡ് പ്രാക്ടീഷണർമാർ, അങ്കണവാടി വർക്കർമാർ, കുടുംബശ്രീ മെമ്പർമാർ, ആശാവർക്കർമാർ, എം.എസ്.എസ്. വോളന്റിയർമാർ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ, ട്രൈബൽ പ്രൊമോട്ടർമാർ, എൻ.ജി.ഒ. അംഗങ്ങൾ എന്നിവരടങ്ങുന്നതാണ് ആരോഗ്യ ശുചിത്വ പോഷണ സമിതി.

വാർഡ് ഹെൽത്ത് സാനിട്ടേഷൻ സമിതിയിലെ അംഗങ്ങൾ യഥാസമയം യോഗം ചേർന്ന് ആ വാർഡിലെ പ്രധാന പൊതുജനാരോഗ്യ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തി ചർച്ച ചെയ്ത് മുൻഗണനാ ക്രമത്തിൽ പരിഹരിക്കാനുള്ള പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്ത് രൂപരേഖ തയ്യാറാക്കി പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നു. ദേശീയ ആരോഗ്യമിഷൻ (എൻ.എച്ച്.എം.)-ൽ നിന്നും കിട്ടുന്ന പതിനായിരം രൂപയും ശുചിത്വ മിഷനിൽ നിന്നും അനുവദിക്കുന്ന പതിനായിരം രൂപയും പഞ്ചായത്തിന്റെ തനതുവിഹിതമായ അയ്യായിരം രൂപയും കൂടി ആകെ ഇരുപത്തി അയ്യായിരം രൂപ ഇത്തരം പ്രവർത്തനങ്ങളുടെ നടത്തിപ്പിനായി പ്രതിവർഷം വിനിയോഗിക്കുന്നു.

(സി) സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ആരംഭിച്ച നവകേരള മിഷന്റെ നാല് ഘടകങ്ങളിലൊന്നാണ് ആർദ്രം മിഷൻ. ഈ പദ്ധതിയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന്റെ പ്രാഥമിക ഘട്ടമെന്ന നിലയിൽ വിവിധ റവന്യൂ/ബ്ലോക്ക് അസംബ്ലി മണ്ഡലങ്ങൾ ഉൾപ്പെടുന്ന രീതിയിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും അവിടെ ഡോക്ടർമാർ, ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ്, ലാബ്ടെക്നീഷ്യൻ എന്നിവരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുമായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന് പുതിയ കെട്ടിട സമുച്ചയം

251 (3639) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന് പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് നബാർഡ് ഫണ്ട് അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ആവശ്യമായ ആകെ തുക എത്രയെന്നും അത് പൂർണ്ണമായി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി 4030.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൻപ്രകാരം ഒന്നാംഘട്ട വികസനത്തിനായി 2352.94 ലക്ഷം രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഒന്നാംഘട്ടത്തിനായി 2000.00 ലക്ഷം രൂപ നബാർഡ് (RIDF - Loan) വിഹിതമായും (85%) ബാക്കി തുകയായ 352.94 ലക്ഷം രൂപ സംസ്ഥാന വിഹിതം (15%) ആയിട്ടാണ് തുക കണ്ടെത്തിയിരിക്കുന്നത്.

(സി) ഭരണാനുമതിക്കായി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു* .

## കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദ്രോഗ ചികിത്സാ വിഭാഗം

252 (3640) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദ്രോഗ ചികിത്സാ വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പുതിയ പദ്ധതികൾ ഏതെങ്കിലും നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

3-3-2016-ലെ സ.ഉ (എം.എസ്.) നമ്പർ 70/2016/എച്ച്. &എഫ്. ഡബ്ല്യൂ.ഡി. പ്രകാരം കോട്ടയം മെഡിക്കൽ കോളേജിലെ കാർഡിയോളജി വിഭാഗത്തെ റീജിയണൽ കാർഡിയോളജി ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റുന്നതിനുവേണ്ടി സൊസൈറ്റി ആരംഭിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ഇതിനായി ഈ സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിരുന്നില്ല. 2017-ലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ കോട്ടയം മെഡിക്കൽ കോളേജിൽ ഒരു സ്പെഷ്യലൈസ്ഡ് കാർഡിയോളജി & കാർഡിയോവാസ്കുലർ തൊറാസിക് സർജറി കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്.

**മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുവേണ്ടി ചേർക്കുന്ന രാസവസ്തുക്കൾ**

253 (3641) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിൽക്കപ്പെടുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുവേണ്ടി ഫോർമാലിൻ പോലുള്ള രാസവസ്തുക്കൾ ചേർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം രാസവസ്തുക്കൾ മനുഷ്യശരീരത്തിന് ഏതെങ്കിലും തരത്തിലുള്ള രോഗങ്ങൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ;

(സി) രാസവസ്തുക്കൾ ചേർക്കുന്നത് ഫുഡ്സേഫ്റ്റി കൺട്രോൾ വിഭാഗത്തിന്റെ അറിവിലും ശ്രദ്ധയിലുംപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല. ഇത്തരം രാസവസ്തുക്കൾ മനുഷ്യശരീരത്തിന് എന്തെങ്കിലും തരത്തിലുള്ള രോഗങ്ങൾ സൃഷ്ടിക്കുന്നതിനെപ്പറ്റി ഭക്ഷ്യസുരക്ഷാ വകുപ്പ് പ്രത്യേക പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത്സ്യത്തിൽ മനുഷ്യശരീരത്തിന് ഹാനികരമായ സോഡിയം ബെൻസോയേറ്റ്, ഫോർമാലിൻ എന്നീ രാസവസ്തുക്കൾ ചേർക്കുന്നു എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് അതോറിറ്റി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ഭക്ഷ്യസുരക്ഷാ കമ്മീഷണർ വിളിച്ചുകൂട്ടുകയും മത്സ്യത്തിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടുകൂടി ഓപ്പറേഷൻ സാഗർ റാണി എന്ന ഒരു പദ്ധതിക്ക്

രൂപം കൊടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ മത്സ്യം ലേലം ചെയ്യുകയും, വിപണനം നടത്തുകയും ചെയ്യുന്ന കേന്ദ്രങ്ങളിൽ നിന്ന് മത്സ്യവും മത്സ്യത്തിൽ ചേർക്കുന്ന ഐസും ഉൾപ്പെടെ 490 സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുകയുണ്ടായി. ഈ സാമ്പിളുകൾ കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ലാബുകളിലും പരിശോധന നടത്തി.

പരിശോധനാ ഫലങ്ങളിൽ 5 സാമ്പിളുകളിൽ സോഡിയം ബെൻസോയേറ്റിന്റെ സാന്നിദ്ധ്യവും 19 സാമ്പിളുകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യവും കണ്ടെത്തുകയുണ്ടായി. 58 ഐസ് സാമ്പിളുകൾ പരിശോധിച്ചതിൽ 11 എണ്ണത്തിൽ ഫോർമാലിന്റെ അംശം കണ്ടെത്തുകയുണ്ടായി.

ഇതേത്തുടർന്ന് സാഗർ റാണിയുടെ രണ്ടാം ഘട്ടത്തിൽ ഉപഭോക്താക്കളെയും മത്സ്യവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും പൂർണ്ണമായി ബോധവൽക്കരിക്കുന്നതിനായി ഓരോ ജില്ലകളിലും മിനിമം 3 ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഇതുകൂടാതെ ബോധവൽക്കരിക്കുന്നതിനായി ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു.

മത്സ്യ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഫുഡ് സേഫ്റ്റി ലൈസൻസ്/ രജിസ്ട്രേഷൻ എന്നിവ നിർബന്ധമാക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് ഉദ്യോഗസ്ഥന്മാരുടെ പങ്കാളിത്തത്തോടുകൂടി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ഫുഡ് സേഫ്റ്റി ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടെത്തുന്നതിനും അവരെ അത് എടുപ്പിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**തൊടുപുഴ ആശുപത്രിയിൽ പുതിയ തസ്തിക**

254 (3642) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തിയതിന് ശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു;

(ബി) ഇനിയും എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉണ്ട് ; ഇതിന് വേണ്ടി അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) സ്പെഷലൈസ്ഡ് ഡോക്ടർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) തൊടുപുഴ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയതോടൊപ്പം 15 അധിക തസ്തികകൾ സൃഷ്ടിച്ചു.

(ബി) സർക്കാരിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 5 ഡോക്ടർമാരുടെ തസ്തികകൾ അടക്കം 25 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(സി) ടി ആശുപത്രിയിൽ ദന്തൽ, ഓർത്തോ, സൈക്യാട്രി, ഫിസിഷ്യൻ, ഇ.എൻ.ടി., സ്കിൻ, ഒഫ്ത്താൽമോളജി, ഗൈനക്കോളജി, റേഡിയോളജി, പീഡിയാട്രിക്സ്, സർജറി, അനസ്തേഷ്യ, ഡെർമറ്റോളജി, പി.എം.ആർ., മെഡിസിൻ എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലുള്ള തസ്തികകൾ നിലവിലുണ്ട്.

സ്പെഷ്യാലിറ്റി കേഡറിൽ ചുവടെ ചേർത്തിരിക്കുന്ന തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ട്.

1. സീനിയർ കൺസൾട്ടന്റ് (മെഡിസിൻ) - 1
2. കൺസൾട്ടന്റ് (മെഡിസിൻ) - 1
3. കൺസൾട്ടന്റ് (സർജറി) - 1
4. കൺസൾട്ടന്റ് (സൈക്യാട്രി) - 1

**മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്ററിൽ പുതിയ തസ്തികകൾ**

255 (3643) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവ് കാൻസർ സെന്ററിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ 1211323/P3/2017 പ്രകാരം ആരോഗ്യവകുപ്പിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്, പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഡോക്ടേഴ്സ്

ഡയറക്ടർ - 1

അസിസ്റ്റന്റ് പ്രൊഫസർ - 2

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| അസിസ്റ്റന്റ് സർജൻ (ഹെൽത്ത് സർവ്വീസ് കേഡർ) | - | 2 |
| സൂപ്പർവൈസർ | - | 1 |
| ഹൗസ് കീപ്പർ | - | 2 |
| സ്റ്റാഫ് നഴ്സ് | - | 9 |
| നഴ്സിംഗ് അസിസ്റ്റന്റ് | - | 12 |

ഓഫീസ് സ്റ്റാഫ്

| | | |
|---|---|---|
| ക്ലർക്ക് | - | 2 |
| ഹെൽപ്പർ | - | 2 |
| ഡ്രൈവർ | - | 2 |
| സെക്യൂരിറ്റി | - | 3 |

(സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

**ശുചീകരണ തൊഴിലാളികൾക്ക് വേതനം**

256 (3644) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലപൂർവ്വ രോഗ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ വിവിധ ആശുപത്രികളിൽ എത്ര തൊഴിലാളികളെയാണ് നിയമിച്ചിരുന്നത്; കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഈ തൊഴിലാളികൾക്ക് മാസങ്ങളായി വേതനം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എന്ന് മുതലുള്ള വേതനമാണ് പ്രസ്തുത തൊഴിലാളികൾക്ക് കൊടുത്തു തീർക്കാനുള്ളതെന്നും അതിനായി എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മഴക്കാലപൂർവ്വ രോഗ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ വിവിധ ആശുപത്രികളിൽ 119 തൊഴിലാളികളെയാണ് നിയമിച്ചിരുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 2015 നവംബർ മാസം മുതലുള്ള വേതനം നൽകാനുണ്ട്. ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി.**

257 (3645) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. നിലവിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 37529/FW1/2014/H&FWD ഫയലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. ആരംഭിക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മാവൂർ ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. ആരംഭിക്കുന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**മത്സ്യം കേടുവരാതിരിക്കാൻ രാസവസ്തുക്കളുടെ ഉപയോഗം**

258 (*T 3646) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യം കേടുവരാതെ സൂക്ഷിക്കാൻ സോഡിയം ബെൻസോ കാർബണേറ്റ് ഉൾപ്പെടെയുള്ള മാരകമായ രാസവസ്തുക്കൾ ഉപയോഗിക്കുന്നത് തടയുന്നതിന് ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

മത്സ്യത്തിൽ മനുഷ്യശരീരത്തിന് ഹാനികരമായ സോഡിയം ബെൻസോയേറ്റ്, ഫോർമാലിൻ എന്നീ രാസവസ്തുക്കൾ ചേർക്കുന്നു എന്നുള്ള വാർത്തയുടെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പ് കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് അതോറിറ്റി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടുകയും മത്സ്യത്തിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടുകൂടി ഓപ്പറേഷൻ സാഗർ റാണി എന്ന ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ മത്സ്യം ലേലം ചെയ്യുകയും വിപണനം നടത്തുകയും ചെയ്യുന്ന കേന്ദ്രങ്ങളിൽ നിന്ന് മത്സ്യവും മത്സ്യത്തിൽ ചേർക്കുന്ന ഐസും ഉൾപ്പെടെ 490 സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുകയുണ്ടായി. ഈ സാമ്പിളുകൾ കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ലാബുകളിലും പരിശോധന നടത്തുകയും ലഭിച്ച പരിശോധനാ ഫലങ്ങളിൽ അഞ്ച് സാമ്പിളുകളിൽ സോഡിയം ബെൻസോയേറ്റിന്റെ സാന്നിദ്ധ്യവും 19 സാമ്പിളുകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യവും കണ്ടെത്തുകയുണ്ടായി. 58 ഐസ് സാമ്പിളുകൾ പരിശോധിച്ചതിൽ 11 എണ്ണത്തിൽ ഫോർമാലിന്റെ അംശം കണ്ടെത്തുകയുണ്ടായി.

ഇതേത്തുടർന്ന് സാഗർ റാണിയുടെ രണ്ടാം ഘട്ടത്തിൽ ഉപഭോക്താക്കളെയും മത്സ്യവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും പൂർണ്ണമായി ബോധവൽക്കരിക്കുന്നതിനായി ഓരോ ജില്ലകളിലും മിനിമം മൂന്ന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഇതുകൂടാതെ ബോധവൽക്കരിക്കുന്നതിനായി ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു.

മത്സ്യവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഫുഡ് സേഫ്റ്റി ലൈസൻസ്/ രജിസ്ട്രേഷൻ എന്നിവ നിർബന്ധമാക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടുകൂടി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ഫുഡ് സേഫ്റ്റി ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടെത്തുന്നതിനും അവരെകൊണ്ട് അത് എടുപ്പിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

**ആർദ്രം മിഷൻ പ്രവർത്തനങ്ങൾ**

259 (3647) ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. പി. കെ. ശശി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ചികിത്സാരംഗത്തെ കാര്യക്ഷമവും ജനസൗഹൃദവുമാക്കുന്നതിനായി സംസ്ഥാന സർക്കാർ രൂപീകരിച്ച ആർദ്രം മിഷന്റെ സംസ്ഥാന, ജില്ലാതല രൂപീകരണം പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) ആർദ്രം മിഷൻ നടപ്പിലാക്കുന്നതിനായി ആദ്യ ഘട്ടത്തിൽ ഏതെല്ലാം തലത്തിലുള്ള ആശുപത്രികളെയാണ് തെരഞ്ഞെടുക്കുന്നത്;

(സി) പ്രസ്തുത മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് വരുന്നത്;

(ഡി) ആർദ്രം മിഷൻ ജനപങ്കാളിത്തത്തോടെ ജനസൗഹൃദ ആരോഗ്യ പദ്ധതിയായി വളർത്തിയെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആർദ്രം മിഷന്റെ സംസ്ഥാനതല ഉദ്ഘാടനം 2017 ഫെബ്രുവരി 16-ന് തിരുവനന്തപുരത്ത് നടക്കുകയുണ്ടായി. ടി പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനങ്ങൾ ഫെബ്രുവരി 20-ന് ചില ജില്ലകളിലും ഫെബ്രുവരി 20-ന് ശേഷമുള്ള ആഴ്ചകളിൽ മറ്റ് ജില്ലകളിലും നടന്നിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും താലൂക്ക്/ജില്ലാതല ആശുപത്രികളുമാണ് ആരോഗ്യവകുപ്പിനുകീഴിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുന്നത്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ ഭാഗമായുള്ള ആശുപത്രികളും "ഒ.പി. ട്രാൻസ്ഫർമേഷനിൽ" (ഒ.പി. വിഭാഗങ്ങൾ രോഗീസൗഹൃദമാക്കാനുള്ള പ്രവർത്തനങ്ങൾ) ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ആർദ്രം മിഷൻ മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും, സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുക.

- ജില്ല/താലൂക്ക് തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക. (സ്റ്റാന്റേർഡൈസേഷൻ)

- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളുടേയും ആരോഗ്യ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിൽ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക.
- രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.

ഈ പ്രവർത്തനങ്ങൾക്കൊപ്പം വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിക്കൊണ്ട് ആരോഗ്യത്തെ നിർണ്ണയിക്കുന്ന സാമൂഹിക ഘടകങ്ങൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) വാർഡുതല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്നതലത്തിലുള്ള പങ്കാളിത്തമാണ് ആർദ്രം പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ പങ്കാളിത്തത്തിന് ആർദ്രം പദ്ധതിയിൽ വലിയ പ്രാധാന്യം നൽകുന്നതാണ്.

## വർക്കല ഇടവ പി.എച്ച്.സി.

260 (3648) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഇടവ പി.എച്ച്.സി.യിൽ ഉണ്ടായിരുന്ന കിടത്തി ചികിത്സ നിർത്തലാക്കിയോ; എങ്കിൽ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി) ആർദ്രം പദ്ധതിയിൽ വർക്കല മണ്ഡലത്തിലെ ചെമ്മരുതി, അയിരൂർ, മടവൂർ പി.എച്ച്.സി.കൾ ഉൾപ്പെടുത്താമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇടവ പി.എച്ച്.സി.-യിൽ മുൻകാലങ്ങളിൽ കിടത്തി ചികിത്സയ്ക്ക് ആവശ്യമായ തസ്തികകൾ അനുവദിച്ചിരുന്നു. എന്നാൽ ഇപ്പോൾ കിടത്തി ചികിത്സ ഇല്ല. ഐ.പി. വിഭാഗത്തിൽ വരുന്ന രോഗികളുടെ കുറവുമൂലം ഐ.പി. തുടരേണ്ട സാഹചര്യം ഇല്ലാതെ വരികയും തുടർന്ന് പ്രസ്തുത തസ്തികകൾ ആവശ്യം വേണ്ട മറ്റു സ്ഥാപനങ്ങളിലേക്ക് മാറ്റുകയുമാണ് ചെയ്തത്.

(ബി) കേരള സർക്കാർ ആവിഷ്കരിച്ച ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ

(റവന്യൂ/ബ്ലോക്ക് നിയമസഭാ മണ്ഡലത്തിൽ നിന്ന് ഒന്നുവീതം) കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിനാണ് നടപടികൾ സ്വീകരിച്ചു വരുന്നത്. വർക്കല മണ്ഡലത്തിൽ നിന്ന് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത് ചെമ്മരുതി പി.എച്ച്.സി.-യെയാണ്.

## സ്റ്റാഫ് നഴ്സ് തസ്തികയുടെ സ്പെഷ്യൽ റൂൾ പ്രകാരമുള്ള നിയമനം

261 (3649) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ സ്റ്റാഫ് നഴ്സ് തസ്തികയുടെ സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിന് മുമ്പ് ഉത്ഭവിച്ച പെൻഡിങ് ടേൺസ് ആരോഗ്യ വകുപ്പിൽ നിലവിലുള്ള റാങ്ക് പട്ടികയിൽ നിന്നും നികത്തും എന്ന 2016 നവംബർ 14-ലെ പി.എസ്.സി. തീരുമാനം ഉണ്ടായിട്ടും ഈ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പി.എസ്.സി.-യുടെ 2016 നവംബർ 14-ലെ തീരുമാനപ്രകാരം നിയമനം നടത്തുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## ആർദ്രം പദ്ധതി

262 (3650) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

സംസ്ഥാനത്തെ ആരോഗ്യ രംഗം കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനായി സർക്കാർ ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി ആർദ്രം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യവകുപ്പിന് കീഴിലെ എല്ലാ ജില്ലകളിലേയും തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ താലൂക്ക്/ജില്ലാതല ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ

ഉദ്ദേശിക്കുന്നത്. സർക്കാർ ആശുപത്രികളെ ഒ.പി. ട്രാൻസ്ഫർമേഷനിലൂടെ രോഗീ സൗഹൃദമാക്കുന്നതിനും താലൂക്ക്/ജില്ലാതല ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കുന്നതിനും, രോഗികൾക്ക് പ്രോട്ടോകോൾ/മാനദണ്ഡ പ്രകാരമുള്ള ഗുണമേന്മയുള്ള ചികിത്സയും സേവനങ്ങളും ലഭ്യമാക്കുക എന്നതും ആരോഗ്യരംഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉയർന്ന പങ്കാളിത്തം ഉറപ്പുവരുത്തുകയെന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി, പാരിപ്പള്ളി എന്നീ മെഡിക്കൽ കോളേജുകളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ആർദ്രം പദ്ധതി**

263 (3651) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ യൂണിവേഴ്സൽ ഹെൽത്ത് കെയർ പദ്ധതിയിൽ നിന്നും ഏതെല്ലാം കാര്യങ്ങളിലാണ് ആർദ്രം പദ്ധതി വിഭിന്നമായിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് എത്ര തസ്തികകളാണ് സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) യൂണിവേഴ്സൽ ഹെൽത്ത് കെയർ പൈലറ്റ് പ്രോജക്ട് 2 പി.എച്ച്.സി. കളിലും ഒരു സി.എച്ച്.സി.-യിലുമായി നടന്ന പ്രാഥമികാരോഗ്യ പരിരക്ഷയിലൂന്നിയ ഒരു പദ്ധതിയാണ്. ആർദ്രം പദ്ധതി പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററുകളായി മാറ്റുന്നതിനോടൊപ്പം ദ്വിതീയ, ത്രിതീയ തലത്തിലുള്ള ആശുപത്രികളുടെ വികസനവും ലക്ഷ്യമിടുന്നു. 170 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും എല്ലാ താലൂക്കിലേയും ഒരു ആശുപത്രിയിലും ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലുമാണ് ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത്. തുടർന്നുള്ള വർഷങ്ങളിൽ ഇത് സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

കേരളീയ ആരോഗ്യരംഗത്തെ എല്ലാ തലത്തിലും രോഗീ സൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുന്നതിനുമാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ആർദ്രം ദൗത്യം ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

- ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുക.
- ജില്ല/താലൂക്കുതല ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.
- രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.

(ബി) 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിൽ 5257 തസ്തികകൾ സൃഷ്ടിക്കപ്പെടുമെന്നും ഇതിൽ മൂന്നിൽ ഒന്ന് 2017-18 കാലയളവിലും ബാക്കിയുള്ളവ 2018-19, 2019-20 കാലയളവിലും പ്രാബല്യത്തിൽ വരുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ റവന്യൂ ബ്ലോക്ക് നിയമസഭാ മണ്ഡലങ്ങളിൽനിന്നും തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ | - | 230 |
| ഹെഡ് നഴ്സ്/സ്റ്റാഫ് നഴ്സ് | - | 482 |
| ലാബ് ടെക്നീഷ്യൻ | - | 133 |
| ആകെ | - | 845 |

**ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തിക**

264 (3652) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; ഒഴിവുകൾ നികത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 276 ഒഴിവുകൾ

| | | |
|---|---|---|
| (ബി) തിരുവനന്തപുരം | - | 1 |
| കൊല്ലം | - | 10 |
| പത്തനംതിട്ട | - | ഒഴിവില്ല |
| ആലപ്പുഴ | - | 10 |
| കോട്ടയം | - | 1 |
| ഇടുക്കി | - | 10 |
| എറണാകുളം | - | 2 |
| തൃശ്ശൂർ | - | 40 |
| പാലക്കാട് | - | 41 |
| മലപ്പുറം | - | 85 |
| കോഴിക്കോട് | - | 10 |
| വയനാട് | - | 35 |
| കണ്ണൂർ | - | 31 |
| കാസർഗോഡ് | - | ഒഴിവില്ല |

ഒഴിവുകൾ നികത്തുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതാണ്

**വർക്കല പള്ളിക്കൽ സി.എച്ച്. സി.**

265 (3653) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പള്ളിക്കൽ സി.എച്ച്.സി. യിൽ കിടത്തി ചികിത്സക്ക് ആവശ്യമായ കെട്ടിടം നിർമ്മിക്കുമോ;

(ബി) പള്ളിക്കൽ സി.എച്ച്.സി.-യിൽ അവശ്യം വേണ്ട സ്റ്റാഫിനെ അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) സ.ഉ.(സാധാ) നമ്പർ 731/2013 ആ.കു.വ. പ്രകാരം വർക്കല മണ്ഡലത്തിലെ ടി സി.എച്ച്.സി.-ക്ക് 20 കിടക്കകൾ അനുവദിച്ച് കിടത്തി ചികിത്സ

അനുമതി ഉത്തരവായിട്ടുണ്ട്. മുൻ എം.എൽ.എ. ശ്രീ. വർക്കല കഹാർ അവർകളുടെ എം.എൽ.എ. ഫണ്ടിൽ നിന്നും ഒരു കോടി രൂപയുടെ ഐ.പി. കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുകയും പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട എം.എൽ.എ. അഡ്വ. വി. ജോയി അവർകൾ പള്ളിക്കൽ സി.എച്ച്.സി.-ക്ക് ഇരുനില കെട്ടിടം നിർമ്മിക്കുന്നതിന് നാല് കോടി രൂപ ബജറ്റിൽ വകയിരുത്തണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പുമന്ത്രിക്ക് നൽകിയ കത്തിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി, കിടത്തി ചികിത്സ ആരംഭിക്കുന്നമുറയ്ക്ക് ആവശ്യമെങ്കിൽ പരിഗണിക്കാവുന്നതാണ്.

**കോങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

266 (3654) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടേയും ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് പരിപാടികളുടേയും വിശദവിവരം നൽകുമോ;

(ബി) 2017-18 വർഷക്കാലയളവിൽ പൂർത്തീകരിക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കാനുദ്ദേശിച്ച നവകേരള മിഷന്റെ നാല് ഘടകങ്ങളിൽ ഒന്നാണ് ആർദ്രം മിഷൻ. ഗവൺമെന്റ് ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് ആരംഭിച്ച ആർദ്രം മിഷൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാൻ ലക്ഷ്യമിടുന്നു. ഈ മിഷന്റെ ആദ്യഘട്ടത്തെ പ്രവർത്തനത്തിൽ കോങ്ങോട് മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിരിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രമാണ് കല്ലാടിക്കോട് (kalladikode) പ്രാഥമികാരോഗ്യകേന്ദ്രം. ഇതിലേയ്ക്കുള്ള പ്രവർത്തനമെന്ന നിലയിൽ ഡോക്ടർമാരുടേയും സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെയും അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(ബി) കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്ന പ്രക്രിയ 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കി തുടങ്ങുന്നതാണ്.

## മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ്

267 (3655) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് രൂപീകരിക്കാൻ തിരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ബോർഡിന്റെ ഘടന എങ്ങനെയായിരിക്കുമെന്നും ബോർഡിന്റെ ചുമതലകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(സി) ബോർഡ് നിലവിൽ വന്നാൽ കീമോതെറാപ്പി ചികിത്സ നടത്തുന്നത് മെഡിക്കൽ ഓങ്കോളജിസ്റ്റുകൾക്ക് മാത്രമായി പരിമിതപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കാൻസർ ചികിത്സയ്ക്ക് പ്രധാനമായും റേഡിയേഷൻ ഓങ്കോളജിസ്റ്റ്, മെഡിക്കൽ ഓങ്കോളജിസ്റ്റ്, സർജിക്കൽ ഓങ്കോളജിസ്റ്റ് എന്നീ കാൻസർ വിദഗ്ദ്ധരുടെ സേവനം ആവശ്യമുണ്ട്. ഈ മൂന്ന് ചികിത്സാ രീതികളേയും സമന്വയിപ്പിച്ചുകൊണ്ടാണ് ലോകോത്തര കാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ ചികിത്സ നടത്തുന്നത്. ടാറ്റാ മെമ്മോറിയൽ സെന്റർ, ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, മലബാർ കാൻസർ സെന്റർ തുടങ്ങിയ മേജർ കാൻസർ ചികിത്സാ കേന്ദ്രങ്ങളിൽ ഈ സംയോജിത ചികിത്സാ രീതിയാണ് അനുവർത്തിച്ചുപോരുന്നത്. രോഗികളുടെ ഉത്തമ താൽപ്പര്യം മുൻനിർത്തിയാണ് ഈ രീതി നടപ്പിലാക്കുന്നത്. ആർ.സി.സി.-യിലും വ്യത്യസ്ത ചികിത്സാ വിഭാഗങ്ങളിലൂടെ ഈ മൂന്ന് വിദഗ്ദ്ധരുടെയും സേവനം രോഗികൾക്ക് ലഭ്യമാക്കിയിരുന്നു. എന്നാൽ ഈ മൂന്ന് വിഭാഗങ്ങളിലേയും വിദഗ്ദ്ധരെ ഒരേ ക്ലിനിക്കിൽത്തന്നെ ലഭ്യമാക്കിക്കൊണ്ട് 2017 ജനുവരി മാസം രണ്ടാം തീയതി മുതൽ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് ആർ.സി.സി.-യിൽ രൂപീകരിച്ചുകൊണ്ട് ഉത്തരവായി. ഇതുവഴി ഓരോ കാൻസർ രോഗത്തിനുമുള്ള സമഗ്ര ചികിത്സ രോഗികൾക്ക് ലഭ്യമാക്കുവാനും അതുവഴി ചികിത്സാ ഗുണനിലവാരം ഉയർത്തുവാനും സാധിക്കും. പുതുതായി എത്തുന്ന രോഗികൾക്ക്

ചികിത്സ സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നത് മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡാണ്. എന്നാൽ ഈ ബോർഡ് കൈക്കൊള്ളുന്ന തീരുമാനത്തിൽ എന്തെങ്കിലും ആക്ഷേപമുള്ളപക്ഷം ഇതിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് മെഡിക്കൽ ഓങ്കോളജി, പീഡിയാട്രിക്സ് ഓങ്കോളജി, റേഡിയേഷൻ ഓങ്കോളജി, ന്യൂക്ലിയർ മെഡിസിൻ എന്നീ വകുപ്പ് മേധാവികളെ കാതൽ അംഗങ്ങളാക്കി (core members) ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ മീറ്റിംഗുകളിൽ ഓരോ വിഭാഗത്തിലേയും മുതിർന്ന ഫാക്കൽറ്റികളേയും ക്ഷണിക്കാറുണ്ട്. ഈ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും. ആർ.സി.സി. 2-1-2017, 14-2-2017 എന്നീ തീയതികളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളനുസരിച്ചാണ് പ്രസ്തുത ബോർഡിന്റെ ഘടനയും ചുമതലകളും വ്യക്തമാക്കിയിരിക്കുന്നത്.

(സി) ഇല്ല.

**സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അഭാവം**

268 (3656) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

പാലക്കാട് ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക നിലവിലില്ല. ആർദ്രം പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

**നടേരിയിലെ പ്രാഥമികാരോഗ്യ ഉപകേന്ദ്രത്തിന്റെ കെട്ടിടം**

269 (3657) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിൽ 211 -ാം ഡിവിഷനിൽ നടേരിയിലെ അപകടാവസ്ഥയിലായ പ്രാഥമികാരോഗ്യ ഉപകേന്ദ്രത്തിന്റെ കെട്ടിടം പൊളിച്ചു മാറ്റുന്നതിനായി സെക്രട്ടേറിയറ്റിൽ സമർപ്പിച്ച അപേക്ഷ എന്നാണ് ബന്ധപ്പെട്ട സെക്ഷനിൽ ലഭിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ ബന്ധപ്പെട്ട ഫയലിൽ നാളിതുവരെ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പഴയ കെട്ടിടം പൊളിക്കുന്നതിന് അനുമതിയാവാത്തതിനാൽ ഇവിടെ ആസ്തി വികസന പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്ന പദ്ധതി തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന് എന്താണ് തടസ്സം എന്ന് വ്യക്തമാക്കാമോ;

(ഇ) അപകടാവസ്ഥയിലുള്ള കെട്ടിടം പൊളിച്ചുമാറ്റാത്തതിനാൽ ജനങ്ങൾക്ക് സുരക്ഷാ ഭീഷണി ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) നടേരി അർബൻ ഹെൽത്ത് സെന്ററിന്റെ പഴയ കെട്ടിടം പൊളിച്ചു മാറ്റുന്നത് സംബന്ധിച്ച് ആവശ്യപ്പെട്ടിരുന്ന അധിക റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ലഭിച്ചിട്ടില്ല.

(ഇ) ജനങ്ങൾക്ക് സുരക്ഷാഭീഷണിയുണ്ടെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചതായി ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ജനങ്ങളുടെ ആരോഗ്യവിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കാനുള്ള പദ്ധതി**

270 (3658) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കാനുള്ള ജീവൻരേഖ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി എത്ര തുക കേന്ദ്ര സഹായം ലഭിച്ചു എന്നും സംസ്ഥാന സർക്കാർ എത്ര തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു എന്നും വ്യക്തമാക്കാമോ;

(ബി) പദ്ധതിയിൽ സർക്കാർ/സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പദ്ധതിയിൽ അംഗങ്ങളാകുന്ന ആശുപത്രികൾക്ക് പ്രത്യേക രജിസ്ട്രേഷൻ നല്കുകയും സമയബന്ധിതമായി സർക്കാർ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജീവൻ രേഖാ പദ്ധതിക്കായി കേന്ദ്രം അനുവദിച്ചിരിക്കുന്ന തുക 86.6945 കോടി രൂപയാണ്. ഇതിൽ 43.3473 കോടി രൂപ ലഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ചെലവഴിക്കാൻ വിഭാവന ചെയ്തിട്ടുള്ളത് 9.43 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷം വരെ ഈ പദ്ധതിക്കുവേണ്ടി സംസ്ഥാന ബജറ്റിൽ 7.88 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സർക്കാർ മേഖലയിലുള്ള അലോപ്പതി ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സ്വകാര്യ ആശുപത്രികളെ ഉൾക്കൊള്ളിക്കുന്ന തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

(സി) പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ ഉള്ള എല്ലാ ആരോഗ്യകേന്ദ്രങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ പ്രത്യേക രജിസ്ട്രേഷൻ ആവശ്യമായി വരുന്നില്ല. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

## ഡയാലിസിസ് തേടുന്ന രോഗികളുടെ എണ്ണത്തിലെ വർദ്ധനവ്

271 (3659) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസ് തേടുന്ന രോഗികളുടെ എണ്ണത്തിലെ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത രോഗികൾക്കായി എന്തൊക്കെ സേവനങ്ങൾ / സൗകര്യങ്ങളാണ് സർക്കാർ ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതൊക്കെ ആശുപത്രികളിലാണ് ഡയാലിസിസ് സൗകര്യം നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ഡി) മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജീവിതശൈലീ രോഗങ്ങളായ ഡയബറ്റിസ്, ഹൈപ്പർ ടെൻഷൻ എന്നിവയുടെ പരിണിതഫലമായി Chronic Renal Failure എന്ന അസുഖ സ്ഥിതി സംജാതമാകുകയും ഇത് End Stage Renal Failure-ലേയ്ക്ക് നയിക്കുകയും ചെയ്യുന്നു.

ഇത്തരം രോഗികൾക്കാണ് ഡയാലിസിസ് ആവശ്യമായി വരുന്നത്. ഈ സ്ഥിതി എത്തുന്നതിനുമുൻപ് ജീവിതശൈലീ രോഗങ്ങൾ കണ്ടുപിടിക്കാനും ചികിത്സിക്കുവാനും സൗജന്യമരുന്നുകൾ ലഭ്യമാക്കാനുമുള്ള നടപടികൾ ആരോഗ്യവകുപ്പ് നടത്തി വരുന്നുണ്ട്. NCD Clinic-കുകൾ വഴി അസുഖം കണ്ടുപിടിക്കുകയും Sub Centre മുഖേന ഡയബറ്റിക്സ്, ഹൈപ്പർ ടെൻഷൻ എന്നീ രോഗാവസ്ഥകൾക്ക് മരുന്ന് സൗജന്യമായി നൽകുകയും ചെയ്യുന്നു. ഡയാലിസിസ് ആവശ്യമായി വരുന്നപക്ഷം നിലവിലുള്ള 42 ഡയാലിസിസ് സെന്ററുകളിലെ 39 പ്രവർത്തനസജ്ജമായ യൂണിറ്റുകൾ മുഖേന കുറഞ്ഞ നിരക്കിൽ ഡയാലിസിസ് നൽകിവരുന്നു.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ ഡയാലിസിസ് സൗകര്യം നിലവിലുള്ള ആശുപത്രികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം, മഞ്ചേരി എന്നീ മെഡിക്കൽ കോളേജുകളിൽ ഡയാലിസിസ് സൗകര്യം ലഭ്യമാണ്.

(ഡി) മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ ആറ് കിടക്കകളോടുകൂടിയ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നാഷണൽ ഹെൽത്ത് മിഷന്റെ പരിഗണനയിലാണ്.

**കാൻസർ രോഗബാധിതരുടെ എണ്ണത്തിലെ വർദ്ധനവ്**

272 (3660) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർഷംതോറും കാൻസർ രോഗബാധിതരുടെ എണ്ണത്തിൽ വൻ വർദ്ധനവ് ഉണ്ടാകുന്ന സാഹചര്യത്തിൽ, കൂടുതൽ ജില്ലാ ആശുപത്രികളിലും താലൂക്കാശുപത്രികളിലും ജനറൽ ആശുപത്രികളിലും കാൻസർ രോഗചികിത്സയ്ക്കും പാലിയേറ്റീവ് കെയറിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സേവനം നൽകുന്നതിനും സർക്കാർ തലത്തിൽ ചികിത്സാ കേന്ദ്രങ്ങളുടെ ദൗർലഭ്യത്തിന് പരിഹാരം എന്ന നിലയിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജില്ലാ കാൻസർ കെയർ പദ്ധതി. ഓരോ ജില്ലയിലും ആരോഗ്യവകുപ്പിന് കീഴിലുള്ള ഒരു ആശുപത്രിയിൽ അർബുദ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചികിത്സയ്ക്കും നിർണ്ണയത്തിനും ഒരു കെയർ സെന്റർ എന്ന ഉദ്ദേശത്തോടെ ആരംഭിച്ച ഈ പദ്ധതി ഇന്ന് സംസ്ഥാനത്തെ 12 ജില്ലകളിൽ പ്രവർത്തനക്ഷമമാണ്. കൂടുതൽ ആശുപത്രികളിൽ ഈ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ സൗകര്യങ്ങളും പാലിയേറ്റീവ് കീമോതെറാപ്പി വാർഡുകളും ഉൾപ്പെടുത്തിക്കൊണ്ട് കാൻസർ ചികിത്സാരംഗം ശക്തിപ്പെടുത്തുന്നതിനായി സമഗ്ര കാൻസർ ചികിത്സാ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിക്കുന്നതാണ്.

## ലബോറട്ടറി ടെക്നീഷ്യന്റെ ഒഴിവുകൾ

273 (3661) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലാത്തപക്ഷം റിപ്പോർട്ട് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

കൊല്ലം - 4

പത്തനംതിട്ട - 2

ആലപ്പുഴ -5 (ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 4, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1)

കോട്ടയം - 4

ഇടുക്കി - 14

എറണാകുളം - 5

തൃശ്ശൂർ - 18 (ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 7, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 11)

പാലക്കാട് - 13

മലപ്പുറം - 6

കോഴിക്കോട് - 9

വയനാട് - 5

കണ്ണൂർ - 1

കാസർഗോഡ് - 11

(ബി) ആരോഗ്യവകുപ്പിന് കീഴിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 12 ഒഴിവുകൾ എൻ.ജെ.ഡി. ഒഴിവുകളാണ്. എൻ.ജെ.ഡി. വേക്കൻസികൾ അതത് മെഡിക്കൽ കോളേജിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

## നിലമ്പൂർ ജില്ലാ ആശുപത്രി നവീകരണം

274 (3662) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ജില്ലാ ആശുപത്രിയിൽ ഇന്റൻസീവ് കാർഡിയാക് കെയർ യൂണിറ്റ് ( ICCU), ബ്ലഡ് ബാങ്ക്,ട്രോമാ കെയർ യൂണിറ്റ്, ഫ്രീസർ മോർച്ചറി, വേസ്റ്റ് മാനേജ്മെന്റിന്റെ ഭാഗമായുള്ള ഇൻസിനറേറ്റർ (Incinarator), വാട്ടർ റീസൈക്ലിംഗ് സിസ്റ്റം എന്നിവയില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) Night Soil Plant സ്ഥാപിക്കുവാനുള്ള സ്ഥലസൗകര്യം നിലമ്പൂർ ജില്ല ആശുപത്രിയിൽ ഉണ്ടോ; ഉണ്ടെങ്കിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ICCU നിലവിലില്ല. എന്നാൽ അത്യാഹിത അവസ്ഥകൾ ചികിത്സിക്കാനുള്ള ICCU ആശുപത്രിയിൽ നിലവിലുണ്ട്. ഇവിടെ വെന്റിലേറ്റർ, ഇൻക്യുബേറ്റർ തുടങ്ങിയ ഉപകരണങ്ങളും ലഭ്യമാണ്. ICCU (Intensive Cardiac Care Unit) കാർഡിയോളജിസ്റ്റ് ഉള്ള സ്ഥാപനങ്ങളിലേ ഏർപ്പെടുത്തേണ്ടതുള്ളൂ.

ആശുപത്രിയിൽ മോർച്ചറിയും ഫ്രീസറും നിലവിലുണ്ട്.

ഇൻസിനറേറ്റർ സ്ഥാപിക്കാൻ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിക്കാനുള്ള നടപടികൾ ആശുപത്രി തലത്തിൽ സ്വീകരിച്ചു വരുന്നു.

വാട്ടർ റീസൈക്ലിംഗ് സിസ്റ്റം സ്ഥാപിക്കാനുള്ള പ്രൊപ്പോസലിൽ വരും വർഷങ്ങളിലെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സ്ഥലസൗകര്യം ലഭ്യമല്ല.

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ്**

275 (3663) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നത് ആരോഗ്യ വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) കാത്ത് ലാബ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ മാമ്മോഗ്രാം സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) ബാധകമല്ല.

(സി) നിലവിലില്ല.

**കോഴിക്കോട് ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് തുടങ്ങുന്നതിന് നടപടി**

276 (3664) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് തുടങ്ങുന്നതിന് എത്ര രൂപയാണ് സർക്കാർ അനുവദിച്ചതെന്ന് വിശദമാക്കുമോ;

(ബി) കാത്ത് ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഒരു നടപടികളും ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കോഴിക്കോട് ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് 1100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ KMSCL & KHRWS എന്നിവ മുഖേന സ്വീകരിച്ച് വരുന്നു.

## മെഡിക്കൽ കോളേജ് ആശുപത്രികളിലെ സ്റ്റാഫ് നഴ്സമാരുടെ കുറവ്

277 (3665) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളജ് ആശുപത്രികളിലെ സ്റ്റാഫ് നഴ്സമാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) 810 സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലടങ്ങിയ ഫയലിൽ (ഫയൽ നമ്പർ ഡി.എം.ഇ. P2/19968/2015 തീയതി 1-2-2016) അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഫയലിൻെറ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) 810 സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

## കുന്ദമംഗലം പ്രാഥമിക ആരോഗ്യകേന്ദ്രം

278 (3666) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ പുന:സ്ഥാപിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

ആരോഗ്യവകുപ്പ് ഡയറക്ടറിൽ നിന്നും ശിപാർശകളൊന്നും ലഭിച്ചിട്ടില്ല.

## ഇരിക്കൂർ താലൂക്ക് ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ

279 (3667) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ സി. എച്ച്. സി. താലൂക്ക് ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ ആവശ്യമായ തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) താലൂക്ക് ആശുപത്രിക്കുള്ള സ്റ്റാഫ് പാറ്റേൺ എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവിടെ ഒരു കാത്ത് ലാബ് സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള സമാഹൃത പ്രൊപ്പോസലിൽ ഇരിക്കൂർ താലൂക്ക് ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) താലൂക്ക് ആശുപത്രിയുടെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(സി) തെരഞ്ഞെടുത്ത ജില്ലാതല ആശുപത്രികളിലാണ് കാത്ത് ലാബ് സൗകര്യം ഒരുക്കാനുള്ള നടപടികൾ എടുത്തുവരുന്നത്.

**കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി**

280 (3668) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവർത്തിക്കുന്ന എച്ച്.എൽ.എൽ. എന്ന സ്ഥാപനവും സർക്കാരും തമ്മിലുണ്ടാക്കിയ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇവിടെ നടത്തുന്ന എംആർഐ സ്കാനിംഗിന് എച്ച്ഡിസി.-യുടെ നിരക്കിനെക്കാൾ ഉയർന്ന നിരക്കാണ് രോഗിയിൽ നിന്നും ഈടാക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാധാരണക്കാരായ രോഗികൾക്ക് ലഭ്യമാക്കേണ്ട ആർഎസ് ബിവൈ ഇൻഷ്വറൻസ് മുഖേന ലഭിക്കേണ്ട ടെസ്റ്റുകൾ ഇവിടെ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോക്ലിയർ ഇംപ്ലാന്റ് സർജറിയുടെ തുടർചികിത്സ

281 (3669) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോക്ലിയർ ഇംപ്ലാന്റ് സർജറിയുടെ തുടർ ചികിത്സകൾക്കും കേടുവരുന്ന ഉപകരണങ്ങൾ മാറ്റിവയ്ക്കുന്നതിനും സർക്കാർ സഹായങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കോക്ലിയർ ഇംപ്ലാന്റ് സർജറി പദ്ധതിയിൽ, നിലവിൽ നിശ്ചയിച്ചിട്ടുള്ള കുട്ടികളുടെ പ്രായപരിധി വർദ്ധിപ്പിക്കുന്നതിനും സഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കോക്ലിയർ ഇംപ്ലാന്റ് സർജറി സൗകര്യം തൃശ്ശൂർ ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രുതിതരംഗം പദ്ധതിയിലൂടെ കോക്ലിയർ ഇംപ്ലാന്റ് ശസ്ത്രക്രിയ നടത്തിയ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റിന് 10 വർഷവും സ്പീച്ച് പ്രോസസറിന് നാല് വർഷവും മറ്റ് അക്സസറീസിന് സ്റ്റാൻഡേർഡ് വാറന്റിയുമാണുള്ളത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ശസ്ത്രക്രിയക്ക് വിധേയരായ 200 കുട്ടികളുടെ സ്പീച്ച് പ്രോസസറിന്റേയും അക്സസറീസിന്റെയും വാറണ്ടി അവസാനിക്കുന്നമുറയ്ക്ക് രണ്ട് വർഷത്തേക്കുകൂടി നീട്ടി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) പരിശോധിക്കുന്നതാണ്.

## ജീവിതശൈലീ രോഗങ്ങൾ തടയുന്നതിന് വേണ്ടിയുള്ള പദ്ധതികൾ

282 (3670) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ തടയുന്നതിന് വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ ഭാഗമായി താലൂക്ക് ആസ്ഥാന ആശുപത്രികളിലും, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും എന്തെല്ലാം സേവനങ്ങൾ ലഭ്യമാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതികളുടെ ഭാഗമായി സംസ്ഥാനത്തെ നൂറ് ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിൽ ജീവിതശൈലീ രോഗങ്ങളുടെ നിർണ്ണയത്തിനും നിയന്ത്രണത്തിനുമായി എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്. ഫണ്ടുകൾ വിനിയോഗിച്ചുകൊണ്ട് ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഡയറ്റീഷ്യൻമാർ തുടങ്ങിയ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ ഈ ക്ലിനിക്കുകളിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തെരഞ്ഞെടുത്ത ആശുപത്രികളിൽ കൊറോണറി കെയർ യൂണിറ്റ് ആരംഭിക്കുന്നതിനും കാത്ത് ലാബുകൾ സജ്ജീകരിക്കുന്നതിനും ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. ഇതിനുപുറമേ ഡയബറ്റിക് റെറ്റിനോപതി, ഡയബറ്റിക് ഫൂട്ട് (Foot) ക്ലിനിക്ക്, സി.ഒ.പി.ഡി. ക്ലിനിക്ക്, പക്ഷാഘാത ക്ലിനിക്ക് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള സർക്കാർ പ്രഖ്യാപിച്ച ആർദ്രം മിഷനിൽ ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ പരിചരണത്തിന്റെ പ്രധാന ഘടകമായ പി.എച്ച്.സി.-കളും ഉപകേന്ദ്രങ്ങളും രോഗാതുരതയിലുണ്ടായ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിൽ വിപുലപ്പെടുത്തും. മാതൃശിശു ആരോഗ്യ കാര്യങ്ങൾക്കും, പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലീരോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി അവയെ മാറ്റുന്നതാണ്. കുടുംബഡോക്ടർ തലത്തിലേക്ക് ഈ മേഖലയിലെ ഡോക്ടർമാരെ മാറ്റുന്നതിനും അവരുടെ കഴിവും അറിവും വർദ്ധിപ്പിക്കുന്നതിനുമായി പരിശീലനങ്ങളും കോഴ്സുകളും നടത്തുന്നതാണ്. ഈ സെന്ററുകളിൽ ലാബ് സൗകര്യങ്ങളും സജ്ജമാക്കും.

**ഐരാണിമുട്ടം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം**

283 (3671) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐരാണിമുട്ടം സാമൂഹിക ആരോഗ്യകേന്ദ്രത്തിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടും ആയത് പ്രവർത്തനമാരംഭിക്കുന്നതിന് നിലവിലുള്ള തടസ്സമെന്താണ്; പുതിയ കെട്ടിടത്തിൽ ഐ.പി. വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) നിലവിലുള്ള ഒ.പി.വിഭാഗം പൂർണ്ണമായി പ്രവർത്തിപ്പിക്കുന്നതിനായി ഡോക്ടർമാരുടേയും ജീവനക്കാരുടേയും കുറവ് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഐരാണിമുട്ടം സി.എച്ച്.സി.-യിൽ പി.ഡബ്ല്യൂ.ഡി പണി പൂർത്തിയാക്കിയ കെട്ടിടം തുറന്നുപ്രവർത്തിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള സ്റ്റാഫിനെ കൂടാതെ അധിക തസ്തികകൾ സൃഷ്ടിച്ചാൽ മാത്രമേ പുതിയ ബിൽഡിംഗിൽ പൂർണ്ണമായി ഐ.പി. സംവിധാനം ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ബി) നിലവിൽ ഐരാണിമുട്ടം സി.എച്ച്.സി.-യിൽ 3 ഡോക്ടർമാരാണുള്ളത്. ടി സ്ഥാപനത്തിലെ ഒരു മാസത്തെ ആവറേജ് ഒ.പി. 4849-ഉം ഐ.പി.-12-ഉം ആണ്. നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് ഒ.പി. പ്രവർത്തനം മുടക്കം കൂടാതെ നടന്നുവരുന്നുണ്ട്.

**സർക്കാർ മേഖലയിലെ ആശുപത്രി**

284 (3672) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ ഏതെല്ലാം രീതിയിലുള്ള ആശുപത്രികളാണ് നിലവിലുള്ളത്;

(ബി) ഓരോ കാറ്റഗറിയിലുമുള്ള ആശുപത്രിയേയും തരം തിരിച്ചിരിക്കുന്നത് എന്ത് മാനദണ്ഡത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

(എ) ഓരോ പഞ്ചായത്തിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രം, ബ്ലോക്ക് തലത്തിൽ സാമൂഹികാരോഗ്യകേന്ദ്രം, താലൂക്ക് തലത്തിൽ താലൂക്ക് ആശുപത്രികൾ, ജില്ലാ തലത്തിൽ ജില്ലാ ആശുപത്രികൾ, ജില്ലാ ആശുപത്രികൾക്കു മുകളിൽ ജനറൽ ആശുപത്രികൾ, സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്ന ത്വക്ക് രോഗാശുപത്രികൾ, നെഞ്ചുരോഗാശുപത്രികൾ, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ, മാനസികാരോഗ്യകേന്ദ്രങ്ങൾ, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, റീജിയണൽ ക്യാൻസർ സെന്റർ, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട്, മലബാർ ക്യാൻസർ കെയർ സെന്റർ എന്നിവയാണ്.

(ബി) പഞ്ചായത്ത് തലത്തിൽ പ്രാഥമികാരോഗ്യകേന്ദ്രം, ബ്ലോക്ക് തലത്തിൽ സാമൂഹികാരോഗ്യകേന്ദ്രം, താലൂക്ക് തലത്തിൽ ഒരു താലൂക്ക് ആശുപത്രി, ജില്ലാ തലത്തിൽ ഒരു ജില്ലാ ആശുപത്രി, അതിനുമുകളിൽ ജനറൽ ആശുപത്രികൾ, സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായുള്ള സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ എന്നിവയായിരുന്നു ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികൾ. എന്നാൽ ഓരോ പ്രദേശത്തിന്റേയും ആവശ്യങ്ങളും, ഒ.പി.-ഐ.പി. രോഗികളുടെ അനുപാതവും അനുസരിച്ച് കഴിഞ്ഞ കുറെക്കാലങ്ങളായി സർക്കാർ ആശുപത്രികളുടെ നിലവാരം ഉയർത്താറുണ്ടായിരുന്നു. ഇപ്രകാരം സി.എച്ച്.സി.-കൾ താലൂക്ക് ആശുപത്രികളായും, താലൂക്ക് ആശുപത്രികൾ ജില്ലാ/ജനറൽ ആശുപത്രികളായും ഉയർത്തപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ ആർദ്രം പദ്ധതിയനുസരിച്ച് വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്ക്/ ബ്ലോക്ക്/ഗ്രാമപഞ്ചായത്തുതല ആരോഗ്യസ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനഃക്രമീകരിക്കുവാൻ (സ്ഥാപനങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ) ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയനുസരിച്ച് ഘട്ടംഘട്ടമായി ഒരു പഞ്ചായത്തിൽ കുടുംബാരോഗ്യകേന്ദ്രം എന്ന നിലയിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും (സി.എച്ച്.സി.-യോ മറ്റ് ഗവൺമെന്റ് ആശുപത്രിയോ ഉണ്ടെങ്കിൽ അതു മതിയാകും) ബ്ലോക്ക് തലത്തിൽ ഒരു സി.എച്ച്.സി.-യും താലൂക്ക് തലത്തിൽ നിശ്ചിത മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും, ജില്ലയിൽ നിശ്ചിത നിലവാരത്തോടുകൂടിയ ഒരു ജില്ലാ തല ആശുപത്രിയും, സ്പെഷ്യാലിറ്റി സൗകര്യത്തോടെ ഓരോ ജില്ലയിലും ജനറൽ ആശുപത്രിയും ആണ് ലക്ഷ്യമിടുന്നത്.

### പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ സേവനം

285 (3673) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ ഡോക്ടർമാരുടെ സേവനത്തിനായി നിലവിൽ നിശ്ചയിച്ചിരിക്കുന്ന സമയക്രമം എന്തെന്ന് അറിയിക്കുമോ;

(ബി) താലൂക്ക് ആശുപത്രികളിൽ ഡോക്ടർമാരുടെ സേവനസമയം നിയമപ്രകാരം നിശ്ചയിച്ചിരിക്കുന്നതെത്രയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ രാവിലെ 8 മണി മുതൽ 1 മണിവരെയാണ് സമയം.

(ബി) താലൂക്ക് ആശുപത്രികളിൽ ഡോക്ടേഴ്സിന്റെ ഒ.പി. സമയം രാവിലെ 8 മണി മുതൽ 1 മണിവരെയാണ്. ഷിഫ്റ്റ് ഡ്യൂട്ടിയുള്ള താലൂക്ക് ആശുപത്രികളിൽ രാവിലെ 8 മണി മുതൽ 2 വരേയും, 2 മുതൽ 8 മണി വരേയും രാത്രി 8 മണി മുതൽ രാവിലെ 8 മണിവരെയാണ് സമയക്രമം.

(സി) 24 മണിക്കൂറും സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ച് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വിപണനം നടത്തുന്ന കമ്പനികൾ**

286 (3674) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വിപണനം നടത്തുന്ന കമ്പനികൾ ഏതെല്ലാം എന്നും ഓരോ കമ്പനിയും എത്ര ഉല്പന്നങ്ങൾ വിപണനം നടത്തുന്നു എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മരുന്ന് കമ്പനികൾക്കും അവരുടെ ഉല്പന്നങ്ങൾക്കും രജിസ്ട്രേഷനും ആയതിനായുള്ള രജിസ്റ്റർ ബുക്കും സംസ്ഥാനത്ത് നിലവിലുണ്ടോ എന്നും മറ്റേതെല്ലാം സംസ്ഥാനങ്ങളിൽ ഇവ നിലവിലുണ്ട് എന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് വിപണനം നടത്തുന്ന മരുന്നുകൾക്കും അനുബന്ധ മെഡിക്കൽ ഉല്പന്നങ്ങൾക്കും കമ്പനിയുടെ പേര്, ബ്രാന്റ്, ബാച്ച് നമ്പർ, രാസനാമവും സംയുക്തങ്ങളുടെയും വിശദാംശം, നിർമ്മിച്ച തീയതി, കാലാവധി, വില എന്നിവ രേഖപ്പെടുത്തിയാണോ വിപണനം നടത്തുന്നത് എന്ന് പരിശോധിക്കാറുണ്ടോ;

(ഡി) എങ്കിൽ കഴിഞ്ഞ 2 വർഷങ്ങളിലായി ഏതെല്ലാം കമ്പനിയുടെ ഉല്പന്നങ്ങൾ പരിശോധിച്ചു; ഇത്തരം വിഷയങ്ങളിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ കമ്പനികളും ഉല്പന്നങ്ങളും ഏതെല്ലാം എന്ന് വർഷം തിരിച്ച് വിശദമായി വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ 2 വർഷക്കാലയളവിൽ സംസ്ഥാനത്ത് വിപണനം നടത്തിയ ഓരോ കമ്പനികളുടെയും ഉല്പന്നങ്ങളിൽ എത്ര ശതമാനം ഉല്പന്നങ്ങൾക്ക് ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട്; വിശദമായി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ലഭ്യമായ മരുന്നുകളുടേയും മെഡിക്കൽ ഉപകരണങ്ങളുടേയും സിംഹഭാഗവും മറ്റ് സംസ്ഥാനങ്ങളിൽ (ഗുജറാത്ത്, മഹാരാഷ്ട്ര, ഹിമാചൽപ്രദേശ് തുടങ്ങിയ സ്ഥലങ്ങളിൽ) നിർമ്മിച്ച് വിപണനം ചെയ്യുന്നവയാണ്. മരുന്നുകളുടെ നിർമ്മാണം, വിതരണം, വിൽപ്പന എന്നിവ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കർശന നിരീക്ഷണത്തിലാണ് നടക്കുന്നത്. കമ്പനി ഡിപ്പോയിൽ നിന്ന് സംസ്ഥാനത്തെ ജില്ലാതല വിതരണക്കാർ വഴി റീട്ടെയിൽ വ്യാപാരികൾക്കും ആശുപത്രികൾക്കും മരുന്നുകൾ എത്തിക്കുന്നതാണ് നിലവിലെ വിപണന രീതി. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിലേക്ക് വാങ്ങി നൽകിയ ഉപകരണങ്ങളുടെ പേര് വിവരങ്ങളും വിതരണക്കാരുടെ പേരുകളും അനുബന്ധം (1) ആയി ചേർക്കുന്നു*.

2016-17-ൽ കെ.എം.എസ്.സി.എൽ വഴി മരുന്ന് വിതരണം നടത്തിയ കമ്പനികളുടെ പേരും ഉല്പന്നങ്ങളുടെ എണ്ണവും 2017-18-ൽ മരുന്ന് വിതരണത്തിനായി യോഗ്യത നേടിയ കമ്പനികളുടെ പേരും, ഉല്പന്നങ്ങളുടെ എണ്ണവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർക്കുന്നു*.

(ബി) മരുന്ന് നിർമ്മാണ കമ്പനികളുടെയും അവരുടെ ഉൽപ്പന്നങ്ങളുടെയും രജിസ്ട്രേഷൻ അവ നിർമ്മിക്കപ്പെടുന്ന സംസ്ഥാനത്ത് മാത്രമാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. രാജ്യത്തൊട്ടാകെ ഇത് ക്രോഡീകരിച്ചുള്ള വിശദാംശങ്ങൾ നിലവിൽ ലഭ്യമല്ല. സംസ്ഥാനത്ത് വിതരണത്തിനായെത്തുന്ന ഓരോ മരുന്നും അവയുടെ ബാച്ചും മറ്റ് വിശദാംശങ്ങളും രജിസ്റ്റർ ചെയ്യുന്നത് കേന്ദ്ര നിയമത്തിനു കീഴിലുള്ള ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസിന്റെ ഭേദഗതികൾക്ക് വിധേയമാണ്.

(സി) ഉണ്ട്.

(ഡി) ഡ്രഗ്സ് കൺട്രോൾ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ അവരുടെ അധികാര പരിധിയിൽപ്പെടുന്ന സ്ഥാപനങ്ങൾ നിരന്തരം പരിശോധിക്കുന്ന വേളകളിൽ മരുന്ന് ഉല്പന്നങ്ങളിൽ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ എല്ലാം രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് റാൻഡമായി പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ള ഉല്പന്നങ്ങളുടെ നിർമ്മാണ കമ്പനികളുടെ വിശദാംശങ്ങൾ അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു*. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി നടത്തിയ ഇത്തരം പരിശോധനകളിൽ ഗുരുതരമായ വീഴ്ചകളൊന്നും തന്നെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) പ്രതിവർഷം മരുന്നു നിർമ്മാണ കമ്പനികളുടെ പതിനായിരത്തോളം മരുന്നുബാച്ചുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. എന്നാൽ ഓരോ കമ്പനികളുടേയും ഉല്പന്നങ്ങളിൽ എത്ര ശതമാനം ഉല്പന്നങ്ങൾ പരിശോധന നടത്തിയിട്ടുണ്ടെന്നത് സംബന്ധിച്ച ക്രോഡീകരിച്ച വിശദാംശങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ലഭ്യമല്ല. എന്നാൽ കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള മരുന്ന് ഉല്പന്നങ്ങളുടെയും അവയുടെ നിർമ്മാണക്കമ്പനികളുടേയും വിശദാംശങ്ങൾ അനുബന്ധം (4) ആയി ചേർത്തിരിക്കുന്നു*.

## ശബരിമലയിൽ ചികിത്സാസൗകര്യം

287 (*T 3675) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ചികിത്സാസൗകര്യം ലഭിക്കാതെ ദേവസ്വം ജീവനക്കാരൻ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച്, കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ശബരിമലയിൽ മകരവിളക്ക് ഉത്സവ സീസൺ കഴിഞ്ഞാലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ശബരിമലയിൽ ചികിത്സാ സൗകര്യം ലഭിക്കാതെ ദേവസ്വം ജീവനക്കാരൻ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപ്രകാരമുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) എല്ലാ മാസപൂജകൾക്കും ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

## ചികിത്സയിൽ കഴിയുന്ന രോഗികൾക്ക് പെൻഷൻ

288 (3676) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും രോഗങ്ങൾക്ക് ചികിത്സയിൽ കഴിയുന്നവർക്ക് പെൻഷൻ നൽകി വരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ രോഗങ്ങൾ ബാധിച്ചിട്ടുള്ളവർക്കാണെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) പ്രസ്തുത പെൻഷൻ സംബന്ധിച്ച മാനദണ്ഡങ്ങളും എത്ര തുകയാണ് പ്രതിമാസം നൽകുന്നതെന്നും ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ഹീമോഫീലിയ രോഗം ബാധിച്ചവരുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിൽ പ്രസ്തുത രോഗികൾക്ക് ഏതൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ;

(ഡി) ഹീമോഫീലിയ രോഗം ബാധിച്ചവർക്ക് പെൻഷൻ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കുഷ്ഠരോഗ ബാധിതർക്കും, ക്യാൻസർരോഗ ബാധിതർക്കും നോൺപ്ലാൻ ഫണ്ട് വഴി ചികിത്സാ സൗകര്യം നൽകി വരുന്നുണ്ട്. 2016-17 വർഷത്തിൽ ടി സാമ്പത്തിക സഹായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ആർക്കും നൽകിയിട്ടില്ല. കൂടാതെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി സംസ്ഥാനത്തെ എ.ആർ.ടി. കേന്ദ്രങ്ങളിൽ (ഉഷസ്സ്) ചികിത്സയ്ക്കെത്തുന്ന എച്ച്.ഐ.വി. അണുബാധിതർക്ക് ധനസഹായം നൽകി വരുന്നുണ്ട്.

(ബി) പ്രതിവർഷം ഒരു ലക്ഷത്തിന് താഴെ വരുമാനമുള്ള കുഷ്ഠരോഗ ബാധിതർക്ക് അവർ ചികിത്സയെടുക്കുന്ന കാലയളവിൽ പ്രതിമാസം 1000 രൂപ നിരക്കിൽ ചികിത്സാ സഹായം നൽകി വരുന്നുണ്ട്.

സംസ്ഥാനത്തെ എ.ആർ.ടി. (Anti Retroviral Treatment) കേന്ദ്രങ്ങളിൽ (ഉഷസ്സ്) ചികിത്സയ്ക്കെത്തി രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കുന്ന എച്ച്.ഐ.വി. ബാധിതർക്ക് പ്രതിമാസം 1000 രൂപ നിരക്കിൽ ധനസഹായം (പെൻഷൻ) നൽകി വരുന്നുണ്ട്.

പ്രതിവർഷം 1,00,000 രൂപയിൽ കുറവ് വരുമാനമുള്ള ക്യാൻസർ രോഗം ബാധിച്ചവർക്ക് റവന്യൂ വകുപ്പ് മുഖാന്തരം പ്രതിമാസം 1000 രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നുണ്ട്.

(സി) ഹീമോഫീലിയ രോഗത്തിന്റെ ചികിത്സയ്ക്കായി ജില്ലാ ആശുപത്രി, ആലുവയിൽ നൂതന സാങ്കേതികവിദ്യ സജ്ജമാക്കിയ സർക്കാർ മേഖലയിലെ ഏക ഹീമോഫീലിയ ചികിത്സാ കേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഇവിടെ അതിനൂതന പരിശോധനാ ഉപകരണങ്ങൾ രോഗനിർണ്ണയത്തിനും പരിശോധനയ്ക്കും സജ്ജമാക്കിയിട്ടുണ്ട്. (Full Coagulation Workshop, inhibitor Screening and assay, TTI) ഈ സെന്ററിൽ പ്രത്യേക പരിശീലനം ലഭിച്ച ഫിസിയോതെറാപ്പിസ്റ്റ്,

മെഡിക്കൽ സോഷ്യൽ വർക്കർ എന്നിവരുടെ സേവനം ലഭ്യമാണ്. ഡോക്ടർമാർക്കും, പാരാമെഡിക്കൽ സ്റ്റാഫിനും, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിന്റേയും കൊച്ചി അമൃതാ ആശുപത്രിയുടേയും സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. എല്ലാ സേവനങ്ങളും സൗജന്യമായാണ് ഇവിടെ നൽകിവരുന്നത്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ഹീമോഫീലിയ രോഗത്തിന് ചികിത്സ നൽകുന്നുണ്ട്. ഹീമോഫീലിയ ബാധിച്ചവർക്ക് രക്തസ്രാവം ഉണ്ടാകുമ്പോൾ Factor VIII/IX സൗജന്യമായി നൽകുന്നുണ്ട്. കൂടുതൽ സീരിയസ് ആയ രോഗികളെ അഡ്മിറ്റ് ചെയ്ത് comprehensive care കൊടുക്കുന്നുണ്ട്. പക്ഷെ ഹീമോഫീലിയ രോഗികൾക്ക് മാത്രമായി ഹീമോഫീലിയ ട്രീറ്റ്മെന്റ് സെന്ററുകൾ മെഡിക്കൽ കോളേജുകളിൽ നിലവിലില്ല.

(ഡി) ഇതുസംബന്ധിച്ച അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിൽ ഒഴിവ്**

289 (3677) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി തസ്തികയിൽ ഒഴിവ് നിലവിലുണ്ടോ; എങ്കിൽ എന്നുമുതൽ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടവരുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) സീനിയർ ബയോളജിസ്റ്റ് തസ്തികയിലെ സീനിയോറിറ്റി പ്രകാരം അർഹനായ ജീവനക്കാരനെ അസിസ്റ്റന്റ് ഡയറക്ടറായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1-7-2014 മുതൽ

(ബി) 18-2-2017-ലെ ജി.ഒ (എം.എസ്.) നമ്പർ 27/2017/എച്ച് & എഫ്.ഡബ്ല്യൂ.ഡി. ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി) തസ്തികയിൽ നിയമനം നടത്തുന്നതിന് ഹയർഗ്രേഡ് ഡിസ്ട്രിക്ട് മലേറിയ

ഓഫീസറുടേയും സീനിയർ ബയോളജിസ്റ്റിന്റെയും ലിസ്റ്റിൽ നിന്നും 1 : 1 അനുപാതത്തിൽ പ്രൊമോഷന് പരിഗണിക്കുവാൻ ഉത്തരവായിട്ടുണ്ട്.

(സി) 18-2-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 27/2017/എച്ച് & എഫ്.ഡബ്ല്യൂ.ഡി. ഉത്തരവുപ്രകാരം ഹയർഗ്രേഡ് ഡിസ്ട്രിക്ട് മലേറിയ ഓഫീസർ തസ്തികയിലെ സീനിയോറിറ്റിയും സീനിയർ ബയോളജിസ്റ്റ് തസ്തികയിലെ സീനിയോറിറ്റിയും ചേർത്ത് 1 : 1 അനുപാതത്തിൽ പരിഗണിച്ചാണ് നിയമനം നടത്തുന്നത്.

**പാലിയേറ്റീവ് നഴ്സുമാരെ സ്ഥിരപ്പെടുത്തൽ**

290 (3678) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പാലിയേറ്റീവ് നേഴ്സുമാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാലോചിതമായി അവരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ;

(സി) നിലവിൽ എല്ലാ പഞ്ചായത്തുകളിലും പാലിയേറ്റീവ് നഴ്സുമാരെ നിയമിച്ചിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിൽ 15 ഗ്രാമപഞ്ചായത്തുകൾ ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകളിൽ പാലിയേറ്റീവ് നഴ്സുമാരെ നിയമിച്ചിട്ടുണ്ട്.

**മത്സ്യത്തിൽ മായം**

291 (*T 3679) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിക്കുന്ന മിക്കവാറും മത്സ്യങ്ങൾ വിഷമയമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങളുടെ ആരോഗ്യത്തിന് ദോഷങ്ങൾ ഉണ്ടാക്കുന്ന തരത്തിൽ മത്സ്യത്തിൽ മായം ചേർക്കുന്നവരെ കണ്ടെത്തുന്നതിനും ആവശ്യമായ ശിക്ഷ നല്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) സംസ്ഥാനത്ത് ലഭിക്കുന്ന മത്സ്യം പരിശോധിച്ചപ്പോൾ ചില അവസരങ്ങളിൽ സോഡിയം ബെൻസോയേറ്റ് സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും, അന്യസംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റ് വഴി കൊണ്ടുവരുന്ന മത്സ്യങ്ങളുടെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടി ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും സെന്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ കൊച്ചിയിലുള്ള ലാബിലും പരിശോധിച്ച് മനുഷ്യന്റെ ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ എന്തെങ്കിലും വിഷാംശം ചേർത്തിട്ടുണ്ടെങ്കിൽ അത്തരക്കാർക്കെതിരെ ഭക്ഷ്യ ഗുണനിലവാര നിയമം 2006 പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെ കിടത്തി ചികിത്സ

292 (3680) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലാണ് കിടത്തി ചികിത്സ നടക്കുന്നത്; അവ ഏതൊക്കെ;

(ബി) കെട്ടിട സൗകര്യമുള്ളതും മുൻപ് കിടത്തി ചികിത്സ നടത്തിവന്നിരുന്നതും എന്നാലിപ്പോൾ കിടത്തി ചികിത്സ നിർത്തിവയ്ക്കേണ്ടി വന്നിട്ടുള്ളതുമായ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ കിടത്തി ചികിത്സാ സംവിധാനം വീണ്ടും ആരംഭിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ;

(സി) ഇല്ലെങ്കിൽ കൂടുതൽ ഡോക്ടർമാരെ ഇത്തരം ആശുപത്രികളിലേക്ക് നിയോഗിക്കുന്നതിനും കിടത്തി ചികിത്സ പുനരാരംഭിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സി.എച്ച്.സി.-കളിൽ കിടത്തി ചികിത്സാ സൗകര്യം നിലവിലുള്ള സെന്ററുകളുടെ പേരുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

(ബി) നിയമതടസ്സമില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ജീവനക്കാരുടെ അഭാവമുള്ള സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സ്റ്റാന്റഡൈസേഷൻ ഓഫ് ഹെൽത്ത് കെയർ സ്ഥാപനങ്ങൾ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിച്ചുവരുന്നു. പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിലൂടെ കിടത്തി ചികിത്സ പുനരാരംഭിക്കാൻ സാധിക്കുന്നതാണ്.

**ഡോക്ടർമാർ നൽകുന്ന കുറിപ്പടികൾ**

293 (3681) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികൾക്ക് ഡോക്ടർമാർ എഴുതികൊടുക്കുന്ന നിർദ്ദേശങ്ങൾ, മരുന്നുകൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ വ്യക്തമായി എഴുതിക്കൊടുക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത കുറിപ്പടികൾ ഇംഗ്ലീഷിലെ വലിയ അക്ഷരങ്ങളിൽ എഴുതി നൽകുവാൻ നിർദ്ദേശിക്കുമോ;

(സി) രോഗികൾക്ക് മനസ്സിലാവാത്ത വിധം ചികിൽസാ നിർദ്ദേശങ്ങളും മരുന്ന് സംബന്ധിച്ച വിവരങ്ങളും നൽകുന്ന ഡോക്ടർമാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ കഴിയുമോ എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) കുറിപ്പടികൾ ജനറിക് നാമത്തിലും വലിയ അക്ഷരത്തിലും എഴുതണമെന്ന് നിർദ്ദേശിക്കുന്ന (9-6-2014-ലെ) സർക്കാർ ഉത്തരവ് നമ്പർ 1895/2014/ആ.കു.വ.
നിലവിലുണ്ട്.

(സി) സർക്കാർ ഉത്തരവുകളും ചട്ടങ്ങളും മേലധികാരികളുടെ ഉത്തരവുകളും പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണ്. ഗവൺമെന്റ് ഉത്തരവ് പാലിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ കർശന നിർദ്ദേശം നൽകാറുണ്ട്. കൂടാതെ ജില്ലാ മെഡിക്കൽ ആഫീസർമാർ ഇത് ഉറപ്പുവരുത്താൻ എല്ലാ സ്ഥാപനമേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**മത്സ്യത്തിൽ അപകടകരമായ രാസവസ്തുക്കൾ**

294 (*T 3682) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ നിന്നും പിടിച്ച് ഫിഷ് ലാന്റിംഗ് സെന്ററുകളിൽ എത്തിക്കുന്ന മത്സ്യങ്ങളിൽ അപകടകരമായ രാസവസ്തുക്കൾ കലർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ നിലവിൽ സംവിധാനമുണ്ടോ;

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ നിലവിലുള്ള സംവിധാനം പര്യാപ്തമാണോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ പരിശോധനാ സംവിധാനങ്ങൾ ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഫിഷ്‌ലാന്റിംഗ് സെന്ററിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും സെന്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ കൊച്ചിയിലുള്ള ലാബിലും പരിശോധിക്കുവാനുള്ള സംവിധാനമുണ്ട്.

(ബി) പൂർണ്ണമായും പര്യാപ്തമല്ല.

(സി) പരിശോധിച്ചുവരുന്നു.

**മത്സ്യങ്ങളുടെ ഗുണനിലവാരം**

295 (*T 3683) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്യസംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റ് വഴി കൊണ്ടുവരുന്ന മത്സ്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

അന്യസംസ്ഥാനങ്ങളിൽ നിന്നും ചെക്ക്പോസ്റ്റ് വഴി കൊണ്ടുവരുന്ന മത്സ്യങ്ങളുടെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും സെന്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ കൊച്ചിയിലുള്ള ലാബിലും പരിശോധിക്കുവാൻ സാധിക്കുന്നതാണ്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**തിരുവനന്തപുരം മെഡിക്കൽ കോളേജ്**

296 (3684) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡോക്ടർമാർ നിർദ്ദേശിക്കുന്ന വിവിധയിനം പരിശോധനകൾ നടത്താൻ രോഗികൾ അലയേണ്ട സ്ഥിതി ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പുതിയ സംവിധാനം ഏർപ്പെടുത്തിയതുമൂലം സർക്കാരിനുണ്ടാകുന്ന അധികച്ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധയിനം രക്ത പരിശോധനകൾക്കായി രോഗികളെ സഹായിക്കുവാൻ 40 ലാബ് ടെക്നീഷ്യൻമാരെ എച്ച്.ഡി.എസ്. മുഖേന 'സേവനക്കൂട്ടം' എന്ന പേരിൽ ട്രെയിനികളായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് നിലവിൽ ശമ്പളമൊന്നും നൽകുന്നില്ല. ആയതിനാൽ നിലവിൽ സർക്കാരിന് അധിക ചെലവ് ഉണ്ടാകുന്നില്ല. 8467 എന്ന നമ്പരിൽ ബന്ധപ്പെട്ടുകഴിഞ്ഞാൽ ഇവർ വാർഡുകളിലെത്തി രക്തസാമ്പിളുകളെടുത്ത് എച്ച്.ഡി.എസ്. ലാബിൽ പരിശോധന നടത്തി പരിശോധനാഫലം വാർഡുകളിൽ എത്തിക്കുന്നു. രോഗികൾക്ക് എക്സ്റേ, സ്കാനിംഗ് മുതലായവയ്ക്കുള്ള കൂടുതൽ സൗകര്യങ്ങൾക്കായി പുതിയ കാഷ്വാലിറ്റിയുടെ പണികൾ അന്തിമഘട്ടത്തിലാണ്.

**പൂക്കോട്ടൂർ പി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ്**

297 (3685) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി. കളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ എന്തെങ്കിലും നിയമ/സാങ്കേതിക തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ ഏതെങ്കിലും പി.എച്ച്.സി.-കളിൽ ഡയാലിസിസ് യൂണിറ്റുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പട്ടിക നൽകാമോ;

(സി) ഏതെങ്കിലും സന്നദ്ധ സംഘടനകൾക്ക് പി.എച്ച്.സി.-കളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാൻ കഴിയുമോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ പി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ഇ) പൂക്കോട്ടൂർ പി.എച്ച്.സി.-യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാനുള്ള ഒരു സന്നദ്ധ സംഘടനയുടെ അപേക്ഷയിൽ സർക്കാർ എടുത്ത നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. രോഗികൾക്ക് വേണ്ടുന്ന പ്രാഥമിക ശുശ്രൂഷകൾ മാത്രമാണ് പി.എച്ച്.സി.-കളുടെ പ്രവർത്തനം കൊണ്ടുദ്ദേശിക്കുന്നത്. ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രി മുതലായ മേജർ ആശുപത്രികളിൽ മാത്രമേ സർക്കാർ പദ്ധതി പ്രകാരം ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുള്ളൂ.

(ബി) പി.എച്ച്.സി., ഈരാറ്റുപേട്ടയിൽ എം.പി. ഫണ്ട്, ഷിപ്പ്യാർഡ് ഫണ്ട് എന്നീ ഫണ്ടുകൾ ഉപയോഗിച്ച് മൂന്ന് ഡയാലിസിസ് മെഷീൻ, ആർ.ഒ. പ്ലാന്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ തുടർ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഇതുവരെ പ്രവർത്തന നടപടികൾ ആരംഭിച്ചിട്ടില്ല. പഞ്ചായത്തിൽ പ്രോജക്റ്റ് വച്ച് ഉടനേ ഡയാലിസിസ് തുടങ്ങുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പി.എച്ച്.സി.-കളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല. രോഗികൾക്ക് വേണ്ടുന്ന പ്രാഥമിക ശുശ്രൂഷകൾ മാത്രമാണ് പി.എച്ച്.സി-കളുടെ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി മുതലായ മേജർ ആശുപത്രികളിൽ മാത്രമേ സർക്കാർ പദ്ധതിപ്രകാരം ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുള്ളൂ.

(ഡി) പരിഗണനയിലില്ല. പി.എച്ച്.സി-കളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല. രോഗികൾക്ക് വേണ്ടുന്ന പ്രാഥമിക ശുശ്രൂഷകൾ മാത്രമാണ് പി.എച്ച്.സി-കളുടെ പ്രവർത്തനം കൊണ്ടുദ്ദേശിക്കുന്നത്.

(ഇ) അപേക്ഷ ലഭിച്ചിട്ടില്ല. ബാധകമല്ല.

**ആരോഗ്യ വകുപ്പിൽ പുതിയ തസ്തികകൾ**

298 (3686) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചു എന്ന് അറിയിക്കുമോ; വിശദവിവരം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 7-10-2016-ലെ സ.ഉ. (എം.എസ്.) നമ്പർ 192/2016/ആ.കു.വ. പ്രകാരം 204 ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 തസ്തികകളും 28-12-2016-ലെ സ.ഉ.(എം.എസ്.) നമ്പർ 230/2016 ആ.കു.വ പ്രകാരം 47 അസിസ്റ്റന്റ് ദന്തൽ സർജൻമാരുടെ തസ്തികകളും 20-10-2016-ലെ ജി.ഒ. (എം.എസ്.) നമ്പർ 198/2016/ആ.കു.വ. പ്രകാരം 19 നഴ്സിംഗ് ട്യൂട്ടർമാരുടെ തസ്തികകളും ആരോഗ്യവകുപ്പിൽ പുതുതായി സൃഷ്ടിക്കുകയുണ്ടായി. കൂടാതെ മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിൽ 9-2-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 22/2017 ആ.കു.വ. പ്രകാരം പത്ത് വിവിധ തസ്തികകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പുതിയ മെഡിക്കൽ/ദന്തൽ/നഴ്സിംഗ് കോളേജുകളിലായി 450 തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

കൂടാതെ 7-10-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 193/2016/ആ.കു.വ. പ്രകാരം പ്രൊഫസർ ഓഫ് ഫാർമസ്യൂട്ടിക്കൽ അനാലിസിസ് തസ്തിക തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സൃഷ്ടിച്ചു.

6-2-2017-ലെ സർക്കാർ ഉത്തരവ് (കൈ.) 20/2017/ആ.കു.വ. പ്രകാരം ആലപ്പുഴ ഫാർമസി കോളേജിൽ നാല് സീനിയർ ലക്ചറർമാരുടെ തസ്തിക സൃഷ്ടിച്ചു.

22-12-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 225/2016 ആ.കു.വ. പ്രകാരം സംസ്ഥാനത്തെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ റേഡിയോ തെറാപ്പി വിഭാഗത്തെ അർബുദരോഗ ചികിത്സയ്ക്കുള്ള സമഗ്ര കേന്ദ്രമാക്കി ഉയർത്തുന്നതിന് 105 തസ്തികകൾ സൃഷ്ടിച്ചു.

**ആരോഗ്യമേഖലയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ**

299 (3687) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> :

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> :

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :

<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആരോഗ്യമേഖലയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(ബി) ഇതിന്റെ ഭാഗമായി മന്തുരോഗ നിർമ്മാർജ്ജനത്തിനും കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ക്ഷയരോഗം പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് ആരംഭിക്കാനുദ്ദേശിക്കുന്നത്;

(ഡി) ഗ്രാമപ്രദേശങ്ങളിൽ രോഗങ്ങളുടെ പരിശോധന, നിർണ്ണയം, ചികിത്സ എന്നിവയ്ക്കായി സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത മെഡിക്കൽ ക്യാമ്പുകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2030-ഓടെ പ്രായഭേദമെന്യേ എല്ലാവർക്കും നല്ല ആരോഗ്യം പ്രദാനം ചെയ്യുക, പകർച്ചവ്യാധികളുടെ വ്യാപനം ഇല്ലാതാക്കുക അല്ലെങ്കിൽ കുറയ്ക്കുക, പ്രധാന പകർച്ചവ്യാധികളായ എയ്ഡ്സ്, ക്ഷയരോഗം, മലമ്പനി, കുഷ്ഠരോഗം, മന്ത്, മറ്റ് വിരബാധകൾ, കാലാഅസാർ എന്നീ രോഗങ്ങളുടെയും വ്യാപനം പൂർണ്ണമായും ഒഴിവാക്കുക, മഞ്ഞപ്പിത്തം, മറ്റ് ജലജന്യരോഗങ്ങൾ, ജീവിതശൈലീ രോഗങ്ങൾ, മറ്റ് പകർച്ച വ്യാധികൾ എന്നിവയുടെ തോത് ഗണ്യമായി കുറയ്ക്കുക എന്നിവയാണ് സുസ്ഥിര വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) മന്തുരോഗ നിവാരണത്തിനായി 2004 മുതൽ മന്തുരോഗ വ്യാപന സാധ്യത കൂടുതലുള്ള 11 ജില്ലകളിൽ (പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകൾ ഒഴികെ) മന്തുരോഗ നിവാരണ സമൂഹ ചികിത്സ പരിപാടി നടത്തിവരുന്നു. രണ്ടു വയസ്സിനു മുകളിൽ പ്രായമുള്ള (ഗർഭിണികൾ, ഗുരുതര രോഗബാധിതർ ഒഴികെ) എല്ലാപേരും വർഷത്തിൽ ഒരു പ്രാവശ്യം ഒരു ഡോസ് ഡി.ഇ.സി., ആൽബന്റസോൾ ഗുളികകൾ കഴിക്കുകയും അതുവഴി കൊതുകുവഴിയുള്ള മന്തുരോഗ വ്യാപന സാധ്യത ഇല്ലാതാകുകയും അവശതയും അംഗവൈകല്യവും ഇല്ലാതാക്കുവാനായി ആശുപത്രി കേന്ദ്രീകരിച്ചുള്ള പരിചരണ സംവിധാനവും (മോർബിഡിറ്റി മാനേജ്മെന്റ്) എല്ലാ ജില്ലകളിലും ആരംഭിക്കുവാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മന്ത് രോഗികൾക്ക് അവരുടെ വീട്ടിൽ വച്ചുതന്നെ ആവശ്യമായ പരിചരണം നൽകുന്നതിനായി ആരോഗ്യപ്രവർത്തകർക്കും ആശാ മുതലായ സന്നദ്ധ പ്രവർത്തകർക്കും ആവശ്യമായ പരിശീലന പരിപാടികളും നടപ്പിലാക്കി വരുന്നു. കൂടാതെ മന്തു രോഗത്തിന്റെ ഭാഗമായി 14 ജില്ലകളിലും വീടുവീടാന്തരം രാത്രികാല രക്ത പരിശോധന നടത്തി വരുന്നു. രോഗവാഹകരാണെന്നു കണ്ടാൽ 12 ദിവസം ഡി.ഇ.സി. ഗുളിക നൽകിവരുന്നു. ഇതര സംസ്ഥാന തൊഴിലാളികൾക്കായും രാത്രികാല രക്ത പരിശോധന ഊർജ്ജിതമാക്കി രോഗ ബാധിതർക്ക് ചികിത്സ നൽകി വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആറ്, ഏഴ് വയസ്സുള്ള കുട്ടികളിൽ മന്ത് രോഗ വ്യാപന സാദ്ധ്യതാ സർവ്വേ വിജയകരമായി പൂർത്തിയാക്കിയതിനെത്തുടർന്ന് മന്ത് രോഗവ്യാപന സാദ്ധ്യത കുറഞ്ഞതായി കണ്ടെത്തിയ 9 ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്) സമൂഹ ചികിത്സാ പരിപാടി നിർത്തലാക്കുകയും ചെയ്തു.

പാലക്കാട്, മലപ്പുറം ജില്ലകളിൽ മന്ത് രോഗവ്യാപന സാദ്ധ്യത ഇപ്പോൾ നിലനിൽക്കുന്നതിനാൽ ഈ രണ്ട് ജില്ലകളിലും സമൂഹ ചികിത്സാ പരിപാടികൾ നടപ്പിലാക്കി വരുന്നു.

കുഷ്ഠരോഗ നിർമ്മാർജ്ജന രംഗത്തെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ 2020-ഓടു കൂടി കൈവരിക്കുന്നതിന് സമയബന്ധിതമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവ അനുബന്ധമായി ചേർക്കുന്നു.*

സംസ്ഥാനത്തെ ഗോത്രമേഖലയ്ക്കും തീരപ്രദേശങ്ങൾക്കും ചേരിപ്രദേശങ്ങൾക്കും പ്രാധാന്യം നൽകികൊണ്ട് തെരഞ്ഞെടുക്കപ്പെട്ട 40 ബ്ലോക്കുകളിൽ ഒന്നാംഘട്ട പ്രവർത്തനം നടപ്പിലാക്കി വരുന്നു. 2017-18-ൽ സംസ്ഥാനം മുഴുവൻ ഈ പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടത്തി വരുന്നു.

(സി) സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ ഭാഗമായി ക്ഷയരോഗ നിർമ്മാർജ്ജനത്തിനുവേണ്ടി ആരംഭിച്ച പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) കുഷ്ഠരോഗ പരിശോധന, നിർണ്ണയം, ചികിത്സ എന്നിവയ്ക്കായി സൗജന്യ മെഡിക്കൽ ക്യാമ്പുകൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. സുസ്ഥിരവികസന ലക്ഷ്യങ്ങൾ ഒന്നാംഘട്ടത്തിൽ നടപ്പിലാക്കുന്ന 40 ബ്ലോക്കുകൾക്ക് പുറമേ കുഷ്ഠരോഗം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ട ബ്ലോക്കുകളിലും മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നു.

ദേശീയ അന്ധതാ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ഗ്രാമപ്രദേശങ്ങളിൽ സൗജന്യനേത്ര പരിശോധനാ ക്യാമ്പിൽ മരുന്നു വിതരണം, സൗജന്യ തിമിര ശസ്ത്രക്രിയ, ഡയബറ്റിക് റെറ്റിനോപ്പതി നിർണ്ണയം, ഗ്ലോക്കോമ രോഗ നിർണ്ണയം എന്നിവ നടത്തപ്പെടുന്നു. നേത്രപടലാന്ധത ബാധിച്ചവർക്ക് സൗജന്യമായി നേത്രപടലം വച്ചു പിടിപ്പിക്കുന്നു. സ്കൂൾ കുട്ടികൾക്ക് സൗജന്യ കണ്ണട വിതരണം ചെയ്യുന്നു. കൂടാതെ വിദൂര ഗ്രാമ പ്രദേശങ്ങളിലും ഗിരിവർഗ്ഗ മേഖലകളിലും സൗജന്യ ദന്ത പരിശോധന ക്യാമ്പുകൾ നടത്തി വരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ഇപ്പോൾ പ്രസ്തുത ക്യാമ്പുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ നടത്തപ്പെടുന്നു.

## മത്സ്യത്തിന്റെ ഗുണനിലവാരം

300 (*T 3688) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം ചെയ്യപ്പെടുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും, ആരോഗ്യത്തിന് ദോഷകരമായ പദാർത്ഥങ്ങൾ മത്സ്യത്തിൽ കലർത്തുന്നത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ചെക്ക് പോസ്റ്റുകളിൽ തന്നെ ഉറപ്പുവരുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) ഗുണനിലവാരമുള്ള മത്സ്യം വിപണനം ചെയ്യുന്നത് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മത്സ്യത്തിൽ മനുഷ്യശരീരത്തിന് ഹാനികരമായ സോഡിയം ബെൻസോയേറ്റ്, ഫോർമാലിൻ എന്നീ രാസവസ്തുക്കൾ ചേർക്കുന്നു എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പ് കേരള ഫിഷറീസ് യൂണിവേഴ്സിറ്റിയുടെ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് അതോറിറ്റി, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ഭക്ഷ്യ സുരക്ഷാ കമ്മീഷണർ വിളിച്ചുകൂട്ടുകയും മത്സ്യത്തിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടുകൂടി ഓപ്പറേഷൻ സാഗർ റാണി എന്ന ഒരു പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ മത്സ്യം ലേലം ചെയ്യുകയും വിപണനം നടത്തുകയും ചെയ്യുന്ന കേന്ദ്രങ്ങളിൽ നിന്ന് മത്സ്യവും മത്സ്യത്തിൽ ചേർക്കുന്ന ഐസും ഉൾപ്പെടെ 490 സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുകയുണ്ടായി. ഈ സാമ്പിളുകൾ കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ലാബുകളിലും പരിശോധന നടത്തി. ലഭിച്ച പരിശോധനാ ഫലങ്ങളിൽ അഞ്ച് സാമ്പിളുകളിൽ സോഡിയം ബെൻസോയേറ്റിന്റെയും 19 സാമ്പിളുകളിൽ ഫോർമാലിന്റെ സാന്നിദ്ധ്യവും കണ്ടെത്തുകയുണ്ടായി. 58 ഐസ് സാമ്പിളുകൾ പരിശോധിച്ചതിൽ 11 എണ്ണത്തിൽ ഫോർമാലിന്റെ അംശം കണ്ടെത്തുകയുണ്ടായി.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഇതേത്തുടർന്ന് സാഗർറാണിയുടെ രണ്ടാം ഘട്ടത്തിൽ ഉപഭോക്താക്കളെയും മത്സ്യവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയും പൂർണ്ണമായി ബോധവൽക്കരിക്കുന്നതിനായി ഓരോ ജില്ലകളിലും മിനിമം മൂന്ന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ഇതുകൂടാതെ ബോധവൽക്കരിക്കുന്നതിനായി ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തുവരുന്നു.

മത്സ്യ വ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഫുഡ് സേഫ്റ്റി ലൈസൻസ്/ രജിസ്ട്രേഷൻ എന്നിവ നിർബന്ധമാക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് ഉദ്യോഗസ്ഥന്മാരുടെ പങ്കാളിത്തത്തോടുകൂടി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ഫുഡ് സേഫ്റ്റി ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടെത്തുന്നതിനും അവരെകൊണ്ട് അത് എടുപ്പിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം ചെക്ക്പോസ്റ്റുകളിൽത്തന്നെ ഉറപ്പുവരുത്തുന്നതിന് സംവിധാനം നിലവിലില്ല. അന്യസംസ്ഥാനങ്ങളിൽ നിന്നും ചെക്ക്പോസ്റ്റ് വഴി കൊണ്ടുവരുന്ന മത്സ്യങ്ങളുടെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടി ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള ലാബുകളിലും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ കൊച്ചിയിലുള്ള ലാബിലും പരിശോധിക്കുവാൻ സാധിക്കുന്നതാണ്.

(സി) സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പാരാമെഡിക്കൽ സ്റ്റാഫുകളുടെ കോമ്പൻസേഷൻ ലീവ്

301 (3689) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ഡി.എം.ഇ., ഡി.എച്ച്.എസ്. എന്നിവയുടെ കീഴിൽ ജോലി ചെയ്യുന്ന പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് അനുവദിക്കുന്ന കോമ്പൻസേഷൻ ലീവ് എത്രദിവസമാണ്; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ഭാരതീയ ചികിത്സാ വകുപ്പിനുകീഴിലുള്ള പാരാമെഡിക്കൽ സ്റ്റാഫിന് കോമ്പൻസേഷൻ ലീവ് അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത സ്റ്റാഫുകൾക്ക് അനുവദിച്ചിട്ടുള്ള കോമ്പൻസേഷൻ ലീവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പാരാമെഡിക്കൽ സ്റ്റാഫുകളുടെ കോമ്പൻസേഷൻ ലീവുകളിലുള്ള അന്തരം അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 45 ദിവസം

(ബി) ഉണ്ട്. 22 ദിവസം.

(സി) ഭാരതീയ ചികിത്സാ വകുപ്പിൽ ആവശ്യത്തിനുള്ള സ്റ്റാഫിന്റെ ലഭ്യതക്കുറവ് നേരിടുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ കോമ്പൻസേഷൻ ലീവ് 22-ൽ നിന്ന് 45 ആയി ഉയർത്തുന്ന ആവശ്യം തൽക്കാലം പരിഗണിക്കാൻ കഴിയില്ല.

**ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ സേവനവേതന വ്യവസ്ഥകൾ**

302 (3690) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ രോഗികളുടെ പുനരധിവാസ ചികിൽസയുടെ മുഖ്യ പങ്ക് വഹിക്കുന്ന ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തിക എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഒരേ വിദ്യാഭ്യാസ യോഗ്യതയും, ജോലിസ്വഭാവവുമുള്ള ആരോഗ്യ വകുപ്പിലെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ അടിസ്ഥാന ശമ്പളത്തിലുള്ള ഭീമമായ അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ആരോഗ്യവകുപ്പിൽ 1998- ൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുകയും 2005- ൽ വിദ്യാഭ്യാസ യോഗ്യത നിർണ്ണയിക്കുകയും ചെയ്തെങ്കിലും യോഗ്യതയ്ക്ക് അനുസരണമായി ശമ്പളനിർണയം നടന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ഡി) കേരളത്തിൽ കോഴ്സ് ഇല്ലാത്തതിനാൽ അന്യസംസ്ഥാന സർവ്വകലാശാലകളിൽ പഠിച്ച് നാലുവർഷവും, ആറു മാസ ഇന്റേണൽഷിപ്പും കഴിഞ്ഞുവരുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ സേവന വേതന വ്യവസ്ഥ പരിഹരിക്കണമെന്നുള്ള ഫയൽ സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ ആയതിന്റെ നമ്പർ വെളിപ്പെടുത്താമോ; പ്രസ്തുത ഫയലിന്റെ തുടർ നടപടികൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ ഒരു തസ്തിക 4-12-2013 മുതലും കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിലെ ഒരു തസ്തിക 2-8-2011 മുതലും ഒഴിഞ്ഞു കിടക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) പരിശോധിക്കുന്നതാണ്. സർക്കാർ ഫയൽ നമ്പർ 568709/എച്ച്.2/ 2016/ ആ.കു.വ.

**ആരോഗ്യവകുപ്പിലെ താത്കാലിക ജീവനക്കാരെ വേതനം നൽകാതെ പിരിച്ചുവിട്ട നടപടി**

303 (3691) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ താത്കാലിക ജീവനക്കാരായുള്ള എത്ര ജീവനക്കാരെ ഈ സർക്കാർ വന്നതിനുശേഷം പിരിച്ചു വിട്ടു; ഇവരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) താൽക്കാലിക കരാർ ജീവനക്കാരുടെ 11 മാസത്തെ വേതനം നൽകണമെന്നുള്ള കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മഴക്കാല രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി നിയമിതരായ 638 താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്. വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടില്ല. ടി ജീവനക്കാരുടെ 11 മാസത്തെ വേതനം നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**ജലജന്യ രോഗങ്ങളും പകർച്ചവ്യാധികളും തടയാൻ നടപടി**

304 (3692) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽച്ചൂട് കൂടുന്നത് നിരവധി ജലജന്യരോഗങ്ങൾക്കും ഡെങ്കിപ്പനി ഉൾപ്പെടെയുള്ള പകർച്ചവ്യാധികൾക്കും ഇടയാക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് എത്ര പേർക്ക് വിവിധതരം പനികൾ ഇപ്പോൾ ബാധിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) മാലിന്യം കലർന്ന വെള്ളം കുടിക്കുന്നത് വഴി മഞ്ഞപ്പിത്തം, കോളറ തുടങ്ങിയവ പടരുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ, പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ആരോഗ്യവകുപ്പ് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാം; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു* .

(സി) ഉണ്ട്.

(ഡി) 2017 ആരംഭത്തിൽത്തന്നെ സംസ്ഥാന ജില്ലാതലങ്ങൾ മുതൽ വാർഡുതലം വരെ അവലോകന യോഗങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി. ജലദൗർലഭ്യം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകി മാപ്പ് ചെയ്ത് ശുദ്ധജലം വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകി. ജലനിധിപോലുള്ള ജലപദ്ധതികൾ വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ സമയബന്ധിതമായി ക്ലോറിനേഷൻ നടത്താൻ നിർദ്ദേശം നൽകുകയും ജലസ്രോതസ്സുകളിൽ മാലിന്യം കലരാതിരിക്കാൻ റവന്യൂ, ജല അതോറിറ്റികൾക്ക് നിർദ്ദേശം നൽകുകയും ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ ശേഖരിച്ചു വച്ചിരിക്കുന്ന വെള്ളത്തിൽ കൊതുക് വളരാതിരിക്കാൻ ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്താൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

ആരോഗ്യവകുപ്പിൽ ജില്ലാ-സംസ്ഥാന തലങ്ങളിൽ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. സർക്കാർ/സ്വകാര്യ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ചികിത്സാ മാർഗ്ഗരേഖകളെപ്പറ്റി പരിശീലനം നൽകിയിരുന്നു. പകർച്ചവ്യാധി നിയന്ത്രണത്തിന് ആവശ്യമായ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തി. ശുചീകരണം, ക്ലോറിനേഷൻ, കൊതുക് ഉറവിട നശീകരണം തുടങ്ങിയവ ശുചിത്വമിഷന്റെയും ആരോഗ്യവകുപ്പിന്റെയും ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ജലശുദ്ധീകരണ ക്യാമ്പയിൻ, ഹെൽത്തി കേരള ക്യാമ്പയിൻ തുടങ്ങിയവയും നടത്തിവരുന്നു. ചികിത്സാ മാർഗ്ഗരേഖകൾ, ബിറ്റ് നോട്ടീസുകൾ, മൊഡ്യൂളുകൾ, പോസ്റ്ററുകൾ മുതലായ ബോധവത്ക്കരണ ഉപാധികൾ സംസ്ഥാനതലത്തിൽ തയ്യാറാക്കി വരികയാണ്. ഇവ ജില്ലകൾക്ക് യഥാസമയം എത്തിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ലിംഗമാറ്റ ശസ്ത്രക്രിയ

305 (3693) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ലിംഗമാറ്റ ശസ്ത്രക്രിയയുടെ കാര്യത്തിൽ സംസ്ഥാന മെഡിക്കൽ കോളേജുകൾക്ക് എന്തെങ്കിലും നേട്ടം കൈവരിക്കാനായിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ലിംഗമാറ്റ ശസ്ത്രക്രിയ അവരുടെ പ്രധാന ആവശ്യമാണെന്ന കാര്യം പരിഗണിച്ച് ശസ്ത്രക്രിയക്കുള്ള കൂടുതൽ സൗകര്യങ്ങൾ സംസ്ഥാനത്തെ പ്രധാന മെഡിക്കൽ കോളേജുകളിലെങ്കിലും ഏർപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദ വിവരം നല്കാമോ?

ഉത്തരം

(എ) ഉണ്ട്. 24-1-2017 -ൽ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ പ്ലാസ്റ്റിക് സർജറി വിഭാഗം നടത്തിയ ലിംഗമാറ്റ ശസ്ത്രക്രിയയിലൂടെ 41 കാരിയായ സ്ത്രീയെ പുരുഷനാക്കി മാറ്റി.

(ബി&സി) വരും നാളുകളിലെ സാധ്യതകളുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## പോസ്റ്റ്മോർട്ടം റിപ്പോർട്ട്

306 (3694) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോസ്റ്റ്മോർട്ടം റിപ്പോർട്ട് മലയാളത്തിലാക്കുവാൻ നിയമസഭാ സമിതി ശിപാർശ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ സമിതിയുടെ ശിപാർശ സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2006-08)യുടെ രണ്ടാമത് റിപ്പോർട്ടിലെ 96-ാം നമ്പർ ശിപാർശയിന്മേൽ ആഭ്യന്തര വകുപ്പ് നൽകിയ മറുപടി സമിതി പരിഗണിക്കുകയും പോസ്റ്റ്മോർട്ടം റിപ്പോർട്ട്

മലയാളത്തിലാക്കുന്നതിന് വകുപ്പുതലത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന വിവരം പ്രസ്തുത വകുപ്പിനോട് ആരായാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ ആരോഗ്യവകുപ്പിൽ നിന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട് നൽകുന്നത് എന്നതിനാൽ ഇക്കാര്യത്തിൽ റിപ്പോർട്ട് നൽകേണ്ടത് ടി വകുപ്പാണെന്ന് ആഭ്യന്തര വകുപ്പ് സമിതിയെ അറിയിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ നിയമസഭാ സമിതി ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റെസ്റ്റോറന്റുകളിലും ഹോട്ടലുകളിലും ആഹാരത്തിന് വില നിശ്ചയിക്കുന്നതിന് മാനദണ്ഡം

307 (3695) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെസ്റ്റോറന്റുകളിലും ഹോട്ടലുകളിലും ആഹാരത്തിന് വില നിശ്ചയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ;

(ബി) ഒട്ടുമിക്ക കടകളിലും ഗുണനിലവാരമില്ലാത്ത ഭക്ഷണം നൽകുകയും അമിത നിരക്ക് ഈടാക്കുകയും ചെയ്യുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്. അത്തരം കടകളിൽ പരിശോധന നടത്തി നിയമാനുസൃത നടപടികൾ സ്വീകരിക്കാറുണ്ട്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II നിയമനം

308 (3696) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രേഡ് II ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി നിയമിക്കപ്പെടാൻ പി.എസ്.സി. നിശ്ചയിച്ചിരിക്കുന്ന യോഗ്യത എന്താണ്; ഈ തസ്തികയിൽ സാനിട്ടറി കോഴ്സ് പാസ്സായവർക്ക് നിയമനം നൽകുമോ; വ്യക്തമാക്കാമോ ;

(ബി) സർവ്വീസിലുള്ള ജീവനക്കാരെ ബൈട്രാൻസ്ഫർ വഴി ഈ തസ്തികയിൽ നിയമിക്കുമ്പോൾ , യോഗ്യതയായി സാനിട്ടറി കോഴ്സ് പാസ്സായാൽ മതി എന്നുള്ള ഉത്തരവുകൾ ഏതെങ്കിലും നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ സാനിട്ടറി കോഴ്സ് മാത്രം പാസ്സായ ജീവനക്കാരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ ബൈട്രാൻസ്ഫർ വഴി നിയമിച്ചിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 8-7-2008 മുതൽ ആരോഗ്യ വകുപ്പിലെ ഗ്രേഡ് II ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി നിയമിക്കപ്പെടാനുള്ള യോഗ്യത ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് (ഡി.എച്ച്.ഐ.സി) ആണ്. എന്നാൽ 15-6-2012-ലെ ജി.ഒ. (എം.എസ്.) നമ്പർ 180/12/ആ.കു.വ ഉത്തരവ് പ്രകാരം 31-12-2009 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള സാനിട്ടറി കോഴ്സ് സർട്ടിഫിക്കറ്റുള്ള ജീവനക്കാർക്ക് ബൈട്രാൻസ്ഫർ വഴി നിയമനം നൽകി വരുന്നുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്ലസ്ടു/വി.എച്ച്.എസ്.സി. (ബയോളജി)യും ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സും (ഡി.എച്ച്.ഐ.സി.) ആണ് ഗ്രേഡ് II ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായി നിയമിക്കപ്പെടാനുള്ള യോഗ്യത. നേരിട്ടുള്ള നിയമന രീതിയാണ് സ്വീകരിച്ചുവരുന്നത്.

(സി) 31-12-2009 വരെ ആരോഗ്യ വകുപ്പിൽ സർവ്വീസിൽ പ്രവേശിക്കുകയും സാനിട്ടറി കോഴ്സ് സർട്ടിഫിക്കറ്റുള്ളവരുമായ ജീവനക്കാർക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 15-6-2012-ലെ ജി.ഒ.(എം.എസ്.) നമ്പർ 180/12/ആ.കു.വ ഉത്തരവ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II തസ്തികയിൽ ബൈട്രാൻസ്ഫർ വഴി നിയമനം നൽകിയിട്ടുണ്ട്.

**ഇ.സി.ജി ടെക്നീഷ്യൻ ഗ്രേഡ്- II തസ്തിക**

309 (3697) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവുകൾ നിലവിലുണ്ടെങ്കിൽ ആയവ യഥാസമയം കെ.പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) 12-12-2014ൽ കാറ്റഗറി 446/2011 പ്രകാരം കെ.പി.എസ്.സി. പ്രസിദ്ധീകരിച്ച ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിൽ മലപ്പുറം ജില്ലയിൽ ഒരൊഴിവും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 12 ഒഴിവുകളും നിലവിലുണ്ട്.

(ബി) ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഇ.സി.ജി ടെക്നീഷ്യന്റെ വിദ്യാഭ്യാസ യോഗ്യതയും നിയമനരീതിയും പുനർനിർണ്ണയിക്കുന്നതു സംബന്ധിച്ച് നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. പുനർനിർണ്ണയം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നമുറയ്ക്ക് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(സി) 14 പേർക്ക് നിയമന ശിപാർശ നൽകി.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക

310 (3698) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ എത്രയെന്നും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷൻ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള op (kat) 31/2015, op (kat) 135/2015 എന്നീ കേസ്സുകൾ തീർപ്പാക്കാൻ സർക്കാരിന്റെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; ആയത് വിശദമാക്കാമോ;

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ op(kat) 33958/2016 തീയതി 9-6-2016 കേസ്സിലെ ഇടക്കാല ഉത്തരവനുസരിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകുന്നതിന് തടസ്സമില്ലെന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ആയതിൻപ്രകാരം ഇതിനകം പ്രസ്തുത പ്രൊമോഷനുകൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ ആകെയുള്ള 2 ഒഴിവുകൾ പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ആരോഗ്യവകുപ്പ് കാര്യാലയത്തിലെ 22-11-2016-ലെ ഉത്തരവ് നമ്പർ ഇ.എസ് 2-(സ്പെഷ്യൽ സെൽ) 69286/10/ആ.വ.ഡ. പ്രകാരമുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൻമേൽ OP(KAT)31/2015, 135/2015 എന്നീ കേസ്സുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നു. ഇത് ഒഴിവാക്കി കിട്ടുന്നതിന് നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. പ്രസ്തുത സീനിയോറിറ്റി തർക്ക വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാലാണ് പ്രൊമോഷൻ നടപടികൾ പൂർത്തിയാകാത്തത്.

**കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ സംവിധാനം**

311 (3699) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ സംവിധാനം ലഭ്യമാണോ;

(ബി) ഈ ഉപകേന്ദ്രങ്ങളിലെ ജൂനിയർ പി.എച്ച്. നഴ്സ്/ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അവരുടെ ജോലിയുടെ ഭാഗമായുള്ള പല വിവരങ്ങളും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും കമ്പ്യൂട്ടർ ശൃംഖല വഴി മേലധികാരികളെ അറിയിക്കേണ്ടതുമുണ്ടോ;

(സി) ഉണ്ടെങ്കിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് നിലവിൽ കമ്പ്യൂട്ടറുകൾ വാങ്ങുമെങ്കിൽ ഏത് ശീർഷകത്തിൽ നിന്ന് തുക ചെലവഴിച്ച് വാങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് എല്ലാ ഉപകേന്ദ്രങ്ങളിലും ലഭ്യമല്ല.

(ബി) കമ്പ്യൂട്ടർവത്കരണത്തിനുശേഷം രേഖകൾ സൂക്ഷിക്കാവുന്നതും മേലധികാരികളെ അറിയിക്കേണ്ടതുമാണ്.

(സി&ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഡോക്ടർ ഓഫ് ഫാർമസി കോഴ്സ് ആരംഭിക്കാൻ നടപടി**

312 (3700) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ ഡോക്ടർ ഓഫ് ഫാർമസി (Pharm D) കോഴ്സ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോഴ്സ് പഠിക്കാൻ നിരവധി വിദ്യാർത്ഥികൾ അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കോഴ്സ് പാസ്സായവർക്ക് സർക്കാർ മേഖലയിൽ തൊഴിൽ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) പരിശോധിക്കുന്നതാണ്.

**എറണാകുളം നഴ്സിംഗ് കോളേജിലെ താത്കാലിക നിയമനം**

313 (3701) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ചുള്ള നഴ്സിംഗ് കോളേജ് ഏറ്റെടുത്ത സമയത്ത് അവിടെ ഉണ്ടായിരുന്ന താത്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് തീരുമാനം എടുക്കാൻ ഏതെങ്കിലും കമ്മിറ്റിയെ നിയമിച്ചിരുന്നോ; എങ്കിൽ കമ്മിറ്റി ഇക്കാലയളവിൽ ഏതെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) താത്കാലികക്കാരെ ആരെയെങ്കിലും റെഗുലറൈസ് ചെയ്തിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം;

(സി) നഴ്സിംഗ് കോളേജ് സീനിയർ ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് ഇപ്പോൾ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ റാങ്ക് ലിസ്റ്റ് കാൻസൽ ആകുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന വേക്കൻസികൾ റിപ്പോർട്ട് ചെയ്യാത്തതുമൂലം റാങ്ക് ലിസ്റ്റിലുണ്ടായിരുന്ന എത്ര

പേർക്ക് പ്രസ്തുത ജോലി ലഭിക്കാതെ പോയിട്ടുണ്ട്; എത്ര പേരുടെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്; അതിൽ എന്ത് തീരുമാനമെടുത്തു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) എറണാകുളം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ചുള്ള നഴ്സിംഗ് കോളേജിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി, എറണാകുളം മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ചിരുന്ന സമിതിയെത്തന്നെ ചുമതലപ്പെടുത്തി 22-4-2014-ലെ സ.ഉ.(കൈ.) നം.120/14/ആ.കു.വ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ നഴ്സിംഗ് കോളേജ് ഏറ്റെടുക്കുന്ന സമയത്ത് അവിടെയുണ്ടായിരുന്ന താത്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് തീരുമാനമെടുക്കാൻ പ്രത്യേക കമ്മിറ്റിയെ നിയമിച്ചിട്ടില്ല.

(ബി) താത്കാലിക ജീവനക്കാരെ ആരെയും റഗുലറൈസ് ചെയ്തിട്ടില്ല.

(സി) ഇപ്പോൾ നിലവിലില്ല.

(ഡി) റാങ്ക് ലിസ്റ്റ് കാലാവധി പൂർത്തിയാകും മുൻപ് തന്നെ വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജ്**

314 (3702) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രജതജൂബിലി ആഘോഷിക്കുന്ന കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും യു.ജി, പി.ജി സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിലെ ബി.എ.എം.എസ്. സീറ്റുകളുടെ എണ്ണം 40 സീറ്റിൽ നിന്ന് 60 സീറ്റാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

2016-17 വർഷത്തിൽ മൂലധന ശീർഷകത്തിൽ 300 ലക്ഷം രൂപയും 2017-18-ലെ പദ്ധതി വിഹിതമായി 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ റവന്യൂ ശീർഷകത്തിൽ 2016-17 വർഷത്തിൽ 350 ലക്ഷം രൂപയും 2017-18 -ൽ പദ്ധതി വിഹിതമായി 550 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

രജതജൂബിലി ആഘോഷങ്ങൾ നടന്നുവരുന്ന സന്ദർഭത്തിൽ കോളേജിന്റെ നിലവിലുള്ള നിർമ്മാണപ്രവർത്തികളായ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വസതികൾ, ആർ.എം.ഒ., സൂപ്രണ്ട് എന്നിവരുടെ വസതികൾ എന്നിവ പൂർത്തീകരിക്കുന്നതിനും ബി.എ.എം.എസ്. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചതിനനുസരിച്ച് നിലവിലുള്ള ക്ലാസ് മുറികളിൽ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പുതിയ അക്കാദമിക് കെട്ടിടം, ഹോസ്റ്റലുകൾ, ഐ.പി. കെട്ടിടം, പി.ജി. ഹോസ്റ്റലുകൾ തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും 2017-18 വർഷത്തെ ബജറ്റിൽ നിർദ്ദേശിച്ച തുക ഉപയോഗിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്

315 (3703) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നിയമിച്ച മാനേജിംഗ് ഡയറക്ടറുടെ കീഴിൽ നടന്ന അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് 28-2-2017-ൽ ഐ.എൻ.റ്റി.യു.സി. നടത്തിയ പട്ടിണി സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ മുഖ്യമന്ത്രി ശ്രീ.വി.എസ്.അച്ചുതാനന്ദന്റെ പരാതിയിന്മേൽ നടത്തിയ വിജിലൻസിന്റെ ത്വരിതാന്വേഷണ റിപ്പോർട്ടിൽ അഴിമതി നടന്നിട്ടുണ്ടെന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) വിജിലൻസും ധനകാര്യ പരിശോധനാ വിഭാഗവും അഴിമതി നടത്തിയെന്ന് കണ്ടെത്തിയ ആളെ വീണ്ടും ഈ സ്ഥാപനത്തിൽ എം.ഡി. ആയി നിയമിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത എം.ഡി. യെ മാറ്റണമെന്ന് മുൻ മുഖ്യമന്ത്രി ശ്രീ.വി.എസ്. അച്ചുതാനന്ദൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

## പുതിയ കാരുണ്യ ഫാര്‍മസികള്‍

316 (3704) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പുതിയ കാരുണ്യ ഫാര്‍മസികള്‍ സംസ്ഥാനത്ത് ആരംഭിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) മലപ്പുറം താലൂക്ക് ഹെഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രിയില്‍ കാരുണ്യഫാര്‍മസി ആരംഭിക്കുവാന്‍ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. താഴെപ്പറയുന്ന 10 ആശുപത്രികളില്‍ 2017-18 സാമ്പത്തിക വര്‍ഷത്തില്‍ കാരുണ്യ ഫാര്‍മസി തുടങ്ങുന്നതിനുള്ള ത്വരിത നടപടികള്‍ സ്വീകരിച്ചുവരുന്നു.

| ക്രമ നമ്പര്‍ | ഫാര്‍മസി ആരംഭിക്കുന്ന സ്ഥലം | ജില്ല |
|---|---|---|
| 1 | പാരിപ്പള്ളി മെഡിക്കല്‍ കോളേജ് | കൊല്ലം |
| 2 | തലശ്ശേരി ജനറല്‍ ആശുപത്രി | കണ്ണൂര്‍ |
| 3 | വൈക്കം താലൂക്ക് ആശുപത്രി | കോട്ടയം |
| 4 | തൃശ്ശൂര്‍ ജനറല്‍ ആശുപത്രി | തൃശ്ശൂര്‍ |
| 5 | കല്‍പ്പറ്റ ജനറല്‍ ആശുപത്രി | വയനാട് |
| 6 | പത്തനംതിട്ട ജനറല്‍ ആശുപത്രി | പത്തനംതിട്ട |
| 7 | തളിപ്പറമ്പ് താലൂക്ക് ഹെഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രി | കണ്ണൂര്‍ |
| 8 | പാനൂര്‍ താലൂക്ക് ആശുപത്രി | കണ്ണൂര്‍ |
| 9 | മണ്ണാര്‍ക്കാട് താലൂക്ക് ആശുപത്രി | പാലക്കാട് |
| 10 | നെടുങ്കോലം താലൂക്ക് ആശുപത്രി | കൊല്ലം |

(ബി) സ്ഥല സൗകര്യം ലഭ്യമാകുന്നമുറയ്ക്ക് മലപ്പുറം താലൂക്ക് ഹെഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രിയില്‍ കാരുണ്യ ഫാര്‍മസി ആരംഭിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുന്നതാണ്.

## ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രവർത്തനം

317 (3705) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2015-16 കാലയളവിൽ വകുപ്പ് എത്ര പരിശോധനകൾ നടത്തിയെന്നും എത്ര സാംപിളുകൾ ടെസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര പേരുടെ ലൈസൻസുകൾ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഗുണമേന്മയുള്ള മരുന്നുകൾ ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന ചുമതല.

ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് 1940 / റൂൾസ് 1945, ഡ്രഗ്സ് & മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ് ആക്ട്, 1954), കേരളാ ഡ്രഗ്സ് ആന്റ് അദർ സ്റ്റോർസ് (അൺലോഫുൾ പൊസഷൻ) ആക്ട് 1971, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013, കേരള പോയ്സൺ റൂൾസ് 1996, നാർക്കോട്ടിക് ഡ്രഗ്സ് & സൈക്കോട്രോപ്പിക് സബ്സ്റ്റൻസസ് ആക്ട് 1986 എന്നീ നിയമങ്ങൾക്ക് വിധേയമായി ഈ വകുപ്പ് താഴെപ്പറയുന്ന സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു.

മരുന്നു സാമ്പിളുകളുടെ ഗുണനിലവാര പരിശോധന

മരുന്നു നിർമ്മാണം (അലോപ്പതി, ആയുർവേദം, ഹോമിയോ, കോസ്മെറ്റിക്സ്) ലൈസൻസുകൾ

- മരുന്നുവിൽപ്പന/ വിതരണ (അലോപ്പതി) ലൈസൻസുകൾ
- ബ്ലഡ് ബാങ്ക്/ബ്ലഡ് സ്റ്റോറേജ് ലൈസൻസുകൾ
- പോയ്സൺ ലൈസൻസുകൾ/പെർമിറ്റുകൾ
- നാർക്കോട്ടിക് മരുന്നുകളുടെ അലോട്ട്മെന്റുകൾ
- പാലിയേറ്റീവ് സെന്ററുകൾക്കുള്ള മോർഫിൻ മരുന്നുകളുടെ അലോട്ട്മെന്റ്
- മരുന്നു സംബന്ധമായ പരാതികളുടെ അന്വേഷണവും നടപടിയും
- മരുന്നുകൾ സൂക്ഷിക്കുന്ന സ്ഥാപനങ്ങളുടെ പരിശോധന
- നിയമലംഘനങ്ങളുടെമേൽ വകുപ്പുതല നിയമ നടപടികൾ

(ബി) വിശദാംശം അനുബന്ധമായി നൽകിയിരിക്കുന്നു* .

**ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം**

318 (3706) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷമായി ഓരോ വർഷവും എത്ര മെഡിക്കൽ സ്റ്റോറുകളിൽ എത്ര മരുന്നുകൾ പരിശോധിച്ചുവെന്ന വ്യക്തമാക്കുമോ;

(സി) ഇവരുടെ പരിശോധനയിൽ പ്രസ്തുത കാലയളവിൽ കണ്ടെത്തിയ ഗുണനിലവാരമില്ലാത്ത മരുന്നുകൾ/കമ്പനികൾ എതെല്ലാമെന്നും പ്രസ്തുത മരുന്നുകളുടെ വിപണനം ഇപ്പോൾ നിലവിലുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്താകമാനം പല രോഗങ്ങൾക്കും ഒരേ പേരിൽ മരുന്ന നൽകുന്നതും യോഗ്യരല്ലാത്തവർ മെഡിക്കൽ സ്റ്റോറുകൾ കൈകാര്യം ചെയ്തു വരുന്നതും സംബന്ധിച്ച് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഓരോ വർഷവും ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പരിശോധനകളിൽ കണ്ടെത്തിയ വിശദാംശങ്ങളും സ്വീകരിച്ച നടപടികളും എന്താണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ ബോർഡ് നിലവിലില്ല. സംസ്ഥാന വിപണിയിൽ ലഭ്യമാകുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, സംസ്ഥാനത്തെ മരുന്നുനിർമ്മാണം, വിതരണം, വ്യാപാരം എന്നിവ നിയമാനുസൃതമായാണ് നടക്കുന്നതെന്ന് പരിശോധനകളിലൂടെ ഉറപ്പുവരുത്തുക, സംസ്ഥാന വിപണിയിൽ വ്യാജ മരുന്നുകൾ, മിസ് ബ്രാൻഡഡ് മരുന്നുകൾ എന്നിവയില്ലെന്നുറപ്പ് വരുത്തുക തുടങ്ങിയവ നിർവ്വഹിക്കുന്നത് ഡ്രഗ്സ് കൺട്രോൾ വകുപ്പാണ്. ഈ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മരുന്നുകളുടെ ഗുണനിലവാര പരിശോധന വിപുലപ്പെടുത്തുന്നതിനുമായി നിലവിലുള്ളവ കൂടാതെ തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ മരുന്ന പരിശോധനാ ലബോറട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി)

| വർഷം | പരിശോധനകളുടെ എണ്ണം | പരിശോധിച്ച സാമ്പിളുകളുടെ എണ്ണം |
|---|---|---|
| 2016 | 15923 | 8934 |
| 2015 | 12497 | 7242 |
| 2014 | 18042 | 4795 |
| 2013 | 19075 | 4477 |
| 2012 | 17986 | 4127 |

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം ഒരു ബാച്ച് മരുന്ന് ഗുണനിലവാരമില്ല എന്ന് പ്രഖ്യാപിക്കുന്നത് 10 മുതൽ 15 വരെയുള്ള ഗുണനിലവാര പരിശോധനകൾക്ക് വിധേയമായിട്ടാണ്. ഇവയിലേതെങ്കിലും മാനദണ്ഡങ്ങളിൽ വ്യതിയാനം വന്നാൽ ആ ബാച്ച് മരുന്നിന് ഗുണനിലവാരമില്ല എന്ന് പ്രഖ്യാപിക്കപ്പെടുന്നു. ഇപ്രകാരം ഗുണനിലവാരമില്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുബാച്ചുകൾ വിപണിയിൽ നിന്നും പൂർണ്ണമായി പിൻവലിച്ചശേഷം ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം നിർമ്മാതാക്കൾക്കെതിരെ വകുപ്പുതല നടപടികളോ/ നിയമ നടപടികളോ സ്വീകരിക്കുന്നുണ്ട്. ലൈസൻസ് റദ്ദ് ചെയ്യപ്പെടുന്ന മരുന്നു നിർമ്മാതാക്കൾ ഒഴിച്ചുള്ളവരുടെ പുതിയ ബാച്ച് ഗുണനിലവാരമുള്ള മരുന്നുകൾ വീണ്ടും വിപണിയിലെത്തിക്കുന്നതിന് നിയമതടസ്സങ്ങളൊന്നും നിലവിലില്ല.

(ഡി) 2012 വരെ മരുന്ന് നിർമ്മാണ കമ്പനികൾക്ക് അവരുടെ ഉത്പ്പന്നങ്ങൾക്ക് വ്യക്തമായ ബ്രാൻഡ് നെയിമിലാണ് നിർമ്മാണാനുമതി നൽകിയിരുന്നത്. എന്നാൽ ജെനറിക് പേര് മാത്രം ഉൾപ്പെടുത്തി നിർമ്മാണ ലൈസൻസ് നൽകിയാൽ മതിയെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാതാക്കൾക്ക് ജെനറിക് നാമത്തിൽ ലൈസൻസ് കിട്ടിയിട്ടുള്ള ഉത്പ്പന്നങ്ങൾ വിവിധ ബ്രാൻഡ് നെയിമുകളിൽ വിപണനം നടത്താവുന്നതാണ്. ഇതിനെത്തുടർന്ന് പല സംസ്ഥാനങ്ങളിലായി നിർമ്മിക്കപ്പെടുന്ന മരുന്നുൽപ്പന്നങ്ങൾക്ക് ഒരേ ബ്രാൻഡ് നെയിം കണ്ടുവരുന്നുണ്ട്. രണ്ട് വ്യത്യസ്ത രോഗങ്ങൾക്കുള്ള മരുന്നുകൾക്ക് ഒരേ ബ്രാൻഡ് നെയിം ഉണ്ടായാൽ അവ രോഗികൾക്ക് മാറ്റി നൽകപ്പെടാനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാധ്യത ഉണ്ടായേക്കാം. സംസ്ഥാനത്ത് ഇപ്രകാരം സമാന ബ്രാൻഡ് നെയിം ഉള്ള മരുന്നുകൾ പരിശോധനകളിലോ പരാതികളെത്തുടർന്നോ കണ്ടുപിടിക്കപ്പെടുന്നപക്ഷം പൊതുജന താൽപ്പര്യാർത്ഥം അവയുടെ തുടർവിപണനം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇപ്രകാരം കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി മൂന്ന് മരുന്നുകൾ കണ്ടുപിടിക്കപ്പെടുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരേ പേരിലുള്ള ഇത്തരം മരുന്നുകളുടെ ലഭ്യത ഇല്ലാതാക്കുവാൻ കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ട്.

ഒരു മരുന്നുവിൽപ്പനശാലയിൽ മരുന്നുവിൽപ്പനയുടെ മേൽനോട്ടത്തിനായി രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം കർശനമാണെന്ന് ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസിലെ റൂൾ 65(2) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. മരുന്നുവിൽപ്പന ലൈസൻസുകൾ അനുവദിക്കുന്ന സമയത്തുതന്നെ നിയമം അനുശാസിക്കുന്ന യോഗ്യതാമാനദണ്ഡങ്ങൾ (ഫാർമസി ഡിപ്ലോമ, സംസ്ഥാന ഫാർമസി കൗൺസിൽ രജിസ്ട്രേഷൻ) ഉറപ്പുവരുത്തിയതിനുശേഷമാണ് ഫാർമസിസ്റ്റുകളെ ലൈസൻസിൽ ചേർക്കുന്നതും അംഗീകരിക്കുന്നതും. സ്ഥാപന പരിശോധനാ വേളകളിലോ പരാതികളുടെ അടിസ്ഥാനത്തിലോ രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനമില്ലാതെയുള്ള മരുന്നുവിൽപ്പന ശ്രദ്ധയിൽപ്പെടുന്നപക്ഷം ലൈസൻസ് സസ്പെൻഷൻ പോലുള്ള വകുപ്പുതല നടപടികളും ചട്ടലംഘനങ്ങൾക്കെതിരെ നിയമ നടപടികളും ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ (2012-2016) പ്രസ്തുത ലംഘനങ്ങൾക്കെതിരെ 2057 സ്ഥാപനങ്ങളുടെ ലൈസൻസ് സസ്പെന്റ് ചെയ്യുകയും 19 സ്ഥാപനങ്ങളുടെ ലൈസൻസ് ക്യാൻസൽ ചെയ്യുകയും 13 സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ആയുർവേദ മരുന്നുകളിൽ മാരക വിഷവസ്തുക്കൾ

319 (3707) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കുന്ന ആയുർവേദ മരുന്നുകളിൽ മാരക വിഷവസ്തുക്കൾ ചേർക്കുന്നു എന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആയുർവേദ മരുന്നുകളിലെ ചേരുവകൾ പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ചില സ്ഥാപനങ്ങൾ സ്വയം ചികിത്സയ്ക്ക് പ്രേരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. ആയുർവേദ ഔഷധങ്ങൾ നിർമ്മിക്കാൻ വേണ്ടി ചേരുവയായി ഉപയോഗിക്കുന്ന കറുവപ്പട്ടയ്ക്കു പകരം കാസിയ ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ആയുർവേദ ഔഷധങ്ങൾ ഒന്നിൽ കൂടുതൽ മരുന്നുകൾ ചേർത്തുള്ള യോഗങ്ങളായതിനാൽ ഓരോ ചേരുവകളും ചേർത്തിട്ടുണ്ടോ എന്ന് വ്യക്തമായി പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ ആയുർവേദ ഫാർമക്കോപ്പിയ ഇന്ത്യ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പരിശോധനകൾ നടത്താനുള്ള സൗകര്യം നിലവിലുണ്ട്.

ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ആയുർവേദ-സിദ്ധ-യുനാനി ഔഷധങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് മാത്രമായി ഒരു വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആറ് ആയുഷ് അപ്രൂവ്ഡ് ലബോറട്ടറികളും പ്രവർത്തിക്കുന്നു. അവ താഴെപ്പറയുന്നവയാണ്:

1. നാഗാർജ്ജുന ഹെർബൽ കോൺസൻട്രേറ്റ്സ്, തൊടുപുഴ, ഇടുക്കി

2. മെ. ഫാർമസ്യൂട്ടിക്കൽസ് കോർപ്പറേഷൻ (ഐ.എം) കേരള ലി. (ഔഷധി), തൃശ്ശൂർ

3. മെ. വൈദ്യരത്നം പി.എസ്. വാര്യേഴ്സ് ആര്യ വൈദ്യശാല, കോട്ടയ്ക്കൽ, മലപ്പുറം

4. മെ. ന്യൂ ഉദയ ഫാർമസി & ആയുർവേദിക് ലബോറട്ടറീസ്, കടവന്ത്ര, കൊച്ചി

5. മെ. ശ്രീധരീയം ആയുർവേദിക് മെഡിസിൻസ് (പ്രൈ.) ലി., കൂത്താട്ടുകുളം, എറണാകുളം

6. മെ. കെയർ കേരളം, കിൻഫ്ര പാർക്ക്, കൊരട്ടി.

(സി) ഉണ്ട്. പരസ്യ നിയമം ലംഘിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. സ്വയം ചികിത്സയ്ക്ക് പ്രേരിപ്പിക്കുന്ന പരസ്യങ്ങൾ നൽകിയ 135-ൽപ്പരം കേസ്സുകൾ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ്) ആക്ട്, 1954 പ്രകാരം കേരളത്തിലെ വിവിധ കോടതികളിൽ നടന്നുവരുന്നു.

**ലഹരിക്കായി ഇംഗ്ലീഷ് മരുന്നുകൾ**

320 (3708) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കായി ചില ഇംഗ്ലീഷ് മരുന്നുകൾ വിദ്യാർത്ഥികളും മറ്റും ഉപയോഗിച്ചുവരുന്ന സാഹചര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡോക്ടറുടെ കുറിപ്പടിയില്ലാതെതന്നെ ഇപ്പോൾ ഇത്തരം മരുന്നുകൾ ആർക്കും എളുപ്പത്തിൽ ലഭ്യമാകുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ മരുന്നുകളുടെ വിതരണവും ഉപയോഗവും സംബന്ധിച്ച് വ്യക്തമായ മാനദണ്ഡം വേണമെന്ന ആവശ്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുസംബന്ധിച്ച് സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊണ്ടു?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) ഉണ്ട്

(സി) ഇത്തരം മരുന്നുകളുടെ വിതരണം/വിൽപ്പന സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ നിലവിലുണ്ട്.

(ഡി) 'വിമുക്തി' എന്ന പേരിൽ ഒരു ലഹരി വർജ്ജന മിഷൻ സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

സൈക്കോട്രോപ്പിക് സബ്സ്റ്റൻസുകളിൽ ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുള്ള മരുന്നുകളുടെ ഷെഡ്യൂൾ H1 എന്ന പ്രത്യേക പട്ടികയിൽ ഉൾപ്പെടുത്തി ഇവയുടെ വിതരണത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസ് ഭേദഗതി ചെയ്തിട്ടുണ്ട്.

**മരുന്നുകളുടെ ഗുണനിലവാരം**

321 (3709) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ;

(ബി) ഇതിനുള്ള സംവിധാനം ഏതൊക്കെ ഏജൻസികൾ മുഖേനയാണ് നടപ്പാക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) മെഡിക്കൽ ഷോപ്പുകൾ വഴി വിതരണം ചെയ്യുന്ന മരുന്നുകളുടെ വില വർദ്ധനവ് തടയുന്നതിന് സ്വീകരിക്കുവാൻ കഴിയുന്ന മാർഗ്ഗങ്ങൾ എന്തെല്ലാം; ഇവ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഒരേ മരുന്നിന് വിവിധ മരുന്നുകമ്പനികൾ വ്യത്യസ്ത തരത്തിൽ വില ഈടാക്കുന്നത് തടയാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പരിശോധിക്കാറുണ്ട്.

(ബി) സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴിയാണ് സംഭരിക്കപ്പെടുന്നത്. ഈ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി കെ.എം.എസ്.സി.എൽ. NABL അക്രഡിറ്റേഷനുള്ള മരുന്ന് പരിശോധനാ ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(സി) കേന്ദ്ര കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് വകുപ്പിന്റെ കീഴിലുള്ള ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (എൻ.പി.പി.എ) യാണ് മരുന്നുകളുടെ വിലനിയന്ത്രണം നടപ്പിലാക്കി വരുന്നത്. സംസ്ഥാന സർക്കാരിന് മരുന്നുവില നിശ്ചയിക്കുന്നതിൽ അധികാരമില്ല. എന്നാൽ എൻ.പി.പി.എ. വില നിശ്ചയിച്ചിരിക്കുന്നത് ദേശീയ അവശ്യ മരുന്ന് പട്ടികയിലുൾപ്പെടുത്തിയിട്ടുള്ള മരുന്നുകൾക്ക് മാത്രമാണ്. ഈ പട്ടികയിൽ ഉൾപ്പെടാത്ത മരുന്നുകൾ നിലവിൽ വില നിയന്ത്രണത്തിൽ വന്നിട്ടില്ല. എന്നിരുന്നാലും ഇത്തരം മരുന്നുകൾക്ക് വർഷം തോറും പരമാവധി 10% വിലവർദ്ധനവ് മാത്രമേ എൻ.പി.പി.എ. അനുവദിച്ചിട്ടുള്ളൂ. എൻ.പി.പി.എ നിശ്ചയിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കുന്നില്ലെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഫലപ്രദമായി ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) ഒരേ മരുന്നിന് വിവിധ മരുന്ന് കമ്പനികൾ വ്യത്യസ്ത വിലകൾ ഈടാക്കുന്നുണ്ട്. എൻ.പി.പി.എ. നിശ്ചയിച്ചിട്ടുള്ള സീലിംഗ് പ്രൈസിനേക്കാൾ കൂടുതൽ വില ഈടാക്കുവാൻ പാടില്ല എന്നേ നിയമം നിഷ്കർഷിച്ചിട്ടുള്ളൂ. പ്രസ്തുത സീലിംഗ് പ്രൈസിനുള്ളിലുള്ള ഏത് തുക വേണമെങ്കിലും മരുന്ന് വിലയായി നിർമ്മാതാക്കൾ നിശ്ചയിക്കുന്നതിൽ നിയമപരമായി തെറ്റില്ല.

**ഹോമിയോ ഡിസ്പെൻസറികൾ**

322 (3710) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; പാലക്കാട് ജില്ലയിൽ എത്ര ഹോമിയോ ഡിസ്പെൻസറികൾ പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

ഇത് സംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

**ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ നാച്ചുറോപ്പതി**

323 (3711) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ നാച്ചുറോപ്പതി സംസ്ഥാനത്ത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള കേന്ദ്രത്തിന്റെ അറിയിപ്പുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ഏതെങ്കിലും ഏജൻസികൾ ഇടുക്കിയിൽ സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം വിട്ടുതരുന്നതിന് സന്നദ്ധത അറിയിച്ചു കൊണ്ടുള്ള ഇടുക്കി ജില്ലാ പഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിവിധ സംസ്ഥാനങ്ങൾക്ക് അയച്ച 5-1-2017-ലെ കേന്ദ്ര സർക്കാരിന്റെ കത്ത് പ്രകാരം ആവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ് എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്.

(ബി) ഇല്ല. എന്നാൽ ഇടുക്കി ജില്ലാ പഞ്ചായത്ത് ഇന്ത്യൻ നാച്ചുറോപ്പതി & യോഗ ഗ്രാഡ്വേറ്റ്സ് മെഡിക്കൽ അസോസിയേഷൻ കേരള ചാപ്റ്ററുമായി ചേർന്ന് ഒരു ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗ & നാച്ചുറോപ്പതി സ്ഥാപിക്കുന്നതിനായി ഒരു പ്രോജക്ട് തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നാച്ചുറോപ്പതിക്ക് കേരളത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുവാൻ 20 ഏക്കർ സ്ഥലം ആവശ്യമുണ്ടെന്നും ടി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുവാൻ ആവശ്യമുള്ള സ്ഥലം സർക്കാർ അനുമതിക്ക് വിധേയമായി വിട്ടുനൽകുവാനും ഡി.റ്റി.പി.സി.-ക്ക് മുൻപ് സർക്കാർ കൈമാറിയിട്ടുള്ളതും എന്നാൽ അവർ വികസന പ്രവർത്തനങ്ങൾ ചെയ്യാതെ ഇട്ടിരിക്കുന്നതുമായ 106 ഏക്കർ ഭൂമിയിൽനിന്നും 20 ഏക്കർ ഭൂമി ടി ആവശ്യത്തിനായി ഡി.റ്റി.പി.സി.-യിൽനിന്നും തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും 30-3-2016-ലെ ജനറൽ കമ്മിറ്റി യോഗത്തിൽ 18-ാം നമ്പരായി ഇടുക്കി ജില്ലാ പഞ്ചായത്ത് തീരുമാനം എടുത്തിട്ടുണ്ട്.

## മത്സ്യസംസ്കരണ ശാലകളിൽനിന്നുള്ള മലിനജലം

324 (3712) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ നമ്പ്യാപുരം (പള്ളുരുത്തി), കളത്ര, കണ്ണമാലി കായലിൽ മത്സ്യം ചത്തു പൊങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജലാശയങ്ങളിലേക്ക് മത്സ്യ സംസ്കരണശാലകളിൽ നിന്നുള്ള മലിനജലം നിയന്ത്രണമില്ലാതെ ഒഴുക്കുന്നത് ശ്രദ്ധിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ഡി) കണ്ണമാലി, നമ്പ്യാപുരം ഭാഗങ്ങളിലെ മത്സ്യസംസ്കരണ ശാലകൾ നിയമം അനുശാസിക്കുന്ന മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കണ്ണമാലി, നമ്പ്യാപുരം ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ആറ് മത്സ്യസംസ്കരണ ശാലകളിൽ മലിനജല ശുദ്ധീകരണത്തിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

## കണ്ണൂർ ജില്ലയിലെ നേവൽ അക്കാദമിയുടെ മാലിന്യപ്ലാന്റ്

325 (3713) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ രാമന്തളി പ്രദേശത്ത് നേവൽ അക്കാദമിയുടെ മാലിന്യപ്ലാന്റിൽ നിന്ന് മലിനജലം ഒഴുകി സമീപത്തെ കിണറുകൾ മലിനപ്പെട്ട വിവരം ശ്രദ്ധയിൽപ്പട്ടിരുന്നോ;

(ബി) എങ്കിൽ ഈ പ്രശ്നം നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) നേവൽ അക്കാദമിയുടെ ജനവാസ കേന്ദ്രത്തിലെ മാലിന്യപ്ലാന്റ് അടച്ചുപൂട്ടുന്നതിന് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ബി&സി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ കണ്ണൂർ നേവൽ അക്കാദമിയുടെ സ്വീവേജ് മാലിന്യ സംസ്കരണ പ്ലാന്റിൽ വിശദമായ പരിശോധന നടത്തുകയുണ്ടായി. പ്ലാന്റിന് പൂർണ്ണ രീതിയിലുള്ള സംസ്കരണ സംവിധാനം ഉള്ളതായി കണ്ടില്ല. ബാച്ച്-ബാച്ചായിട്ടാണ് പ്രസ്തുത പ്ലാന്റ് പ്രവർത്തിപ്പിച്ചിരുന്നത്. പ്ലാന്റിന്റെ ഇത്തരത്തിലുള്ള പ്രവർത്തന സംവിധാനം അനുയോജ്യമല്ല. ജല അതോറിറ്റി നടത്തിയ പഠനങ്ങളിൽ സമീപത്തെ കിണറുകളിൽ കോളിഫോമിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. എങ്കിലും അക്കാദമിയുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നുള്ള മലിനീകരണമാണോ സമീപത്തെ കിണറുകളിലെ കോളിഫോം സാന്നിധ്യത്തിനു കാരണം എന്നറിയുന്നതിന് വിശദമായ ഹൈഡ്രോ ജിയോളജിക്കൽ പഠനങ്ങൾ ആവശ്യമായി വരും.

പ്രസ്തുത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതി കരസ്ഥമാക്കിയിട്ടില്ല. കൂടാതെ 2013-ൽ എസ്.ടി.പി. ഓഗ്മെന്റേഷനായി ബോർഡ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടുമില്ല. അനുമതി കൂടാതെ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനാൽ 22-2-2017-ന് നേവൽ അക്കാദമി കമാന്റിംഗ് ഓഫീസർക്ക് മലിനീകരണ നിയന്ത്രണ ബോർഡ് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. പ്ലാന്റിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള തുടർനിർദ്ദേശങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുണ്ട്. പ്ലാന്റ് വിപുലീകരിക്കുന്നതിനും നിലവിൽ ബാച്ച് പ്രോസസ്സ് രീതിയിൽ പ്രവർത്തിപ്പിക്കുന്ന പ്ലാന്റ് തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. പ്ലാന്റിൽനിന്നും ചോർച്ചയുണ്ടെങ്കിൽ സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ചും നേവൽ അക്കാദമിക്ക് സാധ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**കോംപ്രിഹെൻസീവ് വിക്ടിം റിലീഫ് ഫണ്ട്**

326 (3714) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ലൈംഗിക കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി ഒരു 'കോംപ്രിഹെൻസീവ് വിക്റ്റിം റിലീഫ് ഫണ്ട്' സ്ഥാപിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും മറ്റ് വിശദാംശങ്ങളും നൽകുമോ;

(സി) പീഡനത്തിനിരയാകുന്ന ഇരകളെ തിരികെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് മറ്റെന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്

(ബി) അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾ/കുട്ടികൾക്ക് ഉടൻ ആശ്വാസം നൽകുന്നതിന് ഒരു 'കോംപ്രിഹെൻസീവ് വിക്ടിം റിലീഫ് ഫണ്ട് സ്ഥാപിക്കുന്നതിനായി 2017-18 ബജറ്റിൽ അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലൈംഗിക അതിക്രമങ്ങൾക്ക് പുറമെ, ആസിഡ് അറ്റാക്ക്, വീട്ടിനുള്ളിൽനിന്നും നേരിടുന്ന അതിക്രൂരമായ പീഡനം എന്നിവ നേരിടുന്ന സ്ത്രീകൾ/കുട്ടികളുടെയും ശാരീരിക, മാനസിക ചികിത്സയ്ക്കും പുനരധിവാസത്തിനുമായാണ് ഈ സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നത്. പോലീസിന്റെ കേസ്സിന്റെയും ജില്ലാ ശിശു സംരക്ഷണ ഓഫീസർ/സ്ത്രീ സംരക്ഷണ ഓഫീസർ എന്നിവരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലായിരിക്കും തുക നൽകുന്നത്. ഈ ഫണ്ടിന്റെ വിനിയോഗത്തിന് വിശദമായ മാനദണ്ഡങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) ലൈംഗിക പീഡനത്തിന് വിധേയരായി നിർഭയ ഷെൽട്ടർ ഹോമുകളിൽ താമസിക്കുന്ന സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി, അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും സ്വന്തം കാലിൽ നിൽക്കാനും സ്വയം പര്യാപ്തരാകാനും ഉതകുന്ന രീതിയിൽ പ്രാപ്തരാക്കാൻ ഒരു ആഫ്റ്റർ കെയർ ഹോം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പല തരത്തിലുള്ള നൈപുണ്യ വർദ്ധനവിനായി പരിശീലനങ്ങളും ചെറുകിട തൊഴിൽ സംരംഭങ്ങളും താൽപ്പര്യമുള്ള കമ്പനികളുമായി ചേർന്ന് ആരംഭിക്കാനും ഇതിലൂടെ നിർഭയ ഷെൽട്ടർ ഹോം താമസക്കാരെ ക്രമേണ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരികെ കൊണ്ടുവരാനും ഉദ്ദേശിക്കുന്നു.

**വൺസ്റ്റോപ്പ് ക്രൈസിസ് സെന്റർ**

327 (3715) ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ സുരക്ഷക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സംയോജിത വൺ സ്റ്റോപ്പ് ക്രൈസിസ് സെന്റർ (ഒ.എസ്.സി.സി.) ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് വഴി സ്ത്രീ സുരക്ഷയുടെ കാര്യത്തിൽ പ്രകടമായ എന്ത് മാറ്റം കൊണ്ടുവരാൻ സാധ്യമായെന്ന് വെളിപ്പെടുത്തുമോ;

(സി) എല്ലാ ജില്ലാകേന്ദ്രങ്ങളിലും നിർഭയ ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്ത്രീ സുരക്ഷയ്ക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന വൺ സ്റ്റോപ്പ് ക്രൈസിസ് സെന്റർ (ഒ.എസ്.സി.സി.) ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് ഉണ്ടാകുന്ന മാനസിക സമ്മർദ്ദത്തിൽനിന്നും കരകയറാനും അവർക്ക് ആവശ്യമായ വൈദ്യസഹായം നൽകുവാനും നിയമപരിരക്ഷ ഉറപ്പാക്കാനും സംരക്ഷണം നൽകാനുമാണ് വൺ സ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിക്കുന്നത്. അതിക്രമത്തിന് വിധേയരാകുന്നവർക്ക് ശാരീരിക/മാനസിക ശക്തി പകർന്നുനൽകി കുറ്റക്കാർക്കെതിരെ മൊഴി നൽകുന്നതിന് പ്രാപ്തരാക്കാനും സധൈര്യം മുന്നേറാനുള്ള ശേഷി വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടാണ് ഇവ പ്രവർത്തിക്കുന്നത്.

(സി) തിരുവനന്തപുരം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട്, മലപ്പുറം, കാസർഗോഡ് എന്നീ 9 ജില്ലകളിലായി 11 നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. കൊല്ലം ജില്ലയിൽ ഒരു പുതിയ ഷെൽട്ടർ ഹോം ഉടൻ ആരംഭിക്കുന്നതാണ്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കണ്ണൂർ ജില്ലകളിൽ നിർഭയ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മഹിളാ/നിർഭയ മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യവികസനം**

328 (3716) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാ/നിർഭയ മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും സുരക്ഷ കൂട്ടുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കുമോ;

(ബി) ഇവിടത്തെ അന്തേവാസികളുടെ സംരക്ഷണവും സുരക്ഷയും വകുപ്പിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ യഥാസമയം പരിശോധന നടത്തി ഉറപ്പുവരുത്താറുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) മഹിളാമന്ദിരങ്ങൾ

മഹിളാമന്ദിരങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ബന്ധപ്പെട്ട സൂപ്രണ്ടുമാർ എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി ഭരണാനുമതി നൽകി പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു. ഇപ്രകാരം ഈ സാമ്പത്തിക വർഷം തിരുവനന്തപുരം മഹിളാമന്ദിരത്തിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പണികൾക്കായി ആറ് ലക്ഷം രൂപ, കണ്ണൂർ മഹിളാമന്ദിരത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 16.50 ലക്ഷം രൂപ എന്നിങ്ങനെ ഭരണാനുമതി നൽകുകയും ടി പ്രവൃത്തികൾ ചെയ്യുന്നതിനായി തുക പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

നിർഭയ ഹോം

നിർഭയ ഷെൽട്ടർ ഹോമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഓരോ ഷെൽട്ടർ ഹോമിനും 6,85,000 രൂപ വീതം ഷെൽട്ടർ ഹോമുകളുടെ മേൽനോട്ടം വഹിക്കുന്ന സന്നദ്ധ സംഘടനകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഓരോ ഷെൽട്ടർ ഹോമിൽനിന്നും അടിസ്ഥാന സൗകര്യങ്ങൾക്കായി തുക ആവശ്യപ്പെടുന്ന മുറയ്ക്ക് അനുവദിച്ച് നൽകുന്നുണ്ട്. കോഴിക്കോട് HMDC കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി നിർഭയ ഷെൽട്ടർ ഹോമാക്കി മാറ്റുന്നതിന് 22 ലക്ഷം രൂപ അനുവദിക്കുകയും ഇലക്ട്രിക്കൽ പണികൾക്കായി 2,60,000/- രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ നിർഭയ ഷെൽട്ടർ ഹോം നിർമ്മാണത്തിന് 85 ലക്ഷം രൂപ അനുവദിക്കുകയും പെയിന്റിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്കായി 26.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിർഭയയുടെ തിരുവനന്തപുരം വൺസ്റ്റോപ്പ് സെന്ററിന്റെ നിർമ്മാണത്തിന് 37,68,927 രൂപ അനുവദിച്ചിരുന്നുവെങ്കിലും പദ്ധതി പൂർത്തീകരിക്കുന്നതിന് ടി തുക അപര്യാപ്തമാണെന്ന് പി.ഡബ്ല്യൂ.ഡി. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി പൂർത്തീകരിക്കുന്നതിന് ഈ സാമ്പത്തിക വർഷം 22,31,073 രൂപയുംകൂടി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി തുകകൾ ചെലവഴിക്കുന്നതിന് പി.ഡബ്ല്യു.ഡി.-ക്ക് അനുമതി നൽകിയിട്ടുണ്ട്. നിർഭയ ഷെൽട്ടർ ഹോമുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സി.സി.ടി.വി. ക്യാമറ വാങ്ങി സ്ഥാപിക്കാൻ ഷെൽട്ടർ ഹോമുകളുടെ മേൽനോട്ടം വഹിക്കുന്ന എല്ലാ സന്നദ്ധ സംഘടനകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർ ഉൾപ്പെട്ട സംയുക്ത പരിശോധനാ സമിതി കൃത്യമായ ഇടവേളകളിൽ മഹിളാ മന്ദിരങ്ങളിൽ

പരിശോധന നടത്തുകയും പ്രവർത്തനം വിലയിരുത്തുന്നതിനായി സ്ഥാപന സൂപ്രണ്ടുമാരുടെ റിവ്യൂ മീറ്റിംഗ് നടത്തി വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നിർഭയ സെല്ലിലെ പ്രോഗ്രാം ഓഫീസർമാർ ഒരു മാസത്തിൽ കുറഞ്ഞത് മൂന്ന് ഷെൽട്ടർ ഹോമുകൾ വീതം സന്ദർശിച്ചുവരുന്നു. ഇതിനുപുറമേ അത്യാവശ്യ ഘട്ടങ്ങളിൽ നിർഭയ സെൽ അധികൃതർ ഷെൽട്ടർ ഹോമുകൾ സന്ദർശിക്കുകയും നിർദ്ദേശങ്ങളും സഹായങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ, സാമൂഹ്യനീതി വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥരും നിർഭയ ഷെൽട്ടർ ഹോമുകൾ സന്ദർശിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## നിർഭയ സെല്ലിൻകീഴിലുള്ള ഹോമുകളിലെ സുരക്ഷ

329 (3717) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ സെല്ലിൻ കീഴിലുള്ള ഹോമുകളിൽ സുരക്ഷ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(ബി) കോംപ്രിഹെൻസീവ് വിക്ടിം റിലീഫ് ഫണ്ടിന്റെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) ഉണ്ട്. എല്ലാ നിർഭയ ഷെൽട്ടർ ഹോമുകളിലും രണ്ട് സെക്യൂരിറ്റി ഗാർഡുകളെ വീതം നിയമിച്ചിട്ടുണ്ട്. നിർഭയ ഷെൽട്ടർ ഹോമുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സി.സി.ടി.വി. ക്യാമറ വാങ്ങി സ്ഥാപിക്കാൻ ഷെൽട്ടർ ഹോമുകളുടെ മേൽനോട്ടം വഹിക്കുന്ന എല്ലാ സന്നദ്ധ സംഘടനകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. അക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്ക് എത്രയും പെട്ടെന്നുള്ള സംരക്ഷണത്തിനും പുനരധിവാസത്തിനുമായി ഉടൻ സഹായം നൽകുന്നതിനായി Immediate Relief Fund ആരംഭിക്കുന്നതിന് 2017-18-ലെ സംസ്ഥാന ബഡ്ജറ്റിൽ അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## ചൈൽഡ് ഡെവലപ്‌മെന്റ് പ്രോജക്ട് ഓഫീസർ (സി.ഡി.പി.ഒ.)-മാരുടെ നിയമനം

330 (3718) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ ചൈൽഡ് ഡെവലപ്‌മെന്റ് പ്രോജക്ട് ഓഫീസർ (സി.ഡി.പി.ഒ.) മാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിൽ വന്നത് എന്നായിരുന്നുവെന്ന് അറിയാമോ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ലിസ്റ്റ് വന്നതിനുശേഷം എത്ര സി.ഡി.പി.ഒ. മാരുടെ നിയമനം നടത്തിയെന്നും അതിൽ എത്രപേർ പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമിക്കപ്പെട്ടുവെന്നും വെളിപ്പെടുത്തുമോ;

(സി) 2016-മേയ് 26-ന ശേഷം എത്ര പേർക്ക് പ്രൊമോഷനിലൂടെ സി.ഡി.പി.ഒ. നിയമനം നൽകിയെന്നും, എത്രപേരെ പി.എസ്.സി വഴി നിയമിച്ചുവെന്നും പ്രത്യേകം കണക്ക് ലഭ്യമാക്കുമോ;

(ഡി) നിലവിൽ എത്ര സി.ഡി.പി.ഒ മാർക്ക് വർക്ക് അറേഞ്ചുമെന്റും ഡെപ്യൂട്ടേഷനും നൽകിയിട്ടുണ്ടെന്നും അവർ എത്ര നാളായി ഈ അവസ്ഥയിൽ തുടരുന്നുവെന്നും വ്യക്തമാക്കുമോ;

(ഇ) സി.ഡി.പി.ഒ മാർ ഇല്ലാത്ത സ്ഥലങ്ങളിൽ എത്ര സൂപ്പർവൈസർമാർക്കും തൊട്ടടുത്ത സി.ഡി.പി.ഒ. മാർക്കും ചാർജ് നൽകിയിട്ടുണ്ട്;

(എഫ്) നിലവിലെ ഒഴിവ് എത്രയാണ്; ഒഴിവ് നികത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(ജി) പി.എസ്.സി. റാങ്ക് ലിസ്റ്റ് വന്നതിനുശേഷം നിയമന വ്യവസ്ഥകൾ പാലിക്കാതെ അനധികൃത പ്രൊമോഷനിലൂടെ നിയമനം നടത്തിയതുമൂലം റാങ്ക് ഹോൾഡേഴ്സിന് ലഭിക്കേണ്ടിയിരുന്ന അവസരം നഷ്ടപ്പെടാനിടയായത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നിയമവിരുദ്ധമായി നടത്തിയ പ്രസ്തുത നിയമനങ്ങളെ സംബന്ധിച്ച് സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; നിലവിലുള്ള മുഴുവൻ ഒഴിവുകളിലും പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തി 4:1 എന്ന വ്യവസ്ഥയിൽ റേഷ്യോ നിലനിർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിൽ സി.ഡി.പി.ഒ.-മാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിൽവന്നത് 4-8-2015-ലാണ്.

(ബി) 4-8-2015-ലെ ശിശു വികസന പദ്ധതി ഓഫീസറുടെ പി.എസ്.സി. ലിസ്റ്റ് വന്നതിനുശേഷം 101 പേർ സി.ഡി.പി.ഒ.-മാരായി നാളിതുവരെ നിയമിച്ചിട്ടുണ്ട്. അതിൽ 46 പേർ പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമിക്കപ്പെട്ടിട്ടുണ്ട്.

(സി) 2016 മേയ് 26-നുശേഷം ഉദ്യോഗക്കയറ്റം മുഖേന 38 പേർക്ക് സി.ഡി.പി.ഒ. തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് മുഖേന സി.ഡി.പി.ഒ. തസ്തികയിൽ 9 പേരെ നിയമിച്ചിട്ടുണ്ട്.

(ഡി) സി.ഡി.പി.ഒ. തസ്തികയിൽ 16-12-2016 മുതൽ ഒരാൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും മറ്റൊരാൾ 1-3-2016 മുതൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലും സേവനമനുഷ്ഠിക്കുന്നു.

(ഇ) നിലവിൽ സി.ഡി.പി.ഒ.-മാർ ഇല്ലാത്ത സ്ഥലങ്ങളിൽ ആറ് പ്രോജക്ടുകളിൽ സൂപ്പർവൈസർ/തൊട്ടടുത്ത സി.ഡി.പി.ഒ.-മാർക്ക് ചാർജ്ജ് നൽകിയിട്ടുണ്ട്.

(എഫ്) നിലവിൽ സി.ഡി.പി.ഒ.-മാരുടെ അഞ്ച് ഒഴിവുകൾ ഉണ്ട്. ആയതിൽ നാല് ഒഴിവുകൾ ഉദ്യോഗക്കയറ്റം മുഖേനയും ഒരു ഒഴിവ് പി.എസ്.സി. മുഖേന നേരിട്ടും നിയമിക്കേണ്ടതാണ്. 2017-ലെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഉദ്യോഗക്കയറ്റം മുഖേന നികത്തേണ്ടുന്ന ടി നാല് ഒഴിവുകൾ നികത്തുന്നതാണ്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒരൊഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് ടി ഒഴിവും നികത്തുന്നതാണ്.

(ജി) സാമൂഹ്യനീതി വകുപ്പിൽ സി.ഡി.പി.ഒ. തസ്തികയിൽ നിയമന വ്യവസ്ഥകൾ പാലിക്കാതെ അനധികൃത ഉദ്യോഗക്കയറ്റം മുഖേന നിയമനം നടത്തിയിട്ടില്ല. ഇതിനാൽ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിന് അവസരം നഷ്ടപ്പെട്ടിട്ടില്ല. സി.ഡി.പി.ഒ. തസ്തികയിലേയ്ക്ക് 2010-ലെ സ്പെഷ്യൽ റൂൾ പ്രകാരം 1 : 4 അനുപാതത്തിൽ ഉദ്യോഗക്കയറ്റം മുഖേനയുള്ള നിയമനവും നേരിട്ടുള്ള നിയമനവും തുടർന്നുവരുന്നു. വകുപ്പിലെ വിശേഷാൽ ചട്ടത്തിൽ നിശ്ചയിച്ചിട്ടുള്ള അനുപാതം നിലനിർത്തി തന്നെയാണ് നിയമന നടപടികൾ സ്വീകരിച്ചുവരുന്നത്.

## കാസർഗോഡ് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിലെ ഒഴിവുകൾ

331 (3719) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സാമൂഹ്യനീതി വകുപ്പിൽ ഒഴിവുകൾ നികത്താത്തതിനാൽ ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തദ്ദേശഭരണ വകുപ്പിലെ പദ്ധതി നിർവ്വഹണം പൂർത്തീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ആവശ്യമുണ്ടായിട്ടും ഒഴിവുകൾ നികത്താത്തതുമൂലം പല ബ്ലോക്ക് പഞ്ചായത്തുകളിലും ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുമോ;

(സി) നിലവിൽ സി.ഡി.പി.ഒ., സൂപ്പർവൈസർ, അങ്കണവാടി ടീച്ചർ, ക്ലാർക്ക് മുതലായ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) ഏതെല്ലാം തസ്തികകളിലുള്ള ജീവനക്കാർ വർക്കിംഗ് അറേഞ്ച്മെന്റിൽ പോയിട്ടുണ്ടെന്നും അവരാരെല്ലാമാണെന്നും എത്ര നാളുകളായി അവർ വർക്കിങ് അറേഞ്ച്മെന്റിൽ തുടരുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർക്കെങ്കിലും വർക്കിംഗ് അറേഞ്ച്മെന്റ് പുനഃസ്ഥാപിച്ചു നൽകിയിട്ടുണ്ടോ; അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ എല്ലാം നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) തസ്തികകളിലെ ഒഴിവ് വിവരം താഴെക്കൊടുക്കുന്നു:

സി.ഡി.പി.ഒ.-ഒഴിവില്ല. പ്രോഗ്രാം ഓഫീസർ - 1, സൂപ്പർവൈസർ-14, സൂപ്രണ്ട് ഗ്രേഡ് I -1, സൂപ്രണ്ട് ഗ്രേഡ് II-1, സൂപ്രണ്ട് ഗ്രേഡ് III-1, ജൂനിയർ സൂപ്രണ്ട്-10, ക്ലാർക്ക്-4, വാച്ച്മാൻ-2, ഓഫീസ് അറ്റൻഡന്റ്-1

(ഡി) കാസർഗോഡ് ജില്ലയിൽ നീലേശ്വരം ഐ.സി.ഡി.എസ്. പ്രോജക്ടിലെ സി.ഡി.പി.ഒ. ശ്രീമതി പി. എസ്. വത്സമ്മ, അമൃതം ന്യൂട്രിമിക്സ് മൈക്രോന്യൂട്രിയന്റ് ഫോർട്ടിഫിക്കേഷൻ പൈലറ്റ് പ്രോജക്ടിൽ 1-3-2016 മുതൽ വർക്കിംഗ് അറേഞ്ച്മെന്റിൽ തുടരുന്നു.

(ഇ) ഉണ്ട്. കാസർഗോഡ് ജില്ലയിൽ നീലേശ്വരം ഐ.സി.ഡി.എസ്. പ്രോജക്ടിലെ സി.ഡി.പി.ഒ. ശ്രീമതി പി. എസ്. വത്സമ്മയ്ക്ക് അനുവദിച്ചിരുന്ന

വർക്കിംഗ് അറേഞ്ച്മെന്റ് 7-9-2016-ലെ സ.ഉ. (സാധാ) നം. 420/2016/സാനീവ. ഉത്തരവുപ്രകാരം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

**വിവിധ ക്ഷേമ പദ്ധതികളുടെ വിലയിരുത്തൽ**

332 (3720) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾ, കുട്ടികൾ, അംഗപരിമിതർ, വൃദ്ധജനങ്ങൾ എന്നിവർക്കായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് സോഷ്യൽ ആഡിറ്റ് നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടവർക്ക് അർഹതപ്പെട്ട കാര്യങ്ങൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ടോ;എങ്കിൽ പ്രസ്തുത വിഭാഗത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്ത്രീകൾ, കുട്ടികൾ, അംഗപരിമിതർ, വൃദ്ധജനങ്ങൾ എന്നിവർക്കായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിലയിരുത്തൽ നടത്താറുണ്ട്.

(ബി) ഉണ്ട്. 2013-14 സാമ്പത്തിക വർഷം യുണിസെഫിന്റെയും വകുപ്പിന്റെയും സാമ്പത്തിക സഹായത്തോടൊപ്പം മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിന്റെ സാങ്കേതിക സഹായത്തോടെയും വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളെ പൈലറ്റ് അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുകയും സോഷ്യൽ ഓഡിറ്റ് മാന്വൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നേമം ഐ.സി.ഡി.എസ് പ്രോജക്ട് പൂർണ്ണമായും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി വരുന്നു. സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികളെയും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം, കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഐ.സി.ഡി.എസ്. പദ്ധതിയെക്കുറിച്ചുള്ള അവബോധത്തിന്റെ കുറവ് എന്നിവയാണ് തിരുനെല്ലി പഞ്ചായത്തിലെ സോഷ്യൽ ഓഡിറ്റിലൂടെ കണ്ടെത്തിയ പ്രശ്നങ്ങൾ.

(സി) ഐ.സി.ഡി.എസ്. പദ്ധതിയിൻകിഴിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അംഗപരിമിതർ, വികലാംഗർ എന്നിവരുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു. മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിരക്ഷ നൽകുന്നതിനായുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. പതിനെട്ട് വയസ്സ് പൂർത്തിയാക്കി ജുവനൈൽ ജസ്റ്റീസ് ഹോമുകളിൽനിന്നും പുറത്തിറങ്ങുന്ന കുട്ടികളുടെ പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ടുള്ള ആഫ്റ്റർ കെയർ പ്രോഗ്രാമുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

### സാമൂഹ്യനീതി വകുപ്പ് വഴി നടപ്പാക്കുന്ന പുതിയ പദ്ധതികൾ

333 (3721) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്താൻ ,എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർക്കുന്നു*.

### വൈകല്യങ്ങളെ മറികടന്ന് സമൂഹത്തിന് മാതൃകയാകുന്ന വ്യക്തിത്വങ്ങളെ ആദരിക്കൽ

334 (3722) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം വൈകല്യം മറന്നുകൊണ്ട് വീട്ടിലേക്ക് വഴി വെട്ടിയുണ്ടാക്കിയ അംഗപരിമിതനായ ശ്രീ. ശശി എന്നയാളെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദീർഘനാളത്തെ പ്രയത്നംകൊണ്ട് സഞ്ചാരയോഗ്യമായ വഴി സ്വന്തമായി വെട്ടിയുണ്ടാക്കിയ ഈ വ്യക്തിയെ സാമൂഹ്യനീതി വകുപ്പ് ഏതെങ്കിലും തരത്തിൽ സഹായിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രതികൂല സാഹചര്യങ്ങളെ അവഗണിച്ച് സ്വന്തം ഇച്ഛാശക്തികൊണ്ട് വൈകല്യങ്ങളെ മറികടന്ന് സമൂഹത്തിന് മാതൃകയാകുന്ന ഇത്തരം വ്യക്തിത്വങ്ങളെ ആദരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) ഇല്ല

(സി) ഇപ്രകാരം പ്രതികൂല സാഹചര്യങ്ങളെ അവഗണിച്ച് സ്വന്തം ഇച്ഛാശക്തിയാൽ വൈകല്യങ്ങളെ മറികടന്ന് സമൂഹത്തിന് മാതൃകയാകുന്ന വ്യക്തിത്വങ്ങളെ ആദരിക്കുന്ന ചടങ്ങുകൾ വകുപ്പുതലത്തിൽ സംഘടിപ്പിക്കാറുണ്ട്. യഥാസമയം അപേക്ഷ ക്ഷണിക്കുമ്പോൾ ടിയാനും അപേക്ഷിക്കാവുന്നതാണ്.

**കുട്ടികളിൽ ശ്രവണസഹായി സ്ഥാപിക്കുന്ന ശസ്ത്രക്രിയ**

335 (*T 3723) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കുട്ടികളിൽ ശ്രവണ സഹായി സ്ഥാപിക്കുന്നതിനുള്ള ശസ്ത്രക്രിയ സൗജന്യ നിരക്കിൽ നല്കിയിരുന്നോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി തുടർന്ന് വരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിലാണ് ഈ സർജറി സൗജന്യ നിരക്കിൽ ചെയ്തുവരുന്നത് എന്ന് വിശദമാക്കാമോ;

(സി) പദ്ധതി തുടർന്നു വരുന്നില്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതി പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നൽകിയിരുന്നു.

(ബി) ഉണ്ട്.

ശ്രുതിതരംഗം പദ്ധതിയിലൂടെ സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിനായി എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികൾ താഴെപ്പറയുന്നവയാണ്:

1. ഡോ. മനോജ്സ് ഇ.എൻ.ടി സൂപ്പർ സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ, കോഴിക്കോട്.

2. മിംമ്സ് ആശുപത്രി, കോഴിക്കോട്.

3. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

4. ഡോ. നൗഷാദ്സ് ഇ.എൻ.ടി. ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ, എറണാകുളം.

5. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം.

6. വെസ്റ്റ് ഫോർട്ട് ഹൈടെക് ആശുപത്രി, തൃശ്ശൂർ.

7. അസെന്റ് ഇ.എൻ.ടി. ആശുപത്രി, പെരിന്തൽമണ്ണ.

8. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.

9. കിംസ് ആശുപത്രി, തിരുവനന്തപുരം.

10. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.

(സി&ഡി) പദ്ധതി തുടർന്നുവരുന്നുണ്ട്.

**വയോജനങ്ങളുടെ ക്ഷേമം**

336 (3724) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) വയോജനങ്ങൾക്കായി 'സായംപ്രഭ' എന്ന പുതിയ പദ്ധതി ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ:

ഉത്തരം

(എ) സംസ്ഥാനത്തെ മുതിർന്ന പൗരന്മാരുടെ ക്ഷേമവും സുരക്ഷയും മുൻനിർത്തി നിരാലംബരും നിരാശ്രയരുമായ വയോജനങ്ങളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും ക്ഷേമത്തിനുമായി 16 ഗവൺമെന്റ് വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ സാമൂഹ്യനീതി വകുപ്പിന്റെ ഗ്രാന്റ് സ്വീകരിച്ച് മുന്നൂറോളം സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റ് വൃദ്ധസദനങ്ങളിൽ താമസം, ഭക്ഷണം, മരുന്ന്,

വസ്ത്രം എന്നിവ സൗജന്യമായി നൽകിവരുന്നു. ഒരു അന്തേവാസിക്കുവേണ്ടി പ്രതിമാസം 2000 രൂപ ഭക്ഷണത്തിനും 1000 രൂപ മരുന്നിനും 200 രൂപ കോസ്മെറ്റിക്സിനും പ്രതിവർഷം 2000 രൂപ വസ്ത്രത്തിനും 1500 രൂപ റിക്രിയേഷൻ/ടൂർ എന്നിവയ്ക്കും ഹെയർകട്ടിംഗിന് 600 രൂപയും കണ്ടിജൻസീസിന് 10,000 രൂപയും നൽകി വരുന്നു.

കൂടാതെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വയോജനങ്ങൾക്കായി വയോമിത്രം പദ്ധതിയിലൂടെ സൗജന്യ വൈദ്യസഹായവും മരുന്നും വയോജനങ്ങൾക്ക് അവരുടെ സൗകര്യാർത്ഥം എത്തിക്കുന്നതിനായി മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

പല്ലുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവരോ കേടുപാടുകൾ വന്ന പല്ലുകൾ മാറ്റിവയ്ക്കേണ്ട അവസ്ഥയിലുള്ളവരോ ആയ ബി.പി.എൽ. വിഭാഗത്തിലുള്ള വയോജനങ്ങൾക്ക് കൃത്രിമ പല്ലുകൾ വയ്ക്കുന്നതിന് 'മന്ദഹാസം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് ഭാരതീയ ചികിത്സാ വകുപ്പിന്റെ സഹകരണത്തോടെ 'വയോ അമൃതം' എന്ന പദ്ധതിയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

60 വയസ്സ് കഴിഞ്ഞവർക്ക് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ വാർദ്ധക്യകാല പെൻഷൻ നൽകി വരുന്നുണ്ട്. 60 വയസ്സ് കഴിഞ്ഞവർക്ക് 1000/- രൂപയും 75 വയസ്സ് കഴിഞ്ഞവർക്ക് 1500 രൂപയുമാണ് നിലവിൽ പെൻഷനായി നൽകി വരുന്നത്. 2017-ലെ ബജറ്റിൽ വാർദ്ധക്യകാല പെൻഷൻ 1100 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ രണ്ടു വൃദ്ധസദനങ്ങളിലെ താമസക്കാർക്ക് മ്യൂസിക് തെറാപ്പി നൽകിവരുന്നു.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച കേന്ദ്ര നിയമം സംസ്ഥാനത്ത് നടപ്പിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിൽ അനുശാസിക്കുംവിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

ആരോഗ്യവകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലെയും ഒരു പ്രധാന ആശുപത്രിയിൽ വയോജന സൗഹൃദ വാർഡുകൾ പണിയുന്നതിനും എല്ലാ താലൂക്ക് ആശുപത്രികളിലും വയോജന സൗഹൃദ ശൗചാലയങ്ങൾ പണിയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാനസികാരോഗ്യ പരിചരണത്തിനായി എല്ലാ ജില്ലകളിലും മാനസികാരോഗ്യപദ്ധതി നടപ്പിലാക്കിവരുന്നു. രോഗനിർണ്ണയം, മരുന്നുവിതരണം, കൗൺസിലിംഗ്, പകൽവീട് എന്നീ സേവനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

വയോജനങ്ങൾക്ക് ആരോഗ്യ-സാമ്പത്തിക-സാമൂഹിക സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി. ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, പൂവച്ചൽ, വെമ്പായം ഗ്രാമപഞ്ചായത്തുകളിലും പാലക്കാട് ജില്ലയിലെ മുണ്ടൂർ, പുതുശ്ശേരി, പെരുവമ്പ്, കരിമ്പ ഗ്രാമപഞ്ചായത്തുകളിലും സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് മുഖേന നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്.

(സി) വയോജനങ്ങൾക്ക് ആരോഗ്യ-സാമ്പത്തിക-സാമൂഹിക പരിരക്ഷ പ്രദാനം ചെയ്യുന്നതിനോടൊപ്പം സമസ്ത മേഖലകളും വയോജന സൗഹൃദമാക്കുക എന്ന ഉദ്ദേശത്തോടെ രൂപം നൽകിയിട്ടുള്ള 'സായംപ്രഭ' പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കുക, വയോജനങ്ങൾക്കായി ഹെൽപ്പ് ലൈൻ രൂപീകരിക്കുക, ആരോഗ്യവകുപ്പുമായി ചേർന്ന് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ വഴി ജെറിയാട്രിക് കെയർ സംവിധാനം നടപ്പിലാക്കുക, എല്ലാ ജില്ലകളിലും ARDSI-യുടെ സഹായത്തോടെ ഡിമെൻഷ്യാ - അൽഷിമേഴ്സ് കെയർ സെന്ററുകൾ സ്ഥാപിക്കുക, District Legal Service Authority മുഖേന നിയമസഹായം ലഭ്യമാക്കുക, വയോജനങ്ങൾക്കായി സർക്കാർ നൽകുന്ന സേവനങ്ങൾ, പദ്ധതികൾ ഇവ സംബന്ധിച്ച് ബോധവത്ക്കരണം നൽകുക.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ അങ്കണവാടികൾ

337 (3725) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇപ്പോൾ എത്ര അങ്കണവാടികൾ നിലവിലുണ്ട്; അവയിൽ സ്വന്തമായി കെട്ടിടമുള്ള എത്ര

അങ്കണവാടികളുണ്ട്; സ്വന്തമായി സ്ഥലമുള്ളതും എന്നാൽ കെട്ടിടമില്ലാത്തതുമായ എത്ര അങ്കണവാടികളുണ്ട്; അവ ഏതൊക്കെയാണ്;

(ബി) സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

ഉത്തരം

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ ആകെ 228 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 178 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. സ്വന്തമായി സ്ഥലമുള്ളതും എന്നാൽ കെട്ടിടമില്ലാത്തതുമായ ഒരു അങ്കണവാടി പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | ആകെ അങ്കണവാടികൾ | സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾ | സ്വന്തമായി സ്ഥലമുള്ളതും എന്നാൽ കെട്ടിടമില്ലാത്തതുമായ അങ്കണവാടികൾ |
|---|---|---|---|
| ഏഴോം | 22 | 20 | 1 (സെന്റർ നമ്പർ 52) |
| മാട്ടൂൽ | 25 | 15 | 0 |
| ചെറുതാഴം | 31 | 29 | 0 |
| മാടായി | 31 | 14 | 0 |
| കണ്ണപുരം | 14 | 13 | 0 |
| ചെറുകുന്ന് | 18 | 12 | 0 |
| കല്ല്യാശ്ശേരി | 23 | 14 | 0 |
| കുഞ്ഞിമംഗലം | 19 | 19 | 0 |
| പട്ടുവം | 17 | 14 | 0 |
| കടന്നപ്പള്ളി പാണപ്പുഴ | 28 | 28 | 0 |
| ആകെ | 228 | 178 | 01 |

(ബി) സ്വന്തമായി സ്ഥലമില്ലാത്ത 49 അങ്കണവാടികൾ ഉണ്ട്. ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| പഞ്ചായത്ത് | സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികളുടെ എണ്ണം | സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾ സെന്റർ നമ്പർ പ്രകാരം |
|---|---|---|
| ഏഴോം | 1 | 49 |
| മാട്ടൂൽ | 10 | 56, 57, 60, 61, 63, 67, 69, 70,72, 73 |
| ചെറുതാഴം | 2 | 14, 26 |
| മാടായി | 17 | 79, 80, 81, 83, 84, 87, 88, 89, 90, 92, 93, 97, 99, 101, 105, 108, 109 |
| ചെറുകുന്ന് | 6 | 10, 11, 13, 15, 16, 17 |
| കണ്ണപുരം | 1 | 32 |
| കല്യാശ്ശേരി | 9 | 41,43,44,47,48,49,52,53,54 |
| കുഞ്ഞിമംഗലം | - | - |
| പട്ടുവം | 3 | 40, 41,43 |
| കടന്നപ്പള്ളി പാണപ്പുഴ | - | - |
| ആകെ | 49 | 49 |

**സൈക്കോസോഷ്യൽ കൗൺസിലർമാരുടെ സേവനം**

338 (3726) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) വനിതകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ ഒഴിവാക്കുന്നതിനും അവർക്ക് ശരിയായ അറിവ് നൽകുന്നതിനും സൈക്കോസോഷ്യൽ കൗൺസിലർമാരുടെ സേവനം പ്രയോജനപ്പെടുത്തുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്ത്രീ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നിർഭയ പദ്ധതി നടപ്പിലാക്കുന്നുണ്ട്. 24 മണിക്കൂർ പ്രവർത്തിക്കുന്ന 18004251400 ടോൾ ഫ്രീ ഹെൽപ്പ് ലൈൻ പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും സർക്കാർ ആശുപത്രികളിൽ 21 വൺ സ്റ്റോപ് ക്രൈസിസ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് പുറമെ കേന്ദ്ര സർക്കാരിന്റെ 100% ധനസഹായത്തോടെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോർട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം എന്നീ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിന് തിരുവനന്തപുരത്ത് വൺ സ്റ്റോപ് സെന്റർ സ്ഥാപിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ റിവൈസ്ഡ് വൺ സ്റ്റോപ് സെന്റർ സ്കീം പ്രകാരം തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ നാല് ജില്ലകളിൽ വൺ സ്റ്റോപ് സെന്റർ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. അതാത് ജില്ലകളെ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുള്ള ജില്ലാ മാനേജ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വൺ സ്റ്റോപ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹിക മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട അഞ്ഞൂറിലധികം സ്കൂളുകൾ വഴി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി. ആയതിലേക്കാണ് സൈക്കോസോഷ്യൽ കൗൺസിലർമാരെ നിയമിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം കൗൺസിലർമാർ കൗമാരപ്രായക്കാർക്ക് കൗൺസിലിംഗ് സേവനം നൽകുന്നതുകൂടാതെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും അവരിൽ അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും എതിരെ അവബോധം വളർത്തുകയും ചെയ്യുന്നു.

**അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സേവനം നൽകുന്ന പദ്ധതികൾ**

339 (3727) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സേവനം നൽകുന്നതിന് രൂപം നൽകിയ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; ഓരോ പദ്ധതി പ്രകാരവും നൽകുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സേവനം നൽകുന്നതിന് രൂപം നൽകിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) നിർഭയ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ സ്ഥിര അവലോകനങ്ങൾക്കുപുറമേ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ചെയർപേഴ്സണായ 18 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റി പദ്ധതികളുടെ അവലോകനം കാലാകാലങ്ങളിൽ നടത്താറുണ്ട്. കുട്ടികളുടെ സംരക്ഷണത്തിനായുള്ള നിയമങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയും ജില്ലാ തലങ്ങളിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ജുവനൈൽ ജസ്റ്റിസ് ആക്ട് നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനായി ബാലാവകാശ സംരക്ഷണ കമ്മീഷനും പ്രവർത്തിക്കുന്നുണ്ട്.

**വിഭിന്നശേഷിക്കാരായ അപേക്ഷകർക്ക് മുച്ചക്രവാഹനം**

340 (3728) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്.ഓഫീസുകൾ വഴി വിഭിന്നശേഷിക്കാരായ അപേക്ഷകർക്ക് മുച്ചക്രവാഹനം നൽകുന്ന പദ്ധതി നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) ഇതിനായി തുക അനുവദിച്ചിട്ടും വാഹനങ്ങൾ വാങ്ങി നൽകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാലതാമസം ഒഴിവാക്കി പ്രസ്തുത അപേക്ഷകർക്ക് മുച്ചക്രവാഹനം അടിയന്തരമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഐ.സി.ഡി.എസ്. ഓഫീസുകൾ വഴി ഭിന്നശേഷിക്കാരായ അപേക്ഷകർക്ക് വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന മുച്ചക്രവാഹനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് വികലാംഗക്ഷേമ കോർപ്പറേഷനിൽ നിലനിന്ന തടസ്സങ്ങൾ പരിഹരിച്ചുവരുന്നു.

(ബി) മുച്ചക്രവാഹനങ്ങൾ അടിയന്തരമായി വാങ്ങി വിതരണം ചെയ്യുന്നതിന് വികലാംഗക്ഷേമ കോർപ്പറേഷൻ ഇ-ടെണ്ടർ നടപടികളുമായി മുന്നോട്ട് പോവുകയാണ്.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

**വൃദ്ധസദനങ്ങൾക്കുള്ള പുനരധിവാസ പദ്ധതി**

341 (3729) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിന് ഉദ്ദേശിച്ച് സമർപ്പിച്ച മൂടാടി പഞ്ചായത്തിലെ വൃദ്ധജനങ്ങൾക്കുള്ള പുനരധിവാസ കേന്ദ്ര പദ്ധതി സംബന്ധിച്ച് ഇതുവരെ നടന്നിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നടന്നുവരുന്ന നടപടികൾ വിശദമാക്കാമോ; ഫയൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതിക്ക് അംഗീകാരം ലഭിക്കുവാൻ ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കുവാനുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ വൃദ്ധജനങ്ങളുടെ പുനരധിവാസത്തിനും ഭിന്നശേഷിയുള്ളവർക്ക് ജീവിതത്തിൽ പിന്തുണ ലഭ്യമാവുംവിധത്തിൽ അവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും സാധിക്കുന്ന തരത്തിൽ ഒരു പരിശീലന വേദിയും സാമൂഹ്യകേന്ദ്രവും ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് മൂടാടി പഞ്ചായത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്. മൂടാടി പഞ്ചായത്തിൽ കടലൂരിൽ സ്ഥിതിചെയ്യുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ തിക്കോടി ലൈറ്റ് ഹൗസിന്റെ കൈവശമുള്ള ഏകദേശം 27 ഏക്കർ സ്ഥലത്ത് പുനരധിവാസകേന്ദ്ര പദ്ധതി ആരംഭിക്കുന്നതിനായി ടി സ്ഥലം കേന്ദ്ര സർക്കാരിൽ നിന്നും കൈമാറി ലഭിക്കേണ്ടതായിട്ടുണ്ട്. ആയതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിലവിൽ നടപടികൾ ഇല്ല.

(സി) കേന്ദ്രസർക്കാരിന്റെ കൈവശമുള്ള ഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

**എരമം - കുറ്റൂർ പഞ്ചായത്തിലെ 104 -ാം നമ്പർ അങ്കണവാടി**

342 (3730) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരമം-കുറ്റൂർ പഞ്ചായത്തിലെ 104-ാം നമ്പർ അങ്കണവാടി മോഡൽ അംങ്കണവാടി ആയി ഉയർത്തുന്നതിന് അപേക്ഷ ലഭിച്ചിരുന്നോ;

(ബി) എങ്കിൽ ഈ അപേക്ഷയിൽ നാളിതുവരെയായി എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) മേൽ അങ്കണവാടിയെ മോഡൽ അങ്കണവാടിയായി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി&സി) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**അരി ദൗർലഭ്യം**

343 (3731) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളിൽ സമീപ കാലങ്ങളിൽ അരി വിതരണം തടസ്സപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) സർക്കാർ പുതിയ മുൻഗണനാ പട്ടിക കേന്ദ്രത്തിൽ സമർപ്പിച്ചതിൽ വന്ന കാലതാമസം ഇത്തരത്തിൽ ഒരു അരി ദൗർലഭ്യത്തിലേയ്ക്ക് നയിച്ചിട്ടുണ്ടോ;

(സി) കരട് മുൻഗണനാ പട്ടികയിൽ 15 ലക്ഷത്തോളം അനർഹർ ഉൾപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയത് പരിശോധിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2016 നവംബർ മാസം മുതൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം ഭക്ഷ്യധാന്യ വിതരണം ആരംഭിച്ചു. ടി കാലയളവിൽ മുൻഗണനേതര വിഭാഗങ്ങൾക്കുള്ള അരിയുടെ വില വർദ്ധിച്ചതും എഫ്.സി.ഐ. യിൽ അട്ടിക്കൂലി സംബന്ധമായി തൊഴിൽ തർക്കങ്ങളായതും കാരണം റേഷൻകടകളിൽ

മുൻഗണനേതര വിഭാഗങ്ങൾക്കുള്ള അരി വിതരണം തടസ്സപ്പെടുകയുണ്ടായി. അടിയന്തരമായി പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അരി വിതരണം സാധാരണ നിലയിൽ പുനഃസ്ഥാപിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ബി) അന്തിമ പട്ടിക കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ടതില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരമാണ് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. കരട് പട്ടികയിൽ ആക്ഷേപങ്ങളുള്ളപക്ഷം പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിക്കുവാൻ അവസരം നൽകിയിരുന്നു. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിൽ പരാതിയുള്ള പക്ഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുവാനും അവസരം നൽകിയിരുന്നു. പരാതിക്കാരെ വെരിഫിക്കേഷൻ കമ്മിറ്റികളിലും അപ്പീൽ കമ്മിറ്റികളിലും നേർക്കാഴ്ച നടത്തിയും രേഖകൾ പരിശോധിച്ചും പരാതി തീർപ്പാക്കി അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർച്ചുമാസത്തോടുകൂടി റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാർഡ് വിതരണം പൂർത്തിയായ ശേഷം മുൻഗണന സംബന്ധിച്ച പരാതികൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം**

344 (3732) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിൽ വരുത്തുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കേണ്ടിയിരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തീകരിക്കേണ്ടതായ നടപടികൾ എന്തെല്ലാമെന്നും ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(സി) മുൻഗണനാ വിഭാഗമെന്നും മുൻഗണനാ ഇതര വിഭാഗമെന്നും തിരിച്ചപ്പോൾ സംഭവിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കാനും അർഹരായവരെ മുൻഗണനാ വിഭാഗത്തിൽ ഉൾക്കൊള്ളിക്കാനും നടപടി സ്വീകരിക്കുമോ;എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനായി അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery), റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Machanism) എന്നിങ്ങനെ നാല് പ്രധാന കാര്യങ്ങളാണ് ചെയ്തു തീർക്കേണ്ടത്.

വിതരണ ശൃംഖല കൈകാര്യം ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം അതിന്റെ അവസാന ഘട്ടത്തിലാണ്. കൂടാതെ ഡോർ-ടു-ഡോർ ഡെലിവറി നടപ്പാക്കുന്നതിനുള്ള ട്രാൻസ്പോർട്ട് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അതിന്റെ പൂർണ്ണ ചുമതലയുള്ള സപ്ലൈകോ സ്വീകരിച്ചു വരികയാണ്.

സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളും കമ്പ്യൂട്ടർവത്കരിക്കുന്നതിലേയ്ക്കാവശ്യമായ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ വിളിക്കുന്നതിനാവശ്യമായ RFP (Request for proposal) ഡോക്യുമെന്റ് സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറാക്കി സപ്ലൈകോയ്ക്ക് കൈമാറിയിട്ടുണ്ട്. പരാതി പരിഹാരത്തിനായി സംസ്ഥാന ഫുഡ് കമ്മീഷൻ, ജില്ലാ പരാതി പരിഹാര ഓഫീസർമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്. പരാതി പരിഹാര സംവിധാനം നടപ്പിൽ വരുത്തുന്നതിനായി എൻ.ഐ.സി. ഒരു ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു. നേരത്തേ തന്നെ നിലവിലുള്ള ടോൾ ഫ്രീ നമ്പറുകൾ, (1967, 1800-42-1550) ഇപ്പോഴും പ്രവർത്തിച്ചു വരുന്നു.

2017 മധ്യത്തോടുകൂടി റേഷൻ സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കാനാണ് ഉദ്ദേശിക്കുന്നത്.

മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20-10-2016-ന് കരട് പട്ടിക പ്രസിദ്ധീകരിക്കുകയും പട്ടികയിന്മേൽ ആക്ഷേപമുള്ളവർക്ക് ആയവ പരിഹരിക്കുന്നതിനായി 20-10-2016 മുതൽ 5-11-2016 വരെ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. 21-10-2016 മുതൽ 12-11-2016 വരെ അപ്പീലുകൾ സമർപ്പിക്കുന്നതിന് അവസരമുണ്ടായിരുന്നു. 7-1-2017-ന് ഇതുവരെയും ആക്ഷേപം സമർപ്പിക്കുവാൻ കഴിയാത്തവർക്ക് അവസരം നൽകുകയും ചെയ്തിട്ടുണ്ട്. ടി പട്ടികയിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ പട്ടിക 10-2-2017 -ന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം മാർച്ചുമാസം തന്നെ

റേഷൻ കാർഡ് വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മുൻഗണനാപട്ടിക സംബന്ധിച്ച് പരാതികൾ വീണ്ടും പരിശോധിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

**ഗോത്ര മേഖലയിലെ പൊതുവിതരണ സമ്പ്രദായം**

345 (3733) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗോത്ര മേഖലകളിൽ പൊതുവിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) അരി, ഗോതമ്പ് എന്നിവയോടൊപ്പം ഗോത്രവർഗ്ഗക്കാർ കൂടുതൽ ഇഷ്ടപ്പെടുന്ന ധാന്യങ്ങൾകൂടി പൊതുവിതരണ സമ്പ്രദായം മുഖേന വിതരണം ചെയ്യാനുള്ള പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഗോത്ര മേഖലകളിൽ മൊബൈൽ റേഷനിംഗ് സമ്പ്രദായം ആരംഭിക്കുന്നതിന്റെ സാധ്യത പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ അരി, ഗോതമ്പ് എന്നിവയോടൊപ്പം റാഗി കൂടി വിതരണം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പരിശോധിക്കുന്നതാണ്.

**ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം**

346 (3734) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്തൊക്കെ എന്ന് വിശദമാക്കുമോ?

ഉത്തരം

ജനങ്ങൾക്ക് പര്യാപ്തമായ അളവിൽ ഗുണനിലവാരമുള്ള ഭക്ഷ്യധാന്യങ്ങൾ താങ്ങാനാകുന്ന വിലയിൽ യഥാർത്ഥ ഗുണഭോക്താവിന് ലഭ്യമാക്കുന്നത് ഉറപ്പ്

വരുത്തുകവഴി മനുഷ്യ കാലചക്ര വ്യവസ്ഥയ്ക്ക് അനുസൃതമായി പോഷകാഹാര ഭദ്രത ഓരോ വ്യക്തിക്കും പ്രാപ്യമാക്കുന്നതിനും അപ്രകാരം ആരോഗ്യകരമായ ജീവിതം സാധ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുമായുള്ള ഒരു നിയമമാണ് 2013-ൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം.

ഈ നിയമം നടപ്പാക്കുന്നതിനായി അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery), റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Machanism) എന്നിങ്ങനെ നാല് പ്രധാന കാര്യങ്ങളാണ് ചെയ്തു തീർക്കേണ്ടത്.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ റേഷൻ കടകൾ വഴിയുള്ള റേഷൻ വിതരണം ഇ-പോസ് മെഷീൻ വഴി ആധാർ അധിഷ്ഠിത കാർഡുകളിലൂടെയും ബയോമെട്രിക് രീതിയിലുള്ള തിരിച്ചറിയൽ മുഖേനയും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനാൽ റേഷൻ വിതരണത്തിൽ ക്രമക്കേടുകൾ നടത്തുവാൻ സാധിക്കുന്നതല്ല. കൂടാതെ റേഷൻ ഡിപ്പോകളിൽ സ്റ്റോക്ക് എത്തിച്ചേരുമ്പോഴും കാർഡ് ഉടമയുടെ പേരിൽ ബില്ല് ചെയ്യുമ്പോഴും എസ്.എം.എസ്. സംവിധാനം മുഖേന കാർഡുടമയ്ക്ക് അറിയിപ്പ് നൽകുന്നതു വഴി റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയാൻ കഴിയുന്നതാണ്. തികച്ചും സുതാര്യവും കാര്യക്ഷമവുമായ റേഷൻ സംവിധാനം ഇതിലൂടെ നിലവിൽ വരും.

**ഭക്ഷ്യ ഭദ്രതാ നിയമം**

347 (3735) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) 2013 -14, 2014 -15, 2015 -16 വർഷങ്ങളിൽ കേന്ദ്രം കേരളത്തിന് നൽകിയിരുന്ന അരിയുടെ അളവെത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം ഈ സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച അരി എത്ര മെട്രിക് ടൺ എന്ന് വ്യക്തമാക്കുമോ?

(ഡി) അരി വിഹിതക്കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിനായി അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ (identification of priority households), വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം (door steps delivery), റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ (online allocation), പരാതി പരിഹാര സംവിധാനം (Grievance Redressal Machanism) എന്നിങ്ങനെ നാല് പ്രധാന കാര്യങ്ങളാണ് ചെയ്തു തീർക്കേണ്ടത്.

കരട് മുൻഗണനാ പട്ടിക 20-10-2016-ന് പ്രസിദ്ധീകരിക്കുകയും ടി പട്ടികയിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ പട്ടിക 10-2-2017-ന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നല്കിയത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. വിതരണ ശൃംഖല കൈകാര്യം ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം അതിന്റെ അവസാന ഘട്ടത്തിലാണ്. കൂടാതെ ഡോർ-ടു-ഡോർ ഡെലിവറി നടപ്പാക്കുന്നതിനുള്ള ട്രാൻസ്പോർട്ട് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അതിന്റെ പൂർണ്ണ ചുമതലയുള്ള സപ്ലൈകോ സ്വീകരിച്ചുവരികയാണ്.

സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളും കമ്പ്യൂട്ടർവത്കരിക്കുന്നതിലേയ്ക്ക് ആവശ്യമായ ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ വാങ്ങുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ വിളിക്കുന്നതിനാവശ്യമായ RFP (Request for proposal) ഡോക്യുമെന്റ് സിവിൽ സപ്ലൈസ് വകുപ്പ് തയ്യാറാക്കി സപ്ലൈകോയ്ക്ക് കൈമാറിയിട്ടുണ്ട്. പരാതി പരിഹാരത്തിനായി സംസ്ഥാന ഫുഡ് കമ്മീഷൻ, ജില്ലാ പരാതി പരിഹാര ഓഫീസർമാർ എന്നിവരെ നിയമിച്ചിട്ടുണ്ട്. പരാതി പരിഹാര സംവിധാനം നടപ്പിൽ വരുത്തുന്നതിനായി എൻ.ഐ.സി. ഒരു ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു. നേരത്തേ തന്നെ നിലവിലുള്ള ടോൾ ഫ്രീ നമ്പറുകൾ, (1967, 1800-42-1550) ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. വിതരണം 2017 മേയ് ഒന്നു മുതലും, എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ 2017 അവസാനത്തോടെയും നടപ്പാക്കി ഭക്ഷ്യ ഭദ്രതാ നിയമം പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

(ബി) 2013-14, 2014-15, 2015-16 വർഷങ്ങളിൽ കേന്ദ്രം കേരളത്തിന് അനുവദിച്ച അരിയുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | അരി | നോർമൽ അഡ്ഹോക് | ആകെ |
|---|---|---|---|
| 2013-14 | 1001724 | 270476 | 1272200 |
| 2014-15 | 1001724 | 344939 | 1346663 |
| 2015-16 | 1001724 | 270480 | 1272204 |

(സി) ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം 2016 നവംബർ മുതൽ 2017 മാർച്ച് വരെ 504415.256 മെ.ടൺ അരി കേന്ദ്രസർക്കാരിൽ നിന്നും അനുവദിക്കുകയുണ്ടായി.

(ഡി) സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. OMSS/ഇക്കണോമിക് നിരക്കുകളിൽ ഭക്ഷ്യധാന്യം ലഭ്യമാക്കി വിഹിതക്കുറവുകൊണ്ടുള്ള പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്.

**റേഷൻ കടകൾ വഴിയുള്ള അരി വിതരണം**

348 (3736) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ കടകൾ വഴിയുള്ള അരിവിതരണം കൃത്യമായി ഓരോ മാസവും നടത്താൻ കഴിഞ്ഞിട്ടുണ്ടോ;വിതരണം തടസ്സപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

ഉത്തരം

ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കിയില്ലെന്ന കാരണത്താൽ സംസ്ഥാനത്തിന് എ.പി.എൽ നിരക്കിൽ ലഭ്യമായിരുന്ന ഭക്ഷ്യധാന്യങ്ങൾക്ക് 2016 നവംബർ മുതൽ താങ്ങുവില നിരക്ക് ഈടാക്കിക്കൊണ്ടും 2016 ജൂൺ വരെ നൽകിവന്നിരുന്ന എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ അധിക അലോട്ട്മെന്റ് (അഡ്ഹോക്ക്) പഴയ അളവിൽ ഇനിമേൽ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചുംകൊണ്ടുള്ള കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമാകുകയും ഇതിനെത്തുടർന്ന് കേന്ദ്ര സർക്കാർ ഉത്തരവ് പ്രകാരമുള്ള കൂടിയ നിരക്ക് ഒടുക്കിയെങ്കിൽ മാത്രമേ എ.പി.എൽ. വിഭാഗത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. യിൽ നിന്ന് വിട്ടുനൽകുകയുള്ളൂ എന്ന് എഫ്.സി.ഐ. നിലപാട് സ്വീകരിക്കുകയും കൂടാതെ എഫ്.സി.ഐ. തൊഴിലാളികളുടെ പണിമുടക്കം

എഫ്.സി.ഐ. അധികൃതരുടെ നിസ്സഹകരണ മനോഭാവവും 2016 നവംബർ, ഡിസംബർ ക്വാട്ടകളിലെ ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുപ്പിൽ കാലതാമസം ഉണ്ടാക്കി.

ഭക്ഷ്യ ഭദ്രതാ നിയമം 2016 നവംബർ മുതൽ സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിച്ചതിനെ തുടർന്നും സർക്കാരിന്റെ സമയോചിതമായ മറ്റ് ഇടപെടലുകളെ തുടർന്നും ഭക്ഷ്യധാന്യങ്ങളുടെ വിതരണം സാധാരണ നിലയിൽ പുനഃസ്ഥാപിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ നവംബർ മാസത്തെ റേഷൻ വിതരണം (അരി, ഗോതമ്പ്) 31-12-2016 വരെയും ഡിസംബർ മാസത്തെ റേഷൻ വിതരണം 14-1-2017 വരെയും ദീർഘിപ്പിച്ച് നൽകുകയുണ്ടായി.

**റേഷൻ കാർഡ് പുതുക്കൽ**

349 (3737) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കൽ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ കാർഡുകൾ പുതുക്കുന്ന പ്രവൃത്തികൾ ഇതുവരെ പൂർത്തിയായിട്ടില്ലെന്നിരിക്കെ നിലവിൽ ബി.പി.എൽ.വിഭാഗത്തിൽ ഉൾപ്പെട്ട കാർഡുടമകൾക്ക് ഇതുവരെ കിട്ടിക്കൊണ്ടിരുന്ന റേഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതുക്കിയ റേഷൻ കാർഡുകൾ പ്രാബല്യത്തിലാകുന്നതുവരെ ഇതുവരെ ലഭിച്ചിരുന്ന രീതിയിൽത്തന്നെ റേഷൻ സാമഗ്രികൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റേഷൻ കാർഡ് അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. 2017 മാർച്ച് മാസത്തോടുകൂടി വിതരണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി&സി) നിലവിലുള്ള റേഷൻ കാർഡ് റദ്ദ് ചെയ്തിട്ടില്ല. അതിനാൽ റേഷൻ വാങ്ങുന്നതിനും മറ്റെല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. 1-11-2016 മുതൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കിയിട്ടുണ്ട്.

കരട് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട കാർഡിലെ അംഗങ്ങൾക്ക് 5 കിലോഗ്രാം ഭക്ഷ്യധാന്യവും എ.എ.വൈ. വിഭാഗത്തിന് കാർഡൊന്നിന് 35 കിലോഗ്രാം ഭക്ഷ്യധാന്യവും 1-11-2016 മുതൽ നൽകിവരുന്നുണ്ട്.

**റേഷൻ കടകളിൽ ബാങ്കിംഗ് സേവനം**

350 (3738) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകളോടനുബന്ധിച്ച് ബാങ്കിംഗ് സേവനം നൽകാൻ ബാങ്കുകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യവകുപ്പ് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ചർച്ചയിൽ ഉണ്ടായ തീരുമാനങ്ങൾ എന്തൊക്കെയാണ്;

(സി) ബാങ്കിംഗ് സേവനം നൽകാൻ റേഷൻ കടകളിൽ അടിസ്ഥാന സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) റേഷൻകടകളോടനുബന്ധിച്ച് സേവനം ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പ്, പഞ്ചാബ് നാഷണൽ ബാങ്ക്, ഫെഡറൽ ബാങ്ക് തുടങ്ങിയ ദേശസാൽകൃത ബാങ്കുകൾ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഭക്ഷ്യവകുപ്പ് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ബി) റേഷൻകടകളിൽ ഇ-പോസ് സ്ഥാപിക്കുകയും ആധാർ സീഡിംഗ് പൂർത്തിയാക്കുകയും ചെയ്യുന്ന മുറയ്ക്ക് Aadhaar Enabled Payment Service(Aeps) മുഖേനയും, അതുവരെ പണ രഹിത ഇടപാട് (Cashless transaction) രീതികളായ USSD, UPI, e-wallet മുതലായ സംവിധാനങ്ങൾ വഴിയും ഇടപാടുകൾ നടത്തുന്നതിന് പൊതുജനങ്ങൾക്കും റേഷൻ വ്യാപാരികൾക്കും പരിശീലനം നൽകുന്നതിനായി ബാങ്കേഴ്സ് സമിതി അവരുടെ ട്രെയിനിംഗ് പ്ലാൻ വകുപ്പിനെ അറിയിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എ.ആർ.ഡി - ആട്ടോമേഷന്റെ ഭാഗമായി റേഷൻകടകളിൽ ഇ-പോസ് മെഷീൻ/മൊബൈൽ ടെർമിനൽ വാങ്ങി വിന്യസിക്കുന്നതിനുള്ള ഇ-ടെണ്ടർ സപ്ലൈകോ മുഖാന്തരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൊബൈൽ ടെർമിനൽ വഴി വിവിധ ബാങ്കിംഗ് സേവനങ്ങൾ സുഗമമായി (സാമൂഹ്യ ക്ഷേമ പെൻഷൻ വിതരണം ഉൾപ്പെടെ) ഗുണഭോക്താക്കൾക്ക് നൽകുന്നതിന് സാധ്യമാകും. കേന്ദ്ര സർക്കാർ/ ബാങ്കേഴ്സ്

അസോസിയേഷന്റെ നിർദ്ദേശപ്രകാരമുള്ള Micro ATM സ്റ്റാൻഡേർഡ്സ് ഇ-പോസിന്റെ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി ഭാവിയിൽ ബാങ്കിംഗ് കറസ്പോണ്ടൻസ്, മൈക്രോ എ.റ്റി.എം. മുതലായ മൂല്യ വർദ്ധിത സേവനങ്ങൾ റേഷൻകടകൾ വഴി പൊതുജനങ്ങൾക്ക് നൽകുന്നതിന് സാധിക്കും.

**റേഷൻ വിഹിതത്തിലെ കുറവ്**

351 (3739) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തിന് അവകാശപ്പെട്ട റേഷൻ വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം ഏതെല്ലാം വിഭാഗക്കാർക്കാണ് വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രതിവർഷം 2 ലക്ഷം മെട്രിക് ടൺ.

(ബി) എ.എ.വൈ. കാർഡുകൾക്ക് 35 കി.ഗ്രാം ഭക്ഷ്യധാന്യവും മുൻഗണനാ വിഭാഗങ്ങൾക്ക് ആളൊന്നിന് 5 കി.ഗ്രാം ഭക്ഷ്യധാന്യവും, മുൻഗണനേതര സ്റ്റേറ്റ് സബ്സിഡി വിഭാഗങ്ങൾക്ക് ആളൊന്നിന് 2 രൂപാ നിരക്കിൽ 2 കി.ഗ്രാം അരിയും ശേഷിക്കുന്ന അളവിനെ തുല്യമായി വീതിച്ച് മുൻഗണനേതര വിഭാഗക്കാർക്കും നൽകി വരുന്നു.

**റേഷൻ സബ്സിഡിക്ക് മുൻഗണനാ പട്ടിക**

352 (3740) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സബ്സിഡിക്ക് അർഹതയുള്ളവരെ കണ്ടെത്തുന്നതിനുവേണ്ടി തയ്യാറാക്കിയ മുൻഗണനാ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച് നൽകേണ്ടതുണ്ടോ; എങ്കിൽ എപ്രകാരമാണ് അംഗീകരിച്ച് നൽകേണ്ടത്;

(ബി) ഇങ്ങനെ അംഗീകാരം വാങ്ങുന്നതിന് പ്രത്യേക കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമയപരിധി അറിയിക്കാമോ;

(സി) അർഹരായ ആളുകൾ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ കൂട്ടിച്ചേർക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോ; ഉണ്ടെങ്കിൽ നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഗ്രാമസഭകളിൽ പട്ടിക വായിച്ച് തദ്ദേശസ്വയംഭരണ കമ്മിറ്റി അംഗീകരിച്ച് നല്കേണ്ടതാണ്.

(ബി) ഉണ്ട്. പട്ടിക തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറി 15 ദിവസത്തിനുള്ളിൽ.

(സി) ഇല്ല. അംഗീകാരമുണ്ടെന്ന് കണ്ടെത്തുന്നവരുടെ പട്ടിക പൊതുവിതരണ വകുപ്പിന് കൈമാറാവുന്നതും പൊതുവിതരണ വകുപ്പ് അന്വേഷണത്തിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**റേഷൻ കാർഡുകളിലെ മുൻഗണനാക്രമം**

353 (3741) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകളിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗക്കാരായ കൂലിപ്പണിക്കാർക്ക് പട്ടികജാതിവിഭാഗക്കാർക്കും, കൂലിപ്പണിചെയ്യുന്നവർക്കുമുള്ള പരിഗണന നിലവിൽ ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 14-1-2011-ലെ സ.ഉ.(കൈ.)നം.16/2011/ത.സ്വ.ഭ.വ. പ്രകാരമുള്ള മാനദണ്ഡ പ്രകാരമാണ് മുൻഗണനാ വിഭാഗക്കാരെ നിശ്ചയിച്ചിട്ടുള്ളത്. ടി മാനദണ്ഡത്തിൽ പരമ്പരാഗത തൊഴിൽ വിഭാഗത്തിലാണ് പട്ടികജാതി, കൂലി വിഭാഗക്കാരെ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പ്രകാരം ദാരിദ്ര്യ സൂചകത്തിന്റെ ഉപസൂചകങ്ങളിൽ ബാധകമായ ഒരു സൂചകം മാത്രമേ പരിഗണിക്കാൻ നിർവ്വാഹമുള്ളൂ. അതിനാലാണ് കൂലിപ്പണിക്കാരായ പട്ടികജാതി വിഭാഗത്തിന് ഏതെങ്കിലും ഒരു വിഭാഗത്തിന്റെ മാർക്ക് മാത്രം കിട്ടാൻ കാരണമായത്.

**മാവേലി സ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകൾ**

354 (3742) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) എങ്കിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ എരുത്തേമ്പതി, പട്ടഞ്ചേരി, വടവന്നൂർ, പിരായിരി, മലമ്പുഴ, തിരുമിറ്റക്കോട്, പുത്തൂർ എന്നീ ഗ്രമപഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ല.

(ബി&സി) ഉണ്ട്. സംസ്ഥാനത്ത് സപ്ലൈകോ വില്പനശാലകളില്ലാത്ത 32 ഗ്രാമപഞ്ചായത്തുകളിലും പുതിയ മാവേലിസ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**റേഷൻ വ്യാപാരികൾക്ക് ന്യായമായ വേതനം**

355 (3743) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് നൽകിവരുന്ന കമ്മീഷൻ നിലവിൽ ക്വിന്റലിന് എത്ര രൂപയാണ്;

(ബി) മുറിവാടക ഇനത്തിലോ, സെയിൽസ്മാന്റെ ശമ്പള ഇനത്തിലോ സ്റ്റേഷനറി ചാർജ്ജ് ഇനത്തിലോ സഹായങ്ങൾ വല്ലതും നൽകിവരുന്നുണ്ടോ;

(സി) റേഷൻ റീട്ടെയിൽ വ്യാപാരികൾ മാസത്തിൽ ന്യായമായ വേതനം നൽകണം എന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ;

(ഡി) റേഷൻ റീട്ടെയിൽ വ്യാപാരം സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവന്ന് വ്യാപാരികളുടെ കരിഞ്ചന്തയും ഉദ്യോഗസ്ഥ തലത്തിലുള്ള അഴിമതിയും ഇല്ലാതാക്കി റേഷൻ വ്യാപാരം സംശുദ്ധമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് അരി, ഗോതമ്പ് എന്നിവ വിട്ടെടുക്കുന്നതിനായി ക്വിന്റലിന് പരമാവധി 100 രൂപ കമ്മീഷൻ നല്കി വരുന്നു.

(ബി) ഇല്ല.

(സി) ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ റേഷൻ കാർഡിന്റെ എണ്ണത്തിന്റെയും കൈകാര്യം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ

അളവിനെയും അടിസ്ഥാനപ്പെടുത്തി ഒൻപത് ക്ലാസ്സുകളായി റേഷൻ വ്യാപാരികളെ തരംതിരിച്ച് ഇ-പോസ് മുഖേനയുള്ള വിതരണത്തിന് ഇൻസെന്റീവും മിനിമം കമ്മീഷനും ഉൾക്കൊള്ളിച്ചാണ് ഡീലേഴ്സ് മാർജിൻ പാക്കേജ് രൂപപ്പെടുത്തിയിട്ടുള്ളത്. ഇത് നടപ്പാക്കുന്നത് പരിശോധിച്ച് വരുന്നു.

(ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ റേഷൻകടകൾ വഴിയുള്ള റേഷൻ വിതരണം ഇ-പോസ് മെഷീൻ വഴി ആധാർ അധിഷ്ഠിത കാർഡിലൂടെ ബയോമെട്രിക് രീതിയിലുള്ള തിരിച്ചറിയൽ മുഖേനയും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി നടത്തുന്നതിനാൽ റേഷൻ ചില്ലറ വിതരണത്തിൽ ക്രമക്കേടുകൾ വരുത്തുവാൻ സാധിക്കുന്നതല്ല. കൂടാതെ റേഷൻ ഡിപ്പോകളിൽ റേഷൻ എത്തിച്ചേരുമ്പോഴും കാർഡ് ഉടമയുടെ പേരിൽ ബില്ല് ചെയ്യുമ്പോഴും എസ്.എം.എസ് സംവിധാനം മുഖേന കാർഡ് ഉടമയ്ക്ക് അറിയിപ്പ് നൽകുന്നതുവഴി റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയാൻ കഴിയുന്നതാണ്. നിലവിലുള്ള മൊത്ത വിതരണക്കാരെ മാറ്റി റേഷൻ ഭക്ഷ്യധാന്യങ്ങളുടെ മൊത്ത വിതരണം സർക്കാർ ഏജൻസിയായ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്ത് റേഷൻകടകളിൽ വാതിൽപ്പടി വിതരണം നടപ്പാക്കുന്നതോടെ റേഷൻ മൊത്ത വിതരണത്തിലുള്ള അഴിമതിയും പൂർണ്ണമായി തടയാൻ കഴിയും.

## അരിവില നിയന്ത്രിക്കുന്നതിന് നടപടി

356 (3744) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരിവിലയിൽ ഏകദേശം എത്ര രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്;

(ബി) സംസ്ഥാനത്തിന് ലഭിക്കുന്ന റേഷൻ വിഹിതത്തിൽ ഉണ്ടായ കുറവ് അരിവില വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സർക്കാരിന് കഴിയാത്തത് എന്തുകൊണ്ടാണ്;

(സി) എഫ്.സി.ഐ ഗോഡൗണുകളിലുണ്ടായ അട്ടി കൂലി പ്രശ്നം ചരക്കുനീക്കം തടസ്സപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് അരിവില വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ പൊതുവിപണിയിൽ അരിവില നിയന്ത്രിക്കുന്നതിന് കാര്യക്ഷമമായി ഇടപെടാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഏകദേശം 10 രൂപയിൽ അധികം വർദ്ധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. അരിവില നിയന്ത്രണ വിധേയമാക്കുന്നതിനായി സപ്ലൈകോ ശക്തമായ വിപണി ഇടപെടൽ നടത്തിവരുന്നു.

(സി) ഉണ്ട്. എഫ്.സി.ഐ. തൊഴിലാളികളുടെ കൂലിപ്രശ്നവുമായി ബന്ധപ്പെട്ടുള്ള പണിമുടക്കും അരിവില വർദ്ധിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്നാണ്.

(ഡി) നിലവിലില്ല. അരിവില നിയന്ത്രിക്കുന്നതിനും അരിയുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് എന്നിവ തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം സംസ്ഥാനത്തൊട്ടാകെ അരിക്കടകൾ തുറന്ന് കൂടുതൽ അരി കുറഞ്ഞ വിലയ്ക്ക് വിൽക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിൽ ജീവനക്കാരുടെ കുറവ്**

357 (3745) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെൻറിൽ ആവശ്യത്തിന് ജീവനക്കാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുവിതരണ വകുപ്പിൽ എൻട്രി കേഡറിൽ ഉണ്ടായ/ ഉണ്ടാകുന്ന ഒഴിവുകൾ (റിപ്പോർട്ട് ചെയ്യാൻ കഴിയുന്നവ) എല്ലാം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ പി.എസ്.സി.യിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ലെപ്രസി സാനിട്ടോറിയങ്ങളിലെ അന്തേവാസികൾക്ക് റേഷൻ സാധനങ്ങൾ**

358 (3746) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെപ്രസി സാനിട്ടോറിയങ്ങളിലെ അന്തേവാസികൾക്ക് സിവിൽ സപ്ലൈസ് മുഖാന്തരം റേഷൻ സാധനങ്ങൾ നൽകിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ ഇവ അന്തേവാസികൾക്ക് ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) ലെപ്രസി സാനിട്ടോറിയം അന്തേവാസികൾക്ക് അരി ഉൾപ്പെടെയുള്ള സാധനങ്ങൾ നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ലെപ്രസി സാനിട്ടോറിയങ്ങളിലെ അന്തേവാസികൾക്ക് എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് വിഭാഗത്തിൽ ഉൾപ്പെടുത്തി ഭക്ഷ്യധാന്യ വിതരണം നടപ്പിലാക്കുന്നുണ്ട്.

(ബി&സി) സംസ്ഥാനത്ത് 2016 നവംബർ മാസത്തിൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കിയതോടുകൂടി എ.പി.എൽ എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റുകൾക്ക് നിലവിലെ ടൈഡ് ഓവർ വിഹിതത്തിൽ സ്റ്റോക്ക് ലഭ്യമാകാത്ത സാഹചര്യത്തിൽ വിതരണം താത്കാലികമായി നിർത്തിവച്ചിരുന്നു. എന്നാൽ ഇത്തരം കാർഡുകൾ സ്പെഷ്യൽ പെർമിറ്റ് ആയി പരിവർത്തനം നടത്തി നിലവിൽ നല്കി വന്നിരുന്ന അളവിൽ ഭക്ഷ്യധാന്യ വിഹിതം അനുവദിച്ചിട്ടുണ്ട്.

**അരിയിൽ മായം ചേർക്കുന്ന സ്വകാര്യ മില്ലുകൾ**

359 (3747) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സംവിധാനത്തിലൂടെ ലഭ്യമാക്കേണ്ട അരിയിൽ സ്വകാര്യ മില്ലുകൾ മായം ചേർക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരം തിരിമറി നടത്തിയ ഏതെങ്കിലും മില്ലിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് നിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി സംസ്ഥാനത്തെ റേഷൻ കടകളിലൂടെ വിതരണം ചെയ്യണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിശോധനാവേളയിൽ കണ്ടെത്തിയ ക്രമക്കേടുകളെ തുടർന്ന് ഒരു മില്ലിന്റെ പ്രവർത്തനം നിർത്തിവയ്ക്കുകയും തുടർനടപടി സ്വീകരിച്ചുവരികയുമാണ്.

(സി) സംസ്ഥാനത്തെ കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ല് അരിയാക്കി റേഷൻകടകളിലൂടെ വിതരണം ചെയ്യുന്നതിന് കേന്ദ്രസർക്കാർ ആവിഷ്കരിച്ച നെല്ല് സംഭരണ സംസ്കരണ വിപണന വിതരണ പദ്ധതിയാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്.

## അനർഹർ ബി.പി.എൽ. ലിസ്റ്റിൽ

360 (3748) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിൽ അനർഹർ (സർക്കാർ, കേന്ദ്രസർക്കാർ, പെൻഷൻ വാങ്ങുന്നവർ) ബി.പി.എൽ. ലിസ്റ്റിൽ കടന്നുകൂടിയിരിക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) അർഹരായ പാവപ്പെട്ടവർ ബി.പി.എൽ. ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെട്ടത് തിരുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരമാണ് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. കരട് പട്ടികയിൽ ആക്ഷേപങ്ങളുള്ളപക്ഷം പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായുള്ള വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ പരാതി സമർപ്പിക്കുവാൻ അവസരം നൽകിയിരുന്നു. വെരിഫിക്കേഷൻ കമ്മിറ്റിയുടെ തീരുമാനത്തിൽ പരാതിയുള്ള പക്ഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിക്കുവാനും അവസരം നൽകിയിരുന്നു. പരാതിക്കാരെ വെരിഫിക്കേഷൻ കമ്മിറ്റികളിലും അപ്പീൽ കമ്മിറ്റികളിലും നേർക്കാഴ്ച നടത്തിയും രേഖകൾ പരിശോധിച്ചും പരാതി തീർപ്പാക്കി അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തെറ്റായ വിവരങ്ങൾ നൽകുന്നവർക്ക് നിയമപ്രകാരം ആറുമാസംവരെ തടവ്, പിഴ തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് റേഷൻകടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതുവരെ പ്രഥമ ദൃഷ്ട്യാ അനർഹരായവർ ആനുകൂല്യം കൈപ്പറ്റുന്നതിൽനിന്നും സ്വയം വിട്ടുനിൽക്കേണ്ടതാണെന്ന് അറിയിക്കുന്ന പോസ്റ്ററുകൾ പ്രധാന കേന്ദ്രങ്ങളിലും റേഷൻ ഡിപ്പോകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ അനർഹരായവർ വാങ്ങിയെടുത്ത ധാന്യത്തിന്റെ വിലയും/പിഴയും ഈടാക്കാനുള്ള നിയമപരമായ നടപടിയും സ്വീകരിക്കുന്നതാണെന്നും അറിയിപ്പ് നൽകിയിട്ടുണ്ട്.

## പൊതുവിതരണ വകുപ്പിലെ ജീവനക്കാർ

361 (3749) ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ വകുപ്പിൽ എത്ര ജീവനക്കാരുണ്ടെന്നും എത്ര പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) വകുപ്പിൽ അധികമായി ഉള്ള ജീവനക്കാരെ സപ്ലൈകോയിലേക്ക് പുനർ വിന്യസിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(സി) സപ്ലൈകോയിൽ ശമ്പള പരിഷ്കരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് നടപ്പാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുവിതരണ വകുപ്പിൽ ആകെ 3419 ജീവനക്കാർ നിലവിലുണ്ട്. ആയതിൽ 1125 ജീവനക്കാർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു.

(ബി) വകുപ്പിൽ അധികമായി ജീവനക്കാരില്ല.

(സി) ഇല്ല. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## പൂതക്കുളം ഗ്രമപഞ്ചായത്തിലെ മാവേലി സ്റ്റോർ

362 (3750) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പൂതക്കുളം ഗ്രാമപഞ്ചായത്തിലെ പുത്തൻകുളം എന്ന സ്ഥലത്ത് ഒരു പുതിയ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് ജനപ്രതിനിധി നൽകിയിരുന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പുത്തൻകുളത്ത് മാവേലിസ്റ്റോർ ഉടൻ തന്നെ പ്രവർത്തനമാരംഭിക്കുമോ; ഇല്ലെങ്കിൽ തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാധ്യതാ പഠനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പൂതക്കുളം ഗ്രമപഞ്ചായത്തിൽ നിലവിൽ ഒരു സപ്ലൈകോ സൂപ്പർമാർക്കറ്റ് പ്രവർത്തിക്കുന്നുണ്ട്. രണ്ടാമതൊരു ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിന് മാനദണ്ഡങ്ങൾക്കനുസൃതമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാപഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ പുതിയ മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## സപ്ലൈകോയിലെ ശമ്പള പരിഷ്കരണം

363 (3751) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ ജീവനക്കാർക്ക് പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം എന്തുകൊണ്ടാണെന്നും എന്നത്തേക്ക് നടപ്പിലാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും എത്ര പേർ സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കി വരുന്നുണ്ട്. തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(സി) സപ്ലൈകോയിലെ സ്റ്റാഫ് സ്ട്രെംഗ്ത് എത്രയാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 1127 ജീവനക്കാർ ജോലി ചെയ്യുന്നു. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) സപ്ലൈകോയിലെ സ്റ്റാഫ് സ്ട്രെംഗ്ത് 3550 ആണ്.

## ഭക്ഷ്യധാന്യനിരക്ക് കൂട്ടുമെന്ന നിർദ്ദേശം

364 (3752) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂലൈ ഒന്നാം തീയതി മുതൽ ഭക്ഷ്യധാന്യ നിരക്ക് കൂട്ടുമെന്ന നിർദ്ദേശം കേന്ദ്രത്തിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ഉണ്ടാകുന്ന അധിക ബാധ്യത എത്രയാണ്;

(സി) അധിക ബാധ്യത പരിഹരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

**വിലക്കയറ്റം ഫലപ്രദമായി നേരിടുന്നതിന് ഏജൻസികൾ**

365 (3753) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :

<u>ശ്രീ. കെ. ബാബു</u> :

<u>ശ്രീ. കാരാട്ട് റസാഖ്</u> :

<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലക്കയറ്റം ഫലപ്രദമായി നേരിടുന്നതിന് ഏതെല്ലാം ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി വില നിയന്ത്രണ സെൽ പ്രവർത്തിക്കുന്നുണ്ടോ;

(സി) എങ്കിൽ അവശ്യസാധനങ്ങളുടെ വിലനിലവാരം, ലഭ്യത എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനും അവ മുൻകൂട്ടി അപഗ്രഥിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത വിലനിയന്ത്രണ സെല്ലിൽ ക്രമീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി ഏതെല്ലാം ഏജൻസികളുടെ പ്രവർത്തനങ്ങളാണ് ഏകോപിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) വിലനിയന്ത്രണ സെല്ലിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വിപുലമായ കർമ്മപദ്ധതി ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ സപ്ലൈകോ പ്രവർത്തിക്കുന്നുണ്ട്.

(ബി-ഇ) നിലവിൽ പ്രവർത്തിക്കുന്നില്ല. വിലനിലവാരം നിയന്ത്രിച്ച് ഭക്ഷ്യ വസ്തുക്കൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി price monitoring cell രൂപീകരിക്കുന്ന വിഷയം സജീവ പരിഗണനയിലാണ്.

**ഹോട്ടലുകളിൽ ഭക്ഷണപദാർത്ഥങ്ങളുടെ വില ഏകീകരിക്കൽ**

366 (3754) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഒരേ ഇനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോട്ടൽ വില ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(സി) വില ഏകീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിൽ സംവിധാനങ്ങളില്ലെങ്കിൽ ആയത് ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, നല്കുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേ ഇനം ഭക്ഷണ സാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോട്ടലുടമകൾ ഭക്ഷ്യസാധനങ്ങളുടെ വില അന്യായമായി വർദ്ധിപ്പിക്കുന്നത് തടയുന്നതിന് ഉദ്യോഗസ്ഥർ പരിശോധന നടത്തി ഉപഭോക്താക്കൾ കാണത്തക്ക വിധത്തിൽ വിലവിവര പട്ടിക പ്രദർശിപ്പിച്ചിട്ടുണ്ടോ, വിലവിവര പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ Kerala Food Stuffs (Display of prices by catering establishment order), 1977 ലെയും 1980 ലെയും Kerala Essential Commodities (maintenance of account and display of price and stock) order എന്നിവ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ സ്റ്റാർ വിഭാഗത്തിൽപ്പെട്ട ഹോട്ടലുകളെ ഇക്കാര്യത്തിൽ പരിഗണിക്കാൻ കഴിയില്ല.

(സി) ഹോട്ടലുകളിലെ ഭക്ഷണപദാർത്ഥങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി രൂപം നല്കിയ "2015 ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബിൽ" ബിൽ നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ നിയമനിർമ്മാണത്തിനായി വയ്ക്കുവാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. ഈ വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്.

## തുല്യജോലിക്ക് തുല്യവേതനം

367 (3755) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുല്യജോലിക്ക് തുല്യവേതനം എന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സപ്ലൈകോയിലെ താൽക്കാലിക ജീവനക്കാർക്ക് തുല്യവേതനം നൽകുവാൻ തയ്യാറാകുമോ;

(ബി) സപ്ലൈകോയിലെ താൽക്കാലിക ജീവനക്കാർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ;

(സി) സപ്ലൈകോയിൽ സ്ഥിരപ്പെടുത്താത്ത താൽക്കാലിക ജീവനക്കാർ എത്ര പേരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ വിഷയത്തിൽ തീരുമാനമെടുത്തിട്ടില്ല.

(ബി) സപ്ലൈകോയിലെ താത്കാലിക ജീവനക്കാരുടെ നിലവിലെ വേതനം അനുബന്ധമായി* ചേർക്കുന്നു.

(സി) സപ്ലൈകോയിൽ സ്ഥിരപ്പെടുത്താത്ത താത്കാലിക ജീവനക്കാരുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

## റേഷൻകാർഡ് പുതുക്കൽ

368 (3756) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നടത്തിയതെന്ന് വിശദമാക്കുമോ;

(ബി) ഇത് പൂർണ്ണമായും ഫലപ്രദമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എങ്കിൽ ഇതുമൂലം അർഹരായ ഒട്ടനവധി പേർ മുൻഗണനാ പട്ടികയിൽ നിന്നും പുറത്തായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സോഷ്യൽ ഓഡിറ്റ് എന്നാൽ "ഒരു പരിപാടിയുടേതോ സ്കീമിന്റെ ആസൂത്രണത്തെയോ നിർവ്വഹണത്തെയോ ജനങ്ങൾ സംഘടിതമായി പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന പ്രക്രിയ" യാണ്. കൂടാതെ സെക്ഷൻ 27 പ്രകാരം ഈ സ്കീമുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പബ്ലിക് ഡോമെയിനിൽ വയ്ക്കണമെന്നും പൊതുജനങ്ങൾക്ക് പരിശോധിക്കാവുന്ന രീതിയിൽ ലഭ്യമാക്കണമെന്നും അനുശാസിക്കുന്നു. സംസ്ഥാന സർക്കാർ തീരുമാനിച്ചതനുസരിച്ച് പ്രാദേശിക ഭരണ സംവിധാനങ്ങളായ പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസി മുഖേനയോ നിശ്ചിത സമയപരിധിക്കുള്ളിൽ തുടർച്ചയായി സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണെന്ന് സെക്ഷൻ 28(1) നിഷ്കർഷിക്കുന്നു. റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് സോഷ്യൽ ഓഡിറ്റ് നടത്തുന്ന കാര്യം പരിഗണിച്ചുവരുന്നു.

(സി&ഡി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20-10-2016-ന് കരട് പട്ടിക പ്രസിദ്ധീകരിക്കുകയും പട്ടികയിന്മേൽ ആക്ഷേപമുള്ളവർക്ക് 20-10-2016 മുതൽ 5-11-2016 വരെ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. 21-10-2016 മുതൽ 12-11-2016 വരെ അപ്പീലുകൾ സമർപ്പിക്കുന്നതിന് അവസരമുണ്ടായിരുന്നു. അത്രയും കാലം ആക്ഷേപം സമർപ്പിക്കുവാൻ കഴിയാത്തവർക്ക് 7-1-2017-ന് അവസരം നൽകുകയും ചെയ്തിട്ടുണ്ട്.

**സപ്ലൈകോയിൽ ശമ്പളപരിഷ്കരണത്തിന് നടപടി**

369 (3757) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ ശമ്പളം പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ വ്യവസ്ഥ അവസാനിപ്പിക്കുവാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) സപ്ലൈകോയിൽ സ്റ്റാഫ് സ്ട്രെംഗ്തിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച പ്രൊഡക്ടിവിറ്റി കൗൺസിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) നിലവിൽ അസിസ്റ്റന്റ് സെയിൽസ്മാൻ ചാർജ്ജ് വഹിക്കുന്ന എത്ര ഔട്ട്ലെറ്റുകൾ സംസ്ഥാനത്ത് ഉണ്ട്; ഇവർക്ക് ചാർജ്ജ് അലവൻസ് നൽകുവാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോയിലെ ശമ്പള പരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) സപ്ലൈകോയിൽ കോമൺ സർവ്വീസ് റൂൾസ് രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കോമൺ സർവ്വീസ് റൂൾസ് നിലവിൽ വരുന്ന മുറയ്ക്ക് ഡെപ്യൂട്ടേഷന് നിയന്ത്രണം ഉണ്ടാകുന്നതാണ്.

(സി) സമർപ്പിച്ചിട്ടില്ല.

(ഡി) നിലവിൽ അസിസ്റ്റന്റ് സെയിൽസ്മാൻ ചാർജ്ജ് വഹിക്കുന്ന 780 ഔട്ട് ലെറ്റുകൾ സംസ്ഥാനത്തുണ്ട്. ഇവർക്ക് ചാർജ്ജ് അലവൻസ് നൽകുവാൻ നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കുന്നില്ല.

**മാവേലിസ്റ്റോർ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ**

370 (3758) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോർ വഴി ഇപ്പോൾ ഏതൊക്കെ ഭക്ഷ്യ വസ്തുക്കളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതെന്നും ഇതിനായി സർക്കാർ എത്ര രൂപ പ്രതിവർഷം സബ്സിഡിയായി നൽകുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പൊതുവിപണിയെക്കാളും വിലകൂട്ടി വില്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾ ഏതൊക്കെയെന്നും ഇത് പരിശോധിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, തുവരപ്പരിപ്പ്, വൻപയർ, വെളിച്ചെണ്ണ, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ടയരി, ജയ അരി, കുറുവ അരി, ഒ.എം.എസ്.എസ്. പുഴുക്കലരി, ഒ.എം.എസ്.എസ്. പച്ചരി, ആന്ധ്രാ ഇതര ജയ അരി എന്നിവ മാവേലിസ്റ്റോർ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 2016-17 സാമ്പത്തിക വർഷത്തിൽ 150 കോടി രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

(ബി) പൊതുവിപണിയേക്കാളും വില കൂട്ടി യാതൊരു നിത്യോപയോഗ സാധനങ്ങളും വില്പന നടത്തുന്നില്ല.

**ഭക്ഷ്യവകുപ്പിന്റെ വില നിരീക്ഷണസെൽ**

371 (3759) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവകുപ്പിന്റെ കീഴിൽ വില നിരീക്ഷണസെൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഫലപ്രദമായ വിപണി ഇടപെടലിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് വില നിരീക്ഷണസെൽ നടത്തുന്നത്;

(സി) വില നിരീക്ഷണ സെല്ലിന്റെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യ വകുപ്പിന്റെ കീഴിൽ ഒരു ജില്ലാ ഓഫീസറുടെ റാങ്കിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസറുടെ ചുമതലയിൽ ഒരു വില നിരീക്ഷണസെൽ പ്രവർത്തിക്കുന്നു.

(ബി) 22 നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം 6 ജില്ലകളിൽ നിന്ന് ശേഖരിച്ച് നിത്യേന കേന്ദ്ര ഗവൺമെന്റിന്റെ പ്രൈസ് മോണിറ്ററിംഗ് സെല്ലിന് സമർപ്പിക്കുന്നുണ്ട്. ജില്ലാ സപ്ലൈ ഓഫീസ് തലത്തിൽ വിപണിയിടപെടലിനായി നടക്കുന്ന പരിശോധനകളും റെയ്ഡുകളും ക്രോഡീകരിക്കുകയും ചെയ്യുന്നു.

(സി) നിലവിലെ പ്രവർത്തനങ്ങൾക്കു പുറമേ ബന്ധപ്പെട്ട മറ്റ് വകുപ്പുകളെയും കൂടി ഉൾപ്പെടുത്തി വില നിയന്ത്രിക്കുന്നതിനും വിപണിയിടപെടലിനുമായി സെല്ലിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള തീരുമാനം പരിഗണനയിലാണ്.

**റേഷൻകാർഡ് പട്ടികയിൽ ഉൾപ്പെടാത്തവരെ പരിഗണിക്കാൻ നടപടി**

372 (3760) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ ഭദ്രതാ നിയമം വന്നതിനെ തുടർന്ന് വിവിധ കാരണങ്ങളാൽ ഒരു പട്ടികയിലും ഉൾപ്പെടാതെ പോയ കാർഡുടമകൾക്ക് റേഷൻ നിഷേധിക്കരുതെന്ന് നിർദ്ദേശിച്ചിരുന്നോ;

(ബി) പ്രസ്തുത വിഭാഗം ആൾക്കാർക്ക് റേഷൻ നിഷേധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പട്ടികയിൽ ഉൾപ്പെടാത്തവരെ പരിഗണിച്ച് റേഷൻകാർഡ് നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) റേഷൻകാർഡ് അടിസ്ഥാന പ്രമാണമാക്കിയാണ് റേഷൻവിതരണ സംവിധാനം നടന്നുവരുന്നത്. ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ റേഷൻകാർഡിൽ പേരുള്ളവരും മുൻഗണനാ പട്ടികയിൽ ഉൾപ്പെടാതെ പോയവരുമായ എല്ലാ ആൾക്കാരും സ്വാഭാവികമായും മുൻഗണനേതര വിഭാഗത്തിൽ വരുന്നതാണ്. നിലവിലെ റേഷൻകാർഡ് റദ്ദ് ചെയ്യിട്ടില്ലാത്തതിനാലും, റേഷൻ വാങ്ങുന്നതിനും മറ്റെല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതിനാലും റേഷൻകാർഡുള്ള ഒരാൾക്കും അർഹതയുണ്ടെങ്കിൽ റേഷൻ നിഷേധിക്കേണ്ട സാഹചര്യം നിലവിലില്ല.

കരട് മുൻഗണനാപട്ടിക ഗ്രാമസഭ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ റേഷൻകാർഡ് വിതരണം ഉടൻതന്നെ ആരംഭിക്കുന്നതാണ്. റേഷൻകാർഡ് വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് റേഷൻകാർഡില്ലാത്തവർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## വിലക്കയറ്റം നിയന്ത്രിക്കാൻ വിപണി ഇടപെടൽ

373 (3761) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ വിപണിയിൽ കൂടുതൽ ഇടപെടൽ നടത്താനായി സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഉത്പാദന മേഖലയിൽ നിന്നുതന്നെ പഴം, പച്ചക്കറി, മറ്റു നിത്യോപയോഗ സാധനങ്ങൾ എന്നിവ സംഭരിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നേരിടാൻ സപ്ലൈകോ മുഖേന ശക്തമായ വിപണി ഇടപെടൽ പദ്ധതി നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിതരണം ചെയ്തുവരുന്നു. കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതുവിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീ സെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാന്റായ ശബരി ബ്രാന്റിൽ പൊതുവിപണി വിലയേക്കാൾ ഏകദേശം ഇരുപത് മുതൽ മുപ്പത് ശതമാനം വിലക്കുറവിൽ വിറ്റുവരുന്നു. കൂടാതെ അരിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും വില വർദ്ധനവ് തടയുന്നതിനുമായി വിവിധ ജില്ലകളിൽ അരിക്കട ഫെയറുകൾ ആരംഭിക്കുകയും സബ്സിഡി നിരക്കിലും നോൺ സബ്സിഡി നിരക്കിലുമായി എല്ലാത്തരം അരിയിനങ്ങളും വിതരണം ചെയ്യുന്നുമുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ഗ്യാസ് സിലിണ്ടറുകളിൽ അളവിൽ ഉണ്ടാകുന്ന വ്യത്യാസം

374 (3762) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിതരണം ചെയ്യുന്ന ഗ്യാസ് സിലിണ്ടറുകളിൽ അളവിൽ ഉണ്ടാകുന്ന വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന വ്യക്തമാക്കുമോ;

(സി) അളവിൽ വ്യത്യാസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബോട്ടിലിംഗ് പ്ലാന്റിൽ നിന്ന് ലഭ്യമാകുന്ന പാചക വാതക സിലിണ്ടറുകൾ വിതരണ ഏജൻസികൾ പരിശോധന നടത്തി കൃത്യമായ അളവ് ഉറപ്പുവരുത്തിയതിന ശേഷം മാത്രമാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. എങ്കിലും അളവിൽ വ്യത്യാസമുണ്ടാകുന്ന ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉണ്ട്. മിന്നൽ പരിശോധനകളും പ്രത്യേക പരിശോധനകളും നിരന്തരം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ പരാതികൾക്ക് മുൻതൂക്കം നൽകി സമയബന്ധിതമായി വ്യാപാര സ്ഥാപനങ്ങളിലും ഡെലിവറി വാഹനങ്ങളിലും പരിശോധനകൾ നടത്താറുണ്ട്. അളവിൽ കുറവ് എൽ.പി.ജി നിറച്ച് വിൽപ്പന നടത്തിയ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഇൻഡെയ്ൻ ബോട്ടിലിംഗ് പ്ലാന്റിന് എതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അളവിൽ വ്യത്യാസം വരുത്തി വിൽപ്പന നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാറുണ്ട്.

**എം.ആർ.പി. നിരക്കിനെക്കാളും വിലകൂട്ടി സാധനങ്ങൾ വിൽക്കുന്ന നടപടി**

375 (3763) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തിയേറ്റർ കോംപ്ലക്സുകളോടും മൾട്ടിപ്ലക്സുകളോടും ചേർന്ന് പ്രവർത്തിക്കുന്ന കഫറ്റേരിയ, സ്നാക്സ് ഷോപ്പുകൾ, മറ്റ് കടകൾ, എയർപോർട്ടിലെ ഷോപ്പുകൾ,തിരുവനന്തപുരം നഗര ഹൃദയത്തിൽ പ്രവർത്തിക്കുന്ന തിയേറ്ററുകൾ, മുതലായവയിൽ എം.ആർ.പി. നിരക്കിനേക്കാളും വിലകൂട്ടി സാധനങ്ങൾ വിൽക്കുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ലീഗൽ മെട്രോളജി വകുപ്പ് കൃത്യമായ പരിശോധനകൾ നടത്താറുണ്ടോ: ; എങ്കിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ 2017 ജനുവരി മുതൽ നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; സ്ഥാപനങ്ങളുടെ പേരുവിവരം, ജില്ല തിരിച്ച് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. MRP-യേക്കാൾ കൂടുതൽ വില ഈടാക്കിയതിന് 2017 ജനുവരി മുതൽ സംസ്ഥാനത്ത് ആകെ 6 കേസ്സുകൾ രജിസ്റ്റർ ചെയ്ത് 35,500 രൂപ രാജി ഫീസ് ഈടാക്കിയിട്ടുണ്ട്. ഇതിൽ തിരുവനന്തപുരം നഗരഹൃദയത്തിലെ മൂന്ന് തിയറ്ററുകൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു. എയർപോർട്ടിനുള്ളിലെ ലോഞ്ചിലെ കടകളിൽ നടത്തിയ പരിശോധനയിൽ ഒരിക്കൽ രേഖപ്പെടുത്തിയ MRP മറച്ചു വച്ചുകൊണ്ട് കൂടിയ വില രേഖപ്പെടുത്തിയ സ്റ്റിക്കർ ഒട്ടിച്ച് വിൽപ്പന നടത്തിയ ഒരു വ്യാപാരിക്കെതിരെ കേസ്സെടുത്ത് നടപടി സ്വീകരിച്ചു. 2017 ജനുവരി മുതൽ നാളിതുവരെ 6 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

<u>തിരുവനന്തപുരം ജില്ല</u>

1. ശ്രീപത്മനാഭ തിയേറ്റർ, കിഴക്കേകോട്ട, തിരുവനന്തപുരം

2. കൈരളി തിയേറ്റർ, അരിസ്റ്റോ ജംഗ്ഷൻ, തിരുവനന്തപുരം

3. ശ്രീ തിയേറ്റർ, അരിസ്റ്റോ ജംഗ്ഷൻ, തിരുവനന്തപുരം

<u>കോഴിക്കോട് ജില്ല</u>

1. ബൺ ക്ലബ്, അസ്മ ടവർ, കോഴിക്കോട്

<u>കാസർഗോഡ് ജില്ല</u>

1. മെഹബൂബ് കോംപ്ലക്സ്, നർത്തകി തിയേറ്റർ, കാസർഗോഡ്

2. വിനായക മൾട്ടിപ്ലക്സ് തിയേറ്റർ, കാഞ്ഞങ്ങാട്, കാസർഗോഡ്

**പാചകവാതക തട്ടിപ്പ്**

376 (3764) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാചകവാതകത്തിന്റെ അളവിലും തൂക്കത്തിലും തട്ടിപ്പ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ തട്ടിപ്പ് നടത്തുന്ന ഓയിൽ കമ്പനികൾക്കെതിരെ എന്ത് ശിക്ഷാ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പാചക വാതക സിലിണ്ടറുകൾക്ക് വിതരണ കമ്പനികൾ എം.ആർ.പി. യെക്കാൾ അധികം വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ബോട്ടിലിംഗ് പ്ലാന്റിൽ നിന്ന് ലഭ്യമാകുന്ന പാചകവാതക സിലിണ്ടറുകൾ വിതരണ ഏജൻസികൾ പരിശോധന നടത്തി കൃത്യമായ അളവ് ഉറപ്പുവരുത്തിയതിനുശേഷം മാത്രമാണ് ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. എങ്കിലും അളവിൽ വ്യത്യാസമുണ്ടാകുന്ന ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എറണാകുളത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ ഇൻഡെയ്ൻ (എൽ.പി.ജി.) ബോട്ടിലിംഗ് പ്ലാന്റിൽ ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്തി ടി ഓയിൽ കമ്പനിക്കെതിരെ കേസ്സെടുക്കുകയും 7.5 ലക്ഷം രൂപ (ഏഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രാജിഫീസ് ചുമത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല. എങ്കിലും പാചകവാതകത്തിന് ചില്ലറ വില്പന വിലയേക്കാൾ കൂടുതലായി ഈടാക്കുന്നു എന്ന് ഏതെങ്കിലും ഉപഭോക്താക്കൾ പരാതിപ്പെട്ടാൽ ഉടനടി തന്നെ നടപടികൾ സ്വീകരിക്കണമെന്ന് എണ്ണക്കമ്പനികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 3421, 3445, 3490, 3604, 3610, 3613 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

ശ്രീ. കെ. സി. ജോസഫ്: സർ, ഇന്നലെ സഭ പിരിയുമ്പോൾ അങ്ങ് നൽകിയ റൂളിംഗ് സംബന്ധിച്ച് ഞങ്ങൾക്കാകെ പ്രയാസവും ദുഃഖവുമുണ്ട്. അക്കാര്യം ഉന്നയിക്കാൻ അങ്ങ് അനുവദിക്കണം.

മി. സ്പീക്കർ: റൂളിംഗിനെ സംബന്ധിച്ച് വീണ്ടും സംസാരിക്കുന്ന പതിവില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. അങ്ങയെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. പക്ഷെ ഞങ്ങളെ സംബന്ധിച്ച് അത് വലിയ വേദനയുണ്ടാക്കി.

മി. സ്പീക്കർ: അങ്ങ് ഇരിക്കൂ. അങ്ങനെയുള്ള കീഴ്‌വഴക്കമുണ്ടോയെന്ന് പരിശോധിച്ച് ചെയർ മറുപടി പറയാം. ഇരിക്കൂ.. കീഴ്വഴക്കങ്ങളെല്ലാം പരിശോധിച്ച് ചെയർ നിലപാട് സ്വീകരിക്കാം. ഇപ്പോൾ അങ്ങ് ഇരിക്കൂ. പ്ലീസ്. ഞാൻ പരിശോധിച്ചതിനുശേഷം മറുപടി പറയാം. പ്ലീസ്....

ശ്രീ. കെ. സി. ജോസഫ്: സർ, ഇക്കാര്യം അങ്ങേയ്ക്ക് എഴുതിത്തന്നിട്ടുണ്ട്.

മി. സ്പീക്കർ: അങ്ങ് എഴുതിത്തന്നതിന്റെ അടിസ്ഥാനത്തിൽ ചെയർ പരിശോധിച്ച് നിലപാട് സ്വീകരിക്കുന്നതാണ്. ഇരിക്കൂ.... കീഴ്‌വഴക്കങ്ങൾ പരിശോധിച്ചതിനുശേഷം നിലപാട് സ്വീകരിക്കാം. അങ്ങ് ഇരിക്കൂ.

ചെയറിനോട് ഒരംഗം ഒരു ആവശ്യം ഉന്നയിക്കുമ്പോൾ ഇരുഭാഗത്തുനിന്നും പിന്തുണച്ചും അല്ലാതെയും പ്രതികരിക്കുന്ന രീതി പലപ്പോഴും ബഹുമാനപ്പെട്ട അംഗങ്ങൾ തുടരുന്നുണ്ട്. അത് ശരിയല്ല.

## II. അടിയന്തരപ്രമേയം

### താനൂരിലെ അക്രമ സംഭവം

മി. സ്പീക്കർ: ഇവിടെ അടിയന്തരപ്രമേയമായി വന്ന വിഷയം സബ്മിഷനായി ഉന്നയിക്കുന്നതിന് ബന്ധപ്പെട്ട മണ്ഡലത്തിലെ എം.എൽ.എ. നേരത്തേതന്നെ എഴുതിത്തന്നിരുന്നു. എങ്കിലും അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് സംസാരിക്കാൻ അനുവദിക്കുകയാണ്.

മലപ്പുറം ജില്ലയിലെ താനൂരിൽ കഴിഞ്ഞ രണ്ടുദിവസമായി പോലീസും സി.പി.ഐ.(എം.) അക്രമിസംഘവും ചേർന്ന് നടത്തിയ തേർവാഴ്ചമൂലം നിരവധി

വാഹനങ്ങളും വീടുകളും മത്സ്യബന്ധന ഉപകരണങ്ങളും തീവച്ച് നശിപ്പിക്കുകയും മുസ്ലീംലീഗ്-കോൺഗ്രസ്സ് പ്രവർത്തകരെ ആക്രമിക്കുകയും വീടുകൾ കയറി നടത്തിയ അതിക്രമങ്ങൾമൂലം നിരവധി ആളുകൾ സ്ഥലത്തുനിന്ന് പലായനം ചെയ്യുകയും അക്രമം നിയന്ത്രിക്കാൻ ശ്രമിക്കാതെ അക്രമികളുടെ കൂട്ടാളികളായി പോലീസ് മാറിയ സ്ഥിതിവിശേഷവുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എൻ. ഷംസുദ്ദീൻ, എ. പി. അനിൽ കുമാർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന മലപ്പുറം ജില്ലയിലെ താനൂർ മുനിസിപ്പാലിറ്റിയിലെ പണ്ടാര കടപ്പുറത്ത് ചാപ്പപ്പടി തീരദേശ മേഖലയിൽ രാഷ്ട്രീയ പ്രവർത്തകർ തമ്മിൽ 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിനെത്തുടർന്നുണ്ടായ രാഷ്ട്രീയ സംഘർഷം ഇടയ്ക്കിടയ്ക്ക് രൂപപ്പെടാറുണ്ട്. ഇവിടത്തെ ഭൂരിഭാഗം ജനങ്ങളും മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ളവരാണ്. സ്ഥിരമായി ഐ.യു.എം.എൽ. സ്ഥാനാർത്ഥികൾ ജയിച്ചിരുന്ന സ്ഥാനത്ത് 2016-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. സ്വതന്ത്ര സ്ഥാനാർത്ഥിക്കുണ്ടായ വിജയം ഉൾക്കൊള്ളാൻ ചിലർക്ക് ഇപ്പോഴും കഴിയുന്നില്ല. അതാണ് സംഘർഷത്തിന്റെ അടിസ്ഥാന കാരണം. രാജ്യത്ത് അസഹിഷ്ണുതയുടെ രാഷ്ട്രീയത്തിനെതിരെ ഉയർന്നുവന്ന ബഹുജനാഭിപ്രായം നാം കണ്ടതാണ്. താനൂരിലെ അക്രമസംഭവം ചിലരുടെ അസഹിഷ്ണുതയുടെ സൃഷ്ടിയാണ്. ആദരണീയരായ മുഹമ്മദ് അബ്ദുറഹിമാൻ, ഇ. മൊയ്തു മൗലവി അടക്കമുള്ളവർ മുമ്പ് ആക്രമിക്കപ്പെട്ട സ്ഥലം കൂടിയാണിത്. ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥിയും ഇപ്പോൾ ഈ സഭയിലെ അംഗവുമായ ശ്രീ. വി. അബ്ദുറഹിമാൻ ഇതേ സ്ഥലത്ത് ആക്രമിക്കപ്പെട്ടിട്ടുണ്ട്. 11-3-2017-ന് താനൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ പണ്ടാര കടപ്പുറത്തും ചാപ്പപ്പടിയിലും, സി.പി.ഐ.(എം) പ്രവർത്തകനായ നൗഫലിന്റെ തലയിൽ കെട്ടിയ ചുവന്ന മുണ്ട് മുസ്ലീംലീഗ് പ്രവർത്തകർ അഴിപ്പിച്ചതിനെത്തുടർന്ന് സ്ഥലത്ത് വീണ്ടും സംഘർഷമുണ്ടായി. സംഘർഷ സ്ഥലത്ത് സംഘടിച്ചുനിന്നിരുന്ന അഞ്ഞൂറോളം ആൾക്കാരെ പോലീസ് കണ്ണീർ വാതകവും ലാത്തിപ്രയോഗവും നടത്തി പിരിച്ചയച്ചു. സംഘർഷം നിയന്ത്രണവിധേയമാക്കാനുള്ള നടപടികൾ മാത്രമാണ് പോലീസ് സ്വീകരിച്ചത്. കടപ്പുറത്ത് കൂട്ടിയിട്ട വലകളും ഷെഡ്ഡുകളും വീടുകളിൽ നിർത്തിയിട്ടിരുന്ന വാഹനങ്ങളും അക്രമത്തിൽ നശിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സംഭവത്തിന് താനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 107/2017 ആയി കണ്ടാലറിയാവുന്ന രണ്ടായിരത്തോളം പേരെ പ്രതികളാക്കി കേസ് രജിസ്റ്റർ

ചെയ്തിട്ടുള്ളതും 31 പേരെ കസ്റ്റഡിയിലെടുത്തിട്ടുള്ളതുമാണ്. സംഘർഷത്തെത്തുടർന്ന് ഇരുവിഭാഗത്തിലെ വീടുകളും മത്സ്യബന്ധനത്തിനുപയോഗിക്കുന്ന വല, ഷെഡ്ഡ് എന്നിവയും കത്തി നശിച്ചിട്ടുണ്ട്. താനൂർ പോലീസ് സ്റ്റേഷനിലെ ഡിപ്പാർട്ടുമെന്റ് വാഹനത്തിനും ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥന്റെ സ്വകാര്യ വാഹനത്തിനും കേടുവരുത്തിയിട്ടുള്ളതും മൊത്തത്തിലുള്ള നാശനഷ്ടം തിട്ടപ്പെടുത്തിയിട്ടില്ലാത്തതും ആണ്. പോലീസ് പാർട്ടിക്കുനേരെയുണ്ടായ കല്ലേറിൽ തിരൂർ-താനൂർ പോലീസ് ഇൻസ്പെക്ടർമാർ, താനൂർ എസ്.ഐ. എന്നിവർ ഉൾപ്പെടെ 12 പോലീസ് ഉദ്യോഗസ്ഥർ പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. തിരൂർ സർക്കിൾ ഇൻസ്പെക്ടറുടെ പരിക്ക് ഗുരുതരമാണ്. ഉത്തര മേഖലാ ഡി.ജി.പി., മലപ്പുറം ജില്ലാ പോലീസ് മേധാവി തുടങ്ങിയ ഉന്നത പോലീസ് ഉദ്യോഗസ്ഥർ സംഭവ സ്ഥലത്തെത്തി ആ പ്രദേശത്ത് സമാധാനാന്തരീക്ഷം നിലനിർത്തുന്നതിന് മുൻകയ്യെടുത്തുവരുന്നു. തിരൂർ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഇരുനൂറോളം പോലീസുകാർ അവിടെ ഡ്യൂട്ടിയിലുള്ളതും ജനജീവിതം സാധാരണനില കൈവരിച്ചിട്ടുള്ളതുമാണ്. താനൂരിൽ സംഘർഷം ഇടയ്ക്കിടയ്ക്കുണ്ടാകുന്നതിനാൽ പ്രത്യേക കൺട്രോൾ റൂം സ്ഥാപിക്കാനും കൂടുതൽ പോലീസ് സേനയെ നിയോഗിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംഭവവുമായി ബന്ധപ്പെട്ട് 16 പേരെ പ്രിവന്റീവ് അറസ്റ്റ് നടത്തിയിട്ടുള്ളതും കേസ്സിലുൾപ്പെട്ട പ്രതികൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, താനൂരിൽ കഴിഞ്ഞ രണ്ടുദിവസമായി പോലീസ് നടത്തിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങളും തേർവാഴ്ചയും സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽക്കൊണ്ടുവരാനാണ് ഈ അടിയന്തരപ്രമേയം കൊണ്ടുവന്നിരിക്കുന്നത്. പോലീസ് അതിക്രമത്തിൽ നിരവധി വീടുകളും വാഹനങ്ങളും പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങളുമൊക്കെ തകർന്നിരിക്കുകയാണ്; പോലീസിന്റെ നരനായാട്ട് ഇപ്പോഴും തുടരുകയാണ്. സ്ത്രീകളും കുട്ടികളുമുൾപ്പെടെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ സ്വന്തം നാട്ടിൽനിന്ന് കയ്യിൽ കിട്ടിയതുമെടുത്ത് പലായനം ചെയ്യുന്ന ദുഃസ്ഥിതിയാണ് ഇന്ന് താനൂരിലുള്ളത്. ആളുകൾ വീടും നാടും വിട്ടുപോകേണ്ട സ്ഥിതി എന്നുപറയുന്നത് ഭയാനകമല്ലേ? നമ്മൾ കാശ്മീരിലും മറ്റുമുള്ള ചില സൈനിക നടപടികളും അർദ്ധസൈനിക നടപടികളും കാണാറുണ്ട്... (ബഹളം).....

<u>മി. സ്പീക്കർ</u>: പ്ലീസ്.. ശ്രീ. ഷംസീർ.. പ്ലീസ്. പ്രകോപിതനാകല്ലേ ശ്രീ. പി. കെ. ബഷീർ......... അദ്ദേഹം സംസാരിക്കട്ടെ. പ്ലീസ്..

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കാശ്മീരിലൊക്കെ നടക്കുന്ന വലിയ സൈനിക

നടപടികളെക്കുറിച്ച് നമ്മൾ പത്രങ്ങളിലൊക്കെ വായിക്കാറുണ്ട്. അതിനേക്കാൾ മൃഗീയമായി ഈ പ്രദേശത്ത് പോലീസ് അഴിഞ്ഞാടുകയാണ്. നാട്ടിലെ ജനങ്ങളാകെ ഭീതിയിലാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തര പ്രമേയത്തിന്റെ ആമുഖത്തിൽ പറഞ്ഞ കാര്യങ്ങൾ, പോലീസ് അദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. യഥാർത്ഥ വിവരങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൈമാറിയിട്ടില്ല. അതിൽത്തന്നെയുള്ള ഒരു പരാമർശം, 'താനൂരിൽ ഇടതുപക്ഷം ജയിച്ചതുകൊണ്ടാണ് ഈ പ്രശ്നങ്ങളൊക്കെ ഉണ്ടാകുന്നത് എന്നുള്ളത് പോലീസ് റിപ്പോർട്ടാണോ എന്നറിയാൻ ഞങ്ങൾക്ക് താൽപ്പര്യമുണ്ട്. അതുസംബന്ധിച്ച് വ്യക്തമാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ രാഷ്ട്രീയമായ വിലയിരുത്തലോ അഭിപ്രായ പ്രകടനമോ ആണെങ്കിൽ കുഴപ്പമില്ല. നേരെമറിച്ച് പോലീസ് തന്ന റിപ്പോർട്ടതാണെങ്കിൽ ആ പോലീസിന്റെ സ്വഭാവം ഞാൻ കൂടുതൽ വിശദീകരിക്കേണ്ടതില്ലല്ലോ? ഇവിടെ പറഞ്ഞ സംഭവം ഇതുപോലെയല്ല; ഒരു വലിയ സംഭവം പോലീസ് കൃത്യമായി മറച്ചുവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെതന്നെ ഞായറാഴ്ച രാത്രിയാണ് ഈ സംഭവങ്ങളുടെ തുടക്കം. ഞായറാഴ്ച രാത്രി കുഞ്ഞീച്ചന്റെ പുരയ്ക്കൽ സൈന എന്ന ലീഗ് പ്രവർത്തകയുടെ വീടിന് സി.പി.ഐ.(എം.) പ്രവർത്തകർ പെട്രോൾ ബോംബ് എറിയുകയാണുണ്ടായത്. ആ വീട്ടിലുണ്ടായിരുന്ന ഗ്യാസ് കുറ്റിയിൽ പെട്രോൾ ബോംബ് തട്ടി തീപിടിച്ച് വീടാകെ കത്തി നശിക്കുന്ന സ്ഥിതിയുണ്ടായി. പോലീസിന്റെ റിപ്പോർട്ടിൽ അതില്ല. ആ പ്രദേശത്ത് പൊതുവെ രാഷ്ട്രീയ സംഘർഷമുണ്ട്. അത് സമ്മതിക്കുന്നു. പക്ഷെ അത് നിയന്ത്രിക്കേണ്ട പോലീസ് അവിടെയുണ്ടായിരുന്നില്ല. അതുകൊണ്ടാണല്ലോ ഒരു വീടിനുനേരെ ബോംബെറിയാനുള്ള സാഹചര്യമുണ്ടായതും വലിയതോതിൽ ആ വീട് കത്തിയതും. പോലീസ് എത്താൻ വൈകിപ്പോയി. മാത്രവുമല്ല സൈനയും കുട്ടികളും ആ വീട്ടിലുണ്ടായിരുന്നില്ല. അവർ വീട്ടിലുണ്ടായിരുന്നെങ്കിൽ ഈ സംഭവത്തിന്റെപേരിൽ ആളപായമുണ്ടാകുമായിരുന്നു. അവർ വീട്ടിലില്ലാതിരിക്കാൻ കാരണം, രണ്ടുദിവസം മുമ്പ് നടന്ന സി.പി.ഐ.(എം.) അക്രമത്തിൽ പരിക്കേറ്റ് ഇവർ ആശുപത്രിയിൽ ചികിത്സയിലാണ്. അങ്ങനെ ആക്രമിച്ച് പരിക്കേല്പിച്ച വ്യക്തിയുടെ വീടാണ് വീണ്ടും ബോംബെറിഞ്ഞ് തകർത്തത്. എന്തൊരു പൈശാചികമായ സാഹചര്യമാണിത്? ഇവിടെ പോലീസ് എത്താൻ വൈകി. പോലീസ് എത്തിയതിനുശേഷം അവരുമായി പ്രശ്നമുണ്ടാക്കിയത് ഞങ്ങളാരുമല്ല. അത് സി.പി.ഐ.(എം.)-ന് സ്വാധീനമുള്ള ഒരു പ്രദേശമാണ്. സി.പി.ഐ.(എം.)-കാരുമായിട്ടാണ് പോലീസ് പ്രശ്നമുണ്ടാക്കിയത്. വൈകി എത്തിയ പോലീസ് അവിടെ തടിച്ചുകൂടി നിന്നിരുന്ന ആളുകളെ മാറ്റാൻ ശ്രമിച്ചപ്പോൾ പോലീസും സി.പി.ഐ.(എം.)-മായി പ്രശ്നമുണ്ടായി. അപ്പോൾ പോലീസ് ആകാശത്തേയ്ക്ക് വെടിവച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ റിപ്പോർട്ടിൽ

അതില്ല. തുടർന്നാണ് ആ പ്രദേശത്ത് മണിക്കൂറുകളോളം പോലീസിന്റെ തേർവാഴ്ച നടന്നത്. സി.പി.ഐ.(എം.) അക്രമം കാണിച്ചു. അതിനെ പ്രതിരോധിക്കാൻ കഴിയാത്ത പോലീസ് ഒട്ടുമ്പറം മുതൽ എളാരം കടപ്പുറം വരെയുള്ള നാലുകിലോമീറ്റർ സ്ഥലത്ത് കണ്ണിൽക്കണ്ടവരെയെല്ലാം തല്ലുകയും വീടുകളും വാഹനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും നശിപ്പിക്കുകയും ചെയ്തു. പോലീസ് വീട്ടിൽ കയറി സ്ത്രീകളെ ഉപദ്രവിച്ചു, തെറിവിളിച്ചു. ഇതാണോ ഇടതുപക്ഷത്തിന്റെ പോലീസ്? ഇങ്ങനെ പൈശാചികവും ക്രൂരവുമായി പെരുമാറുന്ന, യാതൊരുവിധ മനുഷ്യത്വവുമില്ലാതെ പ്രവർത്തിക്കുന്ന ഈ പോലീസിനെയാണോ ശ്രീ. പിണറായി വിജയന്റെ പോലീസ് എന്നുപറയുന്നത്? അത് വളരെ ഗൗരവത്തോടുകൂടി കാണണം. ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ആ പ്രദേശത്ത് സംഹാര താണ്ഡവമാടുകയാണ്. ഇവിടെ പലരും പത്രങ്ങളൊക്കെ ഉയർത്തിക്കാണിക്കുന്നുണ്ടല്ലോ. സംഭവത്തിന്റെ ചില ചിത്രങ്ങൾ എന്റെ കയ്യിലുണ്ട്, അത് ഞാനിവിടെ കാണിക്കാം. ഇത് വീടുകൾ വ്യാപകമായി തകർക്കപ്പെട്ടതിന്റെ ചിത്രങ്ങൾ, വാഹനങ്ങൾ തകർക്കപ്പെട്ട ചിത്രങ്ങൾ, പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഓട്ടോറിക്ഷകൾ തകർക്കപ്പെട്ട ചിത്രങ്ങൾ, മീൻ ലോറികൾ തകർക്കപ്പെട്ട ചിത്രങ്ങൾ, പാവപ്പെട്ടവരുടെ കുടിലുകൾ കത്തിച്ച ചിത്രങ്ങൾ, ഞങ്ങളുടെ പാർട്ടി ഓഫീസ് തകർത്തത് (ചിത്രങ്ങളോടുകൂടിയ പത്ര കട്ടിംഗുകൾ സഭയിൽ ഉയർത്തി കാണിച്ചു). ഇതൊക്കെ ഞാൻ ഈ സഭയിൽ വയ്ക്കാം. ആർക്കുവേണമെങ്കിലും പരിശോധിക്കാം. പോലീസുംകൂടി ചേർന്നാണ് ഇതൊക്കെ ചെയ്തത്. പോലീസ് ഇങ്ങനെ പെരുമാറാമോ? പാവപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ബോട്ടും വലകളും കത്തിച്ചിരിക്കുന്നു. അയാളുടെ ഉപജീവനമാർഗ്ഗമാണ് തകർക്കപ്പെട്ടത്. വീടിനകത്തുകയറി വീട്ടുപകരണങ്ങൾ കത്തിച്ചതിന്റെ ചിത്രമാണിത്. (ചിത്രം ഉയർത്തി കാണിച്ചു). ഇതുമാത്രമല്ല, ഒരു ലീഗ് പ്രവർത്തകന്റെ വീട്ടിൽ വിവിധയിനം പ്രാവുകളെ വളർത്തുന്നുണ്ട്. അത് ആ പ്രദേശത്തെ ആളുകളുടെ ഹോബിയാണ്. സി.പി.ഐ.(എം.) പ്രവർത്തകർ പ്രാവിന്റെ കൂടിന് തീവച്ചു. അതിന്റെ ഫലമായി 75 മിണ്ടാപ്രാണികൾ കത്തിക്കരിഞ്ഞുപോയി. ഇതാണവിടത്തെ സ്ഥിതിവിശേഷം. ആ പ്രാവിന്റെ കൂട്ടിൽനിന്ന് ഭാഗികമായി രക്ഷപ്പെട്ട രണ്ട് പ്രാവിൻകുഞ്ഞുങ്ങൾ ആ കൂടുനോക്കിയിരിക്കുന്ന ചിത്രമുള്ള വാർത്ത ഒരു പ്രാദേശിക ടി.വി.-യിൽനിന്ന് എനിക്ക് അയച്ചുതന്നു. 'മനഃസാക്ഷി മരവിച്ച രാഷ്ട്രീയ പ്രവർത്തകരുടെ മുന്നിലാണ് നിശബ്ദമായി ഇവർ പ്രതിഷേധിക്കുന്നതെന്ന്, ആ പ്രാവിൻകുഞ്ഞുങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രാദേശിക ലേഖകൻ പറയുന്ന സ്ഥിതിയുണ്ടായി. വളരെ ഭയാനകമായ സാഹചര്യമാണ് ഇന്ന് അവിടെ നിലനിൽക്കുന്നത്. ഇന്നത്തെ മലയാള മനോരമ പത്രത്തിൽ കൃത്യമായി പറയുന്നുണ്ട്, "താനൂരിൽ മുപ്പത് വീടുകളും മുപ്പത് വാഹനങ്ങളും തകർത്തു, രണ്ടരക്കോടി രൂപയുടെ നഷ്ടം." ഈ നഷ്ടം മുഴുവനും

പാവപ്പെട്ടവരുടേതാണ്. ഇവിടെ രണ്ടരക്കോടി രൂപയുടെ നഷ്ടമെന്ന് പത്രം പറഞ്ഞാൽ ഞാൻ പറയുന്ന, ഈ നാലുകിലോമീറ്റർ പരിസരത്ത് അക്രമിസംഘത്തിന്റെ കൂടെനിന്ന് പോലീസ് അഞ്ച് കോടി രൂപയിലധികം നാശനഷ്ടമുണ്ടാക്കിയിട്ടുണ്ടെന്ന്. പോലീസിനെ പേടിച്ച് തീരദേശവാസികൾ വീട് വിടുന്നുവെന്നാണ് പത്രത്തിൽ പറയുന്നത്. ഇതൊന്നും ഞങ്ങൾ വെറുതെ പറയുന്നതല്ല, ഇന്നത്തെ പത്രത്തിൽ വന്ന വാർത്തയാണ്. ഇന്നത്തെ മാധ്യമം പത്രത്തിൽ പറയുന്നത്, "സംഘർഷത്തിനുശേഷം സംഭവസ്ഥലത്തെത്തിയ പോലീസ് അക്രമം അഴിച്ചുവിടുകയായിരുന്നു. പോലീസ് ഉദ്യോഗസ്ഥർക്ക് അക്രമത്തിൽ പരിക്കേറ്റതിനെ തുടർന്നാണ് തേർവാഴ്ച നടത്തിയത്. ആൾ ബസ്സാർ, ചാപ്പപ്പടി എന്നിവിടങ്ങളിലാണ് പോലീസ് അഴിഞ്ഞാടിയത്. തിങ്കളാഴ്ച പുലർച്ചെ പുരുഷൻമാരെ അന്വേഷിച്ചാണ് പോലീസ് വീടുകൾ കയറിയിറങ്ങിയത്. എന്നാൽ പല വീടുകളിലെയും കുടുംബനാഥന്മാർ വിദേശത്താണ്. അരിശം തീരാത്ത പോലീസുകാർ വാഹനങ്ങൾക്കുനേരെ തിരിയുകയായിരുന്നു. വീടുകളിലും സമീപത്തെ ദേവർ ജുമാമസ്ജിദിന് മുൻവശത്തും നിർത്തിയിട്ടിരുന്ന വാഹനങ്ങളാണ് പോലീസിന്റെ അക്രമത്തിനിരയായത്." ഇതെല്ലാം മാധ്യമം പത്രത്തിലെ വാർത്തയാണ്. (മാധ്യമം പത്രം ഉയർത്തിക്കാണിച്ചു). അങ്ങ് കാര്യങ്ങൾ വിശദമായി അന്വേഷിക്കണം. അങ്ങാണ് പോലീസ് വകുപ്പിന്റെ മന്ത്രി. പോലീസ് വളരെ മോശമായി പെരുമാറുകയാണ്. സി.പി.ഐ.(എം.)-ന്റെ ഏരിയാ സെക്രട്ടറി പറഞ്ഞകാര്യവും മാധ്യമം പത്രത്തിലുണ്ട്. അതേസമയം പോലീസിനെതിരെ രൂക്ഷ വിമർശനങ്ങളുമായി രാഷ്ട്രീയ പാർട്ടികളും രംഗത്തെത്തി. പോലീസിന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ചയുണ്ടായതായും സർക്കാർ നയമല്ല പോലീസ് നടപ്പാക്കുന്നതെന്നും സി.പി.ഐ.(എം.) ഏരിയാ സെക്രട്ടറി പറഞ്ഞിരിക്കുന്നു. ഇത് മാധ്യമം ദിനപത്രമാണ് പറയുന്നത്. പോലീസ് ലക്കും ലഗാനുമില്ലാതെ പ്രവർത്തിക്കുമ്പോൾ, അതിനെക്കുറിച്ച് ഞങ്ങൾ പറയുമ്പോൾ അങ്ങത് അന്വേഷിക്കണം. ഇതിന്റെ മുഴുവൻ നാണക്കേടും അങ്ങേയ്ക്കാണ്. കേരളത്തിലെ പോലീസ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ദിവസങ്ങളിലൊക്കെ ഈ സഭയിൽ ചർച്ച നടക്കുകയാണ്. അതിൽ കൊലപാതകങ്ങളുണ്ട്, സ്ത്രീപീഡനങ്ങളുണ്ട്, അതുപോലുള്ള എല്ലാ സംഭവങ്ങളിലും പോലീസ് പ്രതിസ്ഥാനത്താണ്. ഇന്നത്തെ പത്രങ്ങൾ മുഴുവൻ പറയുന്നത് താനൂർ കടപ്പുറം യുദ്ധക്കളമായി എന്നാണ്. ഇതൊരു നിസ്സാര സംഭവമല്ല. ഒരു ജനതയുടെ ജീവിക്കാനുള്ള അവകാശത്തിന്റെ പ്രശ്നമാണ്. മിണ്ടാപ്രാണികളെ ആക്രമിച്ച കാര്യം ഞാനിവിടെ പറഞ്ഞു. ഇത് കണ്ണൂരിലെ പഴയ പാപ്പിനിശ്ശേരി സംഭവം ഓർമ്മപ്പെടുത്തുകയാണ്. പ്രാവുകൾ സമാധാനത്തിന്റെ പ്രതീകമാണ്. ആ പാവപ്പെട്ട പ്രാവുകളെത്തന്നെ കത്തിച്ചാണ് ഇവർ തങ്ങളുടെ

അക്രമങ്ങൾക്ക് അരങ്ങ് കൊഴുപ്പിക്കുന്നതെന്നത് സങ്കടകരമാണ്. പോലീസ് നിരവധിപേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. അവർ എവിടെയാണെന്നറിയില്ല. അവരെ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോകണം. ഈ സമയത്ത് ശ്രീ. അബ്ദു റബ്ബ് ഒരു ആളിന്റെ പേര് തന്നു.

മി. സ്പീക്കർ : പ്ലീസ്. കൺക്ലൂഡ്, പത്തുമിനിട്ടായി.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഒരു മുസ്‌ലിയാർ അദ്ദേഹത്തിന്റെ മൂത്തുമ്മായുടെ മയ്യത്ത് കബറടക്കിയശേഷം (ആ സമയമത്രയും അയാൾ പരപ്പനങ്ങാടിയിലായിരുന്നു) വീട്ടിലേയ്ക്ക് തിരിച്ചുവരുമ്പോൾ പോലീസ് പിടിച്ചുകൊണ്ടുപോയി. ഇപ്പോൾ അദ്ദേഹം എവിടെയാണെന്നറിയില്ല. ലോക്കപ്പിലില്ല, പോലീസ് സ്റ്റേഷനിലില്ല. പോലീസിന്റെ ഈ നടപടികളൊക്കെ ദുരൂഹമാണ്. അദ്ദേഹത്തിന് നാളെ ഗൾഫിൽ പോകേണ്ടതാണ്. അയാളുടെ ജോലി നഷ്ടപ്പെടാൻ പോവുകയാണ്. ഇതൊക്കെ പോലീസിന്റെ ഇഷ്ടവിനോദമായി മാറിയിരിക്കുകയാണ്. ഈ പ്രദേശത്തെ പുരുഷൻമാർ നാടുവിടുന്നു. താനൂരിൽ പലയിടത്തും ഗർഭിണികൾവരെ ആക്രമിക്കപ്പെട്ടിട്ടുണ്ട്. നിറവയറുമായി നിൽക്കുന്ന ഗർഭിണികളുടെ മുന്നിലേയ്ക്ക് പോലീസ് ലാത്തിയുമായി ചീറിയടുക്കുന്നത് താനൂരിൽ മാത്രമാണ് നമ്മൾ കണ്ടത്. ഇത് മനഃസാക്ഷിയുള്ളവർക്ക് പ്രയാസമുണ്ടാക്കുന്നതാണ്. തിങ്കളാഴ്ച നടക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് പഠിക്കുന്ന കുട്ടികളെവരെ പോലീസ് വെറുതെവിട്ടില്ല. അവരിൽ പലരേയും പോലീസ് അടിക്കുകയും ആക്രമിക്കുകയും ഓടിക്കുകയും ചെയ്തതിന്റെ ഫലമായി ഇന്നലത്തെ പരീക്ഷ എഴുതാൻ കഴിഞ്ഞില്ല. എത്രയോ കുട്ടികളുടെ ഭാവിയുടെ പ്രശ്നമാണ്. ഇതൊക്കെ നിങ്ങൾക്ക് എങ്ങനെയാണ് ന്യായീകരിക്കാൻ സാധിക്കുന്നത്.

മി. സ്പീക്കർ : പ്ലീസ്, കൺക്ലൂഡ്...

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പൊതുപ്രവർത്തകരുടെയും ലീഗ് നേതാക്കന്മാരുടെയുമൊക്കെ വീടുകൾ പോലീസ് അടിച്ച് തകർത്തിരിക്കുകയാണ്. ലീഗിന്റെ മണ്ഡലം സെക്രട്ടറി ശ്രീ. എം. പി. അഷറഫ്, പൊതുപ്രവർത്തകൻ മാണിച്ചന്റെ പുരയ്ക്കൽ സെയ്തുമോൻ, മമ്മിത്താന്റെ പുരയ്ക്കൽ ഹംസക്കോയ, ചെറുപുരയ്ക്കൽ കുഞ്ഞുമോൻ, ചെറുപുരയ്ക്കൽ ഈസ്സൂട്ടി തുടങ്ങി നൂറോളം ആളുകളുടെ വീട് പോലീസാണ് അടിച്ചുപൊളിച്ചത്. സി.പി.ഐ.(എം.)-ഉം ലീഗും തമ്മിൽ പ്രശ്നങ്ങളുണ്ട്. അത് പറഞ്ഞു തീർക്കേണ്ട പോലീസ് രാത്രി വീടുകളിൽക്കയറി ആളുകളെ ക്രൂരമായി അടിച്ച് പരിക്കേൽപ്പിക്കുകയും സാധനങ്ങൾ നശിപ്പിക്കുകയുമാണ് ചെയ്തത്. അവിടത്തെ ബഹളം കണ്ട് നോക്കിനിൽക്കുകയായിരുന്ന 12 വയസ്സുകാരനായ സുർഫാസ് എന്ന കുട്ടിയെ പോലീസ് ക്രൂരമായി മർദ്ദിച്ചു. ആ കുട്ടി

ഇപ്പോൾ ആശുപത്രിയിലാണ്. ആ കുട്ടി എന്ത് തെറ്റ് ചെയ്തിട്ടാണ് മർദ്ദിച്ചത്? യാതൊരുവിധ രാഷ്ട്രീയ സംഘർഷവുമില്ലാത്ത പ്രദേശങ്ങളായ എളാരം കടപ്പുറം, ഒട്ടുമ്പുറം എന്നിവിടങ്ങളിൽ പോലീസ് ക്രൂരമായി ആളുകളെ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. പോലീസിനെ ഉപയോഗിച്ച് ഒരു പാർട്ടിയെയും മുന്നണിയെയും ഇല്ലാതാക്കാൻ കഴിയുമെന്ന് ആരെങ്കിലും വ്യാമോഹിക്കുന്നുണ്ടെങ്കിൽ അവർക്ക് തെറ്റിയില്ലേ? ആ രീതിയിലാണ് പോലീസ് പെരുമാറുന്നത്. ആരുടെയോ അച്ചാരം വാങ്ങി ഇവിടെ മുസ്ലീംലീഗിനെയും കോൺഗ്രസിനെയും ഇല്ലാതാക്കിത്തരാമെന്ന് പോലീസ് ധരിക്കുന്നുണ്ടെങ്കിൽ തെറ്റിപ്പോയി. ഇത് ഒരു ജനാധിപത്യ സംവിധാനമാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. ഷംസുദ്ദീൻ, പ്ലീസ് കൺക്ലൂഡ്...

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ആ രീതിയിലാണ് പോലീസ് പെരുമാറുന്നത്. സംഘർഷമില്ലാതാക്കാൻ പോലീസ് ഒന്നും ചെയ്യുന്നില്ല, സമാധാനയോഗം വിളിക്കുന്നില്ല. താനൂരിലെ പോലീസ് മേധാവികൾ വളരെ മോശമായി പെരുമാറുന്നു. ചില ആളുകളുടെ പേര് പ്രത്യേകം എടുത്തുപറയേണ്ടി വരും. താനൂർ സി.ഐ., തിരുർ സി.ഐ., താനൂർ എസ്.ഐ., തിരൂർ എസ്.ഐ. എന്നിവർ അക്രമികളെ സഹായിക്കുന്ന ഏകപക്ഷീയമായ നിലപാടാണ് സ്വീകരിക്കുന്നത്. ഈ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയുണ്ടാകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. താനൂരിന്റെ പരിസര പ്രദേശങ്ങളിലാകെ പ്രത്യേകിച്ചും കൊണ്ടോട്ടി, വള്ളിക്കുന്ന് മണ്ഡലങ്ങളിൽ പോലീസ് ഏകപക്ഷീയമായി, പള്ളിത്തർക്കങ്ങളിൽ പള്ളി പൂട്ടാനൊക്കെ കൂട്ടുനിൽക്കുന്ന ഒരു സ്ഥിതിയുണ്ട്. പള്ളിത്തർക്കങ്ങളിൽപ്പോലും പോലീസ് ഇടപെടുകയും നാട്ടിലില്ലാത്തവരുടെ പേരിൽ കള്ളക്കേസ്സെടുക്കുകയുമാണ്. എന്റെ മണ്ഡലമായ മണ്ണാർക്കാട് മൂന്ന് ഗുണ്ടാ ആക്രമണങ്ങളുണ്ടായി. പോലീസ് ഇതുവരെ ഒരു നടപടിയും സ്വീകരിച്ചില്ല. ഒരു പഞ്ചായത്ത് പ്രസിഡന്റിനെ ആക്രമിച്ചു, ഒരു മുനിസിപ്പൽ കൗൺസിലറുടെ വാഹനത്തിന് ബോംബിട്ടു. അതിനൊന്നും നടപടിയില്ല. അതൊന്നും ചെയ്യാത്ത പോലീസ് താനൂരിൽ നരനായാട്ട് നടത്തുകയാണ്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട വിഷയമാണ്. ഗൗരവമുള്ള മനുഷ്യാവകാശ പ്രശ്നങ്ങളാണ്; സ്ത്രീകളെല്ലാം വലിയ പേടിയിലാണ്, വിജനമായ ആ പ്രദേശത്ത് ആളുകൾ വളരെ ഭയപ്പാടോടുകൂടിയാണ് കഴിയുന്നത്. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട താനൂർ എം.എൽ.എ.-യ്ക്ക് രണ്ട് മിനിട്ട് സംസാരിക്കാവുന്നതാണ്. അദ്ദേഹം ഈ വിഷയത്തിൽ സബ്മിഷൻ ഉന്നയിക്കാൻ

എഴുതിത്തന്നിരുന്ന .........(ബഹളം)............ അദ്ദേഹത്തിന്റെ മണ്ഡലത്തിന്റെ കാര്യമാണ് പറയുന്നത്. അതിൽ അസഹിഷ്ണുത വേണ്ട.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കുറേ മാസങ്ങളായി താനൂരിന്റെ തീരപ്രദേശങ്ങളിൽ മുസ്ലീം ലീഗിന്റെ ഗുണ്ടാ പ്രവർത്തനം നടക്കുകയാണ്. ഉണ്യാലിൽ ഒരു ഫുട്ബോൾ മാച്ചിനോടനുബന്ധിച്ച്, ആ ഫുട്ബോൾ മാച്ചിന്റെ മൈക്കടക്കമുള്ള സാമഗ്രികൾക്ക് കാവൽ കിടക്കുകയായിരുന്ന എട്ടോളം വരുന്ന സി.പി.ഐ.(എം.) പ്രവർത്തകരെ അർദ്ധരാത്രി തോണിയുടെ ആണി ചൂടാക്കി പുറത്ത് കുത്തി പരിക്കേൽപ്പിച്ച പാരമ്പര്യമുള്ള മുസ്ലീം ലീഗാണ് ഇത് പറയുന്നത്. സി.പി.ഐ.(എം.)-ന്റെ പ്രവർത്തകരെ തെരഞ്ഞുപിടിച്ച് വീട്ടിൽക്കയറി കത്തികൊണ്ട് കുത്തിയതായും തലയ്ക്കടിച്ചതായും തല അടിച്ചു പൊളിച്ചതായും മറ്റും നിരവധി കേസ്സുകൾ ഇന്ന് താനൂരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ പ്രശ്നങ്ങൾ നടന്ന സ്ഥലത്ത് ഞാൻ നേരിട്ടുപോയി കണ്ടതാണ്. പ്ലസ് ടുവിന് പഠിക്കുന്ന 16 വയസ്സുള്ള പെൺകുട്ടിയെ നടുറോഡിലിട്ട് അപമാനിച്ചു. ആ വീട് ഞാൻ സന്ദർശിച്ചതാണ്. ആ വീടിന്റെ തൊട്ടടുത്തുള്ള ആൾപ്പാർപ്പില്ലാത്ത ഒരു വീടിന് പെട്രോൾ ഒഴിച്ച് തീകൊളുത്തുകയാണ് മുസ്ലീം ലീഗിന്റെ പ്രവർത്തകർ ചെയ്തത്. കഴിഞ്ഞ ഞായറാഴ്ച എട്ടോളം വീടുകൾ അടിച്ചു തകർത്തു. പ്ലസ് ടുവിന് പഠിക്കുന്ന രണ്ട് വിദ്യാർത്ഥികളെ നടുറോഡിലിട്ട് അടിച്ചു ..........(ബഹളം).........പറയുന്നത് ആദ്യം കേൾക്കണം.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ വിശദീകരിച്ചു കഴിഞ്ഞില്ലേ? ശ്രീ. വി. അബ്ദുറഹിമാന്റെ മണ്ഡലത്തിലെ കാര്യത്തിന് അദ്ദേഹത്തിന് രണ്ട് മിനിട്ട് സംസാരിക്കാൻ പാടില്ലേ. .......(ബഹളം)............ഇത് ശരിയാണോ?

ശ്രീ. വി. അബ്ദുറഹിമാൻ: നിരവധിയായ അക്രമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത പാരമ്പര്യമുള്ള മുസ്ലീം ലീഗാണ് ഇതാവശ്യപ്പെടുന്നത്.

മി. സ്പീക്കർ: ശ്രീ. അബ്ദുറഹിമാന്റെ മണ്ഡലത്തിലെ കാര്യമാണ് അദ്ദേഹം പറയുന്നത്. .......(ബഹളം)............ഇവിടെ ഇതിനുമുമ്പുമുണ്ടായിട്ടുണ്ട്. സ്വന്തം മണ്ഡലത്തിലെ കാര്യം പറയാൻ എല്ലാവർക്കും അവകാശമുണ്ട്. അദ്ദേഹവും തെരഞ്ഞെടുക്കപ്പെട്ട ഒരു പ്രതിനിധിയല്ലേ. നിങ്ങൾക്കും അവസരം തരാറില്ലേ?

ശ്രീ. വി. അബ്ദുറഹിമാൻ:*** .......(ബഹളം)...........ഇതാണ് ഇവരുടെ പാരമ്പര്യം. കള്ളപ്രചരണം നടത്തുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖകളിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്, അങ്ങ് പറഞ്ഞ് അവസാനിപ്പിക്കു.

ശ്രീ. വി. അബ്ദുറഹിമാൻ: ചന്ദ്രികയിലെ ഈ റിപ്പോർട്ട് നിങ്ങൾ നോക്കണം. ഏത് സി.പി.ഐ.(എം.) പ്രവർത്തകനാണ് താനൂരിൽ അക്രമം നടത്തിയതെന്ന് പറയാൻ മുസ്ലീം ലീഗ് ബാദ്ധ്യസ്ഥമാണ്. .......(ബഹളം)..........പറയണം.

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്, നിങ്ങൾ സീറ്റിലേയ്ക്ക് പോകു. ശ്രീ. അബ്ദുറഹിമാൻ പറഞ്ഞ് അവസാനിപ്പിക്കണം. .......(ബഹളം).......... അദ്ദേഹം ജയിച്ചുവന്ന മണ്ഡലത്തിലെ കാര്യത്തിൽ അഭിപ്രായം പറയാൻ പാടില്ലേ?

ശ്രീ. വി. അബ്ദുറഹിമാൻ: നിരവധി അക്രമ പ്രവർത്തനങ്ങൾ...., മുനിസിപ്പൽ കൗൺസിലർമാരടക്കമുള്ളവർ അക്രമത്തിന് നേതൃത്വം നൽകുന്ന കാഴ്ചയാണ് അവിടെയുള്ളത്. ചാപ്പപ്പടിയിൽ ബഹുമാന്യനായ മുഹമ്മദ് അബ്ദുൾറഹിമാൻ സാഹിബിനെ ചാണകവെള്ളം ഒഴിച്ച പാരമ്പര്യമുള്ള മുസ്ലീം ലീഗാണ് ഇവിടെ പ്രസംഗിക്കുന്നത്. .......(ബഹളം).......... ഇത്തരത്തിൽ ഉണ്യാലിലും മറ്റും നിരന്തരമായി അക്രമം അഴിച്ചുവിടുന്ന മുസ്ലീംലീഗിന്റെ മുഴുവൻ ഗുണ്ടകളെയും അകത്താക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: എന്തെങ്കിലും ഉന്നയിക്കാനുണ്ടെങ്കിൽ സീറ്റിൽ ചെന്നിരുന്നാൽ സമയം തരാം. അങ്ങ് അവസാനിപ്പിക്കു.. ........(ബഹളം)........

ശ്രീ. വി. അബ്ദുറഹിമാൻ: കഴിഞ്ഞ നാലുമാസമായി നടന്ന കേസ്സുകൾക്ക് ധനസഹായം നൽകിയ ആളുകളെ ഒരു അന്വേഷണ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിച്ച് കുറ്റവാളികളെ നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: പ്ലീസ്.., പ്ലീസ്, ..........(ബഹളം)........ ഇരിക്കു, ഇരിക്കു. നിങ്ങൾ സീറ്റിലേയ്ക്ക് പോകു.

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുമുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

സ്വന്തം മണ്ഡലത്തിലെ കാര്യം ഈ സഭയിൽ പറയാൻ ഒരു എം.എൽ.എ.-യ്ക്ക് അവകാശമില്ലേ. എവിടത്തെ നീതിയാണ് നിങ്ങൾ പറയുന്നത്? ഈ സഭയിൽ ഏതെങ്കിലും സമയത്ത് സ്വന്തം മണ്ഡലത്തിലെ അനുഭവങ്ങൾ പറയാൻ അവകാശം കൊടുക്കാറില്ലേ? ഇത് വളരെ വളരെ അപക്വമാണ്. .........(ബഹളം)........ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കു, നിങ്ങൾ സീറ്റിലേയ്ക്ക് പോകണം. ദയവായി അവരോട് സീറ്റിൽ പോകാൻ പറയൂ.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരിച്ചുപോയി.)

10.00 AM]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട താനൂർ എം.എൽ.എ. ഇവിടെ സംസാരിക്കുന്നതിനിടയിൽ*** പാരമ്പര്യമാണ് ലീഗിനുള്ളതെന്ന് പറഞ്ഞത് അത്യന്തം അപമാനകരമായ കാര്യമാണ്. അങ്ങനെ ഒരു പാർട്ടിയെ അടച്ചാക്ഷേപിക്കുന്ന നടപടി സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല. ആ പരാമർശം പിൻവലിച്ച് അദ്ദേഹം മാപ്പ് പറയണം. വിദേശ സഹായം തേടിയാണ് ഇത് ചെയ്യുതെന്ന് പറഞ്ഞു. വളരെ ഗുരുതരമായ ആരോപണമാണ് മുസ്ലീം ലീഗിന്റെ പേരിൽ ബഹുമാന്യനായ മെമ്പർ ഉന്നയിച്ചത്. ഒന്നുകിൽ സഭാ നടപടികളിൽ നിന്ന് നീക്കം ചെയ്യണം അല്ലെങ്കിൽ അത് പിൻവലിച്ച് മാപ്പ് പറയാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ആ പദപ്രയോഗം ഒഴിവാക്കേണ്ടതായിരുന്നു. അനാവശ്യമായ ഒരു പദപ്രയോഗവും രേഖകളിൽ ഉണ്ടാകില്ല.......(ബഹളം)..... ഇരിക്കു..... ഇരിക്കു...... ശ്രീ. കെ. എം. ഷാജി....പ്ലീസ്...പ്ലീസ്....ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ട പ്രകാരം ചെയർ റൂളിംഗ് നൽകിക്കഴിഞ്ഞു. ഇനി അനാവശ്യമായി നിങ്ങൾ എഴുന്നേറ്റ് നിൽക്കുന്നത് എന്തിനാണ്. ശ്രീ. ബാബു...........പ്ലീസ്..... മുഖ്യമന്ത്രി സംസാരിക്കുകയാണ്. നിങ്ങൾ സീറ്റിലിരിക്കു...... ശ്രീ. എം. സ്വരാജ്, മുഖ്യമന്ത്രി സംസാരിക്കുകയാണ് നിങ്ങൾ സീറ്റിൽ ഇരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ കണ്ട രീതി തന്നെയായിരിക്കും ചിലപ്പോൾ അവിടെയും കാണിക്കുന്നത് . .....(ബഹളം)......

മി. സ്പീക്കർ: നല്ല സഹിഷ്ണുതയാണ്. എല്ലാവരും കാണട്ടേ... മാന്യമായ പെരുമാറ്റം. അദ്ദേഹം പറഞ്ഞതിന് മറുപടി പറയാൻ പ്രതിപക്ഷത്ത് ആളുകളില്ലേ; നിങ്ങൾക്ക് മറുപടി പറഞ്ഞുകൂടെ. നിങ്ങൾ അവിടെ ഇരിക്കണം, നിങ്ങളുടെ സഹായം ആവശ്യമില്ല. ഇരിക്കു... ഇരിക്കു......അദ്ദേഹം സംസാരിക്കട്ടേ... ശ്രീ. റ്റി. വി. രാജേഷ്..... ഇരിക്കു ..(ബഹളം)....... മുഖ്യമന്ത്രിയെ നിങ്ങൾ സംസാരിക്കാൻ അനുവദിക്കുമോ ? നിങ്ങൾ ദയവായി ഇരിക്കണം.. ശ്രീ. അൻവർ സാദത്ത്....

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാരേഖകളിൽ നിന്നും നീക്കം ചെയ്തിരിക്കുന്നു.

ശ്രീ. പിണറായി വിജയൻ : സർ, ഞാൻ പറഞ്ഞത്, ഇവിടെ കണ്ട രീതി തന്നെയായിരിക്കും അവിടെയും എന്നാണ്. കാരണം ഇവിടെ ഒരു കാരണവശാലും സംഭവിക്കാൻ പാടില്ലാത്ത കാര്യങ്ങളാണ് സംഭവിച്ചത്. ഒരു മണ്ഡലത്തിലെ വിഷയം ആ മണ്ഡലത്തിലെ അംഗത്തിന് ഏത് കാലത്തും, അങ്ങയുടെ ചെയറിൽ ഇരിക്കുന്ന ആൾ, ബഹുമാന്യനായ സ്പീക്കർ, അത് അങ്ങായാലും, ആരായാലും ഇവിടെ കാര്യങ്ങൾ അവതരിപ്പിക്കാൻ അനുവദിക്കാറുണ്ട്. ഇവിടെ അത്തരത്തിൽ ഉണ്ടായ അനുഭവമാണ് പറഞ്ഞത്. ആ പറഞ്ഞ അംഗമാണെങ്കിൽ ഇതേ സ്ഥലത്തുവച്ച് തല്ല് കൊണ്ട ആളാണ്. അത് സൗമനസ്യ പ്രകടനം ആയിരുന്നില്ല. അങ്ങേയറ്റത്തെ അസഹിഷ്ണുതയുടെ ഭാഗമായുള്ള ക്രൂര മർദ്ദനമായിരുന്നു. ആ മർദ്ദനത്തിന് ഇരയായ ആളാണ് അദ്ദേഹം. അവിടെ സംഭവിക്കുന്ന കാര്യങ്ങൾ അദ്ദേഹം വിവരിച്ചപ്പോൾ അതിന് എന്തിനാണ് ഇത്രയും വലിയ അസഹിഷ്ണുത കാണിച്ചത്?

മി. സ്പീക്കർ: എന്താണ് ബഷീറേ..... അദ്ദേഹം പറഞ്ഞതിന് മറുപടി പ്രസംഗം നടത്താൻ പ്രതിപക്ഷ നേതാവുണ്ട്. നിങ്ങൾ ദയവായി അവിടെ ഇരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ..........

മി. സ്പീക്കർ : ഓരോ വാക്കിനും എഴുന്നേറ്റ് നിന്ന് ചോദ്യം ചോദിക്കുന്നത് എവിടത്തെ രീതിയാണ്.

ശ്രീ. പിണറായി വിജയൻ : സർ, ബഹുമാന്യനായ താനൂർ അംഗം അവിടെ നടക്കുന്ന പ്രത്യേക രീതികളെക്കുറിച്ചാണ് പരാമർശിച്ചത്. അവിടെ ഒരു ഫുട്ബോൾ മത്സരം നടക്കുന്നു. ആ മത്സരം നടക്കുന്ന ഗ്രൗണ്ട് ആക്രമിക്കപ്പെടാൻ സാധ്യതയുണ്ടെന്ന് സംഘാടകർ ഭയപ്പെട്ടതുകൊണ്ട് ഒരു സംഘം ആളുകൾ അവിടെ കിടന്ന് ഉറങ്ങുകയാണ്. അല്ലാതെ, ഫുട്ബോൾ ഗ്രൗണ്ടിൽ ആരും കിടന്ന് ഉറങ്ങില്ലല്ലോ. അവരെ ആക്രമിച്ച സംഭവമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അവിടെ നടന്ന ഒരു സംഭവമല്ലേ; എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്ത കാര്യമല്ലേ; അദ്ദേഹത്തിന്റെ അനുഭവമാണ് ഇവിടെ പറഞ്ഞത്. എന്താണ് അവിടെ നടക്കുന്നത് എന്നാണല്ലോ പറഞ്ഞത്. പ്ലസ്ടു-വിന് പഠിക്കുന്ന ഒരു പെൺകുട്ടിയെ നടുറോഡിൽ അപമാനിച്ചു. ഇല്ലാത്ത സംഭവമാണെങ്കിൽ സ്വാഭാവികമായും അവർക്ക് നിഷേധിക്കാമല്ലോ; അതിന് ഇവിടെ കണ്ടതല്ലല്ലോ മാർഗ്ഗം. ഇവിടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം, ന്യായമായി പറയാം, പ്രതിപക്ഷനേതാവുണ്ട്, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നേതാവ് സഭയിലുണ്ട്. അവർക്കെല്ലാം കാര്യങ്ങൾ അവതരിപ്പിക്കാമല്ലോ; ഇതാണോ മാർഗ്ഗം? അവിടെ എട്ടോളം വീടുകൾ അടിച്ചുതകർത്ത കാര്യം അദ്ദേഹം പറഞ്ഞു.

അവിടെ ഉണ്ടായ കാര്യങ്ങളല്ലേ അദ്ദേഹം പറയുന്നത്. അതിന് എന്തിനാണ് ഇത്രയും വലിയ അസഹിഷ്ണുത കാണിക്കുന്നത്. അവിടെത്തന്നെ നടുറോഡിൽ പ്ലസ് ടു വിദ്യാർത്ഥികളെ അടിച്ച കാര്യം പറഞ്ഞു. ഇല്ലാത്ത കാര്യമാണെങ്കിൽ അത് പറയാമല്ലോ; ഇല്ലാത്ത കാര്യമാണ് അംഗം പറയുന്നതെന്ന് പറയാമല്ലോ. അതല്ലല്ലോ ഇവിടെ കണ്ടത്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യമല്ല അദ്ദേഹം പറഞ്ഞത്. അക്രമ സംഭവങ്ങൾക്ക് കള്ളപ്പണം ഉപയോഗിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. അതിൽ ആക്ഷേപമുണ്ടെങ്കിൽ പറയാം. ഞങ്ങൾ ശരിയായ പണം ഉപയോഗിച്ചാണ് അക്രമ സംഭവങ്ങൾ നടത്തിയതെന്ന് നിങ്ങൾക്ക് വേണമെങ്കിൽ പറയാം. അതിന് ഇതാണോ മാർഗ്ഗം? അങ്ങയെ വന്ന് ഭീഷണിപ്പെടുത്തുന്ന കാഴ്ചയാണല്ലോ ഞങ്ങൾ കണ്ടത്. ഇവിടെ അങ്ങ് ആക്ഷേപകരമായ ഒന്നും രേഖയിൽ ഉണ്ടാകില്ലെന്ന് പറഞ്ഞിട്ടുണ്ട്. അത് പരിശോധിച്ച് ഉചിതമായ തീരുമാനം അങ്ങ് എടുക്കും. ഞാൻ ഇവിടെ കേട്ടത് നിരവധി സ്ത്രീകളെ വസ്ത്രാക്ഷേപം ചെയ്തുവെന്നാണ്. ഈ സഭയിലെ ഉത്തരവാദപ്പെട്ട അംഗം, ഉത്തരവാദിത്വ ബോധത്തോടെ ഈ ആക്രമണ സംഭവങ്ങളും ഇത്തരം കാര്യങ്ങളും നടന്നിരിക്കുന്നുവെന്ന ആക്ഷേപം ഉന്നയിക്കുകയാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് എന്ന പേര് ഉപയോഗിച്ചതായി ഞാൻ കേട്ടില്ല. ഈ അക്രമികൾ സ്ത്രീകളെ വസ്ത്രാക്ഷേപം ചെയ്തുവെന്നാണ് കേട്ടത്. ഇവിടെ മറുപടി പറയേണ്ട ഒരു വിഷയമുണ്ടായിരുന്നു. ഏത് സി.പി.ഐ. (എം.) പ്രവർത്തകനാണ് അക്രമം നടത്തിയതെന്ന് അദ്ദേഹം ചോദിച്ചു. അതിനല്ലേ സാധാരണഗതിയിൽ അവർ മറുപടി പറയേണ്ടത്. നിരന്തരം അക്രമം അഴിച്ചുവിടുന്ന കാര്യമാണ് ബഹുമാന്യനായ താനൂർ അംഗം പരാമർശിച്ചത്. അടിയന്തരപ്രമേയത്തെക്കാളും അടിയന്തരമായ കാര്യമാണ് സ്പീക്കറിന് നേരെ ഉയർന്ന വെല്ലുവിളി. ഇതൊരു പുതിയ പ്രവണതയാണ്. അങ്ങയുടെ മുന്നിൽ വന്നുനിന്ന് വിളിച്ച മുദ്രാവാക്യം ഞങ്ങൾ എല്ലാവരും കേട്ടതാണ്. സഭയിൽ ഇത്തരത്തിൽ ആക്ഷേപിക്കാൻ പാടുണ്ടോ; സ്പീക്കറെ ആക്ഷേപിക്കാൻ പാടുണ്ടോ; ഇപ്പോഴും ആക്ഷേപിച്ചതിനെക്കുറിച്ച് പറയുമ്പോൾ ഒരുതരം ദുശ്ശാസനന്റെ ചിരിയാണ് അപ്പുറത്തുനിന്ന് വരുന്നത്. എന്താണ് ഈ സംസ്കാരം; ഇതാണോ പാർലമെന്ററി മര്യാദ; ഇതാണോ നിയമസഭയിൽ പാലിക്കേണ്ട മര്യാദ. ഇവിടെ ഉപദേശംകൊണ്ടെന്ത് എന്നുള്ളതല്ല പ്രശ്നം. നാം പൊതുവിൽ അംഗീകരിക്കേണ്ട കാര്യങ്ങൾ അംഗീകരിച്ചുപോകണമെന്നുള്ളതാണ് പ്രശ്നം. .....(ബഹളം)....

മി. സ്പീക്കർ: എന്താണിത്? മുഖ്യമന്ത്രിയെ സംസാരിക്കാൻ അനുവദിക്കില്ലേ?

ശ്രീ. കെ. സി. ജോസഫ്: സർ, കഴിഞ്ഞ അഞ്ച് വർഷം അങ്ങ് ഈ സഭയിൽ ഇല്ലായിരുന്നല്ലോ?

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ കഴിഞ്ഞ അഞ്ച് വർഷം ഉണ്ടായിരുന്നോ ഇല്ലായിരുന്നോ എന്നുള്ളതല്ല പ്രശ്നം. നമ്മുടെ സംസ്ഥാനത്തുണ്ടാകാൻ പാടില്ലാത്ത ഒരു കാര്യമുണ്ടായി. ഞാനിവിടെയിരുന്ന് മുദ്രാവാക്യം വിളിക്കുന്നത് കേൾക്കുകയായിരുന്നു. ആ മുദ്രാവാക്യം വിളിച്ചവരുടെ കൂട്ടത്തിൽ അങ്ങയുടെ പാർട്ടിയിലെ ഒരു അംഗത്തേയും കണ്ടു. കൂടി നിന്ന് മുദ്രാവാക്യം വിളിക്കുന്നതാണ് കണ്ടത്. അതൊന്നും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. .....(ബഹളം).... ഏതിനും ഒരു ലക്ഷ്മണരേഖ നല്ലതാണ്. സ്പീക്കറുടെനേരെ ഏതെല്ലാം പദപ്രയോഗങ്ങൾ ഉപയോഗിക്കാം. .....(ബഹളം).... അത് സാധാരണഗതിയിലെങ്കിലും ഉപദേശിച്ചു കൊടുക്കാൻ തയ്യാറാകണം.

ബഹുമാന്യനായ അംഗം അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് സംസാരിച്ചപ്പോൾ, അവിടെ രാഷ്ട്രീയ സംഘർഷമുണ്ടെന്നുള്ളത് സമ്മതിക്കുന്നുവെന്ന് അദ്ദേഹംതന്നെ ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. അതാണ് ഞാൻ നേരത്തേ പരാമർശിച്ചത്. തെരഞ്ഞെടുപ്പ് ഘട്ടത്തോടുകൂടി ആരംഭിച്ചതാണ് അവിടത്തെ രാഷ്ട്രീയ സംഘർഷം. അതിന്റെ ഭാഗമായി അവിടെ അക്രമസംഭവങ്ങളുണ്ടാവുകയാണ്. വീടുകൾ ആക്രമിക്കുകയും തീയിടൽ സംഭവങ്ങൾ നടക്കുകയും ചെയ്യുന്നു. ഇത്തരം സംഭവങ്ങൾ നടക്കുമ്പോൾ അതിൽ ഇടപെടാൻ ചെല്ലുന്ന പോലീസിനെ കയ്യേറ്റം ചെയ്യാൻ ശ്രമിക്കുന്നു. പോലീസിനെ അങ്ങോട്ട് കടത്തിവിടുകയില്ലെന്ന നിലപാടടക്കം വരുകയല്ലേ? ഇത്തരം സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ല. ഇതുപോലെയുള്ള ദൗർഭാഗ്യകരമായ ചില സംഭവങ്ങളാണ് അവിടെ നടക്കുന്നതെന്ന് കാണാൻ സാധിക്കും. ഇത്തരം പ്രശ്നങ്ങളിൽ നിഷ്പക്ഷമായ നിലപാടുകൾ മാത്രമേ പോലീസ് സ്വീകരിക്കുകയുള്ളൂ. നിഷ്പക്ഷ നിലപാടാണെന്നു കരുതി അക്രമികൾക്ക് കൂട്ടുനിൽക്കാൻ കഴിയില്ല. നിഷ്പക്ഷ നിലപാട് സ്വീകരിക്കുകയും അതേസമയം അക്രമ സംഭവങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ് പോലീസിന്റെ സമീപനം.

സമാധാനപരമായ അന്തരീക്ഷത്തെ കലുഷിതമാക്കാൻ ശ്രമിക്കുന്നവരെ തള്ളിപ്പറയാനുള്ള ആർജ്ജവം കാണിക്കാനാണ് തയ്യാറാകേണ്ടത്. ഇവിടെ കേട്ട ശബ്ദങ്ങൾ അതിനുതകുന്നതല്ല. കുഴപ്പമുണ്ടാക്കാൻ ബോധപൂർവ്വമായ ഇടപെടലുകൾ ചിലരുടെ ഭാഗത്തുനിന്നും അവിടെയുണ്ടായിട്ടുണ്ട്. സമാധാനം സ്ഥാപിക്കുന്നതിനുതകുന്ന സാധ്യമായ എല്ലാ നടപടികളും പോലീസ് സ്വീകരിച്ചിട്ടുണ്ട്. പോലീസിന്റെ സ്വതന്ത്രമായ പ്രവർത്തനത്തിന്റെ ഫലമായി ഇപ്പോൾ ക്രമസമാധാനനില പൂർണ്ണമായും നിലനിർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒരു തരത്തിലുള്ള

അക്രമ സംഭവങ്ങളും അവിടെ അനുവദിക്കില്ല. ഏതു ഭാഗത്തുനിന്ന് അക്രമമുണ്ടായാലും അത് തടയുന്നതിന് ശക്തമായ രീതിയിലുള്ള നിയമ നടപടികൾ സ്വീകരിക്കും.

പള്ളി തർക്കത്തിൽ പോലീസ് ഇടപെടുന്നുവെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. പള്ളി തർക്കത്തിലൊക്കെ മാന്യമായ നിലപാട് തന്നെയാണ് പോലീസ് സ്വീകരിക്കുന്നത്. ധാരാളം തർക്ക പ്രശ്നങ്ങൾ ഉയർന്നുവരുന്നുണ്ടെന്നുള്ളത് ശരിയാണ്. എന്നാൽ നിഷ്പക്ഷമായ നിലപാട് തന്നെയാണ് പോലീസ് സ്വീകരിക്കുന്നത്. ഏതെങ്കിലും ഒരു കൂട്ടർ ചെയ്യുന്നതു മുഴുവൻ ശരി, മറ്റൊരു കൂട്ടർ ചെയ്യുന്നതു മുഴുവൻ തെറ്റ് എന്നുള്ള സമീപനം പോലീസിനില്ല. ഓരോ സംഭവത്തിലും ഏതാണ് ശരി, ഏതാണ് തെറ്റ് എന്ന് കണ്ടുകൊണ്ടുള്ള നിലപാടാണ് പോലീസ് സ്വീകരിച്ചുപോകുന്നത്. ഒരു കാര്യത്തിൽ ഒരു സന്ദേശമുണ്ട്. അത് പ്രതിപക്ഷ നേതാവ് മനസ്സിലാക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഈ സഭയിലെ പ്രതിപക്ഷത്തിന്റെ അംഗനില നോക്കിയാൽ മലപ്പുറത്തുനിന്നാണ് മുസ്ലീം ലീഗിന് ഏറ്റവും കൂടുതൽ അംഗബലമുള്ളത്. താനൂർ മലപ്പുറത്തുള്ള ഒരു പ്രദേശമാണ്. അവരാരും സംസാരിക്കാൻ തയ്യാറാകാതെ പാലക്കാടുള്ള മണ്ണാർക്കാട് അംഗത്തെ ഇതിനുവേണ്ടി നിയോഗിച്ചത് ഈ കാര്യത്തിൽ ഒരുതരം മനസ്സാക്ഷിക്കുത്തുണ്ടെന്നുള്ളതുകൊണ്ടാണ്. അറിയാവുന്ന കാര്യങ്ങൾ അവതരിപ്പിക്കാൻ അവർക്കെല്ലാം കുറച്ച് വിഷമമുണ്ട്. അതുകൊണ്ടായിരിക്കും അദ്ദേഹത്തെ ചുമതലപ്പെടുത്തിയതെന്നാണ് തോന്നുന്നത്. ഇതുമായി ബന്ധപ്പെട്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നവും ഉദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിലയിൽ സംസാരിക്കുന്നത് ഒട്ടും ശരിയല്ല. തിരൂർ നിവാസിയായ എം.എൽ.എ. ആണ് മണ്ണാർക്കാട് നിന്നും ജയിച്ചിട്ടുള്ള ശ്രീ. എൻ. ഷംസുദ്ദീൻ. താനൂരിലും തിരൂരിലുമുള്ള സംഭവങ്ങൾ നേരിട്ടറിയാവുന്ന വ്യക്തിയാണദ്ദേഹം. ഏതെങ്കിലുമൊരു പ്രദേശത്ത് ഒരു സംഭവമുണ്ടായാൽ അവിടത്തെ നിയമസഭാംഗംതന്നെ സഭയിൽ അടിയന്തരപ്രമേയം അവതരിപ്പിക്കണമെന്ന് ഒരിടത്തും നിഷ്കർഷിച്ചിട്ടില്ല എന്നുള്ളത് മുഖ്യമന്ത്രി ആദ്യം മനസ്സിലാക്കണം. സംസ്ഥാനത്ത് എവിടെ നടക്കുന്ന സംഭവങ്ങളും സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഏതൊരംഗത്തിനും അവകാശമുണ്ട്. അത് ചെയ്യേണ്ട കാര്യമാണെങ്കിൽ തീർച്ചയായും ചെയ്യും. ഇവിടെ അങ്ങയുടെ മുമ്പിൽ വന്ന്

പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുവെന്ന് പറഞ്ഞു. 13-3-2015-ൽ ആയിരുന്നു സ്പീക്കറുടെ കസേര നശിപ്പിച്ച് നടത്തിയ താണ്ഡവ നൃത്തം. (...ബഹളം...) അന്ന് ആ സഭയിൽ ആരൊക്കെയാണ് അത് ചെയ്തതെന്ന് പഴയ ചാനൽ ദൃശ്യങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. (........ബഹളം...) സ്പീക്കറുടെ കസേരയുടെ മഹത്വം... അങ്ങ് ഇപ്പോൾ എല്ലാവരെയും ഉപദേശിച്ചത് നന്നായി എന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ വളരെ വിശദമായിത്തന്നെ കാര്യങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലക്ഷ്മണരേഖ കടക്കരുതെന്ന് പറഞ്ഞു. അദ്ദേഹം അത് പറഞ്ഞത് വളരെ നന്നായി. ആരാണ് ലക്ഷ്മണരേഖ കടക്കുന്നതെന്ന് എല്ലാവർക്കും ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. ഈ സഭയുടെ അന്തസ്സും അഭിമാനവും കാത്തുസൂക്ഷിക്കേണ്ട ആളുകൾതന്നെ നിലവിട്ട കാര്യങ്ങൾ ഇവിടെ സംസാരിക്കുന്നതാണ് പ്രശ്നം. പ്രതിപക്ഷത്തുനിന്നുള്ള ആളുകൾ പലതും പറയും; ഗവൺമെന്റിനെ വിമർശിക്കും; (....ബഹളം...) പലകാര്യങ്ങൾ അതുസംബന്ധിച്ച് പറയും; എന്നാൽ മുഖ്യമന്ത്രി ഇത്തരം പ്രകോപനപരമായ കാര്യങ്ങൾ പറയാൻ പാടില്ല. അത് സഭാനടപടികളിൽ കീഴ്‌വഴക്കമില്ലാത്ത കാര്യങ്ങളാണ്. എനിക്ക് പറയാനുള്ളത്, 'give respect and take respect'. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം ശ്രീ. എൻ. ഷംസുദ്ദീൻ ചൂണ്ടിക്കാണിച്ചു. കഴിഞ്ഞ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുതന്നെ ആ പ്രദേശത്ത് സംഘർഷം നിലനിൽക്കുന്നുണ്ട്. ഞാൻ അവിടെ സന്ദർശിച്ചിട്ടുള്ള ആളാണ്. മനുഷ്യന് ഭ്രാന്ത് പിടിച്ചാൽ ചങ്ങലയ്ക്കിടാം; ചങ്ങലയ്ക്ക് ഭ്രാന്ത് പിടിച്ചാലോ? ഇവിടെ പോലീസിന്റെ ഭാഗത്തുനിന്ന് ആ പ്രദേശത്തെ മുസ്ലീംലീഗ് പ്രവർത്തകർക്ക് നേരെ വ്യാപകമായ അക്രമം നടക്കുകയാണ്. ഇത് ഒരു ദിവസം കൊണ്ടല്ല, കഴിഞ്ഞ കുറെ നാളുകളായി നടക്കുകയാണ്. ഞാൻ ആ വീടുകളെല്ലാം സന്ദർശിച്ച ആളാണ്. അവിടെ ചെല്ലുമ്പോൾ സ്ത്രീകൾ പറയുന്ന കദനകഥകൾ, പാവപ്പെട്ട നിരാലംബരായ ആളുകൾ പറയുന്ന കഥകൾ, അവിടെ പോലീസിന്റെ നടപടികൾ അത്യന്തം ഹീനമാണ്. മുസ്ലീം ലീഗ് പ്രവർത്തകർക്ക് നേരെ ആ പ്രദേശങ്ങളിൽ പോലീസും സി.പി.ഐ.(എം.)-ഉം ചേർന്ന് നടത്തിക്കൊണ്ടിരിക്കുന്ന അക്രമ പ്രവർത്തനങ്ങൾ ഒരു കാരണവശാലും അംഗീകരിക്കാൻ നിവൃത്തിയില്ല. താനൂരിൽ ചാപ്പപ്പടി, പാണ്ടാരക്കടപ്പുറം ഭാഗങ്ങളിൽ എല്ലാ നിയന്ത്രണങ്ങളും വിട്ട് പോലീസ് അഴിഞ്ഞാടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആകാശത്തേയ്ക്ക് വെടിവച്ച കാര്യം ഇവിടെ പറഞ്ഞില്ലല്ലോ; പോലീസ് ആകാശത്തേയ്ക്ക് വെടിവച്ചു. ഏകപക്ഷീയമായ നിലപാടാണ് പോലീസ് അവിടെ കൈക്കൊള്ളുന്നത്. ഭരണകക്ഷിക്ക് ഒത്താശ ചെയ്തുകൊണ്ടിരിക്കുന്നു. അവസാനം നിവൃത്തിയില്ലാതെ സി.പി.ഐ.(എം.)-ന്റെ

ഏരിയ കമ്മിറ്റി സെക്രട്ടറിക്ക് തന്നെ പോലീസിന്റെ നടപടി ആശാസ്യകരമല്ലെന്ന് പറയേണ്ടി വന്നു. പോലീസിന്റെ നടപടിയെ സി.പി.ഐ.(എം.) നേതാവ് വിമർശിക്കുന്നു. അവിടെ നടന്നുകൊണ്ടിരിക്കുന്ന നരനായാട്ട് നമ്മൾ കാണണം. സ്ത്രീകൾക്ക് പുറത്തിറങ്ങാൻ നിവൃത്തിയില്ല; വീടുകളിൽ നിന്ന് ആളുകൾ പലായനം ചെയ്യുന്നു. പോലീസുകാർ അതിക്രമം നടത്തുക മാത്രമല്ല, വളരെ ക്രൂരമായ നിലയിൽ പെരുമാറുകയും ചെയ്യുന്നു. ഒരു വീട് പെട്രോൾ ബോംബ് എറിഞ്ഞ് കത്തിച്ചു. പാപ്പിനിശ്ശേരിയിൽ നിരുപദ്രവകാരികളായ പാമ്പുകളെ കൊന്ന ആളുകൾ ഇവിടെ പ്രാവുകളെയാണ് കൊന്നത്. സമാധാനത്തിന്റെ പ്രതീകമായ പ്രാവുകളെപ്പോലും ചുട്ടുകരിക്കുന്ന നടപടിയാണ് ഇവിടെയുണ്ടായിരിക്കുന്നത്. ഓട്ടുംപുറം മുതൽ വെള്ളാരം കടപ്പുറം വരെയുള്ള ഭാഗത്ത് ഇരുവശവുമുള്ള വീടുകൾ പോലീസ് അടിച്ചു തകർത്തു. പോലീസും സി.പി.ഐ.(എം.)-കാരും ചേർന്ന് വാഹനങ്ങളും വീട്ടുപകരണങ്ങളും കത്തിച്ചു. ശത്രുരാജ്യത്തെ നേരിടുന്നതുപോലെയാണ് ഈ പ്രദേശത്ത് പോലീസ് ജനങ്ങളെ നേരിട്ടത്. റോഡരികിൽ നിർത്തിയിട്ടിരുന്ന ബൈക്കുകളും ഓട്ടോറിക്ഷകളും കത്തിച്ചു. പരീക്ഷ എഴുതേണ്ട കുട്ടികൾക്ക് പരീക്ഷ എഴുതാനുള്ള അവസരം കൊടുത്തില്ല. രോഗബാധിതരായ ആളുകളെപ്പോലും മൃഗീയമായി മർദ്ദിച്ചുവെന്നാണ് അറിയാൻ കഴിഞ്ഞത്. 10 ലക്ഷം രൂപ വിലയുള്ള വലയും കത്തിച്ചുവെന്നാണ് അറിയുന്നത്. ഇവിടെ സി.പി.ഐ.(എം.)-ന്റെ ഗുണ്ടാ ആക്രമണത്തിനുശേഷമാണ് പോലീസ് ഇത്രയും വലിയ അക്രമം അഴിച്ചുവിടുന്നത്. മുസ്ലീം ലീഗിന്റെ ഓഫീസ് തകർക്കപ്പെട്ടു. ഇത്രയും ഭീകരമായ സംഭവമുണ്ടായപ്പോൾ പോലീസ് എന്തുകൊണ്ട് അക്രമകാരികൾക്ക് കൂട്ടുനിന്നു വെന്നുള്ളതാണ് ഇവിടെ പറയേണ്ടത്; എന്ത് നടപടി സ്വീകരിച്ചുവെന്നാണ് പറയേണ്ടത്? ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. മുസ്ലീം ലീഗിന്റെ ശക്തികേന്ദ്രങ്ങളെ തകർക്കുക എന്നുള്ളതാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ അത് നടക്കാൻ പോകുന്നില്ലെന്നു തന്നെയാണ് എനിക്ക് പറയാനുള്ളത്. ഈ പ്രദേശത്തുള്ള മുസ്ലീംലീഗ് പ്രവർത്തകരെയും സ്ത്രീകളടക്കമുള്ളവരേയും ബോധപൂർവ്വം കള്ളക്കേസിൽ കുടുക്കാൻ നോക്കിയതാണ്. ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പറഞ്ഞു, ഒരാളിനെ കാണാനില്ലായെന്നും; കസ്റ്റഡിയിലെടുത്തെന്നും; ഇതുവരെ കസ്റ്റഡിയിൽ ഇല്ലായെന്നും പറയുന്നു. മാത്രമല്ല, ആ പ്രദേശങ്ങളിൽ നിരപരാധികളായ മുഴുവൻ ആളുകളെയും പോലീസ് കസ്റ്റഡിയിൽ എടുക്കുകയാണ്. പോലീസിന്റെ തേർവാഴ്ച നടക്കുകയാണ്. പോലീസിനെ ഉപയോഗിച്ചുകൊണ്ട് സി.പി.ഐ.(എം.) യു.ഡി.എഫ്.-നെ അടിച്ചുതകർക്കാമെന്നു വിചാരിച്ചാൽ അത് ശക്തമായി തന്നെ നേരിടുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പോലീസിൽ നിന്ന് നീതി കിട്ടുന്നില്ല. ബഹുമാന്യനായ മുഖ്യമന്ത്രി പോലീസ് അവിടെ നിഷ്പക്ഷമായിട്ടാണ്

പെരുമാറുന്നതെന്ന് പറഞ്ഞല്ലോ? നിഷ്പക്ഷമായിട്ടല്ല പെരുമാറുന്നത് എന്നുള്ളതിന് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാൻ കഴിയും. രാഷ്ട്രീയ സംഘട്ടനങ്ങളിൽ വളരെ ഗൗരവത്തോടുകൂടി കാണേണ്ട ഒരു പ്രശ്നം, തികഞ്ഞ ലാഘവത്തോടുകൂടിയാണ് ഈ ഗവൺമെന്റ് കാണുന്നത്. അതുകൊണ്ടാണ് അവിടെ പോലീസ് ഈ നിലയിൽ പെരുമാറിക്കൊണ്ടിരിക്കുന്നത്. പ്രതിപക്ഷത്ത് നിൽക്കുന്ന ഒരു കക്ഷിയായി മുസ്ലീം ലീഗിന്റെ പ്രവർത്തകരെ അടിച്ചമർത്താൻ പോലീസിന് ധൈര്യമുണ്ടാക്കുന്നത് ഇതുപോലെയുള്ള നിലപാടുകളാണ്. ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി, നിഷ്പക്ഷത പാലിക്കേണ്ട പോലീസിന്റെ ഭാഗം ചേർന്നുകൊണ്ട് മുസ്ലീം ലീഗ് പ്രവർത്തകരെ വേട്ടയാടാനുള്ള പച്ചക്കൊടി കാണിക്കുന്നുവെന്നുള്ള ഗൗരവതരമായ പ്രശ്നമാണ് ഇവിടെയുള്ളത്. ഏതാനും മാസങ്ങളായി സംഘർഷം നിലനിൽക്കുന്ന ഈ പ്രദേശത്ത് ഗവൺമെന്റിന് ഉത്തരവാദിത്തമില്ലേ; സമാധാനപരമായ അന്തരീക്ഷമുണ്ടാക്കണ്ടേ? യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്നു മാത്രമല്ല, മുസ്ലീം ലീഗ് പ്രവർത്തകർക്ക് നേരെയുള്ള അതിക്രമങ്ങൾ തുടരുന്നു; ഓഫീസുകൾ തകർക്കുന്നു. ആ പ്രദേശത്ത് സംഘർഷാവസ്ഥ വിളിച്ചുവരുത്താനുള്ള ബോധപൂർവ്വമായ നീക്കം നടക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് ഈ നടപടി തിരുത്തണം. ഇവിടെ ബഹുമാന്യനായ എൻ. ഷംസുദ്ദീൻ പറഞ്ഞ ഒരു കാര്യത്തിനും മുഖ്യമന്ത്രി മറുപടി പറഞ്ഞില്ലെന്നുള്ളത് വളരെ ശ്രദ്ധേയമാണ്. ഏതായാലും ഈ അക്രമങ്ങൾ കൊണ്ടൊന്നും ഞങ്ങളെ അടിച്ചമർത്താമെന്ന് കരുതേണ്ട; വരാൻ പോകുന്ന മലപ്പുറം ഉപതെരഞ്ഞെടുപ്പിൽ അവിടത്തെ ജനങ്ങൾ ഇത് തെളിയിക്കാൻ പോകുകയാണ്; ഒരു സംശയവും വേണ്ട. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞല്ലോ, മലപ്പുറത്ത് ലീഗ് എം.എൽ.എ.മാരാണ് കൂടുതലുള്ളതെന്ന്. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ അടിച്ചമർത്തലിനെതിരെ പോലീസിന്റെ നിഷ്ഠൂരമായ പ്രവർത്തനങ്ങൾക്കെതിരായി അതിശക്തമായ പ്രതിഷേധം, മലപ്പുറത്തെ ജനങ്ങൾ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ കാണിക്കുമെന്ന കാര്യത്തിൽ തർക്കം വേണ്ട. രാഷ്ട്രീയം നിങ്ങൾ പറഞ്ഞതുകൊണ്ടാണ് ഞാനും പറയുന്നത്. മുഖ്യമന്ത്രി രാഷ്ട്രീയം പറഞ്ഞാൽ എനിക്കും പറയേണ്ടി വരും. ശ്രീ. മാത്യു ടി. തോമസ്, മുഖ്യമന്ത്രി പ്രസംഗിച്ചത് മുഴുവൻ രാഷ്ട്രീയമല്ലേ? അവിടെ നടന്ന ഒരു സംഭവത്തെപ്പറ്റിയും മുഖ്യമന്ത്രി പറഞ്ഞില്ല. മുസ്ലീം ലീഗ് പ്രവർത്തകരാണെന്ന് കരുതി അവർക്ക് അവിടെ ജീവിക്കണ്ടേ. അവിടെ ജീവിക്കാൻ അനുവദിക്കില്ലേ; കോൺഗ്രസ്സുകാർക്കും ലീഗുകാർക്കും അവിടെ ജീവിക്കാനുള്ള അവസരം കൊടുക്കില്ലേ? ഭരണകൂടത്തിന്റെ സ്വാധീനത്തിൽ അക്രമിസംഘങ്ങൾ അഴിഞ്ഞാടുമ്പോൾ അതിനെ നിയന്ത്രിക്കാൻ പോലീസ് തയ്യാറാകുന്നില്ലെന്നു മാത്രമല്ല, അവർക്ക് കൂട്ടുനിൽക്കുന്ന സ്ഥിതിയാണ്; സ്ഫോടനാത്മകമായ ഒരന്തരീക്ഷമാണ് അവിടെ ഉണ്ടായിട്ടുള്ളത്. കേരളത്തിലെ

പോലീസ് ഒന്നുകിൽ നിഷ്ക്രിയം അല്ലെങ്കിൽ അതിക്രമം. 'ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത് എന്ന നിലയിലാണ് പെരുമാറിക്കൊണ്ടിരിക്കുന്നത്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, വാക്കൗട്ട് പ്രസംഗം കഴിഞ്ഞ് ഇറങ്ങിപ്പോകുമ്പോൾ സംസാരിക്കാൻ പാടില്ലെന്നുള്ള ശാസനയുണ്ടോയെന്ന് എനിക്കറിയില്ല. ഞാൻ രണ്ടുതവണ മലപ്പുറത്ത് ജയിച്ച ആളാണ്, മാത്രമല്ല താനൂരിൽ 5 വർഷം എം.എൽ.എ. ആയിരുന്ന ഒരാളുടെ മകൻ കൂടിയാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ള അവകാശമുണ്ട്. അതല്ലെങ്കിലും താനൂർ കേരളത്തിലായതുകൊണ്ട് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ള അവകാശമുണ്ടെന്ന് ഞാൻ ആദ്യമായി പറയുകയാണ്. ചില സ്ഥലത്ത് പോലീസ് ഗുണ്ടകളുടെ മുൻപിൽ നിസ്സഹായരായി നിൽക്കുമ്പോൾ മറുഭാഗത്ത് പോലീസ് തന്നെ ഗുണ്ടകളുടെ റോളിൽ വരുന്നുവെന്നത് താനൂരിൽ വളരെ പ്രകടമായിരിക്കുകയാണ്. ഇവിടെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഓരോന്നും പരിശോധിച്ച് നോക്കുകയാണെങ്കിൽ ആരാണ് ഇതിന് തുടക്കം കുറിച്ചത്; എങ്ങനെയാണ് ഒരു വീട് തനിയെ പൊട്ടിത്തെറിക്കുന്നത് എന്നീ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും. ആ വീട് പൊട്ടിത്തെറിക്കുന്നതിനുള്ള കാരണത്തിലേയ്ക്ക് പോയിക്കഴിഞ്ഞാൽ ഇപ്പോൾ ആരാണ് അവിടെ എല്ലാ കാര്യങ്ങൾക്കും തുടക്കം കുറിച്ചതെന്ന് ബോധ്യമാകും. അതിനുശേഷം പോലീസ് നടത്തിയിട്ടുള്ള നരനായാട്ട്, സ്ത്രീകൾ പലായനം ചെയ്യുന്നു. ഇതിനുമുൻപ് ഏതെങ്കിലും രാജ്യങ്ങളിൽ നമ്മൾ കണ്ടിട്ടുള്ളതുപോലെ സ്ത്രീകൾ കൂട്ടത്തോടെ ഭാണ്ഡക്കെട്ടുകളുമായി പലായനം ചെയ്യുന്ന അവസ്ഥ ബഹുമാനപ്പെട്ട പിണറായി വിജയൻ മുഖ്യമന്ത്രിയായ കേരളത്തിൽ ഉണ്ടായിരിക്കുന്നുവെന്നത് അങ്ങേയറ്റം ദയനീയമായ കാര്യമാണ്. ചില സ്ഥലത്ത് പോലീസിന് പരിക്കുപറ്റിയെന്ന് പറഞ്ഞു. പോലീസിന് എങ്ങനെ പരിക്കുപറ്റിയെന്ന് അന്വേഷിക്കണം. പോലീസിനെ കല്ലെറിഞ്ഞതാരാണ്; പോലീസിനെതിരെ സംഘർഷമുണ്ടാക്കിയതാരാണെന്നുള്ള റിപ്പോർട്ടെങ്കിലും സത്യസന്ധമായി അവിടെനിന്നും ലഭിക്കുകയാണെങ്കിൽ അത് അവിടത്തെ സി.പി.ഐ (എം.) പ്രവർത്തകരിൽ നിന്നുമാണെന്ന് ബോധ്യമാകും. ഈ അരിശം മുഴുവൻ തീർക്കുന്നത് അവിടെയുള്ള പാവപ്പെട്ട മുസ്ലീം ലീഗിന്റെ പ്രവർത്തകരുടെ മേലിലാണ്. അവിടെ ഒരു മാർക്സിസ്റ്റ് പാർട്ടി ജയിച്ചതുകൊണ്ട് ഞങ്ങൾക്ക് ഹാലിളകേണ്ട ആവശ്യമില്ല. ഒരു ചക്ക വീണപ്പോൾ കിട്ടിയ മുയൽ എന്നതല്ലാതെ ആ പ്രദേശത്ത് ലീഗിന് ഒരു പോറലും ഏൽപ്പിക്കാൻ ഇവിടെ ആരും

ആയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഗർഭിണികളായ സ്ത്രീകളെ ആരാണ് ആക്രമിച്ചത്; എന്തിനാണ് ആക്രമിച്ചത്; ആ സ്ത്രീകളെ ആരാണ് ആശുപത്രിയിൽ എത്തിച്ചത്? അങ്ങ് പോലീസിനോട് ചോദിക്കു. ഗർഭിണികളായ സ്ത്രീകൾ എന്തിന് ആക്രമിക്കപ്പെട്ടു. 12 വയസുള്ള ഒരു കുട്ടി ഏത് ആക്രമണത്തിനാണ് നേതൃത്വം കൊടുത്തത്? പരീക്ഷയ്ക്ക് പഠിച്ചു കൊണ്ടിരിക്കുന്ന കുട്ടിയാണ്. അവനെ പോലീസ് ആക്രമിക്കുന്നു. എല്ലാ വീടുകളിലും കയറി പോലീസ് ആക്രമണം നടത്തി. പോലീസ് ഇങ്ങനെ അഴിഞ്ഞാടുന്ന അവസ്ഥയിലേയ്ക്ക് താനൂരിനെ എത്തിച്ചു. പോലീസും മാർക്സിസ്റ്റ് പാർട്ടിയും കൂടി ലീഗിനെ ഇല്ലാതാക്കാൻ ശ്രമിച്ചാൽ, ആ ആഗ്രഹത്തിൽ അടുപ്പത്ത് വെള്ളം വച്ചിട്ടുണ്ടെങ്കിൽ അത് താഴെയിറക്കി വയ്ക്കുന്നതാണ് നല്ലത്. ഏതായാലും അവിടത്തെ സംഘർഷത്തിന്റെ കാരണം നമ്മൾ അധികമൊന്നും ആലോചിക്കേണ്ട ആവശ്യമില്ല. അത് അവിടത്തെ എം.എൽ.എ. യുടെ പ്രസംഗം കൊണ്ടുതന്നെ മനസ്സിലായി. ഇവിടെ ഇതാണെങ്കിൽ അവിടെ എന്തായിരിക്കുമെന്ന് നമുക്ക് ആലോചിക്കാവുന്നതേയുള്ളൂ. അവിടെ സംഘർഷമില്ലെങ്കിലേ നമ്മൾ അതിശയിക്കേണ്ടതുള്ളൂ. ആ രീതിയിൽ കാര്യങ്ങൾ പോകുന്നത് ഗുണകരമല്ലെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ഇതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാനും എന്റെ കക്ഷിയും ഇറങ്ങി പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി )

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത് അങ്ങ് ചെയ്തിട്ടുള്ള സത്യപ്രതിജ്ഞ 'I will do right to all manner of people without favour, affection or ill will' എന്നാണ്. എന്താണ് അവിടെ നടക്കുന്നത്; ലീഗ് പ്രവർത്തകർക്കുനേരെ മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകർ നടത്തുന്ന ആക്രമണം. ആ ആക്രമണകാരികൾക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുന്നതിനോ ലീഗ് പ്രവർത്തകർക്ക് സംരക്ഷണം കൊടുക്കുന്നതിനോ പകരം പോലീസ് എന്തു ചെയ്യുന്നു; പോലീസ് രാജാവിനേക്കാൾ വലിയ രാജഭക്തി കാണിക്കുന്നു. പോലീസ് മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകരുമായി ഒത്തുകൊണ്ട് അവിടെ ഗുണ്ടായിസം നടത്തുകയാണ്, ആക്രമണം നടത്തുകയാണ്. അവിടെ പോലീസ് സംരക്ഷണമാണ് വേണ്ടത്. തെരഞ്ഞെടുപ്പ് കാലംമുതൽ നീണ്ടുനിൽക്കുന്ന സംഘർഷമാണെന്ന് മുഖ്യമന്ത്രിയും എല്ലാവരും പറയുന്നു. ഞാൻ മലപ്പുറംകാരനല്ല. മലപ്പുറംകാരനല്ലാത്ത എനിക്ക് തോന്നുന്നത്, ബന്ധപ്പെട്ട രാഷ്ട്രീയ കക്ഷി നേതാക്കന്മാർ മുൻകയ്യെടുത്ത്, സമാധാനം പുനഃസ്ഥാപിക്കാനുള്ള ഒരു ശ്രമം രാഷ്ട്രീയ നേതാക്കളുടെ ഭാഗത്തുനിന്നും ഉണ്ടാകണം എന്നാണ്. പോലീസിനെ

നിലയ്ക്കു നിർത്തണം. പോലീസ് പക്ഷപാതപരമായി പ്രവർത്തിക്കാൻ പാടില്ല. അക്രമം നടത്തുന്നവർക്കെതിരെ നടപടിയെടുക്കാൻ പോലീസിനെ സജ്ജമാക്കണം. അത് ചെയ്യാത്ത ഈ ഗവൺമെന്റിന്റെ നിഷ്പക്ഷമല്ലാത്ത നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി )

ശ്രീ. അനൂപ് ജേക്കബ്: സർ, ഇന്ന് ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച വിഷയം വളരെ പ്രാധാന്യമുള്ള ഒന്നാണ്. പോലീസിന്റെ നിഷ്പക്ഷതയാണ് ചോദ്യം ചെയ്യപ്പെടുന്നത്. നിഷ്പക്ഷതയോടെ പ്രവർത്തിക്കേണ്ട പോലീസ് പക്ഷം ചേർന്നുകൊണ്ട് പൊതുജനത്തിന്റെ സ്വൈരജീവിതം നശിപ്പിച്ചുവെന്ന് പറയുമ്പോൾ, മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗ്ഗമടക്കമുള്ള വള്ളങ്ങളും വലകളും പോലീസ് നശിപ്പിക്കുന്ന സാഹചര്യം, പുരുഷൻമാരെ തേടി ചെല്ലുമ്പോൾ കാണാതെവന്നാൽ പോലീസ് കലി തീർക്കുന്നത് സാധാരണക്കാരിലാണ്. അത്തരം സമീപനങ്ങൾ എത്രമാത്രം ഗുരുതരമായ സ്ഥിതിവിശേഷമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതെന്ന് നമുക്ക് മനസ്സിലാകും. കോടിക്കണക്കിന് രൂപയുടെ നഷ്ടം, ജനങ്ങൾക്ക് അവരുടെ മുതലുകൾ നഷ്ടപ്പെട്ടുവെന്ന് പറയുന്നു. പോലീസിന്റെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള അതിക്രമങ്ങൾ ഉണ്ടായ സാഹചര്യത്തിൽ അതുസംബന്ധിച്ച് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. സാധാരണക്കാരന്റെ ജീവന് സുരക്ഷ ഉറപ്പാക്കേണ്ട പോലീസിന്റെ ഭാഗത്തുനിന്നും ഇത്തരത്തിലുള്ള അതിക്രമം ഉണ്ടാകുമ്പോൾ ഗവൺമെന്റ് അതിനെ ഗൗരവമായി കാണേണ്ടതാണ്. ഈ പ്രദേശത്തെ സാമ്പത്തിക പിന്നോക്കാവസ്ഥ സംഘർഷങ്ങൾ വർദ്ധിക്കാൻ കാരണമാകുന്നുവെന്ന് മുഖ്യമന്ത്രിതന്നെ പറഞ്ഞു. അത്തരത്തിലൊരു റിപ്പോർട്ട് ഗവൺമെന്റിന്റെ മുൻപിലുണ്ടെങ്കിൽ ഇത്തരം സന്ദർഭങ്ങൾ ആവർത്തിക്കുമെന്നതിന്റെ സൂചനയാണത്. ഗവൺമെന്റിന്റെ ശക്തമായ ഇടപെടൽ അക്കാര്യത്തിൽ ഉണ്ടായിരുന്നുവെങ്കിൽ ഒരു പക്ഷെ ഈ സംഘർഷാവസ്ഥ ഒഴിവാക്കപ്പെടുമായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. എന്തായാലും ഇത് ചർച്ച ചെയ്യേണ്ട വിഷയമായിരുന്നു. പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്ന നിഷ്പക്ഷമല്ലാത്ത സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും വാക്കൗട്ടിൽ പങ്ക് ചേരുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി )

ശ്രീ. ഒ. രാജഗോപാൽ: സർ, ഈ വിഷയത്തെ സംബന്ധിച്ച് നടന്ന ചർച്ച ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. ഇവിടെ ഇത്തരത്തിലാണ് പെരുമാറ്റവും

സാഹചര്യവുമെങ്കിൽ ആ സ്ഥലത്ത് എന്തായിരിക്കും സ്ഥിതി, വളരെ ഗുരുതരമാണ്. അവിടെവച്ചുണ്ടാകുന്ന സംഭവങ്ങൾ അതേനിലയിൽ തുടരാൻ അനുവദിച്ചാൽ തീർച്ചയായും അത് കലാപത്തിലേയ്ക്ക് നീങ്ങാനുള്ള സാധ്യതയുണ്ട്, അത് ഒഴിവാക്കണം. സമാധാനാന്തരീക്ഷം ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ മുൻകയ്യെടുക്കണം. പോലീസ് പറയുന്നത് മാത്രമല്ല, ബാക്കി ആൾക്കാരും അവിടെയുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അവരെയെല്ലാം വിളിച്ച് സമാധാനം ഉറപ്പുവരുത്താനുള്ള ഇനിഷ്യേറ്റീവ് എടുക്കേണ്ടത് അത്യാവശ്യമാണ്. ഈ സംസ്ഥാനത്ത് സമാധാനം നിലനിർത്തേണ്ടത് ആവശ്യമാണെന്നുമാത്രം ഞാൻ ചൂണ്ടിക്കാണിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) മൺറോതുരുത്ത് നിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഒരു പ്രദേശത്തിന്റെ ദയനീയ സ്ഥിതി ബോധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. തുഴഞ്ഞുതുഴഞ്ഞ് എത്രപോയാലും എത്തിപ്പെടാൻ പറ്റാത്ത ദ്വീപ്, നടന്നുനടന്ന് എത്ര നടന്നാലും തരണംചെയ്യാൻ പറ്റാത്ത ദ്വീപ് അതാണ് മൺറോതുരുത്ത്. നാല് വശവും വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശം. ഒരു വശത്ത് കല്ലടയാർ. വേറൊരു ഭാഗത്ത് അഷ്ടമുടി കായൽ. മറ്റൊരുഭാഗത്ത് പുത്തനാർ. ഒരു വശത്ത് കാഞ്ഞിരംകോട് കായൽ ഇങ്ങനെയുള്ള പ്രദേശമാണ് മൺറോതുരുത്ത് പ്രദേശം. 15 കിലോമീറ്റർ ദൂരത്തിൽ ചുറ്റപ്പെട്ട പ്രദേശമാണിത്. 2011-ലെ സെൻസസ് പ്രകാരം മൊത്തം ജനസംഖ്യ 10380 ആണ്. 1819-ലാണ് മൺറോതുരുത്ത് ചർച്ച് മിഷൻ സൊസൈറ്റിയുടെ പരിധിയിൽ വന്നത്. തിരുവിതാംകൂർ ദിവാനായിരുന്ന ബ്രിട്ടീഷ് പ്രസിഡന്റ് കേണൽ ജോൺ മൺറോയാണ് ചർച്ച് മിഷൻ സൊസൈറ്റിക്ക് മൺറോതുരുത്ത് കൈമാറിയത്. അതുകൊണ്ടാണ് മൺറോതുരുത്തിന് മൺറോ സായിപ്പിന്റെ പേര് കൂടി ഉൾപ്പെടുത്തി മൺറോതുരുത്ത് ഗ്രാമം എന്ന് നാമകരണം ചെയ്തത്. 1942-43 കാലഘട്ടത്തിലാണ് തുരുത്തിൽ റീ-സെറ്റിൽമെന്റ് നടന്നത്. ഒറ്റപ്പെട്ടുകിടന്ന ദ്വീപിനെ പുറംലോകവുമായി ബന്ധപ്പിക്കുന്നതിനുവേണ്ടി ഇടിയക്കടവിൽ ഒരു പാലം നിർമ്മിച്ചാണ് ഈ പ്രവർത്തനം ആദ്യഘട്ടത്തിൽ ആരംഭിച്ചത്. ഒരു കാലത്ത് നെല്ലും തെങ്ങും സമൃദ്ധമായി വിളഞ്ഞിരുന്ന നാടായിരുന്നു മൺറോതുരുത്ത്. മൺറോതുരുത്തിലെ കാർഷികാദായത്തിൽനിന്നും കിട്ടുന്ന പാട്ടപ്പിരിവ് എടുത്താണ് ഇന്ത്യയിലെ തന്നെ ആദ്യത്തെ കോളേജായ കോട്ടയം സി.എം.എസ്. കോളേജ് പ്രവർത്തിച്ചിരുന്നത്. മൺറോ സായിപ്പാണ്

അതിന് നേതൃത്വം കൊടുത്തത്. ഇന്ന് എല്ലാതരത്തിലുള്ള കൃഷിയും നശിച്ചുപോകുകയാണ്. 90 ശതമാനം തെങ്ങ് കൃഷിയും അവിടെ നശിച്ചുപോയി. വേലിയേറ്റം കാരണം മറ്റൊരു നാണ്യവിള കൃഷിയും ഇപ്പോൾ അവിടെ കാണാൻ കഴിയുന്നില്ല. ഒരു വർഷത്തിൽ 8 മാസവും വേലിയേറ്റമാണ്. ആ പ്രദേശത്തെ വീടുകളെല്ലാം താണുപോകുകയാണ്. അവിടെയുണ്ടായിരുന്ന ഏകദേശം 400 കുടുംബങ്ങൾ ആ തുരുത്ത് വിട്ട് ദൂരസ്ഥലങ്ങളിൽ പോയി താമസിക്കുകയാണ്. ഒരു കാലത്ത് വെള്ളപ്പൊക്കമുണ്ടായപ്പോൾ മൺറോതുരുത്ത് ഗ്രാമം പൂർണ്ണമായും ഒറ്റപ്പെട്ടു. ആ ഗ്രാമത്തെ വെള്ളപ്പൊക്കത്തിൽനിന്നും ഒഴിവാക്കിയെടുക്കാൻ മൺറോ സായിപ്പ് തന്നെ നേതൃത്വം കൊടുത്ത് പുത്തനാർ എന്നുപറയുന്ന പുതിയ ഒരു ആറ് നിർമ്മിച്ചു. അതുപോലെതന്നെ മൺറോതുരുത്ത് ഗ്രാമത്തെ രണ്ടായി ഭാഗിച്ചുകൊണ്ടാണ് റെയിൽവേ പാളം കടന്നു പോകുന്നത്. ഒരു ഭാഗത്ത് ഒരു കര മറു ഭാഗത്ത് വേറൊരു കര. മറുഭാഗത്തെ കരയാണെങ്കിൽ വെള്ളത്താൽ അടിപ്പെട്ടുകിടക്കുന്ന പ്രദേശമാണ്. അവിടെനിന്നുമാണ് ആൾക്കാർ ദൂരത്തേയ്ക്ക് പലായനം ചെയ്തു പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൺറോതുരുത്ത് ഗ്രാമത്തിന്റെ ചരിത്രം നന്നായി പഠിച്ച ഒരാൾ എന്ന നിലയ്ക്കാണ് ഞാൻ അത് പറയാൻ ആഗ്രഹിക്കുന്നത്. മൺറോതുരുത്തിനെ പുറംലോകവുമായി ബന്ധിപ്പിക്കുന്നതിന് പെരുമൺപാലവും റോഡും മണക്കടവ്-കുതിരമുനമ്പ് പാലം, പെരുങ്ങാലം-അരുനെല്ലൂർ കടവ് പാലം, കണ്ണങ്കാട്ട് കടവ് പാലം.... എന്നിവയുണ്ട്. പെരുങ്ങാലം എന്നുപറയുന്നത് ഒരു പ്രത്യേക ദ്വീപാണ്. അവിടെയുള്ള ഹയർ സെക്കണ്ടറി സ്കൂളിൽ പഠിക്കുന്ന കുട്ടികൾ ട്രെയിനിൽ വന്നിറങ്ങി അവിടേക്ക് നടന്നുപോകാൻ വളരെ ബുദ്ധിമുട്ടുകയാണ്. ഈ ഗവൺമെന്റിനോട് അക്കാര്യം പറഞ്ഞപ്പോൾ തന്നെ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അവിടെയൊരു പാലം നിർമ്മിക്കുന്നതിനുവേണ്ടി 30 കോടി രൂപ അനുവദിച്ചു തന്നു. വളരെ സന്തോഷം തോന്നി.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കാരണം ഒറ്റപ്പെട്ടുകിടക്കുന്ന പ്രദേശത്ത് അത്തരം പാലങ്ങൾ നിർമ്മിച്ചുകൊടുത്താൽ ഏറ്റവും നല്ലൊരു ടൂറിസ്റ്റ് സ്ഥലമായി മൺറോതുരുത്ത് ഗ്രാമത്തെ മാറ്റിയെടുക്കാൻ കഴിയും. വർഷത്തിൽ 8 മാസവും വേലിയേറ്റം ഉണ്ടാകുന്നതിന്റെ ഫലമായി കാർഷിക മേഖല പാടെ തകർന്നുപോയി. റോഡുകളും നടപ്പാതകളും ഇല്ലാതാകുന്നു. ഈ റോഡുകളിലും നടപ്പാതകളിലുംകൂടി നടന്നുപോകുമ്പോൾ അവിടെയുള്ള കുട്ടികൾക്ക് മാത്രമല്ല എല്ലാവർക്കും ത്വക്ക് രോഗങ്ങൾ ഉണ്ടാകുന്നു. വിവിധങ്ങളായ രോഗങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വെള്ളത്തിൽ ഇരുമ്പിന്റെ അംശം കൂടുതലായി ഉണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഭൂമിയും വീടുകളും താണുതാണ് പോകുന്നത് ടൂറിസം മേഖലയെ ആകെ ബാധിക്കുകയാണ്. വാഹന സൗകര്യമില്ലാതിരുന്ന കാലത്ത് അവിടെ വിളയിക്കുന്ന തേങ്ങയുൾപ്പെടെയുള്ള നാണ്യവിളകൾ

കൈത്തോടുകളിലൂടെ വള്ളം തുഴഞ്ഞാണ് പുറംലോകത്തേയ്ക്ക് കൊണ്ടുപോയ്ക്കൊണ്ടിരുന്നത്. അതുകൊണ്ടുതന്നെ ധാരാളം കൈത്തോടുകൾ മൺറോതുരുത്തിലുണ്ട്. ഇപ്പോൾ ആ കൈത്തോടുകൾ കാരണം അവിടെ ഒരു വികസന പ്രവർത്തനവും നടത്താൻ കഴിയുന്നില്ല. ഒരു വീട് വയ്ക്കാൻ കഴിയുന്നില്ല. വീട് വയ്ക്കുന്നതിന് തീരദേശ പരിപാലന നിയമം നമ്മുടെ രാജ്യത്ത് കീറാമുട്ടിയായി നിൽക്കുകയാണ്. ഒരു പ്രദേശത്തിന് പ്രത്യേക പരിഗണനകൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ മൺറോതുരുത്തിനെ ആ പരിധിയിൽ ഉൾപ്പെടുത്തണം. തീരദേശ പരിപാലന നിയമം മൺറോതുരുത്ത് ദ്വീപിനെ ആകമാനം ബാധിച്ചിരിക്കുകയാണ്. ലോകത്ത് ശ്രീലങ്കയ്ക്ക് മാത്രമേ തീരദേശപരിപാലന നിയമം ശക്തമായിട്ടുള്ളൂ. തമിഴ്നാട്ടിലെ തൂത്തുക്കുടി- രാമേശ്വരം ഭാഗത്ത് ബാൺ എന്ന ഒരു ദ്വീപുണ്ട്. ആ ദ്വീപ് ക്രമേണ താണുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ കൊല്ലം ജില്ലയിലെ ഏറ്റവും നല്ല വിനോദസഞ്ചാര സ്ഥലമായ മൺറോതുരുത്ത് ഗ്രാമവും താണുപോയ്ക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഞാൻ ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുന്നു, ആ പ്രദേശത്തെ പൂർണ്ണമായി സംരക്ഷിക്കണമെന്നുണ്ടെങ്കിൽ കല്ലടയാറും പുത്തനാറും കാഞ്ഞിരംകോട് കായലും സംരക്ഷണ ഭിത്തികെട്ടി സംരക്ഷിക്കണം. മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ സംരക്ഷണഭിത്തി കെട്ടാത്തതിനാലാണ് മൺറോതുരുത്ത് വെള്ളത്താൽ അകപ്പെട്ടുപോകുന്നത്. അതുകൊണ്ട് ഗവൺമെന്റിന്റെ പ്രത്യേക പരിഗണന ഈ തുരുത്തിനുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രദേശത്തിന്റെ പ്രത്യേകതകൂടി കണക്കിലെടുത്ത്, ഈ പ്രദേശത്തെ പ്രത്യേകമായി പരിഗണിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു തുരുത്താണ് മൺറോതുരുത്ത്. 2004-ൽ ഉണ്ടായ സുനാമി ഇവിടുത്തെ കൃഷിയിലും മത്സ്യസമ്പത്തിലും വലിയ ആഘാതമാണ് ഏൽപ്പിച്ചത്. വേലിയേറ്റത്തിലുണ്ടായ വ്യതിയാനംമൂലം മൺറോതുരുത്തിലെ ജലനിരപ്പ് ക്രമാതീതമായി ഉയരുന്നതുകാരണം അഷ്ടമുടിക്കായലിൽനിന്നും ഉപ്പുവെള്ളം കയറി കൃഷിയെ ദോഷകരമായി ബാധിക്കുന്നു. ഇതോടൊപ്പം ചെമ്മീൻ കൃഷി പരിപാലന ദൈർഘ്യം കുറയുകയും വിളവെടുപ്പ് ബുദ്ധിമുട്ടാവുകയും ചെയ്യുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ തുരുത്തിലെ പല വീടുകളുടേയും ഫൗണ്ടേഷൻ ഇരുന്നുപോകുകയും വേലിയേറ്റ സമയത്ത് വീട്ടിനകത്തേയ്ക്ക് വെള്ളം കയറുകയും ചെയ്യുന്നു. ഇതുകാരണം തുരുത്ത് നിവാസികളുടെ റോഡിനും നടപ്പാതകൾക്കും ഒട്ടേറെ കേടുപാടുകളും സംഭവിച്ചിട്ടുണ്ട്. ഉപ്പുവെള്ളം കയറാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങളായ ബണ്ടുകളുടെ നിർമ്മാണം, കണ്ടൽച്ചെടികൾ വച്ചുപിടിപ്പിക്കൽ, തീരസംരക്ഷണം, കല്ലടയാറ്റിലെ ജൈവ സമ്പത്ത്

നിലനിർത്താനുതകുംവിധം അടിയണകളുടെ നിർമ്മാണം, തോടുകളുടെ സംരക്ഷണ പ്രവൃത്തികൾ തുടങ്ങിയവ നടപ്പാക്കുന്നതോടൊപ്പം ശാസ്ത്രീയമായ കൃഷി സംവിധാനവും അവിടെ വേണ്ടതായിട്ടുണ്ട്. സെസ് പോലുള്ള ഒരു സാങ്കേതിക സ്ഥാപനത്തെ ഏൽപ്പിച്ച്, ശാശ്വതമായ പരിഹാരം കാണേണ്ടത് ഈ തുരുത്തിന്റെ നിലനിൽപ്പിനും തുരുത്ത് നിവാസികളുടെ സ്വസ്ഥമായ ജീവിതത്തിനും അനിവാര്യമാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച ഒട്ടേറെ കാര്യങ്ങളുണ്ട്. അതെല്ലാം സർക്കാർ സജീവമായി പരിഗണിക്കുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അങ്ങ് വളരെ പോസിറ്റീവായിട്ടാണ് ഈ വിഷയത്തെ കണ്ടത്. അതിന് ഞാൻ നന്ദി അറിയിക്കുകയാണ്. മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ ടൂറിസം, കാർഷികമേഖല ഉൾപ്പെടെ പൂർണ്ണമായി സംരക്ഷിക്കാനുതകുന്ന വിധത്തിൽ ഒരു പാക്കേജ് നടപ്പിലാക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, മൺറോതുരുത്തിന്റെ സംരക്ഷണത്തിന് ഉതകുന്ന നടപടികൾ ഫലപ്രദമായി സ്വീകരിക്കണമെന്നുതന്നെയാണ് ആഗ്രഹം. അത് പ്രത്യേകമായി പരിഗണിക്കുന്നതാണ്.

## (2) വിദേശഭാഷാ സർവ്വകലാശാല

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സംസ്ഥാനത്ത് ഒരു വിദേശഭാഷാ സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുന്നത്. ഐക്യരാഷ്ട്രസഭ അംഗീകരിച്ച ലോകത്തിലെ പ്രമുഖ ഭാഷകളിലൊന്നായ അറബിഭാഷ ഇന്ത്യാ വൻകരയ്ക്ക് പരിചിതമാകുന്നത് ക്രിസ്തുവിന് വളരെമുമ്പുതന്നെ വ്യാപാരാർത്ഥം അറബികൾ ഇന്ത്യയിൽ വന്നു തുടങ്ങിയതുമുതലാണ്. വ്യാപാര ഇടപാടുകളിൽ കണിശതയും സത്യസന്ധതയും പെരുമാറ്റത്തിൽ മാന്യതയും പുലർത്തിയിരുന്ന അറബികളെ ഇന്ത്യക്കാർ, വിശിഷ്യാ കേരളീയ ജനങ്ങളും കേരള ഭരണാധികാരികളും ഏറെ ആദരവോടെ സ്വീകരിക്കുകയും ആതിഥ്യമരുളുകയും ചെയ്തിരുന്നു. പിന്നീട് ഇസ്ലാമിന്റെ ആവിർഭാവത്തോടെ അറബിഭാഷ ഖുർആനികഭാഷ എന്ന രീതിയിലാണ് നോക്കിക്കണ്ടിരുന്നത്. പാശ്ചാത്യരുടെ വരവോടെ അറബി വ്യാപാര കുത്തക അവസാനിച്ചുവെങ്കിലും ഇന്ത്യ സ്വതന്ത്ര്യയായതോടെ അറബി രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം തുടരുകയും ഏറെ മെച്ചപ്പെടുകയും സമ്പന്നരായ അറബികളുടെ നാട്ടിൽ ഇന്ത്യാക്കാർക്ക്, വിശിഷ്യാ കേരളീയർക്ക് ആതിഥ്യവും തൊഴിലും സംരക്ഷണവും ലഭിക്കുകയും മലയാളക്കര വിദേശനാണ്യംകൊണ്ട് ഏറെ സമ്പന്നമാകുകയും ചെയ്തു. ഇതിനെത്തുടർന്ന് ഖുർആനികഭാഷ എന്ന പരിമിതി

ഭേദിച്ച് ഗൾഫിൽ ജോലി ചെയ്യുന്ന നാനാജാതി മതസ്ഥരുടെ തനത് ഭാഷയായി അറബിഭാഷ വളർന്ന് വ്യാപിക്കുകയും ചെയ്തു. എന്നാൽ ആഫ്രിക്കൻ വൻകരകളിൽ നിന്നും മറ്റിതര രാജ്യങ്ങളിൽനിന്നും ഗൾഫ് രാജ്യങ്ങളിൽ എത്തിപ്പെട്ട തൊഴിലന്വേഷകരിൽ ഭൂരിഭാഗവും അറബിഭാഷയിൽ ആശയവിനിമയത്തിന് മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചതോടെ ഗൾഫിലെ ഉന്നത ഉദ്യോഗങ്ങൾ അത്തരക്കാർക്ക് മാത്രം പ്രാപ്യമാകുന്ന അവസ്ഥ സംജാതമാവുകയുമുണ്ടായി. തൽഫലമായി അറബി ഭാഷയിൽ പ്രാവീണ്യമില്ലാത്ത നമ്മുടെ നാട്ടിൽനിന്നുള്ള തൊഴിലന്വേഷകർക്ക് തീരെ ചെറിയ ശമ്പളത്തിലുള്ള ജോലിയാണ് ലഭിച്ചുവരുന്നത്. മലയാളികൾക്ക് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ ലഭിച്ചിരുന്നുവെങ്കിൽ ഇപ്പോൾ ലഭിച്ചുവരുന്ന വിദേശ നാണ്യത്തിന്റെ എത്രയോ മടങ്ങ് കേരളത്തിൽ എത്തുകയും അതുവഴി നമ്മുടെ കേരളം അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യുമായിരുന്നു. കേരളത്തിൽനിന്ന് അറബിഭാഷയിൽ പ്രാവീണ്യം നേടിക്കൊണ്ട് ഗൾഫ് നാടുകളിൽ ഉന്നത ജോലി സമ്പാദിക്കാമെന്ന മലയാളിയുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെടണമെങ്കിൽ എല്ലാ വിഭാഗം ആളുകൾക്കും യഥേഷ്ടം അറബിഭാഷ പഠിക്കുന്നതിന് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ആവശ്യമാണ്. ഈ പരിമിതികൾക്ക് ശാശ്വത പരിഹാരം കാണുന്നതിനു വേണ്ടിയാണ് കേരളത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു അറബിക് സർവ്വകലാശാല ആരംഭിക്കണമെന്ന ആവശ്യം നേരത്തേ ഉയർന്നുവന്നിരുന്നത്. ഏതെങ്കിലും ഒരു മലയാളിയുടെ ഉൾവിളിയുടെ ഫലമായല്ല ഈ ആവശ്യം ഉയർന്നുവന്നതെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറിച്ച്, കേന്ദ്രസർക്കാർ രൂപം കൊടുത്ത നയപരിപാടിയുടെ പരിണിതഫലമെന്നോണം മാത്രമാണ് ഈ ആവശ്യം ഉന്നയിക്കപ്പെട്ടത്. 9-3-2005-ൽ കേന്ദ്രസർക്കാർ നിയോഗിച്ച സച്ചാർ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കി കിട്ടുന്നതിന്റെ ഭാഗമായാണ് ഈ ആവശ്യം മുന്നോട്ടുവച്ചിട്ടുള്ളത്. ഇന്ത്യയിലെ മുസ്ലീം സമൂഹത്തിന്റെ വിദ്യാഭ്യാസ-സാമൂഹ്യ-സാമ്പത്തിക മേഖലകളിലെ സ്ഥിതിവിവര കണക്കുകളും അവസ്ഥാ വിശേഷങ്ങളും ശേഖരിച്ചും അപഗ്രഥിച്ചും കേന്ദ്ര ഗവൺമെന്റിന് ശിപാർശ സമർപ്പിക്കാൻ വേണ്ടി 9-3-2005-ൽ നിയോഗിച്ച ജസ്റ്റിസ് രജീന്ദ്ര സച്ചാറിന്റെ നേതൃത്വത്തിലുള്ള ഏഴംഗ സമിതി 30-11-2006-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെയും പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് രൂപീകരിക്കപ്പെട്ട പാലോളി കമ്മിറ്റി 21-2-2008-ൽ കേരള സർക്കാരിന് സമർപ്പിച്ച ശിപാർശയുടെയും അടിസ്ഥാനത്തിലാണ് മറ്റ് ശിപാർശകളുടെ കൂട്ടത്തിൽ കേരളത്തിൽ ഒരു അറബിക് സർവ്വകലാശാല സ്ഥാപിക്കാനും സർക്കാർ തീരുമാനിച്ചത്. പാലോളി കമ്മിറ്റി ശിപാർശ 6-5-2008-ലെ ജി.ഒ. (എം.എസ്.) 148/2008/ജി.എ.ഡി. ഉത്തരവിലൂടെ കേരള സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. അതിലെ നിരവധി ശിപാർശകൾ ഇതിനോടകംതന്നെ നടപ്പാക്കി കഴിഞ്ഞുവെങ്കിലും അതിലെ 24-ാമത്തെ ശിപാർശയിലെ 'കേരളത്തിൽ

അറബിക് സർവ്വകലാശാല ആരംഭിക്കണം' എന്ന നിർദ്ദേശം നടപ്പിലാക്കിയിരുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹൈദ്രാബാദ് ആസ്ഥാനമായ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയുടെ ഒരു ഓഫ് ക്യാമ്പസ് മലപ്പുറം ജില്ലയിലെ പാണക്കാട്ട് സർക്കാർ വിട്ടുകൊടുത്ത 75 ഏക്കർ സ്ഥലത്ത് 2013-14 അദ്ധ്യയന വർഷത്തിൽ ആരംഭിക്കുന്നതിന് ധാരണാപത്രം ഒപ്പുവച്ചിരുന്നുവെങ്കിലും ആയത് തുടർന്ന് മുന്നോട്ട് കൊണ്ടുപോകാൻ എന്തുകൊണ്ടോ ഹൈദ്രാബാദിലെ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി അധികൃതർ താൽപ്പര്യം കാട്ടാതിരുന്നതിനാൽ ആയത് ആരംഭിക്കാൻ സാധിച്ചില്ല. ഈ സാഹചര്യം കണക്കിലെടുത്തും EFLU (English and Foreign Languages University) നമുക്ക് നഷ്ടമായ സാഹചര്യത്തിലും സുദീർഘമായ ചർച്ചകൾക്കും പരിശോധനകൾക്കും ഒടുവിൽ അറബിക് ഭാഷയോടൊപ്പം ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ, ജാപ്പനീസ്, റഷ്യൻ, സ്പാനിഷ്, ചൈനീസ്, ഇറ്റാലിയൻ എന്നീ വിദേശ ഭാഷകൾകൂടി പഠിക്കുന്നതിന് സൗകര്യമൊരുക്കിയാൽ വിദേശത്തെ ഏത് രാജ്യങ്ങളിലും തൊഴിലന്വേഷിച്ച് പോകുന്ന മലയാളികൾക്ക് മെച്ചപ്പെട്ട ജോലി സമ്പാദിക്കുന്നതിന് ഉപകരിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഒരു ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ 17-02-2016-ലെ ക്യാബിനറ്റ് അജണ്ട 8352-ാം നമ്പർ ആയി കേരള മന്ത്രിസഭ തീരുമാനിച്ചു. ആയതിലേയ്ക്ക് മുൻ ചീഫ് സെക്രട്ടറിയും ഇപ്പോഴത്തെ മലയാളം സർവ്വകലാശാല വി.സി.-യുമായ ശ്രീ. കെ. ജയകുമാർ, റിട്ട. ഐ.എ.എസ്.-നെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും യാത്രാച്ചെലവിനുമായി 50 ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നുവെങ്കിലും തെരഞ്ഞെടുപ്പ് പ്രഖ്യാപനം കാരണം ആ ഉത്തരവ് ഇറങ്ങിയിരുന്നില്ല. ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട 7786/ബി2/ഹയർ എഡ്യൂക്കേഷൻ ഫയലിൽ തുടർ നടപടി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നും അറിയാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എടുത്തിട്ടുള്ള ഈ തീരുമാനം നടപ്പിലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ച് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, കേരളത്തിൽ അറബിക് ഉൾപ്പെടെ വിദേശ ഭാഷകൾക്കായി ഒരു സർവ്വകലാശാല സ്ഥാപിക്കണമെന്ന ആവശ്യം നിലനിന്നിരുന്നു. എന്നാൽ ഭരണഘടനയിലെ 8-ാം പട്ടികയിൽ ഉൾപ്പെടാത്ത, ഔദ്യോഗിക ഭാഷാ പദവി ഇല്ലാത്ത ഭാഷകൾ

പഠിപ്പിക്കുന്നതിനായി ഒരു സർവ്വകലാശാലയ്ക്കുണ്ടാകാവുന്ന സ്ഥിരവും ആവർത്തന സ്വഭാവമുള്ളതുമായ ചെലവുകൾ വഹിക്കാൻ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ ധനസ്ഥിതിയിൽ കഴിയുകയില്ല. ഹൈദരാബാദ് ആസ്ഥാനമാക്കിയുള്ള ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റിയുടെ ഒരു ഓഫ് ക്യാമ്പസ് മലപ്പുറം ജില്ലയിലെ പാണക്കാട് സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള, വ്യവസായ വികസന കോർപ്പറേഷന്റെ കൈവശമുള്ള 75 ഏക്കർ ഭൂമി വിട്ടുനൽകി ഉത്തരവായിട്ടുണ്ട്. EFLU-മായി ധാരണാപത്രം ഒപ്പുവയ്ക്കുകയും രേഖകൾ കൈമാറുകയും ചെയ്തിരുന്നു. 17-02-2016-ലെ മന്ത്രിസഭാ തീരുമാനപ്രകാരം ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി ഓഫ് കേരള എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുന്നതിനും മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാറിനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുന്നതിനും വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനായി ഒരു കോടി രൂപ അനുവദിക്കുന്നതിനും നിർദ്ദേശമുണ്ടായിരുന്നു. എങ്കിലും ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കാതിരുന്ന സാഹചര്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. ഇത് കൂടുതൽ ചർച്ചകൾക്ക് വിധേയമാക്കാം.

ശ്രീ. പി. കെ അബ്ദുറബ്ബ്: സർ, ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കാത്തതുകൊണ്ടല്ല ഉത്തരവിറക്കാൻ കഴിയാതെ പോയത്. തെരഞ്ഞെടുപ്പ് പ്രഖ്യാപനം വന്നതുകൊണ്ടാണ്. ഇപ്പോൾ അതൊന്നുകൂടി പുനഃചിന്തിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇതിന്റെ തീരുമാനം നേരത്തേ പറഞ്ഞതാണ്.

## IV. സബ്മിഷൻ

(1) ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി

ശ്രീ. റോജി എം. ജോൺ: സർ, നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ നിയമ സഹായം ലഭിക്കണമെന്ന ലക്ഷ്യത്തോടെ പല കോടതികളും സ്ഥാപിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി എന്റെ നിയോജകമണ്ഡലത്തിലെ അങ്കമാലിയിലും കാലടിയിലും രണ്ട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ 2014-ൽ സ്ഥാപിക്കുകയുണ്ടായി. എന്നാൽ ഈ കോടതികൾ ഇപ്പോൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭീമമായ തുകയാണ് വാടകയിനത്തിൽ സർക്കാർ ഓരോ മാസവും കൊടുത്തുകൊണ്ടിരിക്കുന്നത് എന്നതിനാൽ ഇത്തരം കോടതികൾ സ്വന്തമായി കെട്ടിടമുള്ള സ്ഥലങ്ങളിലേയ്ക്ക് നീക്കാനുള്ള ശ്രമം

നടക്കുന്നുണ്ട്. ഒരുവശത്ത് ഭീമമായ തുക കോടതിയുടെ വാടക കൊടുത്തുകൊണ്ടിരിക്കുമ്പോൾ മറുവശത്ത് ഭരണരംഗത്തെ പരിഷ്കാരത്തെയും എഫിഷ്യൻസിയെക്കുറിച്ചുമാണ് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ന് രാവിലെയും അതിനെക്കുറിച്ച് ചർച്ച ചെയ്തതാണ്. ഒരു വശത്ത് ഇങ്ങനെ ഭീമമായ തുക സർക്കാർ കൊടുത്തുകൊണ്ടിരിക്കുമ്പോൾ മറുവശത്ത് ഈ കോടതിയുടെ തൊട്ടടുത്ത് ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള ഒരു കെട്ടിടം വളരെ വർഷങ്ങളായി ഉപയോഗശൂന്യമായി കിടന്ന് നശിക്കുന്ന അവസ്ഥയിൽ നിലനിൽക്കുകയാണ്. ഞാൻ ഇത് സൂചിപ്പിച്ചുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിക്ക് കുറച്ച് മാസങ്ങൾക്കുമുമ്പ് ഒരു കത്ത് കൊടുക്കുകയുണ്ടായി. നടപടികൾ സ്വീകരിച്ചുവരികയാണെന്ന് അദ്ദേഹം അറിയിച്ചിരുന്നു. കാലടിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോടതി മറ്റൊരു താലൂക്കായ പെരുമ്പാവൂരിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള ശ്രമങ്ങൾ ദ്രുതഗതിയിൽ നടക്കുന്ന സാഹചര്യത്തിലാണ് ഞാൻ ഈ വിഷയം അടിയന്തരമായി ഇവിടെ അവതരിപ്പിക്കുന്നത്. അതുകൊണ്ട് കാലടിയിലെയും അങ്കമാലിയിലെയും കോടതികൾക്ക് സ്വന്തമായി ഒന്നിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള കെട്ടിടം നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി, കാലടി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ ഇപ്പോൾ പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിൽനിന്നും മാറ്റുന്നതിനോ പ്രസ്തുത കോടതികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുവരെ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനോ ഉള്ള ശിപാർശ ഹൈക്കോടതിയുടെ പരിഗണനയിലില്ല. കോടതികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ മാറുന്നത് ഹൈക്കോടതിയുടെ തീരുമാനത്തിന് വിധേയമായാണ്. ആ രീതിയിലാണ് അത് നടപ്പാക്കുന്നത്. അതുകൊണ്ട് സർക്കാരിന് ഇക്കാര്യത്തിൽ തീരുമാനിക്കാൻ കഴിയുന്നതല്ല. ഇത് ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്താൻ മാത്രമേ സാധിക്കുകയുള്ളൂ.

## (2) ഡിസ്പെൻസറിയുടെ പ്രവർത്തനം

ശ്രീ. കെ. രാജൻ: സർ, എന്റെ നിയോജകമണ്ഡലമായ ഒല്ലൂരിലെ പീച്ചിയിൽ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിലുള്ള ഒരു സർക്കാർ ഡിസ്പെൻസറി പീച്ചി ഡാമിന്റെ പ്രവർത്തനം ആരംഭിച്ച കാലംമുതൽ അവിടെ നിലനിൽക്കുകയാണ്. പീച്ചി ഡാമിന്റെ പ്രവർത്തനം പൂർത്തീകരിച്ചശേഷം ആ മേഖലയിലുള്ള ആദിവാസികളും പിന്നോക്കക്കാരുമായ ആയിരങ്ങൾ ആശ്രയിക്കുന്ന ഒരാശുപത്രിയായി അത് നിലനിൽക്കുകയാണ്. അതിന്റെ ചുറ്റുവട്ടത്താണ് ആദിവാസി/പട്ടികജാതി കോളനിയായ

താമരവെള്ളച്ചാൽ, മൈലാടുംപാറ, നൂറ് ആദിവാസി പെൺകുട്ടികൾ താമസിക്കുന്ന ട്രൈബൽ ഗേൾസ് ഹോസ്റ്റൽ എന്നിവ പ്രവർത്തിച്ചുവരുന്നത്. നിർഭാഗ്യവശാൽ ഇറിഗേഷൻ വകുപ്പിന്റെ ജി. ഒ. (എം.എസ്.) 6/2017/ഡബ്ല്യു.ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം ഈ ആശുപത്രി അബോളിഷ് ചെയ്യേണ്ട ഗൗരവമായ സ്ഥിതിയുണ്ടായി. 5 തസ്തികകളുള്ള ഈ ആശുപത്രി ഏതെങ്കിലും സാഹചര്യത്തിൽ നിർത്തലാക്കപ്പെട്ടാൽ ആ മേഖലയിലെ ആയിരക്കണക്കിനാളുകളുടെ ചികിത്സാ സൗകര്യങ്ങൾ നഷ്ടപ്പെടുമെന്ന പ്രധാന പ്രശ്നം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അങ്ങ് അക്കാര്യത്തിൽ വളരെ ഗൗരവമായി ഇടപെടൽ നടത്തിയതായും അറിയിച്ചു. ആ ആശുപത്രി ഇറിഗേഷൻ വകുപ്പ് അല്ലെങ്കിൽ ആരോഗ്യ വകുപ്പിന്റെ ചുമതലയിലേയ്ക്ക് മാറ്റിയാണെങ്കിലും അത് നിലനിർത്താനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് സമക്ഷം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പീച്ചി ഡാം നിർമ്മിക്കുന്ന സമയത്ത് അവിടത്തെ ജീവനക്കാർക്കായി സ്ഥാപിച്ചതാണ് ഈ ഡിസ്പെൻസറി. പരിസര പ്രദേശങ്ങളിലെ പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിലെ അംഗങ്ങളും പീച്ചി പ്രീ-മെട്രിക് ഹോസ്റ്റലിലെ പട്ടികവർഗ്ഗ വിദ്യാർത്ഥിനികളും ഈ ഡിസ്പെൻസറിയെ ആശ്രയിച്ചിരുന്നു. ജലസേചന വകുപ്പിലെ നിഷ്ക്രിയ തസ്തികകൾ നിർത്തലാക്കിയതിന്റെ ഭാഗമായി ഡിസ്പെൻസറിയിലെ തസ്തികകളും ഒഴിവാക്കപ്പെട്ടു. തുടർന്ന് ജനപ്രതിനിധികളും പരിസരവാസികളും ഡിസ്പെൻസറി നിലനിർത്തണമെന്നാവശ്യപ്പെടുകയും സബ്മിഷൻ ഉന്നയിച്ച ബഹുമാന്യനായ അംഗത്തിന്റെ ശ്രമത്തിന്റെയും ഭാഗമായി ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ ചുമതലയിൽ ഡിസ്പെൻസറി പ്രവർത്തനം നടത്താനും ആയതിന് ജലവിഭവ വകുപ്പിന്റെ കെട്ടിടം വിട്ടുനൽകുന്നതിനും സമ്മതിച്ചിട്ടുണ്ട്. ഡിസ്പെൻസറി നിലനിർത്താനാവശ്യമായ നടപടികൾ ഇപ്പോൾ സജീവ പരിഗണനയിലാണ്.

11.00 AM]

(3) ഐ.ടി.ഐ. കെട്ടിട നിർമ്മാണം

ശ്രീ. യു. ആർ. പ്രദീപ്: സർ, ചേലക്കര നിയോജകമണ്ഡലത്തിൽ ഏകദേശം 2.5 ഏക്കർ സ്ഥലത്ത് പട്ടികജാതി വകുപ്പിന് കീഴിൽ വരുന്ന വരവൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് 2010-ൽ 3.15 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. കഴിഞ്ഞ 5 വർഷം നിരന്തരം ഇടപെട്ടിട്ടും നിർമ്മാണം തുടങ്ങിയിടത്തുതന്നെ നിൽക്കുകയാണ്. കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി സംസാരിച്ചപ്പോൾ പഴയ ഷെഡ്യൂൾ അനുസരിച്ച് നിർമ്മാണം തുടരാൻ കഴിയില്ലെന്നാണ് അറിയിച്ചത്.

ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് നിർമ്മാണം തുടങ്ങുന്നതിനുള്ള ശ്രമം നടത്തിയെങ്കിലും കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആ നിലപാടിൽതന്നെ നിൽക്കുകയാണ്. 55 ലക്ഷം രൂപയോളം വില വരുന്ന പഠനോപകരണങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്. കെട്ടിട നിർമ്മാണം വേഗത്തിൽ തുടങ്ങാൻ സാധിക്കുമോയെന്നാണ് അറിയേണ്ടത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, തൃശ്ശൂർ ജില്ലയിലെ വരവൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് 31-8-2010-ലെ 97/2010 നമ്പർ ഉത്തരവ് പ്രകാരം 3.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിർമ്മാണ പ്രവൃത്തികൾക്ക് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയത്. എന്നാൽ ഇവർ ഏർപ്പെടുത്തിയ കരാറുകാരൻ ഐ.ടി.ഐ. കെട്ടിടത്തിന്റേയും ഹോസ്റ്റൽ കെട്ടിടത്തിന്റേയും പണി ഏകദേശം 35 ശതമാനം പൂർത്തിയാക്കുകയും അതിന് 82 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. തുടർന്ന് കരാറുകാരൻ പ്രവൃത്തി നിർത്തുകയും കഴിഞ്ഞ 4 വർഷമായി പദ്ധതി മുടങ്ങിപ്പോകുകയുമാണുണ്ടായത്. കൺസ്ട്രക്ഷൻ കോർപ്പറേഷൻ കരാറുകാരനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട ചേലക്കര എം.എൽ.എ.-യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കാനായി 8-11-2016-ന് നടത്തിയ അവലോകന യോഗത്തിൽ ബാക്കിയുള്ള 2,33,00,000 രൂപ ഉപയോഗിച്ച് അക്കാദമിക് ബ്ലോക്കിന്റെ ഒന്നും രണ്ടും നിലകളും ഹോസ്റ്റൽ കെട്ടിടത്തിന്റെ ഒന്നാം നിലയും വൈദ്യുതീകരണവും പ്ലംബിംഗ് പ്രവൃത്തികളും ചെയ്യുന്നതിന് ധാരണയായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള അനുമതി 13-3-2017-ലെ 672/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്.

(4) കുടിവെള്ള പദ്ധതി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ നഗരസഭ, ചാവക്കാട് നഗരസഭ എന്നീ മൂന്ന് കേന്ദ്രങ്ങളിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതിയാണ് കരുവന്നൂർ പുഴയിൽ നിന്നുള്ള ശുദ്ധജല പദ്ധതി. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഈ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത്. ഈ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ 80 ശതമാനം നിർമ്മാണവും പൂർത്തീകരിച്ചിരിക്കുകയാണ്. ചേറ്റുവ പുഴ മറികടക്കുന്ന ഭാഗവും ഒരുമനയൂരിൽ നിന്ന് ചാവക്കാടുള്ള വാട്ടർ ടാങ്കിലേയ്ക്ക് വെള്ളം എത്തിക്കുന്നതുവരെയുള്ള ഭാഗവും മാത്രമേ ബാക്കിയുള്ളൂ. ഇതിന്റെ ടെണ്ടർ

പ്രക്രിയയിലുള്ള ചില പ്രശ്നങ്ങൾ കാരണം പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമെന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കരുവന്നൂർ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അത് അടിയന്തരമായി മാറ്റുന്നതിന് ഗവൺമെന്റ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, 2009-ൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് 'യു-ഡിസ്മാറ്റ് ' പദ്ധതി പ്രകാരം അനുവദിച്ച ഒരു ശുദ്ധജല വിതരണ പദ്ധതിയാണിത്. ഗുരുവായൂർ-ചാവക്കാട് മുനിസിപ്പാലിറ്റികൾക്കായി 50,45,00,000 രൂപയുടെ ഭരണാനുമതിയാണ് അന്ന് ലഭിച്ചത്. ഈ രണ്ട് മുനിസിപ്പാലിറ്റികളും ചേർന്നാണ് ഈ പണം കൊടുക്കേണ്ടത്. ഇതിനോടകം രണ്ട് മുനിസിപ്പാലിറ്റികളും ചേർന്ന് 40,48,00,000 രൂപ ഒടുക്കിയിട്ടുണ്ട്. ബൂസ്റ്റർ പമ്പിംഗ് മെയിനിന്റെ 7.5 കിലോമീറ്റർ ഒഴിച്ച് ബാക്കി ഭാഗങ്ങളെല്ലാം പൂർത്തീകരിച്ചുകഴിഞ്ഞു. ഏകദേശം 110000 പേർക്ക് 135 ലിറ്റർ വെള്ളം പ്രതിദിനം ഉപയോഗിക്കത്തക്കവണ്ണം കുടിവെള്ളം ഉത്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിയും. 7 പാക്കേജായാണ് ഇതിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്നത്. അതിൽ 6 പ്രവൃത്തികളും പൂർത്തീകരിച്ചു. ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പദ്ധതിയിലെ മൂന്നാമത്തെ പാക്കേജായ 16.68 കിലോമീറ്റർ പൈപ്പ്ലൈൻ ഇടേണ്ടിടത്ത് 9.09 കിലോമീറ്റർ മാത്രമാണ് പൂർത്തീകരിച്ചത്. ഇനിയും 7.59 കിലോമീറ്റർകൂടി പൂർത്തീകരിക്കാനുണ്ട്. അത് റീ-ടെണ്ടർ ചെയ്യേണ്ടിവന്നു. ബാക്കി പൂർത്തീകരിക്കാനുള്ള പ്രവൃത്തി ഏൽപ്പിക്കുന്നതിനിടയിൽ ടെണ്ടറിന്റെ കാലാവധി അവസാനിക്കുകയും അത് നീട്ടിക്കിട്ടാൻ ആവശ്യപ്പെട്ടപ്പോൾ കരാറുകാരൻ പൈപ്പിനടക്കമുണ്ടായ വില വർദ്ധനവിനനുസരിച്ച് 15 ശതമാനം കൂടുതൽ തുക ആവശ്യപ്പെടുകയും ചെയ്തു. 23-2-2017-ന് അതിന്റെ എംപവേർഡ് കമ്മിറ്റി കൂടി ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ കരാറുകാരനുമായി ചർച്ച നടത്താൻ തീരുമാനിച്ചു. എത്രയും വേഗം പ്രവൃത്തി പൂർത്തീകരിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുക യാണ്. ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ, 7.5 കിലോമീറ്റർ ഒഴിച്ച് ബാക്കി പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചുകഴിഞ്ഞു. ശുദ്ധീകരണ ശാലയിൽ നിന്നും 25 കിലോമീറ്റർ അകലെയുള്ള ഏങ്ങണ്ടിയൂരിലെ സംപിൽ വരെ വെള്ളമെത്തിക്കാൻ സാധിക്കുന്ന നിലയിലേയ്ക്കെത്തി. ഗുരുവായൂർ നഗരസഭ ടാങ്കറിൽ വെള്ളം ചോദിച്ചിട്ടുണ്ട്. ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കി ഒരു മാസത്തിനകം ഇത് നിർമ്മിക്കാനാണ് ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലെ വളരെ വേഗത്തിൽ എല്ലാ ഘടകങ്ങളും പൂർത്തീകരിച്ച് കുടിവെള്ളം

എത്തിക്കുന്നതിനുള്ള നടപടിയിലേയ്ക്ക് നീങ്ങും. ബഹുമാനപ്പെട്ട എം.എൽ.എ. അടക്കമുള്ള ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ഇപ്പോഴത്തെ സ്തംഭനാവസ്ഥ ഒഴിവാക്കാനുള്ള കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനമെടുത്ത് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

## (5) മെഡിക്കൽ കോളേജ് വികസനം

ശ്രീ. മുരളി പെരുനെല്ലി: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ സ്വാഗതാർഹമാണ്. അതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പണി പൂർത്തീകരിച്ച കാത്ത്‌ലാബിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടിയെടുക്കേണ്ടതുണ്ട്. ഭിന്നശേഷിക്കാർക്ക് വളരെ പ്രയോജനകരമായ വിധത്തിലുള്ള ആർട്ടിഫിഷ്യൽ ലിംഫ് ഫിറ്റിംഗ് സെന്ററിന്റെ പണികൾ പൂർത്തീകരിച്ചെങ്കിലും അനുബന്ധ ഘടകങ്ങളുടെ പണികൾകൂടി തീർത്തുകൊണ്ട് പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികളെടുക്കേണ്ടതാണ്. ഓങ്കോളജി സർജിക്കൽ ഡിപ്പാർട്ട്മെന്റ്, ഗ്യാസ്ട്രോ സർജിക്കൽ ഡിപ്പാർട്ട്മെന്റ് എന്നിവ പുതിയതായി ആരംഭിക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. കുടിവെള്ളത്തിന്റെ കാര്യത്തിൽ അവിടെ വളരെയേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ആ പ്രശ്ന പരിഹാരത്തിനായി മെഡിക്കൽ കോളേജിന് ഒരു പ്രത്യേക കുടിവെള്ള പദ്ധതി തന്നെ തയ്യാറാക്കേണ്ടതുണ്ട്. ടോയ്‌ലെറ്റുകളിലെ കേടായ ഫ്ലഷ്, പൊട്ടിപ്പൊളിഞ്ഞ പൈപ്പുകൾ എന്നിവ റിപ്പെയർ ചെയ്താൽ വളരെയേറെ ജലം ലാഭിക്കാൻ കഴിയും. ആവശ്യമായ ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ് ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. 5 രോഗികൾക്ക് ഒരു നഴ്സ് എന്ന അനുപാതം പൂർണ്ണ രൂപത്തിൽ ആയിട്ടില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ജില്ലയിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ആശുപത്രി വികസന സമിതി രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഇത്യാദി വിഷയങ്ങൾ ചർച്ച ചെയ്യാനാവശ്യമായ വിധത്തിൽ ജില്ലയിലെ എം.പി.-മാരെയും എം.എൽ.എ.-മാരെയും ഉൾപ്പെടുത്തി ഒരു യോഗം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തരമായി വിളിച്ചുചേർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പരിഹാരത്തിനാവശ്യമായ നടപടികളെടുക്കുകയും വേണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് ഞാൻ അവിടെ ഒരു മീറ്റിംഗ് നടത്തിയിരുന്നു. അത് സംബന്ധിച്ച് കുറച്ചുകൂടി വിശദമായ യോഗം വിളിച്ചുചേർക്കണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിട്ടുണ്ട്.

അക്കാര്യം പരിഗണിക്കാവുന്നതാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടി ഗവണ്മെന്റിടപെട്ട് സ്വീകരിച്ചിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനം ജലലഭ്യത ഉറപ്പുവരുത്തലാണ്. അതിനാവശ്യമായ നടപടികൾ ഇപ്പോൾത്തന്നെ ജല അതോറിറ്റിയുടെ സഹായത്താൽ സ്വീകരിച്ചിട്ടുണ്ട്. ഭാവിയിൽ പൂർണ്ണമായ ജലലഭ്യത ഉറപ്പുവരുത്തിക്കൊണ്ട് അവിടെത്തേയ്ക്കു മാത്രമായി ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക് സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഇതിനകം നിരവധി നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അവിടെ കാത്ത്ലാബ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തിയായിക്കഴിഞ്ഞു. 14.13 കോടി രൂപയാണ് അതിനുവേണ്ടി അനുവദിച്ചിട്ടുള്ളത്. കാത്ത്ലാബ് ഉദ്ഘാടനം ചെയ്യുന്ന മുറയ്ക്ക് ജീവനക്കാർ ആവശ്യമായിവരും. അതിനുള്ള തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെയും ധനകാര്യ വകുപ്പിന്റെയും പരിഗണനയിലാണ്. നിലവിൽ അവിടെ ഗൈനക്കോളജി, പീഡിയാട്രിക്സ്, പീഡിയാട്രിക് സർജറി വിഭാഗങ്ങൾ എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്. 41.83 കോടി രൂപ ചെലവിൽ അക്കാദമിക് ബ്ലോക്കിന്റെ പണി ഏകദേശം പൂർത്തിയായി, അതിന്റെ ഫർണിഷിംഗിനുവേണ്ടി ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു കോടി രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. ശിശുരോഗ വിഭാഗത്തിനുമാത്രമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ 7.5 കോടി രൂപ ചെലവിൽ പുതിയ കെട്ടിടനിർമ്മാണം പുരോഗമിക്കുകയാണ്. ആർട്ടിഫിഷ്യൽ ലിംഫ് ഫിറ്റിംഗ് സെന്ററിന്റെ കെട്ടിട നിർമ്മാണവും ഏകദേശം പൂർത്തിയായിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ച് അവ സജ്ജമാക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. പട്ടികജാതി കുട്ടികൾക്ക് പ്രാമുഖ്യം നൽകി പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികളും സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഐ.സി.യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടേയും ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഈ ഒഴിവുകളിലേയ്ക്ക് നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള റേഡിയോ തെറാപ്പി വിഭാഗത്തിൽ കൊബാൾട്ട് മെഷീൻ കേടായപ്പോൾ അതിന്റെ സോഴ്സ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇപ്പോൾ അതിന്റെ അവസാനഘട്ട നടപടികൾ സ്വീകരിച്ചുവരുന്നു. പെട്ടെന്നുതന്നെ സോഴ്സ് മാറ്റി സ്ഥാപിക്കാൻ സാധിക്കും. ഈ ഗവണ്മെന്റ് പുതുതായി അനുവദിച്ച 13.72 കോടി രൂപയുടെ ഒരു പുതിയ ലീനിയർ ആക്സിലറേറ്റർ ഇൻസ്റ്റാൾ ചെയ്യുന്നതിനാവശ്യമായ വൈദ്യുതി സംബന്ധിച്ച വർക്കുകൾക്ക് 2 കോടി രൂപ വേറെയും അനുവദിച്ചിട്ടുണ്ട്. 18.31 കോടി രൂപയുടെ പി.ജി. ക്വാർട്ടേഴ്സ് കെട്ടിടം

ഏകദേശം പൂർത്തിയായി വരികയാണ്. 4.9 കോടി രൂപ മുടക്കി അവിടെ പേവാർഡ് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്, അതിന്റെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഭാഗമായി 4.50 കോടി രൂപ ഉപയോഗിച്ച് അവിടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതും ഏകദേശം നടപ്പിലാക്കാൻ കഴിയുന്ന അവസ്ഥയിലാണ്. ഇതിനുപുറമേ 1 കോടി രൂപ ലക്ചർ ഹാളിന്, 1 കോടി രൂപ ഗസ്റ്റ് ഹൗസിന്റെ പണി പൂർത്തിയാക്കുന്നതിന്, 2.85 കോടി രൂപ പാരാമെഡിക്കൽ ലേഡീസ് ഹോസ്റ്റൽ വിഭാഗത്തിന്റെ പ്രവർത്തനത്തിന്, 1 കോടി രൂപ കേന്ദ്രഫണ്ടും പി. കെ. ബിജു എം.പി. നൽകിയ ഒരു കോടി രൂപയും പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരു ഡേ കെയർ കീമോ സെന്റർ, അതും ഏകദേശം പൂർത്തിയായിട്ടുണ്ട്. ജെറിയാട്രിക് റിസർച്ച് കെട്ടിടത്തിന്റെ പണി ഇപ്പോൾ ത്വരിതഗതിയിൽ നടന്നു കൊണ്ടിരിക്കുകയാണ്. റോഡുകളുടെ നിർമ്മാണം കഴിഞ്ഞ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുകയും തടസ്സങ്ങളെല്ലാം നീക്കിക്കൊണ്ട് അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തുകയുമാണ്. ആർട്ടിഫിഷ്യൽ ലിംഫ് ഫിറ്റിംഗ് സെന്ററിന്റെ കാര്യം നേരത്തേ പറഞ്ഞിരുന്നു. അതിന്റെ നിർമ്മാണവും പുരോഗമിക്കുകയാണ്. ഇങ്ങനെ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിരവധി നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഒന്നുരണ്ടു വർഷത്തിനുള്ളിൽ തൃശ്ശൂർ മെഡിക്കൽ കോളേജ് ഏറ്റവും മെച്ചപ്പെട്ട സൗകര്യങ്ങളുള്ള സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് ഇപ്പോൾത്തന്നെ ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ടെന്ന കാര്യം സന്തോഷത്തോടു കൂടി അറിയിക്കുകയാണ്. അതുപോലെ അവിടെ മെറ്റേണൽ ചൈൽഡ് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ടടക്കം തുടങ്ങുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. രണ്ടുവർഷത്തിനുള്ളിൽ തൃശ്ശൂർ മെഡിക്കൽ കോളേജിനെ ഒരു സെന്റർ ഓഫ് എക്സലൻസ് ആക്കി മാറ്റാൻ സാധിക്കും. ഒരു സന്തോഷവാർത്ത കൂടിയുണ്ട്, തൃശ്ശൂർ മെഡിക്കൽ കോളേജിലാണ് നീറ്റ് പി.ജി. എൻട്രൻസ് പരീക്ഷയിൽ ഇന്ത്യയിലെ രണ്ടും മൂന്നും റാങ്കുകൾ ലഭിച്ചിരിക്കുന്നത്. കേരളത്തിന്റെ ഏറ്റവും വലിയ നേട്ടമാണിത്. ഒന്നാം റാങ്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിനും രണ്ടും മൂന്നും റാങ്കുകൾ തൃശ്ശൂർ മെഡിക്കൽ കോളേജിനുമാണ് കിട്ടിയിരിക്കുന്നത്. ദന്തൽ വിഭാഗത്തിലും ഒന്നാം റാങ്ക് കേരളത്തിനാണ് കിട്ടിയിരിക്കുന്നത്. ഇതെല്ലാം ആരോഗ്യ മേഖലയിൽ ഉണ്ടായിട്ടുള്ള ഗുണകരമായ മാറ്റങ്ങളാണ്. അതിന്റെ സന്തോഷംകൂടി അറിയിക്കുന്നു.

## (6) താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സുൽത്താൻബത്തേരി താലൂക്കാശുപത്രിയെ സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെയും രോഗികൾ നിരന്തരമായി ബന്ധപ്പെടുന്നത് ബത്തേരി താലൂക്ക് ആശുപത്രിയെയാണ്. കർണാടക, തമിഴ്നാട് അതിർത്തി പ്രദേശങ്ങൾ പങ്കിടുന്ന ഒരു നിയോജകമണ്ഡലമെന്ന നിലയ്ക്ക് തമിഴ്നാട്ടിലെയും കർണ്ണാടകയിലെയും നിരവധി രോഗികൾ ഈ ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്നുണ്ട്. ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിലയിരുത്തുകയും പ്രസ്തുത ഹോസ്പിറ്റൽ ബിൽഡിംഗിന് ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് 23 കോടി രൂപ അനുവദിക്കുകയും ചെയ്തു. അതോടൊപ്പംതന്നെ ഒരു വൈറോളജി ലാബ്, പബ്ലിക് ഹെൽത്ത് ലാബ് എന്നിവ സ്ഥാപിക്കുന്നതിനായി........ വൈറോളജി ലാബിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട മന്ത്രി നിർവ്വഹിക്കുകയുണ്ടായി. ഈ ബിൽഡിംഗിന്റെ പണി പൂർത്തിയാക്കിയിട്ട് മാസങ്ങളോളമായി. പബ്ലിക് ഹെൽത്ത് ലാബ് കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചു. പക്ഷേ ഇതുവരെയും പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റവും കൂടുതൽ ആദിവാസികൾ തിങ്ങിപ്പാർക്കുന്ന ഒരു നിയോജകമണ്ഡലം കൂടിയാണിത്. ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുമായി സംസാരിക്കുമ്പോൾ അവർ പറയുന്നത് സ്റ്റാഫിന്റെ കുറവുണ്ടെന്നാണ്. അടിസ്ഥാന സൗകര്യമില്ലാത്ത ആ ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫിനെ നിയമിച്ചുകൊണ്ട് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>) : സർ, ബഹുമാനപ്പെട്ട മെമ്പർ സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയുടെ അവസ്ഥയാണ് സൂചിപ്പിച്ചത്. മലയോര മേഖലയിലെ ആദിവാസി സഹോദരങ്ങളുൾപ്പെടെയുള്ളവർ ആശ്രയിക്കുന്ന പ്രധാനപ്പെട്ട ആശുപത്രിയാണിത്. ഈ ആശുപത്രിയെ 1995-ൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തിയതായിരുന്നു. ഇപ്പോൾ അവിടെ ശരാശരി 750-നും 800-നും ഇടയ്ക്ക് ഒ.പി.യാണ് വരുന്നത്. ബെഡ് സ്ട്രെങ്ത് 57 ആണ്. നിലവിൽ രണ്ട് ബ്ലോക്കുകളിലായി ഒന്നര കിലോമീറ്റർ ദൂരത്തായി ആശുപത്രിയുടെ പഴയ ബ്ലോക്കും പുതിയ ബ്ലോക്കും സ്ഥിതി ചെയ്യുകയാണ്. രണ്ട് ബ്ലോക്കുകളിലുമായി 125 ബെഡ്ഡുകളുണ്ട്. മതിയായ ജീവനക്കാരില്ലാത്തത് ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ മൾട്ടി സർക്കിൾ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി ആറ് നിലകളുള്ള പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. നല്ല സൗകര്യങ്ങളുള്ള കെട്ടിടമാണ്. രണ്ട് ലിഫ്റ്റിന്റെ ആവശ്യമുണ്ട്. അതിൽ ഒരു ലിഫ്റ്റിന്റെ പണി അന്ന് പൂർത്തിയായിരുന്നില്ല. ഇപ്പോൾ അത് പൂർത്തിയായിട്ടുണ്ടെന്നാണ് കരുതുന്നത്.

അതിന്റെ ഫയർ സേഫ്റ്റിയും മറ്റ് കാര്യങ്ങളുമെല്ലാം കെ.എസ്.ഇ.ബി.-യിൽനിന്നും ഇടപെട്ട് ചെയ്യേണ്ടതായിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ വേഗത്തിൽ ചെയ്യാൻ സാധിക്കുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പുതിയതായി ജീവനക്കാരെ നിയമിക്കുന്നതിനാണ് ശ്രമിക്കേണ്ടത്. ആർദ്രം മിഷന്റെ ഭാഗമായി താലൂക്കാശുപത്രികളിൽ സ്റ്റാഫുകളെ നിയമിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ ഗവൺമെന്റിന് സമർപ്പിച്ചപ്പോൾ അതിൽ ബത്തേരി താലൂക്കാശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. അധികം വൈകാതെതന്നെ ആ തസ്തികകൾ അംഗീകരിച്ചുകിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അംഗീകരിച്ച് കിട്ടുന്ന മുറയ്ക്ക് താലൂക്കാശുപത്രിയുടെ പ്രവർത്തനം പൂർണ്ണമായ രീതിയിൽതന്നെ തുടരുവാൻ സാധിക്കുമെന്നുമാത്രമല്ല ഈ ഗവൺമെന്റ് വന്നതിനുശേഷം നബാർഡ് പദ്ധതിയിൽപ്പെടുത്തി സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 25 കോടി രൂപ അനുവദിച്ച കാര്യം സന്തോഷത്തോടെ അറിയിക്കുകയാണ്. പോസ്റ്റ് ക്രിയേഷൻ കൂടിയായാൽ നമുക്ക് സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയുടെ പ്രവർത്തനം ഏറ്റവും നല്ല രീതിയിൽ നടത്താൻ സാധിക്കും.

(7) ഇരിണാവ് പാലം

ശ്രീ. റ്റി. വി. രാജേഷ് : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലമായ കല്ല്യാശ്ശേരിയിലെ ഇരിണാവ് പാലത്തിന് 2009-ൽ ഭരണാനുമതി ലഭിച്ചു. അപ്രോച്ച് റോഡിന് സ്ഥലം ലഭ്യമാകാത്തതുകൊണ്ട് അന്ന് പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞില്ല. പിന്നീട് അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഗവൺമെന്റ് അക്വയർ ചെയ്യുകയുണ്ടായി. നടപടിക്രമങ്ങളെല്ലാം പൂർത്തിയായി. 2016 മാർച്ച് 4-ാം തീയതി പാലത്തിന് ഭരണാനുമതി ലഭിക്കുകയുണ്ടായി. അവിടെ ഏതാണ്ട് മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന ഒരു പഞ്ചായത്താണ് മാട്ടൂൽ. ആ പഞ്ചായത്തിലേയ്ക്ക് നിലവിൽ ആളുകൾ ഉപയോഗിക്കുന്ന പാലം 1964-ൽ ജലസേചന വകുപ്പ് നിർമ്മിച്ച ഒരു റെഗുലേറ്റർ കം ബ്രിഡ്ജാണ്. അതിന്റെ കാലപ്പഴക്കം പരിഗണിച്ചാണ് 2009-ൽ അന്നത്തെ സർക്കാർ മലബാർ പാക്കേജിൽപ്പെടുത്തി 9 കോടി 25 ലക്ഷം രൂപ പുതിയ പാലം നിർമ്മിക്കുവാൻ അനുവദിച്ചത്. എന്നാൽ അപ്രോച്ച് റോഡിന് സ്ഥലം ലഭ്യമാകാത്തതിനാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏറ്റവും അവസാനമാണ് ആ പാലത്തിന് ഭരണാനുമതി ലഭിച്ചെങ്കിലും അതിന്റെ ടെണ്ടർ നടപടികളൊന്നും ആരംഭിച്ചിട്ടില്ല. ആ പ്രദേശം പൂർണ്ണമായും ഒറ്റപ്പെടുന്ന അവസ്ഥയാണ് വന്നിരിക്കുന്നത്. ഈ റെഗുലേറ്റർ കം ബ്രിഡ്ജാണെങ്കിൽ ഏത് നിമിഷവും നിലംപൊത്താവുന്ന സ്ഥിതിയിലാണ്. ആ പ്രദേശമാകെ

ഒറ്റപ്പെട്ടുപോകുന്ന സ്ഥിതി കണക്കിലെടുത്തുകൊണ്ട് ആ പ്രദേശത്തെ ജനങ്ങളുടെ ജീവൽപ്രധാനമായ ഒരു ആവശ്യമെന്ന നിലയിൽ, ഭരണാനുമതി ലഭിച്ച ഇരിണാവ് പാലത്തിന്റെ തുടർനടപടികൾ എത്രയും വേഗം ആരംഭിക്കാൻ സത്വര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കല്ല്യാശ്ശേരി മണ്ഡലത്തിലെ കല്ല്യാശ്ശേരി-മാട്ടൂൽ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പയ്യറ്റം-ഇരിണാവ്-മാടക്കര റോഡിലെ ഇരിണാവ് പാലം നിർമ്മാണത്തിന് 14-7-2009-ൽ, അതായത് 7 വർഷം മുൻപാണ് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളത്. 9,25,00,000 രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഇൻവെസ്റ്റിഗേഷൻ നടത്തി പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയിരുന്നു. പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിനുള്ള സ്ഥലം തടസ്സമില്ലാതെ ലഭ്യമായാൽ മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കാവൂ എന്ന് ഗവൺമെന്റ് ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. സൗജന്യമായി ഭൂമി വിട്ടുകിട്ടുന്നതിനുള്ള ശ്രമങ്ങൾ നടന്നെങ്കിലും സ്വകാര്യ വ്യക്തികൾ അതിന് തയ്യാറാകാതിരുന്നതിനാൽ അത് വിജയിച്ചില്ല. ഇതിനുള്ളിൽ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുകയും 15-12-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം 42,38,517 രൂപ സ്ഥലം ഏറ്റെടുക്കുന്നതിന് അനുവദിക്കുകയും 24-1-2016-ൽ സ്പെഷ്യൽ തഹസിൽദാർ (തലശ്ശേരി)-ക്ക് പ്രസ്തുത തുക കൈമാറുകയും ചെയ്തിട്ടുണ്ട്. 4-3-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം പാലം നിർമ്മാണത്തിനായി 16,42,00,000 രൂപയുടെ പുതിയ ഭരണാനുമതി നൽകി. യഥാസമയം പ്രവൃത്തി നടന്നിരുന്നുവെങ്കിൽ ചെലവഴിക്കേണ്ടി വരുമായിരുന്നതിനേക്കാൾ 7 കോടി രൂപ അധികം. എങ്കിലും അത് അനുവദിച്ചിട്ടുണ്ട്. പരസ്പരം കൂടിയാലോചിച്ചിട്ടുള്ള ഭൂമിവാങ്ങൽ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനും ഭൂവുടമകളിൽനിന്നും നേരിട്ട് ആധാരം രജിസ്റ്റർ ചെയ്തു വാങ്ങുന്നതിനും അനുമതി തേടിയുള്ള അപേക്ഷ സർക്കാർ പരിശോധിക്കുകയും അതിന്റെ വ്യക്തതയ്ക്കുവേണ്ടി ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. പാലത്തിന്റെ സമീപ റോഡിനുള്ള സ്വകാര്യ വ്യക്തികളുടെ ഭൂമിക്ക് പുറമേ ചെറുകിട ജലസേചന വകുപ്പിന്റെ അധീനതയിലുള്ള പുറമ്പോക്ക് ഭൂമികൂടി വിട്ടു കിട്ടേണ്ടതായിട്ടുണ്ട്. അതിന് ജലസേചന വകുപ്പിനും ഭരണവകുപ്പ് (മരാമത്ത് വകുപ്പ്) കത്ത് നൽകിയിട്ടുള്ളതാണ്. അത് ലഭിച്ചിട്ടില്ല. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് പ്രത്യേകാനുമതി നൽകുന്നതിന് അടുത്ത സാമ്പത്തിക വർഷത്തെ റഗുലർ ബജറ്റ് പ്രൊവിഷനിൽനിന്നും ചെലവഴിക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ പുനഃസമർപ്പിക്കണമെന്ന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ജില്ലാ കളക്ടർമാരിൽ പലരും അവരിൽ നിക്ഷിപ്തമായ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കാത്തതുകൊണ്ടാണ് ഇതുപോലെയുള്ള കാര്യങ്ങൾ സംഭവിക്കുന്നത്. ഇത്തരം കാര്യങ്ങൾ കൂടിയാലോചിച്ച് പരിഹരിക്കുകയോ നിയമപ്രകാരം പൊതുതാൽപ്പര്യത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുകയോ ചെയ്യുന്നതിന് ചില കളക്ടർമാർ കാലതാമസം വരുത്തുന്നു. അതുകൊണ്ട് കളക്ടറോട് ശുഷ്കാന്തിയോടുകൂടി ഈ കാര്യം ചെയ്യണമെന്ന് അറിയിക്കുന്നതാണ്.

(8) റോഡ് നിർമ്മാണത്തിന് അംഗീകാരം

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, എന്റെ നിയോജക മണ്ഡലമായ മഞ്ചേശ്വരത്തെ കർണ്ണാടക സംസ്ഥാനവുമായി ബന്ധിപ്പിക്കുന്ന റോഡായ ബംഗരമഞ്ചേശ്വരം-കുളൂർ- നിയ്യപ്പതവ് - ചികിർപാത റോഡ് തകരാറായതിനെ തുടർന്ന് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 2015-ൽ നബാർഡിൽ ഉൾപ്പെടുത്തി 9 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും അതിന്റെ ടി.എസ്.-ഉം ടെണ്ടർ നടപടികളുമായി മുന്നോട്ടു പോകുമ്പോൾ തെരഞ്ഞെടുപ്പ് വന്നതിനാൽ കാലതാമസമുണ്ടാകുകയും ചെയ്തു. ആഗസ്റ്റ് രണ്ടായിരത്തിപ്പതിനാറോടുകൂടി ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. പൊട്ടിപ്പൊളിഞ്ഞ റോഡിന്റെ പ്രവൃത്തി ആരംഭിക്കാത്തതിനാൽ ദുരിതമനുഭവിക്കുന്ന നാട്ടുകാർ സമരം നടത്തുകയുണ്ടായി. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിറ്റി ടെണ്ടറിന് അംഗീകാരം നൽകാതെ അനിശ്ചിതമായി നീട്ടുന്നതാണ് കാരണം. ടെണ്ടർ കമ്മിറ്റിക്ക് വയ്ക്കുന്നതിനായി ഫയൽ അയയ്ക്കുമ്പോൾ കമ്മിറ്റി കൂടുന്നതിനുള്ള തീയതി നൽകാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പല തവണകളായി ഫയൽ തിരിച്ചയയ്ക്കുകയാണ് ചെയ്തത്. ഇക്കാര്യം അറിഞ്ഞ ഉടനെ കമ്മിറ്റി യോഗം കൂടി അംഗീകാരം നൽകണമെന്ന് ഞാൻ അങ്ങേയ്ക്കും ചീഫ് സെക്രട്ടറിക്കും കത്ത് നൽകിയിരുന്നു. അങ്ങേയ്ക്ക് നൽകിയ കത്ത് കൃത്യമായ നിർദ്ദേശത്തോടെ ബന്ധപ്പെട്ടവർക്ക് അയച്ചതിനെ തുടർന്ന് കഴിഞ്ഞ 16-2-2017-ന് ടെണ്ടർ കമ്മിറ്റി കൂടി പ്രസ്തുത റോഡിന്റെ ഫയൽ പരിഗണിക്കുകയും നിസ്സാരമായ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പ്രവൃത്തിക്ക് ടെണ്ടർ അംഗീകാരം നൽകാതെ ഫയൽ മാറ്റി വയ്ക്കുകയുമാണുണ്ടായത്. 25 ശതമാനം ബിലോയിൽ എടുത്ത ഒരു വർക്കാണ്. ടെണ്ടർ നടപടികൾക്കായി ഗവൺമെന്റിലേയ്ക്ക് പോയിട്ട് 8 മാസമായി. 25 ശതമാനം ബിലോയിലുള്ള ഈ വർക്ക് 3 മാസംകൊണ്ട് കരാറുകാരന് കൊള്ളാനും തള്ളാനുമുള്ള അവകാശവും അധികാരവുമുണ്ട്. 8 മാസമായതിനാൽ അവർ ഇനി കരാർ ഏറ്റെടുക്കണമെന്നില്ല. എന്നാൽ ഈ വരുന്ന മാർച്ച് 20-ാം തീയതി വരെ കരാർ ഏറ്റെടുത്തോളാമെന്ന് കത്ത് നൽകിയിട്ടുണ്ട്. പക്ഷേ ഏറ്റെടുക്കണമെന്നില്ല. മൂന്ന് മാസം കാലാവധി

കാരാറുകാരന് വയ്ക്കുകയും ഉദ്യോഗസ്ഥൻമാർ 8 മാസം വരെ ഇതിന്റെ കാലാവധി നീട്ടുകയും ചെയ്യുന്നതിൽ വളരെയധികം വേദനയുണ്ട്. ഇത് ഇപ്പോൾ 25 ശതമാനം ബിലോ ആണ്. ഈ വർഷം വർക്ക് നടന്നില്ലെങ്കിൽ അടുത്ത വർഷം 20 ശതമാനം ഷെഡ്യൂൾ റേറ്റ് കൂടുകയും റീ ടെണ്ടറിൽ കോടിക്കണക്കിന് രൂപ സർക്കാരിന് നഷ്ടമാകുകയും ചെയ്യും. അങ്ങനെ കോടികളുടെ നഷ്ടങ്ങളാണ് ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥമൂലം ഗവണ്മെന്റിനുണ്ടാകുന്നത്. അതിനാണ് വിജിലൻസ് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് പറയുന്നത്. ഇതുപോലെ കോടിക്കണക്കിന് രൂപയുടെ നഷ്ടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കരാറുകാർ പ്രവൃത്തിയിൽനിന്ന് പിൻമാറുന്ന മുറയ്ക്ക് ഇത്തരം നഷ്ടങ്ങൾ ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. മൂന്ന് വർഷം മുൻപ് പൊട്ടിപ്പൊളിഞ്ഞ റോഡിനാണ് സർക്കാർ ഫണ്ട് വയ്ക്കുന്നത്. പക്ഷേ 2015-ൽ അംഗീകാരം കിട്ടിയ ഈ വർക്ക് ഇപ്പോൾ നാലാം വർഷത്തിലേയ്ക്ക് നീങ്ങുകയാണ്. അപ്പോൾ നാട്ടുകാരുടെ കാര്യങ്ങൾ പ്രത്യേകമായി ഒന്ന് ചിന്തിക്കേണ്ടതുണ്ട്. മൂന്ന് വർഷംമുമ്പ് ടെണ്ടർ അനുമതി ലഭിച്ചിട്ടും അതിന്റെ അറ്റകുറ്റപ്പണിക്കുപോലും ഫണ്ട് വയ്ക്കാൻ പറ്റാത്തൊരു സാഹചര്യത്തിൽ ആ നാട്ടുകാർ, അങ്ങയുടെ പാർട്ടി ഉൾപ്പെടെ പങ്കെടുത്ത് സമരം ചെയ്യുന്നുണ്ട്. അതിന് അറുതി വരുത്തണമെന്നു മാത്രം ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, തൊട്ടുമുൻപ് ശ്രീ. റ്റി. വി. രാജേഷിന്റെ സബ്മിഷന് ഞാൻ മറുപടി പറഞ്ഞപ്പോൾ 7 വർഷക്കാലമാണ് പാഴാക്കിക്കളഞ്ഞത് എന്ന് സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ രണ്ട് വർഷത്തെ കാലതാമസം പറയുന്നു. കേരളത്തിലെ മരാമത്ത് പണികളുടെ 50 വർഷത്തെ ചരിത്രം പരിശോധിച്ചാൽ 5 പഞ്ചവൽസര പദ്ധതിക്കുള്ള മൊത്തം തുകയും ഇങ്ങനെ പാഴാക്കിക്കളഞ്ഞിട്ടുണ്ട് എന്ന് മനസ്സിലാക്കാൻ കഴിയും. ഇത് സംബന്ധിച്ച് വിജിലൻസ് എൻക്വയറി കൊണ്ടൊന്നും കാര്യമില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ആത്മാർത്ഥതയും ഉത്തരവാദിത്വവും കാട്ടണം. മന്ത്രിമാരും എം.എൽ.എ.-മാരും മാത്രമല്ല, അവരുടെ തീരുമാനം നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥർ സമയത്ത് കമ്മിറ്റി കൂടാതിരിക്കുന്നതും സർവ്വസാധാരണമാണ്. ഇത് കുറേ കാലമായിട്ടുള്ളതാണ്. കർണ്ണാടകയുമായി ബന്ധിപ്പിക്കുന്ന കാസർഗോഡ് മഞ്ചേശ്വരം മണ്ഡലത്തിലെ ബംഗരമഞ്ചേശ്വരം - കുളൂർ -നിയ്യപ്പതവ് -ചികിർപാത റോഡിന്റെ (നബാർഡ്) പ്രവൃത്തിക്കായി ടെണ്ടർ അംഗീകാരം നൽകുന്നത് സംബന്ധിച്ച വിഷയം 16-2-2017-ൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ടെണ്ടർ

കമ്മിറ്റി പരിഗണിച്ചുവെങ്കിലും ചീഫ് ടെക്നിക്കൽ എക്സാമിനർ ചൂണ്ടിക്കാണിച്ച പോരായ്മകളിന്മേൽ പൊതുമരാമത്ത് ചീഫ് എഞ്ചിനീയറോട് വിശദീകരണം തേടിയിരിക്കുകയാണ്. വിശദീകരണം കിട്ടിയ ശേഷം ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അംഗീകാരത്തോടുകൂടി അടുത്ത ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ അടങ്കൽ തുക 9 കോടി രൂപയാണ്. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സാങ്കേതിക അനുമതി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് കിട്ടിയാലുടൻ കമ്മിറ്റിയിൽവച്ച് തീരുമാനമെടുക്കുന്നതാണ്. സാങ്കേതിക തടസ്സങ്ങളുണ്ടെങ്കിലും കാസർഗോഡ് ജില്ലയിലെ എല്ലാ അസംബ്ലി മണ്ഡലങ്ങൾക്കും പി.ഡബ്ല്യൂ.ഡി. പ്രത്യേക പരിഗണന നൽകിവരികയാണ്. ടെണ്ടർ കമ്മിറ്റിയുടെ പ്രവർത്തനമില്ലായ്മ കാലതാമസം വരുത്തുന്നുണ്ട്. ഇത് മരാമത്ത് മന്ത്രിക്ക് ഒരു ഇടപെടലും നടത്താൻ കഴിയുന്ന കാര്യമല്ല. അതവർ സ്വയം ചെയ്യേണ്ട കാര്യമാണ്. വേലി തന്നെ വിളവു തിന്നുന്ന രീതി അവസാനിപ്പിക്കണം. ചട്ടങ്ങളുടെ സ്വീകാര്യത അനുസരിച്ചുതന്നെ കാര്യങ്ങൾ നടക്കണം. ഏത് ഗവൺമെന്റായാലും എല്ലാ ബുധനാഴ്ചയും മന്ത്രിസഭാ യോഗം ചേരുകയാണ്. എന്തെല്ലാം തിരക്കുകൾ ഉണ്ടെങ്കിലും മന്ത്രിമാർ ഓടി എത്തുകയാണ്. ആ ദിവസം ക്യാബിനറ്റ് കൂടാൻ പറ്റുന്നില്ലെങ്കിൽ തൊട്ടടുത്ത ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിക്കും. ടെണ്ടർ കമ്മിറ്റി വിളിച്ചു കൂട്ടാൻ ആറ് മാസവും എട്ട് മാസവും എടുക്കുക എന്നുപറഞ്ഞാൽ എനിക്കൊന്നും പറയാനില്ല. ബന്ധപ്പെട്ടവർ എന്താണ് ചെയ്യേണ്ടതെന്ന് മനസ്സിലാക്കി പരിഹാരം കാണണം. മണ്ണിന്റെ വില നിശ്ചയിക്കാത്തത് കാരണം കുട്ടനാട്ടിൽ ഇപ്പോൾ വർക്കൊന്നും നടക്കുന്നില്ല. വില നിശ്ചയിക്കാൻ നമുക്ക് അധികാരമില്ല. അവിടെ 600 രൂപയ്ക്കൊന്നും ആരും മണ്ണ് തരില്ല. കാരണം ഹൈറേഞ്ചിൽനിന്ന് ലോറിയിൽ മണ്ണ് കൊണ്ടുവന്ന് വള്ളത്തിൽ കയറ്റണം. 1,700 രൂപ കൊടുത്താൽ മതി. പക്ഷേ കൊടുക്കില്ല. ഇത്തരം സാങ്കേതിക ഉത്തരവാദിത്വമുള്ള ആളുകൾ ജനാധിപത്യത്തിന്റെയും വികസനത്തിന്റെയും ആവശ്യം പരിഗണിച്ച് വഴങ്ങേണ്ടതായിട്ടുണ്ട്. അങ്ങനെയല്ലെങ്കിൽ നമുക്ക് നടപടി എടുക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച കാര്യത്തിൽ ടെണ്ടർ കമ്മിറ്റി യോഗം കൂടി ചീഫ് ടെക്നിക്കൽ എക്സാമിനർ പറയുന്ന പോരായ്മ പരിഹരിച്ചേ പറ്റൂ, അതിൽ വിട്ടുവീഴ്ചയില്ല: അങ്ങനെ പരിഹരിച്ച് എത്രയും വേഗം അത് സാക്ഷാത്കരിക്കാൻ ഈ സബ്മിഷൻ ഇടവരുത്തട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

## (9) കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ. ഒരേ സ്റ്റേഡിയത്തിൽത്തന്നെ രണ്ട് 400 മീറ്റർ ട്രാക്കുകളും മനോഹരമായി പുൽവിരിച്ച രണ്ട് ഫുട്ബോൾ കോർട്ടുകളുമുള്ള ഏഷ്യയിലെ തന്നെ ഏറ്റവും വലിയ നാച്വറൽ സ്റ്റേഡിയമാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം. കേരളത്തിലെ ഏറ്റവും മികച്ച സിന്തറ്റിക് ട്രാക്കാണ് ഇവിടെയുള്ളത്. അന്താരാഷ്ട്ര നിലവാരമുള്ളതും 50 മീറ്റർ നീളമുള്ളതുമായ സ്വിമ്മിംഗ് പൂളിന്റേയും പരിശീലന പൂളിന്റേയും നിർമ്മാണം നടന്നുവരുന്നു. ഈ സ്റ്റേഡിയത്തിൽ ഇത്രയേറെ സൗകര്യങ്ങൾ ഉണ്ടെങ്കിലും അന്താരാഷ്ട്ര മൽസരങ്ങൾ നടത്തണമെങ്കിൽ സ്പോർട്ട്സ് പവലിയനും, ഫ്ലെഡ് ലൈറ്റും കൂടി നിർമ്മിച്ചേ മതിയാകൂ. ദേശീയ യൂത്ത് അത്‌ലറ്റ് മീറ്റും സ്റ്റേറ്റ് സ്കൂൾ കായികോത്സവവും വളരെ വിജയകരമായി അവിടെ വച്ച് നടക്കുകയുണ്ടായി. അഖിലേന്ത്യാ അന്തർ സർവ്വകലാശാല മൽസരങ്ങളിൽ കാലിക്കറ്റ് സർവ്വകലാശാല ഈ വർഷം നേടിയ വിജയങ്ങൾ ഈ സ്റ്റേഡിയത്തിന്റെ ഗുണഫലമാണ്. ശ്രീമതി പി.ടി. ഉഷ അടക്കമുള്ള നിരവധി പ്രതിഭകളെ രാജ്യത്തിന് സംഭാവന ചെയ്ത സ്റ്റേഡിയമാണ് കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയം. ഇവിടെനിന്നും വെറും 6 കിലോമീറ്റർ അകലെയാണ് അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതി ചെയ്യുന്നത്. 20 കിലോമീറ്റർ പരിധിക്കുള്ളിൽ 3 റെയിൽവേ സ്റ്റേഷനുകളുണ്ട്. യൂണിവേഴ്സിറ്റിയുടെ മുൻഭാഗത്തുകൂടിയാണ് നാഷണൽ ഹൈവേ കടന്നുപോകുന്നത്. 6 കിലോമീറ്ററിനുള്ളിൽ കടൽത്തീരവുമുണ്ട്. ഇത്തരമൊരു തന്ത്രപ്രധാനമായ ലൊക്കേഷൻ കേരളത്തിൽ മറ്റൊരു സ്റ്റേഡിയത്തിനുമുണ്ടാകില്ല. ഇത്തരം സാധ്യതകൾ കണക്കിലെടുത്ത് കാലിക്കറ്റ് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 1968-ൽ സ്ഥാപിതമായ കോഴിക്കോട് സർവ്വകലാശാലയിൽ ഇപ്പോൾ 410 അഫിലിയേറ്റഡ് കോളേജുകളിലായി ഏകദേശം 3 ലക്ഷം വിദ്യാർത്ഥികൾ വിവിധ കോഴ്സുകളിൽ പഠനം നടത്തി വരുന്നു. കേന്ദ്ര കായിക യുവജനക്ഷേമ മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടി ഉയർന്ന നിലവാരത്തിലുള്ള 400 മീറ്റർ സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. പ്രസ്തുത സ്റ്റേഡിയം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള 25.7 കോടി രൂപയുടെ പ്രോജക്ട് സർവ്വകലാശാല തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 20 കോടി രൂപ പവലിയനും 5.7 കോടി രൂപ ഫ്ലെഡ് ലൈറ്റിനും ചെലവാകുമെന്ന് കണക്കാക്കിയിട്ടുണ്ട്. സർക്കാരിന് ലഭിച്ച പ്രസ്തുത റിപ്പോർട്ട് പ്രത്യേകം പരിശോധിക്കുന്നതാണ്.

## V. മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | തീയതി | വിജ്ഞാപനത്തിന്റെ കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 798/2016 | ജി.ഒ.(ആർ.ടി.) നമ്പർ 3713/ 2016/ഹോം. | 23-12-2016 | അല്ല |
| 2 | 26/2017 | ജി.ഒ. (പി) നമ്പർ 32/2016/ പി.&എ.ആർ.ഡി. | 27-12-2016 | അല്ല |
| 3 | 39/2017 | ജി.ഒ.(ആർ.ടി.) നമ്പർ 114/ 2017/ഹോം. | 16-1-2017 | അല്ല |
| 4 | 41/2017 | ജി.ഒ.(ആർ.ടി.) നമ്പർ 113/ 2017/ഹോം. | 16-1-2017 | അല്ല |
| 5 | 57/2017 | ജി.ഒ.(എം.എസ്.) നമ്പർ 19/ 2017/ഹോം. | 3-2-2017 | അല്ല |
| 6 | 69/2017 | ജി.ഒ.(എം.എസ്.) നമ്പർ 20/ 2017/ഹോം. | 7-2-2017 | അല്ല |
| 7 | 82/2017 | നമ്പർ 11186/സി13/2017-I/വിജ്. | 13-2-2017 | അല്ല |
| 8 | 83/2017 | നമ്പർ 11186/സി13/ 2017-II /വിജ്. | 13-2-2017 | അല്ല |
| 9 | 84/2017 | നമ്പർ 11186/സി13/ 2017-III /വിജ്. | 13-2-2017 | അല്ല |
| 10 | 85/2017 | നമ്പർ 11186/സി13/2017-IV /വിജ്. | 13-2-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം | 2011-12<br>2012-13 | വാർഷിക ചെലവ് കണക്കുകൾ | അതെ |
| 2 | ഇലക്ട്രോണിക്സ് ടെക്നോളജി പാർക്ക് (ടെക്നോ പാർക്ക്) | 2010-11 | ഭരണ റിപ്പോർട്ട് | അതെ |
| 3 | ഇലക്ട്രോണിക്സ് ടെക്നോളജിപാർക്ക് (ടെക്നോ പാർക്ക്) | 2011-12 | ഭരണ റിപ്പോർട്ട് | അതെ |
| 4 | ഇലക്ട്രോണിക്സ് ടെക്നോളജിപാർക്ക് (ടെക്നോ പാർക്ക്) | 2013-14 | ഭരണ റിപ്പോർട്ട് | അതെ |

II. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 68/2017 | സ.ഉ. (കൈയെഴുത്ത്) നമ്പർ 1/2017/സാം.കാ.വ. | 7-2-2017 | അല്ല |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 38/2017 | സ.ഉ.(പി) നമ്പർ 8/2017/റവന്യൂ | 17-1-2017 | അല്ല |

IV. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 49/2017 | സ.ഉ.(അച്ചടി) നമ്പർ 4/2017/ത.സ്വ.ഭ.വ. | 19-1-2017 | അല്ല |
| 2 | 61/2017 | സ.ഉ.(അച്ചടി) നമ്പർ 5/2017/ത.സ്വ.ഭ.വ. | 28-1-2017 | അല്ല |

V. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 40/2017 | ജി.ഒ.(പി) നമ്പർ 6/ 2017/കോ-ഓപ്. | 13-1-2017 | അല്ല |
| 2 | 58/2017 | ജി.ഒ.(പി) നമ്പർ 115/ 2016/കോ-ഓപ്. | 21-12-2016 | അല്ല |
| 3 | 67/2017 | ജി.ഒ.(പി) നമ്പർ 4/ 2017/കോ-ഓപ്. | 12-1-2017 | അല്ല |
| 4 | 76/2017 | ജി.ഒ.(പി) നമ്പർ 9/ 2017/കോ-ഓപ്. | 14-2-2017 | അല്ല |

VI. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം.എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

VII. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 70/2017 | ജി.ഒ.(പി) നമ്പർ 1/2017/ ഡബ്ല്യു.ആർ.ഡി. | 10-2-2017 | അല്ല |

VIII. വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | - | നമ്പർ കെ.ബി.1599/ 2013/ ഇ 1(ബി). | 12-8-2015 | അതെ |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും | അതെ |

IX. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ വനവും മൃഗസംരക്ഷണവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |

X. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2011-12 | ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2012-13 | ആഡിറ്റ് റിപ്പോർട്ട് | അതെ |

XI. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 72/2017 | ജി.ഒ.(പി) നമ്പർ 3/2017/ട്രാൻ. | 13-2-2017 | അല്ല |

XII. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 66/2017 | ജി.ഒ.(എം.എസ്.) നമ്പർ 1/2017/ എസ്.ജെ.ഡി. | 25-1-2017 | അല്ല |

XIII. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 75/2017 | ജി.ഒ.(പി) നമ്പർ 06/2017/റ്റിഡി. | 14-2-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ :

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |

XIV. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 45/2017 | ജി.ഒ.(പി) നമ്പർ 02/2017/റ്റി.ഡി. | 25-1-2017 | അല്ല |
| 2 | 46/2017 | ജി.ഒ.(പി) നമ്പർ 03/2017/റ്റി.ഡി. | 25-1-2017 | അല്ല |
| 3 | 94/2017 | സ.ഉ.(അ) നമ്പർ 23/2017/ധനം. | 21-2-2017 | അല്ല |

## VI. റിപ്പോർട്ട് സമർപ്പണം

1. 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV -ന്റെ റിപ്പോർട്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2. (i) 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ

(ii) 2016 -ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ

(iii) 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII- ന്റെ റിപ്പോർട്ടുകൾ.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ, 2016 -ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ, 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ റിപ്പോർട്ടുകളും അതിനോട് അനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളും സമിതി ചെയർമാന്റെ അഭാവത്തിൽ സമിതി യോഗ തീരുമാനപ്രകാരം എക്സ്-ഒഫീഷ്യോ അംഗമായ ഞാൻ സമർപ്പിക്കുന്നു.

3. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 5 മുതൽ 7 വരെയുള്ള റിപ്പോർട്ടുകൾ.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 5 മുതൽ 7 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII. ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

### 2016-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി

ശ്രീ. എം. ഉമ്മർ: സർ, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് അതിന്റെ ചട്ടത്തിൽ എസ്.ആർ.ഒ. നമ്പർ 786/2016, 26-12-2016-ൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. റദ്ദാക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

നിലവിലുള്ള ചട്ടപ്രകാരം ഈ കമ്മിറ്റിയിലെ അംഗങ്ങൾ, അദ്ധ്യക്ഷനും മറ്റ് അംഗങ്ങളും അവരുടെ നിയമന തീയതി മുതൽ രണ്ട് വർഷക്കാലത്തേയ്ക്ക് ഉദ്യോഗം വഹിക്കാവുന്നതാണ് എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. എന്നാൽ പുതിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കമ്മിറ്റിയിലെ അദ്ധ്യക്ഷനും അംഗങ്ങൾക്കും സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കാവുന്നതാണ്. ഇത് രണ്ടും നിലനിൽക്കുകയാണ്. ഇത് പരസ്പര വിരുദ്ധമാണ്. ഒന്നിൽ പറയുന്നത്

രണ്ട് വർഷക്കാലം ഇതിലെ അംഗങ്ങൾക്ക് തുടരാവുന്നതാണെന്നാണ്. ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി പ്രകാരം സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം തുടരാവുന്നതാണ് എന്നും വന്നിരിക്കുന്നു. ഇത് രണ്ടും പരസ്പര വിരുദ്ധമായി നിൽക്കുകയാണ്. ഈ വ്യവസ്ഥകൾ തമ്മിലുള്ള വിരുദ്ധത ഒരിക്കലും നിലനിൽക്കുന്നതല്ല. ഇതിൽ പറയുന്ന പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ ക്ലോസ്സ് 2 -ൽ നിയമിക്കപ്പെടുന്ന അംഗങ്ങളുടെ യോഗ്യതയെക്കുറിച്ച് പറയുന്നുണ്ട്. ധനകാര്യം, സാമ്പത്തിക നിർവ്വഹണം, ആസൂത്രണം, അക്കൗണ്ടും ആഡിറ്റും, നിയമം എന്നീ അഞ്ച് മേഖലകളിൽ നിന്നുള്ള വിദഗ്ദ്ധരായ അംഗങ്ങളെയാണ് തെരഞ്ഞെടുക്കേണ്ടത്. അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ആക്ടിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. ബഹുമാന്യരായ മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവർ ഉൾപ്പെടുന്ന ഒരു തെരഞ്ഞെടുപ്പ് കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണ് സർക്കാർ കമ്മിറ്റി അംഗങ്ങളെ നിയമിക്കേണ്ടതെന്ന് ചട്ടം 6(3)-ൽ കൃത്യമായി പറയുന്നുണ്ട്. കമ്മിറ്റിയിലെ അംഗങ്ങളെ സംബന്ധിച്ച നിബന്ധനകളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടേണ്ടത് ക്രമപ്രകാരമാണ്. സർക്കാർ ഈ കമ്മിറ്റിയുടെ ചുമതല പറയുന്നുണ്ട്. സർക്കാരിന്റെ ധനസംബന്ധമായ ഉത്തരവാദിത്തത്തെക്കുറിച്ച് പരിശോധിക്കാനും ശിപാർശ നൽകാനും ചുമതലപ്പെട്ട ഒരു ഉന്നതാധികാര സമിതിക്ക് സ്വതന്ത്രമായി ഭീതി കൂടാതെ പ്രവർത്തിക്കാൻ നിലവിലുള്ള രണ്ട് വർഷക്കാലംതന്നെ അപര്യാപ്തമാണ്. സർക്കാരിന്റെ പ്രീതി സമ്പാദിക്കാൻ കഴിയുന്നിടത്തോളം മാത്രം, ഉന്നതാധികാര സമിതിയുടെ കാലാവധി സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം, എന്നു പറഞ്ഞാൽ സർക്കാരിന്റെ whims and fancy അനുസരിച്ച് ഇങ്ങനെയുള്ള ആളുകളെ പുറത്താക്കുക എന്നത് ഒരിക്കലും ശരിയായ നടപടിയല്ല. അത് മുൻപ് ഈ നിയമസഭ പാസ്സാക്കിയ നിയമത്തിന്റേയും ആക്ടിന്റേയും റൂളിന്റേയും സ്പിരിറ്റിന് വിരുദ്ധമാണ്. ഇത്തരം കമ്മിറ്റികളുടെ അധികാരങ്ങളും കർത്തവ്യങ്ങളും, മുൻവർഷങ്ങളിൽ ധനസംബന്ധമായ ലക്ഷ്യങ്ങളിൽ വ്യതിയാനമുണ്ടായിട്ടുണ്ടോ, ഓരോ ഇനത്തിന്റേയും പൂർണ്ണ വിവരം നൽകുന്ന ഒരു പുനഃപരിശോധനാ റിപ്പോർട്ട് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലും, ഇടവേളകളിലും കമ്മിറ്റി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. എന്നുപറഞ്ഞാൽ വളരെ പ്രധാനപ്പെട്ട, ധനകാര്യവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഗവൺമെന്റിന് ശിപാർശ നൽകാവുന്ന ഒരു കമ്മിറ്റിക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് വേണ്ടിയാണ് മുൻപ് ഇങ്ങനെയുള്ള വ്യവസ്ഥകൾ ഈ ചട്ടത്തിൽ വന്നിട്ടുള്ളത്. എന്നാൽ ഇപ്പോൾ സർക്കാരിന് യഥേഷ്ടം പിരിച്ചുവിടാം എന്നുവന്നാൽ നിർഭയമായി, നിഷ്പക്ഷമായി, മാറിയ സാഹചര്യത്തിൽ ഗവൺമെന്റിന്റെ കടമെടുപ്പുമായി ബന്ധപ്പെട്ട് ഇത് സുതാര്യമാക്കുക എന്നുള്ളതാണ്

ഈ ആക്ടുകൊണ്ട് ഉദ്ദേശിക്കുന്നത്. അതിന് സുതാര്യത ഉണ്ടാകുകയില്ല. അതുകൊണ്ട് ഈ കമ്മിറ്റിയിലെ അംഗങ്ങൾക്ക് നിർഭയമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണുണ്ടാകുന്നത്. ആക്ടിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് തന്നെ ഒരു ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് 'അതിൽ നിർണ്ണയിക്കപ്പെട്ട' എന്നുപറഞ്ഞിട്ടുണ്ട്. 'നിർണ്ണയിക്കപ്പെട്ട' എന്നുപറഞ്ഞില്ലെങ്കിൽ ഈ ക്ലോസ്സിൽ എന്തും മാറ്റിവയ്ക്കാനുള്ള അധികാരം ഗവൺമെന്റിനുണ്ടാകും. അതുകൊണ്ട് 'നിർണ്ണയിക്കപ്പെട്ട' എന്നത് മാറ്റരുതെന്ന് അങ്ങ് ആക്ടിൽ കൊണ്ടുവന്ന ഭേദഗതി ഗവൺമെന്റ് സ്വീകരിച്ചു. അതുതന്നെയാണ് 'നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ' എന്ന് ചട്ടത്തിലും പറയുന്നത്. അപ്പോൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു കമ്മിറ്റിയെ ആർബിട്രറിയായി ഗവൺമെന്റിന്റെ ഇഷ്ടാനുസരണം തള്ളിക്കളയുക എന്നത് ഒട്ടും ശരിയല്ല, അതുകൊണ്ട് നിയമവിരുദ്ധമായി എന്നുതന്നെ പറയാവുന്ന വിധത്തിൽ കൊണ്ടുവന്ന, ഗവൺമെന്റിന് അധികാരമുണ്ടെങ്കിലും.... അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ബില്ലാണ് എങ്കിലും, അതിൽ പ്രതിപക്ഷ നേതാവുമായി ചർച്ച ചെയ്തുകൊണ്ടാണ് ഇങ്ങനെയുള്ള അംഗങ്ങളെ വയ്ക്കേണ്ടത് എന്ന ക്ലോസ്സ് വച്ചിട്ടുണ്ട്, അപ്പോൾ പ്രതിപക്ഷ നേതാവുമായി ചർച്ച ചെയ്ത് എടുക്കുന്ന അംഗങ്ങളെ പുറത്താക്കുമ്പോൾ പ്രതിപക്ഷ നേതാവുമായി സംസാരിക്കുന്നില്ല, അത് ആക്ടിന് വിരുദ്ധമാണ്. അതുകൊണ്ട് ഇത് റദ്ദാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ബില്ലുകളിൽ ഒരു ക്ലോസ്സ് എപ്പോൾ വരികയാണെങ്കിലും ആ ക്ലോസ് തള്ളിക്കളയുകയാണെങ്കിൽ അത് വളരെ കൃത്യമായി ഇന്ന കാരണങ്ങളാൽ തള്ളുന്നു എന്ന് വ്യക്തമായി പറഞ്ഞു മനസ്സിലാക്കിയതിനുശേഷം മാത്രമേ തള്ളാറുള്ളൂ. അതുകൊണ്ട് ആർബിട്രറിയായി ഇതിനെ തള്ളരുത്, ഇതിന്റെ കാര്യകാരണത്തെ സംബന്ധിച്ച് കൃത്യമായി പറയണം. ന്യായവും അതുപോലെ ഈ ബില്ലിന്റെ സ്പിരിറ്റും ഉൾക്കൊണ്ടുകൊണ്ട് അങ്ങ് ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി റദ്ദാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സർ, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്ടിന്റെ 6-ാം വകുപ്പ് പൊതുചെലവ് പുനഃപരിശോധന കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു. 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ചട്ടങ്ങളിലെ 8-ാം ചട്ടം കമ്മിറ്റിയിലെ അംഗങ്ങളുടെ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു. 2016 ഡിസംബർ 16-ാം തീയതിയിലെ എസ്.ആർ.ഒ. നമ്പർ 786/16 പ്രകാരം 1 (എ) ഉപചട്ടം പ്രസ്തുത ചട്ടങ്ങളിൽ കൂട്ടിച്ചേർത്തു. പ്രസ്തുത ചട്ടം കമ്മിറ്റിയിലെ അദ്ധ്യക്ഷനും അംഗങ്ങളും സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇങ്ങനെ വ്യവസ്ഥ ചെയ്യാൻ

കാരണമെന്താണ്; രൂപീകരിക്കപ്പെടുന്ന കമ്മിറ്റി ഉത്തരവാദിത്വം പേറുന്നതിനുള്ള പ്രാഗൽഭ്യവും സർക്കാർ മുന്നോട്ടുവയ്ക്കുന്ന പൊതു കാഴ്ചപ്പാടുകളിൽ നിൽക്കുന്ന അംഗങ്ങളടങ്ങുന്നതുമാണെന്ന ബോധ്യം സർക്കാരിന് വേണം. അങ്ങനെയൊരു ബോധ്യം സർക്കാരിനില്ലെങ്കിൽ പ്രായോഗികമായി നിരന്തരമായിട്ടുള്ള പല പ്രശ്നങ്ങളും സൃഷ്ടിക്കും. അതുകൊണ്ടാണ് ഇത്തരത്തിലുള്ള ചട്ടം കൂട്ടിച്ചേർത്തത്. ഇങ്ങനെയൊരു ചട്ടത്തിൽ മാറ്റം വരുത്തുന്നതിന് സർക്കാരിന് അധികാരമുണ്ടോ ഇല്ലയോ എന്നതാണ് സഭയിൽ പരിശോധിക്കപ്പെടേണ്ടത്. ഈ ഭേദഗതി ചട്ടങ്ങൾ ക്രമപ്രകാരമാണ്. അതുകൊണ്ട് എസ്.ആർ.ഒ. 786/2016 റദ്ദാക്കേണ്ട ആവശ്യമില്ല. ഇതിന്റെ അടിസ്ഥാനത്തിൽ അങ്ങ് പറഞ്ഞതുപോലെ പ്രതിപക്ഷ നേതാവടക്കമുള്ള കമ്മിറ്റി ചേരുകയും പുതിയ സമിതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ താങ്കളുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: ഞാൻ പ്രസ് ചെയ്യുന്നു, പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. മഞ്ഞളാംകുഴി അലി
6. ശ്രീ. അനിൽ അക്കര
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. കെ. സി. ജോസഫ്
13. ശ്രീ. മോൻസ് ജോസഫ്
14. ശ്രീ. എൽദോസ് കുന്നപ്പിള്ളി
15. ശ്രീ. ഉമ്മൻ ചാണ്ടി
16. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
17. ശ്രീ. റോഷി അഗസ്റ്റിൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. വി. പി. സജീന്ദ്രൻ
20. ശ്രീ. വി. ഡി. സതീശൻ
21. ശ്രീ. സണ്ണി ജോസഫ്
22. ശ്രീ. ഷാഫി പറമ്പിൽ
23. ശ്രീ. കെ. എം. ഷാജി
24. ശ്രീ. വി. എസ്. ശിവകുമാർ
25. ശ്രീ. പി. ടി. തോമസ്
26. ശ്രീ. പി. ഉബൈദുള്ള
27. ശ്രീ. എം. ഉമ്മർ

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ

8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ജോർജ് എം. തോമസ്
14. ശ്രീ. ചിറ്റയം ഗോപകുമാർ
15. ഡോ. കെ. ടി. ജലീൽ
16. ശ്രീ. ജെയിംസ് മാത്യു
17. ശ്രീ. ഇ. പി. ജയരാജൻ
18. ശ്രീ. വി. ജോയി
19. ശ്രീ. കെ. കുഞ്ഞിരാമൻ
20. ശ്രീ. വി. കെ. സി. മമ്മത് കോയ
21. ശ്രീ. എം. എം. മണി
22. ശ്രീ. എ. സി. മൊയ്തീൻ
23. ശ്രീ. ഡി. കെ. മുരളി
24. ശ്രീ. മുരളി പെരുനെല്ലി
25. ശ്രീ. സി. കെ. നാണു
26. ശ്രീ. യു. ആർ. പ്രദീപ്
27. ശ്രീ. കെ. ഡി. പ്രസേനൻ
28. ശ്രീമതി യു. പ്രതിഭ ഹരി
29. ശ്രീ. പുരുഷൻ കടലുണ്ടി
30. ശ്രീ. പി. ടി. എ. റഹീം
31. ശ്രീ. എം. രാജഗോപാലൻ
32. ശ്രീ. കെ. രാജൻ

33. ശ്രീ. എസ്. രാജേന്ദ്രൻ

34. ശ്രീ. ആർ. രാജേഷ്

35. ശ്രീ. റ്റി. വി. രാജേഷ്

36. ശ്രീ. രാജു എബ്രഹാം

37. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

38. ശ്രീ. മുല്ലക്കര രത്നാകരൻ

39. പ്രൊഫ. സി. രവീന്ദ്രനാഥ്

40. ശ്രീ. കാരാട്ട് റസാഖ്

41. ശ്രീ. സി. കെ. ശശീന്ദ്രൻ

42. ശ്രീ. പി. കെ. ശശി

43. ശ്രീ. ഐ. ബി. സതീഷ്

44. ശ്രീ. എ. എൻ. ഷംസീർ

45. ശ്രീ. ജി. സുധാകരൻ

46. ശ്രീ. വി. ആർ. സുനിൽ കുമാർ

47. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

48. ശ്രീ. കെ. സുരേഷ് കുറുപ്പ്

49. ശ്രീ. എം. സ്വരാജ്

50. ശ്രീ. പി. തിലോത്തമൻ

51. ഡോ. ടി. എം. തോമസ് ഐസക്

52. ശ്രീ. പി. ഉണ്ണി

53. ശ്രീ. കെ. വി. വിജയദാസ്

54. ശ്രീ. ഇ. കെ. വിജയൻ

55. ശ്രീ. പിണറായി വിജയൻ

56. ശ്രീ. എൻ. വിജയൻ പിള്ള

<u>നിഷ്പക്ഷത പാലിക്കുന്നവർ:</u>

1. ശ്രീ. ഒ. രാജഗോപാൽ

2. ശ്രീ. പി. സി. ജോർജ്

<u>മി. സ്പീക്കർ</u>:-

അനുകൂലിക്കുന്നവർ - 27

പ്രതികൂലിക്കുന്നവർ - 56

നിഷ്പക്ഷത പാലിക്കുന്നവർ - 2

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

## VIII. പ്രത്യേക പരാമർശം

<u>സ്പീക്കറുടെ റൂളിംഗ് സംബന്ധിച്ച്</u>

<u>ശ്രീ. കെ.സി. ജോസഫ്</u>: സർ, ഞാൻ രാവിലെ അങ്ങേയ്ക്ക് രേഖാമൂലം ആവശ്യപ്പെട്ട പ്രകാരമാണ് ഈ ക്രമപ്രശ്നം ഉന്നയിക്കുന്നത്. ഇന്നലെ സഭ പിരിയുമ്പോൾ അങ്ങ് നടത്തിയ റൂളിംഗിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന അദ്ദേഹത്തിനുണ്ടായ രാഷ്ട്രീയമായ ഒരു അഭിപ്രായ പ്രകടനം മാത്രമാണെന്ന് പറഞ്ഞിരുന്നു. ഞങ്ങൾ അങ്ങയുടെ റൂളിംഗിനെ ബഹുമാനിക്കുന്നു. ഞങ്ങൾക്ക് അങ്ങയോട് വളരെ ആദരവുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭാ നേതാവാണ്, ഒരു മെമ്പർ പറഞ്ഞാൽ ഞങ്ങൾക്ക് ആക്ഷേപമില്ല. മുഖ്യമന്ത്രി തന്നെ ഞങ്ങളെപ്പറ്റി ശിവസേനയെ ഞങ്ങൾ വാടകയ്ക്ക് എടുത്തതാണെന്ന് പറഞ്ഞത് വളരെയേറെ നിർഭാഗ്യകരമായിപ്പോയി. സഭ മുമ്പോട്ട് പോകുന്നത് ചട്ടങ്ങളും കീഴ്വഴക്കങ്ങളും അനുസരിച്ചാണ്. 1958 നവംബർ 29-ന് കേരള നിയമസഭയിൽ അന്നത്തെ സ്പീക്കർ ആയിരുന്ന ആർ. ശങ്കരനാരായണൻ തമ്പിയുടെ ഒരു റൂളിംഗ് ഉണ്ട്. ഇതുപോലെ ഒരു അംഗം ഒരു പാർട്ടിയെപ്പറ്റി ആക്ഷേപകരമായി സംസാരിച്ചു, അന്ന് സ്പീക്കർ പറഞ്ഞത്, "I have more than one occasion observed that reflections upon other parties and observations not pertinent to the subject matter cannot be allowed on the floor of the House. But, in spite of constant rulings on this subject, on several occasions several Members bring in matters which are......" .......... (ബഹളം).........

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

<u>മി. സ്പീക്കർ</u>: പ്ലീസ്... അങ്ങ് പറഞ്ഞ് അവസാനിപ്പിക്കൂ. പ്ലീസ്....ശ്രീ. കെ. സുരേഷ് കുറുപ്പ് അവിടെയിരിക്കൂ.

ശ്രീ. കെ.സി. ജോസഫ്: ..........(ബഹളം).........I am on my legs. ശ്രീ. സുരേഷ് കുറുപ്പ്, അങ്ങ് ഇതിൽ ഇടപെടരുത്. ഞാനാണ് ഇപ്പോൾ ഫ്ലോറിൽ നിൽക്കുന്നത്. ബഹുമാനപ്പെട്ട ചെയർ, ഇവിടെ ഞാൻ ചട്ടങ്ങളല്ലാതെ ഒന്നും പറയുന്നില്ല, അങ്ങേയ്ക്ക് ഇഷ്ടംപോലെ തീരുമാനിക്കാം. ..........(ബഹളം)......... ഞാൻ സ്പീക്കറുടെ റൂളിംഗിനെ ബഹുമാനിക്കുന്നു. ഞാൻ വ്യക്തമാക്കുന്നു, അതിനെ ചോദ്യം ചെയ്യുകയല്ല. ഇതിൽ പറയുന്നത്, "...... on several occasions several Members bring in matters which are thoroughly irrelevant to the point. I am definitely of the view that such reflections should not be made". രണ്ടാമതായി, 1960 ജൂൺ 28-ന് ഈ സഭയിൽ അന്ന് ഡെപ്യൂട്ടി സ്പീക്കറായിരുന്ന അലക്സാണ്ടർ പറമ്പിത്തറ, ചെയറിലിരിക്കുമ്പോൾ പ്രജാ സോഷ്യലിസ്റ്റ് പാർട്ടി (പി.എസ്.പി.)-യെപ്പറ്റി ഒരംഗം ഒരു പരാമർശം നടത്തി, അന്ന് അദ്ദേഹം പറഞ്ഞത്, "It is not proper to make such statements on the floor of the House". ഇങ്ങനെയുള്ള കീഴ്വഴക്കങ്ങളുണ്ട്. ഞങ്ങളെപ്പറ്റി അടച്ച് ആക്ഷേപിച്ച പരാമർശം വളരെയേറെ വേദനാജനകമാണ്. അത് മുഖ്യമന്ത്രി പറയാൻ പാടില്ലായിരുന്നു, ഒരു സാധാരണ മെമ്പറായിരുന്നുവെങ്കിൽ ഞങ്ങൾ അവഗണിച്ചേനെ. അദ്ദേഹം സഭാ നേതാവാണ്, പരിണിതപ്രജ്ഞനാണ്, പാർട്ടി നേതാവാണ്. അദ്ദേഹം ഞങ്ങളെ ആക്ഷേപിച്ചത് വളരെ ദൗർഭാഗ്യകരമായിപ്പോയി. അത് ഞങ്ങൾക്ക് വളരെ വേദനയുണ്ടാക്കി. ഈ കാര്യം സഭയുടെയും അങ്ങയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ചെയർ ഒരു റൂളിംഗ് നൽകിയാൽ ആ റൂളിംഗിനെ ചട്ടങ്ങളും പ്രീസിഡന്റും പറഞ്ഞ് ചോദ്യം ചെയ്യുക എന്നുള്ളത് ഈ സഭയിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത കാര്യമാണ്. അത് പാർലമെന്ററി മര്യാദകൾക്കും ചട്ടങ്ങൾക്കും എതിരാണ്. ചെയറിന്റെ റൂളിംഗിനെക്കുറിച്ച് ഏതെങ്കിലും അംഗങ്ങൾക്കോ ഗ്രൂപ്പുകൾക്കോ അഭിപ്രായവ്യത്യാസം ഉണ്ടാവാം. പക്ഷേ, ചെയറിന്റെ റൂളിംഗ് സഭയെ സംബന്ധിച്ചിടത്തോളം ഫൈനലായിട്ടുള്ള കാര്യമാണ്. അത് പിന്നെ സഭയിൽ ചോദ്യം ചെയ്യുന്ന രീതി അനുവദിക്കാൻ പാടില്ല.

മി. സ്പീക്കർ: അങ്ങ് ഇരിക്കൂ.....അങ്ങ് പറഞ്ഞുകഴിഞ്ഞല്ലോ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, അങ്ങ് വളരെ വ്യക്തമായിട്ട് റൂളിംഗ് കൊടുത്തു. ആ റൂളിംഗിനെ ഞാൻ അംഗീകരിക്കുന്നു എന്നുപറഞ്ഞുകൊണ്ട് മെറിറ്റിലേയ്ക്ക് കടക്കുകയാണ്. ഇതുമാത്രമല്ല പ്രശ്നം, ബഹുമാനപ്പെട്ട സ്പീക്കർ ഒരു റൂളിംഗ് കൊടുക്കുന്നു, റൂളിംഗ് പുറത്തു ചർച്ച ചെയ്യപ്പെടുന്നു. ആ ചർച്ചയുടെ ഭാഗമായി എം.എൽ.എ.-മാർ ചർച്ചയിൽ

പങ്കെടുക്കുന്നു. എന്നിട്ട് സ്പീക്കർക്കെതിരായി പറയുന്നു. ഇങ്ങനെയുള്ള സംഭവങ്ങളൊക്കെ കേരള നിയമസഭയുടെ ചരിത്രത്തിൽ ഇല്ലാത്തതാണ്. ഇത് അനുവദിക്കുകയാണെങ്കിൽ ഈ സഭ നിഷ്പക്ഷമായി നടത്തിക്കൊണ്ടുപോകാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് കഴിയില്ല. ഒരിക്കലും കാണാത്ത പ്രതിഭാസങ്ങളാണ് ഇവിടെ കാണുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് ഇന്നലെ നൽകിയ റൂളിംഗിനെ സംബന്ധിച്ചാണ് ഇവിടെ സംസാരിക്കുന്നത്. ഞങ്ങൾ പൂർണ്ണമായും സ്പീക്കറെയും അങ്ങയുടെ റൂളിംഗിനെയും ബഹുമാനിക്കുന്നു. ഇവിടെ ഇന്ന് ശ്രീ. കെ. സി. ജോസഫ് ഈ സഭയിലെ പഴയ സ്പീക്കർമാരായ അലക്സാണ്ടർ പറമ്പിത്തറയും ശങ്കരനാരായണൻ തമ്പിയും നടത്തിയ റൂളിംഗിന്റെ പ്രസക്ത ഭാഗങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ് ചെയ്തത്. അല്ലാതെ അങ്ങയോട് അനാദരവ് കാട്ടിയതായിട്ടോ റൂളിംഗിനെ ധിക്കരിക്കുന്നതായിട്ടോ കണക്കാക്കരുത്. For your information. .....ബഹളം.... ഇത് സ്പീക്കർക്ക് ആദ്യംതന്നെ എഴുതിക്കൊടുത്തിട്ടുള്ള കാര്യമാണ്. ഞങ്ങളുടെ പാർട്ടിയെയും മുന്നണിയെയും സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു പരാമർശമുണ്ടായതിലുള്ള ഖേദവും പ്രയാസവുമാണ് അദ്ദേഹം രേഖപ്പെടുത്തിയത്. അല്ലാതെ അങ്ങയെ ചോദ്യം ചെയ്യുകയോ അങ്ങയുടെ നടപടിയെ എതിർക്കുകയോ അല്ല. കാരണം സഭാനടപടികൾ നടത്തിക്കൊണ്ടുപോകുന്നത് അങ്ങാണ്. അതുകൊണ്ട് ഞങ്ങളുടെ വികാരം അങ്ങയുടെ മുന്നിൽ പ്രകടിപ്പിച്ചതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ....അങ്ങയുടെ റൂളിംഗിനെ ധിക്കരിച്ചുകൊണ്ട് ഈ വിഷയം പുറത്തുപോയി ചർച്ചയാക്കി, ചാനലുകളിൽ എം.എൽ.എ.-മാർ സ്പീക്കർക്കെതിരായി അഭിപ്രായം പറഞ്ഞു എന്നാണ് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞത്. സ്പീക്കറുടെ റൂളിംഗ് ബഹുമാനപ്പെട്ട പാർലമെന്ററി കാര്യ വകുപ്പുമന്ത്രി ആദ്യം മനസ്സിലാക്കണം. സ്പീക്കറുടെ റൂളിംഗിൽ പറഞ്ഞിരിക്കുന്നത്, മുഖ്യമന്ത്രി പറഞ്ഞത് ഒരു പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റ് ആണെന്നാണ്. ആ പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റിനെക്കുറിച്ച് പൊളിറ്റിക്കലായിട്ടുള്ള റിപ്ലൈ പറയാൻ ഞങ്ങൾക്ക് അവകാശമുണ്ട്. അത് ഞങ്ങൾ പുറത്തുപോയി പറയും. അതിനെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞത് ശരിയല്ല. ഇത് റൂളിംഗിനനുസരിച്ചുതന്നെയാണ്. പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റാണ് മുഖ്യമന്ത്രി പറഞ്ഞത് എന്നുപറഞ്ഞാൽ അതിന് മറുപടി പറയാനുള്ള ഞങ്ങളുടെ അവകാശം ഇവിടെ സ്പീക്കർ റൂളിംഗ് നൽകി എന്നതുകൊണ്ട് ഇല്ലാതാകുന്നില്ല. അത് ഞങ്ങളുടെ അവകാശമാണ്. അതുകൊണ്ട് അങ്ങ് പറഞ്ഞത് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അല്ലെങ്കിൽ അത് നീക്കം ചെയ്യണം.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട സ്പീക്കർ വ്യക്തമായ റൂളിംഗ് നൽകി. ആ റൂളിംഗിന് എതിരായി സംസാരിക്കുക മാത്രമല്ല വ്യക്തിപരമായി dam ചെയ്യുന്ന രൂപത്തിലുള്ള പരാമർശവും നടത്തി. അതാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചു കാണില്ല. ശ്രദ്ധിച്ചെങ്കിൽ ഇങ്ങനെയുള്ള പരാമർശം നടത്തില്ലായിരുന്നു. പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റ് പേഴ്സണലായി സ്പീക്കറെ dam ചെയ്യലാണോ; ബഹുമാനപ്പെട്ട സ്പീക്കറെ പൊളിറ്റിക്കലായി വലയം ചെയ്യുകയാണോ ചെയ്യേണ്ടത്.

ശ്രീ. രമേശ് ചെന്നിത്തല: ഒരംഗവും ബഹുമാനപ്പെട്ട സ്പീക്കറെ വ്യക്തിപരമായി damage ചെയ്യുന്ന ഒരു കാര്യവും പറഞ്ഞിട്ടില്ല. അത് ശരിയല്ല. Why are you put your words in our mouth?

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.... ഇനി ചെയർ ഒന്നുപറയട്ടെ. വളരെ അസാധാരണവും അനിതരസാധാരണവുമായ നടപടികളാണ് കഴിഞ്ഞ രണ്ടു മൂന്ന് ദിവസമായി സഭയ്ക്കകത്തും പുറത്തും നടക്കുന്നത്. യുക്തിയും ന്യായീകരണങ്ങളും വിശദീകരിച്ചുകൊണ്ടാണ് ചെയർ ഒരു റൂളിംഗ് നൽകിയത്. അതിൽ ഏറ്റവും പ്രധാനം രാഷ്ട്രീയമായ പരാമർശങ്ങൾ, രാഷ്ട്രീയമായ ആരോപണങ്ങൾ, പ്രത്യാരോപണങ്ങൾ എന്നിവയാണ്. അതിലൊരുപക്ഷം ചേർന്ന് നിലപാട് സ്വീകരിക്കാനോ, വിധി കല്പിക്കാനോ ചെയറിന് സാധിക്കുകയില്ല. നിയമസഭ ഒരു രാഷ്ട്രീയ കോടതിയല്ല, അദ്ധ്യക്ഷൻ ഒരു രാഷ്ട്രീയ ജഡ്ജിയുമല്ല. രാഷ്ട്രീയ നിലപാടുകൾ പരസ്പരം വിശദീകരിക്കുന്നതും വിമർശനങ്ങൾ സഭയിൽ ഉന്നയിക്കുന്നതും സ്വാഭാവികമാണ്. രാഷ്ട്രീയമായ ആരോപണങ്ങൾക്ക് രാഷ്ട്രീയമായ മറുപടി കൊടുക്കുക, അതിന് അവസരമൊരുക്കുക എന്നുള്ളതല്ലാതെ ചെയറിന് മറ്റൊരു ഗത്യന്തരവുമില്ല എന്നുള്ളത് മനസ്സിലാക്കണം. അതാണ് നമ്മുടെ കീഴ്വഴക്കം. ഇതുമായി ബന്ധപ്പെട്ട് ഒരു റൂളിംഗ് നൽകിയതിനുശേഷം തുടർച്ചയായി ആ റൂളിംഗുമായി ബന്ധപ്പെട്ട ചർച്ച സഭയ്ക്കകത്തും പുറത്തും നടക്കുന്നത് ഈ സഭയുടെ അന്തസ്സിന് ചേർന്നതാണോ എന്ന് സഭാംഗങ്ങൾ പരിശോധിക്കണം. ദൃശ്യമാധ്യമങ്ങളിലും പുറത്തുള്ള സംവാദങ്ങളിലും പങ്കെടുത്തുകൊണ്ട് സഭയിലെ റൂളിംഗിനെ സംബന്ധിച്ചുള്ള വിമർശനങ്ങളും ആക്ഷേപങ്ങളും ഉന്നയിക്കുന്നത് എത്രത്തോളം ശരിയാണെന്ന് സ്വയം പരിശോധിക്കാൻ തയ്യാറാകണം. ജനാധിപത്യ ക്രമത്തിൽ ഈ നിയമസഭയ്ക്ക് ഒരു അവകാശമുണ്ട്, അതിനൊരു അന്തസ്സുണ്ട്. ഏതുതരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളും ഉന്നയിക്കാനുള്ള സംവാദ വേദിയായി ഇതിനെ ഉപയോഗിക്കാൻ നമുക്ക് സാധിക്കണം. പക്ഷേ, അതിന്റെ പരിധി വിട്ടുപോകരുത്. പലപ്പോഴും ആ

പരിധി വിട്ടുപോകുന്നു. നെഗറ്റീവായിട്ട് മാത്രം സഭാനടപടികളെ കാണുന്ന രീതി ആശാസ്യമല്ലെന്ന് ഖേദപൂർവ്വം ചെയർ അറിയിക്കുകയാണ്. വീണ്ടും വീണ്ടും അതിനെക്കുറിച്ച് പറയേണ്ട ആവശ്യമില്ല.

## IX. ധനകാര്യം

### വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ മൂന്ന് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേയ്ക്കോ ആയി ഗവർണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു."

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി.എസ് സുനിൽ കുമാർ): സർ, ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. വി.ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 178,54,09,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 388,61,81,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 55,13,24,000 രൂപ 55,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

എക്സൈസ് എന്ന VIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 77,26,07,000 രൂപ നീക്കം ചെയ്യേണ്ടതാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വാഹന നികുതികൾ എന്ന IX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 36,19,18,000 രൂപ 36,19,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 164,50,02,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

വിനോദസഞ്ചാരം എന്ന XLII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 112,06,29,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 34,34,50,000 രൂപ 34,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. ടി. എ. അഹമ്മദ് കബീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് എന്ന XV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1300,46,75,000 രൂപ നീക്കം ചെയ്യേണ്ടതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

വൈദ്യസഹായവും പൊതുജനാരോഗ്യവും എന്ന XVIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1578,48,16,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

പഞ്ചായത്ത് എന്ന XXXV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 284,97,69,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

കുടുംബക്ഷേമം എന്ന XIX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 130,20,23,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ഗതാഗതം എന്ന XLI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 130,41,16,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 378,91,99,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 43,58,02,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 188,99,84,000 രൂപയിൽ നിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ്.

ശ്രീ. വി. എസ് ശിവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 388,33,17,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 196,36,18,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 388,33,17,000 രൂപ 388,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 304,12,85,000 രൂപ 304,12,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 120,25,79,000 രൂപ 120,25,00,000 രൂപയായി കുറവു ചെയ്യേണ്ടതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 120,25,79,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ക്ഷീരവികസനം എന്ന XXXII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 42,95,16,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 889,38,65,000 രൂപ 889,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ക്ഷീര വികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 42,95,16,000 രൂപ 42,95,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 284,97,69,000 രൂപ 280,97,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 130,41,16,000 രൂപ 130,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

12.00 Noon]

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. വി. അബ്ദുൾ ഖാദർ]

ശ്രീ. കെ. വി. വിജയദാസ്: സർ, വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിന്തുണയ്ക്കുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളം ഭരിച്ച്, കേരളത്തിന്റെ കാർഷിക-വ്യാവസായിക-സാമ്പത്തിക മേഖലകളെ തകർത്ത് തരിപ്പണമാക്കിയവരാണ് യു.ഡി.എഫ്. അവർ ഭരിച്ച് മുടിച്ച കേരളത്തെ ശരിയായ ദിശയിലേയ്ക്ക് നയിക്കുന്നതിനുള്ള ദിശാബോധം ഈ ബജറ്റിനുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. മാത്രമല്ല, മുമ്പൊന്നുമില്ലാത്ത പ്രതിസന്ധികൾ സധൈര്യം നേരിട്ടുകൊണ്ടാണ് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുപോകുന്നത്. കാലിയായ ഖജനാവ്, കടത്തിൽ മുങ്ങിയ സംസ്ഥാനം ഇതായിരുന്നു പുതിയ സർക്കാരിനെ തുറിച്ചുനോക്കിയത്. ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചതുപോലെയാണ് സംസ്ഥാനത്ത് നോട്ട് നിരോധനംമൂലമുണ്ടായ പ്രശ്നങ്ങൾ. നോട്ട് നിരോധനം കേരളത്തിലെ സമസ്ത മേഖലകളെയും നിശ്ചലമാക്കിയപ്പോൾ അതിനെതിരെ ഇന്ത്യയ്ക്കാകെ മാതൃകയായി ചെറുത്തുനിൽപ്പും ബദൽ നയങ്ങളും സംഘടിപ്പിച്ച് കേരള സർക്കാർ മുന്നോട്ടുവന്നു. പ്രതിപക്ഷം ആരോപിക്കുന്നതുപോലെ, മിണ്ടാതിരിക്കുകയല്ല ധനകാര്യ വകുപ്പുമന്ത്രി ചെയ്തത്. ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും നടപടികൾ സ്വീകരിച്ചു. അസാധുവാക്കലിനോടനുബന്ധിച്ച് ട്രഷറി ഇടപാടുകൾക്കുണ്ടായിരുന്ന തടസ്സങ്ങൾ പരിഹരിച്ചു. പ്ലാന്റേഷൻ തൊഴിലാളികളുടെ കൂലി ട്രഷറി സേവിംഗ്സ് ബാങ്കുവഴി നൽകുന്നതിന് നിർദ്ദേശം കൊടുത്തു. പ്രാഥമിക സഹകരണ സംഘങ്ങളിലെ അക്കൗണ്ടുകളിൽനിന്നും പണം പിൻവലിക്കാൻ കഴിയാത്തതിനാൽ എല്ലാ പ്രാദേശിക സഹകരണ സംഘങ്ങൾക്കും ഓരോ മിറർ അക്കൗണ്ട് ബന്ധപ്പെട്ട ജില്ലാ സഹകരണ ബാങ്കിൽ തുറക്കുന്നതിന് സൗകര്യമുണ്ടാക്കി. കേരളത്തിൽ ഒറ്റക്കെട്ടായി നടത്തേണ്ട സമരത്തെ ഭിന്നിപ്പിക്കാൻ ശ്രമിച്ചത് യു.ഡി.എഫ്. ആണ്. അങ്ങനെ ബി.ജെ.പി.-യെ സഹായിച്ചതും യു.ഡി.എഫ്. അല്ലേ എന്ന് ഞാൻ ചോദിക്കുന്നു. നിങ്ങൾക്ക് ബി.ജെ.പി. സർക്കാരിനെ എതിർക്കാൻ കഴിയില്ല, കാരണം നിങ്ങളുടെയും ബി.ജെ.പി.-യുടെയും സാമ്പത്തിക നയങ്ങൾ ഒന്നാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളം ഭരിച്ച് അഴിമതി രാജ്യമാക്കി മാറ്റിയ നിങ്ങൾക്ക് ബജറ്റിനെ എതിർക്കാൻ കഴിയുമോ; കേരളത്തെ കൊടിയ

വരൾച്ചയിലേയ്ക്ക് തള്ളിവിട്ടത് നിങ്ങളല്ലേ? മെത്രാൻ കായൽ നികത്തുകയും കടമക്കുടി പഞ്ചായത്തിൽ മെഡിസിറ്റിക്കുവേണ്ടി ഭൂമി കൈമാറ്റം ചെയ്യുകയും ഹരിപ്പാട് മെഡിക്കൽ കോളേജിന് നിയമവിരുദ്ധമായി ഭൂമി അനുവദിക്കുകയും സന്തോഷ് മാധവന് 115 ഏക്കർ ഭൂമി നിയമവിരുദ്ധമായി കൈമാറ്റം ചെയ്യുകയും മാത്രമല്ല, പുഴകൾ, തോടുകൾ, നീർച്ചാലുകൾ, കുളങ്ങൾ എന്നിവ വ്യാപകമായി നികത്തപ്പെടുകയും ചെയ്തു. നെൽവയൽ തണ്ണീർത്തട നിയമങ്ങൾ വ്യാപകമായി ലംഘിക്കപ്പെടുകയും പ്രകൃതിയെ സംരക്ഷിക്കുന്നതിന് പകരം പ്രകൃതിയെ കീഴ്പ്പെടുത്താനും നിങ്ങൾ ശ്രമിച്ചു. കേരളം കൊടും വരൾച്ചയിലേയ്ക്ക് നീങ്ങിയപ്പോൾ, ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ ആകാശത്തെ കരിമേഘങ്ങൾക്കിടയിലൂടെ സഞ്ചരിച്ച് ഒരു തുള്ളി വെള്ളത്തിനായി കൃത്രിമ മഴ പെയ്യിപ്പിക്കാനും ഞങ്ങൾ ശ്രമിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞതിനെ നിങ്ങൾ പരിഹസിച്ചില്ലേ? സോളാർ പാളികളിലൂടെ സഞ്ചരിച്ച് സരിതമാരെ അന്വേഷിക്കുകയല്ലേ നിങ്ങൾ ചെയ്തത്. നിങ്ങൾ ഇപ്പോൾ അരിവില വർദ്ധിച്ചുവെന്ന് മുറവിളി കൂട്ടുകയാണ്. അരി വില വർദ്ധിപ്പിച്ചത് നിങ്ങളല്ലേ? ഇപ്പോൾ അരി വില കുറഞ്ഞത് കണ്ടോ? അരിയുടെ വില എന്തായി എന്ന് യു.ഡി.എഫ്. മാർക്കറ്റിൽ പോയി അന്വേഷിക്കണം. കൺസ്യൂമർഫെഡിലെയും സിവിൽ സപ്ലൈസ് കോർപ്പറേഷനിലെയും മാർക്കറ്റുകളിൽ ഞങ്ങൾ ഇടപെട്ടു. നിങ്ങളുടെ കാലത്ത് മാർക്കറ്റിൽ ഇടപെടാൻ ഒരു നടപടിയും സ്വീകരിച്ചില്ല. 25 രൂപയ്ക്ക് പശ്ചിമ ബംഗാളിൽ നിന്നും അരി എത്തിച്ചു. അതിനെയും നിങ്ങൾ പരിഹസിച്ചു. കേരളമെന്ന് കേട്ടാൽ ബംഗാളിൽനിന്നും അരി വരില്ല എന്ന് ശഠിച്ച് പറഞ്ഞു. അരി വില ഇപ്പോൾ കുറഞ്ഞിരിക്കുന്നു. 25 രൂപയ്ക്ക് അരി വിൽപ്പന നടത്തുന്നു. നിങ്ങൾ കൺസ്യൂമർഫെഡിനെ തകർത്ത് തരിപ്പണമാക്കിയില്ലേ? നിങ്ങൾ അവിടെ അഴിമതി നടത്തിയിട്ട് അത് അഴിമതിയാണെന്ന് നിങ്ങൾ തന്നെ പറഞ്ഞില്ലേ? കേസ്സെടുത്ത് പിരിച്ചുവിട്ടു. നിങ്ങളുടെ അഞ്ച് വർഷക്കാലത്തെ ഭരണത്തിന്റെ ഫലമായി സഹകരണ മേഖലയെ തകർത്തു. കാർഷിക-വ്യാവസായിക മേഖലയ്ക്ക് വലിയ സഹായം ചെയ്യുന്ന സഹകരണ പ്രസ്ഥാനത്തെ തകർത്ത് തരിപ്പണമാക്കി. സഹകരണ മേഖലയുടെ തളർച്ചയാണ് ഈ വിലക്കയറ്റത്തിന് പ്രധാന കാരണമെന്ന് യു.ഡി.എഫ്. മനസ്സിലാക്കിയാൽ നല്ലത്. ഇതാണ് ഞങ്ങൾക്ക് പറയാനുള്ളത്. നിങ്ങളുടെ ഭരണകാലത്ത് സ്വർണ്ണം, വെള്ളി, വജ്രം എന്നിവയുടെ നികുതി നിർണ്ണയത്തിൽ അപാകതകളുണ്ടെന്ന് സി.ആന്റ് എ.ജി. റിപ്പോർട്ട് ചെയ്തു. വലിയ തോതിലുള്ള അപാകത, വൻതോതിലുള്ള അഴിമതി എന്നൊക്കെ പറഞ്ഞത് ഞങ്ങളല്ല; സി. ആന്റ് എ.ജി.യാണ്. മൂവായിരം കോടി രൂപയുടെ വരുമാനം കേരളത്തിന് ഉണ്ടായിരിക്കുന്നുവെന്ന് സി.ആന്റ് എ.ജി. റിപ്പോർട്ട് ചെയ്തു. ബിയർ, വൈൻ പാർലർ അനുവദിച്ചതിലും എക്സൈസ് - മോട്ടോർ വാഹന നികുതികൾ, വിൽപ്പന നികുതി എന്നിവ നിശ്ചയിക്കുന്നതിലും അപാകത.

മാത്രമല്ല, സർക്കാർ വരുമാനം ഇല്ലാതാക്കി. ബജറ്റ് വിറ്റ് ഖജനാവ് കാലിയാക്കി. മന്ത്രി മന്ദിരങ്ങളിൽ നോട്ടെണ്ണൽ യന്ത്രം സ്ഥാപിക്കുന്ന തിരക്കിലായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. മന്ത്രിസഭയിലെ അംഗങ്ങൾ എന്ന് പറയുന്നു. അഞ്ച് വർഷംകൊണ്ട് 67,407 കോടി രൂപ നിങ്ങൾ കടം വാങ്ങി. സംസ്ഥാനത്തെ മൊത്തം കടഭാരം 1,60,059 കോടി രൂപയാക്കി വർദ്ധിപ്പിച്ചു. എന്നിട്ടും നിങ്ങൾ പെൻഷൻ കൊടുത്തില്ല. കരാറുകാരുടെ കുടിശ്ശിക നാലായിരം കോടി രൂപയാക്കി ബാക്കി നിർത്തി. കെ.എസ്.ആർ.ടി.സി. തൊഴിലാളികൾക്കുള്ള ശമ്പളവും പെൻഷനും നിങ്ങൾ ഇല്ലാതാക്കി. യു.ഡി.എഫ്. ഭരണത്തിൽ കർഷക ആത്മഹത്യകൾ പെരുകി. അട്ടപ്പാടി ആദിവാസി കോളനികളിലെ നവജാത ശിശുക്കളുടെ മരണവും അമ്മമാരുടെ പട്ടിണി മരണവും സംബന്ധിച്ച് ദേശീയതലത്തിൽ ചർച്ചകൾ നടന്നു. പട്ടിണി മരണങ്ങൾ വർദ്ധിച്ചു. 41 പൊതുമേഖലാ സ്ഥാപനങ്ങളെ നിങ്ങൾ ഭരിച്ച് നഷ്ടത്തിലാക്കി. ആദിവാസികൾക്ക് ഭൂമി കൊടുക്കാതെ അവരുടെ വീടിന്റെ മുറ്റത്ത് ടൈൽസ് ഇട്ടുകൊടുത്തു. അങ്ങനെയുള്ളവരല്ലേ ഈ ഇരിക്കുന്നവർ; അതിന്റെ അന്വേഷണം ഇപ്പോൾ നടക്കുകയല്ലേ? കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം ഭരിച്ച 15 മന്ത്രിമാർ കോടതിയിൽ വിചാരണ നേരിടുകയാണ്. ഇത് പത്രങ്ങളിൽ വ്യാപകമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സഖാവ് പിണറായി വിജയൻ നയിക്കുന്ന എൽ.ഡി.എഫ്. സർക്കാർ അവതരിപ്പിക്കുന്ന രണ്ടാമത്തെ ബജറ്റാണിത്. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 135 പേജുള്ള ബജറ്റിൽ 287 ഖണ്ഡികകളിൽ നിറഞ്ഞിട്ടുള്ളത് കേവലം അക്ഷരങ്ങളല്ല, ജനങ്ങളുടെ ജീവിത രേഖയാണ്, ജനാഭിലാഷങ്ങളാണ്. പഞ്ചവത്സര പദ്ധതിയേ വേണ്ട എന്ന മോദി സർക്കാരിന്റെ പ്രഖ്യാപനത്തെ വെല്ലുവിളിച്ച് പഞ്ചവത്സര പദ്ധതിയിൽ ഊന്നിക്കൊണ്ടുള്ള ബജറ്റാണ് സംസ്ഥാനം മുന്നോട്ടുവച്ചത്. ഇപ്രകാരം കേന്ദ്ര സർക്കാരിന്റെ ആസൂത്രണ കാഴ്ചപ്പാടിനെ നിരാകരിക്കുന്ന ഇടതുപക്ഷ ബദൽ രാഷ്ട്രീയമാണ് കേരള ബജറ്റ്. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലേതെങ്കിലും ഒന്നിൽ ഈ ബദൽ കാഴ്ചപ്പാടുണ്ടോയെന്ന് ഞങ്ങൾ ചോദിക്കുകയാണ്. 2017-18-ലെ വാർഷിക പദ്ധതികളുടെ അടങ്കൽ തുക 26,500 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തെ 24,000 കോടി രൂപയെക്കാൾ 10.4 ശതമാനം കൂടുതലായാണ് ഈ വർഷത്തെ ബജറ്റ് അവതരിപ്പിച്ചത്. കൃഷിക്ക് 2100 കോടി രൂപ വകയിരുത്തിയപ്പോൾ നെല്ല് സംഭരണത്തിന് മാത്രമായി 700 കോടി രൂപ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നീക്കിവച്ചു. മാത്രമല്ല, നെല്ല് സംഭരിക്കുന്ന കൃഷിക്കാർക്ക് എത്രയും പെട്ടെന്ന് നെൽവില നൽകുന്നതിനുള്ള പ്രത്യേക നിഷ്കർഷയും എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുവെന്നുള്ളത് അഭിമാനകരമാണ്. ജനസംഖ്യയുടെ 9.1 ശതമാനം വരുന്ന പട്ടികജാതിക്കാർക്ക് 9.81 ശതമാനം തുക വകയിരുത്തി. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന കൊടുത്തു. 1.45

ശതമാനം വരുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.83 ശതമാനം ഫണ്ട് വകയിരുത്തി. പൊതുമരാമത്ത് വകുപ്പിന് 13000 കോടി രൂപ വകയിരുത്താൻ ഈ ഗവൺമെന്റ് പ്രത്യേക താൽപ്പര്യം കാണിച്ചു. 5 വർഷത്തിനുള്ളിൽ 50,000 കോടി രൂപയുടെ റോഡ് വികസനം എന്നത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രത്യേകതയാണ്. കെ.എസ്.ആർ.ടി.സി.ക്ക് മാത്രം 3,000 കോടി രൂപ വകയിരുത്തിയതു കൂടാതെ ഭവനരഹിതർക്ക് ഒരു ലക്ഷം വീടുകൾ കൊടുക്കാനും ഈ ഗവൺമെന്റ് ബജറ്റിൽ തുക വകയിരുത്തി. മാലിന്യ നിർമ്മാർജ്ജനം, കൃഷി, ജലസംരക്ഷണം, പരിസര ശുചിത്വം, ആരോഗ്യം, പൊതുവിദ്യാഭ്യാസം, പാർപ്പിടം തുടങ്ങിയ മേഖലകളിൽ പുതിയ ചരിത്രം രേഖപ്പെടുത്തുന്നതാണ് നവകേരള മിഷൻ. ഇതെല്ലാം കേരളത്തിൽ നടക്കുമ്പോൾ ഒരു നവകേരള സൃഷ്ടിതന്നെ ഉണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല. ഈ നന്മയെയാണ് യു.ഡി.എഫ്. എതിർക്കുന്നത്. അതുവഴി കേരളത്തെ വീണ്ടെടുക്കാനുള്ള പരിശ്രമങ്ങളാണ് നിങ്ങൾ തകർക്കുന്നത്. ഈ നന്മകൾ ജനങ്ങളിലെത്തരുതെന്ന നിങ്ങളുടെ ഹീനമായ ശ്രമം നിയമസഭയിൽ വെളിവാക്കപ്പെട്ടു. പകൽ കോൺഗ്രസ്സും രാത്രി ആർ.എസ്.എസുമായി നടക്കുന്നവരെ കരുതിയിരിക്കണമെന്ന് കോൺഗ്രസ് നേതാക്കൾക്കുതന്നെ പറയേണ്ട ഗതികേടുണ്ടായില്ലേ? അതാണ് ഇന്നത്തെ കേരള രാഷ്ട്രീയത്തിന്റെ പ്രത്യേകത. കോൺഗ്രസ്സിന്റെ മതേതര കാഴ്ചപ്പാടിനോടാണോ വർഗ്ഗീയതയോടാണോ കൂറ് എന്നുചോദിച്ചാൽ രണ്ടിനോടുമുണ്ട് എന്നാണ് കോൺഗ്രസ് പറയുന്നത്. ഇതിനെയാണ് പൂയില്യാവസ്ഥ എന്നുപറയുന്നത്. എം.പി. നാരായണപിള്ളയുടെ 'പരിണാമം' എന്ന നോവലിൽ പൂയില്യൻ എന്ന കഥാപാത്രത്തെയാണ് ഇത് ഓർമ്മപ്പെടുത്തുന്നത്. ഈ കഥാപാത്രം ജനിച്ചപ്പോൾ പൂയം കഴിഞ്ഞുംപോയി ആയില്യം ആയതുമില്ല. അതുകൊണ്ടാണ് പൂയില്യക്കാർ എന്നുപറയുന്നത്. അതുപോലെയാണ് കോൺഗ്രസ്സും യു.ഡി.എഫും ഇപ്പോൾ പൂയില്യക്കാരായി മാറിയിരിക്കുന്നത്. അനവസരത്തിൽ ഗുരുവായൂരിലെ പ്രസാദമൂട്ട് വിഷയമെടുത്തിട്ട് പ്രതിപക്ഷനേതാവ് നിയമസഭയിൽ സ്വന്തം വർഗ്ഗീയമതം പ്രദർശിപ്പിക്കുക യാണുണ്ടായത്. ഇതുതന്നെയാണ് കോൺഗ്രസ് ദുർബലപ്പെടാൻ പ്രധാന കാരണം. വർഗ്ഗീയത എപ്പോഴും സംരക്ഷിക്കപ്പെടുകയാണ്. മതനിരപേക്ഷ മനസ്സുള്ള ശരാശരി മലയാളികളുടെ മുഖത്തുനോക്കി വർഗ്ഗീയത ഉയർത്തിപ്പിടിച്ചാൽ കോൺഗ്രസ്സിന്റെ നാശത്തിനായിരിക്കും ഇത് ഉപകരിക്കുക എന്ന് പറയാതിരിക്കാൻ വയ്യ. ജനങ്ങളുടെ പൗരാവകാശങ്ങളും ജനാധിപത്യാവകാശങ്ങളും മതനിരപേക്ഷ ചിന്തയും കാത്തുരക്ഷിക്കുന്നതാണ് കേരള ബജറ്റ്. ഇതിനെ ബി.ജെ.പി.-ക്ക് ഒപ്പം നിന്ന് എതിർക്കുന്ന കോൺഗ്രസ് സമീപനത്തോട് ലീഗും കേരള കോൺഗ്രസ്സും യോജിക്കണോ എന്ന് ചിന്തിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ചിന്തയിലും പ്രവൃത്തിയിലും ബി.ജെ.പി.യുമായി സമരസപ്പെടുന്ന കോൺഗ്രസ് നയത്തിനെതിരെ യു.ഡി.എഫ്.-ലെ ഘടകകക്ഷികൾ ചിന്തിക്കുമെന്ന് ഞങ്ങൾ

പ്രതീക്ഷിക്കുന്നു. കേരളത്തിന്റെ അവകാശങ്ങളെ വാനോളം ഉയർത്തിപ്പിടിക്കാനും അതേ അവസരത്തിൽ പാവപ്പെട്ട തൊഴിലാളികൾക്കും സാധാരണക്കാർക്കും ഒട്ടേറെ ആശ്വാസ നടപടികൾ കൈക്കൊള്ളാനും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ബജറ്റിൽ തുക വകയിരുത്തിയെന്നത് ആശ്വാസകരമാണ്. ലക്ഷക്കണക്കിന് തൊഴിലാളികൾ, പാവപ്പെട്ട വൃദ്ധജനങ്ങൾ, അവശതയനുഭവിക്കുന്നവർ എല്ലാം കഴിഞ്ഞ കാലഘട്ടങ്ങളിൽ കണ്ണുനീർ കുടിച്ചവരാണ്. പെൻഷൻ അനുവദിച്ചാൽ ബാങ്കിലും പോസ്റ്റാഫീസിലും പഞ്ചായത്തിലും മാറിമാറി പോയി ചോദിച്ച് പെൻഷൻ കിട്ടാതെ വളരെ സങ്കടത്തോടെയാണ് അവിടെനിന്ന് ഇറങ്ങിവരുന്നത്. കുടിശ്ശിക പെൻഷൻ കൊടുക്കുമെന്ന് പറഞ്ഞവർ കഴിഞ്ഞ 5 വർഷവും കൃഷിക്കാർക്ക് പെൻഷൻ കൊടുത്തില്ല. അതിനെല്ലാം ബദലായി പെൻഷൻ തുക വീട്ടിൽ കൊണ്ടെത്തിച്ചവരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എന്ന് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. അതുപോലെ കർഷക പെൻഷൻ ഇപ്പോൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ബഡ്ജറ്റിൽ കാർഷിക പെൻഷൻ പ്രഖ്യാപിച്ചു എന്നത് അഭിമാനകരമാണ്. അതിൽ ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാം. കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ നാശനഷ്ടങ്ങൾ സംഭവിക്കുന്ന കൃഷിക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ ഇന്നലെയും കാട്ടാനയുടെ ആക്രമണത്തിൽ ഒരു കർഷകൻ പാലക്കാട് ജില്ലയിലെ മുണ്ടൂരിൽ മരണപ്പെട്ടു. നഷ്ടപരിഹാരത്തുക അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകളുടെ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് ഇ-പേമെന്റ് വഴിയാക്കുന്നതോടുകൂടി ഐ.എഫ്.എസ്.സി. കോഡുള്ള ബാങ്കിൽക്കൂടി മാത്രമേ ആകാവൂ എന്ന് നിബന്ധന വച്ചിരിക്കുകയാണ്. ഇത് ജനങ്ങൾക്ക് വലിയ ബുദ്ധിമുണ്ടാക്കുന്നതാണ്. ഇതൊഴിവാക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. പാലക്കാട് ജില്ലയിൽ ഗവൺമെന്റിന്റെ വാക്ക് കേട്ട് രണ്ടാംവിളയിറക്കാത്ത കൃഷിക്കാരുണ്ട്. അവർക്കുകൂടി നഷ്ടപരിഹാരത്തുക കൊടുക്കാനും ആശ്വാസ നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകണ മെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഉപക്ഷേപത്തെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റ് യാഥാർത്ഥ്യബോധമില്ലാത്തതാണ്. ഈ ബജറ്റിലൂടെ ഒരു സ്വപ്ന സഞ്ചാരം മാത്രമാണ് അദ്ദേഹം നടത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു Merchant of dreams ആണെന്ന് ഒരിക്കൽ കൂടി തെളിയിച്ചിരിക്കുകയാണ്.

2006-2011 കാലഘട്ടത്തിൽ ഇതുപോലെ സ്വപ്നപദ്ധതികൾ അദ്ദേഹം പ്രഖ്യാപിച്ചിരുന്നു. ഡാമുകളിൽനിന്ന് മണൽവാരി വിറ്റ് ജനങ്ങൾക്ക് പാർപ്പിട പദ്ധതി, ഇസ്‌ലാമിക് ബാങ്ക്, ലക്കി വാറ്റ് തുടങ്ങിയ പദ്ധതികളെല്ലാം ഇവിടെ ധാരാളം ചർച്ച ചെയ്യപ്പെട്ടതാണ്. എം.ടി.യെ ഉദ്ധരിച്ച് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച ബജറ്റ് മുൻ പ്രഖ്യാപനങ്ങളുടെ രണ്ടാമൂഴമാകുമോയെന്ന് ഞാൻ സംശയിക്കുകയാണ്. എന്നാലും അങ്ങ് പ്രഖ്യാപിച്ച ഈ സ്വപ്ന പദ്ധതികൾ സ്വപ്നങ്ങളായി നിലനിൽക്കാതിരിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. ബജറ്റ് എന്നാൽ വാർഷിക സാമ്പത്തിക രേഖയാണ്. ഈ ബജറ്റ് ഒരു പ്രകടന പത്രിക മാത്രമാണ്, ഒരു wish list ആണ് അദ്ദേഹം നിയമസഭയിൽ അവതരിപ്പിച്ചത്. ഇടക്കാല ബജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങളിൽ എന്ത് ചെയ്തെന്നോ അടുത്ത ഒരു വർഷത്തിനുള്ളിൽ എന്ത് ചെയ്യുമെന്നോ കൺവിൻസ് ചെയ്യിപ്പിക്കുന്നതിനു പകരം എന്തെല്ലാമോ ചെയ്യുമെന്ന് പറഞ്ഞ് കൺഫ്യൂസ് ചെയ്യിപ്പിക്കുകയാണ്. കേരളത്തിന്റെ വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുള്ളത് യു.ഡി.എഫ്. ഗവൺമെന്റാണ്. 2010-11 ബജറ്റിലെ അടങ്കൽ തുക 10,000 കോടി രൂപയായിരുന്നത് 5 വർഷംകൊണ്ട് 24,000 കോടി രൂപയായി ഉയർത്തി. ആരോഗ്യ മേഖലയിൽ മാത്രം 2011-ൽ 200 കോടി രൂപയായിരുന്നത് 2016-ൽ 1,000 കോടി രൂപയായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്നപ്പോഴൊക്കെ അടിസ്ഥാന സൗകര്യ വികസന രംഗത്തും ക്ഷേമപദ്ധതികളുടെ കാര്യത്തിലും സമഗ്രമായ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. കൊച്ചിൻ എയർപോർട്ട്, നെഹ്റു സ്റ്റേഡിയം, ഗോശ്രീ പദ്ധതി തുടങ്ങിയവ ആ കാലഘട്ടത്തിലാണ് നടന്നത്. അതുപോലെയുള്ള പദ്ധതികൾ ഒരിക്കലും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടന്നിട്ടില്ല. അതുപോലെ 2011-2016-ൽ തുടക്കം കുറിച്ച പദ്ധതികൾ - വിഴിഞ്ഞം തുറമുഖ പദ്ധതി, സ്മാർട്ട് സിറ്റി, കൊച്ചിൻ മെട്രോ, കണ്ണൂർ എയർപോർട്ട്, നാലുവരിപ്പാതകൾ, ഇരുന്നൂറ്റിയമ്പതോളം പാലങ്ങൾ, എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ, അതോടൊപ്പം കരുതലിന്റെ ഭാഗമായി നടപ്പിലാക്കിയ.... ഇന്ത്യക്കുതന്നെ മാതൃകയായ 1200-ഓളം കോടി രൂപ നൽകിയ കാരുണ്യ പദ്ധതിയുൾപ്പെടെയുള്ള സൗജന്യ ചികിത്സാ പദ്ധതി. ഇത്രയും ബൃഹത്തായ പദ്ധതികൾ ഏതെങ്കിലും കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ? യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ സൗജന്യ ചികിത്സാ പദ്ധതികളെല്ലാം അതുപോലെതന്നെ നിലനിർത്തണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഈ ബജറ്റിൽ ആരോഗ്യകിരണം പദ്ധതിക്ക് 18.35 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ചികിത്സാ പദ്ധതിയാണത്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ 18 വയസ്സിനുതാഴെയുള്ള എല്ലാ കുട്ടികൾക്കും എല്ലാ ചികിത്സയും നൽകുന്ന

പദ്ധതിയാണ്. ഏകദേശം 80 ലക്ഷത്തോളം കുട്ടികൾക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു. അതുപോലെ ആരോഗ്യകിരണം പദ്ധതിക്ക് തുക വകയിരുത്തിയതിന് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട പദ്ധതിയാണ് സുകൃതം പദ്ധതി. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കാൻസർ രോഗികൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന പദ്ധതിയാണിത്. 35 ലക്ഷത്തോളം വരുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ചികിത്സ നൽകുന്ന സുകൃതം പദ്ധതിക്ക് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. 17 കോടിയോളം രൂപ ആർ.സി.സി.യിൽ തന്നെ കുടിശ്ശികയുണ്ട്. അത് കൊടുത്തില്ല എന്നുമാത്രമല്ല ഈ ബജറ്റിലും അതിന് പ്രത്യേകമായി തുക അനുവദിച്ചിട്ടില്ല. കഴിഞ്ഞ സെഷനിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. ഉമ്മൻ ചാണ്ടിയുമൊക്കെ അത് ഉന്നയിച്ചതാണ്. അതിലേയ്ക്ക് ആവശ്യമായ തുക അനുവദിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഗർഭാവസ്ഥ മുതൽ വാർദ്ധക്യം വരെയുള്ളവർക്ക് കേരളത്തിൽ സൗജന്യ ചികിത്സ നൽകി. ഈ ബജറ്റിൽ പ്രഖ്യാപിച്ച ഒരു കാര്യം ഞാൻ ശ്രദ്ധിച്ചു, ജീവിത ശൈലീരോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള പ്രത്യേക മരുന്നും സൗജന്യമായി വിതരണം ചെയ്യും. 1.5 കോടിയോളം ആളുകളുടെ വീടുകളിൽ പോയി സ്ക്രീനിംഗ് നടത്തി അവർക്ക് ജീവിത ശൈലീരോഗങ്ങൾക്ക് സൗജന്യമായ ചികിത്സയും മരുന്നും കൊടുക്കുന്ന "അമൃതം ആരോഗ്യം" പദ്ധതി കേരളത്തിൽ കഴിഞ്ഞ തവണത്തെപ്പോലെ നടന്നുവരുന്നു. ആ രംഗത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിലൂടെ ആരോഗ്യ മേഖലയിൽ ശക്തമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഐ.എം.ആർ. (Infant Mortality Rate)-ൽ കഴിഞ്ഞ അഞ്ച് വർഷത്തെ പ്രവർത്തനംകൊണ്ട് വളരെയധികം മാറ്റം വരുത്താൻ കഴിഞ്ഞു. അടുത്തകാലത്ത് സെൻട്രൽ ഗവൺമെന്റ് ഏജൻസിയായ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ നടത്തിയ പഠനത്തിൽ ശിശുമരണ നിരക്ക് 6 ശതമാനമായി കുറഞ്ഞിട്ടുണ്ടെന്നുള്ളത് അഭിമാനാർഹമായ കാര്യമാണ്. കഴിഞ്ഞ അഞ്ച് വർഷം നടത്തിയ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് ഒരു വികസിത രാഷ്ട്രത്തിന്റേതായ തലത്തിൽ ആ രംഗത്ത് മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇക്കാര്യങ്ങൾ അങ്ങ് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. അതുപോലെ ഐ.എം.ആർ. റേറ്റ് 86-ൽ നിന്നും 62 ആയി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞു. ആ രംഗത്തുണ്ടായ മാറ്റങ്ങൾക്ക് ആരോഗ്യ മേഖലയിൽ കൂടുതൽ തുക അനുവദിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച മെഡിക്കൽ കോളേജുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ബജറ്റിൽ അല്ലെങ്കിൽ കിഫ്ബിയിൽ നിന്ന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. തിരുവനന്തപുരത്ത് മെഡിക്കൽ

കോളേജുണ്ട്. ബോർഡ് മാറ്റിവച്ചുവെന്നാണ് പലപ്പോഴും ആരോഗ്യ വകുപ്പുമന്ത്രി പ്രസംഗിക്കുന്നത്. തിരുവനന്തപുരത്തെ പുതിയ മെഡിക്കൽ കോളേജിൽ 138000 സ്ക്വയർ ഫീറ്റിൽ കെട്ടിടം നിർമ്മിച്ച് 134 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത് കേന്ദ്ര ഗവൺമെന്റിന്റെയും മെഡിക്കൽ കൗൺസിലിന്റെയും അംഗീകാരം ലഭിച്ച് ഉദ്ഘാടനം നടത്തിയാണ് കഴിഞ്ഞ ഗവൺമെന്റ് പോയത്. എന്തൊരു ക്രൂരതയാണ് കാണിച്ചിരിക്കുന്നത്. 100 കുട്ടികൾക്ക് 25,000 രൂപ ഫീസിൽ പഠിക്കാനും എസ്.സി./എസ്.ടി കുട്ടികൾക്ക് സൗജന്യമായി പഠിക്കാനും കഴിയുന്ന സാഹചര്യമാണ് ഉണ്ടായിരുന്നത്. കേരളത്തിലെ ആ മെഡിക്കൽ കോളേജ് എന്തിനുവേണ്ടിയാണ് നിർത്തിവച്ചത്. ജനറൽ ആശുപത്രി കോമ്പൗണ്ടിനകത്തുള്ള സൗകര്യങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പോയി കാണണം. ആ മെഡിക്കൽ കോളേജ് അടുത്ത വർഷമെങ്കിലും ആരംഭിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് വളരെ സജീവമായി ചർച്ച നടക്കുന്ന കാലഘട്ടമാണിത്. അതുകൊണ്ടാണ് യു.ഡി.എഫ്. ഗവൺമെന്റ് എല്ലാ ജില്ലകളിലും ഓരോ മെഡിക്കൽ കോളേജ് ആരംഭിച്ചത്. 25,000 രൂപ ഫീസിൽ എത്ര കുട്ടികൾക്ക് പഠിക്കാൻ കഴിയുമായിരുന്നു. അതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റ് തുടങ്ങിയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കണം. എട്ടോളം മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. 100-150 കോടി രൂപയുടെ നബാർഡ് ലോണുകൾ പലതിനുമുണ്ട്. ആ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിന്, അങ്ങ് ഇപ്പോൾ സങ്കൽപ്പിക്കുന്ന രീതിയിലുള്ള കിഫ്ബി ഫണ്ട് നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെയുള്ള 134 തസ്തികകൾ പാരിപ്പള്ളി മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റിയെങ്കിലും അവിടെയും ഇവിടെയും ജീവനക്കാരില്ലാത്ത അവസ്ഥയാണിപ്പോൾ. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കേരളത്തിൽ സമഗ്രമായ പദ്ധതികൾ നടപ്പിലാക്കിയാണ് മുന്നോട്ടുപോയത്. കിഫ്ബി പോലുള്ള മാർഗ്ഗങ്ങളിലൂടെയല്ലാതെ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ ലഭ്യമായ വിഭവ സമാഹരണം നടത്തിയാണ് കേരളത്തിലെ വൻകിട പദ്ധതികൾ മുഴുവൻ നടപ്പിലാക്കിയത്. സർക്കാരുകൾക്ക് കടമെടുക്കുന്നതിനുള്ള പരിധി റിസർവ് ബാങ്ക് നിശ്ചയിച്ചിട്ടുണ്ട്. അതുകൊണ്ട് ട്രഷറിയുമായി ബന്ധമില്ലാതെ കടമെടുക്കുന്ന കമ്പനിയെന്ന നിലയിലാണ് കിഫ്ബിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്. കിഫ്ബിയിൽനിന്നും കടമെടുക്കുന്നതിന് ആർ.ബി.ഐ. പരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. സംസ്ഥാന ഗവൺമെന്റിന് പരിധി നിശ്ചയിച്ചിട്ടുള്ളതാണ് കിഫ്ബി. ആവശ്യംപോലെ ലോൺ എടുക്കുന്നതിനുള്ള സാഹചര്യമുണ്ടോയെന്ന് അങ്ങ് സൂചിപ്പിക്കണം. അങ്ങ് 2006-2011-ൽ ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ 11-11-1999-ൽ ആരംഭിച്ച കിഫ്ബിയെ

ശക്തിപ്പെടുത്തുന്നതിനും അധികവിഭവ സമാഹരണം നടത്തുന്നതിനും ശ്രമിച്ചിട്ടില്ല. ഇതിനോടുള്ള വിശ്വാസക്കുറവു കൊണ്ടാണോയെന്ന് അങ്ങ് വ്യക്തമാക്കണം. പലകാര്യങ്ങളിലും വ്യക്തതയില്ല. കെ.എസ്.ആർ.ടി.സി. ഏറ്റവും കൂടുതൽ തകർച്ച നേരിടുന്ന ഒരു പ്രസ്ഥാനമാണ്. 3000 കോടി രൂപ കെ.എസ്.ആർ.ടി.സി.ക്ക് കൊടുക്കുമെന്ന് പറഞ്ഞെങ്കിലും ആ തുക എന്ന് കൊടുക്കും എന്ന് വ്യക്തമാക്കിയിട്ടില്ല. കെ.എസ്.ആർ.ടി.സി.യെ എന്ന് നഷ്ടമില്ലാത്ത ഒരു സ്ഥാപനമാക്കാമെന്നും തൊഴിലാളികൾക്ക് എന്ന് കൃത്യമായി ശമ്പളവും പെൻഷനും കൊടുക്കാനാകുമെന്നും പറയാൻ കഴിയണ്ടേ? കെ.എസ്.എഫ്.ഇ. പ്രവാസി മലയാളികളുടെ ചിട്ടി തുടങ്ങി. 12,000 കോടി രൂപ അതിൽ നിന്നും കിഫ്ബിയിലേയ്ക്ക് മാറ്റുമെന്ന് പറയുന്നുണ്ട്. ഏത് വ്യവസ്ഥ അനുസരിച്ചാണ് കെ.എസ്.എഫ്.ഇ.യുടെ ഫണ്ട് ഇപ്രകാരം കിഫ്ബിയിലേയ്ക്ക് മാറ്റുന്നതെന്ന് വ്യക്തമാക്കണം. കിഫ്ബിയിലൂടെ ആയിരക്കണക്കിന് രൂപയുടെ പദ്ധതികളാണ് പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നത്. ഇത് യാഥാർത്ഥ്യമാകുന്നുണ്ടോ എന്ന് അറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ട്. അതിനായി കിഫ്ബിയിലൂടെ ഏറ്റെടുത്ത പദ്ധതികളുടെ വാർഷിക പ്രവർത്തന പുരോഗമന രേഖ (Performance Assessment Report) അടുത്ത ബജറ്റിനുമുമ്പ് അനുബന്ധമായി പ്രസിദ്ധീകരിക്കണമെന്നാണ് എനിക്ക് വിനയപുരസ്സരം അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ദീർഘമായി മറ്റ് കാര്യങ്ങളിലേയ്ക്ക് പറഞ്ഞുപോകാൻ ആഗ്രഹിക്കുന്നില്ല. പദ്ധതികൾ പ്രഖ്യാപിക്കുകയും നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാവുകയും ചെയ്യുന്ന എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. 8-8-2016-ലെ ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് 10 കടമ്പകൾ കടന്നാണ് ഒരു പ്രോജക്ട് ആരംഭിക്കുന്നത്. അത്തരം സാഹചര്യം ഒഴിവാക്കി വളരെ വേഗത്തിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ട് പോകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വർഗ്ഗീയതയെക്കുറിച്ച് എനിക്ക് മുമ്പ് സംസാരിച്ച മെമ്പർ സൂചിപ്പിക്കുകയുണ്ടായി. ഇവിടെ ബി.ജെ.പി.-ക്ക് എതിരായി ശക്തമായ പ്രതിരോധനിര കെട്ടിപ്പടുക്കാൻ കോൺഗ്രസ്സിനേ കഴിയൂ. ഇന്ത്യയുടെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാകുന്ന യാഥാർത്ഥ്യമാണത്. സി.പി.ഐ.(എം)-നെപ്പോലുള്ള രാഷ്ട്രീയ പ്രസ്ഥാനം കേരളത്തിലും ത്രിപുരയിലും മാത്രമേയുള്ളൂ. അവിടെയൊക്കെ നിങ്ങൾ എതിർക്കുന്നത് കോൺഗ്രസ്സിനെയാണ്. യു.പി.യിലും മണിപ്പൂരിലും പഞ്ചാബിലും ഉത്തരാഖണ്ഡിലും ഇപ്പോൾ തെരഞ്ഞെടുപ്പ് നടന്നു. അവിടെയൊക്കെ ബി.ജെ.പി. യെ എതിർത്തത് കോൺഗ്രസ്സാണ്. കോൺഗ്രസ്സിന് മാത്രമേ അതിനുള്ള ശക്തിയുള്ളൂ. ഹിമാചൽ പ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് വരാൻ പോകുന്നു. സി.പി.ഐ.(എം)-ന് അവിടെയൊക്കെ എന്താണ് കാര്യം; ഒരു കാര്യവുമില്ല. അവിടെയെല്ലാം ബി.ജെ.പി.യെ

എതിർക്കുന്നത് കോൺഗ്രസ്സാണ്. ശ്രീ. നരേന്ദ്ര മോദി പറയുന്നത്, കോൺഗ്രസ് മുക്ത ഭാരതമുണ്ടാകണമെന്നാണ്. അല്ലാതെ കമ്മ്യൂണിസ്റ്റ് മുക്ത ഭാരതം ഉണ്ടാകണമെന്ന് നരേന്ദ്ര മോദി പറയുന്നില്ല. ബി.ജെ.പി.യുടെ ശത്രു കോൺഗ്രസ്സാണ്. കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഈ രാജ്യത്ത് മതനിരപേക്ഷ ശക്തികളുടെ മുന്നേറ്റമുണ്ടാകണം; അതിന് നേതൃത്വം കൊടുക്കണം. രാജ്യത്ത് കാലാകാലങ്ങളിൽ കോൺഗ്രസ് വിരോധം വച്ച് സി.പി.ഐ.(എം) പോലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നതിന്റെയും 1978-ലും 1989-ലും സി.പി.ഐ.(എം) എടുത്ത നിലപാടുകളുടെയും ഫലമാണ് ഇന്ന് രാജ്യം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. നരേന്ദ്ര മോദിയുടെ ഗവൺമെന്റ് അധികാരത്തിൽ വന്നത്....

മി. ചെയർമാൻ: പ്ലീസ്... അങ്ങ് പറഞ്ഞവസാനിപ്പിക്കൂ...

ശ്രീ. വി. എസ്. ശിവകുമാർ: സർ, ജനാധിപത്യ മതനിരപേക്ഷ സംവിധാനം ഈ രാജ്യത്തുണ്ടാകണം. കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അത് മുന്നോട്ടുപോകണം. കോൺഗ്രസ്സിനെ ശത്രുവായി കാണുന്ന സമീപനം മാറ്റി, മതനിരപേക്ഷ ശക്തികളോട് ആത്മാർത്ഥതയുണ്ടെങ്കിൽ അതിൽ അണിചേരുകയാണ് സി.പി.ഐ.(എം) പോലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ചെയ്യേണ്ടതെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടും ഉപക്ഷേപത്തെ എതിർത്തുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. കെ. രാജൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. കേരളത്തിൽ അടുത്തകാലത്ത് കേട്ട ഏറ്റവും രസകരമായ തമാശയോടെയാണ് ശ്രീ. വി. എസ്. ശിവകുമാർ പറഞ്ഞവസാനിപ്പിച്ചത്. നിങ്ങളുടെ ബി.ജെ.പി. വിരുദ്ധതയുടെ അടയാളവാക്ക് ഈ സഭയുടെ മുൻസീറ്റിലുണ്ട്; നേമം മെമ്പർ ശ്രീ. ഒ. രാജഗോപാൽ. കണക്കെടുത്ത് പരിശോധിച്ചാൽ മനസ്സിലാക്കാവുന്ന കാര്യമേയുള്ളൂ. ഇന്ത്യയാകെ നയിച്ചുകൊണ്ടിരുന്ന കോൺഗ്രസ് ഇപ്പോൾ ഭരിക്കുന്നത് അഞ്ച് സംസ്ഥാനങ്ങളിൽ മാത്രമാണ്. ആ യാഥാർത്ഥ്യം ശ്രീ. വി. എസ്. ശിവകുമാറിന് അറിയാതിരിക്കില്ലെന്ന് ഞാൻ കരുതുകയാണ്. കോൺഗ്രസ്സിനെ ശത്രുവായി കാണാതിരിക്കണമെങ്കിൽ കയ്യിലിരിപ്പ് നല്ലതാകണം. അല്ലാത്തിടത്തോളം കാലം കേരളത്തിലെ ജനങ്ങൾ നിങ്ങളെ ശത്രുക്കളായിത്തന്നെ കാണും. സാധാരണ തോൽക്കുമ്പോൾ ചില പാർട്ടികളും മുന്നണികളും നയവും മുദ്രാവാക്യങ്ങളും മാറ്റും. യു.ഡി.എഫ്. തോറ്റപ്പോഴും

ജനങ്ങളുടെ കണ്ണിൽ പൊടിയിടാനായി കേരളം അഭിമുഖീകരിക്കാൻ പോകുന്ന പ്രശ്നങ്ങളായ പണമില്ല, വെള്ളമില്ല, പണിയില്ല എന്നൊക്കെ പറഞ്ഞ് മുദ്രാവാക്യങ്ങൾ ഉയർത്തി. എന്നാൽ അഞ്ച് സംസ്ഥാനങ്ങളിൽ തോൽക്കുന്ന റിസൾട്ട് എണ്ണുന്നതിന്റെ തലേദിവസം വെള്ളിയാഴ്ച നിങ്ങൾ വീണ്ടും മുദ്രാവാക്യം മാറ്റി. കോൺഗ്രസ്സിന്റെ പുതിയ മുദ്രാവാക്യം വളരെ രസകരമാണ്. ഭരണമില്ല, ഐക്യമില്ല, ജനപിന്തുണയില്ല, ഇപ്പോൾ പ്രസിഡന്റുമില്ല. ഇങ്ങനെ ഒരു പാർട്ടി കേരളത്തിന്റെ ചരിത്രത്തിൽ അധഃപതിക്കുന്നതിൽ സങ്കടമുണ്ട്. ഞാൻ ശ്രീ. പി. ടി. തോമസിനെ നമോവാകം ചെയ്യുകയാണ്. ഇതൊരു ചെളിക്കുണ്ടാണെന്നറിഞ്ഞിട്ടും നിങ്ങൾ സമ്മതിച്ചാൽ അതിൽ ഇറങ്ങി മുങ്ങാൻ തയ്യാറാണെന്ന് പറഞ്ഞ ശ്രീ. പി. ടി. തോമസിനോട് എനിക്ക് നന്ദിയുണ്ട്. എ.ഐ.സി.സി. പ്രസിഡന്റിന് അടിയന്തരമായി ഒരു മെയിൽ അയയ്ക്കണമെന്നാണ് ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നിങ്ങൾ കേരളത്തിന്റെ അരി മുട്ടിച്ചു, വരുമാനവും മുട്ടിക്കാതിരിക്കണമെങ്കിൽ ഒരു മാസം കൂടി കെ.പി.സി.സി. പ്രസിഡന്റിനെ തെരഞ്ഞെടുക്കാതിരിക്കണം. അമ്പലങ്ങളിലും പള്ളികളിലും വരുന്ന വലിയ വഴിപാടുകളുടെ വരവ് തുടരണമെങ്കിൽ കെ.പി.സി.സി. പ്രസിഡന്റ് തെരഞ്ഞെടുപ്പിന് ഒരു മാസം കൂടി കാത്തിരിക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. എനിക്ക് വലിയ ഇഷ്ടമുള്ള മെമ്പറാണ് ശ്രീ. കെ. എസ്. ശബരീനാഥൻ, കാണാനും സുന്ദരനാണ്. പക്ഷേ, അദ്ദേഹം കോൺഗ്രസ്സിൽ ആയിപ്പോയെന്ന കുഴപ്പമുണ്ട്. 'മോഹം' എന്ന കവിത അദ്ദേഹം വായിച്ചത് പിന്നിൽ നിന്നാണ്, അത് മുന്നിൽ നിന്നാണ് വായിക്കേണ്ടത്.

"ഒരുവട്ടം കൂടിയാ പഴയ വിദ്യാലയ

തിരുമുറ്റത്തെത്തുവാൻ മോഹം

തിരുമുറ്റത്തൊരു കോണിൽ നിൽക്കുന്നൊരാ

നെല്ലി മരമൊന്നുലുത്തുവാൻ മോഹം" ഞാൻ തുടർന്ന് വായിക്കുന്നില്ല. ആ മോഹം നടപ്പിലാക്കാൻ അവസരം തന്ന ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് നന്ദിയുണ്ട്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രി ആയപ്പോൾ ഞങ്ങൾക്ക് പഴയ വിദ്യാലയത്തിന്റെ തിരുമുറ്റത്ത് ചെന്ന് നെല്ലിമരമൊന്ന് ഉലർത്തുവാൻ കഴിയുന്ന തരത്തിൽ കേരളത്തിൽ പൊതു സംരക്ഷണ യജ്ഞം നടപ്പിലാക്കി. അങ്ങ് ഒ.എൻ.വി. കവിത മുന്നിൽ നിന്നാണ് വായിച്ചത്. അതുകൊണ്ട് ഈ ബജറ്റിൽ മലയാളികളുടെ ജീവിതാനുഭവങ്ങളിലേയ്ക്ക് വെളിച്ചം വീശുന്ന വിദ്യാഭ്യാസരംഗത്ത് പുതിയ സാധ്യതകൾ ഉണ്ടായി. ഞാൻ ദീർഘിപ്പിക്കുന്നില്ല. തൃശ്ശൂരിൽ നിന്നുള്ള

ഞായറാഴ്ചത്തെ പത്രം ഞാൻ വായിച്ചു. അതിൽ ഗുരുവായൂർ അമ്പലത്തിന്റെ പ്രസാദമൂട്ടിൽ ഗുരുവായൂർ മെമ്പർ ശ്രീ. കെ. വി. അബ്ദുൾ ഖാദർ ദേവസ്വം ബോർഡ് പ്രസിഡന്റിനൊപ്പമിരുന്ന് കഞ്ഞി കുടിക്കുന്ന രസകരമായ ഒരു ചിത്രമുണ്ടായിരുന്നു. അതുകണ്ടപ്പോൾ എനിക്ക് വലിയ സന്തോഷം തോന്നി.

ശ്രീ. എം. സ്വരാജിനൊക്കെ അറിയാമായിരിക്കും, വയലാർ രാമവർമ്മയുടെ 'പണ്ടൊരു കാക്ക' എന്നൊരു കവിതയുണ്ട്. കവിത ദീർഘമായി വായിക്കാൻ ഞാൻ ഈ സമയം ഉപയോഗിക്കുന്നില്ല. "പണ്ട് ഏഴിലംകാട്ടിൽനിന്ന് ഒരു കാക്ക ഏകാദശി നോമ്പുനോറ്റ് ഗുരുവായൂർക്ക് പോയി. പോകുന്ന വഴിക്ക് ഭാരതപ്പുഴയിൽ ഇറങ്ങി കുളിച്ചു. കുളിച്ചപ്പോൾ ഒരുപാട് സാധനങ്ങൾ കിട്ടി. കാലിട്ട് ഇുഴഞ്ഞപ്പോൾ കാലിന്റെ അടിയിൽ നാലഞ്ച് പൊന്നിൻകട്ടി കിട്ടി, കയ്യിട്ട് ഇുഴഞ്ഞപ്പോൾ കയ്യിൽ കല്ലുപതിച്ചൊരു കങ്കണം കിട്ടി, ചിറകിട്ട് ഇുഴഞ്ഞപ്പോൾ ഒരു വർണ്ണപൂമാല കിട്ടി, തലയിട്ട് ഇുഴഞ്ഞപ്പോൾ ഒരു തങ്കക്കസവ് തലപ്പാവ് കിട്ടി. ഇതുകണ്ട് കൊതിമൂത്ത് ഒരു കാവതി കാക്കയും ഏകാദശി നോൽക്കുന്നതായി പ്രഖ്യാപിച്ചു. കാവതി കാക്ക പക്ഷെ ഏകാദശി നോറ്റില്ല. ഏഴര വെളുപ്പിന് എണീറ്റില്ല. പോകുന്ന വഴിക്ക് മറ്റേ കാക്ക കുളിച്ചതുപോലെ ഭാരതപ്പുഴയിൽ ഒന്ന് കുളിക്കാനിറങ്ങി. കള്ളനായ കാവതി കാക്കയ്ക്ക് കിട്ടിയ സാധനങ്ങളെന്തൊക്കെയാണെന്ന് കവി എഴുതിയിട്ടുണ്ട്. കാലിട്ട് ഇുഴഞ്ഞപ്പോൾ കാലിൽ കാരിയും കൂരിയും കൊത്തി, കയ്യിട്ട് ഇുഴഞ്ഞപ്പോൾ കയ്യിൽ ഒരു നീർക്കോലി കൊത്തി, ചിറകിട്ട് ഇുഴഞ്ഞപ്പോൾ ചിറകിലൊരു വല വീണു. അവസാനം നാട്ടുകാരുകണ്ടത് കാവതി കാക്ക പുഴയുടെ ഓരത്ത് ചത്തുമലച്ച് കിടക്കുന്നതാണ്." അതുകൊണ്ട് എനിക്കഭ്യർത്ഥിക്കാനുള്ളത്, മതനിരപേക്ഷതയുടെ പൊതുമണ്ഡലം നിലനിർത്താൻ നോമ്പുനോറ്റ ഗുരുവായൂർ മെമ്പർക്ക് കിട്ടുന്ന പിന്തുണ കണ്ട് മതനിരപേക്ഷത നിലനിർത്താൻ നോമ്പുനോറ്റ മലയാളിക്കിടയിൽ മതവേർതിരിവുണ്ടാക്കിയാൽ ആ കള്ളപ്പണിക്ക് കാവതി കാക്കയുടെ ഗതികേട് ഈ നാട്ടിലുണ്ടാകുമെന്ന് നിങ്ങൾ മനസ്സിലാക്കണം. 'കിഫ്ബി'യാണല്ലോ പ്രധാന ചർച്ചാവിഷയം. ഡോ. ടി. എം. തോമസ് ഐസക്കിന്റെ പദ്ധതി കണ്ട് വിറളി പൂണ്ട ആളുകൾ "ബഡ്ജറ്റ്-കിഫ്ബി=0" എന്ന് പ്രഖ്യാപിച്ചു. കഴിഞ്ഞ ദിവസം കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയെ വെല്ലുവിളിച്ചു. 26,000 കോടി രൂപ പ്ലാൻ ഫണ്ടിൽ മാറ്റിവച്ച ഒരു ബജറ്റ് ഇൻഡ്യയിൽ എവിടെയെങ്കിലുമുണ്ടോ എന്നാണ് അദ്ദേഹം ചോദിച്ചത്. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിലുണ്ടായിരുന്നില്ല. അദ്ദേഹം മണിപ്പൂർ പോയ വഴിക്ക് വല്ല വിവരവും കിട്ടിയാൽ ആ വിവരം കൂടി ഈ സഭയെ അറിയിക്കണം. എവിടെയെങ്കിലും പ്ലാൻ ഫണ്ടിൽ 26,000 കോടി രൂപ മാറ്റിവച്ചിട്ടുണ്ടോ എന്ന വെല്ലുവിളി നിങ്ങൾ ഏറ്റെടുക്കണം. സാമൂഹിക ബാധ്യത നിറവേറ്റിയ ഗവൺമെന്റാണിത്. പെൻഷൻ നൽകി, ഓണത്തിന് സമൃദ്ധമായി ഭക്ഷ്യ

സാധനങ്ങളും പച്ചക്കറിയും കുറഞ്ഞ ചെലവിൽ വിതരണം ചെയ്തു, യു.ഡി.എഫ്. വരുത്തിവച്ച കുടിശ്ശികയെല്ലാം കൊടുത്തു തീർത്തു. സ്വാഭാവികമായും റവന്യൂ ചെലവ് ഗണ്യമായി വർദ്ധിക്കും, റവന്യൂ കമ്മിയുണ്ടാകും. 'കിഫ്ബിയെ എങ്ങനെയാണ് കാണേണ്ടത്; കിഫ്ബിയെ ആരും എതിർക്കുന്നില്ല. 'കിഫ്ബി എന്ത്, എങ്ങനെ, എപ്പോൾ' എന്നതാണ് ചോദ്യം. ഇവിടെ ശ്രീ. വി. എസ്. ശിവകുമാർ പദ്ധതികൾക്ക് കാലതാമസമുണ്ടാകുമെന്ന് പറഞ്ഞു. 20 ലക്ഷം രൂപയുടെ പദ്ധതിയോ 10 ലക്ഷം രൂപയുടെ റോഡോ 5 ലക്ഷം രൂപയുടെ ഫ്ലഡ്ലോ അല്ല അനുവദിച്ചത്, വലിയ വലിയ കുടിവെള്ള പദ്ധതികൾ, പാലങ്ങൾ, റോഡുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള വലിയ പദ്ധതികളാണ് ഗവൺമെന്റ് കൊണ്ടുവരുന്നത്. കേരളത്തെ സജീവമാക്കാനുള്ള ഇത്തരം വലിയ പദ്ധതികൾ വരുമ്പോൾ കാലതാമസമുണ്ടാകും. 50,000 കോടി രൂപ എവിടെനിന്ന് കിട്ടുമെന്ന് നിങ്ങൾ ചോദിക്കുന്നു, സരിതയെയും ജോപ്പനെയും ഗൺമാനെയും ഇറക്കിയല്ല 50,000 കോടി രൂപ ഞങ്ങൾ സമാഹരിക്കുന്നത്. അതിന് ഇടതുപക്ഷത്തിന്റെ നിക്ഷേപ കാഴ്ചപ്പാടുണ്ട്. ആ കാഴ്ചപ്പാട് ഇവിടെ പ്രഖ്യാപിച്ചല്ലോ; സഹകരണ ബാങ്കിലെ മിച്ചം, ട്രഷറി സേവിംഗ്സ് ബാങ്കിലെ നിക്ഷേപ വർദ്ധനവ് എന്നിവ കിഫ്ബി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ഒരു നിയമതടസ്സവുമില്ല. കൂടാതെ, കെ.എസ്.എഫ്.ഇ. പ്രഖ്യാപിച്ചിട്ടുള്ള പ്രവാസി ചിട്ടിയിലെ ഫ്രീ ഫ്ലോട്ട് കിഫ്ബി ബോണ്ടിൽ വയ്ക്കാം. നബാർഡിന്റെയും നിഡയുടെയും വാണിജ്യ ബാങ്കുകളും കിഫ്ബിക്ക് വായ്പ നൽകും. വിദേശത്തുനിന്ന് വായ്പ എടുക്കാം. 7 മുതൽ 10 വർഷംവരെ മൊറട്ടോറിയം, 30 വർഷം കഴിഞ്ഞ് തുക തിരിച്ചടച്ചാൽ മതി. ഇത്ര വലിയൊരു പദ്ധതി വിഭാവന ചെയ്യുമ്പോൾ നിങ്ങളെന്തിനാണ് പേടിക്കുന്നത്; നിങ്ങൾ പേടിക്കേണ്ട കാര്യമില്ല. 'നാളെ ചെയ്യേണ്ടത് ഇന്ന് ചെയ്യുക' എന്ന ഉജ്ജ്വലമായ ഭാവന കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രിക്കുണ്ടായതിൽ കേരള ജനതയ്ക്കുവേണ്ടി ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. കേരളത്തിന്റെ പുതിയ പദ്ധതികൾ, ബജറ്റിലെ 156-ാം ഹെഡ് പ്രകാരം 182 റോഡ്- 5682 കോടി രൂപ, അനുബന്ധത്തിൽ 34 റോഡ് ഉൾപ്പെടെ 216 റോഡുകൾക്ക് 6335.15 കോടി രൂപ, 81 പാലത്തിന് 2746 കോടി രൂപ, 148 കുടിവെള്ള സ്കീമുകൾക്ക് 1867 കോടി രൂപ. എന്തൊരു മാറ്റമാണ് ഈ കേരളത്തിലുണ്ടാകുന്നത്. 141 സ്കൂളുകൾ സെന്റർ ഓഫ് എക്സലൻസ്, 217 സ്കൂളുകളിൽ അനുബന്ധ മുന്നേറ്റം, 13 സർവ്വകലാശാലകൾക്ക് സഹായം. എവിടെയാണ് കേരളം എത്തി നിൽക്കുന്നത്? എന്നോട് കഴിഞ്ഞ ദിവസം ജോസഫ് എന്ന പാർട്ടി പ്രവർത്തകന്റെ മകൻ പറഞ്ഞു, "രവീന്ദ്രൻ മാഷിനെ എനിക്ക് അത്രയ്ക്ക് ഇഷ്ടമില്ല; രവീന്ദ്രൻ മാഷ് വന്നതിനുശേഷം രണ്ട് കുഴപ്പങ്ങളുണ്ട്." ഒന്ന്, ഈ പരീക്ഷയ്ക്കിരിക്കുമ്പോഴേയ്ക്കും അടുത്ത പരീക്ഷയുടെ ബുക്ക് സ്കൂളിലെത്തും. പിന്നെ ഒരു കുഴപ്പംകൂടിയുണ്ട്, വേറൊന്നുമല്ല, ഇത്തവണ ജയിക്കണമെങ്കിൽ

എസ്.എസ്.എൽ.സി.-ക്ക് പരീക്ഷ എഴുതണം. കഴിഞ്ഞ പ്രാവശ്യം നവംബർ മാസത്തിലേ ടെക്സ്റ്റ് ബുക്ക് വരുമായിരുന്നുള്ളൂ. അതുകൊണ്ട് ആദ്യത്തെ കുറച്ചുനാൾ ഫ്രീയായിരുന്നു. എസ്.എസ്.എൽ.സി.-ക്ക് പരീക്ഷ എഴുതേണ്ടതില്ലായിരുന്നു, രജിസ്റ്റർ ചെയ്താൽ എല്ലാവരെയും ജയിപ്പിക്കും. ഇപ്പോൾ അതല്ലല്ലോ സ്ഥിതി. വികസന പ്രവർത്തനങ്ങളിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എന്തെങ്കിലും രാഷ്ട്രീയം കാണിച്ചിട്ടുണ്ടോ എന്നുള്ളതാണ് എന്റെ ചോദ്യം. ഇന്നലത്തെ 'മാധ്യമം' പത്രം അങ്ങ് കണ്ടോയെന്ന് എനിക്കറിയില്ല. ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞിരിക്കുന്നത് 'അരുവിക്കരയ്ക്ക് ഗജകേസരി യോഗം', ചോദിച്ചതിനൊക്കെ ബജറ്റിൽ ഫണ്ട് വകയിരുത്തി, ഒരു പരാതിയുമില്ല. 'വികസനത്തിന് കാതോർത്ത് വട്ടിയൂർക്കാവ്- വട്ടിയൂർക്കാവിന്റെ സമഗ്ര വികസനത്തിനാവശ്യപ്പെട്ട വിവിധ പദ്ധതികൾക്ക് അംഗീകാരം നൽകി, ആശ്വാസകരമെന്ന് ശ്രീ. കെ. മുരളീധരന്റെ സ്റ്റേറ്റ്മെന്റ്. 'കരകയറുമോ കോവളം' എന്ന ചോദ്യത്തിന് മറുപടിയായി ഇവിടെ പറഞ്ഞിട്ടുള്ളത് കുടിവെള്ളത്തിന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു - ശ്രീ. എം. വിൻസെന്റ്. കൊടുത്ത പദ്ധതിയിൽ പ്രധാനപ്പെട്ടതൊക്കെ നേടിയെടുക്കുകയുണ്ടായിയെന്ന് ശ്രീ. ഒ. രാജഗോപാൽ വരെ പറഞ്ഞിരിക്കുകയാണ്. ഒട്ടേറെ പദ്ധതികൾ ബജറ്റിലുൾപ്പെടുത്തുന്നത് വൻ നേട്ടമായി കാണുന്നു. ആർക്കാണ് പരാതി ഉണ്ടെന്ന് പറഞ്ഞത്? വെറുതെ ഇവിടെ വന്ന് പരാതി പറയുകയും അതിനൊന്നുമൊരു മാന്യത കാണിക്കാതിരിക്കുകയും ചെയ്യുന്ന സമീപനം പ്രതിപക്ഷം കേരളത്തിൽ സ്വീകരിച്ചിരിക്കുകയാണ്. കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രീ, സത്യത്തിൽ അങ്ങയുടെ നാവ് പൊന്നായി മാറും. ഈ ബജറ്റിന്റെ പതിമൂന്നാമത്തെ പേജിൽ അങ്ങ് 'മാൻഹോളിലെ ജീവിതത്തെക്കുറിച്ചും' 'വിധു വിൻസെന്റിനെക്കുറിച്ചും' 3-ാം തീയതി ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചു. അത്ഭുതകരം, 7-ാം തീയതി കേരളത്തിലെ ചലച്ചിത്ര അവാർഡ് പ്രഖ്യാപിച്ചപ്പോൾ 'മാൻഹോൾ' ആണ് അവാർഡ് നേടിയ സിനിമ. നമ്മുടെ പദ്ധതികൾ കേരളത്തിൽ അംഗീകരിക്കപ്പെടാൻ പോകുന്നതിന്റെ തെളിവും സൂചനയുമാണിത്. അതിൽ ചിലർക്ക് പ്രയാസമുണ്ടാകും. ശ്രീ. അനിൽ അക്കരയുടെ പ്രയാസം ഇതുകൊണ്ട് തീരുന്നതല്ല. അത് ഒരുപാട് പ്രയാസങ്ങളുടെ ഭാഗമാണ്. അത് ഞാനിപ്പോൾ പറയുന്നില്ല. കോൺഗ്രസ്സുകാർ പകലും രാത്രിയും എങ്ങനെയാണെന്ന് ശ്രീ. എ. കെ. ആന്റണി തന്നെ പറഞ്ഞിട്ടുണ്ട്. ആരോഗ്യമേഖലയിൽ അങ്ങ് കൊണ്ടുവന്ന ജനകീയാരോഗ്യ പ്രസ്ഥാനം, രോഗിയെ അന്വേഷിച്ച് ആരോഗ്യ പ്രവർത്തകർ വീടുകളിലേയ്ക്ക് പോകുകയാണ്. എവിടെയെങ്കിലും കേട്ടുകേൾവിയുണ്ടോ; അതിനുവേണ്ടി ഒരു വിവര സഞ്ചയമുണ്ടാക്കുകയാണ്. മെഡിക്കൽ കോളേജിനും കാൻസർ സെന്ററിനും 1230 കോടി രൂപ, ജില്ല-താലൂക്ക്-ജനറൽ ആശുപത്രികളുടെ ശാക്തീകരണം- 2000 കോടി രൂപ,

മാണി സാർ നിരാഹാരം കിടന്നതുകൊണ്ടല്ല, അല്ലാതെ തന്നെ കാരുണ്യ പദ്ധതിക്ക് 350 കോടി രൂപ മാറ്റി വച്ചു. ആർ.എസ്.ബി.വൈ. - മൊത്തം അടങ്കൽ തുക 350 കോടി രൂപ. അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് ജീവിതകാലം മുഴുവൻ മരുന്ന്, ഇതിനെല്ലാം പുറമേ ഏറ്റവും അഭിനന്ദനാർഹമായ കാര്യം ഈ മൂന്നുവർഷത്തിനിടയ്ക്ക് ഡോക്ടറും സ്റ്റാഫ് നഴ്സുമായി 5257 പേർ പുതിയതായി കേരളത്തിൽ വരാൻ പോകുന്നുവെന്നതാണ്. വിദ്യാഭ്യാസരംഗത്ത് നാല് പദ്ധതികൾ, എന്നുപറഞ്ഞാൽ, സെന്റർ ഓഫ് എക്സലൻസ്, 1000-ത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് 500 കോടി രൂപ, എൽ.പി./യു.പി. സ്കൂളുകളുടെ വികസനത്തിന് 216 കോടി രൂപ, എയ്ഡഡ് സ്കൂളുകൾക്കുകൂടി പങ്കെടുക്കാനുള്ള 'ചാലഞ്ച് ഫണ്ട്' ഇതിനുപുറമേയാണ്. ഞങ്ങളെല്ലാം സമരം നടത്തി അടികൊണ്ടപ്പോൾ നിയമന നിരോധനമായിരുന്നു യു.ഡി.എഫ്.-ന്റെ പരിപാടി. പക്ഷേ ഇപ്പോൾ ഇതാ വിദ്യാഭ്യാസ രംഗത്ത് രണ്ടുവർഷത്തിനകം 2500 തസ്തികകൾ സൃഷ്ടിക്കുന്നു. കഴിഞ്ഞ തവണ ഞാനിവിടെ പ്രസംഗിക്കുമ്പോൾ ചിലർ ചോദിച്ചു, 'വിളയുമോ നെല്ല്', പ്രിയപ്പെട്ടവരെ അഭിമാനപൂർവ്വം ഞാൻ പറയുന്നു, കേരളത്തിലെ മെത്രാൻ കായലിൽ ഞങ്ങൾ വിതച്ചു, ഞങ്ങൾ കൊയ്തു. കേരളത്തിലെ പാടങ്ങളിലാകെ കൊയ്ത്തുപാട്ട് കേൾക്കുമ്പോൾ പ്രയാസമുണ്ടായിട്ട് കാര്യമില്ല. 'സെയ്ഫ് ടു ഈറ്റ്' എന്ന പുതിയ പദ്ധതി കേരളത്തിൽ ആരംഭിക്കുകയാണ്. കേരളത്തിലെ നെല്ല് സംഭരണത്തിന് 700 കോടി രൂപ, പച്ചക്കറിക്ക് 85 കോടി രൂപ, നെല്ലിന് 70 കോടി രൂപ, കേരളത്തിന്റെ കൃഷി വകുപ്പുമന്ത്രി ധനകാര്യ വകുപ്പിന്റെ സഹായത്തോടെ നിങ്ങൾ തരിശ്ശിട്ടിരുന്ന കേരളത്തിന്റെ മണ്ണിനെ പുത്തൻ പച്ചപ്പിന്റെ വളർച്ചയിലേയ്ക്ക് കൊണ്ടുപോകുന്ന കാഴ്ച ആഹ്ലാദത്തോടുകൂടി കാണണ്ടേ, നമുക്ക് മേശപ്പുറത്തടിച്ച് അഭിനന്ദിക്കണ്ടേ?

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. കെ. രാജൻ: സർ, ഞാൻ ചുരുക്കാം. ആരോഗ്യ മേഖലയെ സംരക്ഷിക്കാനുള്ള വലിയ ഇടപെടലിന്റെ ഭാഗമായി വാല്യൂ ആഡഡ് പ്രോഡക്ടുകൾക്കുള്ള അഗ്രോ പാർക്കിന് 100 - 150 കോടി രൂപ. ഞാൻ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. കേരളത്തിലും ഇൻഡ്യയിലും കോൺഗ്രസ് പ്രസ്ഥാനം ഭരിക്കുന്ന കാലത്ത് നമുക്ക് അരി നിഷേധിച്ചപ്പോൾ കേരളത്തിന്റെ റേഷൻ മുടങ്ങാതിരിക്കാൻ ഈ ബജറ്റിൽ 900 കോടി രൂപ കേരളത്തിലെ ഗവൺമെന്റ് അനുവദിച്ചിരിക്കുന്നു. കമ്പ്യൂട്ടറൈസേഷൻ-117 കോടി രൂപ, റേഷൻ വ്യാപാരികളുടെ കമ്മീഷനും ഹാൻഡ്‌ലിംഗ് ചാർജ്ജിനും അന്യ സംസ്ഥാനങ്ങൾ ജനങ്ങളിൽ നിന്നാണ് പണം പിരിക്കുന്നതെങ്കിൽ 100 കോടി രൂപ ഈ ഗവൺമെന്റ് അനുവദിച്ചിരിക്കുന്നു. നെല്ല് സംഭരണത്തിന് 700 കോടി രൂപ, വിലക്കയറ്റം പിടിച്ചുനിർത്താൻ സിവിൽ സപ്ലൈസിന് 200 കോടി രൂപ,

കൺസ്യൂമർഫെഡിന് 180 കോടി രൂപ, ഹോർട്ടികോർപ്പിന് 30 കോടി രൂപ. അങ്ങയുടെ നേതൃത്വത്തിൽ ഇവിടെ അവതരിപ്പിച്ചത് കേരളത്തെ പൊന്നാക്കാനുള്ള ബജറ്റാണ്. ഒറ്റക്കാര്യം ഞാൻ യു.ഡി.എഫ്.-നോട്, പ്രതിപക്ഷത്തോട് സൂചിപ്പിക്കട്ടെ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ മുന്നേറ്റം കാണുമ്പോൾ "വയനാടൻ ചുരമിറങ്ങിവരുന്ന തടി ലോറി തടുക്കാൻ മസിൽ പിടിച്ചു കൊടുത്ത തവളയുടെ ഗതികേട്" നിങ്ങൾക്ക് ഈ നാട്ടിലുണ്ടാകാൻ പോകുകയാണ്. "വയനാടൻ ചുരമിറങ്ങി തടി ലോറി വരികയാണ്. താമരശ്ശേരി വളവിലിരിക്കുന്ന തവളയ്ക്കൊരു സംശയം, എന്നോട് ചോദിക്കാതെ ഈ വണ്ടിവിടാൻ പറ്റുമോ, മസിലുപിടിച്ച് ഊടുവയ്ക്കാൻ തീരുമാനിച്ചു." തവളയ്ക്കെന്തു സംഭവിക്കുമെന്ന് കണ്ടുപിടിക്കാനുള്ള ബുദ്ധി നിങ്ങൾക്കുണ്ടാകുമെന്ന പ്രതീക്ഷയോടെ ഈ ഉപക്ഷേപത്തെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് ഞാനവസാനിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. 'ഇവിടെ എല്ലാം തകരാറിലാണ്, ആ ഭരണചക്രം ഇങ്ങോട്ടു തരിക, ഇപ്പോൾത്തന്നെ ഞങ്ങളെല്ലാം ശരിയാക്കിത്തരാം' എന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് ഒരു വർഷംമുമ്പ് അധികാരത്തിലേറിയ ഈ സർക്കാരിനെ എങ്ങനെ ശരിക്കും ശരിയാക്കാമെന്നാണ് ഇപ്പോൾ കേരള ജനത ആലോചിക്കുന്നത്. ബഡ്ജറ്റ് - കിഫ്ബി = പൂജ്യം എന്നതായിരുന്നു പ്രതിപക്ഷത്തിന്റെ മുഖ്യ വിമർശനമെന്ന് തുടങ്ങുന്ന അങ്ങയുടെ ഈ ലേഖനം ഞാൻ മനസ്സിരുത്തി മൂന്നുപ്രാവശ്യം വായിച്ചു. പ്രതിപക്ഷത്തിന്റെ മാത്രമല്ല, പ്രധാനപ്പെട്ട സാമ്പത്തിക വിദഗ്ദ്ധരടക്കം എല്ലാവരും പറയുന്നത്, ഇപ്പോൾ അങ്ങേയ്ക്ക് കുറച്ചൊക്കെ ബോധ്യമായിട്ടുണ്ടെന്നാണ് ഈ ലേഖനം വായിച്ചപ്പോൾ മനസ്സിലായത്. ഇതിൽ അങ്ങയുടെ വാദമുഖങ്ങൾ വളരെ നേർത്തതാണ്. ബജറ്റ് അവതരിപ്പിച്ച സമയത്ത് ഇതായിരുന്നില്ല സ്ഥിതി. അങ്ങ് വളരെ വീറോടും വാശിയോടുംകൂടിയാണ് ഇതിനെക്കുറിച്ച് സംസാരിച്ചിരുന്നത്. കിഫ്ബി എന്ന ആശയത്തെയോ, അമ്പതിനായിരം കോടി രൂപ കടത്തെയോ, വൻകിട നിർമ്മാണ പ്രവൃത്തികളെയോ ഒന്നുംതന്നെ ആരും എതിർക്കുന്നില്ല. പക്ഷേ കിഫ്ബിപോലൊരു എസ്.പി.വി.-യ്ക്ക് അമ്പതിനായിരം കോടി രൂപ കടമെടുക്കണമെങ്കിൽ, അതിന് ബോണ്ട് നൽകണമെങ്കിൽ ആർ.ബി.ഐ.-യുടെ പെർമിഷൻ വേണോ; കേന്ദ്രസർക്കാർ അതിന് അനുമതി നൽകണോ? കേരളം എന്നുകേൾക്കുമ്പോൾത്തന്നെ കലി കയറുന്ന അവിടത്തെ ഏമാൻമാരുടെ കയ്യിൽനിന്നും ഇതിനുള്ള സമ്മതം വാങ്ങിയെടുക്കാൻ കഴിയുമെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ? നോട്ട് ബന്ദിമാന്ദ്യ പശ്ചാത്തലത്തിൽപ്പോലും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഉത്തരേന്ത്യയിലെ ന്യൂനപക്ഷ മേഖലയിൽ ബി.ജെ.പി. നേടിയിട്ടുള്ള കൗശല വിജയം ഇതിനുള്ള സാധ്യത പാടേ തള്ളിക്കളയുന്നതാണ്.

പതിമൂന്നാം ധനകാര്യ കമ്മീഷനിൽ സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള കടമെടുക്കലിനെപ്പറ്റി വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഇപ്പോഴത്തെ വിജയത്തിന്റെ അടിസ്ഥാനത്തിൽ ഇനിയും മാറ്റങ്ങളുമായി മുന്നോട്ടുപോകുമെന്നാണ് കേന്ദ്ര സർക്കാർ അവകാശപ്പെടുന്നത്. അതുകൊണ്ടുതന്നെ കിഫ്ബിക്കുവേണ്ടി വച്ചിട്ടുള്ള വെള്ളം അങ്ങ് വാങ്ങിവയ്ക്കുകയാണ് നല്ലത്. വികസന പ്രവർത്തനം നടത്താൻ പണമില്ലെങ്കിൽ കടം വാങ്ങുക തന്നെ വേണം. പക്ഷേ കിഫ്ബി, പ്രവാസി എന്നൊക്കെപ്പറഞ്ഞ് വെറുതെ എന്തിനാണ് സമയം പാഴാക്കുന്നത്. വിദേശ മലയാളികൾ കെ.എസ്.എഫ്.ഇ. ചിട്ടികളിൽ ചേരുമ്പോൾ പന്ത്രണ്ടായിരം കോടി രൂപ കിട്ടുമെന്നാണ് അങ്ങ് പറയുന്നത്. കഴിഞ്ഞ വർഷമുണ്ടായ പെട്രോളിന്റെ വിലക്കുറവിലും അമേരിക്കയിൽ ട്രംപ് അധികാരത്തിൽ വന്നതിന്റെ പശ്ചാത്തലത്തിലും വിദേശ മലയാളികൾ പെട്ടിയും കിടക്കയുമെടുത്ത് നാട്ടിലേയ്ക്കുള്ള തന്റെ ഊഴവുംകാത്ത് അവിടെ നിൽക്കുകയാണ്. ഇത്രയും സുരക്ഷിതരല്ലാതെ കഴിഞ്ഞുകൂടുന്ന പ്രവാസികളോട് നിങ്ങളെല്ലാപേരും കുറിയിൽ ചേരണം, നാടിനെ സഹായിക്കണമെന്നൊക്കെ പറയുമ്പോൾ അത് കേൾക്കാൻ എത്രപേരുണ്ടാകുമെന്ന് പ്രവാസികളോട് നിരന്തരം ബന്ധം പുലർത്തുന്ന വ്യക്തിയെന്നുള്ള നിലയിൽ എനിക്ക് സംശയമുണ്ട്. പണമുള്ള പ്രവാസികൾ ആരും തന്നെ ചിട്ടിയിൽ ചേരില്ല. ചിട്ടിയിൽ ചേരുന്നവരാകട്ടെ എന്ത് നഷ്ടം സഹിച്ചും അത് പെട്ടെന്ന് വിളിച്ചെടുക്കണമെന്ന് ആഗ്രഹിക്കുന്നവരായിരിക്കും. അതുകൊണ്ട് അങ്ങ് ഉദ്ദേശിച്ച ഡെപ്പോസിറ്റൊന്നുംതന്നെ പ്രവാസികളിൽനിന്നും വരില്ലെന്നുള്ളതാണ് വാസ്തവം. ഈ കടത്തിന്റെ/തിരിച്ചടവിന്റെ കാര്യമാണെങ്കിൽ 2017-2018 -ൽ 1028 കോടി രൂപയുടെ പെട്രോൾ സെസ്, മോട്ടോർ വാഹന നികുതി വിഹിതം നമുക്ക് ലഭിക്കുമ്പോൾ 2030-2031-ൽ അതായത് 13 വർഷത്തിനുശേഷം അത് വർദ്ധിച്ച് ഒരു വർഷം 15,117 കോടി രൂപ ലഭിക്കുമെന്നാണ് അങ്ങ് അവകാശപ്പെടുന്നത്. അതായത് 13 വർഷംകൊണ്ട് 94,881 കോടി രൂപ. ഇത്രയും വലിയൊരു വർദ്ധനവ് ആലോചിക്കാൻപോലും കഴിയില്ല. ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങ് ഇത് അവകാശപ്പെടുന്നത്? വേൾഡ് ഫൈനാൻസ് മാർക്കറ്റിൽ ഇന്ന് ഇഷ്ടംപോലെ ഫണ്ടുണ്ട്. അത് സത്യമാണ്. വിദേശനാണ്യ കമ്പോളത്തിൽനിന്നും ഒന്ന് മുതൽ മൂന്ന് ശതമാനം വരെ പലിശയ്ക്ക് വായ്പ നൽകാൻ പലരും താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന് അങ്ങുതന്നെ പറയുന്നു. പലിശ കുറവാണെന്ന് മാത്രമല്ല, ഏഴ് മുതൽ പത്ത് വർഷത്തെ മൊറട്ടോറിയവും മുപ്പത് വർഷത്തെ തിരിച്ചടവും ലഭിക്കുമെന്നാണ് പറയുന്നത്. പണമല്ല, പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുക എന്നതാണ് പ്രശ്നം. ഇത് വളരെ കറക്ടായിട്ടുള്ള ഒരു റീഡിംഗാണ്. പക്ഷേ ഈ കടം പലപ്പോഴും നമുക്ക് ലഭിക്കുന്നത് ഡോളറിലാണ്. ഡോളറിന്റെ ഇന്നത്തെ എക്സ്ചേഞ്ച് റേറ്റ് 70 രൂപയാണ്. പത്ത് വർഷംമുമ്പ് ഒരു ഡോളറിന് 18 രൂപയായിരുന്നു. 30 വർഷം കഴിയുമ്പോൾ നമ്മുടെ പദ്ധതികളുടെ

അപ്പോഴത്തെ വാല്യുവേഷൻ ഡോളറേജിൽ കൺവെർട്ട് ചെയ്യുമ്പോൾ ഇപ്പോഴത്തെക്കാളും എത്രയോ കുറവായിരിക്കും. എ.ഡി.ബി., വേൾഡ് ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ചെറിയ പലിശയ്ക്ക് ഇഷ്ടംപോലെ കേരളം കടമെടുത്തിരുന്നു. പലപ്പോഴും പലകാരണങ്ങൾകൊണ്ടും സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് വാസ്തവം. പലപ്പോഴും ഈ സംഖ്യ അൺയൂട്ടിലൈസ്ഡ് പെനാൽറ്റി അടക്കം തിരിച്ചുനൽകേണ്ട അവസ്ഥയും വരാറുണ്ട്. ഏതായാലും ധനകാര്യവും കയറും വകുപ്പുമന്ത്രിയായ അങ്ങ് കേരള ജനതയെ കയർ എടുപ്പിക്കരുതേയെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു കാര്യം നവകേരള ജനകീയാസൂത്രണ പദ്ധതിയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം തന്നെയാണ് ജനകീയാസൂത്രണം നല്ല രീതിയിൽ നടപ്പിലാക്കുന്ന സംസ്ഥാനം. വിദേശ രാജ്യങ്ങളിൽനിന്നുപോലും പലരും ഇത് പഠിക്കാനും അവരുടെ രാജ്യങ്ങളിലേയ്ക്ക് പകർത്താനും ഇവിടെ വരാറുണ്ട്. പക്ഷേ ത്രിതല പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ പലതും അവർക്ക് ഒറ്റയ്ക്ക് കൈകാര്യം ചെയ്യാൻ കഴിയാത്തതാണ്. ഉദാഹരണമായി, എം.എസ്.ഡബ്ല്യൂ. സ്വീവറേജ്, സെപ്റ്റേജ്, പ്ലാസ്റ്റിക് കളക്ഷൻ, തെരുവ് നായ പ്രശ്നം, ഇ-വേസ്റ്റ് തുടങ്ങിയവയെല്ലാം പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നതാണ്. ഇതൊക്കെ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും സ്വത്താണെന്നാണ് ഭരണഘടനയിൽ എഴുതിവച്ചിട്ടുള്ളത്. ഈ സ്വത്ത് ഒന്നുംചെയ്യാതെ റോഡ് സൈഡിൽ കൂട്ടിയിട്ടിരിക്കുന്നത് കാരണം പല സ്ഥലങ്ങളിലും ജനജീവിതം ദുസ്സഹമാണ്. ഒരു പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും ഒറ്റയ്ക്ക് ഇത് കൈകാര്യം ചെയ്യാൻ കഴിയുകയില്ല. ഉറവിട മാലിന്യ സംസ്കരണത്തെപ്പറ്റി ബജറ്റിൽ പറഞ്ഞിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയുടെ കഴിഞ്ഞ അഞ്ച് വർഷത്തെ ഉറവിട മാലിന്യ സംസ്കരണത്തെപ്പറ്റി അങ്ങൊന്ന് പഠിക്കണം. പകുതിയിലധികം സംഖ്യയും പാഴായിപ്പോയിട്ടുണ്ടെന്ന കാര്യം അപ്പോൾ മനസ്സിലാകും. കിട്ടിയ സ്ഥലത്ത് ലാൻഡ് ഫില്ലിംഗ് അല്ലെങ്കിൽ ദൂരസ്ഥലത്തുകൊണ്ടുപോയി കുഴിച്ചുമൂടൽ തുടങ്ങിയവയാണ് ഇപ്പോൾ ഉറവിട മാലിന്യ സംസ്കരണമെന്ന പരിപാടിയിലൂടെ നടക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് എറണാകുളത്ത് വേസ്റ്റിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നൊരു പദ്ധതിക്ക് കരാർ ഒപ്പിട്ടിരുന്നു. ഇതേരീതിയിലുള്ള പദ്ധതികൾ വിവിധ സ്ഥലങ്ങളിലുണ്ടാക്കുക എന്നതാണ് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കേരളംപോലുള്ള സംസ്ഥാനത്തിന് അനുയോജ്യം. പക്ഷേ വേസ്റ്റ്/സ്വീവറേജ്/സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളൊന്നും ഒരു നഗരസഭയ്ക്കോ മുനിസിപ്പാലിറ്റിക്കോ ഒറ്റയ്ക്ക് ചെയ്യാൻ കഴിയില്ല. ഇത് മാനേജ് ചെയ്യാൻ ഒരു അതോറിറ്റി ആരംഭിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. എന്തുകൊണ്ട് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഇത് ചെയ്തില്ലെന്ന് അങ്ങേയ്ക്ക്

സംശയംതോന്നാം. മന്ത്രിസഭയിലും പുറത്തും ഈ വിഷയം ഞങ്ങൾ ചർച്ച ചെയ്തിരുന്നു. അപ്പോഴേയ്ക്കും ദേശാഭിമാനിയിൽ ഒരു വാർത്ത വരുന്നു, 'ത്രിതല പഞ്ചായത്തുകളുടെ അധികാരം സർക്കാർ കവർന്നെടുക്കുന്നു'. പഞ്ചായത്ത് ഇലക്ഷൻ ആരംഭിക്കുന്ന കാലഘട്ടമായതിനാൽ വെറുതെയൊരു കൺഫ്യൂഷന് പോകണ്ടെന്നുകരുതി തൽക്കാലം ഞങ്ങൾ അത് നിർത്തിവച്ചു. കക്ഷി രാഷ്ട്രീയത്തിനതീതമായി ജനകീയാസൂത്രണത്തിന്റെ പിഴവുകളും പാളിച്ചകളും പഠിച്ച് അതിന് നിവാരണമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കുറേകാര്യങ്ങൾ നമുക്ക് മാറ്റേണ്ടതുണ്ട്. കുറേ കാര്യങ്ങൾ വളരെ കൃത്യമായി എല്ലാവരുമായി സംസാരിക്കേണ്ടതുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇപ്പോഴത്തെ പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ യു.ഡി.എഫ് മുഖ്യമന്ത്രി മുതൽ ലാസ്റ്റ് മന്ത്രിമാർവരെയുള്ളവർക്ക് മാർക്കിട്ട് പ്രസംഗിച്ചിരുന്നു. എനിക്ക് അങ്ങയോട് പറയാനുള്ളത്, എൽ.ഡി.എഫ്. സർക്കാരിന്റെ ഇപ്പോഴത്തെ ഓരോ മന്ത്രിമാർക്കും അങ്ങ് അതേ രീതിയിലൊന്ന് മാർക്കിടണം. ശ്രീ. എം. എം. മണിയെ ഒഴിവാക്കണം. അദ്ദേഹം ഇപ്പോൾ വന്ന ആളാണ്. അദ്ദേഹത്തെ ഒഴിവാക്കിക്കൊണ്ട് മറ്റുള്ള ആൾക്കാർക്കൊക്കെ മാർക്കിടണം. ആ ലിസ്റ്റ് മുഖ്യമന്ത്രിക്കും മറ്റുള്ള മന്ത്രിമാർക്കും കാണിച്ചുകൊടുക്കണം. ഇക്കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഇവിടെ എന്തൊക്കെ സംഭവിച്ചു, യു.ഡി.എഫ്.-ന്റെ കാലത്തെ ആദ്യവർഷം എന്തൊക്കെ സംഭവിച്ചു എന്നത് താരതമ്യം ചെയ്യണം. യു.ഡി.എഫ്.-ന്റെ ആദ്യവർഷം ജനസമ്പർക്ക പരിപാടി ആരംഭിച്ചു, മുല്ലപ്പെരിയാർ പ്രശ്നത്തിൽ ആൾ പാർട്ടി മീറ്റിംഗ് നടത്തി, നിയമസഭ പ്രത്യേകമായി വിളിച്ചുചേർത്തു, ശബരിമല മാസ്റ്റർ പ്ലാൻ, സീറോ വേസ്റ്റ് ശബരിമല പദ്ധതി, അദ്ധ്യാപക പാക്കേജ്, വികലാംഗ നിയമനത്തിനായി 1039 തസ്തികകൾ, ഒരു രൂപ നിരക്കിൽ അരിയും അപേക്ഷിച്ചിട്ടുള്ള മുഴുവൻ ആളുകൾക്കും റേഷൻ കാർഡും നൽകാൻ തീരുമാനിച്ചു. മെട്രോ റെയിൽ, വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി പദ്ധതി വീണ്ടും ആരംഭിച്ചു, എമർജിംഗ് കേരള, കാരുണ്യ സ്കീം, ആരോഗ്യ മേഖലയിൽ ആർ.എസ്.ബി.വൈ. തുടങ്ങിയവ ആരംഭിച്ചു. ഇതേ രീതിയിൽ എന്തെങ്കിലുമൊരു പരിപാടി ഇപ്പോഴത്തെ സർക്കാരിന് തുടങ്ങാൻ കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞ സർക്കാർ നടത്തിയിട്ടുള്ള കുറേ കാര്യങ്ങൾ ഉദ്ഘാടനം ചെയ്യുകയെന്നല്ലാതെ എന്തെങ്കിലുമൊരു പുതിയ പദ്ധതിക്ക്, കുറച്ചൊക്കെ ഉണ്ടാകുമായിരിക്കും. പക്ഷേ കഴിഞ്ഞ സർക്കാരുമായി താരതമ്യം ചെയ്യുമ്പോൾ പുതിയതായി ഒന്നും ഉണ്ടായിട്ടില്ലെന്ന് മനസ്സിലാക്കാൻ കഴിയും. ത്രിതല പഞ്ചായത്തുകളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നു, പദ്ധതിത്തുക എത്ര ചെലവാക്കി, പി.ഡബ്ല്യൂ.ഡി.-യിൽ ആദ്യ വർഷം എത്ര റോഡ് അനുവദിച്ചു, എത്ര പാലം നിർമ്മിച്ചു. പണം പണമെന്നുപറഞ്ഞ് അദ്ദേഹമിരിക്കുന്നുണ്ടല്ലോ; വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ മാറ്റം വന്നു, ആഭ്യന്തര വകുപ്പെന്നൊരു വകുപ്പുതന്നെ

കേരളത്തിലുണ്ടോയെന്നുപോലും ഞങ്ങളൊക്കെ സംശയിക്കുകയാണ്. അതൊക്കെ പരിശോധിക്കണം. നിങ്ങളുടെ അഞ്ച് വർഷക്കാലാവധിയുടെ 20 ശതമാനം കഴിഞ്ഞു, ബാക്കിയുള്ള നാലുകൊല്ലം പെട്ടെന്നങ്ങ് പോകും. എല്ലാം ശരിയാക്കാമെന്ന് പറഞ്ഞ് പറ്റിച്ച നിങ്ങളെ ശരിയാക്കാൻ കേരള ജനത കാത്തിരിക്കുന്നുണ്ട്. അത് മലപ്പുറം പാർലമെന്റ് ഇലക്ഷനിൽ അടുത്ത മാസം 12-ാം തീയതി ഞങ്ങൾ തെളിയിക്കുമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുന്നു. വികസന പ്രവർത്തനങ്ങളൊന്നും പുറത്തേയ്ക്ക് വരുന്നില്ലെന്നും അതുകൊണ്ട് ജനങ്ങൾ ആശങ്കയിലാണെന്നുമാണ് മഞ്ഞളാംകുഴി അലി സാഹിബ് പറഞ്ഞത്, തെറ്റിദ്ധരിക്കരുത്. അതുകൊണ്ട് ആറുമാസത്തിനുള്ളിൽ നമ്മൾ ഉദ്ഘാടനങ്ങൾ തുടങ്ങി അദ്ദേഹത്തെ അത് ബോദ്ധ്യപ്പെടുത്തണം. ഏതായാലും അക്കാര്യത്തിൽ അങ്ങ് വിഷമിക്കേണ്ട, ശ്രദ്ധിക്കുന്നുണ്ട്.

കഴിഞ്ഞ ദിവസം ഉത്തർപ്രദേശ്, മണിപ്പൂർ അടക്കം അഞ്ച് സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് ഒരു പരിശോധനയ്ക്ക് നമ്മൾ തയ്യാറാകണം. ഇന്ത്യയെ ഫാസിസ്റ്റ് വളക്കൂറുള്ള മണ്ണാക്കി മാറ്റാൻ നരേന്ദ്ര മോദിയും അദ്ദേഹത്തിന്റെ കോർപ്പറേറ്റ് കൂട്ടാളികളും നടത്തിയ ശ്രമങ്ങൾ ഫലം കണ്ടുവെന്നുതന്നെയാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. കോർപ്പറേറ്റുകളുടെ ചെലവിൽ നടന്ന തെരഞ്ഞെടുപ്പിൽ യഥാർത്ഥത്തിൽ വർഗ്ഗീയതയെ നേരിടാൻ വർഗ്ഗീയതയെത്തന്നെ ഉപയോഗപ്പെടുത്തി എന്ന ദുഃഖകരമായ വസ്തുത അവിടെ മറഞ്ഞുനിൽക്കുകയാണ്. അതിജീവനത്തിനുവേണ്ടി 16 കൊല്ലം പട്ടിണി കിടന്ന ഇറോം ശർമിളയെന്ന ഉരുക്കുവനിത ദയനീയമായി പരാജയപ്പെട്ട ഒരു തെരഞ്ഞെടുപ്പാണ് കഴിഞ്ഞുപോയത്. തന്റെ തുഗ്ലക് നയത്തിലൂടെ ഒരു ജനതയെ മുഴുവൻ പട്ടിണിക്കിട്ട വിദ്വാനും നാനാവിദ്യകളിൽ വൈദൂഷ്യമുള്ളവനുമായ അദ്ദേഹത്തിന്റെ നയങ്ങൾ വിജയിക്കുകയും ചെയ്തു ഈ ഫലം ഏതുതരം രാഷ്ട്രീയമാണ് മുന്നോട്ടുവയ്ക്കുന്നതെന്നതിനെപ്പറ്റി നാം ചിന്തിക്കണം. ഉപരിവിപ്ലവകരമായ ചില പൊടിക്കൈകളിലൂടെ ഇത്തരം തെരഞ്ഞെടുപ്പ് വിജയങ്ങൾ സാധ്യമാണെന്ന് പ്രധാനമന്ത്രി മോദിയും അദ്ദേഹത്തിന്റെ പാർട്ടിയും കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ തെളിയിച്ചതാണ്. ഈ തെരഞ്ഞെടുപ്പിൽ ജനാധിപത്യ വോട്ടുകൾ ഭിന്നിപ്പിക്കാനും വർഗ്ഗീയതയുടെ സഹായത്തോടുകൂടി ഹിന്ദുവോട്ടുകൾ ഏകോപിപ്പിക്കാനും കോർപ്പറേറ്റുകളും മോദിയും തയ്യാറാക്കിയ അജണ്ട വിജയിക്കുകയാണ് ചെയ്തത്. ഇതിൽ നിന്നും പഠിക്കേണ്ട പാഠം, വർഗ്ഗീയകാർഡും കച്ചവടതന്ത്രവും ഇറക്കുന്നതിൽ മോദി വീണ്ടും

വിജയിച്ചുവെന്നതന്നെയാണ്. ഇക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. അസമത്വത്തിനും മൂലധന ചൂഷണത്തിനുമെതിരായി ജനങ്ങളെ ഒന്നിപ്പിച്ചു നിർത്തുന്നതിന് സഹായകമായ ഒരു നേതൃത്വവും മുദ്രാവാക്യവും ഇല്ലാതെപോയി. ദാരിദ്ര്യവും തൊഴിലില്ലായ്മയും ചർച്ച ചെയ്യപ്പെടേണ്ട ഈ തെരഞ്ഞെടുപ്പിൽ ശ്മശാനവും ഖബർസ്ഥാനുമൊക്കെ പൊളിറ്റിക്കൽ അജണ്ടയായി വന്നത് എങ്ങനെയാണെന്ന് നാം പരിശോധിക്കണം. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് അയോധ്യയിൽ രാമക്ഷേത്രം പണിയുമെന്നാണ് പ്രഖ്യാപിച്ചത്. എല്ലാ തെരഞ്ഞെടുപ്പുകളിലും സംഘപരിവാർ ലാഭം കൊയ്യുന്ന ഈ സ്ഥിരം ഫോർമുല തന്നെയാണ് ഇവിടെയും ഉപയോഗിച്ചത്. ബി.ജെ.പി.-യുടെ ഈ തന്ത്രം എന്നും നമുക്ക് വ്യക്തമായ ചിത്രങ്ങളാണ് നൽകുന്നത്. പ്രശസ്ത എഴുത്തുകാരൻ എൻ. എസ്. മാധവൻ 'തിരുത്ത്' എന്ന കഥയിൽ 'ചുല്യാറ്റ്' എന്ന പത്രാധിപരെക്കൊണ്ട് പലതവണ വെട്ടിയ ഈ തർക്കമന്ദിരത്തെ എത്രത്തോളം കുശാഗ്രതയോടെയാണ് ഇന്നും ഉപയോഗിക്കുന്നത്. 129 കോടിയോളം വരുന്ന ഇന്ത്യൻ ജനതയെ അഭിസംബോധന ചെയ്യാനും അവരുടെ ആവശ്യങ്ങൾക്കായി തെരുവിലിറങ്ങാനും അവർക്കായി മുന്നിൽ നിന്ന് നയിക്കാനും മൂലധന രാഷ്ട്രീയത്തെയും വർഗ്ഗീയ ഫാസിസത്തെയും തുറന്നുകാട്ടാനും തുറന്നുപറയാനും കൂട്ടായ മറ്റൊരു ബദൽ നേതൃത്വം ഇല്ലാതെ പോയി. കോർപ്പറേറ്റുകളുടെ ഓഹരി കമ്പോളത്തിലെ ദിനക്കൊള്ള, ക്യാഡ് വ്യാപാരത്തിലെ ചൂഷണം, കള്ളപ്പണ നിക്ഷേപത്തിലെ വെളിപ്പെടുത്തൽ ഇവയെല്ലാം മറന്ന ഭരണകൂടത്തെ വിചാരണ ചെയ്യാൻ കഴിഞ്ഞില്ല. മൂലധന ചൂഷണത്തെയും ഇന്ത്യയിലെ ന്യൂനപക്ഷ ദളിത് വിഭാഗങ്ങൾക്കെതിരെ നടക്കുന്ന അക്രമങ്ങളെയും മഹത്വവൽക്കരിച്ച് ദേശസ്നേഹമായി മാറ്റുകയാണ് ബി.ജെ.പി. ചെയ്തത്. എന്നാൽ ഈ ചൂഷണത്തെയും കടുത്ത അസമത്വത്തെയും ശക്തമായി പ്രതിരോധിക്കാൻ ഇന്ത്യൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. ഈ തെരഞ്ഞെടുപ്പ് ഫലത്തെ മോദി ഇഫക്ട് എന്നാണ് ബി.ജെ.പി.-ക്കാർ പറയുന്നത്. എങ്കിൽപ്പിന്നെ പഞ്ചാബിലും ഗോവയിലും മറ്റുള്ള സംസ്ഥാനങ്ങളിലും ബി.ജെ.പി. തോൽക്കാൻ കാരണമെന്താണെന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. പഞ്ചാബ് ഭരിച്ചിരുന്ന ബി.ജെ.പി. അവിടെ നിന്ന് പുറത്താക്കപ്പെടുകയാണ് ചെയ്തത്. 'കൂടെ കിടക്കുന്നവനേ രാപ്പനി അറിയൂ' എന്ന പഴഞ്ചൊല്ലാണ് പഞ്ചാബിൽ സംഭവിച്ചത്. ബി.ജെ.പി.-യുടെ പരാജയത്തിനുള്ള ഉത്തരം, പഞ്ചാബിൽ കഴിഞ്ഞ തവണത്തെ തെരഞ്ഞെടുപ്പിൽ ലഭിച്ചതിന്റെ നാലിലൊന്ന് സീറ്റ് മാത്രമാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. ബി.ജെ.പി.-ക്ക് സ്ഥായിയായ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ഇതിൽ നിന്നും മനസ്സിലാക്കണം. ദളിത്-കീഴാള വർഗ്ഗങ്ങളെ അവർക്ക് അപ്രാപ്യമായ വികസനത്തിന്റെ മോഹന വാഗ്ദാനങ്ങൾ നൽകിയും ഭൂരിപക്ഷത്തിനിടയിൽ

ന്യൂനപക്ഷങ്ങൾക്കെതിരെ ഉണ്ടാക്കിയ നെറികെട്ട വർഗ്ഗീയ ധ്രുവീകരണത്തിന്റെയും ഫലമാണ് ഉത്തർപ്രദേശിലും ഉത്തരാഖണ്ഡിലും ബി.ജെ.പി.-ക്കുണ്ടായ മുന്നേറ്റം. മോദിയുടെയും സംഘപരിവാറിന്റെയും ഇത്തരം വർഗ്ഗീയ കാർഡുകളെ ചെറുക്കാൻ ശക്തമായ പ്രതിരോധമുണ്ടാക്കേണ്ടിയിരിക്കുന്നു. എന്തായാലും കോൺഗ്രസ്സിന് അതിന് ഒറ്റയ്ക്ക് കഴിയുമെന്ന് തോന്നുന്നില്ല. എന്തെന്നാൽ കോൺഗ്രസ് ഭാഗ്യത്തിൽ വിശ്വസിക്കുന്നു; പക്ഷേ ഹോം വർക്ക് ചെയ്യുന്നില്ല. തീവ്ര ഹിന്ദു സംഘപരിവാർ ഫാസിസത്തിനെതിരെ അടിത്തറ പാകാൻ സംഘപരിവാർ ശക്തികൾക്ക് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. ഇത് മനസ്സിലാക്കിക്കൊണ്ടുതന്നെ ഇന്ത്യയിലെ പുരോഗമന പ്രസ്ഥാനങ്ങളും ജനാധിപത്യ പ്രസ്ഥാനങ്ങളും യോജിച്ച അടിത്തറയുണ്ടാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. യു.പി.-യിലെ കോൺഗ്രസ്സിന്റെ അവസാന മുഖ്യമന്ത്രിയായിരുന്ന ജഗദാംബിക പാൽ ഇന്ന് ബി.ജെ.പി.-യുടെ ലോക്സഭാ അംഗമാണെന്ന കാര്യം നാം മറക്കരുത്. കൂടാതെ യു.പി.-ഉത്തരാഖണ്ഡ്- കർണ്ണാടക അടക്കമുള്ള സംസ്ഥാനങ്ങളിൽ നിരവധി നേതാക്കൾ ഇന്ന് ബി.ജെ.പി.-യിലെ ഉന്നത സ്ഥാനങ്ങൾ വഹിക്കുന്നു. കോൺഗ്രസ്സിന്റെ മതേതര നിലപാടിലുള്ള ആത്മാർത്ഥതയില്ലായ്മയാണ് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത്. വർഗ്ഗീയതയ്ക്കെതിരെ ഒന്നിച്ചുള്ള പോരാട്ടമല്ല, ഗ്രൂപ്പ് പോരാട്ടമാണ് ഇന്ന് കോൺഗ്രസ്സിൽ നടക്കുന്നത്. 2012-ൽ 224 സീറ്റ് നേടിയ സമാജ്‌വാദി പാർട്ടിയെ 47 സീറ്റിലെത്തിച്ച മഹാനെയാണ് മോദിക്ക് ബദലായി കോൺഗ്രസ് ഉയർത്തിക്കാട്ടുന്നത്. പാവപ്പെട്ടവന് കാണിക്കാൻ ജൂബ്ബായിൽ ഓട്ട ഇട്ടതുകൊണ്ടോ എ.ടി.എം.-ന് മുന്നിൽ ക്യൂ നിന്നതുകൊണ്ടോ സാധിക്കുകയില്ല. ഇന്ത്യയിലെ സാധാരണക്കാരായ ജനങ്ങളുടെ മനസ്സറിയാൻ കഴിയണം. India is not a gambling casino. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ കാസിനോയിലെ കളിക്കാരനെപ്പോലെ തട്ടിക്കളിക്കുന്ന ഭരണാധികാരിയെ അല്ല ഇന്ത്യയ്ക്ക് വേണ്ടത്. ഭാരതീയരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ആരുടെയും കൈയിലെ കളിപ്പാവയാക്കാൻ അനുവദിക്കരുത്. അതോടൊപ്പം തന്നെ ഇന്ത്യയിൽ ശക്തമായ പുരോഗമന ശക്തികളുടെ പുതിയൊരു മുന്നേറ്റം ആവശ്യമാണ്. കേരളത്തിൽ ഈ അഞ്ച് കൊല്ലം മാത്രമല്ല, അതിനുശേഷമുള്ള സർക്കാരും ഇടതുമുന്നണിയുടെ നേതൃത്വത്തിലായിരിക്കുമെന്നതാണ് ഈ ബജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത. കൂട്ടം തെറ്റിയ മാണി സാറും മറ്റ് ജനാധിപത്യ മതേതര കക്ഷികളും നേരിന്റെ പക്ഷത്തേയ്ക്ക് വരാൻ സാധ്യതയുണ്ട്. മാണി സാറിന്റെ ഇന്നത്തെ അവസ്ഥ കാണുമ്പോൾ ആർക്കാണ് വിഷമം തോന്നാത്തത്. ചാണക്യന്റെ അർത്ഥശാസ്ത്രത്തിലെ ഒരു സൂക്തത്തിന്റെ ആശയം ഇങ്ങനെയാണ് - 'വിശ്വസ്തനല്ല എന്നുകണ്ടാൽ ആ സുഹൃത്തിനെ ഉടൻ ഉപേക്ഷിക്കുക. വിശ്വസിക്കാൻ കൊള്ളാത്ത ഒരുവനോട് ഒരിക്കലും രഹസ്യങ്ങൾ വെളിപ്പെടുത്താതിരിക്കുക,

അങ്ങനെ ചെയ്താൽ പിന്നെ അവന്റെ കൈയിലെ ഒരു ആയുധമായി തീരും.' മാണി സാറിന് പറ്റിയതും ഇതു തന്നെയാണ്. പ്രിയപ്പെട്ട മാണി സാർ, അങ്ങയെ കുടുക്കിയ അതേ സുഹൃത്താണ് ആ കെ.പി.സി.സി. പ്രസിഡന്റിനെയും രാജിവയ്പിച്ചത് എന്ന് കേൾക്കുന്നു. ശ്രീ. വി. എം. സുധീരനെ രാജിവയ്പ്പിക്കാതെ കെ.പി.സി.സി. ആസ്ഥാനത്ത് ചവിട്ടില്ല എന്ന ഭീഷ്മപ്രതിജ്ഞ ചെയ്തത് ആ സുഹൃത്തായിരുന്നുവത്രേ. എന്നാൽ ട്രെയിൻ മറിയുന്നതിനുമുമ്പ് ചങ്ങല വലിച്ച് അതിൽ നിന്ന് ഇറങ്ങിയോടിയ യാത്രക്കാരനാണ് ശ്രീ. വി. എം. സുധീരനെന്നാണ് കഴിഞ്ഞ ദിവസം ഒരു ഫെയ്സ്ബുക്ക് പോസ്റ്റിൽ കാണാൻ കഴിഞ്ഞത്. എന്തിനേറെ പറയുന്നു, രാജ്യത്ത് ഫാസിസം പിടിമുറുക്കുന്നു. ഈ കാലത്ത് യഥാർത്ഥ ബദലായ ഇടതുപക്ഷത്തേയ്ക്ക് മാണി സാർ വരണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന.

1.00 PM]

സമസ്ത മേഖലയെയും ശക്തിപ്പെടുത്തുന്ന, സമൂഹത്തിലെ എല്ലാ ജനങ്ങളേയും തൃപ്തിപ്പെടുത്തുന്ന, സർവ്വ മണ്ഡലങ്ങളെയും ഒരുപോലെ പരിഗണിച്ച ഈ ക്ഷേമ വികസന ബജറ്റ് കേരള ജനത ഏറ്റെടുത്തുകഴിഞ്ഞതാണ്. അതുപോലെതന്നെ എല്ലാ മണ്ഡലങ്ങളെയും ഒരുപോലെ കണ്ടുകൊണ്ട് കേരളത്തിൽ സമഗ്ര വികസനത്തിന് വിത്തുപാകുന്ന ഈ ബജറ്റിനെ ഞാൻ പിന്താങ്ങുന്നു. ഞാൻ താനൂർ നിയോജകമണ്ഡലത്തിൽനിന്ന് ജയിച്ചുവന്ന പ്രതിനിധിയാണ്. 60 വർഷങ്ങൾക്കുമുമ്പ് ബഹുമാന്യനായ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് അടക്കമുള്ള നേതാക്കൾ ജയിച്ചുവന്ന മണ്ഡലം, അന്തരിച്ച ജനാബ് ഇ. അഹമ്മദ് സാഹിബ് കേരളത്തിൽനിന്നും ഏറ്റവും വലിയ ഭൂരിപക്ഷത്തിൽ ജയിച്ചുവന്ന മണ്ഡലം കൂടിയാണ് താനൂർ. അതുമാത്രമല്ല, കമ്മ്യൂണിസ്റ്റ് നേതാവായിരുന്ന കെ. ദാമോദരൻ മത്സരിച്ചപ്പോൾ, ഇപ്പോൾ കുഴപ്പം നടക്കുന്ന ഭാഗത്തുനിന്ന് രണ്ട് വോട്ടുകൾ അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. അതിനെ ചോദ്യം ചെയ്തുകൊണ്ട് പത്രിക ഇറക്കിയ പാരമ്പര്യമുള്ള മുസ്ലീം ലീഗുകാരാണ് അപ്പുറത്തിരിക്കുന്നതെന്ന് നാം മനസ്സിലാക്കണം. അവിടെ ചരിത്രപരമായ വിജയം നേടുമ്പോൾ അതിനുള്ള അസഹിഷ്ണുത അവിടെനിന്ന് ഉണ്ടാകും. തീരദേശത്ത് നടപ്പിലാക്കിവരുന്ന അനേകം വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന രീതിയിൽ ഇനിയും മുസ്ലീം ലീഗ് മുന്നോട്ട് പോവുകയാണെങ്കിൽ കാലം നിങ്ങൾക്ക് മാപ്പ് തരില്ലെന്ന് ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് ഈ വികസന ബജറ്റിനെ ഞാൻ പിന്താങ്ങുകയാണ്.

ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്. വികസന കാര്യങ്ങളിൽ അങ്ങയുടെ കാഴ്ചപ്പാടുകൾ വളരെ വലുതാണ്. ഇന്ന് കേരളം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ശുദ്ധജല ക്ഷാമമാണ്. കേരളത്തിൽ കോഴിക്കോട്, കൊച്ചി തുടങ്ങിയ ഏതെങ്കിലും പ്രധാന പട്ടണത്തിൽ സമുദ്രജലം ശുദ്ധീകരിക്കുന്ന ഒരു പ്ലാന്റ് സ്ഥാപിക്കാൻ കഴിഞ്ഞാൽ, തീർച്ചയായും അങ്ങ് ഓരോ ബജറ്റിലും ചെലവഴിക്കുന്ന കോടാനുകോടി രൂപയ്ക്ക് പകരം ഒരു സെൻട്രലൈസ്ഡ് സിസ്റ്റം കൊണ്ടുവരികയാണെങ്കിൽ അത് കേരളത്തിന് ഭാവിയിൽ ഉപകാരപ്രദമായിരിക്കും. അത്തരത്തിലുള്ള ഒരു പ്ലാന്റിനെക്കുറിച്ച് ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ആ നിർദ്ദേശംകൂടി അങ്ങയുടെ മുമ്പിൽ വച്ചുകൊണ്ട് ബജറ്റിനെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു. ജയ് ഹിന്ദ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബജറ്റിനെ കണ്ണു കാണുന്നവരോ ചെവി കേൾക്കുന്നവരോ ആരും എതിർക്കില്ലെന്ന കാര്യത്തിൽ സംശയം വേണ്ട. ബജറ്റ് നിർദ്ദേശങ്ങളുടെ നടപ്പാക്കൽ പ്രക്രിയ കഴിയുമ്പോൾ അതിനെപ്പറ്റി പിന്നീട് അഭിപ്രായം പറയാം. ഇപ്പോൾ ഈ ബജറ്റിനെ അനുകൂലിക്കാതിരിക്കാൻ ആർക്കും കഴിയില്ല. ഇവിടെ ഭരണ-പ്രതിപക്ഷ അംഗങ്ങൾ സംസാരിക്കുന്നുണ്ട്. ഭരണകക്ഷി സംസാരിക്കുമ്പോൾ പറയുന്നത് കോൺഗ്രസ്സുകാർ ബി.ജെ.പി.യെ കൊണ്ടുവരുന്നു എന്നാണ്. ഇവിടെ സംസാരിച്ച പ്രിയങ്കരനായ ശ്രീ. കെ. രാജൻ പറഞ്ഞത്, നിങ്ങൾ അഞ്ച് സംസ്ഥാനങ്ങളിൽ മാത്രമേയുള്ളൂ, ബാക്കിയുള്ളിടത്ത് ഇല്ലാതായില്ലേ? ആർക്കാണ് നഷ്ടം? ആരാണ് വർഗ്ഗീയ ഫാസിസ്റ്റുകളെ, ബി.ജെ.പി.ക്കാരെ അധികാരത്തിൽ കൊണ്ടുവരാൻ നോക്കുന്നത്. നിങ്ങൾ ഒരുമിച്ചുനിന്ന് എതിർക്കണ്ടേ; അതിന് നിങ്ങൾ ചെയ്യുന്നത് എന്താണ്? കേരളത്തിൽ ഒഴിച്ച് ബാക്കിയുള്ള സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിനെ തകർത്തതുകൊണ്ട് സി.പി.ഐ.(എം)-ന് എന്താണ് ലാഭം; നിങ്ങൾ ചർച്ച ചെയ്യണ്ടേ? കോൺഗ്രസ്സുകാരൻ സംസാരിക്കുമ്പോൾ സി.പി.ഐ.(എം)നെ കുറ്റം പറയുകയാണ്. ഇതിന്റെ അർത്ഥം എന്താണ്? കേരളത്തിലെ ഭരണം തങ്ങൾക്ക് നിലനിർത്താൻ വേണ്ടി ബി.ജെ.പി.-യെ നടുക്കുനിർത്തി പരസ്പരം കുറ്റംപറഞ്ഞ് മുതലെടുക്കുന്ന നാണംകെട്ട രാഷ്ട്രീയമാണ് ഇടതുപക്ഷവും കോൺഗ്രസ്സും പ്രകടിപ്പിക്കുന്നതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല.

മഹാനായ കെ.പി.സി.സി. പ്രസിഡന്റ് വി. എം. സുധീരൻ രാജിവയ്ക്കാൻ കാരണം എന്താണ്? അസുഖംമൂലമാണ് രാജിവച്ചതെന്നാണ് അദ്ദേഹം പറയുന്നത്. മഹാനായ ശ്രീ. എ. കെ. ആന്റണി പറഞ്ഞത്, 'ദൗർഭാഗ്യകരമാണ്' എന്നാണ്. ദൗർഭാഗ്യകരമെന്ന രോഗമുണ്ടോ? എനിക്കത് മനസ്സിലായില്ല. 'ഞാൻ അറിഞ്ഞില്ല'

എന്ന സത്യം ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പറഞ്ഞു. 'ഞാൻ ഇക്കാര്യം രാവിലെ അറിഞ്ഞു' എന്ന് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞു. ഇത്തരം കാര്യങ്ങളിലൊക്കെ സ്വൽപ്പം ഉത്തരവാദിത്വബോധം വേണം. അദ്ദേഹം രാജിവയ്ക്കാനുള്ള കാരണം എന്താണെന്ന് ഇനി സംസാരിക്കാൻ പോകുന്ന ശ്രീ. ഉമ്മൻ ചാണ്ടി സഭയിൽ പറഞ്ഞാൽ കേരളത്തിലെ ജനങ്ങൾക്ക് സത്യം ബോധ്യപ്പെടുമെന്നാണ് എന്റെ അഭിപ്രായം.

നിങ്ങൾ കമ്മ്യൂണിസ്റ്റുകാർ ഭരിക്കുമ്പോൾ കുറച്ചൊക്കെ നീതി വേണ്ടേ? എസ്.പി.യെ കാണാൻ ചെന്ന ദീപ പി. മോഹൻ എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീ കൈ ഒടിഞ്ഞു മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുകയാണ്. കോട്ടയത്ത് എസ്.പി.യെ കാണാൻ ചെന്നതാണ്. എം.ജി. യൂണിവേഴ്സിറ്റിയിലെ ഗവേഷണ വിഭാഗം വിദ്യാർത്ഥിയാണ്, പട്ടികജാതിക്കാരിയാണ്. കോട്ടയം ജില്ലയിലെ മുളക്കുളം പഞ്ചായത്തിലെ പെരുവയിൽ സി.എസ്.ഡി.എസ്.എന്ന സംഘടന ശക്തമാണ്. അവിടെ സഖാക്കന്മാർ, തമ്പിയെന്ന സി.എസ്.ഡി.എസ്. നേതാവിനെ തലയ്ക്കടിച്ച് പരിക്കേൽപ്പിച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുകയാണ്. ഇതിനെതിരെ മിണ്ടാൻ ആളില്ല. ഇതൊന്നും സമ്മതിക്കരുത്, ശ്രീ. എ. കെ. ബാലൻ അങ്ങയുടെ ഭാഗത്തുനിന്ന് ശക്തമായ ഇടപെടലുണ്ടാകണം.

2014 മേയ് മാസം 21-ാം തീയതി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ച് പാറശ്ശാല പോലീസിന്റെ ക്രൂരമായ മർദ്ദനത്തിന് ഇരയായി കൊല്ലപ്പെട്ട ശ്രീജീവന്റെ മരണത്തിൽ നീതി ആവശ്യപ്പെട്ട് സഹോദരൻ ശ്രീജിത്ത് നടത്തുന്ന സത്യാഗ്രഹം 500-ാം ദിവസത്തോട് അടുക്കുകയാണ്. അത് സംബന്ധിച്ച് ശ്രീമതി നളിനി നെറ്റോ ഇറക്കിയ ഉത്തരവാണ് എന്റെ കയ്യിലിരിക്കുന്നത്. ഇത് കൊലപാതകമാണ്. വളരെ ചെറുപ്പത്തിൽ അച്ഛൻ നഷ്ടപ്പെട്ട ശ്രീജിത്തിന് പോലീസ് മർദ്ദനത്തിൽ ഇളയ സഹോദരൻ നഷ്ടപ്പെടുകയും മൂത്ത സഹോദരൻ ശ്രീജു ടിപ്പർ ലോറിയിടിച്ച് ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയിലുമാണ്. ഒരു മകനെ നഷ്ടപ്പെടുകയും മറ്റൊരു മകൻ അനാരോഗ്യത്തിലാവുകയും ചെയ്ത ശ്രീജിത്തിന്റെ അമ്മ രമണിയുടെ കുടുംബത്തിന് താങ്ങും തണലും ആകേണ്ട ഈ മകൻ കഴിഞ്ഞ ഒരു വർഷത്തിലേറെയായി നീതിക്കുവേണ്ടി പോരാടിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട എ. കെ. ബാലൻ, മുഖ്യമന്ത്രി ഇല്ലാത്തതുകൊണ്ടാണ്, അങ്ങ് തെറ്റിദ്ധരിക്കല്ലേ; അങ്ങ് രണ്ടാം സ്ഥാനത്ത് ആണെന്നൊന്നും ഞാൻ പറയുന്നില്ല. പക്ഷേ, അങ്ങ് ശ്രദ്ധിക്കണം. ഗവൺമെന്റ് ഉത്തരവ് 2810/16/ആഭ്യന്തരം തീയതി 3-9-2016 പ്രകാരം ആ ചെറുപ്പക്കാരന് പത്ത് ലക്ഷം രൂപ നഷ്ടപരിഹാരം കൊടുത്തു. ആ കൊലപാതകത്തിന് ഉത്തരവാദികളായവരെക്കുറിച്ച് അന്വേഷിക്കണം,

പ്രതിയെ അറസ്റ്റ് ചെയ്യണം, കൊലപാതകത്തിന് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. ഇതെല്ലാം ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പ് സെക്രട്ടറിയുടെ ഉത്തരവിലുണ്ട്. സമയമില്ലാത്തതുകൊണ്ടാണ് വായിക്കാത്തത്. ഇതുവരെയും ആ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തി നടപടി സ്വീകരിക്കണമെന്ന് ഡി.ജി.പി. പറഞ്ഞിട്ടും നടപടി സ്വീകരിച്ചിട്ടില്ല. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇങ്ങനെയുള്ള കാര്യങ്ങളിൽ ഇത്രമാത്രം അലംഭാവം കാണിക്കുന്നത് എന്തുകൊണ്ടാണ്? നടപടി ഇന്ന് ഉണ്ടാക്കണം. അല്ലെങ്കിൽ ശരിയാകില്ല. മരിച്ചുപോയ ചെറുപ്പക്കാരന്റെ അനുജൻ സെക്രട്ടേറിയറ്റിന് മുന്നിൽ നിരാഹാരം കിടക്കുന്നത് നിങ്ങൾ കാണുന്നില്ല. അത് ദുഃഖകരമാണ്. ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ ഉത്തരവ് നടപ്പാക്കാനാണ് അവർ ആവശ്യപ്പെടുന്നത്. ചെങ്ങറ ഭൂസമരത്തിൽപ്പെട്ടവർക്ക് സ്ഥലം കൊടുക്കാനായി ഉത്തരവ് ഇറക്കിയിരിക്കുകയാണ്. പ്രസ്തുത ഉത്തരവ് പ്രകാരം ചെങ്ങറ ഭൂസമരത്തിൽപ്പെട്ടവർക്ക് സ്ഥലം കിട്ടി. സ്ഥലം തരണമെന്ന് മുറവിളികൂട്ടിക്കൊണ്ട് 17 കുടുംബങ്ങൾ സെക്രട്ടേറിയറ്റിന് മുമ്പിൽ സത്യാഗ്രഹം കിടക്കുകയാണ്. അവർക്കുള്ള സ്ഥലം നിങ്ങൾ കൊടുക്കണം. പാവപ്പെട്ട പട്ടികജാതിക്കാരല്ലേ. പത്തനംതിട്ട കളക്ടർ അവരുടെ ഫോട്ടോയും മുഴുവൻ റിക്കോർഡും കൊടുത്തിട്ടും ഇക്കാര്യത്തിൽ നിങ്ങൾ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്; നിങ്ങൾക്ക് നടപടി സ്വീകരിക്കാനുള്ള ഉത്തരവാദിത്വം ഇല്ലേ? ഇത്തരം കാര്യങ്ങൾ നല്ലതുപോലെ ചെയ്ത് മുന്നോട്ടുപോയാൽ, ഇതുവരെ നിങ്ങൾക്ക് ഞാൻ വോട്ട് ചെയ്തിട്ടില്ല, ചിലപ്പോൾ നിങ്ങൾക്ക് വോട്ട് ചെയ്തെന്നിരിക്കും. ഇത്തരം കാര്യങ്ങളിൽ നടപടി വേണം. ഞാൻ മൂന്നുനാല് കാര്യങ്ങൾ മാത്രമേ പറഞ്ഞിട്ടുള്ളൂ. അതെല്ലാം നടപടി ആവശ്യമുള്ളതാണ്. നടപടി ഉണ്ടാകുമെന്ന പ്രതീക്ഷയോടുകൂടി ചുരുക്കുകയാണ്.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. കേരളത്തിൽ വളരെക്കാലമായി അങ്ങേയറ്റം ബുദ്ധിമുട്ട് അനുഭവിക്കുന്ന മേഖലയായിരുന്ന കെ.എസ്.ആർ.ടി.സി. ചെറിയ സഹായങ്ങൾ പലപ്പോഴായി ചെയ്തിട്ടും പിടിച്ചുനിൽക്കാൻ സാധിക്കുമോ എന്ന് ഭയപ്പെട്ട ഘട്ടത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മൂവായിരം കോടി രൂപ അനുവദിച്ച് കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കാൻ സന്നദ്ധനായി എന്നത് ആശ്വാസകരമാണ്. ലക്ഷക്കണക്കായ കുടുംബങ്ങൾ പല ഘട്ടങ്ങളിലായി വളർന്നുവന്ന്, വിദ്യാർത്ഥികൾ വിദ്യാസമ്പന്നരായി...... അങ്ങനെ കേരളത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ച, തകർന്നുപോകുമെന്ന് ഭയപ്പെട്ട കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്താൻ

തീരുമാനമെടുത്ത, ദീർഘവീക്ഷണമുള്ള ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. അതുപോലെ തന്നെ വിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റ് നടത്തിയ ഇടപെടൽ നാം കാണേണ്ടതാണ്. 16-ാം തീയതി നടക്കുന്ന മീറ്റിംഗ് അതിനുദാഹരണമാണ്. പൊതുവിദ്യാഭ്യാസ പരിപാടികളിലൂടെ സാധാരണക്കാരുടെയും ഇടത്തരക്കാരുടെയും മക്കൾക്ക് ഏത് ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും ലഭിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഒരന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ സാധിച്ചു. അതോടൊപ്പം കായികമേഖല ഉയർത്താനുള്ള നടപടികളും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ രംഗത്താണെങ്കിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡോക്ടർമാരില്ലാത്ത, ആവശ്യത്തിന് പാരാമെഡിക്കൽ സ്റ്റാഫോ, നഴ്സുമാരോ ഇല്ലാത്ത ആശുപത്രികളിലെല്ലാം കൂടുതൽ ജീവനക്കാരെ നിയമിച്ച് അവശ്യം വേണ്ട സൗകര്യങ്ങളേർപ്പെടുത്തി. സർക്കാർ ആശുപത്രികളെ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചതിനാൽ മുൻകാലങ്ങളിലേക്കാൾ ഇരട്ടിയലധികം സാധാരണക്കാരായ ആളുകൾ ഇന്ന് സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നുണ്ട്. അതിന്റെ ഫലമായി ചികിത്സയ്ക്കായി കോടിക്കണക്കിന് രൂപ കടംവാങ്ങി ചെലവഴിക്കേണ്ടിയിരുന്നതിൽ നിന്ന് സാധാരണക്കാരായ ജനങ്ങൾക്ക് രക്ഷപ്പെടാൻ കഴിഞ്ഞു. ശുദ്ധജലവിതരണത്തിന് സഹായകരമാകുന്ന പുതിയ സമീപനങ്ങൾ സ്വീകരിച്ചു. കേരളം എന്തുകൊണ്ട് കൂടുതൽ വരൾച്ചയിലേയ്ക്ക് നീങ്ങുന്നു എന്നത് പഠനവിധേയമാക്കിക്കൊണ്ട് ശുദ്ധജലവിതരണത്തിനും ജലസേചനത്തിനും ആവശ്യമായ നടപടികൾ കൈക്കൊണ്ടു. ഇന്നലെ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നല്ലൊരു പരിപാടി ഇവിടെ സംഘടിപ്പിച്ചു. കൃഷി വികസിപ്പിക്കണമെങ്കിൽ കൃഷിക്കാവശ്യമായ വെള്ളം നൽകാൻ സാധിക്കണം, അതിനുള്ള പദ്ധതികളും ഈ ബജറ്റിലുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ, ഭാവി കേരളത്തിന്റെ വികസനത്തിൽ പ്രധാന പങ്ക് വഹിക്കേണ്ട ഒരു മേഖലയാണ്, വിനോദസഞ്ചാര മേഖല. മലബാറിലെ വിനോദസഞ്ചാരമേഖലയെ ഉപയോഗപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. കോടിക്കണക്കിന് രൂപ വരുമാനമുണ്ടാക്കുന്ന ഈ മേഖലയെ അവഗണിച്ചല്ലോ എന്ന് കഴിഞ്ഞകാലത്ത് അധികാരത്തിലിരുന്ന ഭരണാധികാരികൾക്ക് തോന്നുംവിധം മലബാറിലെ വിനോദസഞ്ചാര മേഖലയെ ഉപയോഗപ്പെടുത്താൻ സാധിക്കും. സാമ്പത്തിക പ്രതിസന്ധി ഘട്ടത്തിലാണ് അദ്ദേഹം ബജറ്റ് അവതരിപ്പിച്ചത്. എന്നാൽ ഈ പ്രതിസന്ധിയുള്ളതുകൊണ്ട്, ഒരു ഗ്ലാസ്സ് ചായ മൂന്നാക്കി വിഭജിച്ച് കുടിച്ചാൽ മതിയെന്ന സമീപനമല്ല അദ്ദേഹം സ്വീകരിച്ചത്. സാമ്പത്തിക പ്രതിസന്ധി രാജ്യത്തുണ്ടാകുമ്പോൾ, അതിൽനിന്നും രാജ്യത്തെ കരകയറ്റണമെങ്കിൽ, ലഭ്യമായ മേഖലയിൽനിന്ന് സമ്പത്ത് നേടിയെടുത്ത്, ഈ സംസ്ഥാനത്തിന്റെ വികസനത്തിനാവശ്യമായ രീതിയിൽ പണമുപയോഗിച്ച്, രണ്ടുമൂന്ന് വർഷം കൊണ്ട് എല്ലാ മേഖലയിലുമുള്ള ജനങ്ങളുടെ ജീവിതനിലവാരം

മെച്ചപ്പെടുത്താൻ കഴിയുന്നതരത്തിലുള്ള അദ്ദേഹത്തിന്റെ സമീപനത്തെ എല്ലാവിധത്തിലും പിന്തുണയ്ക്കുകയാണ് ചെയ്യേണ്ടത്. മണ്ഡലങ്ങളിലെ വികസന പ്രവൃത്തികളെക്കുറിച്ച് പത്രങ്ങളോട് പറയുക മാത്രമല്ല, ഈ സമീപനത്തിനാവശ്യമായ സർവ്വ പിന്തുണയും അദ്ദേഹത്തിന് നൽകുക എന്ന നിലപാടുകൂടി നമ്മൾ സ്വീകരിക്കണം. ഒരുകാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെ ഇടയ്ക്കിടയ്ക്ക് ചില കക്ഷികൾ 1977 -ലെ തെരഞ്ഞെടുപ്പിനെ ബന്ധപ്പെടുത്തി പറയാറുണ്ട്. അത് ഇന്ത്യൻ സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ഇവിടെ നടന്ന തെരഞ്ഞെടുപ്പുകളിൽനിന്നും വ്യത്യസ്തമാണ്. ഇവിടത്തെ ജനാധിപത്യത്തെയും സ്വതന്ത്ര പത്രപ്രവർത്തനത്തേയും നീതിന്യായ വ്യവസ്ഥയേയും തകർത്ത നിലപാടുകളിലൂടെ, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യ അങ്ങനെതന്നെ നിലനിൽക്കുമോ എന്ന സംശയം ഉടലെടുത്ത ഒരു കാലഘട്ടമായിരുന്നു അത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനടക്കമുള്ള അനേകം ചെറുപ്പക്കാരെ അടിയന്തരാവസ്ഥക്കാലത്ത് മർദ്ദിച്ച് ജയിലിലടച്ചിരുന്നു. ഇന്ത്യ ഇനി ജനാധിപത്യത്തിലേയ്ക്ക് തിരിച്ചുവരുമോ എന്ന് സംശയിച്ച അസ്വാഭാവികമായ കാലഘട്ടത്തിൽ ഇന്ത്യൻ ജനാധിപത്യത്തെ രക്ഷിക്കാൻ, ജയിലിലുണ്ടായിരുന്ന വിവിധ കക്ഷികളിലെ നേതാക്കന്മാർ പുറത്തു വന്നപ്പോൾ ഒരുമിച്ചുചേർന്ന് രണ്ട് ദിവസംകൊണ്ട് ജനതാപാർട്ടി രൂപീകരിച്ച്, ഒരാഴ്ച കൊണ്ട് പ്രകടനപത്രിക തയ്യാറാക്കി ജനങ്ങളെ തെരഞ്ഞെടുപ്പിൽ അഭിമുഖീകരിച്ചു. ആ ഘട്ടത്തിൽ ഇന്ത്യൻ ജനാധിപത്യത്തെ സംരക്ഷിക്കാൻ ഇന്ത്യാ രാജ്യത്തിലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും അതിന്റെ കൂടെ നിന്നു. അവർ അധികാരത്തിൽ വരികയോ അതിന്റെ പങ്ക് പറ്റുകയോ ചെയ്തില്ല. വരുന്നോ എന്ന് ചോദിച്ചപ്പോൾ പോലും ഞങ്ങൾ ഇല്ല എന്ന് പറയുകയാണ് ചെയ്തത്. ജനതാപാർട്ടിയോടൊപ്പം ചേർന്നില്ലേ എന്നതിനുള്ള ഉത്തരം, അന്ന് ജനതാപാർട്ടിയിൽ ഇന്ത്യൻ ജനാധിപത്യം ആഗ്രഹിക്കുന്ന സകല പ്രസ്ഥാനങ്ങളും ഒരുമിച്ചുണ്ടായിരുന്നു എന്നാണ്. അതിനുശേഷം പുതിയ പല ഘടകങ്ങളുമുണ്ടായി, പിന്നീട് വിഭജിച്ചുപോയി. പക്ഷേ 1977-ൽ ജനതാപാർട്ടി വിജയിച്ചില്ലായിരുന്നെങ്കിൽ, ഇന്ന് കാണുന്ന ഈ ജനാധിപത്യത്തിന്റെ തത്വശാസ്ത്രവും പത്രാസും നാം പറയുമായിരുന്നില്ല. തെരഞ്ഞെടുപ്പ് കഴിഞ്ഞു, ബി.ജെ.പി.ക്ക് വലിയ വിജയം. അത് പണ്ടും ഉണ്ടായിരുന്നു. ശ്രീ. വാജ്പേയ് പ്രധാനമന്ത്രിയായി, അഞ്ച് കൊല്ലത്തെ ഭരണം അവസാനിക്കുമ്പോൾ, വമ്പിച്ച ഭൂരിപക്ഷത്തോടെ അദ്ദേഹം തന്നെ തിരിച്ചുവരുമെന്നു ധരിച്ച ഒരു കാലമുണ്ടായിരുന്നു. പക്ഷേ അങ്ങനെ സംഭവിച്ചില്ല. അതുപോലെതന്നെ ഉത്തർപ്രദേശിൽ രണ്ടുമൂന്ന് പ്രാവശ്യം ബി.ജെ.പി. അധികാരത്തിൽ വന്നിരുന്നു. അവരെ അധികാരത്തിൽ നിന്നും മാറ്റാൻ ഇന്ത്യയിലെ ജനങ്ങൾക്ക് സാധിച്ചു. ഇതൊരു ജനാധിപത്യ രാജ്യമാണ്, ഏകാധിപതികൾക്കും മതതീവ്രവാദികൾക്കും

ഇഷ്ടംപോലെ നൃത്തംചവിട്ടാനുള്ള മണ്ണല്ല. ഇന്ത്യയിലെ പാവപ്പെട്ട, വസ്തുത മനസ്സിലാക്കുന്ന ജനങ്ങൾ അടിസ്ഥാനപരമായി ഏത് മതവിശ്വാസികളായാലും ഇന്ത്യൻ ജനാധിപത്യം സംരക്ഷിക്കാൻ സന്നദ്ധരാണ്. ഭാവിയിൽ ഉത്തർപ്രദേശിലെന്നല്ല, മറ്റെവിടെയായാലും ജനവിരുദ്ധമായ, മതസൗഹാർദ്ദത്തിന് വിരുദ്ധമായ സംഭവ വികാസങ്ങൾ ഏതെങ്കിലും സാഹചര്യത്തിൽ ആ സംസ്ഥാനങ്ങളിലുണ്ടാവുകയാണെങ്കിൽ അതിനെ പരാജയപ്പെടുത്താൻ കഴിവുള്ള പുതിയ ശക്തി ആ സംസ്ഥാനങ്ങളിൽ വളർന്നുവരുമെന്ന് കഴിഞ്ഞകാലാനുഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നുണ്ട്. ഞാൻ മറ്റ് രാഷ്ട്രീയകാര്യങ്ങളെക്കുറിച്ച് പരാമർശിക്കാത്തതിന് കാരണം, കഴിഞ്ഞകാലത്ത് പറഞ്ഞതുപോലെ എനിക്കെന്റെ കക്ഷിയെക്കുറിച്ച് പറയാൻ സാധിക്കില്ല, ഞങ്ങൾ വളരെ ദുർബ്ബലരാണ്. ഇന്ത്യൻ ജനാധിപത്യത്തെ വീണ്ടും സജീവമാക്കുന്ന കാര്യത്തിൽ എങ്ങനെ പ്രവർത്തിക്കാൻ കഴിയുമെന്ന് സഹപ്രവർത്തകരുമായി ചർച്ചചെയ്യുന്ന ഘട്ടമായതുകൊണ്ട് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. തന്റെ കൈയിൽ കിട്ടിയ കരുക്കളെ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തെ വളർച്ചയിലേയ്ക്ക് കൊണ്ടുപോകാൻ പരിശ്രമിക്കുന്ന നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സമീപനങ്ങളെ പരിപൂർണ്ണമായി അംഗീകരിച്ചുകൊണ്ട്, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അംഗീകരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ സഹർഷം അനുകൂലിക്കുന്നു. "ഭാരതമെന്ന പേർ കേട്ടാൽ അഭിമാന പൂരിതമാകണമന്തരംഗം, കേരളമെന്നു കേട്ടാലോ തിളയ്ക്കണം ചോര നമുക്കു ഞരമ്പുകളിൽ" എന്നുപാടിയ വള്ളത്തോളിനെ ഞാൻ സ്മരിക്കുന്നു. ആത്മാഭിമാനമുള്ള ഓരോ മലയാളിയുടേയും ഞരമ്പുകളിൽ ചോരത്തിളപ്പുണ്ടാക്കുന്ന ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. ഈ ബജറ്റ് കേരളത്തിന്റെ വികസന ചരിത്രത്തിലെ അവിസ്മരണീയ സംഭാവനയായിരിക്കും. പഞ്ചവത്സര പദ്ധതി വേണ്ട എന്ന് കേന്ദ്രഗവൺമെന്റ് തീരുമാനിച്ച സന്ദർഭത്തിൽ പഞ്ചവത്സര പദ്ധതിയിലൂന്നി നിന്നുകൊണ്ട് അവതരിപ്പിച്ച ഒരു ബജറ്റാണിത്. കേരളത്തിന്റെ പുരോഗമനപരമായ വികസന പൈതൃകം മുന്നോട്ടുകൊണ്ടുപോകുന്നതിനും പുതിയ വികസന പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനുമാണ് ഈ ബജറ്റ് ഊന്നൽ നൽകിയിരിക്കുന്നത്. ആഗോളീകരണം ഒരു പരാജയമാണെന്ന് ഈ അടുത്തകാലത്ത് മുതലാളിത്ത രാജ്യങ്ങൾതന്നെ വിലയിരുത്തുകയുണ്ടായി. ആഗോളീകരണത്തിന്റെ ഫലമായി അസമത്വങ്ങളും ജീവിതദുരിതങ്ങളും വർദ്ധിക്കുകയാണുണ്ടായത്. ആ തിരിച്ചറിവിൽ നിന്നുകൊണ്ട് ഇടതുപക്ഷ ബദൽ നയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ഈ ബജറ്റ് കേരളത്തെ പുതിയൊരു ദിശാബോധത്തിലേയ്ക്കാണ് നയിക്കുന്നത്. കേരളത്തിൽ

ഇടതുപക്ഷ ബദൽ നയങ്ങൾ രൂപപ്പെട്ടതെങ്ങനെയെന്ന് ചരിത്രപരമായി പരിശോധിക്കേണ്ട കാര്യമാണ്. കേരളം ഇന്ന് ഇന്ത്യയ്ക്കാകെ മാതൃകയാണ്. ലോകത്തെ വികസിത രാജ്യങ്ങൾക്കൊപ്പം കേരളവും സുപ്രധാന മേഖലകളിൽ പുരോഗതി കൈവരിച്ചു. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ-സുരക്ഷാ മേഖലകൾ എന്നിവയിലാണ് ഈ നേട്ടം കൈവരിച്ചത്. ഇത്തരം നേട്ടങ്ങൾ സ്വായത്തമാക്കാൻ കേരളത്തിന് ഒട്ടേറെ ചരിത്രപഥങ്ങളിലൂടെ സഞ്ചരിക്കേണ്ടിവന്നു. അത് കേരളത്തിന്റെ ചരിത്രമാണ്. ഒരു കാലത്ത് ഭ്രാന്താലയമായിരുന്ന കേരളത്തെ ഇന്നത്തെ നിലയിലെത്തിക്കുന്നതിന് ആരാണ് സംഭാവന ചെയ്തത്? കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ് ഇന്നത്തെ കേരളമാക്കി മാറ്റുന്നതിൽ അതിമഹത്തായ സംഭാവനകൾ നൽകിയത്. തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്ത വരും ദൃഷ്ടിയിൽപ്പെട്ടാൽ ദോഷമുള്ളവരുമായ ഒരു ജനസമൂഹം ജീവിച്ച നാടാണിത്. വഴി നടക്കാനും മാറ് മറയ്ക്കാനും സ്വാതന്ത്ര്യം നിഷേധിച്ചവരെ, നവോത്ഥാന നായകന്മാരായ ശ്രീനാരായണഗുരുവും മഹാനായ അയ്യങ്കാളിയും അയ്യാവൈകുണ്ഠസ്വാമികളും ചട്ടമ്പിസ്വാമികളും വാഗ്ഭടാനന്ദനും അടക്കമുള്ളവരുടെ മഹത്തായ പ്രവർത്തനത്തിലൂടെ ഉഴുതുമറിച്ച ഈ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ അടിയുറച്ച് നിന്നുകൊണ്ട് പുന്നപ്ര വയലാർ, കയ്യൂർ, കരിവള്ളൂർ, കാവുംപായി അടക്കമുള്ള അനേകം സമര പരമ്പരകളുടെ ഉല്പന്നമായി രൂപപ്പെട്ട ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണ് കേരളത്തിന്റെ പുരോഗതിക്ക് അടിസ്ഥാന ശിലയിട്ടത്. അതിനെത്തുടർന്നുവന്ന ഇടതുപക്ഷ ഗവൺമെന്റുകൾ കേരളത്തിന് മഹത്തായ സംഭാവനകൾ നൽകി. പിന്നീട് വന്ന ഗവൺമെന്റാണ് ഭൂപരിഷ്കരണ നിയമം പാസ്സാക്കിയത്. കേരളത്തിലെ ജന്മിത്തം അവസാനിപ്പിച്ചു കൊണ്ട് ഭൂ ഉടമാ ബന്ധങ്ങളിൽ മാറ്റം വരുത്തിയതിന്റെ ഫലമായി കേരളത്തിന്റെ സാമ്പത്തിക മേഖലയുടെ പുരോഗതിയ്ക്ക് അടിസ്ഥാനപരമായ മാറ്റം വരുത്തിയത് ഭൂപരിഷ്കരണ നിയമമാണെന്ന് സാമ്പത്തിക ശാസ്ത്രജ്ഞരും ചരിത്രകാരന്മാരുമെല്ലാം വിലയിരുത്തിയിട്ടുണ്ട്. തുടർന്ന് സാക്ഷരതാ യജ്ഞവും ജനകീയാസൂത്രണ പ്രസ്ഥാനവും നിലവിൽ വന്നു. അതിനുശേഷമുള്ള ഈ ഗവൺമെന്റിന്റെ ഇപ്പോഴത്തെ ബജറ്റ് കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു വലിയ മാറ്റത്തിന് വിധേയമാകാൻ പോകുകയാണ്. ജനകീയാസൂത്രണത്തിനും സാക്ഷരതാ യജ്ഞത്തിനും ശേഷമുള്ള ഏറ്റവും ധീരമായ കാൽവയ്പാണ് ഈ ബജറ്റിലൂടെ ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് നിർവ്വഹിച്ചിരിക്കുന്നത്.

അടിസ്ഥാന സൗകര്യ വികസനത്തിനായി അൻപതിനായിരം കോടി രൂപ കിഫ്ബിയിലൂടെ സമാഹരിച്ചുകൊണ്ട് കേരളത്തിന്റെ സമസ്ത മേഖലകളേയും പുനരുജ്ജീവിപ്പിക്കുന്നതിനും ആഗോളവൽക്കരണ സാമ്പത്തിക നയങ്ങളിലൂടെയും നോട്ട് പിൻവലിക്കൽ നടപടിയിലൂടെയും കേരളം നേരിടേണ്ടിവന്ന സാമ്പത്തിക

മാന്ദ്യത്തേയും വികസന മുരടിപ്പിനേയും പ്രതിരോധിക്കാനും മറികടക്കാനുമുള്ള ഏറ്റവും ഫലപ്രദമായ നടപടികളാണ് ഈ ബജറ്റിലൂടെ പ്രഖ്യാപിച്ചിരിക്കുന്നത്. ഇതുവരെയുണ്ടായ വൻപുരോഗതിയിൽ തങ്ങൾക്ക് പങ്കില്ലെന്നുള്ളതുകൊണ്ടാണ് ഇത് ഇടതുപക്ഷ നയങ്ങളിൽനിന്നുള്ള വ്യതിയാനമാണെന്നും വലതുപക്ഷ നയമാണ് അംഗീകരിച്ചിരിക്കുന്നതെന്നും സ്വപ്ന ബജറ്റാണെന്നുമൊക്കെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് അടക്കമുള്ള ആളുകൾ സൂചിപ്പിച്ചത്. അത് കേൾക്കുമ്പോൾ കുഞ്ചൻനമ്പ്യാരുടെ പ്രസിദ്ധമായ ഒരു കവിതയാണ് എനിക്ക് ഓർമ്മ വരുന്നത്.

"നാലുപേർ കേട്ടാൽ നിരക്കാത്ത വസ്തുവീ-

വാലുള്ള വാനരന്മാർക്കും ചിതംവരാ"

എന്ന് കുഞ്ചൻനമ്പ്യാർ പറഞ്ഞതുപോലെയാണ്. പറയുമ്പോൾ നാലുപേർക്ക് നിരക്കുന്ന വസ്തുതകൾ പറയണം. അങ്ങനെയുള്ള വാദമുഖങ്ങൾകൊണ്ട് കേരളീയ സമൂഹത്തെ മറയ്ക്കാൻ കഴിയില്ല. കേരളത്തിലെ പട്ടിണിപ്പാവങ്ങൾക്കുവേണ്ടിയാണ് ഈ ബജറ്റിൽ ഏറ്റവും കൂടുതൽ തുക നീക്കിവച്ചിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങൾക്കും അശരണരും ആശ്രയരഹിതരുമായ ആളുകളുടെ ക്ഷേമത്തിനുമല്ലേ തുക മാറ്റിവച്ചത്? ജനസംഖ്യാനുപാതത്തെക്കാൾ കൂടുതൽ തുക പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി വകയിരുത്തിയിരിക്കുന്നു. സാമൂഹ്യക്ഷേമത്തിന് വമ്പിച്ച വർദ്ധനവ് വരുത്തിയിരിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന് 1,000 കോടി രൂപ, ആർദ്രം പദ്ധതിക്ക് 1,130 കോടി രൂപ, ആശുപത്രികളുടെ വികസനത്തിന് 2,410 കോടി രൂപ, കാരുണ്യ പദ്ധതിക്ക് 380 കോടി രൂപ, കൃഷിക്ക് 2,106 കോടി രൂപ, പൊതുമരാമത്തിന് മൊത്തം 12,557 കോടി രൂപ, വിലക്കയറ്റം തടയാൻ 1,250 കോടി രൂപ, കെ.എസ്.ആർ.ടി.സി.-ക്ക് 3,000 കോടി രൂപ, സ്ത്രീ സംരക്ഷണ പദ്ധതികൾക്ക് 1,130 കോടി രൂപ, മത്സ്യത്തൊഴിലാളി പുനരധിവാസത്തിന് 150 കോടി രൂപ, ജീവിത ശൈലീ രോഗങ്ങൾക്ക് സൗജന്യ മരുന്ന് വിതരണം ഉൾപ്പെടെ പദ്ധതികളും നിർദ്ദേശങ്ങളുംവഴി ഈ ഗവൺമെന്റ് ആരുടെ പക്ഷത്താണ് നിൽക്കുന്നതെന്ന് വ്യക്തമല്ലേ? ഇതല്ലേ ഇടതുപക്ഷ നയം. കേരളത്തിലെ പട്ടിണിപ്പാവങ്ങളുടെയും ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെയും പാവപ്പെട്ടവരുടെയും പക്ഷത്ത് നിന്നുകൊണ്ട് അവരുടെ ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി ബജറ്റിൽ തുക നീക്കിവയ്ക്കുമ്പോൾ അത് ഇടതുപക്ഷ നയമല്ലെന്ന് എങ്ങനെ പറയാൻ കഴിയും. ഈ നയങ്ങളിലൂടെ കേരളം അത്ഭുതപൂർവ്വമായ പുരോഗതിയിലേയ്ക്ക് കുതിക്കാൻ പോകുകയാണ്. കഴിഞ്ഞ 9 മാസംകൊണ്ട് ഒച്ച് ഇഴയുന്നതുപോലെയാണ് ഇവിടെ ഭരണം മുന്നോട്ട് പോകുന്നതെന്നാണ് പ്രതിപക്ഷം ആക്ഷേപിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷത്തെ

യു.ഡി.എഫ്. ഭരണത്തിന്റെ മാലിന്യം നീക്കാൻ എത്ര സമയം വേണം; ആ മാലിന്യം തുടച്ചുനീക്കണമെങ്കിൽ വർഷങ്ങൾ വേണ്ടിവരില്ലേ? മാലിന്യങ്ങളാൽ കൂമ്പാരമായിക്കിടന്ന ഈ കേരളത്തെ കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണത്തിൽനിന്ന് ശുദ്ധീകരിക്കുന്നതിന് എത്ര സമയം വേണ്ടിവരും.

അഴിമതിക്കാരുടെയും ദല്ലാളന്മാരുടെയും വിഹാര രംഗമായിരുന്ന പൊതുമരാമത്ത് വകുപ്പ് അഴിമതി രഹിതവും സംശുദ്ധവുമാക്കുന്നതിന് ശ്രീ. ജി. സുധാകരന്റെ നേതൃത്വത്തിൽ നടക്കുന്ന ശ്രമങ്ങൾ ഇവർ കാണുന്നില്ലേ? പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കേണ്ടതാണ്. അത് തങ്ങളുടേതാണെന്ന പൊതുബോധം ഈ നാട്ടിലാകെ വളർന്നുകഴിഞ്ഞില്ലേ? വിദ്യാലയങ്ങൾ അന്താരാഷ്ട്ര പഠന കേന്ദ്രങ്ങളാക്കാനുള്ള കർമ്മ പരിപാടികളല്ലേ വിദ്യാഭ്യാസ വകുപ്പിൽ നടക്കുന്നത്. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നാഥനും സംരക്ഷകനുമുണ്ടെന്ന തോന്നൽ അവർക്കുണ്ടായത് ഈ കാലഘട്ടത്തിലല്ലേ; നന്മയുടെയും വീണ്ടെടുക്കലിന്റെയും പാതയിലേയ്ക്ക് കാർഷിക രംഗത്തെ തിരികെ കൊണ്ടുവരികയല്ലേ ചെയ്യുന്നത്; കൃഷിയുടെ നന്മ തിരിച്ചറിഞ്ഞ് കൃഷിയിലേയ്ക്ക് മടങ്ങുകയെന്ന മുദ്രാവാക്യം ജനങ്ങളുടെ മനസ്സിലേയ്ക്ക് എത്തിച്ചേർന്നത് ഈ കാലഘട്ടത്തിലല്ലേ; തൊഴിൽ മേഖലയിൽ സമാധാനത്തിന്റേയും സൗഹാർദ്ദത്തിന്റേയും അന്തരീക്ഷമുണ്ടായത് ഈ കാലഘട്ടത്തിലല്ലേ? ആരോഗ്യരംഗത്ത് ധീരമായ ചുവടുവയ്പും മാറ്റങ്ങളുമല്ലേ ഈ ചുരുങ്ങിയ സമയത്തിനുള്ളിലുണ്ടായത്.

തോടുകൾ, പുഴകൾ, തണ്ണീർത്തടങ്ങൾ, സ്വാഭാവികമായ നീരൊഴുക്ക് സംരക്ഷിക്കുന്നതിനും വരൾച്ച പ്രതിരോധിക്കുന്നതിനുമുള്ള നടപടികൾ എന്നിവ എന്തുകൊണ്ട് ഇവർക്ക് ബോദ്ധ്യപ്പെടുന്നില്ല. അരിയുടെ വിലക്കയറ്റം തടയുന്നതിന് അരിക്കടകൾ വ്യാപകമാക്കുന്ന ശ്രമങ്ങളും മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത തൊഴിലാളികൾ ഇവരുടെ മേഖലയിലുണ്ടായ മാറ്റങ്ങളും എന്തുകൊണ്ട് ഇവർ കാണുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലേയ്ക്ക് മാറുകയല്ലേ? ഈ പ്രവർത്തനങ്ങൾക്കെല്ലാം അതിസമൃദ്ധമായി നേതൃത്വം നൽകി ഉറച്ചതും നിശ്ചയദാർഢ്യത്തോടുംകൂടിയ നവകേരള മിഷൻ പദ്ധതിയിലൂടെ കേരളത്തെ മുന്നോട്ട് നയിക്കുന്ന ആദരണീയനായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രമങ്ങളെ ദുർബ്ബലപ്പെടുത്താനുള്ള പാഴ്ശ്രമങ്ങളല്ലേ പ്രതിപക്ഷം ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ശ്രമങ്ങൾ കാണുമ്പോൾ കേരളത്തിന്റെ പ്രിയപ്പെട്ട കവി കെ. സി. കേശവപിള്ള എഴുതിയ ഒരു കവിതയാണ് ഓർമ്മവരുന്നത്.

"ക്ഷോഭിക്കിലും തെല്ലമിളകാ സാധുമാനസം

ചൂട്ടെരിച്ചുപിടിച്ചീടിൽ കടൽവെള്ളം തിളയ്ക്കുമോ?"

ചൂട്ടെരിച്ചുപിടിച്ചാൽ കടൽവെള്ളത്തിന് തിളയ്ക്കാൻ കഴിയില്ല. ഉറച്ച തീരുമാനത്തോടുകൂടി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ആ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി കാണുന്നതിൽ തെറ്റില്ല. പക്ഷേ അതിനെ ദുർബ്ബലപ്പെടുത്താനുള്ള പരിശ്രമങ്ങൾ കേരള സമൂഹത്തിന് ഒരിക്കലും അംഗീകരിക്കാൻ പോകുന്നില്ല.

കേന്ദ്രഗവൺമെന്റ് കേരളത്തോട് ശത്രുതാപരമായ മനോഭാവമാണ് കാണിക്കുന്നത്. കേരളത്തിനർഹമായ വിഹിതം നൽകുന്നില്ല എന്ന് ഈ സഭയല്ലേ പ്രമേയം പാസ്സാക്കി അംഗീകരിച്ചത്. നോട്ട് പിൻവലിക്കലിന്റെയും കേരളത്തിനർഹമായ അരി വിഹിതം നൽകാതിരിക്കുന്നതിന്റെയും പേരിൽ കേന്ദ്രഗവൺമെന്റ് കേരളത്തോടുകാണിക്കുന്ന ശത്രുതാപരമായ സമീപനത്തെ സംബന്ധിച്ച് ഈ സഭ ഘോരഘോരം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. അതിലെ സ്പിരിറ്റ് എന്താണ്? കേരളത്തിനർഹമായ വിഹിതം നിഷേധിക്കുമ്പോഴും അർഹമായത് തരാതിരിക്കുമ്പോഴും ശത്രുതാപരമായ സമീപനം സ്വീകരിക്കുമ്പോഴും നാമെല്ലാം ഒരുമിച്ച് മുന്നോട്ട് പോകേണ്ട ഒരു സന്ദർഭമല്ലേ ഇന്നിവിടെ സംജാതമായിരിക്കുന്നത്. നോട്ട് പിൻവലിക്കൽ നടപടിയിലൂടെയും ബഹുരാഷ്ട്ര കുത്തകവൽക്കരണത്തിലൂടെയും വർഗ്ഗീയ പ്രചാരണത്തിലൂടെയും കേരളത്തിന്റെ സാമ്പത്തിക മേഖലയും മതസൗഹാർദ്ദവും സാഹോദര്യവും തകർക്കുന്ന കേന്ദ്രഗവൺമെന്റ് നയങ്ങൾക്കെതിരെയും ആർ.എസ്.എസ്., സംഘപരിവാർ ശക്തികൾക്കെതിരെയും മതനിരപേക്ഷ ശക്തികൾ യോജിച്ചു നീങ്ങേണ്ട കാലഘട്ടമല്ലേ ഇന്ന് സംജാതമായിരിക്കുന്നത്? യു.പി.യിലെ തെരഞ്ഞെടുപ്പിനെപ്പറ്റി എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. വി. അബ്ദുറഹിമാൻ പറയുകയുണ്ടായി. യു.പി.യിലെ തെരഞ്ഞെടുപ്പ് ഫലവും അതല്ലേ സൂചിപ്പിക്കുന്നത്? അതുകൊണ്ട് ഇടതുപക്ഷത്തെ തകർക്കാൻ അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധംമൂലം ബി.ജെ.പി.യുമായി കൂട്ടുകൂടുകയല്ല പ്രതിപക്ഷം ചെയ്യേണ്ടത്. ഈ സമീപനം കേരളസമൂഹം ഒരിക്കലും അംഗീകരിക്കാൻ പോകുന്നില്ല.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, യു.പി. തെരഞ്ഞെടുപ്പ് എല്ലാവർക്കും ഒരു മാതൃകയാണെന്നാണ് പറയുന്നത്. ഇതിൽ ഏറ്റവും വലിയ നഷ്ടമുണ്ടായത് കോൺഗ്രസ്സിനാണ്. കോൺഗ്രസ്സും ബി.ജെ.പി.യും 'മുന്നണി-മുന്നണി' എന്നുപറയുന്നത് മാത്രമല്ല, കർണ്ണാടക മുൻമുഖ്യമന്ത്രിയും രാജ്യരക്ഷാമന്ത്രിയുമായിരുന്ന എസ്. എം. കൃഷ്ണ, ബി.ജെ.പി.യിൽ ചേരാൻ പോകുന്നുവെന്ന കാര്യം താങ്കൾക്കറിയാമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, തീർച്ചയായും. ഒരുപാട് അധികാരക്കൊതിയുള്ളവർ കോൺഗ്രസ്സിൽ നിന്ന് വിട്ട് ബി.ജെ.പി.യിൽ ചേർന്നു കൊണ്ടിരിക്കുകയാണ്. ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. അതുകൊണ്ട് എനിക്ക് ഒരു കാര്യം പറയാനുള്ളത്, അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം ഉപേക്ഷിക്കണം. കാരണം കുരുക്ഷേത്ര യുദ്ധം കഴിഞ്ഞ് ധൃതരാഷ്ട്രരെ വന്ദിക്കാൻ പോയ പാണ്ഡവൻമാരിൽ ഭീമനെ ആലിംഗനം ചെയ്ത് കൊല്ലാൻ ശ്രമിച്ചു. ആലിംഗനം ചെയ്ത ധൃതരാഷ്ട്രർക്ക് ശ്രീകൃഷ്ണൻ ഒരു ഉപദേശം കൊടുത്തു.

'ഇന്നമൊന്നുണ്ട് പറയുന്നത്

നിനക്കിനിയും നല്ലതു തോന്നുകിൽ നല്ലത്

രാഗാദിദോഷങ്ങളൊക്കെ കളഞ്ഞ്

വൈരം കളഞ്ഞ് നന്ദനൻമാരുമായി യോജിച്ചു പോവുക'.

എന്ന് ശ്രീകൃഷ്ണൻ ധൃതരാഷ്ട്രരെ ഉപദേശിച്ചതുപോലെ കേരളത്തിന്റെ നന്മയ്ക്കുവേണ്ടി, കേരളത്തിന്റെ പൊതുതാല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി യോജിച്ചുനിന്ന് മതസൗഹാർദ്ദവും സാഹോദര്യവും സംരക്ഷിച്ചുകൊണ്ട് കേരളത്തിന്റെ നേട്ടങ്ങൾ സംരക്ഷിക്കാൻ ഒരുമിച്ചുപോകേണ്ട സന്ദർഭം ഉപയോഗിക്കുന്നതിന് പ്രതിപക്ഷത്തിന് സത്ബുദ്ധിയുണ്ടാകട്ടെയെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനയെ സഹർഷം പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എല്ലായിടത്തും ഭരണസ്തംഭനമാണ്. 9 മാസം കൊണ്ട് ഭരണ പരാജയത്തിന്റെ പടുകുഴിയിലേയ്ക്ക് ഈ ഗവൺമെന്റ് കൂപ്പുകുത്തുന്ന കാഴ്ചയാണ് ജനങ്ങൾക്ക് കാണാൻ കഴിഞ്ഞിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പദ്ധതി അടങ്കലിന്റെ 50 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ആദ്യവർഷം 97.9 ശതമാനം ചെലവഴിച്ചുവെന്നു പറയുമ്പോൾ അതുതന്നെയാണ് പ്രവർത്തനമികവിൽ യു.ഡി.എഫും എൽ.ഡി.എഫും തമ്മിലുള്ള അന്തരമെന്നുള്ളത് സൂചിപ്പിക്കട്ടെ. നമ്മുടെ എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ട് പോലും ചെലവഴിക്കാൻ കഴിയുന്നില്ല. പച്ചമരത്തോട് ഇങ്ങനെയാണെങ്കിൽ ഉണക്കമരത്തോട് എന്തായിരിക്കും ഇവിടെ ചെയ്യാൻ പോകുന്നത്? ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികളെല്ലാം വെറും ഭാവനയാണ്. വിദേശികളുടെ പണമുപയോഗിച്ച് ചിട്ടി നടത്തി ഫണ്ട് കൊണ്ടുവരുമെന്നും വൻകിട സമ്പന്നർ

പണം നിക്ഷേപിക്കുമെന്നുമൊക്കെ പറയുന്ന ഈ ബഹുമാന്യ സാമ്പത്തിക ശാസ്ത്രജ്ഞനായ മന്ത്രി ആരാന്റെ പുരയിടത്തിലെ പുല്ല് കണ്ടിട്ട് പശുവിനെ വളർത്തുന്ന കർഷകനെപ്പോലെയാണ്.

അങ്ങയുടെ 2016-ലെ ബജറ്റ് വായിച്ചപ്പോൾ, എല്ലാവർക്കും വീട് കൊടുക്കുമെന്ന് പറഞ്ഞു, ഒരു ഓടുപോലും കൊടുത്തില്ല. അഗ്രോ പാർക്കുകൾ ആരംഭിക്കുമെന്ന പറഞ്ഞു, ഒരു പത്തായംപോലും തീർത്തില്ല. നെല്ല് സംഭരണം പറഞ്ഞു, ഒരു പുല്ലുപോലും സംഭരിച്ചില്ല. സാംസ്കാരിക സമുച്ചയങ്ങൾ പറഞ്ഞു, ഒരു തറക്കല്ലുപോലും ഇട്ടതായി അറിയില്ല. ആയിരം കെ.എസ്.ആർ.ടി.സി. ബസ്സുകൾ പറഞ്ഞിട്ട് റൂട്ടിൽ ഒരു കെ.എസ്.ആർ.ടി.സി. ബസ്സെങ്കിലും ഇറങ്ങിയോ? ഇതെല്ലാം നിർത്തിപ്പോകുന്ന കാഴ്ചയാണ് കാണുന്നത്. രസകരമായ ഒരു സംഭവമുണ്ട്, റോഡരികിൽ ശുചിമുറികൾ പ്രഖ്യാപിച്ചു, അതുമാത്രം നടന്നു. പക്ഷേ, അതിന് ചുമരുകളില്ലായെന്നു മാത്രമേയുള്ളൂ; അതാണ് ഈ ഗവൺമെന്റിന്റെ നയം. അങ്ങയുടെ കിഫ്ബി കുട്ടി ചാപിള്ളയാകാനാണ് സാധ്യത. ആദ്യമാസം ഈ കുട്ടിക്ക് 20,000 കോടി രൂപയുടെ വളർച്ച ഉണ്ടാകേണ്ടതായിരുന്നു. പക്ഷേ, 1024 കോടി രൂപയുടെ വളർച്ച മാത്രമേ വന്നിട്ടുള്ളൂ. 40,000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ട് 5,000 കോടി രൂപയുടെ പദ്ധതി 2032-ൽ നടപ്പിലാക്കുമെന്ന് പറയുന്ന മന്ത്രി, ഈ പോക്കു പോയാൽ അങ്ങയുടെ പാർട്ടിയായ CPI (M) 2032-ൽ ഉണ്ടാകില്ല. അതാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്.

അസഹിഷ്ണുതയുടെ പാരമ്യതയിലെത്തിയിരിക്കുകയാണ് CPI (M). രാവിലെ താനൂരിലെ അക്രമത്തെ വിമർശിക്കേണ്ട അവിടത്തെ ബഹുമാനപ്പെട്ട അംഗത്തിന്റെ അസഹിഷ്ണുത നമ്മൾ കണ്ടില്ലേ? ഇന്നലെ നിയമസഭയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. അനിൽ അക്കര മുഖ്യമന്ത്രിയടക്കമുള്ള നേതാക്കന്മാരുടെ ഫോൺ കോളുകൾ ചോർത്തിയതിനെക്കുറിച്ച് പറഞ്ഞിട്ട് എന്തുണ്ടായി? ഒന്നുമുണ്ടാകാൻ പോകുന്നില്ല. ഫോൺ കോളുകൾ ചോർത്തിയത് എല്ലാവർക്കും അറിയാവുന്ന കോട്ടയത്തെ CPI(M)-ന്റെ പ്രശസ്തനായ ഒരു നേതാവാണ് എന്നുള്ളതുകൊണ്ട് ഒരു അന്വേഷണവും ഉണ്ടാകാൻ പോകുന്നില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതാണ് കേരളത്തിന്റെ അവസ്ഥ. കേരളം ഇന്ന് ഭ്രാന്താലയമായി മാറിയിരിക്കുകയാണ്. കേരളം 9 മാസം കൊണ്ട് പീഡനങ്ങളുടെ നാടായി മാറിയില്ലേ? 'ദൈവത്തിന്റെ സ്വന്തം നാട്' 'ക്രിമിനലുകളുടെ നാടാ'യി മാറി.

കഴിഞ്ഞ ഇലക്ഷൻ സമയത്ത് ജിഷയുടെ പേരും പറഞ്ഞ് ഇടതുപക്ഷം ഇവിടെ ഒഴുക്കിയത് മുതലക്കണ്ണീരാണെന്നുള്ളത് എല്ലാവർക്കും വ്യക്തമായിരിക്കുകയാണ്.

രാവിലെ ഒരു കുട്ടിയെ സ്കൂളിലേക്കോ കോളേജിലേക്കോ ഒരുക്കിവിടുമ്പോൾ തിരിച്ചുവരുന്നതുവരെ രക്ഷിതാക്കളുടെ മനസ്സിൽ തീയാണ്. എറണാകുളത്തെ സഹോദരി മിഷേൽ പള്ളിയിൽ മുട്ടുകുത്തി പ്രാർത്ഥിച്ച് ഇറങ്ങിയിട്ട് പിന്നെ നമ്മൾ കാണുന്നത് പള്ളി സെമിത്തേരിയിലാണ്. സഹിക്കാൻ കഴിയുമോ; എന്താണ് ഇവിടത്തെ അവസ്ഥ? പോലീസ് സ്റ്റേഷനിൽ ഓടിയെത്തിയ രക്ഷിതാക്കളോട് നാളെ വരാനാണ് പോലീസ് അധികൃതർ പറഞ്ഞത്. 'ദാ വന്നു ദേ പോയി' എന്ന് പറയുന്നതുപോലെയാണ് ഇവിടത്തെ സ്ത്രീ പീഡനക്കേസ്സുകൾ വന്നുപോകുന്നത്. ഏത് അക്രമമായാലും ഏത് പീഡനമായാലും അതിന്റെ ഒരു ഭാഗത്ത് ഭൂരിപക്ഷം CPI(M)- കാരാണെന്നുള്ള സത്യം നമുക്ക് മറക്കാൻ കഴിയില്ല. മഹാമാരി പടർന്ന് പിടിക്കുന്നതുപോലെയാണ് ഇന്ന് സ്ത്രീ പീഡനം. പീഡന മരണങ്ങൾ ആത്മഹത്യയാക്കാൻ ഈ സർക്കാരിന് ഇത്ര വെമ്പൽ എന്താണ്?..... 'താടിയുള്ള അപ്പനെ പേടിയുള്ളു'വെന്ന് പറയുന്നതുപോലെ ശ്രീ. പി. സി. ജോർജ് സംസാരിച്ചപ്പോൾ ഇരട്ടി സമയം കൊടുത്തല്ലോ; ഒരു മിനിട്ടുകൂടി എനിക്ക് തന്നുകൂടേ...... വാളയാറിലെ രണ്ട് പിഞ്ചു പെൺകുട്ടികളുടെ മരണം, ജിഷ്ണു പ്രണോയിയുടെ മരണം, എറണാകുളത്തെ മിഷേലിന്റെ മരണം, യുവനടിയുടെ അനുഭവം, കൊച്ചിയിലെ സദാചാര ഗുണ്ടകളുടെ ആക്രമണം.

മി. ചെയർമാൻ: .....പ്ലീസ്..... കൺക്ലൂഡ്.....

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, ഞാൻ നിർത്തുകയാണ്. കൊച്ചിയിൽ സദാചാര ഗുണ്ടകൾ അടിച്ചോടിച്ച സമയത്ത് അവിടത്തെ പെൺകുട്ടികളും സ്ത്രീകളും ഓടുന്നത് കണ്ടപ്പോൾ എനിക്ക് വിഷമം തോന്നി. ഇനി സ്ത്രീകൾക്ക് ജീവിച്ച് പോകണമെങ്കിൽ കരാട്ടെ പഠിച്ചിരിക്കണമെന്ന അവസ്ഥയിൽ എത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി സ്ത്രീകൾക്കുവേണ്ടി കുറേ പദ്ധതികൾ പ്രഖ്യാപിച്ചല്ലോ; സ്ത്രീകൾക്ക് സൗജന്യമായി കരാട്ടെ പഠിപ്പിക്കുന്ന ഒരു പദ്ധതികൂടി പ്രഖ്യാപിക്കണമെന്നാണ് പറയുന്നത്.

മി. ചെയർമാൻ: .....പ്ലീസ്..... കൺക്ലൂഡ്.....

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, ഞാൻ നിർത്തുകയാണ്. ഈ ഗവൺമെന്റ് സഭയ്ക്കകത്തും പുറത്തും രണ്ട് നീതിയാണ് നടപ്പിലാക്കുന്നത്. ബഹുമാനപ്പെട്ട സഭാ ലീഡർ തന്നെ 'വായിൽ വരുന്നത് കോതയ്ക്ക് പാട്ട് എന്നതുപോലെ പറയുന്നത് യഥാർത്ഥത്തിൽ അംഗീകരിക്കാൻ കഴിയില്ല. പ്രതിപക്ഷത്തിന് കിട്ടേണ്ട സാമൂഹ്യനീതി ഉറപ്പാക്കണം. ബഹുമാനപ്പെട്ട സ്പീക്കറോടുള്ള എല്ലാ ആദരവും ഉൾക്കൊണ്ടുകൊണ്ട് ഞാൻ പറയുകയാണ്, അങ്ങയുടെ ചില റൂളിംഗുകൾ അതേക്കുറിച്ച് ഞാനൊന്നും പറയുന്നില്ല; എന്നാൽ

പുറത്ത് അതിനെക്കുറിച്ച് സംസാരമുണ്ട്. അങ്ങ് അത് പരിശോധിക്കണമെന്ന കാര്യം കൂടി ഞാൻ സൂചിപ്പിക്കുകയാണ്. അങ്ങ് നിഷ്പക്ഷനാണെന്ന് പറയുന്നുണ്ട്; ഞങ്ങൾ അത് ആഗ്രഹിക്കുകയാണ്. അങ്ങ് നിഷ്പക്ഷത നടപ്പിലാക്കണമെന്ന കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് അങ്ങയോടുള്ള എല്ലാ ആദരവും ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുന്നു. ഇന്ന് മഹാനായ വിപ്ലവകാരി മാർക്സിന്റെ സ്മരണ പുതുക്കുന്ന ദിനമാണ്. പുതിയ മനുഷ്യനെ, പുതിയ ലോകത്തെ കണ്ടുകൊണ്ട് അദ്ദേഹത്തിന്റെ സിദ്ധാന്തം ലോകമാകെ പ്രചരിപ്പിക്കുന്ന കാലയളവിലാണ് കേരളത്തിലും കമ്മ്യൂണിസ്റ്റ് പാർട്ടി ശക്തിപ്പെട്ട് വന്നത്. കേവലം മാർക്സിസം പഠിച്ചുകൊണ്ട് മാത്രമായിരുന്നില്ല. നമ്മുടെ നാട്ടിലെ തൊഴിലാളികളുടെ ഉജ്ജ്വലമായ സമരങ്ങളെ തുടർന്നാണ്. അതിൽ വലിയ പങ്ക് നിർവ്വഹിച്ചവരാണ് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് സൂചിപ്പിച്ചതുപോലെ ബജറ്റിൽ ഏറ്റവും കൂടുതൽ ശ്രദ്ധപതിപ്പിച്ചിട്ടുള്ള തൊഴിലാളി മേഖല, അതിൽ കയർ മേഖല. 'കയർ പിരിക്കും തൊഴിലാളിക്കൊരു കഥയുണ്ട്, ഒരു ഉജ്ജ്വല സമര കഥ, അത് പറയുമ്പോൾ എന്നുടെ നാടിന് അഭിമാനിക്കാൻ വകയില്ലേ'. പുന്നപ്ര വയലാറിന്റെ നാടാണിത്. അതിന്റെ ഭാഗമായി മാർക്സിയൻ ധനതത്വ ശാസ്ത്രത്തിലൂടെ ഇതുപോലുള്ള ജനവിഭാഗങ്ങളെ കണ്ടുകൊണ്ട് പഠനം നടത്തി രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ഒരു ധനതത്വ ശാസ്ത്രജ്ഞൻ എന്ന നിലയ്ക്കാണ് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബജറ്റും അതിന്റെ ഭാഗമായ വോട്ട് ഓൺ അക്കൗണ്ടും പാസ്സാക്കിത്തരണമെന്ന് ആവശ്യപ്പെടുന്നത്. അതിന്റെ മർമ്മങ്ങൾ ഓരോ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നോക്കിയാൽ ബോധ്യപ്പെടും. വിശദാംശങ്ങളിലേയ്ക്ക് പിന്നീട് വരാം. ഇതിന്റെ ഭാഗമായി രാഷ്ട്രീയ പ്രശ്നങ്ങൾ ഇവിടെ ഉയർന്നുവന്നു. നമുക്ക് സന്തോഷിക്കാൻ വക നൽകുന്ന നിലയിലല്ല ഇന്ന് ഇന്ത്യയുടെ പോക്ക്. വലിയ തോതിൽ ആർ.എസ്.എസ്.-ന്റെ നിയന്ത്രണത്തിലേയ്ക്ക് ഇന്ത്യ മാറുകയാണ്. അതിനിടയായ രാഷ്ട്രീയ കാരണങ്ങൾ സഗൗരവം ചർച്ച ചെയ്യാതെ അതിനെ നേരിടാൻ ഇടതുപക്ഷത്തിനും ഇന്ത്യൻ ജനാധിപത്യ പ്രസ്ഥാനത്തിനും കഴിയുകയില്ല. അധികാരം ഉറപ്പിക്കാൻ കോൺഗ്രസ് എടുത്ത നിലപാടുകളുടെ ഭാഗമായാണ് ഹിന്ദു കേന്ദ്രീകരണം രാജ്യത്തുണ്ടാകാനും ആർ.എസ്.എസ്.-നും ബി.ജെ.പി.ക്കും വളരാനുമുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടതും. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമായിരുന്നു ബാബ്റി മസ്ജിദിന്റെ തകർച്ച. അന്ന് കോൺഗ്രസ് പ്രസിഡന്റായിരുന്ന ഇന്ത്യൻ പ്രധാനമന്ത്രി നരസിംഹ റാവുവായിരുന്നു അതിനുള്ള എല്ലാ സൗകര്യങ്ങളും

ചെയ്തുകൊടുത്തതെന്നുള്ള കാര്യം നാം വിസ്മരിക്കരുത്. അധികാരം ഉറപ്പിക്കാൻ മതത്തിന്റെ കാർഡുകൾ കാണിക്കുന്ന നില സ്വീകരിച്ചതിന്റെ പരിണിതഫലവും, തുടർന്ന് ശ്രീ. മൻമോഹൻസിംഗ് നടപ്പിലാക്കിയ ജനവിരുദ്ധ സാമ്പത്തിക നയങ്ങളുമാണ് അവർക്ക് അധികാരത്തിലേറാനുള്ള വഴികൾ സൃഷ്ടിച്ചതെന്ന കാര്യം നാം വിസ്മരിക്കരുത്. നേരത്തേ ഇവിടെ സൂചിപ്പിച്ചതുപോലെ അതിന്റെ ഭാഗമായാണ് ദേശീയ പ്രസ്ഥാനത്തിന്റെ ബഹുമാന്യരായ നേതാക്കന്മാരുടെ മക്കളുൾപ്പെടെ ഒട്ടേറെപ്പേർ ബി.ജെ.പി. യിലേയ്ക്ക് ചേക്കേറുകയും ഇന്ന് 48 ലേറെ കോൺഗ്രസ് നേതാക്കന്മാർ ബി.ജെ.പി. യുടെ എം.പി. മാരായി മാറുകയും ചെയ്തത്. അത്തരമൊരു സാഹചര്യത്തിൽ ഇതിനെ മുറിച്ചു കടക്കാനുള്ള വഴികളെക്കുറിച്ചാണ് നാം ആലോചിക്കേണ്ടത്. അതിന്റെ ഭാഗമായാണ് നമ്മുടെ ജനജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന കാഴ്ചപ്പാടോടുകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റ് അവതരിപ്പിച്ചത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ അഞ്ച് വർഷത്തെ ഭരണത്തെത്തുടർന്ന് കാലിയായ ഒരു ഖജനാവ്, ഭരണം മടുത്ത ജനം ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുവച്ച പ്രകടനപത്രിക കണ്ടുകൊണ്ട് ഈ പ്രസ്ഥാനത്തെ അധികാരത്തിലേറ്റുകയും മുഖ്യമന്ത്രിയായ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിൽ ധനകാര്യ വകുപ്പുമന്ത്രിയായി ഡോ. ടി. എം. തോമസ് ഐസക് ചുമതലയേൽക്കുകയും ചെയ്തു. അദ്ദേഹം കൈവച്ചത് ആർക്കുവേണ്ടിയാണ് എന്നതിന്റെ തെളിവുകൾ വിശദമായി പറഞ്ഞുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആദ്യമായി ഒന്നു പറയട്ടെ, കക്കൂസ് മാലിന്യം നീക്കൽ യന്ത്രവൽകൃതമാക്കും. പെട്ടെന്ന് അതിന്റെ അർത്ഥം എല്ലാവർക്കും മനസ്സിലാക്കാൻ കഴിയണമെന്നില്ല. കേരളത്തിൽ തലയിൽ മലം ചുമന്നുനടന്ന കാലയളവിൽ ആ തൊഴിലാളികളെ കണ്ടെത്തിയത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ, ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ സമാരാധ്യനായ നേതാവ് സഖാവ് പി. കൃഷ്ണപിള്ളയായിരുന്നു. കോഴിക്കോട് നഗരത്തിലെ ആദ്യത്തെ മേയറായ ബഹുമാന്യനായ മഞ്ജുനാഥറാവു ഏഴര വർഷമാണ് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന് ജയിലിൽ കിടന്നത്. തോട്ടി തൊഴിലാളികളെ സംഘടിപ്പിച്ച് അതിന്റെ നേതാവായി പ്രവർത്തിക്കണമെന്നതാണ് അദ്ദേഹത്തിന് കൃഷ്ണപിള്ള നൽകിയ ചുമതല. വായിൽ സ്വർണ്ണ കരണ്ടിയുമായി പിറന്നുവീണ അത്രയേറെ ധനാഢ്യനായ മഞ്ജുനാഥ റാവുവാണ് ആ തൊഴിലാളികളെ സംഘടിപ്പിച്ചത്. കമ്മ്യൂണിസ്റ്റുകാരന്റെ ലക്ഷ്യം എന്ത്, ആരോടാണ് നീതി പുലർത്തേണ്ടത് എന്ന് കണ്ടുകൊണ്ടാണ് അവരെ സംഘടിപ്പിച്ച് ആ പോരാട്ടം നടത്തിയത്. അതിനുശേഷം ഇപ്പോഴും അതിന്റെ അവശിഷ്ടങ്ങൾ ഉണ്ട് എന്ന് കണ്ടുകൊണ്ടാണ് ഇവിടെ നിസ്സാര കാര്യമായി നമുക്ക് തോന്നാമെങ്കിലും കക്കൂസ് മാലിന്യം നീക്കാൻ യന്ത്രവൽക്കരണം പ്രഖ്യാപിച്ചത്. ഈ സാംസ്കാരിക കേരളത്തിൽ മനുഷ്യൻ

ഇപ്പോഴും പഴയതിലേയ്ക്ക് പോകുന്ന നിലയ്ക്ക് വ്യത്യാസം വരുത്തുന്നതിനായി ഒരു തീരുമാനമെടുത്തിട്ടുള്ളത്. അത് എത്രയേറെ സ്വാഗതാർഹമാണ്. ഞാൻ സൂചിപ്പിച്ചതുപോലെ അതിന്റെയൊരു കാഴ്ചപ്പാടിന്റെ വെളിച്ചത്തിൽ പുന്നപ്രവയലാറിന്റെ മണമുള്ള, പാരമ്പര്യമുള്ള മണ്ണിൽ നിന്നും വന്ന ഒരു സഖാവ് എന്ന നിലയ്ക്ക്, വിയർപ്പിന്റെ വിലയറിയുന്ന ആൾ എന്ന നിലയ്ക്ക് മാർക്സിയൻ ധനതത്വശാസ്ത്രത്തിന്റെ കാഴ്ചപ്പാടുകൾ വച്ചുകൊണ്ടാണ് ഇത്തരം നിലപാടുകൾ സ്വീകരിച്ച് മുന്നോട്ട് പോകുന്നത്. അതുകൊണ്ടാണ് കയർ തൊഴിലാളികൾക്ക്, കശുവണ്ടി തൊഴിലാളികൾക്ക്, മത്സ്യ തൊഴിലാളികൾക്ക്, കർഷക തൊഴിലാളികൾക്ക് മറ്റെല്ലാ തൊഴിലാളി മേഖലകൾക്കും അതിന്റേതായ വിഹിതങ്ങൾ മാറ്റിവച്ചുകൊണ്ട് അവരെ പുനരുദ്ധരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. കൈത്തറി മേഖലയിലുൾപ്പെടെ അത്തരമൊരു സമീപനം കൈക്കൊണ്ടു. അതിന്റെ ഭാഗമായി കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിന് യൂണിഫോം കൈത്തറി വസ്ത്രമാക്കണമെന്ന് തീരുമാനിച്ച് നടപ്പിലാക്കുന്ന പ്രവർത്തനത്തിലേയ്ക്ക് നീങ്ങി. ഈ വർഷത്തോടുകൂടി പൂർണ്ണതയിലെത്തിക്കാനുള്ള നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നു. അങ്ങനെ വിവിധങ്ങളായ പ്രശ്നങ്ങളെടുത്ത് പരിശോധിക്കുമ്പോൾ നമുക്കത് ബോധ്യപ്പെടും. പുന്നപ്ര വയലാറുമായി ബന്ധപ്പെട്ട സമരകഥകളിലേയ്ക്ക് പോകുമ്പോൾ തീർച്ചയായും 'ഉഷ്ണരാശി' മോഹൻകുമാർ ഐ.എ.എസ്. എഴുതിയ ഒരു നോവൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതു വായിക്കുമ്പോഴാണ് എം.ടി.യെ ഓർമ്മപ്പെടുത്തിക്കൊണ്ട്, ഒരു വികസന പ്രവർത്തനത്തിൽ സാംസ്കാരിക കേരളത്തിന്റെ പൈതൃകം പിൻതുടരാതെ പോയാൽ ഉണ്ടാകുന്ന അനുഭവങ്ങൾ വച്ചുകൊണ്ടാണ് ഇത്തരത്തിലുള്ളൊരു ബജറ്റ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചതെന്ന് മനസ്സിലാകും. തീർച്ചയായും അതിന്റെ ഭാഗമായാണ് ഈ മേഖലകളിലേയ്ക്ക് ഇത്തരം നിലപാടുകൾ വന്നത്. നമ്മുടെ പരമ്പരാഗത വ്യവസായ മേഖലകൾ തകർന്ന് തരിപ്പണമാകുന്നുവെന്ന് കണ്ടുകൊണ്ടാണ് കയർ മേഖലയ്ക്ക് തുക നീക്കി വച്ചത്. ഡിഫൈബറിംഗ് യന്ത്രം എന്ന നിലയ്ക്ക് സഹകരണ സംഘങ്ങൾക്ക് 90 ശതമാനം, സ്വയം സഹായ സംഘങ്ങൾക്ക് 75 ശതമാനം, സ്വകാര്യമേഖലയ്ക്ക് 50 ശതമാനം സബ്സിഡി, 100 ചകിരി മില്ലുകൾ അങ്ങനെ വിവിധങ്ങളായ പരിപാടികൾ ആവിഷ്കരിച്ചുകൊണ്ട് 228 കോടി രൂപ ആ മേഖലയ്ക്ക് നീക്കി വയ്ക്കാൻ ഈ ബജറ്റിൽ തീരുമാനമുണ്ടായി. പണം നീക്കി വച്ചതുമാത്രമല്ല, റിബേറ്റ് ഇനത്തിൽ പാവപ്പെട്ട കൈത്തറി സഹകരണ സംഘങ്ങൾക്ക് കുടിശ്ശിക പണം നൽകുമെന്ന് തീരുമാനിക്കുമ്പോൾ കൈത്തറി സംഘങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അവരുടെ 'ഓടം' നിശ്ചലമാകുന്ന സാഹചര്യത്തിൽ, അവിടെ വീണ്ടും പണി ആരംഭിക്കാനുള്ള സംവിധാനമാണുള്ളത്. തുണികൾ കെട്ടിക്കിടക്കുകയാണ്. റിബേറ്റ് കൊടുക്കുന്ന

മുറയ്ക്ക് തുണി വാങ്ങാനുള്ള സംവിധാനവും കൂടി ഒരുക്കുന്നുവെന്നതാണ് സന്തോഷകരമായ കാര്യം. കശുവണ്ടി മേഖലയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഫണ്ട് നീക്കി വച്ചു. കേരളപ്പിറവിയുടെ അറുപത്തിനാലാമത് വാർഷികം ആഘോഷിക്കുന്ന ഈ സാഹചര്യത്തിൽ ഇതര മേഖലയുമായി ബന്ധപ്പെട്ട് നാല് മിഷൻ, എന്നുപറഞ്ഞാൽ ചുണ്ടിൽ മധുരം തേച്ച് ബജറ്റിന് കൈയടി വാങ്ങുകയല്ല, 64 വർഷത്തെ പാരമ്പര്യമുള്ള കേരളത്തെ ഇനി എങ്ങനെ മുന്നോട്ട് നയിക്കണമെന്ന കാഴ്ചപ്പാടിന്റെ ഭാഗമായി നാല് മിഷൻ പ്രഖ്യാപിക്കുകയും സമസ്ത മേഖലയെയും പരിഗണിച്ചുകൊണ്ട്, കുഞ്ഞുങ്ങൾ, കൃഷിക്കാർ, തൊഴിലാളികൾ, ഭൂമി, പരിസ്ഥിതി എന്നിവയെ സംരക്ഷിച്ചുകൊണ്ടുള്ള ഏറെ ഭാവനാപൂർണ്ണമായ പ്രവർത്തനത്തിന് ഒരു ജനകീയ പ്രസ്ഥാനം എന്ന നിലയ്ക്കാണ് നീങ്ങിയിട്ടുള്ളത്. കക്ഷി ഭേദമെന്യേ നാട്ടിലെ ജനങ്ങൾ വരുംതലമുറയെ സംരക്ഷിക്കുകയെന്ന ലക്ഷ്യം പൂർത്തീകരിക്കാനുള്ള ഒരു യജ്ഞം കേരളത്തിൽ അനിവാര്യമാണെന്ന് ബോധ്യപ്പെട്ടുത്തിക്കൊണ്ടാണ് അതിലേയ്ക്ക് നീങ്ങിയത്. സുദീർഘമായി ആ പ്രവർത്തനം നടത്തിക്കൊണ്ടു പോകാനുള്ള ഫണ്ട് വിദ്യാഭ്യാസ മേഖലയിൽ നീക്കിവച്ചിട്ടുണ്ട്. അതുപോലെ വീട് ഒരു സ്വപ്നമാണ്. അഞ്ച് വർഷംകൊണ്ട് സംസ്ഥാനത്ത് ഭവനരഹിതർ ഇല്ല എന്ന സാഹചര്യം സൃഷ്ടിക്കുന്നു. ഇന്ന് ചികിത്സാ രംഗത്താണ് കൊടിയ ചൂഷണം നടക്കുന്നത്. സർക്കാർ ആശുപത്രികളെ ജനപ്രിയ ആശുപത്രികളാക്കി മാറ്റാനുള്ള തീരുമാനം വരികയാണ്. അത്തരമൊരു സാഹചര്യത്തിൽ തീർച്ചയായും നാല് മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിക്കൊടുക്കേണ്ടത് സഭയുടെ ആവശ്യമാണ്. പുതിയ കേരളം സൃഷ്ടിക്കാനുള്ള പരിശ്രമമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ, അത് മണ്ണിന്റെ മണമുള്ള ബജറ്റാണ്. അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികൾ പഠിച്ച് മുന്നോട്ട് വരുന്ന മുറയ്ക്ക് അവർ ഈ മണ്ണിൽ കാൽ കുത്താത്തവരാണ്. പക്ഷേ വിയർപ്പിന്റെ മണമറിയുന്ന ഒരു ബജറ്റ് എന്ന നിലയ്ക്ക് ഇവിടെ അടിസ്ഥാന വർഗ്ഗത്തിന്റെ മർമ്മം, അവരുടെ വികാരങ്ങൾ, ഇവ മനസ്സിലാക്കികൊണ്ട് ബജറ്റ് അവതരിപ്പിക്കുകയും അതനുസരിച്ച് നാല് മാസം ചെലവഴിക്കാനുള്ള ആവശ്യം ഉന്നയിച്ചുകൊണ്ടാണ് ഈ വോട്ട് ഓൺ അക്കൗണ്ടിന്റെ ഉപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതിനെ എല്ലാ അർത്ഥത്തിലും സന്തോഷത്തോടെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. എം. മാണി</u>: സർ, സമ്മിശ്ര പ്രതികരണമാണ് ഈ ബജറ്റിനെ സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ചില തിരുത്തലുകൾക്ക് വിധേയമായി ഈ ബജറ്റ് പ്രൊപ്പോസലുകളെ പൊതുവായി ഞാൻ സ്വീകരിക്കുന്നു. തിരുത്തലുകൾ ഉണ്ടാകുന്നില്ലെങ്കിൽ പിന്തുണയ്ക്കാൻ പ്രയാസമാണ്. ബജറ്റിനോട് അന്ധമായ എതിർപ്പൊന്നുമില്ല. നല്ലത് നല്ലതാണെന്നും തെറ്റ് തെറ്റാണെന്നും പറയും. റബ്ബർ

വില സ്ഥിരതാ ഫണ്ട് തുടരുമെന്ന് അങ്ങ് പറഞ്ഞു, കേട്ടാൽ വളരെ നല്ല കാര്യം. പക്ഷേ സർക്കാരിന് ഒരു പൈസ പോലും നഷ്ടം വരുന്നില്ല. കയ്യിൽ നിന്നും ഒരു രൂപയും നഷ്ടമില്ല, പിന്നെ പ്രഖ്യാപിച്ചാലെന്താണ് കുഴപ്പം? വിലസ്ഥിരതാ ഫണ്ട് തുടരുമെന്ന് പറയുന്നതിൽ സർക്കാരിന് ഒരു നഷ്ടവുമില്ല. എന്റെ അഭിപ്രായത്തിൽ ഉൽപ്പാദനച്ചെലവ് വർദ്ധിച്ചിരിക്കുന്നു. ഞാൻ ധനകാര്യ വകുപ്പ് മന്ത്രിയായിരുന്നപ്പോൾ റബ്ബറിന് 85 രൂപ വിലയുണ്ടായിരുന്നു. ഞാൻ 150 രൂപ മിനിമം വില പ്രഖ്യാപിച്ച് ഓരോ കിലോഗ്രാമിനും 65 രൂപ സബ്സിഡി നൽകി കേരളത്തിലെ റബ്ബർ കർഷകരെ സംരക്ഷിച്ചു. അങ്ങ് ചെയ്യേണ്ടത് ഒരു കാര്യമേയുള്ളൂ, ഇന്ന് റബ്ബറിന് 180 രൂപയുണ്ട്. 200 രൂപ മിനിമം വില നിശ്ചയിച്ച് റബ്ബറെടുക്കാൻ തീരുമാനിക്കണം.

നമ്മുടെ നാട്ടിലെ കൃഷിക്കാർ റബ്ബർ ഷീറ്റാക്കുന്നതിന് പകരം ലാറ്റക്സ് ആക്കിയാണ് വിൽക്കുന്നത്. റബ്ബർ ഷീറ്റാക്കുന്നതിനേക്കാൾ ലാറ്റക്സ് ആക്കുന്നതാണ് സൗകര്യം. ലാറ്റക്സിന്റെ ഇപ്പോഴത്തെ വില 115 രൂപയാണ്, അത് 200 രൂപയായി വർദ്ധിപ്പിക്കണം. മിനിമം വില 200 രൂപയാക്കി റബ്ബർ സംഭരിക്കുന്നെങ്കിൽ കൃഷിക്കാർക്ക് സബ്സ്റ്റാൻഷ്യലായ ഹെൽപ്പാണെന്ന് പറയാം. അങ്ങനെ ചില തിരുത്തലുകൾക്ക് വിധേയമായി ഞാൻ ഈ ബജറ്റിനെ സ്വാഗതം ചെയ്യുകയാണ്.

ക്ഷേമ പെൻഷനുകൾ 1100 രൂപയായി ഉയർത്തുന്നത് നല്ലകാര്യം. പക്ഷേ കുടിശ്ശികയായി ഒരുപാട് തുകയുണ്ട്. മുഴുവൻ കുടിശ്ശികയും കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കണം. കർഷക പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കണം. ഓണത്തിന് എല്ലാ പെൻഷനും കൊടുക്കും. എന്നാൽ കർഷക പെൻഷൻ മാത്രമെന്താണ് കൊടുക്കാത്തതെന്ന് ഞാൻ മുമ്പ് ഈ സഭയിൽ ചോദിച്ചു. കർഷകരോടുമാത്രം എന്താണ് പ്രതിപത്തിയില്ലാത്തത്. കർഷകരുടെ പെൻഷൻ മുഴുവൻ വിതരണം ചെയ്യണമെന്നുള്ളതാണ് ഏറ്റവും പ്രധാനം. കർഷക പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹിക പെൻഷനുകളുടെ കുടിശ്ശിക തീർക്കണം.

'കാരുണ്യ' പദ്ധതി തൽക്കാലം തുടരുമെന്നാണ് അങ്ങയുടെ പ്രഖ്യാപനം. തൽക്കാലം തുടരുമെന്ന് കേട്ടപ്പോൾ ഞാൻ സത്യാഗ്രഹമൊക്കെ കിടന്നു. കേരളത്തിന്റെ മനഃസാക്ഷി 'കാരുണ്യ' നിർത്തലാക്കുന്നതിനെതിരെ ഉണർന്നുവെന്നാണ് എനിക്ക് തോന്നുന്നത്. എന്നാൽ പെട്ടെന്ന് അങ്ങ് പറഞ്ഞു, കാരുണ്യ തൽക്കാലം നിർത്തുന്നില്ല, എന്നുപറഞ്ഞാൽ ഒരുവർഷത്തേയ്ക്ക്. അതുകഴിഞ്ഞും അതിനെ കൊല്ലുന്നതെന്തിനാണ്? ലേറ്റസ്റ്റ് ഫിഗേഴ്സൊന്നും എന്റെ കൈവശമില്ല. നല്ലതുപോലെ പ്രവർത്തിക്കുന്ന, 1200 കോടിയിൽപ്പരം രൂപ ഒന്നേകാൽ ലക്ഷത്തിൽപ്പരം രോഗികൾക്ക് ചികിത്സാ സൗജന്യം നൽകുന്ന ബൃഹത്തായ, ലോകത്തിനുതന്നെ മാതൃകയായ കാരുണ്യ പദ്ധതി ഒരു വർഷം

കഴിഞ്ഞ് എന്തിനാണ് നിർത്തലാക്കുന്നത്? നമുക്ക് ഇതിനെ ശാശ്വതമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ലേ? മറ്റുള്ള പദ്ധതികളിൽ ഇതിനെ ലയിപ്പിക്കണോ? മറ്റുള്ളവയെ വേണമെങ്കിൽ 'കാരുണ്യ'യിൽ ലയിപ്പിക്കാം. സാഹചര്യങ്ങൾ മാറുന്നതനുസരിച്ച് ചില വ്യത്യാസങ്ങൾ വേണ്ടിവരാം. അതുകൊണ്ട് 'കാരുണ്യ' നിർത്തലാക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

നികുതി വരുമാനം 20 ശതമാനം അധികമായി വർദ്ധിപ്പിക്കുമെന്നാണ് കഴിഞ്ഞ ബജറ്റിൽ പറഞ്ഞിരുന്നത് . അങ്ങ് ഈ അടുത്തകാലത്ത് പറഞ്ഞു, 'നോട്ട് പിൻവലിക്കലിന്റെ ഫലമായി 15 ശതമാനം താഴോട്ടു പോകാനാണ് സാധ്യത' എന്ന്. നോട്ട് പിൻവലിക്കൽ വലിയ ഒരു തടയായി. ഇവിടുത്തെ ഭരണ പരാജയത്തിന് മുഴുവൻ നോട്ട് പിൻവലിക്കലിനെ ഒരു തടയാക്കാൻ സാധിക്കുമോ? നോട്ട് പിൻവലിച്ചതിന്റെ ഫലമായി ഉണ്ടായിരിക്കുന്ന പുതിയ സാഹചര്യം നേരിടുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. നോട്ട് പിൻവലിക്കൽ ബുദ്ധിമുട്ടായി എന്ന് പറഞ്ഞുകൊണ്ട് അതിന്റെ പേരിൽ രക്ഷപ്പെടാൻ ശ്രമിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

'സ്വർണ്ണം വാങ്ങൽ നികുതി' സംബന്ധിച്ച് നമ്മൾ തമ്മിൽ എന്തോ അഭിപ്രായവ്യത്യാസമുണ്ടെന്ന രീതിയിൽ അനുകൂലമായും പ്രതികൂലമായും ഒരു പത്രത്തിൽ വാർത്ത വന്നു. ഞാൻ ഹൃദയം തുറന്ന് പറയുന്നു, ചിലപ്പോൾ ബജറ്റ് നിർദ്ദേശങ്ങളിൽ ചില ആളുകൾക്ക് ബുദ്ധിമുട്ടുകൾ വരാം. ബജറ്റ് നിർദ്ദേശങ്ങളെല്ലാം പരിശുദ്ധമാണെന്നും അതൊരിക്കലും മാറ്റാൻ പാടില്ലെന്നും എനിക്കഭിപ്രായമില്ല. എല്ലാ കാലഘട്ടങ്ങളിലും ബജറ്റ് നിർദ്ദേശങ്ങൾ വരാം, അതിനോട് എതിർപ്പുകൾ വരാം. അങ്ങനെ വന്നാൽ ചിലപ്പോൾ മാറ്റങ്ങൾ വരാം. ഞാൻ ഒരു കാര്യം തുറന്നുപറയാം, മുമ്പും ഞാൻ ഇത് പറഞ്ഞിട്ടുണ്ട്. ഇന്നൊരു പത്രത്തിൽ വാർത്ത വന്നതുകൊണ്ടാണ് വീണ്ടും ഞാൻ ഇത് ആവർത്തിക്കുന്നത്. മാണി എതിര് നിൽക്കുന്നതുകൊണ്ട് സ്വർണ്ണക്കച്ചവടക്കാർക്ക് വലിയ ബുദ്ധിമുട്ടുണ്ട്, ഐസക് പറയുന്നു, മാണി സമ്മതിക്കാമെങ്കിൽ കുഴപ്പമില്ലായെന്നൊക്കെ പത്രത്തിൽ വന്നു. എന്നാൽ നമ്മൾ തമ്മിൽ യാതൊരു അഭിപ്രായവ്യത്യാസവും ഇക്കാര്യത്തിൽ ഇല്ല. ഞാൻ അങ്ങയോട് ഒരു കാര്യം പറയട്ടെ, 2014-ലെ ബജറ്റിൽ കോമ്പൗണ്ടിംഗ് ഓപ്റ്റ് ചെയ്ത വ്യാപാരികൾ പഴയ സ്വർണ്ണം വാങ്ങുമ്പോൾ ചുമത്തിയ നികുതി നിർദ്ദേശത്തിൽ sale എന്ന വാക്കിനുപുറമേ purchase എന്നുകൂടി ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്ന് വ്യാപാരികൾക്കൊരു പരാതിയുണ്ട്. ഇക്കാര്യം തുറന്ന മനസ്സോടെ അങ്ങ് പരിശോധിക്കണം. അശാസ്ത്രീയതയുണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് ഞങ്ങൾക്ക് ഒബ്ജക്ഷനില്ല. തിരുത്തലുകൾ വരുത്തിയാൽ ഞാൻ എതിർക്കില്ല. അത്

പരിശോധിക്കണം. അത് പരിശോധിക്കാതെ എനിക്ക് അതിനെക്കുറിച്ച് പറയാൻ സാധിക്കില്ല. അങ്ങയുടെ കൈവശമാണ് രേഖകളുള്ളത്. അങ്ങാണ് ആധികാരികമായി തീരുമാനിക്കേണ്ടത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, 'അപ്രായോഗികമായ', എന്ന വാക്ക് തിരുത്താൻ കഴിയില്ല എന്നുള്ളതുകൊണ്ടാണ് എ.ജി. അതിനെ ഒബ്ജക്ട് ചെയ്യുന്നതെന്ന് കേൾക്കുന്നു. അങ്ങനെയാണെങ്കിൽ ഇത് സബ്ജക്ട് കമ്മിറ്റിയിലെ മെമ്പർമാരുമായി വിശദമായി ചർച്ച ചെയ്താൽ പോരേ?

ശ്രീ. കെ. എം. മാണി: സർ, ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞ അഭിപ്രായത്തോട് എനിക്ക് എതിർപ്പൊന്നുമില്ല. സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്ത് അവരുടെ അഭിപ്രായമനുസരിച്ച് എന്ത് തീരുമാനം വേണമെങ്കിലും എടുക്കാം.

കിഫ്ബി ഒരു സർവ്വരോഗ സംഹാരിയായ ഔഷധമായിട്ടാണ് ഡോ. ടി. എം. തോമസ് ഐസക് സൂചിപ്പിച്ചിരിക്കുന്നത്. മുമ്പ് ഇസ്ലാമിക് ബാങ്ക് തുടങ്ങുമെന്നും അതിന്റെ പണം ഉപയോഗിച്ച് വളരെ നല്ല വികസന പ്രവർത്തനങ്ങൾ നടത്തുമെന്നും പറഞ്ഞു, പക്ഷേ അന്ന് ഒന്നുമുണ്ടായില്ല. അതുപോലെ ഇപ്പോൾ പറയുന്നു. കിഫ്ബി 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുമെന്ന്. നടത്തിയാൽ നല്ലത്. കാത്തിരുന്ന് കാണാം. ബഡ്ജറ്റ്-കിഫ്ബി = സീറോ ആണെന്നാണ് ധനമന്ത്രി അവതരിപ്പിച്ച ബജറ്റ് കാണുമ്പോൾ എനിക്ക് തോന്നുന്നത്. 4004 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി ബോർഡ് പാസ്സാക്കിയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നു. ഇത് കിഫ്ബിയുടെ നിയമ വ്യവസ്ഥകൾക്കെതിരാണ്. കിഫ്ബി ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ട് ഗസറ്റ് വിജ്ഞാപനം നടത്താതെ ബോർഡ് പദ്ധതികൾ പാസ്സാക്കിയെന്നുപറയുന്നത് ഗുരുതരമായ തെറ്റാണ്. കിഫ്ബി ബോർഡിനു മുമ്പാകെ കൊണ്ടുവരാത്ത/അവർ കണ്ടിട്ടില്ലാത്ത പദ്ധതികൾ അവർ വഴി നടപ്പിലാക്കുമ്പോൾ അതിലെ അംഗംപോലുമല്ലാത്ത ധനകാര്യ വകുപ്പുമന്ത്രിക്ക് ആരാണ് ഈ അധികാരം നൽകിയത്? കിഫ്ബിയുടെ പരിധിയിൽ വരാത്ത പല പദ്ധതികൾക്കും ധനകാര്യ വകുപ്പുമന്ത്രി തുക അനുവദിക്കുകയുണ്ടായി. 19-8-2016-നാണ് കിഫ്ബി നിയമം ഭേദഗതി ചെയ്തത്. അന്ന് മുതലാണ് ബഹുമാന്യരായ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അതിലെ അംഗങ്ങളാകുന്നത്. ഭേദഗതി നിയമം വരുന്നതിനുമുമ്പ്, 8-8-2016-ലെ 315-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതി നടത്തിപ്പിന് അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അത് തെറ്റാണ്. കിഫ്ബി നിയമത്തിലെ 21-ാം വകുപ്പനുസരിച്ച് ഒരു പദ്ധതി തയ്യാറാക്കി, ഗസറ്റ് വിജ്ഞാപനം നടത്തി നിയമസഭയുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ടതാണ്. ഇവിടെ ബോർഡ് പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ചും പദ്ധതി തയ്യാറാക്കിയത് സംബന്ധിച്ചും ഗസറ്റ് വിജ്ഞാപനങ്ങളില്ല.

2.00 PM]

കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി വഴി 25000 കോടി രൂപ സമാഹരിക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. ധനകാര്യ വകുപ്പുമന്ത്രി കാര്യങ്ങൾ മനസ്സിലാക്കിയോ എന്നെനിക്ക് സംശയമുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ചിട്ടി നിയമത്തിലെ വ്യവസ്ഥയെന്താണ്; കെ.എസ്.എഫ്.ഇ.-യ്ക്ക് ഒരു ചിട്ടി തുടങ്ങണമെങ്കിൽ ചിട്ടി സ.ലയ്ക്ക് തുല്യമായ തുക ചിട്ടി തുടങ്ങാൻ ഉദ്ദേശിക്കുന്ന പ്രദേശത്തെ അസിസ്റ്റന്റ് രജിസ്ട്രാറുടെ പേരിൽ ഒരംഗീകൃത ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത് കെ.എസ്.എഫ്.ഇ. ബാങ്ക് ഗ്യാരണ്ടി ചിട്ടി രജിസ്ട്രാർക്ക് കൈമാറണമെന്നാണ് ചിട്ടി നിയമത്തിലെ വ്യവസ്ഥ. ഒന്നുകിൽ ഭേദഗതി കൊണ്ടുവരണം. അല്ലാതെ അങ്ങ് പറയുന്നതുപോലെ ചെയ്യാൻ സാധിക്കുകയില്ല. കേന്ദ്രഗവൺമെന്റിന്റെയും ആർ.ബി.ഐ.-യുടെയും സമ്മതം വേണം. ഇതൊന്നുമില്ലാതെ കിഫ്ബിയിൽ നിക്ഷേപിച്ചാൽ കുറ്റകരമാണ്. കിഫ്ബി ഒരു ബാങ്കല്ല. മൂന്ന് കൊല്ലം വരെ ശിക്ഷിക്കാം. കേന്ദ്ര ചിട്ടി നിയമം നിലനിൽക്കുന്നതുകൊണ്ടാണ് ഇതൊക്കെ ഞാൻ പറയുന്നത്. കേന്ദ്ര ചിട്ടി നിയമത്തിലെ വ്യവസ്ഥയനുസരിച്ച് ഇതാണ്. അങ്ങയുടെ ഈ നടപടി നിയമവിരുദ്ധമാണെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. എന്റെ ഒരു പ്രതികരണം അറിയിച്ചെന്നേയുള്ളൂ. അങ്ങ് അതൊക്കെ പരിശോധിക്കണം എന്ന് മാത്രമേ എനിക്ക് ഇതിനെപ്പറ്റി പറയാനുള്ളൂ. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. കാരാട്ട് റസാഖ്</u>: സർ, ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ശക്തമായി അനുകൂലിക്കുന്നു.

കഴിഞ്ഞ 3-ാം തീയതി ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബജറ്റും ധനവിനിയോഗ ബില്ലും സത്യസന്ധമായി പരിശോധിക്കുന്ന ആർക്കും പിന്താങ്ങാതിരിക്കാൻ കഴിയില്ല. അതാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി യായിരുന്ന ബഹുമാന്യനായ കെ.എം. മാണി പോലും ഇപ്പോൾ സ്വാഗതം ചെയ്തിട്ടുള്ളത്. കേരളത്തിന്റെ വർത്തമാനകാല സാമൂഹിക യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഭാവി കേരളം സുന്ദരവും സമാധാനപൂർണ്ണവുമാക്കാനുള്ള നിർദ്ദേശങ്ങളും പ്രഖ്യാപനങ്ങളുമാണ് ഇതിലുള്ളതെന്ന് വ്യക്തമാണ്. ഓരോ മേഖലയിലെയും കാര്യങ്ങൾ അക്കമിട്ട് പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്പർശിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഇപ്പോൾ മാത്രമല്ല എൽ.ഡി.എഫ്. സർക്കാരുകൾ എല്ലാക്കാലത്തും അങ്ങനെയാണ്. പണിയെടുക്കുകയും ജീവിതദുരിതം അനുഭവിക്കുകയും ചെയ്യുന്ന സാധാരണ മനുഷ്യരുടെ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ട് പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി. ആ

പ്രസ്ഥാനത്തിന് അധികാരം കിട്ടിയാൽ അതുപയോഗിച്ച് സാധാരണ മനുഷ്യരുടെ ജീവിതം മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയാണ് പതിവ്. അത് എൽ.ഡി.എഫ്.-ന്റെ അടിസ്ഥാന പ്രമാണമാണ്. ഇത് വെറുതെ പറയുന്നതല്ല. ഇന്ന് വജ്ര ജൂബിലിയുടെ തിളക്കത്തിൽ നിൽക്കുന്ന കേരളത്തിന്റെ ചരിത്ര മുന്നേറ്റവും അതിന്റെ പടവുകളിലെ നാഴികക്കല്ലുകളും പരിശോധിച്ചാൽ ആർക്കും ബോദ്ധ്യപ്പെടുന്ന കാര്യമാണിത്. ഐക്യ കേരള പിറവിക്കുശേഷം 1957 ഏപ്രിൽ 5-ന് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ആദ്യ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ കേരളം പിറന്നു വീണിട്ടേ ഉണ്ടായിരുന്നുള്ളൂ. പാവപ്പെട്ടവരും സാധാരണക്കാരും പിന്നാക്കക്കാരുമായ ഭൂരിപക്ഷം വരുന്ന ജനങ്ങൾ അന്ന് സാമൂഹ്യ ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലായിരുന്നു. അവർണ്ണർ എന്ന് മുദ്ര കുത്തപ്പെട്ടതിന്റെ പേരിൽ അത്തരക്കാർക്ക് വിദ്യാഭ്യാസം ചെയ്യാൻ അവകാശമുണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ ഉയർന്ന ജോലികളൊക്കെ അവർക്ക് അന്യമായിരുന്നു. ഇതിനെക്കാൾ ദുരിതപൂർണ്ണമായിരുന്നു പാവപ്പെട്ട കർഷകരും കർഷകത്തൊഴിലാളികളും കുടിയാന്മാരുമായ ആളുകളുടെ സ്ഥിതി. സ്വന്തമായി ഒരു തുണ്ട് ഭൂമിയില്ലാത്തതിന്റെ പേരിൽ ജന്മിമാരുടെയും അവരുടെ ഗുണ്ടകളുടെയും ഭീഷണിയും മർദ്ദനങ്ങളും പീഡനങ്ങളും ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ടവരായിരുന്നു പാവപ്പെട്ട മനുഷ്യർ. ഇത് പരിഹരിക്കുന്നതിനുള്ള നടപടികളാണ് 1957-ലെ സർക്കാർ ആദ്യമായി കൈക്കൊണ്ടത്. അവിടെ നിന്നാണ് ഭൂപരിഷ്കരണ നിയമം നടപ്പിലാകുന്നത്. വിദ്യാഭ്യാസ നിയമം നടപ്പിലാക്കി വിദ്യാഭ്യാസ രംഗത്ത് എല്ലാവർക്കും തുല്യനീതി സൃഷ്ടിച്ചതും ഇവിടെ നിന്നായിരുന്നു. ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസ നിയമവുമാണ് കേരളത്തെ മുന്നോട്ട് നയിച്ചത്. കേരള മോഡൽ വികസനം എന്ന പേരുതന്നെ വികസന മാതൃകയിൽ സ്ഥാനം പിടിച്ചത് ഇതിന്റെ പേരിലായിരുന്നു. ആരോഗ്യ മേഖലയിലും തൊഴിൽ നിയമങ്ങളിലും ജയിൽ നിയമങ്ങളിലുമൊക്കെത്തന്നെ സമാനമായ നിരവധി നിയമ നടപടികൾ അന്നത്തെ സർക്കാർ സ്വീകരിച്ചു. അങ്ങനെ കേരളീയ ജീവിതത്തെ ഉയരങ്ങളിലേയ്ക്ക് കൊണ്ടുപോകാൻ 1957-ലെ സർക്കാർ നടപടി സ്വീകരിച്ചപ്പോൾ ജനാധിപത്യ വിരുദ്ധമായി ആ സർക്കാരിനെ പിരിച്ചുവിടാനാണ് കോൺഗ്രസ്സുകാർ ശ്രമിച്ചത്. അസത്യങ്ങളും അർദ്ധസത്യങ്ങളും ഊതിപ്പെരുപ്പിച്ചുകൊണ്ട് കള്ളപ്രചരണ വേല നടത്തി ഇ.എം.എസ്. സർക്കാരിനെ പിരിച്ചുവിടാൻ കുത്സിത നീക്കങ്ങൾ നടത്തിയ ചിലരെങ്കിലും ഇപ്പോഴും അപ്പുറത്തുണ്ട്. 1957-ലെ ഇ.എം.എസ്. സർക്കാരിനെ 5 വർഷം പൂർത്തിയാക്കാൻ അനുവദിച്ചിരുന്നെങ്കിൽ കേരളത്തിന്റെ അവസ്ഥ എത്രയേറെ മനോഹരമാകുമായിരുന്നു. എന്നാൽ സാധാരണ മനുഷ്യരുടെ ഉയർച്ചയും അഭിവൃദ്ധിയും തടസ്സം നിൽക്കുക എന്നതാണ് കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ന്റെയും നയം. അതുകൊണ്ടാണ് കോൺഗ്രസ്സുകാർ അന്ന് വിമോചന

സമരം എന്ന സമരാഭാസം നടത്തിയത്. 1957-ലെ സർക്കാർ ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകിയെങ്കിൽ ഇപ്പോഴത്തെ എൽ.ഡി.എഫ്. സർക്കാർ എല്ലാവർക്കും വീട് നൽകാനുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. അതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഭവനരഹിതരില്ലാത്ത കേരളം, ആരോഗ്യ, വിദ്യാഭ്യാസ, ശുചിത്വ മേഖലകളിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയുന്ന പദ്ധതികളുമായാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. നവകേരള മിഷൻ പദ്ധതി തന്നെ ഇത്തരത്തിൽ കേരളത്തിന്റെ സാമൂഹ്യ ജീവിതത്തിന് ഊർജ്ജസ്വലവും ഉന്മേഷപ്രദവുമായ ഒരു പുതിയ മുഖം നൽകാനുള്ള ശ്രമങ്ങളുടെ ഭാഗമായുള്ളതാണ്. കേവലം റോഡുകളോ പാലങ്ങളോ കെട്ടിടങ്ങളോ മാത്രമല്ല വികസനം. മനുഷ്യ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ജീവിത സൂചികകൾ ഉയരങ്ങളിൽ എത്തിക്കാൻ കഴിയുന്ന സാഹചര്യം ഒരുക്കുകയാണ് വികസനം കൊണ്ടുദ്ദേശിക്കുന്നത്. അതിന് സഹായകരമായിട്ടുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത്. ആ നടപടികൾക്ക് പിന്തുണയും സഹായവും നൽകാൻ കഴിയുന്ന തരത്തിലാണ് ഇവിടെ ബജറ്റും ധനവിനിയോഗ ബില്ലുമൊക്കെ അവതരിപ്പിച്ചിട്ടുള്ളത്. പുതിയ ചോദ്യങ്ങൾ ഉയർത്തുകയും പുതിയ ഉത്തരങ്ങൾ നേടുകയും ചെയ്യുന്നുവെന്നതാണ് സംസ്ഥാന ബജറ്റിന്റെ സവിശേഷത. കേരളത്തിലെ റോഡുകളുടെയും പാലങ്ങളുടെയും തുറമുഖങ്ങളുടെയും വൈദ്യുത നിലയങ്ങളുടെയും നവീകരണത്തിനും വിപുലീകരണത്തിനും കിഫ്ബി മുഖേനയാണ് വിഭവ സമാഹരണം നടത്തുന്നത്. കൂടാതെ വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ വൻ മുതൽമുടക്കിനും കിഫ്ബിയെ ലക്ഷ്യമിടുകയാണ്. തീരദേശ മലയോര ഹൈവേകളുടെ വികസനത്തിന് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയുടെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന് ലക്ഷ്യമിടുന്നുണ്ട്. എല്ലാം കിഫ്ബി മയം എന്ന് വിമർശിക്കുന്നവർ നികുതി വരുമാനം കൊണ്ട് മാത്രം വികസനം സാദ്ധ്യമല്ല എന്ന പ്രാഥമിക പാഠം ഉൾക്കൊള്ളേണ്ടതുണ്ട്. കാർഷിക മേഖലയ്ക്ക് 2016 കോടി രൂപ വകയിരുത്തിയ എൽ.ഡി.എഫ്. സർക്കാർ അടിസ്ഥാന വർഗ്ഗത്തോടുള്ള പ്രതിബദ്ധത ഒന്നുകൂടി തെളിയിച്ചിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും നിശ്ചിത കാലയളവിനുള്ളിൽ ലാഭത്തിലാക്കാൻ ഈ ബജറ്റ് ലക്ഷ്യമിടുന്നുണ്ട്. മാലിന്യ നീക്കം യന്ത്രവൽക്കരിക്കാൻ 10 കോടി രൂപ വകയിരുത്തിയ സർക്കാർ തോട്ടിപ്പണിക്ക് തുല്യമായ ജോലി മാന്യതയുള്ള തൊഴിലാക്കി മാറ്റിയിരിക്കുകയാണ്. ജെൻഡർ ബജറ്റിലൂടെ സ്ത്രീ തുല്യത എന്നത് വാക്കുകളിൽ നിന്നും പ്രവൃത്തിയിലേയ്ക്ക് എത്തിക്കാൻ ഉതകുന്ന അനവധി പദ്ധതികൾ വിഭാവന ചെയ്യുന്നു. ഒരു പ്രത്യേക വനിതാ വകുപ്പ് രൂപീകരിക്കാൻ നിർദ്ദേശമുള്ള ബജറ്റിൽ 100 ശതമാനം സ്ത്രീകൾ ഗുണഭോക്താക്കളായുള്ള 64 പദ്ധതികൾക്ക് 1060 കോടി രൂപയും സ്ത്രീകൾ പ്രത്യേക ഘടകമോ ഗുണഭോക്താക്കളോ ആയ 104

പദ്ധതികൾക്ക് 13400 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 11.5 ശതമാനം പദ്ധതിച്ചെലവ് വനിതാ വികസനത്തിന് വകയിരുത്തുന്ന ബജറ്റ് സ്ത്രീശാക്തീകരണത്തിന് ഊന്നൽ നൽകിയിരിക്കുകയാണ്. പട്ടികജാതി/ പട്ടികവർഗ്ഗ വികസനത്തിന് ജനസംഖ്യാനുപാതത്തെക്കാൾ കൂടുതൽ തുക വകയിരുത്തുന്ന സംസ്ഥാനമെന്ന ഖ്യാതി കേരളം കൈവരിച്ചിരിക്കുകയാണ്. സാധാരണക്കാരന്റെ ജീവിതം വളരെ ദുഃസഹമായ സാഹചര്യത്തിലാണ് എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റത്. പൊതുജന പങ്കാളിത്തത്തോടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരുടെ സഹകരണത്തോടെയും അതിവിപുലമായ വികസന പദ്ധതികളാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നത്. കേരളം പരസ്യ വെളിയിട വിസർജ്ജന മുക്ത സംസ്ഥാനമായി മാറിയത് ഇതിനൊരു ഉദാഹരണമാണ്. കേരളത്തിലെ ജനങ്ങളെയും ഇതിനായി പങ്കെടുപ്പിച്ചത് ഈ സർക്കാരിന്റെ എടുത്തുപറയത്തക്ക നേട്ടമാണ്. സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് വരൾച്ച. സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ നാൾക്കുനാൾ കുറഞ്ഞുവരികയാണ്. അടഞ്ഞുപോയ ജലസ്രോതസ്സുകൾ വീണ്ടെടുക്കുക, മഴവെള്ളം പാഴാകാതെ സംഭരിക്കുക തുടങ്ങിയവ നമ്മുടെ മുഖ്യ അജണ്ടയായി പരിഗണിക്കണം. പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ കണ്ണീരൊപ്പാൻ എന്നും എൽ.ഡി.എഫ്. സർക്കാർ മുന്നിലുണ്ടാകുമെന്ന് മുഖ്യമന്ത്രിയുടെ ജനസാന്ത്വന പദ്ധതി തെളിയിക്കുന്നു. വിവിധ കാരണങ്ങൾകൊണ്ട് ഒറ്റപ്പെട്ടുപോയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഈ ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കും. കേരളത്തിൽ ആർ.എസ്.എസ്. സർവ്വശക്തിയും ഉപയോഗിച്ച് തിരിച്ചടിക്കുമെന്ന അവരുടെ ജോയിന്റ് സെക്രട്ടറിയുടെ പ്രസ്താവന മതേതര ജനാധിപത്യത്തെ സ്നേഹിക്കുന്നവർ കാണാതെ പോകരുത്. തീവ്ര ഹിന്ദുത്വ അജണ്ടയ്ക്കെതിരെ പ്രതികരിക്കുന്ന എഴുത്തുകാരെയും സാംസ്കാരിക പ്രവർത്തകരെയും കൊലപ്പെടുത്താനാണ് അവർ ശ്രമിക്കുന്നത്. അന്തരിച്ച യു. ആർ. അനന്തമൂർത്തിക്ക് വിമാന ടിക്കറ്റ് അയച്ചുകൊടുത്ത സംഘപരിവാർ ശ്രീ. ഷാരൂഖ് ഖാൻ, ശ്രീ. ആമീർ ഖാൻ, ശ്രീമതി നന്ദിതാ ദാസ് എന്നിവർക്കെതിരെയും ഏറ്റവുമൊടുവിൽ സംവിധായകൻ ശ്രീ. കമലിനെതിരെയും വാളോങ്ങുന്നു. എന്തിനേറെ, കേരളത്തിലെ പ്രമുഖ എഴുത്തുകാരനും സാംസ്കാരിക നായകനുമായ ശ്രീ. എം. ടി. വാസുദേവൻ നായരെപ്പോലും വെറുതെ വിടാത്ത ഫാസിസ്റ്റുകാരാണ് ഇവരെന്ന് നാം ഓർക്കണം. തമ്മിൽത്തല്ലി നിൽക്കുന്ന യു.ഡി.എഫ്. മുന്നണി തർക്കം നിർത്തിവച്ച് വർഗ്ഗീയ ഫാസിസ്റ്റുകൾക്കെതിരെ ഇടതുപക്ഷത്തോടൊപ്പം നിൽക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. രാഷ്ട്രീയ തിമിരംകൊണ്ട് അന്ധത ബാധിച്ചിട്ടില്ലാത്ത ആർക്കും ഈ സർക്കാരിന്റെ നടപടികളിലെ നന്മ കാണാൻ കഴിയും. പക്ഷേ നിർഭാഗ്യവശാൽ അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതന്മാർ കണ്ണടച്ച് ഇരുട്ടാക്കാൻ

ശ്രമിക്കുകയാണ്. കിഫ്ബിയിലൂടെ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ ഓരോ ജനപ്രതിനിധികൾക്കും ലഭിച്ചപ്പോൾ മുസ്ലീംലീഗിന്റെ എം.എൽ.എ.-മാർ അവരുടെ മണ്ഡലത്തിൽ വലിയ ഫ്ലക്സ് ബോർഡുകൾ വച്ചിരിക്കുകയാണ്. മുസ്ലീംലീഗിന്റെ മുഖപത്രമായ ചന്ദ്രികപോലും മുസ്ലീംലീഗിന്റെ എം.എൽ.എ.-മാർക്ക് കോടികളുടെ വികസന പദ്ധതികൾ ലഭിച്ചുവെന്ന് പറയുമ്പോൾ ഇവിടെ വന്ന് കിഫ്ബിയെയും ബജറ്റിനെയും എതിർത്തുകൊണ്ട് സംസാരിക്കുന്ന പ്രവണത സാംസ്കാരിക പ്രവർത്തനത്തിന് യോജിച്ചതാണോയെന്ന് ചിന്തിക്കേണ്ടതുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അവർക്ക് ഈ സർക്കാരിനെതിരായി ഒന്നുംതന്നെ പറയാനില്ലെന്നതാണ് സത്യം. അതുകൊണ്ടാണ് യഥാർത്ഥത്തിലുള്ള കാര്യങ്ങളെക്കുറിച്ചൊന്നും പറയാതെ നിസ്സാരകാര്യങ്ങൾ പെരുപ്പിച്ചുകാണിച്ച് ദിവസവും ബഹളമുണ്ടാക്കാൻ ശ്രമിക്കുന്നത്.

ഞാൻ എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. കേരളത്തിന് പുതിയൊരു മുന്നേറ്റവും തലയെടുപ്പും നൽകാൻ കരുത്ത് പകരുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചതെന്ന് കേരളത്തിലെ പൊതുസമൂഹം ചിന്തിക്കുകയും വിലയിരുത്തുകയുമാണ്. അതുകൊണ്ട് എല്ലാ ആളുകളും ഇതിനെ അംഗീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുമെന്നത് കാലം തെളിയിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ബഹുമാന്യനായ കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ മന്ത്രിസഭയ്ക്കും ഭരണത്തിനും എല്ലാവിധ പിന്തുണയും അറിയിച്ചുകൊണ്ട്...... എന്റെ നിയോജകമണ്ഡലത്തിൽ വലിയ വിപ്ലവം സൃഷ്ടിച്ചിട്ടുള്ള വികസനത്തിനാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഫണ്ട് അനുവദിച്ചിട്ടുള്ളത്. അതിന് ഒരിക്കൽക്കൂടി നന്ദി അറിയിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പരിപൂർണ്ണമായും പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ഇവിടെ ഗവർണർ ഒരു നയപ്രഖ്യാപനം നടത്തി. ധനകാര്യ വകുപ്പുമന്ത്രി സാഹിത്യസാന്ദ്രമായ ഒരു ബഡ്ജറ്റും അവതരിപ്പിച്ചു. എന്താണ് ഈ സർക്കാരിന്റെ സ്ഥിതി; ഇവിടെ കഴിഞ്ഞ കൊല്ലം ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിച്ചു. ആ ബജറ്റിൽ പറഞ്ഞ കിഫ്ബി മുഖാന്തരം നടപ്പിലാക്കിയ ഏത് പദ്ധതിക്കാണ് എ.എസ്. കൊടുത്തത്? കിഫ്ബി മുഖാന്തരം നടപ്പിലാക്കിയ പദ്ധതിക്ക് ഡീറ്റെയിൽഡ് എസ്റ്റിമേറ്റെടുക്കാനോ ഇൻവെസ്റ്റിഗേഷൻ നടത്താനോ ഭരണ വകുപ്പിന് കഴിഞ്ഞിട്ടില്ലല്ലോ; കഴിഞ്ഞ 9 മാസത്തിനകം ഏതെങ്കിലും ഒരു പാലത്തിനുപോലും ഫണ്ട് അനുവദിക്കുകയോ ടെണ്ടർ നടത്തുകയോ ചെയ്തിട്ടില്ലല്ലോ. കിഫ്ബിയെപ്പറ്റി പറയേണ്ടതില്ലല്ലോ. നിങ്ങളിൽ ആരുടെയെങ്കിലും നിയോജകമണ്ഡലത്തിൽ ഏതെങ്കിലും ഒരു പ്രവൃത്തി

നടന്നിട്ടുണ്ടോയെന്ന് നെഞ്ചിൽ കൈവച്ച് നിങ്ങൾ ആദ്യം പറയണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പിന്നീട് പറഞ്ഞു, രാജ്യത്തെ മികച്ച സാഹിത്യകാരന്മാരിൽ ഒരാളായിരുന്ന ശ്രീ. എം. ടി. വാസുദേവൻ നായർ.....

മി. സ്പീക്കർ: നിങ്ങൾ ശബ്ദമുണ്ടാക്കിയാലേ ശ്രീ. പി. കെ. ബഷീറിന് ഊർജ്ജമുണ്ടാകുകയുള്ളൂ. അതുകൊണ്ട് നിങ്ങൾ ശബ്ദമുണ്ടാക്കാതിരുന്നാൽ മതി.

ശ്രീ. പി. കെ. ബഷീർ: ഞാൻ ചെയറിനെ നോക്കി മര്യാദയ്ക്കല്ലേ സംസാരിക്കുന്നത്. ശ്രീ. എം. ടി. വാസുദേവൻ നായരെ വളരെയേറെ പുകഴ്ത്തി, അദ്ദേഹത്തിന്റെ നോവലിലെ വാക്യങ്ങൾ ഉദ്ധരിച്ച് സംസാരിച്ചു. ഒരു കാര്യം ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക്കിനോട് എനിക്ക് പറയാനുള്ളത്, അദ്ദേഹത്തിന്റെ ചില നോവലുകൾ ദുഃഖപര്യവസാനികളായതുകൊണ്ട് ഈ ബജറ്റിന് ആ ഗതി വന്നാൽ അദ്ദേഹത്തെ നിങ്ങൾ കുറ്റം പറയരുതെന്നാണ്. എന്താണ് ഇവിടെ നടക്കുന്നത്; അങ്ങയുടെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞു, 10.5 ശതമാനം പദ്ധതിക്ക് കൂടുതൽ തുക നീക്കിവച്ചിട്ടുണ്ടെന്ന്. ഞാൻ ചോദിക്കട്ടെ, 2016-17 വർഷത്തെ പദ്ധതിയുടെ അടങ്കൽ തുക 24,000 കോടി രൂപയായിരുന്നത് 26,500 കോടി രൂപയായി ഉയർത്തി. 2016-17 വർഷത്തെ പദ്ധതി ചെലവ് എത്രയാണ്. മാർച്ച് 31 വരെയുള്ള കണക്കെടുത്താലും അത് 50 ശതമാനത്തിനപ്പുറം പോകുകയില്ല. 12,000 കോടി രൂപപോലും ചെലവഴിക്കപ്പെടുകയില്ല. എന്തിനാണ് ഇങ്ങനെ ഓരോ വർഷവും അടങ്കൽ തുക വർദ്ധിപ്പിച്ച് ചെലവഴിക്കാതെ മുന്നോട്ടു പോകുന്നത്. സ്വർണ്ണത്തിന് പർച്ചേസ് ടാക്സ് ഏർപ്പെടുത്തിയത് പിശകാണെന്ന് എല്ലാവർക്കും ബോദ്ധ്യമുണ്ടായിരുന്നു. നാലായിരത്തോളം ചെറുകിട സ്വർണ്ണക്കച്ചവടക്കാർ നമ്മുടെ സംസ്ഥാനത്തുണ്ട്. അവർക്കൊക്കെ ലക്ഷക്കണക്കിന് രൂപയുടെ പർച്ചേസ് ടാക്സ് വന്നുകൊണ്ടിരിക്കുകയാണ്. കാര്യങ്ങളൊക്കെ നല്ലതുപോലെ അറിയാവുന്നതും മന്ത്രിസഭയിൽ കുറച്ചൊക്കെ വിവരമുള്ളയാളും നിങ്ങൾ മാത്രമേയുള്ളൂവെന്ന് എനിക്കറിയാം. അങ്ങ് ഈ കാര്യങ്ങളൊക്കെ പ്രായോഗികമായി പഠിച്ച്..... അദ്ദേഹത്തിന് ശാസ്ത്രമറിയാം, പ്രായോഗിക ബുദ്ധിയറിയാം, സമീപനമറിയാം, നിലപാടുകളും ജനങ്ങളുടെ പൾസും അറിയാവുന്നതുകൊണ്ടാണല്ലോ ആലപ്പുഴയിൽ നിന്നും നല്ല ഭൂരിപക്ഷത്തിൽ ജയിച്ചുവരുന്നത്. അതുകൊണ്ട് സ്വർണ്ണത്തിന്റെ നികുതി പിൻവലിച്ച് പാവപ്പെട്ട ചെറുകിട സ്വർണ്ണക്കച്ചവടക്കാരെ സഹായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോഴത്തെ കാലത്ത് 5 ലക്ഷവും 10 ലക്ഷവുമൊക്കെ ചെറിയ തുകയാണ്. പഴയ കാലത്തെമാതിരിയല്ല. എന്താണ് നമ്മുടെ ഗവൺമെന്റിന്റെ സ്ഥിതി; ഇവിടെ ഏതെങ്കിലും ഒരു ഫയൽ നീങ്ങുന്നുണ്ടോ; സെക്രട്ടേറിയറ്റിൽ ഫയൽ ഉറക്കമാണ്. അല്ലെങ്കിൽ റഫർ മാനിയയാണ്. എല്ലാവരും റഫർ ചെയ്യുകയാണ്. ഈ അടുത്ത കാലത്ത്

പത്രത്തിൽ ഒരു റിപ്പോർട്ടുണ്ടായിരുന്നു. പ്രധാന വകുപ്പിൽ ഒരു പുതിയ വാഹനം വാങ്ങാനുള്ള ഫയൽ വകുപ്പ് മേധാവിയുടെ കയ്യിലെത്തി. അദ്ദേഹം അതിൽ ഒന്ന് ഒപ്പിട്ടാൽ മതി. വിജിലൻസ് കേസ് ഏറ്റുവാങ്ങി ഈ ജന്മം കളയേണ്ടെന്ന് കരുതി അദ്ദേഹം ആ ഫയലിൽ ഇങ്ങനെ എഴുതി, 'നിയമ വകുപ്പിന്റെയും ധന വകുപ്പിന്റെയും നിരാക്ഷേപപത്രം വാങ്ങുക'-യെന്ന്. ആ ഫയൽ ഇനി എപ്പോൾ തിരിച്ചുവരുമെന്ന് പടച്ചോനറിയാം. എന്തെങ്കിലും കാര്യം നടക്കുന്നുണ്ടോയെന്ന് നിങ്ങൾ ആലോചിച്ചുനോക്കൂ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. കെ. എം. മാണിയുമൊക്കെയുള്ള കാലത്ത് സർക്കാരിന്റെ സ്വപ്ന പദ്ധതികൾക്ക് സ്ഥലം ഏറ്റെടുത്തത് ഉടമകളുമായി വിലപേശിയാണ്. അതുകൊണ്ട് പല പദ്ധതികൾക്കും ചുരുങ്ങിയ സമയം കൊണ്ട് സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞു. ഇന്ന് കളക്ടർമാർ വില നിശ്ചയിക്കാൻ മടിക്കുകയാണ്. ലൈറ്റ് മെട്രോ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച മീറ്റിംഗ് കഴിഞ്ഞയാഴ്ച കൂടിയല്ലോ; ആരും ഉത്തരവാദിത്വം ഏറ്റെടുത്തില്ലല്ലോ; തീരുമാനമാകാതെ പിരിഞ്ഞല്ലോ; ഭരിക്കാൻ പഠിക്കണം. വെറുതെ സംസാരിക്കുകയും എല്ലാത്തിനും പുറകിലിരുന്ന് കൈകൊട്ടുകയും ചെയ്താൽ പോരാ. എന്താണ് മന്ത്രിസഭാ യോഗം. ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക്കിനോട് ചോദിക്കട്ടെ, അങ്ങ് ഇവിടെ ഓരോ വിഷയങ്ങൾ അവതരിപ്പിക്കുന്നുണ്ട്, വളരെ വ്യക്തമായി വിഷയങ്ങൾ അവതരിപ്പിച്ച് കാര്യങ്ങൾ പറയുന്നുണ്ട്. വിഷയം അവതരിപ്പിക്കുന്നതിന് 30 മിനിട്ടും 50 മിനിട്ടുമാണ് എടുക്കുന്നത്. നിങ്ങൾ വന്നതിനുശേഷം 25 മിനിട്ടിനപ്പുറം മന്ത്രിസഭായോഗം കൂടിയിട്ടുണ്ടോ; out of agenda ഉണ്ടാകില്ലെന്ന് നിങ്ങൾ പറഞ്ഞല്ലോ; നിങ്ങൾ എങ്ങനെയാണ് KAS നടപ്പിലാക്കിയത്; out of agenda അല്ലേ; നിങ്ങൾ പറഞ്ഞതിന് നേരെ വിപരീതമാണ് പ്രവർത്തിക്കുന്നത്. ഒരു കാര്യം ഞാൻ പറയാം, ഒരാൾ ഒരു ഭാഗത്തും 19 ആളുകൾ വട്ടപ്പൂജ്യമായി മറുഭാഗത്തും നിന്നാൽ കാര്യങ്ങൾ നടപ്പിലാവുകയില്ല. അത് ആദ്യം നിങ്ങൾ മനസ്സിലാക്കണം. ഞങ്ങളാണോ ഈ ഗവൺമെന്റിനെ വിമർശിക്കുന്നത്; വി. എസ്. സുനിൽ കുമാറിന്റെ പാർട്ടിയായ സി.പി.ഐ.-ക്കാരാണ് നിങ്ങളെ വിമർശിക്കുന്നത്. ഞങ്ങളല്ല പറഞ്ഞതെന്ന് നിങ്ങൾ ആലോചിക്കണം. ഇവിടെ ആരാണ് ബി.ജെ.പി.-ക്ക് സ്ഥാനം ഉണ്ടാക്കിക്കൊടുത്തത്; ഞങ്ങളാണോ? സി.പി.ഐ. ജനറൽ സെക്രട്ടറി ശ്രീ. സുധാകർ റെഡ്ഡി മനോരമ ന്യൂസിന് നൽകിയ അഭിമുഖത്തിൽ എന്താണ് പറഞ്ഞത്, 'ചില സി.പി.ഐ.(എം) നേതാക്കൾ സ്വീകരിക്കുന്ന നിലപാടുകളാണ് യഥാർത്ഥ പ്രശ്നം. വിമർശിക്കുന്നവരെ വില്ലന്മാരായി കാണുന്ന സി.പി.ഐ.(എം) നേതാക്കളുടെ രീതി അവസാനിപ്പിക്കണം. തെറ്റ് കണ്ടാൽ ഇനിയും വിമർശിക്കും'.

ഇത് ഞങ്ങളല്ല, ശ്രീ. സുധാകർ റെഡ്ഡിയാണ് പറഞ്ഞത്. 'ശരിയുടെ പക്ഷത്താണ് സി.പി.ഐ. തെറ്റ് പരസ്യമായി ചൂണ്ടിക്കാണിക്കും, രഹസ്യമായി കത്ത് നൽകുന്നത് സി.പി.ഐ.-യുടെ നയമല്ല, പ്രശ്നങ്ങൾ പൊതുസമൂഹം അറിയണം.' ഇതെല്ലാം ഞാനല്ല ശ്രീ. സുധാകർ റെഡ്ഡിയാണ് പറഞ്ഞതെന്ന് മനസ്സിലാക്കണം. ജനാധിപത്യ സമൂഹത്തിന് അപമാനകരമായ നടപടിയാണ് നിലമ്പൂർ കാട്ടിൽ നടന്ന മാവോയിസ്റ്റ് വേട്ട. സർക്കാർ അറിഞ്ഞുള്ള നടപടിയാണെങ്കിൽ തെറ്റ് പറ്റിയെന്ന് സമ്മതിക്കണം. അല്ലെങ്കിൽ പോലീസുകാർക്കെതിരെ നടപടി യെടുക്കണം. ശ്രീ. പിണറായിയുടെ ഭരണ ശൈലിയെക്കുറിച്ച് സി.പി.ഐ.(എം)-ന്റെ നേതാക്കന്മാർക്കുപോലും വിമർശനമുണ്ടെന്നും കൂടിയാലോചനകളിലൂടെ തീരുമാന മെടുക്കാത്തതാണ് ഈ പരസ്യവിമർശനത്തിന് തങ്ങളുടെ നേതാക്കളെ പ്രേരിപ്പിക്കുന്നതെന്നുമാണ് സി.പി.ഐ.യുടെ ദേശീയ നേതൃത്വം സൂചിപ്പിക്കുന്നത്. ബംഗാളിൽ നന്ദിഗ്രാം, സിംഗൂർ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് മുമ്പ് തങ്ങളുടെ പാർട്ടി വേണ്ടത്ര മുന്നറിയിപ്പ് നൽകിയെങ്കിലും അവഹേളിക്കുകയാണ് സി.പി.ഐ.(എം) ചെയ്തത്. താൻ ചെയ്യുന്നതെല്ലാം ശരിയെന്ന ഭാവമായിരുന്നു അന്നത്തെ മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യയ്ക്ക്. അതുകൊണ്ടുതന്നെയാണ് പഴത്തിന്റെ തോട്ടം പെറുക്കിക്കൊണ്ട് ബംഗാളിലിങ്ങനെ നടക്കുന്നത്. സുതാര്യതയാണല്ലോ ഈ ഗവൺമെന്റിന്റെ മുഖമുദ്ര. ഞാൻ ചോദിക്കട്ടെ, നയപ്രഖ്യാപനത്തിൽ ഇങ്ങനെ അടിവരയിട്ട് പറയുകയാണ്, സുതാര്യതയെന്ന വാക്കിന് പുതിയ നിർവ്വചനംകൂടി അടിക്കുറിപ്പായി ചേർക്കേണ്ടിയിരിക്കുന്നു. നൂറ്റാണ്ടിന്റെ നിയമമെന്ന് വിശേഷിപ്പിക്കപ്പെട്ട വിവരാവകാശ നിയമത്തിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചവരാണ്. നാണമുണ്ടോ നിങ്ങൾക്ക്? ആ നിങ്ങളാണോ ഈ പറയുന്നത്. അതുപോലെതന്നെ ഒരു ഡയറി... ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ്, നിങ്ങൾക്ക് എത്ര രൂപ ചെലവ് വന്നു. അവനവന്റെ പേര് ചെറുതായാലും മന്ത്രിമാരുണ്ടെന്ന് അറിയില്ലേ? ആ ഡയറിയിൽ ശ്രീ. ഇ. ചന്ദ്രശേഖന്റെ പേര് രണ്ടാമത് വരാത്തതുകൊണ്ട് ആ ഡയറി നിങ്ങൾ മാറ്റിവച്ചില്ലേ? നാൽപ്പതു ലക്ഷം രൂപ ഗവൺമെന്റിന് നഷ്ടമുണ്ടാക്കിയില്ലേ നിങ്ങൾ? നിങ്ങളെന്തൊരു കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. ആ ഡയറിയിൽ അദ്ദേഹത്തിന്റെ പേരുണ്ടായാൽ പോരേ; അതുമാത്രമാണോ, നയപ്രഖ്യാപനത്തിലെ 224-ാം ഖണ്ഡികയിലാണ് ക്രമസമാധനം. പക്ഷേ ആദ്യം ക്രമസമാധാനമാണ് വേണ്ടത്. 'Law and Order' - ഇംഗ്ലീഷിൽ 'L' വരുമ്പോൾ അവസാനമാകുമല്ലോ. അപ്പോൾ ലോ ആന്റ് ഓർഡർ എന്തുചെയ്തു? ഡയറി അടിച്ചപ്പോൾ ഉണ്ടായ പിശക് തിരുത്താൻ അത് അവസാനമാക്കുകയും ചെയ്തു. പിന്നെ നിങ്ങൾ മാധ്യമ സിൻഡിക്കേറ്റിനെപ്പറ്റി പറഞ്ഞു. അതിനെപ്പറ്റി കേരളത്തിൽ പ്രചരിപ്പിച്ചത് നിങ്ങളല്ലേ? കോർപ്പറേറ്റ്

സ്ഥാപനമായ 'ഇന്ത്യ റ്റുഡേ' ഒരു സർവ്വേ നടത്തി, ക്രമസമാധാനം ശരിയാണെന്ന് പറഞ്ഞത് ഏറ്റെടുക്കാൻ നിങ്ങൾക്ക് നാണമുണ്ടോ? ഇതൊക്കെ നിങ്ങൾ ആരോടാണ് പറയുന്നത്? അഞ്ച് സംസ്ഥാനങ്ങളിലെ കോൺഗ്രസ്സിനെപ്പറ്റി നിങ്ങൾ ഇവിടെ പറഞ്ഞു . ഇവിടെ അഞ്ച് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടന്നു. കോൺഗ്രസ് പാർട്ടി 1991 മുതലേ ഉത്തർപ്രദേശിൽ ഇല്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വന്നശേഷം ഈ വോട്ടുകളിൽ ഭിന്നതയുണ്ടായപ്പോൾ, ബാബറി മസ്ജിദ് ദുരന്തമുണ്ടായപ്പോൾ എസ്.പി, ബി.എസ്.പി., ബി.ജെ.പി. തുടങ്ങിയ പാർട്ടികൾ അധികാരത്തിൽ വന്നു. ബാക്കിയുള്ള നാല് സ്റ്റേറ്റുണ്ട്. പഞ്ചാബിൽ കോൺഗ്രസ് അധികാരത്തിൽ വന്നില്ലേ? ഗോവയിൽ പ്രധാന പ്രതിപക്ഷമായി വന്നില്ലേ? നിങ്ങളുടെ മാത്യു. ടി. തോമസ് എവിടെ? ഗോവയിൽ എൻ.സി.പി. ബി.ജെ.പി.ക്കാണ് പിന്തുണ കൊടുത്തത്. എന്ത് മാർക്സിസമാണ് നിങ്ങൾക്ക്. നാണമുണ്ടോ നിങ്ങൾക്ക്. .....

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. പി. കെ. ബഷീർ ഇവിടെ ഗോവയിലെ രാഷ്ട്രീയം പറഞ്ഞപ്പോൾ എൻ.സി.പി. പിന്തുണ കൊടുത്തുവെന്ന് പറയുന്നത് ശരിയല്ല. അങ്ങനെ പിന്തുണ കൊടുക്കുന്ന പ്രശ്നമുണ്ടാകില്ല. അങ്ങനെ പിന്തുണ കൊടുത്താൽ അയാൾ പാർട്ടിയിലുണ്ടാകില്ല.

ശ്രീ. പി. കെ. ബഷീർ: സർ, മണിപ്പൂരിലെ കാര്യമെടുക്കാം. മണിപ്പൂരിൽ കോൺഗ്രസ് ഒന്നാം കക്ഷിയാണ്. 5 സംസ്ഥാനങ്ങളിൽ 80 സീറ്റിൽ സി.പി.ഐ-യും 34 സീറ്റിൽ സി.പി.ഐ.(എം)-ഉം മത്സരിച്ചു. ആറ് സീറ്റിൽ ഞങ്ങളും മത്സരിച്ചു. നമുക്കെല്ലാം കൂടി 300 വോട്ടാണ് കിട്ടിയത്. പിന്നെന്താണ് നിങ്ങൾ പറയുന്നത്; നിങ്ങളെവിടെയാണുള്ളത്; നിങ്ങളെല്ലാംകൂടി എന്താണ് പറയുന്നത്.; നിങ്ങളെല്ലാപേരുംകൂടി കോൺഗ്രസ്സിനോടു കൂടണം. ഞാൻ ചോദിക്കട്ടെ നിങ്ങൾ കോൺഗ്രസ്സിനോട് കൂടിയിട്ടില്ലേ? മമതാ ബാനർജിയെ തോൽപ്പിക്കാൻ വേണ്ടി ശ്രീമതി സോണിയാഗാന്ധിയുടെ അടുക്കലേയ്ക്ക് നിങ്ങൾ ചെന്നില്ലേ. അവിടെ നിങ്ങൾ ബി.ജെ.പി.യെ തോൽപ്പിക്കാനല്ല, മമതയെ തോൽപ്പിക്കാനാണ് കോൺഗ്രസ്സിനോട് ചേർന്നത്. നിങ്ങളെവിടെയാണ് ബി.ജെ.പി.യെ എതിർക്കുന്നത്? നിങ്ങൾക്കങ്ങനെ ബി.ജെ.പി.യെ എതിർക്കണമെന്നുണ്ടെങ്കിൽ, ഏതായാലും കോൺഗ്രസ്സും നിങ്ങളും ബംഗാളിൽ അഡ്ജസ്റ്റു ചെയ്തു. മലപ്പുറം ലോകസഭാ തെരഞ്ഞെടുപ്പിൽ ഞങ്ങളവിടെ സ്ഥാനാർത്ഥിയെ നിർത്തുന്നുണ്ട്. ഏതായാലും ഞങ്ങളവിടെ ജയിക്കും. നിങ്ങൾ ഞങ്ങളെ പിന്തുണയ്ക്കു. ഞാൻ കാണട്ടെ നിങ്ങളുടെ ന്യൂനപക്ഷ പ്രേമവും മതേതര പ്രേമവുമൊക്കെ. പിന്നെ ഒരു കാര്യം, അഞ്ച് കൊല്ലം കഴിഞ്ഞാൽ ഇന്ത്യാ രാജ്യത്ത് മാർക്സിസ്റ്റ് പാർട്ടിയും കോൺഗ്രസ്സും സഖ്യം ചെയ്യും. അപ്പോൾ ഞങ്ങളെ തട്ടരുതെന്നേ എനിക്ക്

പറയാനുള്ളൂ. ലോ അക്കാദമി സമരം നടന്ന സന്ദർഭത്തിൽ സി.പി.ഐ.(എം.)-നെതിരെ വീണ്ടും ആഞ്ഞടിച്ച് കാനം രാജേന്ദ്രൻ രംഗത്തുവന്നു. 'സി.പി.ഐ. ആണോ സി.പി.ഐ.(എം). ആണോ പ്രായോഗിക രാഷ്ട്രീയത്തിൽ ശരിയുടെ ഭാഗത്തെന്ന് ജനം തീരുമാനിക്കട്ടെ' എന്ന് സി.പി.ഐ. സംസ്ഥാന സെക്രട്ടറി ശ്രീ. കാനം രാജേന്ദ്രൻ. ഇടതു ഭരണകൂടം ലോ അക്കാദമിയിലെ വിദ്യാർത്ഥി സമരത്തോട് കാണിച്ചത് നിസംഗതയാണ്. ജനകീയ സമരങ്ങൾക്കുമുമ്പിൽ മുഖം തിരിച്ചാൽ പാർട്ടി ജനങ്ങളിൽനിന്നും അകന്നുപോകും. നന്ദിഗ്രാം സമരത്തിൽനിന്നും സി.പി.ഐ.(എം)-നെയും സി.പി.ഐ.-യെയും പിളർത്തിയാണ് തൃണമൂൽ കോൺഗ്രസ് വന്നത്.....

മി. സ്പീക്കർ: മിസ്റ്റർ ബഷീർ പ്ലീസ് കൺക്ലൂഡ്...പ്ലീസ്..

ശ്രീ. പി. കെ. ബഷീർ : വലിയ തെറ്റാണ് പറ്റിയതെന്ന് മനസ്സിലാക്കി. ഇത് നൽകുന്ന പാഠമെന്താണെന്ന് ശ്രീ. കാനം രാജേന്ദ്രൻ ചോദിച്ചു.... കണ്ടാലും കൊണ്ടാലും പഠിക്കില്ലെന്ന് വാശിയുള്ളവരെ രക്ഷിക്കാനാകില്ല. ഞങ്ങൾ അനുഭവങ്ങളിൽനിന്നും പാഠം പഠിച്ചുവന്നവരാണ്.

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ പ്ലീസ് കൺക്ലൂഡ്....ആരും അധികം സമയമെടുത്തിട്ടില്ല. പ്ലീസ്...

ശ്രീ. പി. കെ. ബഷീർ : അവർ പറയുന്നതാണ് ശരിയെന്ന വാദം കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് യോജിച്ചതല്ല. ബി.ജെ.പി.യുടെ നേതാവ് ശ്രീ. വി. മുരളീധരൻ അവിടെ സത്യാഗ്രഹം കിടന്നത് ആരുടെ കുറ്റമാണെന്ന് പരിശോധിക്കുമോയെന്ന് കാനം ചോദിച്ചു. ജനകീയ പ്രശ്നങ്ങളിൽ വേർതിരിവിന്റെ ആവശ്യമില്ല. എ.ഐ.എസ്.എഫ്.-ഉം സി.പി.ഐ.(എം.).-ഉം, അവിടെ ആ പരിപാടിയിൽ ശ്രീ. സി. ദിവാകരൻ, എന്റെ പ്രീയപ്പെട്ട സുഹൃത്ത് ശ്രീ. കെ. രാജൻ, ജില്ലാ സെക്രട്ടറി അനിൽ ഇവരെല്ലാം പങ്കെടുത്തു. നിങ്ങൾ ആദ്യം ഒരു കാര്യം ചെയ്യണം. ആദ്യം നിങ്ങൾ നന്നാകണം.

മി. സ്പീക്കർ: ശ്രീ. പി. കെ. ബഷീർ പ്ലീസ് കൺക്ലൂഡ്....പ്ലീസ് അവസാനിപ്പിക്കു ഇപ്പോൾ മൂന്ന് മിനിറ്റിലധികമായി. ഇനി മൈക്ക് ഓഫാക്കേണ്ടിവരും.

ശ്രീ. പി. കെ. ബഷീർ: സർ, രാഷ്ട്രീയത്തിൽ ഞങ്ങൾ ആരേയും വാടകയ്ക്കെടുത്തിട്ടില്ല. കഴിഞ്ഞ അസംബ്ലി ഇലക്ഷനിൽ 24 സീറ്റിൽ ഞങ്ങൾ കോവണി ചിഹ്നത്തിലാണ് മത്സരിച്ചത്. കള്ളപ്പണക്കാരേയും പൈസക്കാരേയും വാടകയ്ക്കെടുത്തത് നിങ്ങളാണ്.

മി. സ്പീക്കർ : ശ്രീ. പി. കെ. ബഷീർ പ്ലീസ് കൺക്ലൂഡ്....പ്ലീസ് .. അല്ലെങ്കിൽ മൈക്ക് ഓഫാക്കേണ്ടിവരും.

ശ്രീ. പി. കെ. ബഷീർ : സർ, ഇവിടുന്ന് ആരെങ്കിലും വിട്ടുപോയാൽ അവരെ ദത്തെടുക്കുന്ന പണി ഇടതുപക്ഷത്തിനല്ലാതെ ഞങ്ങൾക്കറിയില്ല. അതുകൊണ്ട് ഒരു കാര്യം പറയാനുള്ളത് പൈസ, കള്ളപ്പണം...

മി. സ്പീക്കർ : ശ്രീ. പി. കെ. ബഷീർ പ്ലീസ് കൺക്ലൂഡ്, നാല് മിനിട്ടായി, ഒരാൾ മാത്രം അങ്ങനെ ചെയ്യുന്നത് ശരിയല്ല. ഇത് ശരിയായ രീതിയല്ല പ്ലീസ്...

ശ്രീ. പി. കെ. ബഷീർ : സർ, ഒരു കാര്യം പറയാം. പിണറായിയുടെ പോലീസ് ഞങ്ങളെ അടിച്ചമർത്താൻ നോക്കേണ്ട. ഞങ്ങളൊക്കെ ബ്രിട്ടീഷുകാരോട് പോരാടിയ പിതാക്കന്മാരുടെ പിൻതലമുറക്കാരാണ്. അങ്ങനെ പോലീസിനെ കാട്ടി ശ്രീ. പിണറായി വിജയൻ മുസ്ലീം ലീഗിനെ പേടിപ്പിക്കാൻ നോക്കേണ്ടെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് : സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുകയാണ്. കഴിഞ്ഞ വർഷം പുതുക്കിയ ബജറ്റ് അവതരിപ്പിക്കുന്ന വേളയിൽ ബഹുമാന്യനായ ധനകാര്യമന്ത്രി പറഞ്ഞത് ഇതൊരു നൂൽ-പാലത്തിലൂടെയുള്ള യാത്രയുടെ തുടക്കമാണെന്നാണ്. ആ യാത്ര തുടങ്ങുമ്പോഴാണ് കാറ്റും കോളും കൊടുങ്കാറ്റും ഇന്ത്യൻ സാമ്പത്തിക മേഖലയിൽ വന്നുനിറഞ്ഞത്. ഡീമോണിറ്റൈസേഷൻ സൃഷ്ടിച്ച പ്രതിസന്ധി നമ്മുടെ നാട്ടിലെ സാമ്പത്തിക ചാക്രിയ പ്രവർത്തനങ്ങളെയാകെ സ്തംഭിപ്പിച്ചുകൊണ്ട്, ഒരു സാമ്പത്തിക മുരടിപ്പിലേയ്ക്ക് നമ്മുടെ രാജ്യവും സംസ്ഥാനവും മാറുമോയെന്ന സന്ദേഹം ഉയർന്ന പശ്ചാത്തലത്തിലാണ് ഈ വർഷത്തെ ബജറ്റ് അവതരിപ്പിച്ചത്. ഞങ്ങളെല്ലാം എല്ലാകാലത്തും ഒരു ബജറ്റ് അവതരിപ്പിക്കപ്പെട്ടാൽ പിറ്റേന്ന് അല്ലെങ്കിൽ അടുത്ത ദിവസങ്ങളിൽ പത്രങ്ങളിൽ പരതുന്നത് പ്രതിപക്ഷത്തിന്റെ പ്രതിഷേധത്തെയാണ്. എന്റെ മണ്ഡലത്തെ രാഷ്ട്രീയ കാരണങ്ങളാൽ അവഗണിച്ചു, ആ അവഗണനയ്ക്കെതിരെ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് പ്രതിപക്ഷ എം.എൽ.എ.-മാരുടെ പ്രതികരണങ്ങൾ പത്രങ്ങളിൽ വരാറുണ്ട്. ഈ വർഷത്തെ ബജറ്റ് അവതരിപ്പിക്കപ്പെട്ടതിനുശേഷം ഏതെങ്കിലും ഒരു പ്രതിപക്ഷ എം.എൽ.എ.യുടെ പ്രതിഷേധം പത്രത്തിൽ വന്നതായി ചൂണ്ടിക്കാണിക്കുവാൻ കഴിയുമോ? ഇവിടെ ആവശ്യകതകളോട് നീതി പുലർത്തിക്കൊണ്ട് കക്ഷി രാഷ്ട്രീയത്തിന്റെ കുഴൽക്കണ്ണാടിയിലൂടെ അല്ലാതെ വികസന പ്രവർത്തനങ്ങളെ സമീപിക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റിന്റെ മനസ്സാണ് ബജറ്റിലൂടെ

പ്രതിഫലിക്കുന്നത്. എം.ടി.യുടെ കഥാപാത്രങ്ങളിലൂടെയും കഥാ സന്ദർഭങ്ങളിലൂടെയും കടന്നുപോകുമ്പോൾ ഈ ബജറ്റിലൂടെ യഥാർത്ഥത്തിൽ തെളിയുന്നത് സാമൂഹിക യാഥാർത്ഥ്യങ്ങൾ തന്നെയാണ്. മറ്റൊരു ഗവൺമെന്റും ഇന്ത്യയിൽ ഇതിനുമുമ്പ് അഭിമുഖീകരിച്ചിട്ടില്ലാത്ത സാഹചര്യങ്ങളിലൂടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കടന്നുപോകുന്നത്. സർവ്വകക്ഷി പ്രതിനിധി സംഘത്തെപ്പോലും കാണാൻ മനസ്സില്ലെന്ന ധാർഷ്ട്യം ഭരണാധികാരികളുടെ സംസ്കാരമായി മാറിയിരിക്കുന്നു. ഫെഡറൽ സ്വഭാവത്തെത്തന്നെ തകർക്കുന്ന ഭരണാധികാരികൾ. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി വിവിധ പാർട്ടികൾ ചേർന്ന ഒരു മുന്നണിയാണ്. വ്യത്യസ്ത പാർട്ടികളുടെ വ്യത്യസ്ത നിലപാടുകൾ നിലനിർത്തിക്കൊണ്ടുതന്നെ പൊതുവായ രാഷ്ട്രീയ ഉദ്ദേശത്തിനുവേണ്ടി ഒന്നായി നിന്നുകൊണ്ട് കേരളത്തെ മുന്നോട്ട് നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇരട്ട രാഷ്ട്രീയ ദൗത്യമാണ് നിർവ്വഹിക്കുന്നത്. ഒന്ന്, രാഷ്ട്രീയ ഉത്തരവാദിത്വം; രണ്ട്, ഭരണപരമായ ഉത്തരവാദിത്വം. ഫാസിസം രാഷ്ട്രീയ വ്യവഹാര ഭാഷയിൽ വെറുതെ ഉച്ചരിക്കേണ്ട ഒരു വാക്കല്ല. ഫാസിസമെന്നത് മനോവൈകൃതത്തോളം എത്തുന്ന ഒരു സാർവ്വദേശീയ പ്രതിഭാസമാണ്. കുറച്ച് കാലത്തേയ്ക്കെങ്കിലും വിവിധ രാജ്യങ്ങളിൽ പിടിമുറുക്കാൻ കഴിഞ്ഞ ഒന്നാണ് മനോവൈകൃതത്തിന്റെ രൂപവും ഭാവവുമുള്ള ഫാസിസം. ആ ഫാസിസത്തെ പ്രതിരോധിക്കാൻ ആർക്കാണ് കഴിയുക? ഫാസിസത്തിനെതിരായ പ്രായോഗിക പ്രതിരോധത്തിന്റെ മാതൃക എന്നു പറയുന്നത് സാർവ്വ ദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് മാത്രമുള്ളതാണ്. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ ഉറച്ചു നിന്നാൽ മാത്രമേ ഫാസിസത്തെ പ്രതിരോധിക്കാനാകൂ. ഇന്ത്യൻ ദേശീയതയുടെയും ആത്മീയതയുടെയും പ്രച്ഛന്നവേഷം ധരിച്ച് ആധിപത്യം ഉറപ്പിക്കാൻ ശ്രമിക്കുന്ന ശക്തികൾ യഥാർത്ഥത്തിൽ മുസ്സോളിനിയുടെയും ഹിറ്റ്ലറുടെയും കരിങ്കുപ്പായക്കാരുടെയും തവിട്ടു കുപ്പായ സേനക്കാരുടെയും നീതിശാസ്ത്രമാണ് പിന്തുടരുന്നതെന്ന് മനസ്സിലാക്കേണ്ട ഗാന്ധി ശിഷ്യർ അത് മനസ്സിലാക്കുന്നില്ല എന്നതാണ് ഈ രാജ്യത്തിന്റെ ദുരന്തം. ഈ കേവല യാഥാർത്ഥ്യം തിരിച്ചറിഞ്ഞാൽ മാത്രമേ ഫാസിസ്റ്റ് വിരുദ്ധ പോരാട്ടത്തിന് നേതൃത്വം നൽകാൻ കഴിയുകയുള്ളൂ.

ഇന്ത്യയിലെതന്നെ ആദ്യത്തെ ഫാസിസ്റ്റ് ആക്രമണ പരമ്പരയുടെ ടെസ്റ്റ് ഡോസ് അഥവാ പരീക്ഷണശാലയായിരുന്നല്ലോ തലശ്ശേരി കലാപം. തലശ്ശേരി കലാപത്തെ സംബന്ധിച്ച് അന്വേഷിച്ച കമ്മീഷൻ പറഞ്ഞതും തലശ്ശേരിയിൽ തലമുറകളോളം അനുഭവിച്ചുവരുന്നതുമായ ഒരു യാഥാർത്ഥ്യമുണ്ട്. ഒരു വെള്ള അംബാസിഡർ കാറിൽ ചുവന്ന കൊടി കെട്ടി അന്നവിടെ ചെന്നിറങ്ങിയ കമ്മ്യൂണിസ്റ്റ് നേതാക്കളാണ് ഇന്നത്തെ തലശ്ശേരി സൃഷ്ടിച്ചതെന്നത് ചരിത്രത്തിന്റെ

ചുവരുകളിൽ തെളിയുന്ന യാഥാർത്ഥ്യമല്ലേ; അത് നിഷേധിക്കാൻ കഴിയുമോ? അന്നുമുതൽ ഇന്നത്തെ കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ ഉൾപ്പെടെയുള്ള കമ്മ്യൂണിസ്റ്റ് നേതാക്കളെ വേട്ടയാടാൻ സംഘപരിവാറും ആർ.എസ്.എസ്.-ഉം ശ്രമിച്ചിട്ടുണ്ട് എന്നതും ചരിത്രത്തിൽ കാണാൻ കഴിയും.

ഇവിടെ കോൺഗ്രസ് ഫാസിസത്തെക്കുറിച്ച് വിലപിക്കുന്നു. അവർക്ക് ഫാസിസമെന്നത് സെമിനാറുകളിലും സഭയിലും ഉച്ചഭാഷിണിയിലും പ്രസംഗിക്കാനുള്ള കേവലമായ വാക്കുകളാണ്. അതിനപ്പുറം ചരിത്രം പഠിപ്പിക്കുന്നത് എന്താണ്; വിമോചന സമരകാലം മുതൽ ആർ.എസ്.എസ്.-നെ കമ്മ്യൂണിസ്റ്റ് വിരുദ്ധതയുടെ കൊടിക്കീഴിൽ അണിനിരത്താൻ കോൺഗ്രസ് തയ്യാറായിട്ടുണ്ട്. വിമോചന സമരകാലത്ത് ശ്രീ. അടൽ ബിഹാരി വാജ്പേയി എന്ന ജനസംഘത്തിന്റെ നേതാവ് വിമോചന സമര വേദികളിലെ നിത്യസാന്നിദ്ധ്യമായിരുന്നു എന്നത് നമുക്ക് മറക്കാൻ കഴിയില്ല. വിമോചന സമരകാലത്ത് ഉയർന്ന "തമ്പ്രാനെന്ന് വിളിപ്പിക്കും, പാളയിൽ കഞ്ഞി കുടിപ്പിക്കും" തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉടലെടുത്തത് സംഘ്പരിവാറിന്റെ ബുദ്ധിയിൽ നിന്നാണെന്ന് മനസ്സിലാക്കാൻ നമുക്ക് പ്രയാസമില്ല. 'മക്രോണി' കഥാപ്രസംഗത്തിലൂടെയും വെളിവാക്കപ്പെട്ടത് അതുതന്നെയാണ്. ഇന്ന് കേരളത്തിന്റെ പ്രഗത്ഭനായ ഒരു അഭിഭാഷകൻ അന്തരിച്ച വാർത്തയാണ് നമ്മൾ പത്രത്തിൽ കണ്ടത്, എം. രത്നസിംഗ്. എന്റെ കയ്യിലുള്ളത് 'കെ.ജി. മാരാർ: രാഷ്ട്രീയത്തിലെ സ്നേഹസാഗരം' എന്ന പുസ്തകമാണ്. അതിൽ 'പാഴായ പരീക്ഷണം' എന്ന അദ്ധ്യായത്തിൽ കോൺഗ്രസ് ഇവിടത്തെ ആർ.എസ്.എസ്.മായി നടത്തിയിട്ടുള്ള രാഷ്ട്രീയ ബാന്ധവത്തിന്റെ പച്ചയായ വിവരണമുണ്ട്. ഇത് ചരിത്ര വിദ്യാർത്ഥികൾ എല്ലാക്കാലവും പഠിക്കുന്നതാണ്. അന്ന് കോലീബി എന്ന് പേരിട്ട് വിളിച്ച ആ സഖ്യത്തിന്റെ സൂത്രധാരന്മാർ ഫാസിസത്തെക്കുറിച്ച്, ഫാസിസത്തിന് എതിരായ രാഷ്ട്രീയത്തെക്കുറിച്ച് ശബ്ദിക്കുന്നത് കാണുമ്പോൾ പരിഹാസമാണ് തോന്നുന്നത്. ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. നേമം നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് നഷ്ടമായ വോട്ടിന്റെ കണക്കുകളെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. ഞാനത് ആവർത്തിക്കുന്നില്ല. കാട്ടാക്കട നിയോജകമണ്ഡലത്തിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ തദ്ദേശഭരണ തെരഞ്ഞെടുപ്പിന് മുൻപ് പ്രസിഡന്റ്-കോൺഗ്രസ്, വൈസ് പ്രസിഡന്റ്-ബി.ജെ.പി. തെരഞ്ഞെടുപ്പ് കഴിഞ്ഞു. ബി.ജെ.പി.യുടെ പ്രസിഡന്റും വൈസ് പ്രസിഡന്റും. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങളും പങ്കുവയ്ക്കുന്നത് കോൺഗ്രസ്സാണ്. ബി.ജെ.പി.യും കോൺഗ്രസ്സും ചേർന്ന് അവിടെ നടത്തിയ പ്രവർത്തനം നമുക്ക് മനസ്സിലാക്കാൻ കഴിയും. അതുമാത്രമല്ല, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കളെ വകവരുത്തുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റ്

വിരുദ്ധതയുടെ അടിസ്ഥാനത്തിൽ കോൺഗ്രസ്സും ആർ.എസ്.എസ്.-ഉം ചേർന്ന് നടത്തിയിട്ടുള്ള ഗൂഢാലോചനകളുടെ എത്രയെങ്കിലും ഉദാഹരണം ഇവിടെയില്ലേ; ഈ സഭയിൽത്തന്നെയില്ലേ; വിക്രംചാലിൽ ശശിക്കും പേട്ട ദിനേശനുമൊക്കെ ആയുധം കൊടുത്തയച്ചതാരാണ്; പണം കൊടുത്തയച്ചത് ആരാണ്; അതൊക്കെ കേരള ചരിത്രത്തിന്റെ ചുവരിൽ തെളിയുന്ന ചിത്രമല്ലേ?

ആക്രമണത്തെ സംബന്ധിച്ച് കോൺഗ്രസ്സുകാർ എപ്പോഴും ആർ.എസ്.എസ്.-ഉം സി.പി.ഐ.(എം.)-ഉം ഒരുപോലെയാണെന്നും അക്രമകാരികളാണെന്നും വിശേഷിപ്പിക്കാറുണ്ട്. ആർ.എസ്.എസ്.-നെയും സി.പി.ഐ.(എം)-നെയും അക്രമത്തിന്റെ പേരിൽ സാമാന്യവൽക്കരിക്കാൻ ശ്രമിക്കുന്നവർ യഥാർത്ഥത്തിൽ ആർ.എസ്.എസ്.-നെ വെള്ളപൂശാനും പ്രോത്സാഹിപ്പിക്കാനും കമ്മ്യൂണിസ്റ്റ് വിരുദ്ധ ആക്രമണങ്ങളെ പ്രോത്സാഹിപ്പിക്കാനുമാണ് ശ്രമിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. പക്ഷേ അക്രമത്തിന്റെ പാപക്കറയും ഖദർ കുപ്പായങ്ങളിൽ ചിതറി വീണ ചോരത്തുള്ളികളും എത്ര കഴുകിക്കളഞ്ഞാലാണ് മാഞ്ഞുപോകുന്നത്? കേരളത്തിൽ കോൺഗ്രസ്സിന്റെ ചരിത്രമെഴുതിയ മഹാനായ ഒരു മനുഷ്യനുണ്ടായിരുന്നു, ഒയ്യാരത്ത് ശങ്കരൻ. അദ്ദേഹത്തെ തല്ലിക്കൊന്നതിന്റെ പാപഭാരത്തിൽനിന്ന് കോൺഗ്രസ്സിന്റെ തലമുറകൾക്ക് രക്ഷപ്പെടാൻ കഴിയുമോ എന്ന ചോദ്യം ഞങ്ങൾ ഉന്നയിക്കുകയാണ്. കേരള ചരിത്രത്തിൽ ആദ്യമായി ഒരു എം.എൽ.എ. വെടിയേറ്റു മരിച്ചു. സഖാവ് കുഞ്ഞാലിയെ വെടിവച്ചു കൊന്ന അക്രമികൾ ആരായിരുന്നു? അവർ ഖദറിട്ട കോൺഗ്രസ്സുകാരായിരുന്നു എന്നത് നമുക്കൊക്കെ അറിയാവുന്ന കാര്യമല്ലേ.

ഇന്നിപ്പോൾ ഈ സഭയിലെ നിരവധി അംഗങ്ങൾ, ഞങ്ങളുൾപ്പെടെ ഏകദേശം മിക്കവാറും ജനപ്രതിനിധികൾ കോൺഗ്രസ് ആക്രമണങ്ങൾക്ക് വിധേയരായവരല്ലേ; ഇവിടെ ബജറ്റ് അവതരിപ്പിച്ച ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, കണ്ണാടിയെടുക്കാൻ മറന്നുപോയതുകൊണ്ടുമാത്രം കോൺഗ്രസ് ആക്രമണത്തിൽനിന്ന് ജീവൻ വീണ്ടെടുക്കപ്പെട്ട ഒരു വ്യക്തിത്വമാണെന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പകരം, ഒന്നും അറിഞ്ഞുകൂടാത്ത ലക്ഷദ്വീപ് നിവാസിയായ ഒരു മുത്തുക്കോയയ്ക്ക് ജീവിതം നഷ്ടപ്പെടേണ്ടി വന്നു എന്നതും ചരിത്രമാണ്. സഖാവ് ഇ. പി. ജയരാജൻ ഇവിടെയുണ്ടല്ലോ. സഖാവ് രാത്രി ഉറക്കം വരാൻവേണ്ടി അനുഭവിക്കുന്ന യാതനകൾ ഇവിടെ എത്രയോ തവണ വിശദീകരിക്കപ്പെട്ടതാണ്. ഇവിടെ കെ.പി.സി.സി.യുടെ പ്രസിഡന്റ് സ്ഥാനം കാംക്ഷിക്കുന്ന ഒരാൾ തന്റെ രാഷ്ട്രീയ ജീവിതത്തിലെ ഒരു യോഗ്യതയായി പറയുന്നത്, പണ്ടെങ്ങോ സഖാവ് പിണറായിക്ക് ഒരു തൊഴി വച്ചുകൊടുത്തു, അതിൽ അഭിമാനം കൊള്ളുന്നു.

അങ്ങനെയുള്ള ഒരാളാണ് കെ.പി.സി.സി. വൈസ് പ്രസിഡന്റ്. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധതയുടെ കുടയുയർത്തിപ്പിടിച്ചുകൊണ്ട് വലതുപക്ഷ രാഷ്ട്രീയം ഒരുമിക്കുന്ന കാഴ്ച നമുക്ക് കാണാൻ കഴിയും. ഫാസിസ്റ്റ് ഭരണകൂടങ്ങൾക്ക് ഇന്ത്യൻ ഭരണകൂടത്തിന്റെ സാധ്യതകൾ ഉപയോഗിച്ച് എതിരാളികളെയും നിയമവ്യവസ്ഥയെയും എങ്ങനെ മരവിപ്പിച്ചു നിർത്താം എന്ന് മാതൃക കാണിച്ചു കൊടുത്തത് കോൺഗ്രസ്സല്ലേ? 1975 ജൂൺ മാസം 25-ാം തീയതി ഇന്ത്യയിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടതിലൂടെ ഈ രാജ്യത്ത് ജനാധിപത്യം എങ്ങനെയാണ് മരവിപ്പിച്ച് നിർത്തിയത് എന്നതിന്റെ ഉദാഹരണം നമുക്കുണ്ടല്ലോ. എന്റെ കയ്യിലുള്ളത് 1977 മാർച്ച് 30-ാം തീയതി അന്നത്തെ കൂത്തുപറമ്പ് എം.എൽ.എ. ഈ സഭയിൽ നടത്തിയ പ്രസംഗമാണ്. അന്ന് ചെയറിൽ ഇരുന്നത് യശശ്ശരീരനായ ആർ.എസ്. ഉണ്ണിയാണ്. അദ്ദേഹം ആ പ്രസംഗം കേട്ടതിനുശേഷം ചേമ്പറിൽ ചെന്ന് അന്നത്തെ നിയമസഭാ സെക്രട്ടറിയോട് പങ്കുവച്ച ആശയം പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഈ മർദ്ദനം ഒരു തെങ്ങിനാണ് ഏറ്റിരുന്നതെങ്കിൽ ആ തെങ്ങ് പട്ടു പോകുമായിരുന്നു എന്നാണ് ആർ.എസ്. ഉണ്ണി പറഞ്ഞത്. അന്ന് കോൺഗ്രസ്സുകാർ ജയിലറകളിൽവച്ച് നശിപ്പിക്കാൻ ശ്രമിച്ച, പട്ടുപോകണമെന്ന ആഗ്രഹത്തോടെ തല്ലിച്ചതയ്ക്കാൻ ശ്രമിച്ച ആ കൂത്തുപറമ്പിലെ എം.എൽ.എ. ആണ് ഇന്ന് കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ എന്ന് കോൺഗ്രസ്സുകാർ തിരിച്ചറിയണം. ഇവിടെ തൃത്താലക്കാരൻ ഒരു ബാലൻ സഖാവ് പിണറായിയുടെ നേർക്ക് വിരൽചൂണ്ടി ആക്രോശിച്ചുകൊണ്ട് കടന്നുവന്നു. ഞങ്ങൾക്ക് ഒരു കാര്യമേ ഉറപ്പ് തരാനുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ടെൻഷനില്ലാതെ അവിടെ ഇരിക്കാം. കാരണം, അവിടെ ഇരിക്കുന്ന നേതൃത്വം കൈകാണിച്ചാൽ ഞങ്ങൾ അവിടെത്തന്നെ നിൽക്കും. വകതിരിവും പക്വതയുമുള്ള രാഷ്ട്രീയ നേതൃത്വമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടേതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അപ്പുറത്ത് ഒട്ടേറെ യുവസുഹൃത്തുക്കളുണ്ട്. സമരമുഖങ്ങളിൽ, തെരുവുകളിൽ വിയർത്തൊലിച്ച് പോലീസിന്റെ ആക്രമണങ്ങളെ നേരിട്ട ഒരുപാട് ചെറുപ്പക്കാരുണ്ട്. പക്ഷേ ഫേസ്ബുക്കിലൂടെ കൃത്രിമമായ ഇമേജ് സൃഷ്ടിച്ച് നെഹ്റൂവിയൻ സോഷ്യലിസത്തിന്റെ വക്താവാണ്, ഞാൻ വ്യത്യസ്തനാണ് എന്നുപറഞ്ഞ് സ്ഥാപിക്കാൻ ശ്രമിക്കുന്ന ആളുകൾ സഖാവ് പിണറായിയുടെ നേർക്ക് വിരൽ ചൂണ്ടിയ ആ കൈ ഉണ്ടല്ലോ അത് സൂര്യപ്രകാശത്തിന് നേർക്ക് ടോർച്ചടിക്കുന്നതുപോലെ ഒരു വൃഥാ വ്യായാമം മാത്രമാണെന്ന് ഓർമ്മിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ ബജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നത് ഒരു നവകേരളം സൃഷ്ടിക്കാനുള്ള കാഴ്ചപ്പാടാണെന്നത് വളരെ അഭിമാനത്തോടെ ഇടതുപക്ഷ ജനാധിപത്യ

മുന്നണിയുടെ പ്രവർത്തകർ തെരുവുകളിൽ തല നിവർത്തി നിന്ന് വിളിച്ചു പറയുന്നുണ്ട്. 2016-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട് വന്നല്ലോ. ഇവിടെ സി. & എ.ജി. റിപ്പോർട്ടിനെ ആധാരമാക്കി ഒന്നരപ്പതിറ്റാണ്ടുകാലം കേരള രാഷ്ട്രീയത്തിന്റെ അജണ്ട നിശ്ചയിച്ചവരാണ് അപ്പുറത്തിരിക്കുന്നവർ. എന്തുകൊണ്ടാണ് 2016-ലെ സി. & എ.ജി. റിപ്പോർട്ടിനെക്കുറിച്ച് അവർ നിശബ്ദത പാലിക്കുന്നത്? നെൽവയൽ തണ്ണീർത്തട നിയമം വ്യാപകമായി ലംഘിച്ചതിനെക്കുറിച്ച് സി. & എ.ജി.യുടെ റിപ്പോർട്ടിൽ പറയുന്നുണ്ടല്ലോ? 3000 കോടി രൂപയുടെ നികുതി നഷ്ടമാണ് ആ സാമ്പത്തിക വർഷമുണ്ടായതെന്ന് സി.&എ.ജി.യുടെ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ? കേരളത്തിന്റെ മുഖ്യമന്ത്രിയെക്കുറിച്ച്, റവന്യൂ വകുപ്പുമന്ത്രിയെക്കുറിച്ച്, റവന്യൂ സെക്രട്ടറിയെക്കുറിച്ചൊക്കെ സി. & എ.ജി.യുടെ റിപ്പോർട്ടിൽ നിരീക്ഷണങ്ങളുണ്ടല്ലോ? ആ നിരീക്ഷണങ്ങളെല്ലാം അട്ടിമറിച്ചുകൊണ്ടാണ് നിങ്ങൾ ഈ സഭയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരായി നിറയൊഴിക്കുന്നതെന്നത് ഓർക്കുക എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് നവകേരളം സൃഷ്ടിക്കാൻ പ്രതിജ്ഞാബദ്ധതയോടുകൂടി അവതരിപ്പിക്കപ്പെട്ട ഈ ബജറ്റിനേയും വോട്ട് ഓൺ അക്കൗണ്ടിനേയും ഹൃദയപൂർവ്വം പിന്താങ്ങിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. ഇത്തവണത്തെ ബജറ്റിലെ മുഖ്യതാരം കിഫ്ബി തന്നെയാണ്. ഞങ്ങളാരും അതിന് എതിരല്ല. ഞങ്ങൾക്ക് എതിർക്കാൻ സാധിക്കുകയില്ല. കാരണം, 2016-17-ൽ യു.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ബജറ്റിലുള്ള ആശയമാണിത്. "കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്ക് 30,000 കോടി രൂപയുടെ മൂലധന നിക്ഷേപം സമാഹരിക്കുന്നതിനായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് സജ്ജമാക്കുന്നതാണ്." ബജറ്റിലുള്ളതാണിത്. കിഫ്ബിയുടെ കാര്യത്തിൽ മാത്രമല്ല. ഇന്നത്തെ പുതിയ സാമ്പത്തിക സാഹചര്യത്തിൽ ബഡ്ജറ്റിതര സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി മാത്രമേ നമുക്ക് വികസനം കൊണ്ടുവരാൻ സാധിക്കുകയുള്ളൂ. ആ ആശയം എത്രയോ കൊല്ലം മുൻപുതന്നെ ഞങ്ങൾ ഉൾക്കൊള്ളുകയും നടപ്പിലാക്കുകയും ചെയ്തു. നിങ്ങൾ പലതിനേയും എതിർത്തു. എ.ഡി.ബി.യിൽ നിന്നെടുക്കുന്ന ലോണിനെ എതിർത്തു, വേൾഡ് ബാങ്കിൽ നിന്നെടുക്കുന്നതിനെ എതിർത്തു. ബജറ്റിലെ നിർദ്ദേശങ്ങൾമാത്രം വച്ചുപോയാൽ നമുക്ക് വികസന മുരടിപ്പുണ്ടാകും. ഡോ. ടി. എം. തോമസ് ഐസക് അവിടെ നിന്ന് പറഞ്ഞപ്പോൾ എനിക്ക് വളരെ സന്തോഷം തോന്നി. ഇന്ന് ചെയ്യേണ്ട ജോലികൾ പത്ത് കൊല്ലം കഴിഞ്ഞ് ചെയ്യുമ്പോൾ നമുക്കുണ്ടാകുന്ന ബാധ്യത എത്ര? ഡോ. ടി. എം. തോമസ് ഐസക്,

എ.ഡി.ബി.യുടെയും വേൾഡ് ബാങ്കിന്റെയും ലോണിനെതിരെ നിങ്ങൾ നടത്തിയ സമരങ്ങൾകൊണ്ട് നമ്മുടെ നാടിനുണ്ടായിട്ടുള്ള നഷ്ടം അങ്ങ് മനസ്സിലാക്കുമെങ്കിൽ നല്ലത്.

ഞങ്ങൾ ഒരിക്കലും കിഫ്ബിയെ എതിർക്കില്ല. ഞങ്ങൾ ഇതിനകത്തുള്ള ചില ആശങ്കകൾ പറയുന്നു. ഡോ. ടി. എം. തോമസ് ഐസക്കിന് ഇക്കാര്യത്തിലുള്ള ആത്മാർത്ഥതയും ഇൻവോൾവ്മെന്റുമൊക്കെ ഞങ്ങൾക്കറിയാം. പക്ഷേ ഒരു സംശയം. കഴിഞ്ഞ ഒരു വർഷം എങ്ങനെ നമുക്ക് നഷ്ടപ്പെട്ടു. അങ്ങ് ഇത്രയും താൽപ്പര്യം കാണിച്ചിട്ടും, ഈ ഗവൺമെന്റിന്റെ എല്ലാമെല്ലാമായിട്ട് നിങ്ങൾ ആഘോഷിക്കുന്ന ഇക്കാര്യത്തിൽ ഒരു വർഷം നഷ്ടപ്പെട്ടത് എന്തുകൊണ്ടാണ്? ഡോ. ടി. എം. തോമസ് ഐസക്കിന്റെ വീഴ്ചയാണെന്ന് ഞാൻ ഒരിക്കലും പറയില്ല. അപ്പോൾ നിങ്ങളുടെ കഴിവിന് അപ്പുറത്തുള്ള ഏതോ ഘടകങ്ങൾ ഇതിനെ നിയന്ത്രിക്കുന്നുണ്ട്, അല്ലെങ്കിൽ അസാധ്യമാക്കുന്നുണ്ട്. ആ ആശങ്ക ഞാൻ ഇവിടെ പങ്കുവയ്ക്കുകയാണ്. എനിക്ക് പ്രതിഷേധമുള്ള ഒരു പ്രശ്നം, ഇക്കഴിഞ്ഞ ഒരു വർഷം നിങ്ങൾ ഇത്രയും പ്രാധാന്യം കൊടുത്ത് കൊണ്ടുവന്ന കിഫ്ബിയിൽ നടന്ന ഏക സംഭവം വിജിലൻസ് റെയ്ഡാണ്. തുടങ്ങിയിട്ടില്ലാത്ത പ്രോജക്ട്, ഒരു രൂപപോലും ചെലവാക്കിയിട്ടില്ലാത്ത പ്രോജക്ട്, അതിന് പറഞ്ഞ കാരണമെന്താണ്? അഴിമതി നടക്കാനുള്ള സാധ്യത തടയാൻവേണ്ടി എന്നാണ്. കിഫ്ബി കൊണ്ടുവന്നത് അഴിമതി നടത്താൻ വേണ്ടിയാണോ? ഡോ. ടി. എം. തോമസ് ഐസക്, എന്തുകൊണ്ട് താങ്കൾ അതിനെ എതിർത്തില്ല? എന്തുകൊണ്ട് മുഖ്യമന്ത്രി അതിനെ തള്ളിപ്പറഞ്ഞില്ല? നിശ്ചയമായും ഞങ്ങളും അതിനെ പ്രതീക്ഷയോടുകൂടി കാണുന്നു. അതിന് തുടക്കത്തിൽത്തന്നെ ഇതുപോലുള്ള സമീപനമുണ്ടാകുമ്പോൾ എന്താണ് ജനങ്ങൾ ധരിക്കേണ്ടത്? ഇതിനകത്ത് എന്തോ വലിയ കുഴപ്പങ്ങൾ നടക്കാൻ പോകുന്നു. ഞങ്ങൾ ഇതിനകത്തെ ധനാഗമ മാർഗ്ഗങ്ങൾ, ഇതിന്റെ തിരിച്ചടവിനെക്കുറിച്ചുള്ള സംശയങ്ങൾ എന്നിവ പ്രകടിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷം ഇതിലേയ്ക്ക് വന്ന തുക ഏതാണ്? യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള പെട്രോളിന്റേയും ഡീസലിന്റേയും ഒരു രൂപ സെസ്, മോട്ടോർ വാഹന നികുതിയുടെ 10 ശതമാനം; ഇത് മാത്രമാണ്. ഇതിന്റെ സ്രോതസ്സ് എങ്ങനെ വരും? അതിനെക്കുറിച്ചുള്ള ആശങ്ക മാത്രമല്ല ഇതിന്റെ തിരിച്ചടവിനെക്കുറിച്ചുള്ള കാര്യങ്ങൾ ഞങ്ങൾ പറഞ്ഞിട്ടുണ്ട്. അതല്ലാതെ ഒരിക്കലും ഞങ്ങൾ ഇതിനെതിരായിട്ട് പറഞ്ഞിട്ടില്ല. പക്ഷേ ഒരു കാര്യം, ഇത് പ്ലാനിനെ സൈഡ്‌ലൈൻ ചെയ്യുന്നുണ്ടോ? അടുത്ത വർഷത്തേത് 26,500 കോടി രൂപയുടെ പ്ലാനാണ്. 40,000 കോടി രൂപ കിഫ്ബിയിൽനിന്ന് ചെലവാക്കുമെന്നാണ് നിങ്ങൾ പറയുന്നത്. അപ്പോൾ ഈ നിയമസഭ പാസ്സാക്കുന്ന ബജറ്റിൽ ഉൾക്കൊള്ളുന്ന പ്ലാൻ, അത് വളരെ നിസ്സാരവൽക്കരിക്കുന്ന രീതിയിലേയ്ക്ക്

വരുന്നുണ്ടോ എന്നൊരു സംശയമുണ്ട്. അതിലുപരി ബജറ്റിലൂടെ വരുന്ന ഓരോ രൂപയും, ബജറ്റാണെങ്കിലും പ്ലാനാണെങ്കിലും അതിന്റെ 9.8 ശതമാനം എസ്.സി. വിഭാഗത്തിന് പോകേണ്ടതാണ്. 2.8 ശതമാനം എസ്.ടി. വിഭാഗത്തിന് പോകേണ്ടതാണ്. കിഫ്ബിക്ക് അങ്ങനെയൊരു വ്യവസ്ഥയില്ല. നമ്മൾ കൊണ്ടുവരുന്ന പദ്ധതികൾ വിജയകരമാകുമ്പോൾ അതിന്റെ പ്രയോജനം നമ്മൾ ആഗ്രഹിക്കുന്ന വിഭാഗങ്ങൾക്കും എത്തേണ്ടതല്ലേ എന്നുള്ള ഒരാശങ്ക മാത്രമേയുള്ളൂ. അങ്ങ് പറഞ്ഞു അഭിനന്ദിച്ചില്ലെങ്കിലും പരിഹസിക്കരുതെന്ന്. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനം നോക്കിയാൽ അഭിനന്ദിക്കാൻ ഒന്നുമില്ലല്ലോ? പക്ഷേ അടുത്ത വർഷം ഇപ്പറഞ്ഞ കാര്യങ്ങളിൽ, മുഴുവനും നടക്കണമെന്ന് ഞാൻ പറയുന്നില്ല, ഒരു വിഭാഗം നടന്നാൽ നിശ്ചയമായും ഈ സഭയിൽ നിന്നുകൊണ്ട് അങ്ങയെ ഞാൻ അഭിനന്ദിക്കും. പക്ഷേ അഭിനന്ദിക്കാനുള്ള ഒരു പെർഫോർമൻസ് ഉണ്ടാക്കണം. കഴിഞ്ഞ ഒരു വർഷത്തേത് നോക്കുമ്പോൾ ഒരു രൂപപോലും ഇൻവെസ്റ്റ്മെന്റ് വന്നില്ല, ഒരു രൂപ പോലും ചെലവാക്കിയിട്ടില്ല. ശ്രീ. ജി. സുധാകരന്റെ നിയോജകമണ്ഡലത്തിൽ പുതിയ റോഡ് പണി തുടങ്ങി എന്ന് ഇന്നലത്തെ ദിനപത്രത്തിൽ ഞാൻ കണ്ടു, അതല്ലാതെ ഒരു പ്രോജക്ടും അതിലേയ്ക്ക് വന്നിട്ടില്ല. അതുകൊണ്ട് അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നിങ്ങൾ നടത്തിയാൽ നിശ്ചയമായിട്ടും അഭിനന്ദിക്കും.

ഡോ. ടി. എം. തോമസ് ഐസക് ഇത്രയും വലിയ സ്കീമുകളെ കുറിച്ചൊക്കെ പറയുമ്പോൾ പ്ലാൻ എക്സ്പെൻഡിച്ചറിന്റെ സ്ഥിതി എന്താണ്? ഒരു ഗവൺമെന്റിന്റെ പെർഫോർമൻസിൽ ഒന്നാമതായിട്ട് കണക്കിലെടുക്കുന്നത് പ്ലാൻ എക്സ്പെൻഡിച്ചർ തന്നെയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ കണക്കുകൾ അറിയാമല്ലോ? ആദ്യത്തെ കൊല്ലം 98 ശതമാനം, രണ്ടാമത്തെ കൊല്ലം 105 ശതമാനം, പഞ്ചായത്ത് തെരഞ്ഞെടുപ്പും സംസ്ഥാന തെരഞ്ഞെടുപ്പും നടന്ന കഴിഞ്ഞ വർഷത്തെ, തെരഞ്ഞെടുപ്പെന്ന് പറഞ്ഞാൽ അറിയാമല്ലോ, രണ്ട് മാസംവീതം അങ്ങ് പോകും; എന്നിട്ടും 77 ശതമാനം. ഇന്ന് പ്ലാൻ എക്സ്പെൻഡിച്ചർ ഇതുവരെ 43 ശതമാനമേ ആയിട്ടുള്ളൂ. എൽ.എസ്.ജി.ഡി.യുടെതാണെങ്കിൽ 23 ശതമാനം. അപ്പോൾ നമ്മൾ പറഞ്ഞാൽ പോരാ, റിസൾട്ടുണ്ടാക്കി മുന്നോട്ട് പോകണം. നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന മറ്റൊരു കാര്യം ഇതിനേക്കാൾ ഭീകരമാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കീമുകളുടെ പണം വാങ്ങുന്നതിൽ നമ്മൾ ദയനീയമായി പരാജയപ്പെടുകയാണ്. അത് സ്റ്റേറ്റിന്റെ താൽപ്പര്യമാണ്. അത് സംരക്ഷിക്കാൻ നിങ്ങൾ ഉണർന്ന് പ്രവർത്തിച്ചേ മതിയാകൂ. ഗ്രീൻ ക്ലൈമറ്റ് ഫണ്ട് എന്നൊരു ഫണ്ടുണ്ട്; 340 കോടി രൂപ നമുക്ക് അലോട്ട് ചെയ്തിട്ടുണ്ട്. പക്ഷെ ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ നിന്നുമാത്രമാണ് അതിന്റെ പ്രോജക്ട് നൽകിയിരിക്കുന്നത്. നിങ്ങൾ പരിശോധിക്കണം. ഫിഷറീസ് ഡിപ്പാർട്ട്മെന്റ്

നൽകിയിട്ടുണ്ട്, അതല്ലാതെ മറ്റൊരു പ്രോജക്ടും അങ്ങോട്ടേയ്ക്ക് പോയിട്ടില്ല. പി.എം.കെ.എസ്.വൈ. എന്നൊരു കേന്ദ്ര സ്കീമുണ്ട്. തമിഴ്നാട് ഗവൺമെന്റ് 52,000 കോടി രൂപയുടെ പ്രൊപ്പോസൽ നൽകിയിരിക്കുന്നു എന്ന് കഴിഞ്ഞ ദിവസം ദിനപ്പത്രത്തിൽ വായിച്ചു. ഇവിടെ ആ സ്കീമിലുള്ള ജില്ലാ ഇറിഗേഷൻ പ്ലാനോ സ്റ്റേറ്റ് ഇറിഗേഷൻ പ്ലാനോ ഇതുവരെ ആയിട്ടില്ല. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഒരു സ്കീം, അതിൽ സബ്സിഡി കാണും, സോഫ്റ്റ് ലോൺ കാണും, വളരെ അനുകൂലമായിട്ടുള്ള ഘടകങ്ങളുണ്ട്. അത് നമുക്ക് വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. കിഫ്ബിയോടൊപ്പം പ്ലാൻ എക്സ്പെൻഡിച്ചറും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സ്കീമിൽ നിന്ന് നമുക്ക് ലഭിക്കാവുന്ന പരമാവധി ആനുകൂല്യങ്ങളും സംബന്ധിച്ച് പ്രത്യേകം ശ്രദ്ധിക്കണമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

സാധനങ്ങളുടെ വില ഇന്ന് അസഹനീയമാംവിധം ഉയരുകയാണ്. നമ്മൾ അങ്ങോട്ടുമിങ്ങോട്ടും വാദപ്രതിവാദം നടത്തിയിട്ട് കാര്യമില്ല. യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് അതിന് സ്വീകരിക്കാവുന്ന നടപടികളെടുക്കണം. ജയ അരിക്ക് തിരുവനന്തപുരത്ത് ഇന്നലത്തെ വില 47 രൂപയാണ്. ഒരു വർഷം മുൻപ് അതേ ജയ അരിക്ക് 27/28 രൂപയായിരുന്നു. മട്ട അരിക്ക് 42 രൂപയാണ്. കഴിഞ്ഞ വർഷം ഇതേ സമയത്ത് 34 രൂപയായിരുന്നു. ഇന്നലെ സുരേഖ അരി 42 രൂപയായിരുന്നു, കഴിഞ്ഞ വർഷം ഇതേ സമയത്ത് 28 രൂപയായിരുന്നു. അരിയുടെ വില ക്രമാതീതമായി കൂടിയിരിക്കുന്നു. അതുപോലെ ആളുകൾക്ക് പച്ചക്കറി വാങ്ങാൻ പോലും സാധിക്കാത്ത സ്ഥിതിയാണ്. വെള്ളരിക്കയ്ക്ക് 13 രൂപയായിരുന്നു കഴിഞ്ഞ വർഷം ഈ സമയത്തെ വില ഇന്ന് 40 രൂപയായി, മത്തൻ 10 രൂപയായിരുന്നത് 30 രൂപയായി, കത്തിരിക്ക 15 രൂപയായിരുന്നത് 40 രൂപയായി, വെണ്ട 15 രൂപയായിരുന്നത് 40 രൂപയായി, ബീൻസ് 30 രൂപയായിരുന്നത് 70 രൂപയായി, പടവലം 15 രൂപയായിരുന്നത് 45 രൂപയായി, ബീറ്റ്റൂട്ട് 15 രൂപയായിരുന്നത് 40 രൂപയായി, തക്കാളി 12 രൂപയായിരുന്നത് 35 രൂപയായി. ഇക്കാര്യത്തിൽ അടിയന്തരമായി ഫലപ്രദമായ നടപടികൾ സ്വീകരിച്ചേ മതിയാകൂ.

ഭരണസ്തംഭനമെന്നൊന്നും ഞാൻ പറയില്ല. പക്ഷേ പലതും വേണ്ടത്ര വേഗതയിലാണോ പോകുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഒന്ന് ആലോചിക്കണം. അതിൽ ഞാൻ കാണുന്ന ഒരു പ്രശ്നം, സിവിൽ സർവ്വീസിനെ വിശ്വാസത്തിലെടുത്തുകൊണ്ട് മാത്രമേ നമുക്ക് മുന്നോട്ട് പോകാൻ സാധിക്കൂ എന്നതാണ്. അഴിമതിയുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കണം. മറ്റേതെങ്കിലും തെറ്റുകൾ കാണിച്ചാൽ അവരുടെ പേരിൽ നടപടിയെടുക്കണം. ജീവനക്കാർക്ക് കോൺഫിഡൻസ് കൊടുക്കണം. നിങ്ങൾ അധികാരത്തിൽ വന്ന

അന്നുമുതൽ സ്വീകരിച്ച സ്ഥലംമാറ്റം കൊണ്ടുണ്ടായ മെസ്സേജ് എന്താണ്? ഏത് ഗവൺമെന്റ് മാറി വരുമ്പോഴും സാധാരണ സ്ഥലംമാറ്റമുണ്ടാകും. അത് ചെയ്യേണ്ടിവരും. ഞങ്ങളാരും അതിനെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഇതിനു മുൻപ് ഇടതുപക്ഷ ഗവൺമെന്റ് വന്നപ്പോഴുള്ള സ്ഥലംമാറ്റം പോലെയാണോ ഇപ്പോഴത്തേതെന്ന് നിങ്ങൾ ഒന്ന് പരിശോധിക്കണം. ചില ആളുകൾക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്തുകൊടുക്കാൻവേണ്ടി ട്രാൻസ്ഫർ ചെയ്യും. ഇപ്രാവശ്യം അതല്ല ചെയ്തത്. നിങ്ങളാരും അറിഞ്ഞില്ലേ? പക്ഷേ ചില യൂണിയൻ നേതാക്കൾ, സംഘടനാ നേതാക്കൾ അവരുടെ വാശിയും വൈരാഗ്യവും തീർക്കാൻ വേണ്ടി തലങ്ങും വിലങ്ങും സ്ഥലംമാറ്റം നടത്തി ജീവനക്കാരുടെ ഇടയിലുള്ള വിശ്വാസം നഷ്ടപ്പെടുത്തുന്ന സാഹചര്യമുണ്ടായി. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ പേരിൽ സെക്രട്ടേറിയറ്റിലെ ജീവനക്കാർ സമരം ചെയ്യുകയാണ്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വേണ്ട എന്നൊന്നും ഞങ്ങൾക്ക് അഭിപ്രായമില്ല. വേണമെന്ന് കഴിഞ്ഞ ഗവൺമെന്റും തീരുമാനിച്ചതാണ്. പക്ഷേ പലവട്ടം ചർച്ച ചെയ്തിട്ടും ആ ചർച്ചയിലെല്ലാം സെക്രട്ടേറിയറ്റ് ജീവനക്കാർ ശക്തമായി എതിർപ്പ് പ്രകടിപ്പിച്ചു, അതുകൊണ്ട് അവരുടെ കാര്യത്തിൽ ഒരു പരിശോധന നടത്താൻ ശ്രീ. കെ. കുഞ്ഞാലിക്കുട്ടി ചെയർമാനായി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിയെ ഞങ്ങൾ നിയമിച്ചിരുന്നു. അവരെക്കൂടി സമ്മതിപ്പിച്ച് അതിലേയ്ക്ക് കൊണ്ടുവരിക അല്ലെങ്കിൽ അവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുക. അതാണ് നമ്മൾ ചെയ്യേണ്ടത്. അവരുമായി ചർച്ചയില്ല എന്ന് പറയാൻ പാടില്ല. ഞങ്ങളുടെ കാലത്തെ പങ്കാളിത്ത പെൻഷൻ, ഞങ്ങൾ എത്രവട്ടം ചർച്ച ചെയ്തു. ചർച്ച ചെയ്ത് ഒരു അഭിപ്രായ ഐക്യമുണ്ടായി എന്ന് ഞാൻ പറയുന്നില്ല; പക്ഷേ എല്ലാവർക്കും മനസ്സിലായി ഇത് നടപ്പിലാക്കേണ്ടിവരും അല്ലെങ്കിൽ നടപ്പിലാക്കാതിരിക്കാൻ സാധിക്കില്ല എന്ന്. ഞാൻ ചോദിക്കട്ടെ, പങ്കാളിത്ത പെൻഷൻ നിങ്ങൾ വന്നാലുടൻ പിൻവലിക്കുമെന്ന് നിങ്ങളുടെ പ്രകടന പത്രികയിലുണ്ടായിരുന്നല്ലോ. എന്താണ് ഡോ. ടി. എം. ഐസക് അത് പിൻവലിക്കാത്തത്? കാരണം അത് നല്ലതിനുവേണ്ടിയാണ്. അതല്ലാതെ മറ്റൊരു ലക്ഷ്യത്തോടുകൂടിയല്ല. സ്റ്റേറ്റിന്റെ താൽപ്പര്യത്തിനുവേണ്ടിയാണ്. പക്ഷേ ഞങ്ങൾ അത് പലവട്ടം ചർച്ച ചെയ്തു. ആളുകളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. ബോദ്ധ്യപ്പെട്ടവർ കുറച്ചുപേരുണ്ട്, ബോദ്ധ്യപ്പെടാത്ത വേറെ ചിലരുണ്ട്. ഇതൊക്കെയാണെങ്കിലും എന്തുകൊണ്ട് ഗവൺമെന്റ് നടപ്പിലാക്കുന്നു എന്ന് മനസ്സിലാക്കി കൊടുക്കാനെങ്കിലും ആ ചർച്ചകൊണ്ട് സാധിച്ചു. അതുപോലെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ കാര്യത്തിൽ ഒരു ചർച്ച വേണം. ഇത്തവണത്തെ ബജറ്റിൽ ലോക്കൽ ബോഡീസിലെ എഞ്ചിനീയർമാരുടെ കാര്യത്തിൽ നിങ്ങൾ ഒരു തീരുമാനമെടുത്തു. ഇപ്പോൾ എഞ്ചിനീയർമാർ സമരത്തിലേയ്ക്ക് പോകുകയാണ്.

അത് അവരുമായി ചർച്ച ചെയ്യേണ്ടതല്ലേ? വർഷങ്ങളായി തുടർന്നുവരുന്ന ഒരു പ്രാക്ടീസ് നിർത്തുമ്പോൾ സ്വാഭാവികമായും എതിർപ്പുകളുണ്ടാകും. പദ്ധതിച്ചെലവിന്റെ കാര്യത്തിനുവേണ്ടി പഞ്ചായത്തുകൾ ഇറങ്ങി ഓടുന്ന സമയത്ത് ഇവർ സമരത്തിലേയ്ക്ക് പോകുകയാണെങ്കിൽ എന്താകും? അതുകൊണ്ട് സർക്കാർ ജീവനക്കാരെ വിശ്വാസത്തിലെടുത്തു കൊണ്ടുള്ള ഒരു പ്രവർത്തനത്തിലൂടെ മുന്നോട്ട് പോകണമെന്നാണ് എനിക്ക് പറയാനുള്ളത്.

വികസന രംഗത്ത് കൊച്ചി വിമാനത്താവളത്തിന്റെ പുതിയ ടെർമിനലിന്റെ പ്രവർത്തനോദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ശനിയാഴ്ച നിർവ്വഹിച്ചു. കൊച്ചി മെട്രോ റെയിൽ ഏപ്രിലിൽ ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്, കണ്ണൂർ വിമാനത്താവളം സെപ്റ്റംബറിൽ പൂർത്തിയാകും. 9 മാസം കൊണ്ട് ഉണ്ടായതല്ലല്ലോ ഇതൊക്കെ. ഞങ്ങൾ തുടങ്ങിവച്ച പ്രവർത്തനങ്ങൾ, അതിന്റെ പുരോഗതിയാണ്. അതുപോലുള്ള നിരവധി കാര്യങ്ങൾ നിങ്ങളും തുടങ്ങണം. തുടങ്ങുന്നില്ല, അത് തുടങ്ങണം. ഞങ്ങളുടെ കാലത്ത് വൻകിട പദ്ധതികൾ മാത്രമല്ല. റോഡുകൾ, പാലങ്ങൾ തുടങ്ങിയവ സംസ്ഥാനത്തൊട്ടാകെ ഉണ്ടായിട്ടുള്ള കാര്യങ്ങളാണ്.

ഇന്ന് നമ്മുടെ സമൂഹത്തിലെ പ്രധാനപ്പെട്ട രണ്ടു പ്രശ്നങ്ങളെന്ന് പറയുന്നത് സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ടതും നമ്മുടെ കലാലയങ്ങളിലെ അച്ചടക്കരാഹിത്യവും അക്രമവുമാണ്. ഇവ രണ്ടും സാമൂഹ്യപരമായ പ്രശ്നങ്ങളെന്നതിലുപരി, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് നിയമപരമായ കർശന നടപടി വേണം. പക്ഷേ ആ നടപടി മാത്രം പോരാ. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. സാമൂഹ്യപരമായിട്ടുള്ള ആ ബാധ്യത ഒരു ദൗത്യമായി ഏറ്റെടുക്കത്തക്ക വിധത്തിലും നമ്മുടെ സമൂഹത്തെ ഉണർത്തത്തക്ക വിധത്തിലുമുള്ള നടപടികൾക്കു സമൂഹത്തിലെ എല്ലാ വിഭാഗത്തിലുമുള്ള ആളുകളുമായി ചർച്ച ചെയ്ത് ആ സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനുവേണ്ടി ശക്തമായൊരു മൂവ്മെന്റ് വേണമെന്ന അഭിപ്രായക്കാരനാണ് ഞാൻ. അതുപോലെത്തന്നെ ഇന്ന് കലാലയങ്ങളിൽ നടക്കുന്ന സംഭവങ്ങളാണ് അച്ചടക്കരാഹിത്യവും അക്രമവും; കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കോളേജുകളിലുണ്ടായ സംഭവങ്ങൾ നമ്മെ ഞെട്ടിപ്പിക്കുന്നവയല്ലേ? പാലക്കാട് വിക്ടോറിയ കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, കോട്ടയത്തെ മാന്നാനം കോളേജ്. എന്തൊക്കെയാണ്? ഇതിനൊരു പരിഹാരമുണ്ടാക്കാൻ നിശ്ചയമായും ഗവൺമെന്റ് തന്നെ മുൻകയ്യെടുത്ത് എല്ലാ രാഷ്ട്രീയ പാർട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമാധാനാന്തരീക്ഷം, അച്ചടക്കത്തിന്റെ സാഹചര്യം ഇവിടെയുണ്ടാകണം, അതിനുവേണ്ടി ശ്രമിക്കണം എന്ന് പ്രത്യേകമായി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

സമയക്കുറവുകൊണ്ട് ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഉത്തർ പ്രദേശിലെ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യുടെ വിജയം ഇന്ന് വലിയ ചർച്ചാവിഷയമായിട്ടുണ്ട്. ആ വിജയത്തിലും നമുക്ക് കാണാവുന്ന ഒരു സംഗതി, ബി.ജെ.പി.യാണ് ഈ രാജ്യത്തിന്റെ ഏറ്റവും വലിയ വിപത്തെന്ന് വിശ്വസിക്കുന്ന എല്ലാവരുംകൂടി ചേർന്നാൽ യു.പി.യിലെ വിജയവും അവിടെ ഒന്നുമല്ലെന്നാണ് നമുക്ക് ബോധ്യപ്പെടുന്നത്. ആ ഒരു ചിന്തയിൽ ചിലപ്പോൾ എല്ലാവർക്കും ഒരേ രീതിയിലെത്താൻ സാധിച്ചെന്ന് വരില്ല. എങ്കിലും ബി.ജെ.പി.യെ തടഞ്ഞ് നിർത്തുന്നതിൽ എവിടം വരെ, എങ്ങനെ എന്നതിനെ സംബന്ധിച്ചിടത്തോളം വിശാലമായ പ്ലാറ്റ്ഫോമിനുള്ള സാഹചര്യങ്ങളെക്കുറിച്ചുള്ള ഒരു ചിന്ത ഈ തെരഞ്ഞെടുപ്പിൽ നിന്നുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞങ്ങൾ ബി.ജെ.പി.യുമായി കൂടിയെന്നൊക്കെ ഇവിടെ പറയുന്നു. ബി.ജെ.പി.യുമായി ഒരു വിധത്തിലുള്ള കൂട്ടുകെട്ടിനും കോൺഗ്രസ് തയ്യാറല്ല, കോൺഗ്രസ് തയ്യാറാവില്ല. 1977-ലെ കാര്യങ്ങൾ മറന്നുകൊണ്ട് ഇങ്ങോട്ട് വിരൽ ചൂണ്ടരുതെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ജനവിധി അട്ടിമറിക്കുകയല്ലേ?

3.00 PM]

ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് മുഖ്യകക്ഷിയായി മാറിയ ഗോവയിലും മണിപ്പൂരിലും അതാണ് കണ്ടത്. അതാണ് ജനാധിപത്യത്തിന്റെ പേരിൽ ശക്തമായി ഇന്ന് ഇൻഡ്യയിൽ പ്രതിഷേധിക്കേണ്ടത്. ജനവിധിയെ അട്ടിമറിക്കുകയല്ലേ? ഞാൻ ഗോവയിൽ പോയതാണ്. പ്രധാനമന്ത്രി വരുന്നതിന്റെ തലേ ദിവസം ബി.ജെ.പി. പ്രഖ്യാപിച്ചത് ഈ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് ഭൂരിപക്ഷം കിട്ടിയാൽ ഞങ്ങൾ പുതിയ മുഖ്യമന്ത്രിയെ തരും എന്നാണ്. അന്നത്തെ മുഖ്യമന്ത്രി സ്വന്തം സീറ്റിൽപോലും ജയിക്കില്ലെന്ന് ബോധ്യപ്പെട്ടപ്പോൾ അഭിപ്രായം മാറിയതാണ്. ഈ മുഖ്യമന്ത്രിയുടെ പേരുമാത്രം ആരും പറഞ്ഞില്ല. പുതിയ മുഖ്യമന്ത്രിയെ കാണിച്ചുകൊണ്ടാണ് തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. എന്നിട്ടും തോറ്റു. 13 സീറ്റാണ് ലഭിച്ചത്. മണിപ്പൂരിൽ ഏറ്റവും വലിയ കക്ഷിയായ കോൺഗ്രസ്സിനെ ക്ഷണിച്ച് ഗവൺമെന്റുണ്ടാക്കാൻ പറ്റുമോ എന്ന് ചോദിച്ച് നടപടിക്രമങ്ങളെങ്കിലും പൂർത്തീകരിക്കണ്ടേ? പക്ഷേ, അതിനും തയ്യാറായില്ല. ഇവിടെ അധികാരം ഉപയോഗിച്ച് ബി.ജെ.പി. വർഗ്ഗീയ അജണ്ട നടപ്പിലാക്കാൻ ശ്രമിക്കുന്നതോടൊപ്പംതന്നെ ഏറ്റവും ശക്തമായി ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അതിനെതിരെയാണ് നമ്മൾ ശക്തമായ നടപടി സ്വീകരിക്കേണ്ടത്. ശ്രീ. കെ. വി. വിജയദാസ് പ്രസംഗിച്ചപ്പോൾ സ്വർണ്ണത്തിന്റെ നികുതി പിരിക്കാത്തതിന്റെ പേരിൽ കഴിഞ്ഞ ഗവൺമെന്റിനെ ശക്തമായി കുറ്റപ്പെടുത്തുകയുണ്ടായി. എ.ജി.യുടെ ഓഡിറ്റ്

പാരായിൽ അത് വന്നിട്ടുണ്ടെന്ന് ഇതിനെ സംബന്ധിച്ച് പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചു. ഓഡിറ്റ് റിപ്പോർട്ടിൽ പറയുന്നത് 2475.55 കോടി രൂപ പിരിച്ചില്ല എന്നാണ്. ഞങ്ങളും പിരിച്ചിട്ടില്ല. നിങ്ങളും പിരിച്ചിട്ടില്ല. പിരിക്കാൻ പറ്റാത്ത വിധത്തിലുള്ള ഒരു പ്രശ്നമായി അത് വന്നിരിക്കുകയാണ്. അത് സംബന്ധിച്ചാണ് മുമ്പ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ചോദിച്ചപ്പോൾ ശ്രീ. കെ. എം. മാണി മറുപടി പറഞ്ഞത്. അത് നിങ്ങൾ പരിശോധിക്കണം. അത് പരിശോധിച്ചിട്ട് ന്യായമായ ഒരു തീരുമാനമെടുക്കണം. ഞങ്ങളെ സംബന്ധിച്ചിടത്തോളം അത് പിരിക്കാൻ പറ്റുന്ന നികുതിയാണെന്ന് കരുതിയില്ല. അത് ഡ്രാഫ്റ്റ് ചെയ്ത സമയത്ത് എന്തോ പിശക് കടന്നുകൂടി. അതിന്റെ അടിസ്ഥാനത്തിലാണ് ഉദ്ദേശിക്കാത്ത വിധത്തിലുള്ള നിർദ്ദേശങ്ങൾ വന്നത്. അതുകൊണ്ട് ആ നികുതി പിരിക്കാൻ സാധിച്ചില്ല. ആ വിഷയം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് എ.ജി. ചൂണ്ടിക്കാണിച്ചിരുന്നില്ല. അതിനുശേഷമാണ് ചൂണ്ടിക്കാണിച്ചത്. അതുകൊണ്ട് നടപടിയെടുക്കാനും സാധിച്ചില്ല. അക്കാര്യത്തിൽ ഗവൺമെന്റിന് വന്ന മനഃപൂർവ്വമായിട്ടുള്ള ഒരു വീഴ്ചയല്ല, അങ്ങനെയാണ് എന്നു പറഞ്ഞാൽ അങ്ങനെയല്ല. ഈയൊരു സാഹചര്യമാണെന്ന് പറയാനും ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഈ ഗവൺമെന്റിനുവേണ്ടി അവതരിപ്പിച്ച ബജറ്റിന്റെ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സംസാരിച്ചതിന്റെ സ്പിരിറ്റിൽ തന്നെ ഈ ചർച്ചയ്ക്ക് മറുപടി പറയാനാണ് ഞാൻ ആഗ്രഹിക്കുന്നത്. പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ള വിമർശനങ്ങളും അതിനുള്ള മറുപടിയുമുണ്ട്. ഏറ്റവും പ്രധാനപ്പെട്ട വിമർശനം ഉമ്മൻ ചാണ്ടി സാർ പറഞ്ഞു. നിങ്ങൾ ഒരു വർഷം എന്തുചെയ്തു എന്ന് പലരും ചോദിച്ചു. ഒരു മെമ്പർ അന്നത്തെ 100 ദിവസത്തെ പ്രവർത്തനവും ഇപ്പോഴത്തെ 100 ദിവസത്തെ പ്രവർത്തനവും തമ്മിൽ താരതമ്യപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മാനിഫെസ്റ്റോ നടപ്പാക്കുന്നതിന് വരുന്ന അഞ്ച് വർഷത്തേയ്ക്കുള്ള പ്രവർത്തനത്തിന്റെ മുഴുവൻ അടിത്തറയും ഞങ്ങൾ പാകിയിട്ടുണ്ട്. ആ ആത്മവിശ്വാസത്തിലാണ് ഞങ്ങളിവിടെ നിൽക്കുന്നത്. അടിയന്തര പ്രമേയത്തിൽ പ്രശ്നങ്ങളൊക്കെ വരുന്നുണ്ട്. എന്നാൽ സാമൂഹ്യ സുരക്ഷ എൽ.ഡി.എഫ്. തുടങ്ങിയതല്ലെങ്കിലും വളരെ ഫലപ്രദമായ രീതിയിലാണ് മുന്നോട്ടു കൊണ്ടു പോകുന്നത്. പെൻഷൻ കുടിശ്ശിക മുഴുവനും കൊടുത്തു തീർത്തു. ഡിസംബർ മുതലുള്ള കുടിശ്ശിക വിഷുവിന് കൊടുക്കും. മാണിസാർ പറഞ്ഞ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. കർഷക പെൻഷൻ കുടിശ്ശികയിൽ പകുതി കൊടുത്തു കഴിഞ്ഞു, ബാക്കി ഉടനെ കൊടുക്കുന്നതാണ്. തുക എടുക്കുമ്പോൾ കേരളത്തിന് ഇന്ന് അഭിമാനിക്കാനുള്ള വകയുണ്ട്. കേന്ദ്ര എക്കണോമിക് അഡ്വൈസറായ

അരവിന്ദ് സുബ്രഹ്മണ്യത്തിന്റെ പ്രസ്താവന ഇന്നത്തെ പത്രങ്ങളിലുണ്ട്- ബേസിക് ഇൻകം സപ്പോർട്ട് സ്കീം ഇന്ത്യ നടപ്പാക്കാൻ പോകുന്നു. വർഷംതോറും 3000 രൂപ മുതൽ 5000 രൂപ വരെ ഇൻഡ്യയിലെ പാവപ്പെട്ട ബി.പി.എൽ. കുടുംബങ്ങൾക്ക് നേരിട്ട് ഇൻകം ട്രാൻസ്ഫർ ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിലെ ജനസംഖ്യയുടെ പകുതിയിലേറെ വരുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് കുറഞ്ഞത് 16000 രൂപ ശരാശരി വച്ച് കേരളം ട്രാൻസ്ഫർ ചെയ്തു കൊടുക്കുകയാണ്. പത്ര റിപ്പോർട്ടിലെ തലവാചകം എന്നുപറയുന്നത് ബാക്കി ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളേക്കാൾ ഫലപ്രദമായത് ഇങ്ങനെ കൊടുക്കുന്നതെന്നാണ്. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾക്ക് പൂരകമായി കേരളത്തിൽ ബി.ജെ.പി. കൊട്ടിഘോഷിക്കുന്ന ബേസിക് ഇൻകം സപ്പോർട്ട് സ്കീം അവർ ചിന്തിക്കുന്നതിന്റെ മൂന്നു മടങ്ങ്/അതിലേറെ കേരളമിന്ന് കൊടുക്കുകയാണ്. ഈ രീതിയിൽ ഈ സ്കീം മുന്നോട്ടു കൊണ്ടു പോകുന്നതിന് ഗൗരവമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതെല്ലാം വാങ്ങിക്കുന്നത് കയർ, കശുവണ്ടി, കൈത്തറി, മത്സ്യം എന്നീ മേഖലകളിൽ പണിയെടുക്കുന്ന പാവങ്ങളാണ്. ഈ പാവങ്ങളുടെ ജീവിതത്തെ സുരക്ഷിതമാക്കുന്നതിനുള്ള നടപടിയെടുത്തതാണ് കഴിഞ്ഞ ഏഴ് മാസത്തിനുള്ളിൽ ഞങ്ങളുടെ ഭരണത്തിന്റെ ഏറ്റവും വലിയ അഭിമാനമെന്നു പറയുന്നത്. കയർ മേഖലയിൽ ഒരു ലക്ഷം ടൺ സംഭരിച്ചിരുന്നത് രണ്ട് ലക്ഷം ടണ്ണാക്കുന്നതെങ്ങനെ എന്ന് നിങ്ങൾക്കും ചിന്തിക്കാമായിരുന്നു. കേരളത്തിലെ ജലസംരക്ഷണ യജ്ഞം ഒരു ലക്ഷം കുളങ്ങളും തോടുകളും ഉൾപ്പെടുന്നതാണ്. ഭൂവസ്ത്രം ഉപയോഗിച്ചിരുന്നെങ്കിലും 200 ദിവസത്തെ പണികൊണ്ടും തീർക്കാൻ കഴിയില്ലായിരുന്നു. കേരളത്തിലെ കയർത്തൊഴിലാളികൾക്ക് സപ്പോർട്ട് കൊടുക്കുന്നതിനുവേണ്ടിയാണ് 77 കോടി രൂപ നീക്കിവച്ചിട്ടുള്ളത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സർക്കാരിന് സാമ്പത്തിക മാന്ദ്യമുണ്ടെങ്കിലും കൈത്തറിത്തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്നതിനായി സ്കൂൾ യൂണിഫോം നെയ്താൽ അത് സർക്കാർ വാങ്ങുമെന്നും, കയർത്തൊഴിലാളികൾ കയർ പിരിച്ചാൽ അതും സർക്കാർ വാങ്ങുമെന്നും ഗ്യാരന്റി കൊടുത്തു. പ്രൈമറി സ്കൂളുകൾക്ക് മാത്രമാണ് യൂണിഫോം ഉല്പാദിപ്പിക്കാൻ കഴിഞ്ഞത്. അടുത്ത വർഷം മുതൽ പുതിയ ആൾ വന്നാലും കൈത്തറി നെയ്താൽ വാങ്ങുമെന്നാണ് പറയുന്നത്. കശുവണ്ടി ഫാക്ടറികൾക്ക് എത്ര ചെലവു വന്നാലും നാട്ടിൽനിന്നും സംഭരിക്കുമെന്നും പുറത്തു നിന്നു വാങ്ങുമെന്നും പറഞ്ഞു. സ്വകാര്യ വ്യവസായികളെ ശത്രുക്കളാക്കി മാറ്റി നിർത്തേണ്ട കാര്യമില്ല. കശുവണ്ടി വ്യവസായത്തിന് മൊത്തത്തിൽ 25 കോടി രൂപ വേണ്ടിവരും. ഇതുപോലെ ഈ നാട്ടിലെ പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിന് സമഗ്ര പരിപാടികളാണ് നടപ്പാക്കാൻ പോകുന്നത്. അടുത്ത വർഷം കയർ -കശുവണ്ടി -കൈത്തറി വ്യവസായങ്ങളിൽ സംഭവിക്കുന്ന മാറ്റങ്ങൾ നിങ്ങൾ മനസ്സിലാക്കണം. ഇതാണ് ഞങ്ങളുടെ അഭിമാനം.

ശുചിത്വം വലിയ കാമ്പയിനായി മാറിയിട്ടുണ്ട്. കേരളം വെളിയിട വിസ്സർജ്ജന മുക്തമായിട്ടുണ്ട്. ഇനി മൂന്ന് പട്ടണമാണുള്ളത്. ആദ്യവർഷം നേടിയിട്ടുള്ളതാണിത്. ഇവിടെ നിന്ന് എങ്ങോട്ടാണ് പോകുന്നത്? ബഹുമാനപ്പെട്ട മെമ്പർ ശ്രീ. മഞ്ഞളാംകുഴി അലി ഉറവിട മാലിന്യ സംസ്കരണം സാധ്യമല്ല എന്ന് പറഞ്ഞു. സാധ്യമല്ലാത്തതെന്തുകൊണ്ടാണ്? കക്കൂസ് മാലിന്യം വീട്ടിലല്ലേ സംസ്കരിക്കുന്നത്? പിന്നെയാണോ ഇത്തിരി വരുന്ന അടുക്കള മാലിന്യം. കക്കൂസ് മാലിന്യം ചുമന്നു കൊണ്ടു പോകാൻ വരുന്നവർ പണ്ട് കാലത്തുണ്ടായിരുന്നു. ആ കാലമൊക്കെ പോയി. നിങ്ങളുടെ വീട്ടിലെ അടുക്കള മാലിന്യം വീട്ടിൽത്തന്നെ കമ്പോസ്റ്റ് ചെയ്യാൻ എത്രയോ എളുപ്പ വഴികളുണ്ട്. അതിന് എത്രയോ രീതികളുണ്ട്.

ഇവിടെ പ്ലാസ്റ്റിക്കിന് പുതിയ വഴി കണ്ടുപിടിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ അമ്പലപ്പുഴ-തിരുവല്ല റോഡ് വിജയിക്കാതിരിക്കാൻ യാതൊരു ന്യായവുമില്ല. പ്ലാസ്റ്റിക് ഉപയോഗിച്ച് പണിയാരംഭിച്ചിരിക്കുകയാണ്. തമിഴ്നാടിന് ഇപ്പോൾ പ്ലാസ്റ്റിക് വേണ്ട. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതൊരു പ്രധാന വരുമാന മാർഗ്ഗമായി മാറാൻ പോകുന്നുവെന്നുള്ള വാർത്ത ഇന്നത്തെ പത്രത്തിലുണ്ട്. എന്താണ് ഇതിന് വേണ്ടത്? നമ്മുടെ അവബോധത്തിന് മാറ്റം വരണം. ഞാൻ ഇതിന് എതിരൊന്നുമല്ല. ആർക്കെങ്കിലും കേന്ദ്രീകൃതമായി ചെയ്യാൻ സാധിക്കുമെങ്കിൽ ചെയ്യണം. ശ്രീ. മഞ്ഞളാംകുഴി അലി അഞ്ച് വർഷം ഭരിച്ചിട്ടും ഇത് ചെയ്യാതിരുന്നത് എന്തുകൊണ്ടാണ്? എതിർപ്പുണ്ടായത് നിങ്ങളുടെ കുറ്റം കൊണ്ടല്ല. തിരുവനന്തപുരത്ത് എവിടെയെങ്കിലും ഒരു പ്ലാന്റ് സ്ഥാപിക്കാൻ ആരെങ്കിലും സമ്മതിക്കുമോ? എറണാകുളത്ത് പ്ലാന്റുണ്ട്. ഞാൻ അതിന്റെ കണക്ക് പറയുന്നില്ല, അതിനെ പരസ്യമായി എതിർക്കാനും പോകുന്നില്ല. ഇതിന് സബ്സിഡി തുക എത്രയാണ് വേണ്ടിവരുന്നത്; വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് - നമ്മുടെ സോളിഡ് ജൈവ മാലിന്യം അടങ്ങുന്നതായതുകൊണ്ട് അതിന്റെ ഊർജ്ജക്ഷമത വളരെ കുറവാണ്. അതുണ്ടാക്കുന്ന ഊർജ്ജത്തേക്കാൾ വളരെ കൂടുതൽ ഊർജ്ജം ചെലവാക്കിയാൽ മാത്രമേ വൈദ്യുതിയാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് വലുതായി വേണ്ടിവരും. ഇതിനേക്കാളൊക്കെ എത്ര ലളിതമാണ്. കേരളത്തിൽ വരൾച്ചയുണ്ട്. അത് ഏറ്റവും ഗൗരവമായിട്ടുള്ളതാണ്. പക്ഷേ ഞങ്ങൾ വരൾച്ച ഒരു വെല്ലുവിളിയായി ഏറ്റെടുത്തിരിക്കുകയാണ്. ഈ വേനൽക്കാലത്ത് സാങ്കേതിക വിദ്യകളും, രീതികളും പ്രയോജനപ്പെടുത്തി ക്യാമ്പയിൻ അടിസ്ഥാനത്തിൽ തൊഴിലുറപ്പിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിലെ തോടുകളും ഒരു ലക്ഷം കുളങ്ങളും സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നു. പൊതു വിദ്യാഭ്യാസം, ജൈവകൃഷി പോലുള്ള മേഖലകളിൽ ഞങ്ങളുടെ അജണ്ടയുടെ അടിത്തറ ഇട്ടിട്ടുണ്ട്. ഇത്

അഭിമാനകരമായിട്ടുള്ള കാര്യമാണ്. കാരുണ്യ പദ്ധതിയെക്കുറിച്ച് ശ്രീ. കെ. എം. മാണി പറയുകയുണ്ടായി. എന്തുകൊണ്ടാണ് ഇത് തൽക്കാലം നിർത്തുന്നത്? കാരുണ്യ പദ്ധതി വഴി സമ്പൂർണ്ണ ചികിത്സ കൊടുക്കുന്നുണ്ടോ? സൗജന്യ ചികിത്സയാണോ കൊടുക്കുന്നത്? പരമാവധി രണ്ട് ലക്ഷം രൂപയുടെ ചികിത്സാ സഹായമാണുള്ളത്. ചിലയിടത്ത് 30 ലക്ഷം രൂപ വരും അല്ലെങ്കിൽ അഞ്ചോ ആറോ ലക്ഷം രൂപ ആകുന്നിടത്ത് രണ്ട് ലക്ഷം രൂപ മാത്രമേ കൊടുക്കുന്നുള്ളൂ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഹീമോഫീലിയ അസുഖം ബാധിച്ച് ജീവിതകാലം മുഴുവൻ മരുന്ന് കഴിക്കേണ്ട രോഗികൾക്ക് പരിധിയില്ലാതെ പണം കൊടുക്കാനായിരുന്നു കഴിഞ്ഞ ഗവൺമെന്റിന്റെ തീരുമാനം. അത് നടപ്പിലാക്കുകയും ചെയ്തു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഹീമോഫീലിയ രോഗത്തിന് മാത്രം ഇപ്പോഴും പണം കൊടുക്കുന്നുണ്ട്. നമുക്ക് ഇതുമാത്രം മതിയോ? ഒന്നാം തലമുറ രോഗങ്ങൾ, പകർച്ച വ്യാധികൾ എന്നിവയ്ക്കൊക്കെ സൗജന്യ ചികിത്സ ആശുപത്രികളിൽ കൊടുത്തതുപോലെ രണ്ടാം തലമുറ രോഗങ്ങൾക്കും ജീവിത ശൈലീരോഗങ്ങൾക്കും സമ്പൂർണ്ണ സൗജന്യ ചികിത്സ പൊതു ആരോഗ്യ ആശുപത്രികളിൽ കൊടുക്കാനുള്ള ഒരു സംവിധാനമൊരുക്കണ്ടേ? ഒന്നാം തലമുറ രോഗങ്ങൾക്കുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ നമ്മുടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഉപയോഗപ്പെടുത്തി ചെയ്തതുപോലെ ജീവിത ശൈലീരോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംവിധാനമൊരുക്കണം. അതാണ് ആർദ്രം പരിപാടി. ജീവിത ശൈലീരോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനമാണ് ഏറ്റവും പ്രധാനപ്പെട്ടത്. കെട്ടിടങ്ങളൊക്കെ രണ്ടാം തരമാണ്. അങ്ങനെ രോഗാതുരത കുറയ്ക്കുക, അങ്ങനെ വരുന്നവർക്ക് താലൂക്ക്/ജില്ല ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ സമ്പൂർണ്ണ ചികിത്സ കൊടുക്കാം. അതിനുവേണ്ടിയാണ് ആർദ്രം മിഷനിലൂടെ ആറായിരം പോസ്റ്റ് ക്രിയേറ്റ് ചെയ്തത്. അതാണ് ഈ ബജറ്റിൽ പറഞ്ഞിരിക്കുന്നത്. ഈ സൗകര്യങ്ങൾക്കായി നാലായിരം കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. ഇപ്പോൾ എല്ലാ താലൂക്ക്/ജില്ല ആശുപത്രികളിലും കാത്ത് ലാബ് വന്നു. ഓങ്കോളജി ഡിപ്പാർട്ട്മെന്റ്, കാൻസർ ഡിറ്റക്ഷൻ സെന്റർ എന്നീ സംവിധാനങ്ങൾ പൂർണ്ണമായതിനുശേഷം അതിനുള്ള മാൻ പവർ കൊടുക്കുന്നു. അതിന് പണമുണ്ടോ ഇല്ലയോ എന്ന് പരിശോധിച്ചു നിൽക്കുന്നില്ല. സുകൃതം പദ്ധതി സംബന്ധിച്ച് ശ്രീ. വി. എസ്. ശിവകുമാർ സൂചിപ്പിക്കുകയുണ്ടായി. സുകൃതം പദ്ധതി ബജറ്റിൽ വിട്ടുപോയോ എന്ന് ഞാൻ പരിശോധിച്ചു. സുകൃതം പദ്ധതിക്കായി ബജറ്റിൽ പണം വകയിരുത്താറില്ല. മറിച്ച്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഇതിന്റെ മരുന്ന് വിതരണം ചെയ്യുന്നത്. അതിനുവേണ്ടി ഒരു തവണ 30 കോടി രൂപ കൊടുത്തിട്ടുണ്ട്. അവർ

അത് ചെയ്യുന്നുണ്ട്. ഇപ്പോൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 350 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അത് തികയില്ലെങ്കിൽ സർക്കാർ പണം നൽകും. സുകൃതം പദ്ധതി നിർത്തലാക്കുന്ന പ്രശ്നമില്ല.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇത് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൊടുക്കുന്നതല്ല. സുകൃതം പദ്ധതി കാൻസർ ചികിത്സയ്ക്ക് വേണ്ടി കൊടുക്കുന്നതാണ്. കേരളത്തിലെ അഞ്ച് മെഡിക്കൽ കോളേജുകൾ, ആർ.സി.സി., എം.സി.സി. തുടങ്ങിയ സ്ഥാപനങ്ങൾക്കാണ് സുകൃതം പദ്ധതി വഴി പണം നൽകുന്നത്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട മുഴുവൻ ആളുകൾക്കും ചികിത്സ സൗജന്യമാണ്. അങ്ങനെയാണ് 17 കോടി രൂപ തിരുവനന്തപുരം ആർ.സി.സി.-ക്ക് കൊടുക്കാനുള്ളത്. ഈ ബജറ്റിലും തുക വകയിരുത്തിയിട്ടില്ല. നേരത്തേ കാരുണ്യ പദ്ധതിയെ സംബന്ധിച്ച് അങ്ങ് പറയുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗർഭാവസ്ഥ മുതൽ വാർദ്ധക്യകാലം വരെയുള്ള എല്ലാ കാലഘട്ടങ്ങളിലും സൗജന്യ ചികിത്സാ പദ്ധതികളുണ്ട്. കാരുണ്യ, സുകൃതം, ആരോഗ്യ കിരണം, അമൃതം-ആരോഗ്യം തുടങ്ങിയ പദ്ധതികളാണത്. മെഡിക്കൽ കോളേജ് മുതൽ പ്രൈമറി ഹെൽത്ത് സെന്റർ വരെ മരുന്ന് സൗജന്യമാണ്. പ്രസ്തുത പദ്ധതികളൊക്കെ നിലനിർത്തണമെന്നാണ് ഞാൻ പറഞ്ഞത്. ആർദ്രം പദ്ധതി വരുന്നതിന് കുഴപ്പമില്ല. ആർദ്രം പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങളും മറ്റ് കുടുംബാരോഗ്യ കേന്ദ്രങ്ങളുമൊക്കെ വന്നോട്ടെ. പക്ഷേ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുള്ള എല്ലാ സൗജന്യ ചികിത്സാ പദ്ധതികളും നിലനിർത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരുണ്യ പദ്ധതിയിൽ രണ്ട് ലക്ഷം രൂപ വരെയാണ് നൽകുന്നത്. അതുപോലെ ആരോഗ്യ കിരണം, സുകൃതം, അമൃതം-ആരോഗ്യം തുടങ്ങിയ പദ്ധതികളിലുമുണ്ട്. ഈ ബജറ്റിൽ പറഞ്ഞിരിക്കുന്നത് ജീവിതശൈലീ രോഗങ്ങൾക്ക് സൗജന്യ ചികിത്സ കൊടുക്കുമെന്നാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലം മുതൽ ഒരു കോടി ഇരുപത് ലക്ഷം ആളുകളെ സ്ക്രീൻ ചെയ്ത് സൗജന്യമായി ജീവിതശൈലീ രോഗങ്ങൾക്ക് ചികിത്സ കൊടുക്കുന്ന പദ്ധതി കേരളത്തിൽ നിലവിലുണ്ട്, അത് സൗജന്യമായി ചെയ്യുന്നുണ്ട്. ആ പദ്ധതി നിലനിർത്തണമെന്നാണ് ഞങ്ങളുടെ ആവശ്യം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ ഏതെങ്കിലുമൊരു സൗജന്യ ചികിത്സാ പദ്ധതി ഈ ഗവൺമെന്റ് നിർത്തലാക്കിയിട്ടില്ല. ചിലയിടത്ത് എന്തെങ്കിലും ചെറിയ തടസ്സമുണ്ടെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ അത് പരിഹരിച്ച് ആ പദ്ധതി മുഴുവൻ കൃത്യമായി നടപ്പിലാക്കിയിട്ടുണ്ട്. ഇതുവരെ ഒന്നും നിർത്തലാക്കിയിട്ടില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, സമ്പൂർണ്ണ ആരോഗ്യ പദ്ധതി വഴി പൊതു ആരോഗ്യ മേഖലയിൽ ജനങ്ങൾക്ക് തൃപ്തികരമായ രീതിയിൽ സേവനം ഉറപ്പുവരുത്തിക്കഴിയുമ്പോൾ ഇവയൊക്കെ സംയോജിപ്പിക്കണ്ടേ; സംയോജിപ്പിക്കു മെന്ന് പറഞ്ഞാണ് ഞങ്ങൾ ജനങ്ങളിൽനിന്നും വോട്ട് വാങ്ങിയിട്ടുള്ളത്. അതുവരെ അവധാനതയില്ലാതെ അത് അങ്ങനെ മാറ്റണം, ഇത് അങ്ങനെ മാറ്റണം എന്നുപറയുമ്പോൾ ചെയ്യില്ല. നമുക്ക് സഭയിൽ, സഭയ്ക്ക് പുറത്ത് ഇത് എങ്ങനെ സംയോജിപ്പിക്കാം എന്നുള്ളത് അവസാന വാക്കൊന്നുമല്ലല്ലോ. അതുമാത്രമേ പറഞ്ഞിട്ടുള്ളൂ. അതിനപ്പുറത്ത് പോയിട്ടില്ല.

വിദ്യാദ്യാസം സംബന്ധിച്ച് ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇന്ന് 20 ശതമാനവും അൺ-എയ്ഡഡ് സ്കൂളുകളാണ്. അതിന്റെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. അത് 10 ശതമാനമായി അഞ്ച് വർഷംകൊണ്ട് കുറയ്ക്കാൻ സാധിക്കുമോയെന്ന് നോക്കും. പുതിയ കെട്ടിടങ്ങൾ, കമ്പ്യൂട്ടർ, ലാബ് തുടങ്ങിയ സൗകര്യങ്ങൾ എത്ര അൺ-എയ്ഡഡ് സ്കൂളുകളിലുണ്ടാകും; ഇതിനൊക്കെ പണം മുടക്കുകയാണ്. ഇതാണ് ഞങ്ങളുടെ അജണ്ട. ആദ്യ വർഷംതന്നെ ആ അജണ്ട നടപ്പാക്കുന്നതിനുള്ള അടിത്തറയിട്ടു എന്ന അഭിമാനത്തോടെയാണ് ഞങ്ങൾ സഭയെ അഭിമുഖീകരിക്കുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് പൊതുവിദ്യാഭ്യാസ പദ്ധതിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ആസ്തി വികസന ഫണ്ട് വന്നത്. ഏകദേശം നാല് വർഷം 20 കോടിയോളം രൂപ ഫണ്ടിൽ വന്നു. 80 ശതമാനം തുകയും ചെലവഴിക്കപ്പെട്ടത് വിദ്യാഭ്യാസ മേഖലയിലാണ്. പൊതു വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും നല്ല അടിത്തറയുണ്ടാക്കിയത് ആസ്തി വികസന ഫണ്ടുപയോഗിച്ചാണ്. ഇപ്പോൾ അതിന്റെ സ്ഥിതി എന്താണെന്ന് അറിയാമോ? അങ്ങ് ഈ പദ്ധതി പ്രഖ്യാപിച്ചതിനുശേഷം നാല് മണ്ഡലത്തിൽ മാത്രമാണ് ഹൈടെക് വിദ്യാഭ്യാസമാക്കി മാറ്റാൻ പോകുന്ന പദ്ധതികൾ നടക്കുന്നത്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നേരത്തേ ഹൈടെക് വികസന പദ്ധതികൾ നടന്നിരുന്ന സ്ഥലങ്ങളിൽ ഇപ്പോൾ IT @ School-ന്റെ നിർദ്ദേശപ്രകാരം നിർത്തിവച്ചിരിക്കുകയാണ്. ഞങ്ങൾക്ക് ആസ്തി വികസന ഫണ്ട് ഉപയോഗിക്കാൻ കഴിയുന്നില്ല. ഗവൺമെന്റ് നൽകുമെന്ന് പറയുന്ന ഫണ്ട് ഇതുവരെയും നൽകിയിട്ടില്ല. അക്ഷരാർത്ഥത്തിൽ കഴിഞ്ഞ ഒരു വർഷക്കാലം പൊതു വിദ്യാഭ്യാസ മേഖലയിൽ കാര്യമായ ഇടപെടൽ നടത്താൻ കഴിഞ്ഞില്ല എന്നുള്ളത് അങ്ങ് ശ്രദ്ധിക്കുമോ?

<u>വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്)</u>: സർ, നാല് മണ്ഡലങ്ങളിൽ പൈലറ്റ് പ്രോജക്ടായി നടത്തുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി നേരത്തേ പ്രഖ്യാപിച്ചത്. പ്രഖ്യാപനം മാത്രമല്ല, ആ നാല് മണ്ഡലങ്ങളിലും പൂർത്തിയാക്കിക്കഴിഞ്ഞു. അതിൽ ആദ്യത്തെ മണ്ഡലം പ്രഖ്യാപിച്ചുകഴിഞ്ഞു. തളിപ്പറമ്പും മറ്റ് രണ്ട് മണ്ഡലങ്ങളുടെയും പ്രവർത്തനം നടന്നുകഴിഞ്ഞു. മാത്രമല്ല, കേരളത്തിലെ ബാക്കിയുള്ള 45,000 ക്ലാസ്സുകളും ഹൈടെക് ആക്കുന്നതിന്റെ ഡി.പി.ആർ. പൂർണ്ണമായി കിഫ്ബിയിൽ സബ്മിറ്റ് ചെയ്തുകഴിഞ്ഞു. അടുത്ത ഒരു വർഷത്തിനുള്ളിൽ അങ്ങയുടെ മണ്ഡലത്തിലടക്കം കേരളത്തിലെ 8, 9, 10, 11, 12 എന്നീ ക്ലാസ്സുകൾ ഹൈടെക് ആക്കി മാറ്റാൻ കഴിയും.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണത്തിൽ എയ്ഡഡ് സ്കൂളുകളും ഉൾപ്പെടുത്തുമെന്ന് പറഞ്ഞു. എം.എൽ.എ.-മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്ന് സ്മാർട്ട് ക്ലാസ് റൂമുകളും കമ്പ്യൂട്ടറുകളും കൊടുക്കാൻ ഫണ്ട് നീക്കിവച്ചുകൊണ്ടുള്ള പ്രൊപ്പോസൽ വന്നെങ്കിലും ഇപ്പോൾ ധനകാര്യ വകുപ്പ് അത് സ്വീകരിക്കുന്നില്ല. എന്നാൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിൽ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടുത്തുമെന്ന് പറയുന്നുമുണ്ട്. ഇനി ഈ സാമ്പത്തികവർഷം കഴിയാൻ പത്ത് പതിനഞ്ച് ദിവസം കൂടിയേയുള്ളൂ. ഇക്കാര്യം അങ്ങ് ശ്രദ്ധിക്കുമോ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ 8, 9, 10, 11, 12 ക്ലാസ്സുകളെല്ലാം അടുത്ത വർഷം ഹൈടെക് ആക്കുമെന്ന് പറയുകയുണ്ടായി. ഇപ്പോൾ പറഞ്ഞിരിക്കുന്നത് 1000 വിദ്യാർത്ഥികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾക്ക് മാത്രമാണ് 3 കോടി രൂപ എന്നാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കുതന്നെ ഇക്കാര്യത്തിൽ ആശയക്കുഴപ്പമാണ്. ഇപ്പോൾ പറഞ്ഞത് കെട്ടിടങ്ങൾ നവീകരിക്കുന്നതിനുവേണ്ടിയുള്ളതാണ്. ഇവിടെ സംസാരിച്ചുകൊണ്ടിരുന്നത് എല്ലാ ക്ലാസ് മുറികളിലും പഠന സഹായിയായി കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനുള്ള സ്കീമിനെക്കുറിച്ചാണ്. അതിൽ എയ്ഡഡ്, അൺ എയ്ഡഡ് വ്യത്യാസമില്ല. എന്നാൽ കെട്ടിട നിർമ്മാണം പോലെയുള്ള സ്ഥിരം ആസ്തികളിൽ സർക്കാർ സ്കൂളുകളെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ, അതുകൊണ്ടാണ് അനുവദിക്കാത്തത്. അൺ എയ്ഡഡ് സ്കൂളുകൾക്ക് ഇത് അനുവദിച്ചാൽ ഒരു എം.എൽ.എ. യ്ക്കും ഇവിടെ നടക്കാൻ കഴിയില്ല. ............. ഇതുസംബന്ധിച്ച് ചർച്ച ചെയ്യാൻ ആഗ്രഹിക്കുന്നില്ല.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, .......

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് സംബന്ധിച്ച് പൊതുചർച്ച വേണ്ട, നേരിട്ട് സംസാരിക്കാം. ആസ്തി വികസന ഫണ്ട് സൊസൈറ്റികൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. യു.ഡി.എഫ്. സർക്കാരും ഉദ്ദേശിച്ചിട്ടില്ല, ഞങ്ങളും ഉദ്ദേശിക്കുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ചെറിയൊരു ആശയക്കുഴപ്പം വന്നുവെന്നാണ് തോന്നുന്നത്. വിദ്യാഭ്യാസ രംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതി, സർക്കാർ എല്ലാ കാശും ചെലവാക്കിക്കൊണ്ട് നടപ്പാക്കുക എന്നതല്ല. അതിൽ ജനപങ്കാളിത്തംകൂടി നല്ല രീതിയിലുണ്ടാകണം. നമ്മുടെ നാട്ടിൽ ചില മണ്ഡലങ്ങളിൽ, യു.പി. തലത്തിൽ നാലോ അഞ്ചോ ഗവൺമെന്റ് സ്കൂളുകളാണുള്ളത്. അവിടെയുള്ള പൊതു സ്കൂളുകളെല്ലാം എയ്ഡഡ് സ്കൂളുകളാണ്. എയ്ഡഡ് സ്കൂളുകളെ പൂർണ്ണമായി ഒഴിവാക്കി ഒരു തരത്തിലുള്ള വിദ്യാഭ്യാസ പരിഷ്കരണവും പൊതുവിദ്യാഭ്യാസ സംരക്ഷണവും നടക്കുന്നതല്ല. അതിന്റെ അർത്ഥം സംസ്ഥാന ഖജനാവിൽനിന്ന് മുഴുവൻ തുകയും എയ്ഡഡ് സ്ഥാപനങ്ങൾക്ക് കൊടുക്കണമെന്നല്ല. എന്നാൽ ആ സ്ഥാപനങ്ങൾകൂടി അഭിവൃദ്ധിപ്പെട്ടുവരേണ്ടതുണ്ട്. അങ്ങനെ അഭിവൃദ്ധിപ്പെടണമെങ്കിൽ അതൊരു പൊതു പ്രസ്ഥാനമായി രൂപം കൊള്ളണം. ഓരോ സ്കൂളുകളിലും പഠിച്ചിട്ടുള്ള ആളുകളും ആ നാട്ടിലുള്ള ധാരാളം ആളുകളും സഹായിക്കാൻ തയ്യാറാകും. അങ്ങനെ എല്ലാവരുടെയും സഹായത്തോടുകൂടി ആ സ്കൂളിനെ കാലാനുസൃതമായ സ്കൂളാക്കി മാറ്റാൻ കഴിയും. അവിടെ പഠനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യുന്നതിൽ സർക്കാരിനും പങ്ക് വഹിക്കാൻ കഴിയും. സർക്കാരിന്റെയും നാടിന്റെയും പങ്കാളിത്തം ഉണ്ടാകുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നുപറഞ്ഞാൽ അതിൽ ഗവൺമെന്റ് വിദ്യാലയങ്ങൾ മാത്രമല്ല, എയ്ഡഡ് വിദ്യാലയങ്ങൾകൂടി ഉൾപ്പെടുകയാണ്. എന്നാൽ എയ്ഡഡ് മേഖലയിലുള്ള കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് ഇത് വേണ്ടിവരില്ല. കോർപ്പറേറ്റുകളുടെ കൈയിൽ കാശുള്ളതിനാൽ അവർ തന്നെ വേണ്ടരീതിയിൽ കാര്യങ്ങൾ ചെയ്യും. സഹായിക്കാനായി ചെന്നാൽ നിങ്ങളുടെ സഹായം വേണ്ട എന്ന് പറയാനും സാധ്യതയുണ്ട്. അതല്ലാത്ത മറ്റ് മേഖലകളൊക്കെ ഈ രീതിയിൽ സഹായിച്ച് അഭിവൃദ്ധിപ്പെടുത്താൻ കഴിയും. ഇത് ഭരണ-പ്രതിപക്ഷ പ്രശ്നമല്ല. നമ്മുടെ നാടിന്റെ വിദ്യാഭ്യാസ മേഖലയാകെ എങ്ങനെ മെച്ചപ്പെടണം എന്ന പ്രശ്നമാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇത്തവണത്തെ ബജറ്റിൽ ഒരു ചലഞ്ച് ഫണ്ട് വച്ചിട്ടുണ്ട്. സ്പെസിഫിക് സ്കീം സമർപ്പിച്ചാൽ ഒരു എയ്ഡഡ് സ്ഥാപനം ചെലവാക്കുന്ന പണത്തിന് തുല്യമായ തുക സർക്കാർ സഹായം നൽകും. സർക്കാർ ഇങ്ങനെയുള്ള

കാര്യങ്ങളെല്ലാം ചെയ്തുകൊടുക്കും. ഇതൊരു തുടക്കമാണ്, എക്സ്പെരിമെന്റിന്റെ അടിസ്ഥാനത്തിൽ എങ്ങനെ പ്രതികരിക്കുമെന്ന് നോക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങൾ ഇക്കാര്യങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്. അദ്ധ്യാപക നിയമനത്തിന് എയ്ഡഡ് സ്കൂളുകളിൽ കോഴ വാങ്ങുന്നത് മനസ്സിലാക്കാം. പക്ഷേ പ്ലസ് വൺ അഡ്മിഷന് 50,000 രൂപ മുതൽ 2 ലക്ഷം രൂപ വരെ വാങ്ങുന്ന എയ്ഡഡ് സ്കൂളുകളുണ്ട്. അങ്ങനെയുള്ള സ്കൂളുകൾക്ക് സർക്കാരും എം.എൽ.എ.-മാരും ഫണ്ട് കൊടുക്കുന്നത് എന്തിനാണ്? ഒരു കാരണവശാലും കൊടുക്കാൻ പാടില്ലെന്നുള്ള തീരുമാനമെടുക്കണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

ശ്രീ. മോൻസ് ജോസഫ്: സർ, ഒരു പൈസപോലും വാങ്ങാതെ കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കുന്ന, മാന്യമായി പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകൾ കേരളത്തിലുണ്ട്. എല്ലാ സ്കൂളുകളേയും അടച്ചാക്ഷേപിക്കുന്നത് ശരിയല്ല. സി.എസ്.ഐ. മാനേജ്മെന്റ് ഒരു പൈസപോലും വാങ്ങുന്നില്ല. ഒരു പൈസ പോലും വാങ്ങാതെ ആയിരക്കണക്കിന് കുട്ടികളെ പഠിപ്പിക്കുന്ന മാനേജ്മെന്റ് സ്കൂളുകളുണ്ട്.

ശ്രീ. പി. സി. ജോർജ്: സർ, മാനേജ്മെന്റ് കാശ് വാങ്ങുന്നത് അനുവദിച്ചുകൊടുക്കാൻ ഒരിക്കലും സാധ്യമല്ല. ഇന്നുവരെ ഒരു എം.എൽ.എ. യും ചെയ്യാത്ത രീതിയിൽ, ഒരു സ്കൂൾ മാനേജ്മെന്റ് പ്ലസ് വൺ അഡ്മിഷന് 50,000 രൂപ കൈക്കൂലി വാങ്ങിയതിന്റെ തെളിവ് സഹിതം ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്ക് ഞാൻ എഴുതിക്കൊടുത്തിട്ട് ആ മാനേജരെ എന്താണ് ചെയ്തത്, എനിക്ക് അത് അറിയാൻ ആഗ്രഹമുണ്ട്. ആ മാനേജർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറായില്ല. ഞാൻ നിയമസഭയിൽ ഇതുസംബന്ധിച്ച് ചോദ്യം ചോദിച്ചപ്പോൾ വിജിലൻസ് എൻക്വയറി ഉണ്ടെന്ന് പറഞ്ഞു. ഏത് വിജിലൻസ്, എവിടെ വിജിലൻസ്. അതാണ് സങ്കടം. എരുമേലി സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ് വൺ അഡ്മിഷന് ഒരു കുട്ടിയിൽനിന്ന് 25000 രൂപ വാങ്ങി. ഞാൻ വിളിച്ച് വഴക്ക് പറഞ്ഞപ്പോൾ രൂപ തിരികെ കൊടുത്തു. വീണ്ടും ഒരു പൊതുപ്രവർത്തകന്റെ മകളുടെ അഡ്മിഷന് 50,000 രൂപ വാങ്ങി. ഞാൻ കത്ത് കൊടുത്തിട്ട് ഇതുവരെ നടപടിയുണ്ടായിട്ടില്ല. എന്നാൽ എല്ലാ മാനേജ്മെന്റും അങ്ങനെയല്ല. പാലാ രൂപതയിൽ ഒരു സ്ഥലത്തും അദ്ധ്യാപക നിയമനത്തിനും അഡ്മിഷനും കാശ് വാങ്ങുന്നില്ല. അതുകൊണ്ട് ജനറലൈസ് ചെയ്ത് പറയുന്നത് മര്യാദക്കേടാണ്, രണ്ടും രണ്ടായി കാണണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ എന്താണ് പറഞ്ഞത്; എന്തിനാണ് എഴുതാപ്പുറം വായിക്കുന്നത്? അഡ്മിഷന് പണം വാങ്ങുന്ന സ്കൂളുകൾക്ക് ഫണ്ട് കൊടുക്കരുതെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ എയ്ഡഡ് സ്കൂളിൽ പണം കൊടുക്കുന്നുണ്ട്, കാശ് വാങ്ങുന്ന സ്കൂളുകൾക്ക് കൊടുക്കില്ല. അഡ്മിഷന് കാശ് വാങ്ങുന്ന സ്കൂളുകൾക്ക് ഫണ്ട് കൊടുക്കരുതെന്ന് ഞാൻ കൃത്യമായാണ് പറഞ്ഞത്. പാലാ രൂപത മാത്രമല്ല, ഇരിങ്ങാലക്കുട രൂപതയും തൃശ്ശൂർ രൂപതയും അദ്ധ്യാപക നിയമനത്തിനും വിദ്യാർത്ഥി പ്രവേശനത്തിനും അഞ്ച് പൈസപോലും വാങ്ങുന്നില്ല. അങ്ങനെ വാങ്ങാത്ത ധാരാളം സ്കൂളുകളുണ്ട്. എന്നാൽ കാശ് വാങ്ങുന്ന സ്കൂളുകളുടെ എണ്ണം കൂടിവരികയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇതിന്റെ സ്പിരിറ്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ വന്ന നിർദ്ദേശങ്ങൾ പരിഗണിക്കാം. പെട്ടെന്ന് തീരുമാനത്തിലെത്താൻ കഴിയുന്ന കാര്യമല്ല ഇതെന്ന് നിങ്ങൾക്കെല്ലാം അറിയാവുന്നതാണ്. എങ്കിലും പൊതു വിദ്യാഭ്യാസത്തെ മെച്ചപ്പെടുത്തിക്കൊണ്ട് അൺ എയ്ഡഡിന്റെ എണ്ണം കുറയ്ക്കണമെന്നുണ്ടെങ്കിൽ എല്ലാ സ്കൂളുകളിലെയും വിദ്യാഭ്യാസം മെച്ചപ്പെടണം. സർക്കാർ സ്കൂളുകളിൽ കൂടുതൽ മുതൽ മുടക്കുകയും ശ്രദ്ധിക്കുകയും ചെയ്യും. കിഫ്ബി, ഒരു വർഷം പാഴാക്കിയോ എന്നൊരു പ്രധാനപ്പെട്ട ചോദ്യം ശ്രീ. ഉമ്മൻ ചാണ്ടി ചോദിച്ചിരുന്നു. പാഴാക്കിയിട്ടില്ല, നമ്മൾ നിയമം പാസ്സാക്കിയത് ഓഗസ്റ്റിലാണ്. അതിനുശേഷമാണ് ഇതിന്റെ ബോർഡ് രൂപീകരിച്ചത്. അതിനുംശേഷമാണ് ഇതിന്റെ നടപടിക്രമങ്ങൾ ബോർഡ് അംഗീകരിച്ച് എല്ലാ ഡിപ്പാർട്ട്മെന്റുകളിലും കൊടുത്തത്. ഡിപ്പാർട്ട്മെന്റിൽ കൊടുത്തതിനെത്തുടർന്ന് ഡിപ്പാർട്ട്മെന്റുകൾ ഇത് നടപ്പാക്കാനുള്ള എസ്.പി.വി. യെ തെരഞ്ഞെടുത്തു, ഡി.പി.ആർ. തയ്യാറാക്കിത്തന്നു. ഈ ധനകാര്യ വർഷം അവസാനിക്കുന്നതിനുമുമ്പ് ഏറ്റവും കുറഞ്ഞത് 14,000 കോടി രൂപയുടെ പദ്ധതികൾക്കെങ്കിലും കിഫ്ബി അംഗീകാരം കൊടുക്കും, ഇത് ചെറിയൊരു കാര്യമല്ല. സാധാരണഗതിയിൽ ഒരു ബജറ്റിൽ നമ്മുടെ ശീലം എത്രയാണ്? ഏറിയാൽ 5,000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുവാദം കൊടുക്കുന്ന ശീലമേയുള്ളൂ. നമ്മുടെ കപ്പാസിറ്റി അതാണ്. ആ കപ്പാസിറ്റിയിലുള്ള ഭരണസംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് മാർച്ച് മാസം അവസാനിക്കുന്നതിനുമുമ്പ് ഏകദേശം 15,000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക് അനുവാദം കൊടുക്കുന്നുവെന്ന് പറഞ്ഞാൽ അത് മോശമായി ഞാൻ കരുതുന്നില്ല. യഥാർത്ഥത്തിൽ എത്രയാണ് ചെലവാകുന്നത്; ഇത്തവണത്തെ ബജറ്റുമായി ബന്ധപ്പെട്ട് ഞാൻ എന്റെ റഫ് കണക്ക് എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുണ്ട്. ഭൂമിയേറ്റെടുക്കാൻ വലിയ തുക വേണ്ടി വന്നില്ലെങ്കിൽ അടുത്ത വർഷവും 5,000 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. 2018-19-ൽ 10,000 കോടി രൂപയും

2019-20-ൽ 20,000 കോടി രൂപയും 2020-21-ൽ 15,000 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെ പ്രഖ്യാപിച്ചിട്ടുള്ള 50,000 കോടി രൂപയുടെ പദ്ധതികൾ പൂർണ്ണമായും 2020-21-നുള്ളിൽ തീർക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ ടാർജെറ്റ് വച്ചാണ് പ്രവർത്തിക്കുന്നത്. എത്ര നടപ്പാക്കുന്നുവെന്നും എങ്ങനെ പോകുന്നുവെന്നും ഒരു വർഷം കാത്തിരുന്ന് കാണാം. മറ്റ് നിർമ്മാണ പ്രവൃത്തികൾക്കൊക്കെ ഒന്നര വർഷം കഴിഞ്ഞാണ് പണം ലഭിക്കുന്നത്. എപ്പോൾ ബിൽ തരുന്നുവോ അപ്പോൾ ഓൺലൈനായി പണം കൊടുക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് വേഗത്തിൽ ചെയ്യും. എത്ര വേഗതയിൽ ചെയ്യുന്നുവോ അത്രയും വേഗത്തിൽ പണം കിട്ടും. ഇന്നുള്ള നിർമ്മാണ പ്രവൃത്തികളങ്ങനെയല്ല.

2030-31 ആകുമ്പോഴേയ്ക്കും 94,000-ൽപ്പരം കോടി രൂപ മോട്ടോർ വാഹന നികുതിയിനത്തിൽ കിട്ടുമെന്ന് എന്ത് പഠനം നടത്തിയിട്ടാണ് പറഞ്ഞതെന്ന് ശ്രീ. മഞ്ഞളാംകുഴി അലി രണ്ടുതവണ ചോദിക്കുകയുണ്ടായി. അങ്ങ് മൂന്ന് തവണ എന്റെ ലേഖനം വായിച്ചല്ലോ. അതിൽ ഞാൻ എന്റെ കണക്ക് കാണിച്ചിട്ടുണ്ട്. ആ കണക്ക് വളരെ ലളിതമാണ്. നിയമസഭ പാസ്സാക്കിയ വ്യവസ്ഥ പ്രകാരം മോട്ടോർ വെഹിക്കിൾ ടാക്സിന്റെ 50 ശതമാനം കൊടുക്കണം, 1 രൂപ സെസ് കൊടുക്കണം, 15 ശതമാനം വച്ച് വർദ്ധിക്കുന്ന കണക്ക് ഇതാണ്. ഞാനല്ല തെളിയിക്കേണ്ടത്, ഞാൻ കൂട്ടിയ കണക്ക് തെറ്റാണെന്ന് അങ്ങ് തെളിയിച്ചുതരണം. ഞാൻ 15 ശതമാനംവച്ച് വർദ്ധിപ്പിച്ച് കൂട്ടി കണക്ക് വച്ചിരിക്കുന്നു. കോമ്പൗണ്ട് ഗ്രോത്ത് റേറ്റാണെന്ന് ശ്രീ. മഞ്ഞളാംകുഴി അലി മനസ്സിലാക്കേണ്ടതാണ്. പലപ്പോഴും ആളുകൾ വായ്പയെടുത്ത് തിരിച്ചടവ് വരുമ്പോൾ അഞ്ച് വർഷംകൊണ്ട് ഇരട്ടിയായെന്ന് പറഞ്ഞ് അത്ഭുതപ്പെടാറില്ലേ? അവിടെയും ഇതേ തത്വമാണ് പിൻതുടരുന്നത്. കഴിഞ്ഞവർഷം വർദ്ധിച്ച 15 ശതമാനത്തിന്റെ മുകളിലാണ് അടുത്ത വർഷത്തെ 15 ശതമാനം വരുന്നത്. അതാണ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അല്ലാതെ തുടക്കവർഷം ഉണ്ടായ 15 ശതമാനം എല്ലാവർഷവും തുടരുകയല്ല. അതുകൊണ്ട് മോട്ടോർ വാഹന നികുതി 15 ശതമാനം വച്ച് വർദ്ധിച്ചാൽ ഈ തുക കിട്ടും. ശരാശരി 10 ശതമാനത്തിൽ താഴെയാണ് മോട്ടോർ വാഹന നികുതി. എന്നാൽ കഴിഞ്ഞ മാന്ദ്യകാലത്തുപോലും 16 ശതമാനം കൂടിയിട്ടുണ്ട്. അതുകൊണ്ട് ഞാൻ 15 ശതമാനം അനുമാനിച്ചതിൽ എന്താണ് തെറ്റ്? ഉമ്മൻ ചാണ്ടി സാറിന് ഇതിനെക്കുറിച്ച് സംശയമില്ല. കഴിഞ്ഞ മറുപടി പ്രസംഗത്തിലും ഞാൻ പറഞ്ഞതാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇങ്ങനെ പറഞ്ഞിട്ടുണ്ടെന്ന് ഒരാൾ മാത്രമേ ഓർമ്മിച്ചിട്ടുള്ളൂ. ഇതിലൊക്കെ അന്യോന്യം ഏറിയും കുറഞ്ഞും നിലപാടെടുത്തുപോകുന്നുണ്ട്. അല്ലാതെ ആകാശത്തുനിന്നും പൊട്ടിമുളച്ച് ഉണ്ടായതല്ല. അന്നങ്ങനെ പറഞ്ഞില്ലേ, ഇങ്ങനെ പറഞ്ഞില്ലേയെന്ന് പലരും ചോദിച്ചു. കളിയാക്കി കളിയാക്കി നിങ്ങൾ കുഴിയിൽ വീണുപോയതാണ്.

2011-12-ലെ ബജറ്റിൽ 50,000 കോടി രൂപ വായ്പയെടുത്ത് റോഡ് മുഴുവൻ പണിയു. അങ്ങനെ പണിയുന്നതിന് ഇപ്പോൾ കിഫ്ബിയിൽ വച്ചിട്ടുള്ളതുപോലെ ഒരു ഇൻകം ഫ്ലോ മോഡൽ വച്ചു. അതുകഴിഞ്ഞുള്ള പാരഗ്രാഫിൽ ഇസ്ലാമിക് ബാങ്കിനെക്കുറിച്ചും പറഞ്ഞു. ഇതുരണ്ടും ഒന്നാണ്, ഇസ്ലാമിക് ബാങ്കിൽ നിന്നും 50,000 കോടി രൂപ വാങ്ങാമെന്ന് കളിയാക്കി നിങ്ങൾ അതിൽ അഭിരമിച്ചുപോയി. എന്നിട്ട് അവസാന വർഷമായപ്പോൾ ആരോ വിവരമുള്ളവർ പറഞ്ഞത് പൊടിതട്ടിയെടുത്തതാണ് 30,000 കോടിരൂപയെന്ന്. നിങ്ങൾ 30,000 കോടി പറഞ്ഞു, ഞങ്ങൾ 50,000 കോടി രൂപ വാങ്ങിച്ചു. നടക്കുമോ ഇല്ലയോ എന്ന് നിങ്ങൾ വ്യഥപൂണ്ട് നടക്കേണ്ട കാര്യമെന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീ. ഉമ്മൻ ചാണ്ടി വളരെ കൃത്യമായി പറഞ്ഞു, അങ്ങ് കൊണ്ടുവന്ന പുതിയ സംരംഭം പഴയ നയത്തിന്റെ തുടർച്ചയാണെന്ന്. താങ്കൾ കൊണ്ടുവന്ന കാര്യം വളരെ അവ്യക്തമായതുകൊണ്ട് അതിന്റെ വിശദാംശങ്ങളെക്കുറിച്ചും റീ-പേമെന്റിനെക്കുറിച്ചും ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ചും ഞങ്ങൾ പല രീതിയിലും സംസാരിച്ചു. പ്ലാനുമായി ബന്ധപ്പെടുത്തിയും ചോദിച്ചു. സംശയങ്ങൾ ചോദിക്കുന്നത് ബഹുമാനപ്പെട്ട മന്ത്രിയെ പരിഹസിക്കുന്നതിന് തുല്യമാകുന്നത് എങ്ങനെയാണ്; ഞങ്ങൾ സംശയങ്ങൾ പ്രകടിപ്പിക്കാതെ ഭരണകക്ഷി അംഗങ്ങളെപ്പോലെ കയ്യടിച്ച് പ്രോത്സാഹിപ്പിക്കണോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇല്ല....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഏറെക്കുറെ വിശദമായി കഴിഞ്ഞ ദിവസങ്ങളിൽ ക്ലാസ്സെടുത്തിരുന്നു. ഇനി ബാക്ക്ബെഞ്ച് സ്റ്റുഡന്റ്സിനുവേണ്ടി ഒരു സ്പെഷ്യൽ ക്ലാസ് വയ്ക്കാം......(ബഹളം)......നിങ്ങളെ പരിഹസിച്ചതല്ല, എല്ലാവർക്കും മനസ്സിലായി എന്നാണ് പറഞ്ഞത്. അദ്ദേഹം വിശദമായി പറഞ്ഞതാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ബഹുമാനപ്പെട്ട സ്പീക്കർ ഒരു തമാശ പറഞ്ഞത് ഇത്രയും ഗൗരവമായി എടുക്കേണ്ട കാര്യമുണ്ടോ? .....(ബഹളം).....

മി. സ്പീക്കർ: ഞാൻ പറഞ്ഞത് ഒരു തമാശയായി എടുത്താൽ മതി. പ്ലീസ്...... പ്ലീസ്......

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ എടുത്തിരിക്കുന്ന 50,000 കോടി രൂപ ഫുള്ളി ഫണ്ടഡാണ്. വായ്പ തിരിച്ചടയ്ക്കാൻ വേറെ വായ്പയെടുക്കുന്ന പരിപാടിയില്ല. നിയമസഭ പാസ്സാക്കിയ വ്യവസ്ഥപ്രകാരം ഫണ്ടഡായ വായ്പയായാണ് 50,000 കോടി രൂപ എടുത്തിട്ടുള്ളത്. റിസർവ് ബാങ്ക് തടയുമോ എന്ന ഒരു വാലിഡ് ചോദ്യം ശ്രീ. മഞ്ഞളാംകുഴി അലി ചോദിച്ചു.

റിസർവ് ബാങ്ക്, വ്യവസ്ഥകൾക്ക് അനുസരണമായിട്ടുള്ളതാണിത്. എത്ര എസ്.പി.വി.-കൾ ബജറ്റിന് പുറത്തുനിന്നും വായ്പ എടുക്കുന്നു. അതും ഇതും തമ്മിലുള്ള വ്യത്യാസമെന്താണ്? ഒരു കാര്യംകൂടി പറയാം. റിസർവ് ബാങ്കിന്റെ ഡെപ്യൂട്ടി ഗവർണർ, SEBI-യുടെ മേധാവികൾ,..... ഇതിന്റെ ഡയറക്ടർ ബോർഡിൽ ഒരു രാഷ്ട്രീയക്കാരുമില്ല. മുഴുവനും ഇത്തരത്തിൽ ഉയർന്ന സ്ഥാനങ്ങളിൽ ഇരിക്കുന്ന ആളുകളാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അവർ ഡയറക്ടർ ബോർഡിലുണ്ടെന്ന് സമ്മതിച്ചു. നമുക്ക് റിസർവ് ബാങ്കിന്റെയും സെൻട്രൽ ഗവൺമെന്റിന്റെയും പെർമിഷൻ കിട്ടിയിട്ടുണ്ടോ?

ഡോ. ടി.എം. തോമസ് ഐസക്: ഒരു സംശയവുമില്ല. കിഫ്ബി എന്നാൽ രജിസ്റ്റർ ചെയ്യണം; രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബോണ്ടിറക്കുന്ന കാര്യമല്ലേ. അവർക്ക് നിഷേധിക്കാൻ പറ്റില്ല. കേരള സർക്കാരിന്റെ ബന്ധപ്പെട്ട സ്ഥാപനം ബോണ്ടിറക്കാൻ പോകുന്നില്ല; നിയമ വ്യവസ്ഥയുണ്ട്. SEBI-യുടെ മേധാവികൾ നയിക്കുന്ന രണ്ട് ദിവസത്തെ ക്ലാസ് ഞാൻ അറ്റന്റ് ചെയ്തിരുന്നു. എങ്ങനെയാണ് ബോണ്ട് ഇറക്കുന്നതെന്നും ഇപ്പോഴത്തെ പുതിയ വ്യവസ്ഥകൾ എന്തെന്നും ആ ക്ലാസ്സിൽ പറയുന്നുണ്ട്. ഇന്നത്തെ സാഹചര്യങ്ങൾ മനസ്സിലാക്കി, ഇടപെട്ട് വിഭവ സമാഹരണം നടത്താൻ പരിശ്രമിക്കണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞ പ്രശ്നങ്ങളിൽ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിനിയോഗം ഗൗരവമുള്ള കാര്യമാണ്. ഇക്കാര്യം നേരത്തേയും പല അംഗങ്ങളും ഉന്നയിച്ചിട്ടുള്ളതാണ്; അത് പരിശോധിക്കും. ഞാൻ ഓഫ്ഹാന്റായി ഒന്നും പറയുന്നില്ല. നിയമസഭയിൽ ചർച്ചയ്ക്ക് വന്ന ചില വിഷയങ്ങൾ നോക്കാം. പ്ലാൻ എക്സ്പെൻഡിച്ചർ 80 ശതമാനത്തിന് മുകളിലേയ്ക്ക് പോകുമെന്നുള്ളതാണ് കണക്കനുസരിച്ച് മനസ്സിലാകുന്നത്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ അത് വച്ചിട്ടുമുണ്ട്. പക്ഷേ ഒരു കാര്യം വീണ്ടും വ്യക്തമാക്കുന്നു, ഈ പണം എങ്ങനെയെങ്കിലും മാർച്ച് 31-നുമുമ്പ് ചെലവഴിക്കാൻ ആരും സൂത്രവഴികൾ നോക്കേണ്ട കാര്യമില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പണം ലാപ്സാകുകയില്ല. ക്യാരി ഓവർ ചെയ്യും. സർക്കാർ ഡിപ്പാർട്ട്മെന്റുകളുടേത് അവർ ഭരണാനുമതി നൽകിയിട്ടുള്ളതാണെങ്കിൽ ഇലക്ട്രോണിക് ലെഡ്ജറിൽ രേഖപ്പെടുത്താം. അവരുടെ ഫണ്ട് സുരക്ഷിതമാണ്. അതുകൊണ്ട് എങ്ങനെയെങ്കിലും തട്ടിക്കൂട്ടി ചെലവാക്കാൻ നോക്കേണ്ടതില്ല. പരിഭ്രമിക്കേണ്ട കാര്യമില്ല. അതുപോലെതന്നെ പദ്ധതികൾ മാർച്ച് 31-ന് സമ്പൂർണ്ണമായി തീർന്നില്ലെങ്കിലും ഏപ്രിൽ ആദ്യവാരം തന്നെ ഇതിന്റെ നിർവ്വഹണം തുടർന്നു കൊണ്ടുപോകാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. ശ്രീ. ഉമ്മൻ ചാണ്ടി ചോദിച്ച ഒരു പ്രധാനപ്പെട്ട ചോദ്യമുണ്ട്. എസ്.സി./എസ്.ടി. റിസർവേഷൻ എങ്ങനെ വയ്ക്കും? ഞാൻ ചോദിക്കട്ടെ, കൊച്ചി മെട്രോയ്ക്ക് വേണ്ടിയും വിഴിഞ്ഞം

തുറമുഖത്തിനുവേണ്ടിയും വായ്പ എടുത്തപ്പോൾ ഫണ്ട് വിനിയോഗത്തിൽ എങ്ങനെയാണ് എസ്.സി./എസ്.ടി. റിസർവേഷൻ ഉറപ്പുവരുത്തിയത്? കേരളത്തിലെ എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും എല്ലാ കോസ്മോപൊളിറ്റൻ ഹോസ്പിറ്റലുകളും പോസ്റ്റ്-മെട്രിക്, പ്രീ-മെട്രിക് ഹോസ്റ്റലുകളും നവീകരിക്കുന്നതിന് മുൻഗണന നൽകിയിരിക്കുകയാണ്. ഈ വലിയ ഇൻഫ്രാസ്ട്രക്ചർ എടുത്തുച്ചാട്ടത്തിൽ എസ്.സി./എസ്.ടി./പാവപ്പെട്ടവർ എന്നീ വിഭാഗങ്ങൾ ഉപയോഗപ്പെടുത്തുന്ന ഇൻഫ്രാസ്ട്രക്ചർ നവീകരിക്കുന്നതിന് ഏറ്റവും മുന്തിയ പരിഗണന നൽകിയിരിക്കുന്നു. അതിൽ എത്രയാണ് ഈ മാസം വരുന്നതെന്നത് എനിക്കറിയില്ല. പക്ഷേ ഒരു സംശയവും വേണ്ട ഈ ഒരു പരിഗണന ഇതിന്റെ ചെലവിലുണ്ടാകും. പക്ഷേ ക്യാപിറ്റൽ എക്സ്പെൻഡിച്ചറിൽ... ഇലക്ട്രിസിറ്റി ബോർഡിന്റെ ചെലവിൽ എത്ര ശതമാനം തുക വച്ചുവെന്ന് നമുക്ക് പറയാൻ കഴിയുമോ; ഇതുകൂടി മനസ്സിൽ വച്ചുകൊണ്ടാണ് ഏത് കാലത്തെക്കാളും കൂടുതൽ തുക എസ്.സി.പി./റ്റി.എസ്.പി.-ക്ക് ഇത്തവണ വകയിരുത്തിയത്. ഞാൻ അവസാനിപ്പിക്കുകയാണ്.

ഇവിടെ എല്ലാവരും രാഷ്ട്രീയ കാര്യങ്ങൾ പറഞ്ഞു. ഞങ്ങളുടെ രാഷ്ട്രീയം വളരെ വ്യക്തമാണ്. നമ്മൾ തമ്മിലുള്ള രാഷ്ട്രീയ വ്യത്യാസമൊന്നും മറച്ചുവയ്ക്കേണ്ട കാര്യമില്ല. കോൺഗ്രസ്സായാലും ബി.ജെ.പി.-യായാലും പിന്തുടരുന്ന ഈ സാമ്പത്തിക നയങ്ങളിൽനിന്ന് വ്യത്യസ്തമായ നയം ഞങ്ങളുയർത്തിപ്പിടിക്കും. അതാണ് നിങ്ങളിൽനിന്ന് ഞങ്ങളെ വ്യത്യസ്തരാക്കുന്നത്. എന്നുവച്ച് ബി.ജെ.പി.-യും കോൺഗ്രസ്സും ഒരുപോലെയാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ നിങ്ങളെ ഇവിടെ തോൽപ്പിച്ച് ഏതാണ്ട് എല്ലാ സീറ്റും ജയിച്ചുകഴിഞ്ഞ് ഡൽഹിയിൽ പോയി ബി.ജെ.പി.-യെ മാറ്റിനിർത്താൻ നിങ്ങൾക്കുവേണ്ടി കൈപൊക്കിയതാണ്. ഒരു മന്ത്രിസ്ഥാനം അല്ലെങ്കിൽ ഒരാനുകൂല്യം, എന്തെങ്കിലും ചോദിച്ചിട്ടുണ്ടോ; നിരുപാധികമായ പിന്തുണയല്ലേ തന്നത്? ഇതാണ് ഞങ്ങളുടെ രാഷ്ട്രീയം. പക്ഷേ ഞങ്ങൾക്കൊന്നറിയാം, ഈ രാഷ്ട്രീയം ഞങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഞങ്ങൾക്കൊരനുഭവമുണ്ട്. ബി.ജെ.പി.-യെ മാറ്റിനിർത്തുന്നതിനുവേണ്ടി ചില ഘട്ടങ്ങളിൽ നിങ്ങളെയും മാറ്റി. ബി.ജെ.പി. അല്ലാത്തവരെ കൊണ്ടുവരുന്നതിനായി ഞങ്ങൾ അപ്പുറത്തും ഇപ്പുറത്തും പിന്താങ്ങി. ഞങ്ങളുടെ നിലപാട് കൃത്യമായി ഇൻഡ്യൻ ജനതയുടെ മുന്നിൽ പറയുന്നതിന് തടസ്സങ്ങൾ നേരിട്ടു, ഞങ്ങളുടെ ക്രെഡിബിലിറ്റിയെ ബാധിച്ചു, സ്വന്തം കാലിൽ നിൽക്കാനുള്ള ശേഷിയെ ബാധിച്ചു. അതുകൊണ്ട് ഞങ്ങളിപ്പോൾ ഏറ്റവും കൂടുതൽ പരിഗണന നൽകുന്നത്, ബി.ജെ.പി.-യെ എതിർക്കണമെങ്കിലും ഞങ്ങൾക്കുതന്നെ കഴിവുവേണം, ശക്തിയാർജ്ജിക്കണം എന്നുള്ളതിനാണ്. അതിന്റെ രാഷ്ട്രീയവും ഞങ്ങൾ കൈകാര്യം ചെയ്യും. ഒരു സംശയവുംവേണ്ട

ബി.ജെ.പി.-യെ മാറ്റിനിർത്തുന്നതിന് എന്ത് അടവുകളാണ് വേണ്ടത് എന്നുള്ളത് ആ ഘട്ടത്തിൽ ആലോചിക്കും. ഈ ബജറ്റ് ഇൻഡ്യൻ രാഷ്ട്രീയത്തിനുമുന്നിൽ ഒരു ഇടതുപക്ഷ ബദൽ ഉയർത്തിപ്പിടിക്കുന്നതിനുള്ള സംരംഭത്തിന്റെ ഭാഗമാണ്, രാഷ്ട്രീയത്തിന്റെ ഭാഗമാണ് എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ഉപക്ഷേപം പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. അനിൽ അക്കര, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. അനിൽ അക്കര: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. എ. പി. അനിൽ കുമാർ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. മഞ്ഞളാംകുഴി അലി, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. റ്റി. എ. അഹമ്മദ് കബീർ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. സണ്ണി ജോസഫ്, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. എൽദോസ് കുന്നപ്പിള്ളി, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. വി. എസ്. ശിവകുമാർ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. പി. കെ. അബ്ദു റബ്ബ്, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. എം. ഉമ്മർ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. കെ. സി. ജോസഫ്, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. പാറക്കൽ അബ്ദുല്ല, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. എൻ. എ. നെല്ലിക്കുന്ന്, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. കെ. എം. ഷാജി, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു. ശ്രീ. പി. ഉബൈദുള്ള, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ......

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. ശ്രീ. ആന്റണി ജോൺ

6. ശ്രീ. എ. എം. ആരിഫ്
7. പ്രൊഫ. കെ. യു. അരുണൻ
8. ശ്രീമതി സി. കെ. ആശ
9. ശ്രീ. കെ. ബാബു
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. ഇ. ചന്ദ്രശേഖരൻ
12. ശ്രീ. കെ. ദാസൻ
13. ശ്രീ. ബി. ഡി. ദേവസ്സി
14. ശ്രീ. സി. ദിവാകരൻ
15. ശ്രീ. എൽദോ എബ്രഹാം
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ
17. ശ്രീമതി ഗീതാ ഗോപി
18. ശ്രീ. ജോർജ് എം. തോമസ്
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീ. ജെയിംസ് മാത്യു
23. ശ്രീ. ജി. എസ്. ജയലാൽ
24. ശ്രീ. ഇ. പി. ജയരാജൻ
25. ശ്രീ. ജോൺ ഫെർണാണ്ടസ്
26. ശ്രീ. വി. ജോയി
27. ശ്രീ. ഒ. ആർ. കേളു
28. ശ്രീ. സി. കൃഷ്ണൻ
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. കുഞ്ഞിരാമൻ

31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. വി. കെ. സി. മമ്മത് കോയ
33. ശ്രീ. എം. എം. മണി
34. ശ്രീ. മാത്യു ടി. തോമസ്
35. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
36. ശ്രീ. എ. സി. മൊയ്തീൻ
37. ശ്രീ. മുഹമ്മദ് മുഹസിൻ പി.
38. ശ്രീ. എം. മുകേഷ്
39. ശ്രീ. ഡി. കെ. മുരളി
40. ശ്രീ. മുരളി പെരുനെല്ലി
41. ശ്രീ. സി. കെ. നാണു
42. ശ്രീ. എം. നൗഷാദ്
43. ശ്രീ. യു. ആർ. പ്രദീപ്
44. ശ്രീ. എ. പ്രദീപ്കുമാർ
45. ശ്രീ. കെ. ഡി. പ്രസേനൻ
46. ശ്രീമതി യു. പ്രതിഭ ഹരി
47. ശ്രീ. പുരുഷൻ കടലുണ്ടി
48. ശ്രീ. പി. ടി. എ. റഹീം
49. ശ്രീ. എം. രാജഗോപാലൻ
50. ശ്രീ. കെ. രാജൻ
51. ശ്രീ. എസ്. രാജേന്ദ്രൻ
52. ശ്രീ. ആർ. രാജേഷ്
53. ശ്രീ. റ്റി. വി. രാജേഷ്
54. ശ്രീ. കെ. രാജു
55. ശ്രീ. രാജു എബ്രഹാം

56. ശ്രീ. ആർ. രാമചന്ദ്രൻ

57. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

58. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

59. ശ്രീ. മുല്ലക്കര രത്നാകരൻ

60. പ്രൊഫ. സി. രവീന്ദ്രനാഥ്

61. ശ്രീ. കാരാട്ട് റസാഖ്

62. ശ്രീ. എസ്. ശർമ്മ

63. ശ്രീ. എ. കെ. ശശീന്ദ്രൻ

64. ശ്രീ. സി. കെ. ശശീന്ദ്രൻ

65. ശ്രീ. പി. കെ. ശശി

66. ശ്രീ. വി. ശശി

67. ശ്രീ. ഐ. ബി. സതീഷ്

68. ശ്രീ. ബി. സത്യൻ

69. ശ്രീ. എ. എൻ. ഷംസീർ

70. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

71. ശ്രീ. ജി. സുധാകരൻ

72. ശ്രീ. വി. ആർ. സുനിൽ കുമാർ

73. ശ്രീ. വി. എസ്. സുനിൽ കുമാർ

74. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

75. ശ്രീ. കെ. സുരേഷ് കുറുപ്പ്

76. ശ്രീ. എം. സ്വരാജ്

77. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

78. ശ്രീ. പി. തിലോത്തമൻ

79. ഡോ. ടി. എം. തോമസ് ഐസക്

80. ശ്രീ. പി. ഉണ്ണി

81. ശ്രീ. കെ. വി. വിജയദാസ്
82. ശ്രീ. ഇ. കെ. വിജയൻ
83. ശ്രീ. പിണറായി വിജയൻ
84. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
6. ശ്രീ. ടി. എ. അഹമ്മദ് കബീർ
7. ശ്രീ. മഞ്ഞളാംകുഴി അലി
8. ശ്രീ. അനിൽ അക്കര
9. ശ്രീ. എ. പി. അനിൽ കുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
12. ശ്രീ. വി. ടി. ബൽറാം
13. ശ്രീ. പി. കെ. ബഷീർ
14. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ശ്രീ. ടി. വി. ഇബ്രാഹിം
18. ശ്രീ. കെ. സി. ജോസഫ്
19. ശ്രീ. സി. മമ്മൂട്ടി
20. ഡോ. എം. കെ. മുനീർ

21. ശ്രീ. കെ. മുരളീധരൻ
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. കെ. എസ്. ശബരീനാഥൻ
28. ശ്രീ. വി. പി. സജീന്ദ്രൻ
29. ശ്രീ. എൻ. ഷംസുദ്ദീൻ
30. ശ്രീ. വി. ഡി. സതീശൻ
31. ശ്രീ. ഷാഫി പറമ്പിൽ
32. ശ്രീ. കെ. എം. ഷാജി
33. ശ്രീ. വി. എസ്. ശിവകുമാർ
34. ശ്രീ. സണ്ണി ജോസഫ്
35. ശ്രീ. പി. ടി. തോമസ്
36. ശ്രീ. പി. ഉബൈദുള്ള
37. ശ്രീ. എം. ഉമ്മർ
38. ശ്രീ. എം. വിൻസെന്റ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u> :

1. ശ്രീ. പി. സി. ജോർജ്
2. ശ്രീ. റോഷി അഗസ്റ്റിൻ
3. ശ്രീ. മോൻസ് ജോസഫ്
4. ശ്രീ. സി. എഫ്. തോമസ്
5. ഡോ. എൻ. ജയരാജ്

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 84

പ്രതികൂലിക്കുന്നവർ - 38

നിഷ്പക്ഷത പാലിക്കുന്നവർ - 5

ഉപക്ഷേപം പാസ്സായിരിക്കുന്നു.

വോട്ട് ഓൺ അക്കൗണ്ട് അനുവദിച്ചിരിക്കുന്നു.

## X. അറിയിപ്പ്

### ശില്പശാല

മി. സ്പീക്കർ : കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെയും കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ ഇന്ന് സഭാസമ്മേളനത്തിനുശേഷം ദുരന്തനിവാരണ നിയമവും പ്രാദേശിക പ്രശ്നങ്ങളും എന്ന വിഷയം സംബന്ധിച്ച് അംഗങ്ങൾക്കായി മെമ്പേഴ്സ് ലോഞ്ചിൽ ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയാണ്. പ്രഥമ ശുശ്രൂഷ, ദുരന്തനിവാരണ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ, ജില്ലാ പ്ലാനിംഗ് കമ്മിറ്റികൾ തയ്യാറാക്കുന്ന വികസന പദ്ധതികളിൽ ദുരന്തനിവാരണ പദ്ധതികൾ ഉൾപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ ശിൽപ്പശാലയിൽ ചർച്ച ചെയ്യുന്നതാണ്. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെയും പുസ്തകങ്ങളുടെയും പ്രദർശനവും പരിപാടിയുടെ ഭാഗമായി ഉണ്ടായിരിക്കുന്നതാണ്. ദുരന്തനിവാരണ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങളടങ്ങിയ പെൻഡ്രൈവ് സെമിനാറിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് വിതരണം ചെയ്യുന്നുണ്ട്. എല്ലാ അംഗങ്ങളും ശിൽപ്പശാലയിലും തുടർന്നുള്ള അത്താഴവിരുന്നിലും പങ്കെടുക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

ഓർഡർ... ഓർഡർ.. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മാർച്ച് 15-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.48-ന് പിരിഞ്ഞു.)